VI H2

ഈ. മ. യൌ. ത്രേ.

# തിരുസഭാചരിത്രം

## രണ്ടാംഭാഗം.

൧൦ മുതൽ ൨൦ വരെ ശതാബ്ദങ്ങൾ.

ഫാദർ മർസ്ലീൻ ററി. ഒ. സി. ഡി.

CANCELLED
S.H. ... CHANGANACHERRY ... THODUPUZHA
DHARMARAM COLLEGE LIBRARY, BANGALORE.

സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്
തിരുവല്ലാ.
1941.

Nihil obstat

Fr. Charles T. O. C. D.
Censor.

Fr. Benjamin of Jesus Mary T. O. C. D.
Censor.
Chittipuzha 12. 8. '38.

Imprimi potest
Fr. Bartholomeo of Jesus
T. O. C, D.
Prior general
S. H. Monastery. Thevara
26th Aug. 1938.

Imprimatur
+ J. Kalachery
Ep. Changnachery
5—9—'38.

# പ്രസ്താവന.

രണ്ടാം ഭാഗം വിനാവിളംബം പ്രസിദ്ധീകരിക്കുമെന്നു് ഒന്നാം ഭാഗത്തിന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചിരുന്നല്ലൊ. ഗ്രന്ഥത്തിന്റെ സ്വർഗ്ഗീയപരിരക്ഷകയുടെ കടാക്ഷവീക്ഷണത്താൽ ദ്വിതീയ ഭാഗവും ഇതാ ഇപ്പോൾ പൂർത്തിയായിരിക്കുന്നു. ക്രി. വ. 1053 മുതൽ വർത്തമാനകാലംവരെയുള്ള തിരുസഭാചരിത്രമാണു് ഇതിലെ ഉള്ളടക്കം. കഴിയുന്നതും സംക്ഷിപ്തമായിരിക്കുവാൻ പരിശ്രമിച്ചിട്ടുണ്ടെങ്കിലും, അവശ്യം അറിഞ്ഞിരിക്കേണ്ടവയെ വിട്ടുകളയാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധപതിച്ചിട്ടുണ്ടു്. വിശുദ്ധ സ്മരണകാർഹനായ ഒൻപതാം പീയൂസ് മാർപ്പാപ്പായുടെ ഭരണം മുതലുള്ള ചരിത്രഭാഗങ്ങൾ മൂലഗ്രന്ഥത്തിൽ ഇല്ലാത്തതിനാൽ ഇതരചരിത്രകൃതികളിൽ നിന്നു സമാഹരിച്ചിട്ടുള്ളവയാണു്. പുസ്തകത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയും, വിദ്യാർത്ഥികളുടെ ഉപയോഗത്തെ പരിഗണിച്ചും "കേരളീയകത്തോലിക്കാസഭ"യെ പററി ഒരു സംക്ഷിപ്തവിവരണവും അവസാനം അനുബന്ധമായി ചേർത്തിട്ടുണ്ടു്.

ഈ വിനീതഗ്രന്ഥത്തിനു് പുറമെ ക. നി. മൂ. സ. ബ. ഇഗ്നേഷ്യസച്ചന്റെ അക്ഷീണപരിശ്രമത്താൽ വളരെ വിപുലമായ ഒരു ചരിത്രം രണ്ടു ഭാഗങ്ങളിലായി ഈ അടുത്ത കാലത്തു് പ്രസിദ്ധീകൃതമായിട്ടുണ്ടെന്നുള്ള വസ്തുതയും ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. പല ചരിത്രപ്രിയന്മാരുടേയും അഭിനന്ദനത്തിനു് പാത്രീഭവിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥം താർക്കികന്മാർക്കും അഭ്യസ്തവിദ്യർക്കും വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ എന്റെ ഈ സംക്ഷിപ്തചരിത്രഗ്രന്ഥം സ്കൂൾ വിദ്യാർത്ഥികളുടേയും, സാമാന്യ ജനങ്ങളുടേയും ആവശ്യത്തെ മുൻനിറുത്തി മാത്രമാണു് രചിച്ചിട്ടുള്ളതു്. ഇപ്രകാരം സഭാചരിത്രസംബന്ധമായുണ്ടായിരുന്ന ന്യൂനതയും കേരളീയരെ സംബന്ധിച്ചിടത്തോളം ഏതാണ്ടു് പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നു പറയാവുന്നതാണു്.

ദ്വിതീയഭാഗത്തിന്റെ വിവർത്തനത്തിലും ഹാർദ്ദവമായി എന്നോടു സഹകരിച്ച എന്റെ കനിഷ്ഠസഹോദരങ്ങളായ ക. നി, മൂ. സ. ബ. വിദ്യാർത്ഥികളോടും ഞാൻ അതീവകൃതജ്ഞനായിരിക്കുന്നു.

ചുരുങ്ങിയ വിലക്കു വില്പത്തക്കവണ്ണം ഈ പുസ്തകം തിരുവല്ലാ സെൻറ് ജോസഫ്സ് പ്രസ്സിൽ അച്ചടിക്കുന്നതിനു വേണ്ട ഒത്താശ കളെല്ലാം ചെയ്തു തന്ന പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള ഹൃദയം ഗമമായ നന്ദിയെ പ്രകാശിപ്പിക്കുന്നതിനും ഈ അവസരം വിനിയോ ഗിച്ചുകൊള്ളട്ടെ.

അവസാനമായി ഈ ചരിത്രഗ്രന്ഥം പാരായണം ചെയ്യുന്നവരെ ല്ലാം മ്ശിഹാ സ്ഥാപിച്ച ഏകസഭ അചഞ്ചലവും എന്നും പ്രാചീനവും എന്നാൽ എന്നും അർവ്വാചീനവുമായി പരിലസിക്കുന്ന കത്തോലിക്കാ സഭയാകുന്നുവെന്നു പൂർവ്വാധികം വ്യക്തമായി ഗ്രഹിക്കുന്നതിനു ഇ തിൻെറ സ്വർഗ്ഗീയ പരിരക്ഷക സംഗതി വരുത്തട്ടെ എന്നുള്ള വിനീത പ്രാർത്ഥനയോടും, ജീവിതത്തിൻെറ ഏതാണ്ടു അന്ത്യദശയിൽ എത്തി ച്ചേർന്നിരിക്കുന്ന എനിക്കു ശിഷ്ടായുസ്സിലും, മരണാനന്തരവും മാന്യവായനക്കാരുടെ പ്രാർത്ഥനാസഹായം ലഭിക്കാതിരിക്കയില്ല എ ന്നുള്ള ശുഭ പ്രതീക്ഷയോടുംകൂടെ തല്ക്കാലം വിരമിക്കുന്നു.

എന്നു്

തിരുഹൃദയാശ്രമം, ഫാദർ മർസലീൻ ററി. ഒ. സി. ഡി.
ചെത്തിപ്പുഴ.
1. ഏപ്രിൽ 1941.

# Index

Page.

## അദ്ധ്യായം ൩. ഒന്നാമത്തെ കുരിശുയുദ്ധം മുതൽ വി. ലൂവീസിൻെറ മരണം വരെ.


ഒന്നാമത്തെ കുരിശുയുദ്ധം 1
പുതിയ സഭകളുടെ സ്ഥാപനം 9
ഇംഗ്ലണ്ടിലെ സഭ 20
കുരിശുയുദ്ധങ്ങൾ 25
മൂന്നാമത്തെ സ്ലീവായുദ്ധം 27
വി. പ്രാൻസിസ് അസ്സീസി, വി. ഡൊമിനിക്കു 32
പ്രാൻസിലെ രാജാവായ വി. ലൂവീസ് 40
(ഏഴും എട്ടും കുരിശുയുദ്ധങ്ങൾ)
കുരിശുയുദ്ധങ്ങളെപ്പററി ചില വിചിന്തനങ്ങൾ 48


## അദ്ധ്യായം ൪.

## വി. ലൂവീസ് രാജാവിൻെറ ചരമം മുതൽ കിഴക്കൻ സാമ്രാജ്യത്തിൻെറ അധഃപതനംവരെ


വി. തോമ്മസ് അകിനാസ്, വി. ബൊനവന്തുര 51
ലയൺസിലെ പൊതുസൂനഹദോസും ഗ്രീക്കുകാരുടെ പുനരൈക്യവും 57
പാശ്ചാത്യസഭയിലെ വലിയ ശീശ്മയും കൊൺസ്ററാൻസിലെ സൂനഹദോസും 60
ഗ്രീക്കുകാരെ രണ്ടാമതു പുനരൈക്യപ്പെടുത്തുവാനായി നടന്ന ഫ്ലോറൻസ് സൂനഹദോസ്. കോൺസ്ററാൻറിനോപ്പിൾ അന്യാധീനപ്പെട്ടതു 66


## അദ്ധ്യായം ൫.


തുൎക്കികൾ കോൺസ്ററാൻറിനോപ്പിൾ പിടിച്ചടക്കിയതു മുതൽ ത്രെന്തോസു സൂനഹദോസിൻെറ അവസാനം വരെ. 70
ജൎമ്മനിയിലെ മതവിപ്ലവം 72
ഇംഗ്ലണ്ടിലെ മതഭിന്നത 81
ലയോളായിലെ വി. ഇഗ്നേഷ്യസ്, വി. പ്രാൻസീസു സാവ്യർ 100
ത്രെന്തോസ് സൂനഹദോസ് 113


## അദ്ധ്യായം ൬.


ത്രെന്തോസ് സൂനഹദോസു മുതൽ പ്രാൻസിലെ രാജാവായ നാലാം ഹെൻറിയുടെ മാനസാന്തരംവരെ 117
വി. പ്രാൻസിസ് സാലേസ്, വി. വിൻസെൻറ ദെ പോൾ 134

17-ാം ശതാബ്ദം 146
18-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ യൂറോപ്പ് ഖണ്ഡമൊട്ടുക്കുള്ള തിരുസ്സഭയുടെ സ്ഥിതി 154

അദ്ധ്യായം ൧൦.

ൺ൧൫൫൨-ൽ സ്വൎഗ്ഗപ്രാപ്തനായ വി. ഫ്രാൻസീസ് സാവ്യേറിന്റെ നിൎവ്വാണശേഷം നടന്നിട്ടുള്ള വേദപ്രചരണം.

ഇൻഡ്യാ, ചൈനാ, ജപ്പാൻ എന്നീ രാജ്യങ്ങളിലെ വേദപ്രചരണം 158
വടക്കെ ആഫറിക്കായിലേയും, അമേരിക്കായിലേയും വേദപ്രചരണം 171

അദ്ധ്യായം ൧൧.

൧൮-ാം ശതാബ്ദം

ജൻസേനിയർ 186
18-ാം ശതാബ്ദത്തിലെ താത്വികാഭിപ്രായങ്ങളും ഗൂഢസംഘങ്ങളും 190
ഫ്രഞ്ച് വിപ്ലവം 199
ആറാം പീയൂസ് മാൎപ്പാപ്പാ 204

അദ്ധ്യായം ൧൨.

൧൯-ാം ശതാബ്ദത്തിന്റെ ആദ്യഘട്ടം.

7-ാം പീയൂസ് മാൎപ്പാപ്പാ 213
7-ാം പീയൂസിന്റെ മരണം മുതൽ 9-ാം പീയൂസ്‌വരെ 218

അദ്ധ്യായം ൧൩.

൧൯-ാം ശതാബ്ദത്തിന്റെ അന്തിമഘട്ടവും അനന്തരസംഭവങ്ങളും.

ഒമ്പതാം പീയൂസ് 226
ലൂർദ്ദുമാതാവ് 229
വത്തിക്കാൻ സൂനഹദോസ് 239
പൂൎവ്വീകകത്തോലിക്കർ 242
13-ാം ലെയോ മാൎപ്പാപ്പാ 251
10-ാം പീയൂസ് മാൎപ്പാപ്പാ 261
15-ാം ബനദിക്തോസ് മാൎപ്പാപ്പാ 273
11-ാം പീയൂസ് മാൎപ്പാപ്പായുടെ പതിനേഴു കൊല്ലത്തെ ഭരണം 282
12-ാം പീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് 287

# തിരുസഭാചരിത്രസംഗ്രഹം

(രണ്ടാം ഭാഗം)

---

## അദ്ധ്യായം ൯.

ഒന്നാമത്തെ കുരിശുയുദ്ധം മുതൽ വി. ലൂയീസിന്റെ മരണം വരെ. ക്രി. വ. 1095—1270.

---

### ൧. ഒന്നാമത്തെ കുരിശുയുദ്ധം.

1095—1099.

ഒന്നാമത്തെ കുരിശുയുദ്ധങ്ങളെക്കുറിച്ചു രാജ്യതന്ത്രജ്ഞന്മാരുടെ അഭിപ്രായം എന്തുതന്നെ ആയിരുന്നാലും, തീർച്ചയായും, അവ ശ്രേഷ്ഠവും ഹൃദയസ്പൃക്കുമായ ഒരു സംഭവമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. അതു് അവിശ്വാസികളായ മഹമ്മദീയരുടെ അധീനത്തിൽപ്പെട്ടു് അവഗണിക്കപ്പെട്ടിരുന്ന തിരുസ്ഥലങ്ങളേയും, ദിവ്യരക്ഷകന്റെ തിരുക്കല്ലറയേയും അവരിൽ നിന്നു വീണ്ടെടുക്കുന്നതിനുവേണ്ടി യൂറോപ്പിൽ ആകമാനമുണ്ടായ ഒരു പ്രക്ഷോഭണമായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ വരെയുള്ള ഭൂവിഭാഗങ്ങളെയെല്ലാം അറബികൾ ആക്രമിച്ചു കീഴടക്കി. ഈജിപ്റ്റിലും ആഫ്റിക്കായുടെ ഏതാനും ഭാഗങ്ങളിലും അവർക്കു് ആധിപത്യമുണ്ടായിരുന്നു. സ്പെയിൻ രാജ്യത്തു് അവർ ധാരാളം അധിവാസം ഉറപ്പിച്ചിരുന്നു. ചാറത്സു് മാർട്ടിൻ ഇല്ലായിരുന്നു എങ്കിൽ ക്രമേണ അവർ യൂറോപ്പിന്റെ യജമാനന്മാരായി തീർന്നേനെ. അനന്തരം മറ്റൊരു നൂതനവംശം ടക്കിസ്റ്റാനിൽ നിന്നു അറബി

വംശത്തെ നിഗൂഢമാർഗ്ഗേണ ബഹിഷ്കരിച്ചു. ജേതാക്കളായ ഈ വംശക്കാർ 1086_ൽ ജറൂശലേം പിടിച്ചടക്കി, അവിടെ നിവസിച്ചിരുന്ന ക്രിസ്ത്യാനികളേയും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്നുകൊണ്ടിരുന്ന നിരവധി തീർത്ഥയാത്രക്കാരേയും ഏററവും ക്രൂരമായ വിധത്തിൽ ഉപദ്രവിച്ചുവന്നു. പൌരസ്ത്യരാജ്യങ്ങളുടെ ചക്രവർത്തി വളരെക്കാലമായി ഈ അപകടത്തെപ്പററി ചിന്തിക്കയും സഹായത്തിനു നിഷ്ഫലമായി പാശ്ചാത്യശക്തികളോടു് അഭ്യർത്ഥിക്കുകയും ചെയ്തുവന്നി(രുന്നു. അക്കാലത്തു ഫ്രാൻസിനെ ഭരിച്ചുവന്നിരുന്നതു് ഹ്യൂ കാപ്പററി Hugh Caput) ന്റെ മൂന്നാമത്തെ പിൻഗാമിയും ദുർവ്വൃത്തനുമായ ഫിലിപ്പു് ഒന്നാമനായിരുന്നു. ജർമ്മനി ഹെൻറി, നാലാമനാൽ പീഡിപ്പിക്കപ്പെട്ടിരുന്നു. ഇംഗ്ലണ്ടിൽ വില്യം റൂഫസ് തന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നതിനും, സഭയെ ഞെരുക്കുന്നതിനും, തീക്ഷ്ണമായി ശ്രമിച്ചുകൊണ്ടിരുന്നു. സ്പെയിൻ അവളുടെ വിനാശത്തിൽ നിന്നും ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു വരുകയും, അവളുടെ ആസ്തിക്യത്തിനുവേണ്ടി അറബികളും മൂർ ജാതിക്കാരുമായി എപ്പോഴും യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തുവന്നിരുന്നു. ഇററലി ആഭ്യന്തരകലഹങ്ങളിൽ നിമഗ്നമായിരുന്നു. അക്രമികളായ അവിശ്വാസികളെ വിശുദ്ധസ്ഥലത്തിൽ നിന്നു ബഹിഷ്കരിക്കുന്നതിനു യോജിച്ചു പ്രവർത്തിക്കാൻ ലാററിൻജാതിക്കാർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ രാജ്യതന്ത്രജ്ഞതയാൽ അസാദ്ധ്യമായിരുന്നതു മതതീക്ഷ്ണത സാധിക്കുകയുണ്ടായി. സാധുവായ ഒരു സന്യാസി യൂറോപ്യൻഭിന്നതയെ ഇല്ലാതാക്കുകയും വിഭാഗിക്കപ്പെട്ടിരുന്ന അവളുടെ ശക്തിയെ പൊതുശത്രുവിനെതിരായി യോജിപ്പിക്കുകയും ചെയ്തു. അമിയൻസി (Amiens) ലെ ഒരു പട്ടക്കാരനായിരുന്ന പീററർ എന്ന സന്യാസി ജറൂസലേമിൽ തീർത്ഥയാത്ര ചെയ്തു തിരിച്ചുവന്നതു്, അവിശ്വാസികൾ വിശുദ്ധസ്ഥലങ്ങളിൽ ചെയ്തുവന്ന ദൈവദൂഷണപരമായ പ്രവൃത്തികൾ കണ്ടു് അത്യന്തം ദുഃഖിതനായിട്ടായിരുന്നു. അദ്ദേഹം ജറൂസലമിലെ പാത്രിയക്കീസുമായി ഒരു അഭിമുഖസംഭാഷണം നടത്തുകയുണ്ടായി. പത്തു കൊല്ലമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന വിശുദ്ധസ്ഥലങ്ങളെ ടർക്കികളുടെ അടിമത്തത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു് ഈ പുരോഹിതന്മാർ തമ്മിൽ ആലോചിച്ചു. പാത്രിയക്കീസു മാർപ്പാപ്പായുടെ പേർക്കു് ഒരു കത്തയക്കണമെന്നും, പത്രോസ്സ് എന്ന സന്യാസി സന്ദേശവാഹകനായിരിക്കണമെന്നും, കത്തിൽ അടങ്ങിയിരിക്കുന്ന അഭ്യർത്ഥനയെ പിൻതാങ്ങണമെന്നും നിശ്ചയിച്ചു. അദ്ദേഹം അപ്രകാരം ചെയ്തതി[illegible] പുറമേ വിശുദ്ധസ്ഥലത്തിന്റെ വിലാപകരമായ

സ്ഥിതിയെ എത്രയും ഹൃദയാവർജ്ജകമായ രീതിയിൽ ഉർബ്ബാൻ ദ്വിതീയൻ എന്ന മാർപ്പാപ്പായെ വർണ്ണിച്ചു കേൾപ്പിക്കയുമുണ്ടായി. തൽഫലമായി ക്രിസ്തീയസാമ്രാജ്യത്തിലെ രാജാക്കന്മാരെ സഹായത്തിനു ക്ഷണിക്കണമെന്നു നിശ്ചയിച്ചു. സഭാനടപടികളെ സംബന്ധിക്കുന്ന ചില നിയമങ്ങളെക്കുറിച്ചുള്ള തീരുമാനത്തിനായി ക്ലെർമോണ്ടു് (Clermont) എന്ന സ്ഥലത്തിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. പിതാക്കന്മാരുടെ ആ സൂനഹദോസിൽ വെച്ചു്, മാർപ്പാപ്പാ വിശുദ്ധ സ്ഥലങ്ങളുടെ ദയനീയസ്ഥിതിയെക്കുറിച്ചു് ഹൃദയദ്രവീകരണശക്തിയോടെ ചെയ്ത പ്രസംഗം ഉദ്ദിഷ്ടഫലത്തെ പ്രദാനം ചെയ്ക തന്നെ ചെയ്തു. എല്ലാവരും കണ്ണുനീർ പൊഴിച്ചുകൊണ്ടു് സ്വരമുയർത്തി ഇപ്രകാരം നിലവിളിച്ചുപറഞ്ഞു. "ദൈവം അതു് ആഗ്രഹിക്കുന്നു. ഇതു് ദൈവത്തിന്റെ ഇഷ്ടമാകുന്നു." ഈ സ്വരം യൂറോപ്പിന്റെ എല്ലായിടത്തും പ്രതിധ്വനിക്കയും വളരെക്കാലത്തേക്കു ഉഗ്രമായ സമരത്തിൽ ഇതു കേൾക്കയാൽ അവിശ്വാസികൾ ഭയവിഹ്വലന്മാരായി തീരുകയും ചെയ്തു. ഈ വിശുദ്ധ യുദ്ധത്തിൽ ഭാഗഭാക്കുകളാകുന്നതിനു നേർന്നവരൊക്കെയും തങ്ങളുടെ വ്രതത്തിന്റെ ചിഹ്നമായി ചുമപ്പു തുണി കൊണ്ടുള്ള ഒരു കുരിശു അവരുടെ വലത്തു ഭുജങ്ങളിൽ കുത്തി പിടിപ്പിച്ചിരുന്നു. അതുകൊണ്ടു് ക്രൂസേഡർ (Crusader) അഥവാ കുരിശുയുദ്ധക്കാർ എന്നു വിളിക്കപ്പെട്ടുപോന്നു. മെത്രാന്മാർ തങ്ങളുടെ രൂപതകളിൽ ഈ തിരുയുദ്ധത്തിനു ചെയ്ത ഉത്സാഹം അത്ഭുതകരമായ ഫലങ്ങളെ തന്നെ ഉല്പാദിപ്പിച്ചു. പീറ്റർ എന്ന വാനപ്രസ്ഥൻ ഓരോ ദേശങ്ങളിലും സഞ്ചരിച്ചു പൊതുജനങ്ങളിൽ തീക്ഷ്ണതയെ അങ്കുരിപ്പിക്കയും വർദ്ധിപ്പിക്കയും ചെയ്തുകൊണ്ടുവന്നു. അദ്ദേഹത്തിന്റെ ഭക്തിതീക്ഷ്ണത, സ്വാർത്ഥപരിത്യാഗം, താപസജീവിതം ഇവയാൽ അദ്ദേഹത്തിനു വ്യക്തിപരമായി ഒരു പ്രവാചകന്റെ സാദൃശ്യവും, അധികാരവും ഉള്ളതായിട്ടു തോന്നിയിരുന്നു. കാലവിളംബം കൂടാതെ ഫ്രാൻസും, ജർമ്മനിയും, ഇററലിയും ഒരററം മുതൽ മറേറ അററം വരെ ഇളകി വശായി; പ്രഭുക്കന്മാരും ജനങ്ങളും ഒരേ യുദ്ധതീക്ഷ്ണതയാൽ ബന്ധിതരായി; പരസ്പരമുണ്ടായിരുന്ന ശത്രുത, കലാപങ്ങൾ യുദ്ധങ്ങൾ ഇവയെല്ലാം വിസ്മരിക്കപ്പെട്ടു. നീതിയും സമാധാനവും ഭൂലോകത്തു വീണ്ടും ഉണ്ടായി എന്നു തോന്നി. ക്രിസ്തീയസാമ്രാജ്യത്തിലെ ഏററവും ശ്രേഷ്ഠന്മാരായ പരാക്രമികൾ അനേകസംഘം സൈന്യങ്ങളെ നയിച്ചിരുന്നു. അഭിപ്രായയോജ്യതയെ സമ്പാദിക്കുന്നതിനും, സൈന്യനിയമത്തെ പരിപാലിക്കുന്നതിനും സാധിച്ചിരുന്നുവെങ്കിൽ ലോകം മുഴുവനും കീഴടക്കുവാൻ വേണ്ട ശക്തി ആ സേനാഗണത്തിനുണ്ടായിരുന്നു.

ക്രിസ്തീയസൈന്യത്തിന്റെ ഏററവും പ്രമുഖന്മാരായ നായകന്മാരിലൊരാളും സുപ്രസിദ്ധനുമായ ഗോഡ്ഫ്റെ ഓഫ് ബോയില്ലിയനിൽ (Godfrey of Bouillion) വാൎദ്ധക്യത്തിന്റെ വിവേകവും യൌവനത്തിന്റെ പരാക്രമവും സമ്മേളിച്ചിരുന്നു യുദ്ധത്തിൽ പരാക്രമശാലിയായിരുന്നതുപോലെ അദ്ദേഹം ഭക്തിയിൽ തീക്ഷ്ണനുമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനം മററു പല കുരിശുയുദ്ധക്കാരുടേതിനെക്കാൾ താഴെയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സൈന്യം ഏററം സംഖ്യാബലമുള്ളതും, അതിലെ യോദ്ധാക്കൾ വളരെ സമൎത്ഥന്മാരും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധി മൂലം പ്രഭുവംശജന്മാരായ അനേകം യുവാക്കന്മാർ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യുദ്ധപരിശീലനം ചെയ്യുവാൻ ആകർഷിതരായി തീൎന്നു.

കുരിശുയുദ്ധക്കാർ ഇപ്രകാരം പല ശാഖകളായി പിരിയുകയും, കോൺസ്ററാന്റിനോപ്പിൾ തങ്ങളുടെ സങ്കേതസ്ഥാനമായി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ, നിയമത്തെ അനുസരിക്കായ്കകൊണ്ടും, ക്രമക്കേടുകൊണ്ടും വളരെ ആളുകൾ യാത്രാമദ്ധ്യേ നശിക്കയുണ്ടായി. യാതൊരു അപകടവും നാശവും കൂടാതെ ഗോഡ് ഫ്റെ മാത്രം തന്റെ സൈന്യത്തെ നിശ്ചിതസ്ഥാനമായ കോൺസ്ററാന്റിനോപ്പിളിൽ കൊണ്ടുവന്നു. ലത്തീൻ സൈന്യങ്ങളുടെ സംഖ്യാബലവും മാറവും കൊണ്ടു് അലെക്സിസു് എന്ന ഗ്രീക്കുചക്രവൎത്തി ഭയവിഹ്വലനായിത്തീൎന്നു. ക്രിസ്തീയസാമ്രാജ്യത്തിന്റെ സംരക്ഷകന്മാരായ ക്രൈസ്തവശക്തികളെ, മഹമ്മദീയരേക്കാൾ കൂടുതലായി അദ്ദേഹം അവിശ്വസിക്കയും ഭയപ്പെടുകയും ചെയ്തു. അന്നുമുതൽ തങ്ങളുടെ സഹോദരന്മാരോടുള്ള ഗ്രീക്കുകാരുടെ നടപടി, ദുഷ്ടത, നീചത്വം, വഞ്ചന, ഇവയിന്മേൽ അടിസ്ഥാനപ്പെടുത്തിയായിരുന്നു. വിശുദ്ധ സ്ഥലത്തേയ്ക്കുള്ള മാൎഗ്ഗം സുഗമമാക്കുന്നതിനുവേണ്ടി ഹെലസ് പോൺറു് (Hellespont) കടന്നു് ഐക്യകക്ഷികൾ ബിത്തിനിയായിലെ നിക്യപട്ടണത്തെ നിരോധിച്ചു. അതിന്റെ കാവൽസൈന്യം ശക്തിമത്തായിരുന്നുവെങ്കിലും കുരിശുയുദ്ധക്കാരുടെ ശക്തിയേറിയ ആക്രമണത്തെ തടുക്കുന്നതിനു സാധിച്ചില്ല. പട്ടണവാസികൾ ബുദ്ധിപൂൎവ്വകമായി ശത്രുക്കൾക്കു കീഴടങ്ങി. കുറെ ദിവസങ്ങൾക്കു ശേഷം ക്രിസ്തീയസൈന്യം അതിന്റെ യാത്രയിൽ അസംഖ്യം മഹമ്മദീയരാൽ വളയപ്പെട്ടു. ക്രിസ്ത്യാനികൾ അവരോടു് സധൈൎയ്യം പോരാടി അവരെ തോല്പിച്ചു. യുദ്ധത്തിൽ അനേകായിരം മഹമ്മദീയർ കൊല്ലപ്പെട്ടു. ഈ വിജയം വഴിയായി അവരുടെ

പരിശ്രമങ്ങളിലുള്ള അപകടങ്ങൾക്കു നിവാരണം ഉണ്ടായില്ല. ശത്രുക്കളുടെ ഉപദ്രവം നിമിത്തം വെള്ളമോ ഭക്ഷണമോ ലഭിക്കുന്നതിനു വളരെ പ്രയാസമായിരുന്നു. വളരെ സൈന്യങ്ങളും മിക്കവാറും എല്ലാ കുതിരകളും വെള്ളത്തിന്റെ അഭാവത്താൽ നശിച്ചു. ഒടുവിൽ സൈന്യം സിറിയായിൽ പ്രവേശിക്കുകയും അക്കാലത്തു പൌരസ്ത്യദേശത്തെ ഏററവും വലിയ പട്ടണങ്ങളിലൊന്നായ അന്തിയോക്കിയായെ നിരോധിക്കയും ചെയ്തു. ഇതു മുൻകൂട്ടി അറിഞ്ഞിരുന്ന ശത്രുക്കൾ ധാരാളം ഭക്ഷണസാധനങ്ങളും ആയുധങ്ങളും ശേഖരിച്ചിട്ടുണ്ടായിരുന്നു. നിരോധനം ഏഴുമാസക്കാലത്തേക്കു നീണ്ടുനിന്നു; അന്തിയോക്കിയായെ കീഴടക്കുവാൻ സാധിക്കയില്ലെന്നു കുരിശുയുദ്ധക്കാർ നിരാശപ്പെട്ടിരിക്കയിൽ മതത്യാഗിയായ ഒരു ഗ്രീക്കുകാരൻ പട്ടണത്തിലേക്കുള്ള ഒരു ഗൂഢമാർഗ്ഗത്തെ അവർക്കു കാണിച്ചുകൊടുത്തു. ഉൾക്കോട്ട ശത്രുക്കളുടെ അധീനത്തിലായിരുന്നു. പട്ടണത്തെ രക്ഷിക്കുന്നതിനായി മഹമ്മദീയരുടെ ഒരു വലിയ സൈന്യം വന്നെത്തുകയും ക്രിസ്ത്യാനികളെ നിരോധിക്കയും ചെയ്തു. തൽഫലമായി അവർക്കു ഭക്ഷണം കിട്ടാതാകുകയും അവരുടെ വാഹനമൃഗങ്ങളുടെ മാംസം ഭക്ഷിക്കുവാൻ നിർബന്ധിതരാകുകയും ചെയ്തു. നിരാശാജനകമായിരുന്ന ഈ ആപൽഘട്ടത്തിൽ, ആർക്കുവേണ്ടി ഈ വിഷമങ്ങളെ അവർ വരണം ചെയ്തുവോ അദ്ദേഹംതന്നെ അത്ഭുതകരമായ ഒരടയാളത്താൽ തന്റെ അനുഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തി. ആ പട്ടണത്തിൽതന്നെയുള്ള ഒരു ദേവാലയത്തിന്റെ കൽത്തളത്തിന്റെ അടിയിലായി ദിവ്യരക്ഷകന്റെ തിരുവിലാവിൽ കുത്തിത്തുറന്ന കുന്തം നിക്ഷേപിക്കപ്പെട്ടിരുന്നതായി ഒരു പട്ടക്കാരനു വെളിപാടുണ്ടായി. ഈ തിരുശേഷിപ്പു കണ്ടെടുക്കയും വിശ്വാസികളുടെ വണക്കത്തിനായി പരസ്യമായി സ്ഥാപിക്കയും ചെയ്തു. അനന്തരം ദൈവസഹായം ഉണ്ടാകുമെന്നുള്ള ഉറപ്പോടുകൂടി ക്രിസ്ത്യാനികൾ ശത്രുസൈന്യത്തെ വളയുകയും അവരെ നിഷ്പ്രയാസം തോല്പിക്കയും ചെയ്തു. ക്രിസ്ത്യാനികൾ അന്തിയോക്കിയായെ പിടിച്ചെടുത്തതിനാൽ രാജ്യവാസികളാകമാനം ഭയവിഹ്വലന്മാരായി തീരുകയാൽ യാതൊരു തടസ്സവും കൂടാതെ ജറുശ്ലേമിൽ എത്തുന്നതിനു് അവർക്കു സാധിച്ചു. സുദീർഘമായ ഒരു നിരോധനത്തെ തടുത്തു നിൽക്കുന്നതിനു ശത്രുക്കൾ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ക്രിസ്ത്യാനികളുടെ വീരപരാക്രമങ്ങൾ അവയെല്ലാം നിഷ്പ്രയാസം ഫലശൂന്യങ്ങളാക്കിത്തീർത്തു. അഞ്ചാഴ്ചവട്ടക്കാലത്തെ നിരോധനത്തിനു ശേഷം ജെറുശ്ലേം കീഴടങ്ങി. ഇതു് ഒരു വെള്ളിയാഴ്ചദിവസം മൂന്നുമണിക്കു് അതായതു ദിവ്യരക്ഷകൻ

കുരിശിൽ മരിച്ച സമയത്തായിരുന്നതിനാൽ ഭക്തിബഹുമാനങ്ങളോടു കൂടി അവർ ആ ദിവസത്തെ ആചരിച്ചു. ഈ ജയഘോഷമദ്ധ്യേ കുരിശുയുദ്ധക്കാർ ഒരു പൊതുസംഹാരം നടത്തുകയുണ്ടായി. എന്നാൽ പട്ടണത്തിലുണ്ടായിരുന്ന ഭക്തസംഘക്കാർ അവരുടെ ഉഗ്രകോപത്തെ ഝടുതിയിൽ ശാന്തമാക്കി. അവർ രക്തം പുരണ്ട അവരുടെ വസ്ത്രത്തെ ദൂരെ എറിയുകയും പാദരക്ഷയില്ലാതെയും മാറത്തടിച്ചുകൊണ്ടും ദിവ്യരക്ഷകന്റെ പീഡാനുഭവങ്ങളാൽ പരിപാവനമാക്കപ്പെട്ട സ്ഥലങ്ങളെ സന്ദർശിക്കുന്നതിനായി പുറപ്പെടുകയും ചെയ്തു ജെറുസലേമിൽ ശേഷിച്ച ദുർബലന്മാരും പീഡിപ്പിക്കപ്പെട്ടവരുമായ ക്രിസ്ത്യാനികൾ സന്തോഷത്തിന്റെയും കൃതജ്ഞതയുടേയും പ്രകടനങ്ങളോടുകൂടി അവരെ അനുഗമിച്ചു. എട്ടു ദിവസം കഴിഞ്ഞപ്പോൾ പ്രധാനപ്പെട്ട ഈ വിജയത്തെ നിലനിർത്തുന്നതിനു് ഒരു യോഗ്യനായ രാജാവിനെ തെരഞ്ഞെടുക്കുന്നതിന്നു ക്രിസ്തീയ സൈന്യത്തിലെ നേതാക്കന്മാർ യോഗം കൂടി. നേതാക്കന്മാരുടെ കൂട്ടത്തിൽ ഏററവും ഭക്തനും, ധീരനുമായ ഗോഡ്ഫ്റെ (Godfrey) തൽസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. ഒരു പ്രദക്ഷിണമായിട്ടു് അദ്ദേഹത്തെ വിശുദ്ധ കല്ലറയുടെ പള്ളിയിലേക്കു കൊണ്ടുപോകുകയും, ആഘോഷപൂർവ്വം രാജാവായി അദ്ദേഹത്തെ പ്രഖ്യാപനം ചെയ്യുകയും ചെയ്തു. സ്വർണ്ണനിർമ്മിതമായ ഒരു കിരീടം അദ്ദേഹത്തിനു സമർപ്പിക്കപ്പെട്ടപ്പോൾ അതു നരസിച്ചുകൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു. "രാജാക്കന്മാരുടെ രാജാവു് മുൾക്കിരീടം ധരിപ്പിക്കപ്പെട്ട ഈ പട്ടണത്തിൽവെച്ചു്, ഞാൻ സ്വർണ്ണകിരീടം ധരിക്കുവാൻ ദൈവം ഇടവരുത്താതിരിക്കട്ടെ". പ്രധാനപ്പെട്ട വിജയം സിദ്ധിച്ചതു് ക്രി. വ. 1099-ൽ ആയിരുന്നു.

കുരിശുയുദ്ധങ്ങൾ വഴിയായി സൈന്യസഭകൾ ഉത്ഭവിച്ചു. ഇതിൽ ഏററവും പ്രാചീനമായതു് വി. യോഹന്നാന്റെ മാടമ്പികൾ എന്ന സഭയാണു്. ഇതു മാൾട്ടായിലെ മാടമ്പികൾ എന്ന സംജ്ഞയാൽ കഴിഞ്ഞ ശതാബ്ദം വരെ നിലനിന്നിരുന്നു. സുപ്രസിദ്ധമായ ഈ സഭയുടെ ഒന്നാമത്തെ ഭവനം തീർത്ഥയാത്രക്കാരെ സ്വീകരിക്കുന്നതിനും രോഗികളെ സ്വീകരിക്കുന്നതിനുമായി ജെറുസലേമിൽ പണിചെയ്ത ഒരാശുപത്രി ആയിരുന്നു. ജെറുസലേം അവിശ്വാസികളുടെ അധീനത്തിൽ തന്നെ ആയിരുന്നപ്പോൾ നേപ്പിൾസിലെ ഏതാനും കച്ചവടക്കാർ കൂടിയാണു് ഇതു സ്ഥാപിച്ചതു്. കുരിശുയുദ്ധക്കാർ ജെറുസലേമിന്റെ അധിപന്മാരായി തീർന്നപ്പോൾ പ്രോവൻസ് ദേശിയനും, അസാധാരണ വിവേകിയും

പുണ്യവുമുള്ള ജെരാർദ്ദ് (Gerard) എന്ന ദേഹം ഈ ആശുപത്രിയുടെ അദ്ധ്യക്ഷനായിരുന്നു. അഭിനവരാജാവായ ഗോഡ്ഫ്റേ ഇതിനെ അദ്ദേഹത്തിൻെറ പ്രത്യേക സംരക്ഷണയിലാക്കി. കുരിശുയുദ്ധത്തിന് പോയ യുവപ്രഭുക്കന്മാരും മററനേകരും തീൎത്ഥയാത്രക്കാരോടും രോഗികളോടും ചെയ്യപ്പെട്ട ഈ പരസ്നേഹപ്രവൎത്തികളാൽ ഈവക പുണ്യകൃത്യങ്ങളിൽ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കത്തക്ക വിധത്തിൽ ആകർഷിക്കപ്പെട്ടു. എന്നാൽ അവരുടെ സമരാസക്തി ഉപേക്ഷിക്കുവാൻ അവൎക്കു നിവൎത്തിയില്ലാതിരുന്നതിനാൽ പലപ്പോഴും അവിശ്വാസികളോട് എതിരിടേണ്ടതായി വന്നിരുന്നു. അവരുടെ ഭക്തിതീക്ഷ്ണതയാൽ യുദ്ധത്തിൽ അവൎക്കു കൂടുതലായി ശക്തി ലഭിച്ചു. ശത്രുക്കളോടു ഭയങ്കരന്മാരായിരുന്നവർ, ആശുപത്രിയിൽ തീൎത്ഥയാത്രക്കാരുടെ ഏററം എളിയ ദാസന്മാരും, രോഗികളുടെ ഏററം ആദരവുള്ള ശുശ്രൂഷികളുമായിരുന്നു. തങ്ങളോടുതന്നെ അവർ കൎക്കശമായും ബലാൽക്കാരമായും, എന്നാൽ ക്രിസ്തീയ പരസ്നേഹത്തിൽ അന്യരോടു സൌമ്യമായും ഉപചാരമായും പെരുമാറിവന്നു. തങ്ങളുടെ സ്വന്തം ആവശ്യത്തിനായി താഴ്ന്നതരം ഭക്ഷണങ്ങളെ അവർ തെരഞ്ഞെടുത്തിരുന്നു. എന്നാൽ അവരുടെ സംരക്ഷണയിൽ ഇരുന്നവൎക്ക് ഏററം നല്ല ഭക്ഷണം കൊടുത്തുവന്നിരുന്നു. അവരുടെ ഈ സ്ഥാപനം ശാശ്വതമായ ഒരടിസ്ഥാനത്തിന്മേൽ ഉറപ്പിക്കുന്നതിനായി പറഞ്ഞൊപ്പുവഴിയായി സ്ഥിരപ്പെടുത്തുന്നതിനു് അവർ നിശ്ചയിച്ചു. അവരുടെ നിശ്ചയം പാത്രിയൎക്കീസ് അംഗീകരിക്കയും അദ്ദേഹത്തിൻെറ മുമ്പാകെ പതിവുള്ള മൂന്നു് വ്രതങ്ങൾ കൂടാതെ നാലാമതായി ഒന്നുകൂടി കൂട്ടിച്ചേൎക്കയും ചെയ്തു. ആവശ്യപ്പെടുമ്പോൾ അവിശ്വാസികൾക്കെതിരായി യുദ്ധം ചെയ്യുക എന്നുള്ളതായിരുന്നു അതു്. പാസ്കൽ ദ്വിതീയൻ എന്ന മാൎപ്പാപ്പാ ഇതിനെ സ്ഥിരപ്പെടുത്തുകയും ചില പ്രത്യേകാവകാശങ്ങളെ കല്പിച്ചുകൊടുക്കയും ചെയ്തു. ഇപ്രകാരം സന്യാസപരവും സൈനികവുമായ ഒരു സഭ അവർ സ്ഥാപിച്ചു. ഈ നവീന സഭയുടെ അംഗങ്ങളും സ്വത്തും ചുരുങ്ങിയ സമയത്തിനുള്ളിൽ വൎദ്ധിക്കത്തക്ക വിധത്തിൽ ജനസമ്മതമുള്ളതായിതീൎന്നു. ഇപ്രകാരം സുപ്രസിദ്ധമായ ഒരു സഭയിൽ പ്രവേശനം ലഭിക്കുന്നതിനു് ഏററം ധീരന്മാരായ ക്രിസ്തീയ യുവാക്കന്മാര് താല്പൎയ്യപ്പെട്ടിരുന്നു. ഓർശ്ലേമിൽ ക്രിസ്തീയഭരണം നിലനിന്നിടത്തോളം കാലം അവർ അതിൻെറ ഉറപ്പുള്ള സംരക്ഷകന്മാരായിരുന്നു. ഈ രാജസ്ഥാനത്തിൻെറ അധഃപതനത്തിനു ശേഷം അതു 96 സംവത്സരങ്ങൾ മാത്രമേ നിലനിന്നുള്ളു. അവർ റോഡ്സ് (Rhodes) എന്ന ദ്വീപിലേക്കു മാറിത്താമസിച്ചു.

ക്രിസ്തുവർഷം 1522-ൽ സോളിമാൻ എന്ന തുർക്കി സുൽത്താന്റെ ചരിത്രപ്രസിദ്ധമായ നിരോധനത്തെ തടഞ്ഞുനിർത്തിയതു് സുസ്മരണീയമാണു്. അനന്തരം അവർ ചക്രവർത്തിയായ ചാറൽസ് പഞ്ചമൻ കൊടുത്ത മാൾട്ടാ എന്ന ദ്വീപിലേയ്ക്കു പോയി മുമ്പിലത്തേപ്പോലെ തന്നെ ഇവിടെയും അവിശ്വാസികളുടെ യുദ്ധസന്നാഹങ്ങളോടു വിജയപൂർവ്വം എതിരിട്ടുവന്നു. ഇതിൽ അവരുടെ നേതൃത്വം വഹിച്ചിരുന്നതു സുസ്മരണാർഹനായ ലാ വെലോറ് (La-Valette) എന്ന ഗ്രാൻഡ് മാസ്റ്ററായിരുന്നു. 1798-ൽ നെപ്പോളിയന്റെ നേതൃത്വത്തിൽ മാൾട്ടായെ പിടിച്ചടക്കുന്നതുവരെ അവർ ഈ ദ്വീപിനെ കൈവശം വച്ചുകൊണ്ടിരുന്നു. 1800-ൽ ഇംഗ്ലീഷുകാർ ഈ ദ്വീപിനെ കീഴടക്കുകയും ഇപ്പോഴും അവരുടെ അധീനതയിൽ വച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

ടെംബ്ളേർസ് എന്ന സഭ സ്ഥാപിക്കപ്പെട്ടതു് 1118-ൽ ആയിരുന്നു. ജെറുശ്ലേമിലെ രാജാവായ ബാൾഡ്വിൻ ദ്വിതീയൻ സോളമന്റെ ദേവാലയത്തിനു സമീപമായി ഒരു കെട്ടിടം അവർക്കു ദാനം ചെയ്തു. അവിശ്വാസികളിൽനിന്നു ജെറുശ്ലേമിനെ സംരക്ഷിക്കുകയെന്നതായിരുന്നു അവരുടെ ഉദ്ദേശം. പലസ്തീനാരാജ്യം ഉപേക്ഷിക്കപ്പെട്ടപ്പോൾ ആദ്യമുണ്ടായിരുന്ന അവരുടെ തീക്ഷ്ണതയിൽ നിന്നും നിയമത്തിന്റെ അനുസരണയിൽനിന്നും അവർ വ്യതിചലിക്കയും പൊതുജനാവഹേളനത്തിനു വിഷയീഭവിക്കയും ചെയ്തു. അവർക്കെതിരായുള്ള കർക്കശങ്ങളായ ദോഷാരോപണങ്ങളുടെ മറ പിടിച്ചുകൊണ്ടു ഫ്രാൻസിലെ രാജാവു് അവരെ നിർദ്ദയമായി സംഹരിക്കുന്നതിനു് ഒരുങ്ങി. അവർ ഫിലിഫ്സിബെൽ (Philip-le-Bel) എന്ന മനസ്സാക്ഷിയില്ലാത്തവനും, ദുശ്ശാഠ്യക്കാരനുമായ രാജാവിന്റെ ദ്വേഷവിഷയങ്ങളായിരുന്നു എന്നുള്ളതു് ആലോചിച്ചു നോക്കുമ്പോൾ വാസ്തവത്തിൽ അവർ എത്രത്തോളം കുറ്റക്കാരായിരുന്നുയെന്നുള്ളതു് ഇക്കാലത്തു നമുക്കു നിശ്ചയിക്കത്തക്കതല്ല. ഇതിന്റെ ഒക്കെ ഫലമായി ഈ സഭ ക്രി. വ. 1312-ൽ നിർത്തലാക്കപ്പെട്ടു.

മൂന്നാമത്തേതു് വിശുദ്ധ മറിയത്തിന്റെ ട്യൂട്ടന്മാർ (Teutons) എന്ന മാടമ്പികളുടെ സൈനികസഭയായിരുന്നു. ഈ സഭ അതിന്റെ ജന്മദേശമായ ഏക്കർ (Acre) എന്ന സ്ഥലത്തു് കുറെക്കാലം നിലനിന്നു. അനന്തരം അന്നു് അജ്ഞാനികളായിരുന്ന പ്രഷ്യാക്കാരോടും പോളണ്ടുകാരോടും യുദ്ധം ചെയ്യുന്നതിനായി വടക്കേ യൂറോപ്പിലേയ്ക്കു് പോയി. അവിടെ അവർ ധാരാളം വസ്തുവകകൾ കരസ്ഥമാക്കി; ഒടുവിൽ അവരു

ടെ അദ്ധ്യക്ഷന്മാരിൽ ഒരാളായിരുന്ന ബ്രാണ്ടൻബർഗ്ഗിലെ ആൽബർട്ടു് എന്നയാൾ പ്രോട്ടസ്ററൻറു മതത്തിൽ ചേൎന്നുകൊണ്ടു് സഭവക വസ്തു വകകളെ ലൌകീക കാൎയ്യങ്ങൾക്കായി വിനിയോഗിച്ചുതുടങ്ങി. അനന്തരം ഈ സ്വത്തുക്കൾ അയാളുടെ അവകാശികൾക്കു ലഭിക്കയും, ഇങ്ങനെ പ്രഷ്യൻ ഏകഛത്രാധിപത്യം സംസ്ഥാപിതമാകയും ചെയ്തു.

ഈ മൂന്നു മാടമ്പിസഭകളുടെ സഹായത്തോടുകൂടി ജെറുസ്ലേം രാജ്യം കുറെക്കാലം നിലനില്ക്കുകയും അയൽ രാജ്യങ്ങൾകൂടി പിടിച്ചടക്കിയതോടുകൂടി അതു ശക്തിയിലും സൌഭാഗ്യത്തിലും അഭിവൃദ്ധി പ്രാപിക്കയും ചെയ്തു. എന്നാൽ 1131_ൽ ബാൾഡ്വിൻ ദ്വിതീയൻെറ നിൎയ്യാണത്തോടുകൂടി വിജയഗതിക്കു് അവസാനമുണ്ടായി. അവിശ്വാസികൾ അവരുടെ ഭയമെല്ലാം അകററിക്കൊണ്ടു് ഒരു നവീന സൈന്യത്തോടുകൂടി പ്രത്യക്ഷപ്പെട്ടു അവർ ഏദേസായെ നിരോധിക്കയും അതിനെ കീഴടക്കുകയും പള്ളികളെല്ലാം ഇടിച്ചു നിരത്തുകയും ക്രിസ്ത്യൻ ജനതയെ നിർദ്ദയമായി സംഹരിക്കയും ചെയ്തു. ഈ നാശത്തെ സംബന്ധിച്ചു് യൂറോപ്പിൽ അറിവു കിട്ടിയപ്പോൾ കുരിശുയുദ്ധം വീണ്ടും വിളിച്ചു കൂട്ടപ്പെട്ടു.

## ൨. പുതിയ സഭകളുടെ സ്ഥാപനം.

### ഫ്രിമോൺസ്ത്രൻസ്, സിസ്ററർസിയൻസ്, ട്രിനിട്ടേറിയൻസ്.

ഇപ്രകാരം പൌരസ്ത്യദേശങ്ങളിൽ കത്തോലിക്കസഭ, ഫലപ്രദമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നപ്പോൾ കൂടുതൽ സമാധാനകരമായ പ്രകൃതിയോടുകൂടിയ സന്യാസസഭകൾ പാശ്ചാത്യദേശങ്ങളിൽ ആവിർഭവിച്ചു. ശാശ്വതവും, വളരെ പ്രയോജനകരവുമായ ഫലങ്ങളെ പുറപ്പെടുവിച്ചവയാണു് ഈ സഭകൾ. വൈദികരുടെ പരിശുദ്ധമായ ഉദ്യോഗത്തിനനുയോജ്യമായ വിധത്തിലുള്ള സുകൃതങ്ങളുടെ മാതൃകയായി വി. നോർബർട്ടിനെ ദൈവം തെരഞ്ഞെടുത്തു. ഈ മഹാപുണ്യവാൻ ക്ലെവുസ് (Cleves) എന്ന ദേശത്തെ പ്രഭുകുടുംബത്തിൽ ജാതനായി. ചെറുപ്പകാലത്തു് ഇദ്ദേഹം ഒരു വലിയ ഭക്തനായിരുന്നെങ്കിലും വൈദീകപട്ടം ഏററുകഴിഞ്ഞതിൽ പിന്നീടു് ആ ജീവിതാവസ്ഥക്കു് അശേഷം യോജിച്ച തരത്തിലായിരുന്നില്ല അദ്ദേഹത്തിൻെറ ജീവിതക്രമം. പള്ളിക്കടുത്ത ആദായങ്ങളെ സുഖഭോഗങ്ങൾക്കായി അദ്ദേഹം വിനി

യോഗിച്ചു. ഒടുവിൽ ഈ വക പ്രവൃത്തികളിൽ നിന്നും അദ്ദേഹത്തെ വിരമിപ്പിക്കുന്നതിനു ദൈവം തിരുമനസ്സാകുകയും മഹത്വത്തോടുകൂടി ഉയൎത്തുന്നതിനു വേണ്ടി അദ്ദേഹത്തെ താഴ്ത്തുകയും ചെയ്തു. ഒരു ദിവസം അദ്ദേഹം മനോഹരമായ ഒരു മൈതാനത്തുകൂടി കുതിരസ്സവാരി ചെയ്തുപോകുമ്പോൾ ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടായി. ഇടിമിന്നലിൻെറ ശക്തികൊണ്ടു് തൽക്ഷണം തന്നെ കുതിര നിലത്തു പതിക്കയും നോർബർട്ടു ബോധരഹിതനായി താഴെ വീഴുകയും ചെയ്തു. അതേ സ്ഥിതിയിൽ അദ്ദേഹം ഒരു മണിക്കൂർനേരത്തോളം അവിടെ കിടന്നു. ബോധം വന്നപ്പോൾ താർസൂസിലെ സാവൂളിനെപ്പോലെ അദ്ദേഹം ഇപ്രകാരം നിലവിളിച്ചുപറഞ്ഞു. "കൎത്താവേ! ഞാൻ എന്തു ചെയ്യണമെന്നാണു് അങ്ങുന്നു തിരുമനസ്സാകുന്നതു്". തൻെറ ജീവിതാവസ്ഥക്കു യോജിച്ച തരത്തിലുള്ള ഒരു ജീവിതം നയിക്കണമെന്നു അദ്ദേഹത്തിൻെറ മനസ്സിൽ തോന്നി. സ്വവസതിയിൽ മടങ്ങിയെത്തിയതിൻെറ ശേഷം അദ്ദേഹത്തിൻെറ വിലപിടിച്ച വസ്ത്രങ്ങളെയെല്ലാം ഉപേക്ഷിച്ചു് പരുത്ത രോമംകൊണ്ടുള്ള ഒരുടുപ്പു് സ്വീകരിച്ചു. അനന്തരം അദ്ദേഹം തീക്ഷ്ണമായി പ്രസംഗിച്ചുവന്ന മനസ്താപത്തിൻേറയും പ്രായശ്ചിത്തത്തിൻേറയും പ്രവൃത്തികൾക്കു ഏററവും അനുയോജ്യമായിരുന്നു അദ്ദേഹത്തിൻെറ അനന്തരജീവിതം. പ്രത്യേകാനുവാദമില്ലാതെ പ്രസംഗിച്ചതിനും, ഭൌമികവസ്തുക്കളെ പരിത്യജിക്കാതെ താപസവൃത്തി സ്വീകരിച്ചതിനും വൈദികരുടെ ഒരു യോഗം കൂടി ഇദ്ദേഹത്തെ ശാസിക്കയാൽ പള്ളിക്കടുത്ത തൻെറ ആദായ മാൎഗ്ഗങ്ങളെ ഉപേക്ഷിച്ചു് തൻെറ പിതൃസ്വത്തു വിററതിൻെറ ശേഷം നിഷ്പാദുകനായി ജെലാസിയസ് (Gelasius) മാർപ്പാപ്പായെ കാണുന്നതിനായി അദ്ദേഹം റോമിലേയ്ക്കുപോയി. മാർപ്പാപ്പായാകട്ടെ ഇദ്ദേഹത്തിൻെറ നിഷ്കപടതയും മതതീക്ഷ്ണതയും കണ്ടു വിസ്മയനായി അദ്ദേഹത്തിൻെറ അഭ്യൎത്ഥനകൾക്കനുസരണമായ അനുവാദം നൽകി. ഈ അനന്യസാധാരണമായ അധികാരലബ്ധിക്കുശേഷം സുവിശേഷവേലകൾ ആശ്ചൎയ്യകരമായ വിജയത്തോടു കൂടി തുടൎന്നുകൊണ്ടിരുന്നു. ഈ മഹാത്മാവിൻെറ ശുശ്രൂഷകൾ തൻെറ രൂപതയിലെ ജനങ്ങൾക്കു് പ്രയോജനകരമാക്കിത്തീൎക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ലാവോനിലെ മെത്രാൻ അദ്ദേഹത്തെ തൻെറ രൂപതമുഴുവൻ പരിചയപ്പെടുത്തി. എന്നാൽ ഏകാന്തജീവിതത്തോടുള്ള അദ്ദേഹത്തിൻെറ അത്യാസക്തി നിമിത്തം "പ്രെമോൻെറർ" എന്നു പറയുന്ന ഏകാന്തസ്ഥലം തൻെറ ഉദ്ദേശത്തിനു പററിയതായി തെരഞ്ഞെടുത്തു് അവിടെ തൻെറ വാസം ഉറപ്പിച്ചു. അദ്ദേഹത്തിൻെറ പ്രസംഗചാതുൎയ്യവും വിശ്രു

ധിപാരമ്യവും അനേകം ആളുകളെ ശിഷ്യഗണത്തിലേക്കു് ആകർഷിച്ചു. ചുരുങ്ങിയ കാലത്തിനിടയിൽ 40 വൈദികരും ഒട്ടവളരെ അൽമേനികളും അദ്ദേഹത്തിന്റെ അരൂപിയാൽ പ്രേരിതരായും അദ്ദേഹത്തിന്റെ സുകൃതമുറകളെ അനുകരിക്കുന്നതിൽ ആസക്തരായും ശിഷ്യഗണത്തിൽ ചേർന്നു. വിശുദ്ധ നോർബർട്ട് ദീർഘാലോചനയുടെ ശേഷം വിശുദ്ധ ആഗസ്തീനോസിന്റെ സഭാനിയമങ്ങൾ തന്നെ സ്വീകരിച്ചു. അതനുസരിച്ചു് അദ്ദേഹത്തിന്റെ ശിഷ്യഗണം ആഘോഷവ്രതം അനുഷ്ഠിക്കയും ചെയ്തു. താമസംവിനാ തന്റെ സഭയ്ക്കു സ്ഥിരീകരണം വാങ്ങിക്കുന്നതിനായി റോമിലേക്കു പോയി. അന്നു മാർപ്പാപ്പാ ആയിരുന്ന ഹൊണോരിയൂസ് അദ്ദേഹത്തിന്റെ അഭ്യർത്ഥനകളെ സ്വീകരിച്ചു സഭയ്ക്കു അംഗീകാരം നൽകി. ഇപ്രകാരം ആ സഭ ലോകമൊട്ടുക്കു പ്രചരിക്കുന്നതിനു് ഇടയായി. ഫ്രാൻസിലെ ഷാംപെയിൻ എന്ന സ്ഥലത്തെ പ്രഭുവായ തിബോ എന്ന ദേഹം ഈ മഹാത്മാവിന്റെ പ്രസംഗവിശേഷവും പുണ്യവൈശിഷ്ട്യവും കൊണ്ടു് ആശ്ചര്യഭരിതനായിത്തീരുകയാൽ അയാൾ വിശുദ്ധന്റെ അടുക്കൽ വന്നു് തന്നെയും തന്റെ സകല സ്വത്തുക്കളെയും അദ്ദേഹത്തിനു സമർപ്പിച്ചു. വി. നോർബർട്ടാകട്ടെ ആ പ്രഭുവിനോടു് അയാൾ ലോകത്തിൽ ജീവിച്ചു തന്റെ ഉന്നതസ്ഥാനച്ചുമതലകളെ പരിപൂർണ്ണമായി നിർവഹിച്ചുകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുന്നതാണു് നല്ലതെന്നു ഗുണദോഷിച്ചു. ആരംഭം മുതലെ ഈ സന്യാസികൾ സ്വാർത്ഥരഹിതരും സ്വയപരിത്യാഗികളുമായിരുന്നതുകൊണ്ടു് വൻപിച്ച സംഖ്യകളോ, വലിയ ഭവനങ്ങളോ സ്വീകരിച്ചിരുന്നില്ലാ. അവർ തരിശുഭൂമികളെ വെട്ടിത്തെളിച്ചു് അവയിൽ കൃഷിചെയ്തു ഉപജീവനം കഴിച്ചുവന്നു. അതിൽ നിന്നും ലഭിച്ച അല്പമായ ആദായങ്ങളെ അവർ വിവേകപൂർവ്വം വിനിയോഗിക്കുകയും ചെയ്തിരുന്നു. പുണ്യസാംഗോപാംഗത്തിന്റെ ഉന്നതപദവിയിലേക്കു വി. നോർബർട്ടിനെ ഉയർത്തിയ ദൈവം അദ്ദേഹത്തെ ഒരു വലിയ ജനക്കൂട്ടത്തിന്റെ ഭരണകർത്താവുമാക്കി. ജർമ്മൻരാജ്യത്തിന്റെ ആത്മീയദീപവും, പുണ്യമാതൃകയുടെ വിളനിലവുമായി ഇദ്ദേഹം പരിലസിച്ചു. ജർമ്മനിയിലുള്ള മാഗ്ഡൻ-ബർഗ്ഗ് അതിരൂപതയിലെ മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനായി ആലോചനാസംഘം സമ്മേളിച്ചുകൊണ്ടിരിക്കയിൽ നമ്മുടെ വിശുദ്ധൻ യാത്രാമദ്ധ്യേ "സ്പയർഷ്സ്" എന്ന പട്ടണത്തിലെത്തുകയുണ്ടായി. തദവസരത്തിൽ അവിടെ ഒരു പ്രസംഗം ചെയ്യുന്നതിനായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. ആ സന്ദർഭത്തിൽ യാതൊരു മുന്നറിവും അദ്ദേഹത്തിനില്ലാതെ ആ മഹോന്നതസ്ഥാനത്തിലേക്കു യോഗ്യ

ന്മാരായി ഗണിയ്ക്കപ്പെട്ടിരുന്ന മൂന്നുപേരിൽ ഒരുവനായി ഇദ്ദേഹത്തേയും ചേർത്തു. ആ യോഗത്തിൽ പ്രാർത്ഥനാനിമഗ്നനായി ഇരിക്കവെ, മൂവരിൽ രണ്ടാമത്തെയാൾ ഒരു സ്വർഗ്ഗീയപ്രേരണയാലെന്നപോലെ ഈ വിശുദ്ധൻെറ നേരേ കൈ ചൂണ്ടിക്കൊണ്ട് "ഏററവും വിനീതനായ അദ്ദേഹമാണ് ആ സ്ഥാനത്തിലേയ്ക്കു തെരഞ്ഞെടുക്കപ്പെടുവാൻ അതിയോഗ്യനായ പുരുഷൻ" എന്നു വിളിച്ചുപറഞ്ഞു. ഉത്തരക്ഷണത്തിൽ മാഗ്ഡൻബർഗ്ഗ് അതിരൂപതയിലെ പ്രതിനിധിസംഘം നോർബർട്ട് ഞങ്ങളുടെ മെത്രാൻ, നോർബർട്ടു ഞങ്ങളുടെ മെത്രാൻ എന്നു അട്ടഹസിച്ചുപറഞ്ഞു. ഈ തെരഞ്ഞെടുപ്പിനെ ഐകകണ്ഠ്യേന സ്വീകരിച്ചു. പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്ന മാർപ്പാപ്പായുടെ പ്രതിനിധികൾ മുറപ്രകാരം അദ്ദേഹത്തിൻെറ തെരഞ്ഞെടുപ്പ് സ്ഥിരപ്പെടുത്തിയശേഷം അഭിനവമെത്രാൻ സ്വന്തരൂപതയിലേയ്ക്കു സാഘോഷം ആവഹിക്കപ്പെട്ടു. ജനതതി മാഗ്ഡൻബർഗ്ഗ് പട്ടണത്തോടടുത്തപ്പോൾ വി: നോർബർട്ട് തനിക്കു നിഷ്പാദുകനായി യാത്ര പൂർത്തിയാക്കണമെന്നു നിർബന്ധിച്ചതനുസരിച്ചു നികൃഷ്ടമായ വസ്ത്രങ്ങളോടുകൂടി വിനയപൂർവ്വം താപസരൂപിയിൽ പട്ടണത്തിൽ അടുത്തു. എതിരേൽക്കുന്നതിനായി വളരെ ജനം കൂടിയിരുന്നു. തൻെറ അരമനവാതുക്കൽ വന്നപ്പോൾ വാതൽ കാവൽക്കാരൻ "നിങ്ങളിപ്പോളല്ലാ വരേണ്ടതു്, ദരിദ്രന്മാരുടെ കൂട്ടത്തിൽ വരിക, ഇപ്പോൾ അകന്നുപോകുക, വഴിക്കു നിൽക്കരുതു്" എന്നു പറഞ്ഞുകൊണ്ടു പിന്നോക്കം തള്ളി മാററി. ജനക്കൂട്ടം ഇതു കണ്ടു വിസ്മയിച്ചു്, അതു മെത്രാപ്പോലീത്താ തന്നെയാണ്; നിൻെറ യജമാനനനെ ആണു നീ ഇപ്രകാരം തള്ളിമാററുന്നതെന്നു വിളിച്ചുപറഞ്ഞു. അപ്പോൾ വിഷണ്ണനായ കാവൽക്കാരൻ ഓടിപ്പോകാൻ ഭാവിക്കയിൽ വി. നോർബർട്ടുഅവനെ പിടിച്ചു നിർത്തി "എൻെറ സ്നേഹിതാ! നിങ്ങൾ പരിഭ്രമിക്കേണ്ടാ, എനിക്കു നിങ്ങളോടു് ഒട്ടും വിരോധമില്ലാ. ഒരു അരമനയിൽ പാർക്കാൻ എന്നെ നിർബന്ധിക്കുന്നവരേക്കാൾ നീങ്ങളാണ് എന്നെ കൂടുതലായി അറിയുന്നതു് എന്നു പറഞ്ഞു. അക്ഷീണമായ ശുഷ്കാന്തിയോടുകൂടി തൻെറ രൂപതയെ ഭരിച്ചു എങ്കിലും വളരെ ദുഃഖാരിഷ്ടതകൾ സഹിക്കേണ്ടതായും വന്നുകൂടി. എങ്ങനെയെന്നാൽ മാഗ്ഡൻബർഗ്ഗ് രൂപതയിൽ വളരെ കുഴപ്പങ്ങളും അന്തഃഛിദ്രങ്ങളും കടന്നുകൂടിയിട്ടുണ്ടായിരുന്നതിനാൽ അതിനെ പരിപൂർണ്ണമായി നന്നാക്കുന്നതിനുള്ള അദ്ദേഹത്തിൻെറ പരിശ്രമം അഹങ്കാരികളും അനുസരണയില്ലാത്തവരുമായ ആളുകളുടെ ഇടയിൽ കലഹത്തിനിടയാക്കി. തന്നിമിത്തം പലരും അദ്ദേഹത്തിൻെറ വിരോധികളായി തീർന്നു. "നമ്മുടെ നടത്തയോടു്

ഇത്ര വിപരീതസ്വഭാവമുള്ള ഈ വിദേശിയെ ഇവിടെ കൊണ്ടുവന്ന തെന്തിന്", എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ വളരെ നിന്ദിക്കയും അവഹേളിക്കയും ചെയ്തു എന്നു മാത്രമല്ല അദ്ദേഹത്തിൻെറ ജീവഹാനി വരുത്തുന്നതിനുപോലും അവർ ഉദ്യമിക്കയുണ്ടായി. വിശുദ്ധനാകട്ടെ നിശ്ചഞ്ചലമായ ക്ഷമയോടുകൂടി തൻെറ സ്നേഹിതന്മാരോട് "നമ്മുടെ മാതൃകയും ശിരസ്സുമായ ഈശോമിശിഹായുടെ ജീവനെ അപകടത്തിലാക്കുവാൻ തുനിഞ്ഞ പിശാചു് എൻെറ നേരെ കോപവശനായിത്തീരുന്നതിൽ എന്താശ്ചര്യമാണുള്ളതു്" എന്നുപറഞ്ഞു. അദ്ദേഹത്തിൻെറ ഉപവി, വിനയം, സ്ഥിരോത്സാഹം ഇത്യാദി ഗുണങ്ങൾകൊണ്ടു് അദ്ദേഹം വിജയിയായിത്തീരുകയും ഒടുവിൽ അദ്ധ്വാനങ്ങളും, ഉഗ്രമായ തപക്രിയകളും നിമിത്തം ക്ഷീണിച്ചു ഭാഗ്യമരണം പ്രാപിക്കയും ചെയ്തു. ഈ കാലഘട്ടത്തിൽ തന്നെ അതായതു് 1098_ൽ മൊളെസം എന്ന നഗരവാസിയായ വി. റോബർട്ടു സ്ഥാപിച്ച സിസ്റ്റേർഷ്യൻ സന്യാസസഭയും മേൽപറഞ്ഞ സഭയെപ്പോലെതന്നെ തിരുസഭ ഒട്ടുക്കു കീർത്തിപെട്ടതും ഉപകാരപ്രദവുമായ ഒന്നായിരുന്നു. വി. റോബർട്ടു് 15 വയസ്സുള്ള ഒരു ബാലനായിരുന്നപ്പോൾ ഏകാന്തപരമായ ഒരു ജീവിതം നയിച്ചുവി. ബനഡിക്ടിൻെറ സന്യാസനിയമങ്ങളെ അണുപോലും വ്യത്യാസമില്ലാതെ അനുവർത്തിക്കുന്നതിനു ആകാംക്ഷയുള്ളവനായി ഏതാനും കൂട്ടുകാരോടുകൂടി ഫ്റാൻസിൽ ഡൈജോൺ എന്ന നഗരത്തിൽനിന്നും 5 മൈൽ ദൂരമുള്ള "സിറൈറാ" എന്ന വനാന്തരത്തിൽ അഭയം പ്രാപിച്ചു. വന്യമൃഗങ്ങൾ മാത്രം അധിവസിച്ചിരുന്ന ഒരു മഹാരണ്യമായിരുന്നു അതു്. എങ്കിലും അവരുടെ ഉദ്ദേശസാദ്ധ്യത്തിനു് ഏററം സമുചിതമായ സ്ഥലമായി അതിനെ തെരഞ്ഞെടുത്തു. അവർ വനം വെട്ടിത്തെളിച്ചു തങ്ങൾക്കു് ഏതാനും മരംകൊണ്ടുള്ള ചെറു മുറികൾ പണിതു, അതു് ഒരു ആശ്രമം എന്നതിനേക്കാൾ ചെറു കുടിലുകളുടെ കൂട്ടം എന്നുവേണം പറയുവാൻ. അത്യുഗ്രവും നിരന്തരവുമായ താപസവൃത്തിയിലും, പ്രാർത്ഥനയിലും അവർ കാലം കഴിച്ചുകൂട്ടിയിരുന്നു. അവരുടെ അദ്ധ്വാനം കൊണ്ടു് തങ്ങളുടെ ആവശ്യത്തിനു വേണ്ട ഭക്ഷണസാധനങ്ങൾ കിട്ടായ്കയാൽ പലപ്പോഴും നിരാഹാരവ്രതരായിരുന്നു. ബർഗണ്ടി ദേശത്തെ പ്രഭു അവർക്കു് സമർപ്പിച്ച വിലയേറിയ സമ്മാനങ്ങൾ വിശുദ്ധ ദാരിദ്ര്യസ്നേഹം നിമിത്തം തിരസ്കരിക്കയാണുണ്ടായതു്. ഈ പുതിയ പ്രസ്ഥാനം വളരെ കീർത്തിയോടുകൂടി ദീർഘകാലത്തേക്കു നിലനിന്നു പരിലസിക്കണമെന്നായിരുന്നു ദൈവനിശ്ചയം. എങ്കിലും വളരെക്കാലത്തേയ്ക്കു് ബാഹ്യമായ നിലയിലുള്ള അഭിവൃദ്ധിയൊന്നും ഉണ്ടായില്ല; എന്നിരുന്നാലും ദൈവം

ഈ ചെറു ചെടിയെ സ്വർഗ്ഗീയമായി നനച്ചു പോഷിപ്പിച്ചിരുന്നു എന്നുള്ളതു് പ്രസ്പഷ്ടമാണു്. അവിടെ സന്യാസാർത്ഥികളായി ചെന്ന കൂട്ടത്തിൽ ബർനാർഡ് എന്നു പേരുള്ള കുലീനനായ ഒരു യുവാവു് തന്റെ കൂടെ ഏകാന്തജീവിതം കഴിക്കുന്നതിനു് ഒരുക്കമുള്ളവരായ 30 യുവാക്കന്മാരോടുകൂടി ഒരു ദിവസം അവിടെ ചെന്നു. ഇദ്ദേഹം ബർഗണ്ടി രാജ്യത്തു ഫൊൻടെയിൻ എന്ന പട്ടണത്തിലുള്ള ഷാറെറാ എന്ന സ്ഥലത്തു ജനിച്ചു. അദ്ദേഹത്തിന്റെ രൂപലാവണ്യവും, ബുദ്ധിസാമർത്ഥ്യവും, കണ്ടുകൊണ്ടു് അദ്ദേഹത്തിന്റെ മാതാപിതാക്കന്മാക്കു് മഹോന്നതങ്ങളായ ആശകളുണ്ടായിരുന്നു. ലോകം വളരെ ആകർഷണീയമായും ആനന്ദമയമായും അദ്ദേഹത്തിനു കാണപ്പെട്ടുവെങ്കിലും അതു് എന്നേക്കും പരിത്യജിക്കയാണു് ആ യുവാവു ചെയ്തതു്. അദ്ദേഹത്തിന്റെ സഹോദരങ്ങളും മിത്രങ്ങളും തുടങ്ങിയുള്ള എല്ലാവരും ലോകത്തിൽ അദ്ദേഹത്തെ തടഞ്ഞുനിറുത്തുവാൻ ചെയ്ത ശ്രമങ്ങൾ എല്ലാം നിഷ്ഫലങ്ങളായി എന്നു തന്നെയല്ല അവരിൽ ചിലരെ തന്റെ ദൃഷ്ടാന്തത്തെ അനുകരിപ്പിക്കാൻ അദ്ദേഹത്തിനു സാധിക്കുകയും ചെയ്തു. തന്റെ പിതാവിന്റെ വാർദ്ധക്യത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു വീട്ടിൽ നിറുത്തിയിരുന്ന ഇളയ സഹോദരനായ നിവാർഡ് എന്ന ബാലൻ ഒഴികെ ശേഷം സഹോദരങ്ങളെല്ലാം അദ്ദേഹത്തെ അനുഗമിച്ചു. ഇവരെല്ലാവരുംകൂടി വീട്ടിൽ നിന്നും യാത്രപറഞ്ഞിറങ്ങിയപ്പോൾ ജ്യേഷ്ഠസഹോദരനായ ബെർനാർഡ്, മററു ചില കുട്ടികളുമായി കളിച്ചുകൊണ്ടു് നിന്ന നിവാർഡിനെ നോക്കി "ഞങ്ങളുടെ സ്വത്തുക്കൾക്കെല്ലാം നീ ഏകാവകാശി ആയിരുന്നുകൊള്ളുക, അതെല്ലാം നിനക്കായി ഞങ്ങൾ വിട്ടുതന്നിരിക്കുന്നു" എന്നു് പറഞ്ഞപ്പോൾ "സ്വർഗ്ഗം നിങ്ങൾക്കായി വെച്ചുകൊണ്ടു ഭൂമി എനിക്കു വിട്ടുതന്നു; ഈ വിഭജനം ശരിയല്ല" എന്നായിരുന്നു കുട്ടിയുടെ മറുപടി. കുറെ കഴിഞ്ഞപ്പോൾ ആ ബാലനും ലോകം ഉപേക്ഷിച്ചു് സിറേറാ ആശ്രമത്തിൽ തന്റെ സഹോദരങ്ങളോടു ചേർന്നു. കാലവിളംബമെന്യേ ബെർനാഡ് അദ്ദേഹത്തിന്റെ അനുസരണം, ആശാനിഗ്രഹം, അഗാധമായ ഭക്തി, വാക്ചാതുര്യം ഇത്യാദി ഗുണങ്ങളെക്കൊണ്ടു് കീർത്തിമാനായിത്തീർന്നു. ബാഹ്യ വസ്തുക്കളിൽ നിന്നുള്ള വിരക്തി ഏററവും ആശ്ചര്യകരമായിരുന്നതുകൊണ്ടു് ബാലസന്യാസികളോടുകൂടി വസിച്ചിരുന്ന മുറിയിൽ നിന്നു പുറപ്പെട്ടാൽ, പിന്നെ അതിന്റെ ആകൃതിയും രൂപവും അദ്ദേഹത്തിന്റെ ഓർമ്മയിലില്ലായിരുന്നു. "ബെർനാഡേ! നീ എന്തിനു് ഇവിടെ വന്നു?" എന്നു തന്നോടുതന്നെ പലപ്പോഴും ചോദിച്ചുകൊണ്ടു് ഭക്തിതീക്ഷ്ണതയെ തന്നിൽ ഉദ്ദീപിപ്പി

ച്ചിരുന്നു. ഇ പുണ്യശ്ലോകൻെറ ദൃഷ്ടാന്തം അനേകം പേരെ ആശ്രമത്തിലേയ്ക്കു ആകർഷിച്ചതിനാൽ വേറെ പല ആശ്രമങ്ങളും കൂടി പണികഴിയ്ക്കേണ്ടതായി വന്നു. അവയിൽ ഒന്നാണു കീർത്തികേട്ട "ക്ലേരവോ" ആശ്രമം. അതു കള്ളന്മാരുടെ സങ്കേതസ്ഥാനമായിരുന്ന വിജനസ്ഥലത്താണു് സ്ഥാപിക്കപ്പെട്ടതു്. അവിടെ ബെർണഡു് ശ്രേഷ്ഠനായി, വേറെ 12 സന്യാസികളോടുകൂടി നിയമിതനായി. അവരുടെ എണ്ണം ആശ്ചര്യമാംവണ്ണം നിമിഷംപ്രതി വർദ്ധിച്ചു. വി. ബെർണാർഡു് തൻെറ നവസന്യാസികളോടു നിങ്ങൾക്കു് ഇവിടെ പ്രവേശനം വേണമെങ്കിൽ ലോകത്തിൽനിന്നും നിങ്ങൾ കൊണ്ടുവന്ന ശരീരത്തെ വാതുക്കൽ ഇട്ടുംവെച്ചു് പോരണം, നിങ്ങളുടെ ആത്മാവിനു മാത്രമേ ഇവിടെ സ്ഥലമുള്ളു എന്നു പറക പതിവായിരുന്നു. അദ്ദേഹത്തിൻെറ നിയമം വളരെ കഠിനമായിരുന്നു. ആശ്രമം തീരെ പാവപ്പെട്ടതായിരുന്നതുകൊണ്ടു സന്യാസികൾ അനുഭവിച്ചിരുന്ന ഭക്ഷണം താണതരം റൊട്ടിയും, ഇലകൾകൊണ്ടുള്ള സൂപ്പുമായിരുന്നു. അപ്പോൾ തപോജീവിതത്തിൻെറ ആസക്തി മുഖാന്തിരം ഈ നികൃഷ്ടഭോജനം ആ സന്യാസിവര്യന്മാർക്കു് മനോഹരമായ വിരുന്നായിരുന്നു. ദേവലയം, പ്രാത്ഥനയും തുടരെ നടത്തുകയും മൌനവ്രതം എപ്പോഴും കാക്കയും ചെയ്തു. ഈ അഭഗ്നമായ മൌനവ്രതമായിരുന്നു അവിടെ സന്ദർശിപ്പാൻ വന്ന ജനങ്ങളെ അതിയായി ആശ്ചര്യപ്പെടുത്തിയിരുന്നതു്. ഈ സന്യാസികൾ ലോകത്തിലായിരുന്നപ്പോൾ ധനവാന്മാരും കീർത്തികേട്ടവരുമായിരുന്നു. എന്നാൽ മിശിഹായുടെ ദാരിദ്ര്യം അനുഭവിക്കുന്നതിൽ അവർക്കു വളരെ ആനന്ദവും, പുകഴ്ചയും ഉണ്ടായിരുന്നു. മിശിഹായെപ്രതി വിശപ്പും, ദാഹവും, തണുപ്പും, എല്ലാവക താണതൊഴിലും സസന്തോഷം അവർ സ്വീകരിച്ചിരുന്നു. ഉഗ്രമായ തപസ്സുകൊണ്ടു് എല്ലാവരേയും വി. ബെർണാർഡു് ജയിച്ചിരുന്നു. ആരംഭത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അത്യുന്നതമായ ജീവിതാദർശം നിമിത്തം തൻെറ കീഴിലുള്ള സന്യാസികളിൽനിന്നു് ഏററവും നിഷ്കൃഷ്ടമായ അനുഷ്ഠാനം ആവശ്യപ്പെടുകയും നിസ്സാര തെററുകൾക്കുപോലും ഉഗ്രമായ പ്രായശ്ചിത്തം കൊടുക്കയും ചെയ്തിരുന്നതുകൊണ്ടു് അവരെ പുണ്യാഭിവൃദ്ധിയിൽ കുറെ അധൈര്യപ്പെടുത്തുകയുണ്ടായി. എന്നാൽ താമസംവിനാ തൻെറ തെററു ഗ്രഹിച്ചു് ഏററം മധുരമായ ശാസനയും ശാന്തമായ നിയമങ്ങളും കൊണ്ടു് അവരെ ആദ്ധ്യാത്മിക പരിപൂർണ്ണതയിൽ വിസ്മയകരമായ വിജയത്തോടുകൂടി മുന്നോട്ടു നടത്തുന്നതിനു സാധിച്ചു. സ്വന്ത വീട്ടുകാരുടെമേൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനശക്തികൊണ്ടു് തൻെറ സഹോദരങ്ങളെയെല്ലാം സഭാംഗ

ങ്ങളാക്കിത്തീൎത്തു. ഒടുവിൽ വയോവൃദ്ധനായ തന്റെ പിതാവായ തെ
ഷേലിൽ ലൌകികധന ബഹുമാനാദികളെ പരിത്യജിച്ചു് ക്ലേർവൊ
ആശ്രമത്തിൽ മാരിദ്ര്യവും താപസോചിതവുമായ സന്യാസവസ്ത്രം സ്വീ
കരിച്ചു. ഇനിയും ഒരു സഹോദരി മാത്രമേ അദ്ദേഹത്തിനു ലോകത്തിൽ
ഉണ്ടായിരുന്നുള്ളു. അവൾ ലൌകിക സന്തോഷങ്ങളെ സ്നേഹിച്ചിരുന്ന
ഒരു വിവാഹിതയായ സ്ത്രീ ആയിരുന്നു. ഒരിക്കൽ അവൾ തന്റെ സ
ഹോദരനെ കാണുന്നതിനാഗ്രഹിച്ചു് ആഡംബരപൂൎവ്വമായ വസ്ത്രങ്ങളും
അണിഞ്ഞു് പരിവാരസമേതം ആശ്രമത്തിലേക്കു വന്നു വി ആശ്രമ
ശ്രേഷ്ഠൻ ലൌകികപരമായ ഈ വിഭൂഷണങ്ങളാൽ അലംകൃതയായ
തന്റെ സഹോദരിയെ കാണുന്നതിനു വിസമ്മതിക്കയാണു് ചെയ്തതു്.
ഈ തിരസ്കരണം അവളുടെ ഹൃദയത്തെ വല്ലാതെ സ്പൎശിച്ചു. "ഞാൻ
ഒരു പാപിയായിരുന്നാലും ഈശോ എനിക്കുവേണ്ടി മരിച്ചിട്ടുണ്ടല്ലൊ.
എന്നാൽ സഹോദരനായ അങ്ങു് എന്റെ ഈ ബാഹ്യവേഷത്തെ നി
ന്ദിക്കുന്നുവെങ്കിൽ മിശിഹായുടെ ശുശ്രൂഷി എന്ന നിലയിൽ എന്റെ
ആത്മാവിനെ അങ്ങു തിരസ്കരിക്കരുതേ. വന്നു് എന്നോടു് എന്തെ
ങ്കിലും കല്പിക്കുക. ഞാൻ അതെല്ലാം പരിപൂൎണ്ണമായി അനുസരിക്കുവാൻ
സന്നദ്ധയാണു്" എന്നു പറഞ്ഞു. അപ്പോൾ വിശുദ്ധൻ തന്റെ സഹോ
ദരിയുടെ അപേക്ഷ സ്വീകരിപ്പാൻ സമ്മതിച്ചു. അദ്ദേഹത്തിന്റെ ഗു
ണദോഷം അവളുടെ ഉള്ളിൽ ഏററവും ഗാഢമായി പതിഞ്ഞതിനാൽ
അവൾ ലൌകികമായ എല്ലാം പരിത്യജിച്ചു് രണ്ടു ആണ്ടിനു ശേഷം
തന്റെ ഭൎത്താവിന്റെ സമ്മതത്തോടുകൂടി ജൂളി എന്ന സ്ഥലത്തെ ക
ന്യകാമഠത്തിൽ ചേൎന്നു പുണ്യകീൎത്തിയോടുകൂടി ചരമഗതി പ്രാപിച്ചു.

വിശുദ്ധന്റെ ബുദ്ധിസാമൎത്ഥ്യത്തിന്റെയും സുകൃതങ്ങളുടെയും ഖ്യാ
തി എല്ലായിടത്തും വ്യാപിച്ചു. ഒടുവിൽ അദ്ദേഹത്തിനു് അത്ഭുതപ്രവ
ൎത്തനത്തിനുള്ള വരവും ദൈവം നല്കി. തന്റെ ഒരു സംബന്ധിയായ
മാന്യനുവേണ്ടി ചെയ്തതായിരുന്നു ഒന്നാമത്തെ അത്ഭുതം, എന്തെന്നാൽ
അയാൾ പൊട്ടന്നനവെ രോഗബാധിതനായി തീരുകയും ബോധരഹിത
നാകയും ചെയ്തതിനാൽ അയാളുടെ വീട്ടുകാർ അത്യന്തം ദുഃഖിച്ചു. അ
യാൾ തീരെ ലൌകികമായ ജീവിതം നയിച്ചതിനാൽ അവൎക്കു കൂടുതൽ
വ്യസനമുണ്ടായിരുന്നു. വിശുദ്ധനെ അവർ ആളയച്ചു വരുത്തി ദീനക്കാ
രൻ ചെയ്തിരുന്ന അപരാധങ്ങളെ പരിഹരിക്കുന്ന പക്ഷം അയാൾ സു
ഖം പ്രാപിക്കുമെന്നു് അദ്ദേഹം ഉറപ്പു പറഞ്ഞു. അതിനവർ സമ്മതി
ച്ചു വേണ്ടതു പ്രവൃത്തിക്കയും വിശുദ്ധൻ തൽക്ഷണം ദിവ്യപൂജ അൎപ്പി
ക്കുന്നതിനു പോകയും ചെയ്തു. പൂജ കഴിയുംമുമ്പു് രോഗി സുബോധം

പ്രാപിച്ചു് കുമ്പസാരക്കാരനെ ആവശ്യപ്പെട്ടു. അയാൾ വലിയ മന സ്താപത്തോടുകൂടി പാപസങ്കീർത്തനം ചെയ്കയും മൂന്നു ദിവസം കഴി ഞ്ഞു സമാധാനത്തിൽ മരിക്കയും ചെയ്തു. ഒരു ദിവസം ഒരു സാധുവായ സ്ത്രീ ജനനാൽ കൈ ശോഷിച്ചിരുന്ന തൻെറ കുട്ടിയെ വിശുദ്ധൻെറ പക്കൽ കൊണ്ടുചെന്നു സഹായം അപേക്ഷിച്ചു. അവളുടെമേൽ ദയ വു തോന്നി കുട്ടിയെ നിലത്തു കിടത്തുവാൻ അവളോടു് പറഞ്ഞിട്ടു് അദ്ദേഹം മുട്ടുകുത്തി കുറെ നേരം പ്രാൎത്ഥിച്ചു് സ്വാധീനമില്ലാതിരുന്ന കൈയുടെമേൽ കുരിശടയാളം വരയ്ക്കുയും തൽക്ഷണം സുഖം പ്രാപിക്കയും ചെയ്തു. ഈ അത്ഭുതവൃത്താന്തം പ്രസിദ്ധമായയുടൻ ചെകിടന്മാരും, കുരുടന്മാരും, തളർവാതക്കാരും തുടങ്ങിയുള്ള എല്ലാ രോഗികളും വിശുദ്ധ ൻെറ പക്കൽ അഭയം പ്രാപിച്ചുതുടങ്ങി. എന്നാൽ ഇതിലൊക്കെയി ലും വലുതായ അത്ഭുതം മാനസാന്തരപ്പെടുത്തുന്നതിലുള്ള ശക്തിയായി രുന്നു. അദ്ദേഹത്തിൻെറ വാക്കുകളെ—ഏററം വാസ്തവം പറഞ്ഞാൽ അദ്ദേഹത്തിൻെറ വാഗ്മൂലം സംസാരിച്ചിരുന്ന പരിശുദ്ധാത്മാവിൻെറ വാക്കുകളെ—ശ്രദ്ധിച്ചാൽ വിസമ്മതം കാണിക്കുവാൻ ആൎക്കും നിവൃത്തി യില്ലായിരുന്നു. ഒരുക്കൂട്ടം കുലീനരായ യുവജനങ്ങൾ വിനോദാൎത്ഥം ക്ലേർവൊ ആശ്രമത്തെ സന്ദശിക്കുന്നതിനായി ഒരിക്കൽ വന്നു ആ ശ്രമാധിപൻ അവരെ സ്വീകരിച്ചു് അവിടെ കുറെ ദിവസങ്ങൾ താമ സിക്കുവാൻ സ്നേഹപൂൎവ്വം നിർബന്ധിച്ചു. എന്നാൽ എല്ലാവരും വിസ മ്മതിക്കയാണു് ചെയ്തതു്. അപ്പോൾ അദ്ദേഹം "നിങ്ങൾ തിരസ്കരി ക്കുന്നതു് ദൈവം എനിക്കു നൽകാതിരിക്കയില്ലെന്നാണു് എൻെറ പ്രത്യാ ശ" എന്നു മറുപടി പറഞ്ഞു. അനന്തരം അവർക്കു ഒരു ലഘുഭക്ഷണം നൽകിക്കൊണ്ടു് അവരുടെ ആത്മീക സുഖത്തിനായി അതു പാനം ചെയ്ക യെന്നു് പറഞ്ഞതനുസരിച്ചു് അവർ പുഞ്ചിരിയോടുകൂടി അതനുഭവിച്ചി ട്ടുമടങ്ങി. അവർ ഏറെദൂരം ആകുന്നതിനു മുമ്പു്, വിശുദ്ധൻെറ അടുക്കലേ ക്കുതന്നെ തിരികെ വരുന്നതിനു് അവരുടെ ഉള്ളിൽ തോന്നുകയും, ഉടൻ എല്ലാവരും തിരിച്ചുവന്നു് അദ്ദേഹത്തിൻെറ ആശ്രമത്തിൽ ചേൎന്നു തീ ക്ഷ്ണതയുള്ള സന്യാസികളായി ജീവിതം കഴിക്കയും ചെയ്തു.

ഇത്ര അനന്യസാധാരണമായ സുകൃതവരങ്ങൾ നിമിത്തം പല രൂ പതക്കാരും തങ്ങളുടെ മെത്രാനായി വി. ബെൎന്നാദിനെ കിട്ടുന്നതിനു് ആഗ്രഹിച്ചതിൽ വിസ്മയിപ്പാനില്ലല്ലോ. പ്രത്യേകമായി മിലാൻ, റെ യിംസ്, ലാംഗ്രെ, ഷലോൺ തുടങ്ങിയുള്ള പ്രധാന രൂപതകൾ അദ്ദേ ഹത്തെ ആവശ്യപ്പെട്ടു. എന്നാൽ അതെല്ലാം അദ്ദേഹം നിഷേധിക്ക യാണു് ചെയ്തതു്. എങ്കിലും മാർപ്പാപ്പാ തിരുമനസ്സിലേയ്ക്കു് ഈ പുണ്യ

ശ്ലോകന്റെ നേക്ക് ഉണ്ടായിരുന്ന മതിപ്പു മുഖാന്തിരം അദ്ദേഹത്തെ പ്രസ്തുത ഉന്നത സ്ഥാനങ്ങളിലേയ്ക്കു നിർബന്ധിച്ചില്ല. വിശുദ്ധനാകട്ടെ അതിയായി ആഗ്രഹിച്ചിരുന്നതു് ഏകാന്തത്തിൽ സമാധാനപരമായി തന്റെ സന്യാസികളോടുകൂടി ജീവിച്ചു് പുണ്യപരിപൂർണ്ണതയുടെ മാർഗ്ഗത്തിലൂടെ പുരോഗമനം ചെയ്യണമെന്നു മാത്രമായിരുന്നു. എന്നിരുന്നാലും അപ്രസിദ്ധനായി ജിവിക്കുവാൻ അദ്ദേഹത്തിനു നിവൃത്തിയില്ലാതായി. അദ്ദേഹത്തിന്റെ ഏകാന്തവാസത്തിനു പലപ്പോഴും ഭംഗം ഉണ്ടാകേണ്ടതായി വന്നു. അദ്ദേഹം നിർഭാഗ്യരുടെ സങ്കേതവും, പീഡിതരുടെ സംരക്ഷകനും, പാഷണ്ഡികളുടെ ചമ്മട്ടിയും, മാർപ്പാപ്പാമാരുടെ വാത്സല്യ ആലോചനാമിത്രവും, മെത്രാന്മാരുടേയും രാജാക്കന്മാരുടേയും നാവും ചുരുക്കിപ്പറഞ്ഞാൽ സഭയുടെ അർഹതകളെ അനവരതം ആദരിച്ചു് അവളുടെ ഐക്യത്തെ പാലിച്ചു്, അവളുടെ വൈരികളെ പരാജിതരാക്കി, അവളുടെ രാജ്യം വിസ്തീർണ്ണപ്പെടുത്തി, അവളുടെ ഉപദേശങ്ങളെ പഠിപ്പിച്ചു്, അവളുടെ ക്രൂദാശകളെ പരികർമ്മം ചെയ്തുവന്ന ഒരു യഥാർത്ഥ വൈദികനുമായിരുന്നുവെന്നു് പറഞ്ഞാൽ കഴിഞ്ഞല്ലോ. അദ്ദേഹത്തിന്റെ കൃതികളാകട്ടെ തിരുസഭയിലെ അമൂല്യനിക്ഷേപങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു. അതുകൾ മുഖാന്തിരം അദ്ദേഹത്തിനു സഭാപിതാവെന്നുള്ള സ്ഥാനം ലഭിച്ചു. ഇദ്ദേഹത്തോടുകൂടി സഭാപിതാക്കന്മാരുടെ കാലവും അവസാനിച്ചു.

കുറേക്കാലം കഴിഞ്ഞതിനുശേഷം ആശ്ചര്യജനകമായ ഒരു നവീന സഭ സ്ഥാപിതമായി. കുരിശുയുദ്ധകാലത്തു മഹമ്മദീയർ അനേകം ക്രിസ്ത്യാനികളെ അടിമകളായി പിടിച്ചു് ചങ്ങലകളാൽ ബന്ധിക്കയും അതിഘോരമായി പീഡിപ്പിക്കയും ചെയ്തിരുന്നു. ഈ കഷ്ടസ്ഥിതിയിൽനിന്നുള്ള വിമുക്തിക്കു് യാതൊരു പ്രത്യാശയും അവർക്കില്ലായിരുന്നു. ഈ സന്ദർഭത്തിൽ ഫ്റാൻസിൽ പ്രോവെൻസുകാരനായ ജോൺദ്മാത്താ എന്ന പുണ്യാത്മാവു് അവരുടെ നിർഭാഗ്യാവസ്ഥയിൽനിന്നു് അവരെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിച്ചു. പാരീസിലെ മെത്രാപ്പോലീത്താ താമസംവിനാ പുരോഹിതസ്ഥാനത്തേക്കുയർത്തിയ പുണ്യശ്ലോകനും, വിദ്വൽശിരോമണിയും ആയ ഈ വൈദികനു്, ആദ്യദൈവപൂജ അർപ്പിച്ച അവസരത്തിൽ ഉദ്ദിഷ്ടകാര്യത്തെക്കുറിച്ചു് ഒരു ദൈവപ്രേരണയുണ്ടായി. ഏകാന്തത്തിൽ വസിച്ചു് കഠിനതപക്രിയകൾ ചെയ്തുകൊണ്ടു വേണ്ട ഒരുക്കങ്ങൾ നടത്തിയശേഷം "മോ" എന്ന രൂപതയിൽ ഫേലിക്സ് ദെവലോവ എന്നു പേരായ ഒരു സന്യാസിയുടെ അടുക്കൽ ചെന്നു തന്റെ ഉദ്ദേശങ്ങളെല്ലാം അദ്ദേഹത്തോടു വെളിപ്പെടുത്തി. അവ

രിരുവരും കൂടി മഹമ്മദിയരുടെ കയ്യിൽനിന്നു് ക്രിസ്തീയ അടിമകളെ വീണ്ടെടുക്കുന്നതിനുള്ള ഒരു മാൎഗ്ഗം ആലോചിച്ചു തീൎച്ചപ്പെടുത്തി. പിന്നീടു് അവർ റോമ്മിൽ പോയി 3-ാം ഇന്നൊസെൻറു് മാൎപ്പാപ്പായിൽ നിന്നും തങ്ങളുടെ ഉദ്ദേശ്യപ്രകാരം അടിമകളെ വീണ്ടെടുക്കുന്നതിനുള്ള ഒരു പുതിയ സന്യാസസഭയെ പരിശുദ്ധ ത്രിത്വത്തിൻെറ നാമധേയത്തിൽ സ്ഥാപിക്കുന്നതിനു വേണ്ട അനുമതികൾ വാങ്ങി. ഫെലിക്സ് ദെവളോവാ ജീവിച്ചിരുന്ന ഭവനംതന്നെ ആയിരുന്നു അവരുടെ ആദ്യത്തെ ആശ്രമം. അവരുടെ പുണ്യപൂൎണ്ണമായ ജീവിതവും ശ്രേഷ്ഠതരമായ ഉദ്ദേശവും വളരെ സന്യാസാൎത്ഥികളെ പുതിയ സഭയിലേക്കു് ആകൎഷിച്ചതിനാൽ അവൎക്കു വേറെ ആശ്രമം പണികഴിപ്പിയ്ക്കേണ്ടതായി വന്നു. ധാരാളം പണവും അവൎക്കു് എല്ലാ വശത്തുനിന്നു് ലഭിച്ചിരുന്നു. അപ്പോൾ അവരുടെ വേലയും ആരംഭിച്ചു. രണ്ടു സന്യാസികളെ ആഫ്രിക്കയിലേയ്ക്കയക്കയും, 186 ക്രിസ്തീയ അടിമകളെ പണം കൊടുത്തു വീണ്ടെടുക്കയും ചെയ്തു. സഭാധിപനായ ജോൺ അച്ചൻ തന്നെ സ്പെയിനിലും, ബാർബറിയിലും പോയി 120 അടിമകളെ സ്വതന്ത്രരാക്കി. അദ്ദേഹത്തിൻെറ ഉന്മേഷതീക്ഷ്ണതയെ തടസ്സം ചെയ്യുന്നതിനു പിശറിനാകട്ടെ, മരണവിപത്തുകൾക്കാകട്ടെ ശക്തിയില്ലായിരുന്നു. ഇതിനിടയിൽ പതിവുള്ള തപക്രിയ ഒന്നും തന്നെ വിട്ടിരുന്നില്ല. ഒടുവിൽ റോമിലേയ്ക്കു ദേഹാസ്വാസ്ഥ്യം നിമിത്തം മടങ്ങിപ്പോകുന്നതിനു നിൎബന്ധിതനാകയും അവിടെവെച്ചു് തൻെറ ആയുസ്സിൻെറ അവസാന ഘട്ടമായ രണ്ടുവത്സരങ്ങൾ, കാരാഗൃഹവാസികളെയും, രോഗികളെയും സന്ദൎശിക്കുന്നതിനു് വിനിയോഗിക്കയും ചെയ്തു. ഏതുതരത്തിൽപ്പെട്ട അരിഷ്ടതകളെയും ആശ്ലേഷിക്കയും, സഹോദരങ്ങളുടെ ആശ്വാസത്തിനായി സ്വന്ത സുഖസൌകൎയ്യാദികളെയെന്നല്ല ജീവൻ കൂടെയും സധൈൎയ്യം ബലികഴിക്കുന്നതിനും പ്രേരിപ്പിക്കുന്നതായ ഔദാൎയ്യത്തിൻെറ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുന്നതിനു് ക്രിസ്തീയവേദത്തിനു മാത്രമേ സാധിക്കയുള്ളു. സ്വാഭാവികമായ അനുകമ്പയും സാധാരണമായ ഉപകാരതല്പരതയും മൂലം ചിലർ വലിയ പരിത്യാഗപ്രവൃത്തികളും നടത്തി എന്നുവരാം. എന്നാൽ ആജീവനാന്തം സ്വയം പരിത്യജിച്ചു് അനന്യസാധാരണമായ വീരകൃത്യങ്ങളെ നിവൎത്തിക്കുന്നതിനു് അവൎക്കു സാധിക്കയില്ല. സ്വാഭാവാതീതമായ ഉദ്ദേശങ്ങളെ നിൎദ്ദേശിക്കുകയും, സ്വഭാവാതീതമായ ഒത്താശകളെ പ്രദാനം ചെയ്കയും ചെയ്യുന്നതായ ആ ദൈവികവേദത്തിനു മാത്രമേ ഈദൃശമായ ആത്മത്യാഗജീവിതത്തെ സുസ്ഥിരമായി പാലിച്ചുകൊണ്ടു പോകുന്നതിനു സാധിക്കയുള്ളു.

# ൯. ഇംഗ്ലണ്ടിലെ സഭ.

നോർമണ്ടിലെ വില്യം ഇംഗ്ലണ്ടിനെ പിടിച്ചടക്കിയതിനോടുകൂടി അവിടത്തെ സഭയ്ക്കു് വലിയ ഉടവു തട്ടുകയുണ്ടായി. സ്വദേശിയരായ ഇംഗ്ലീഷുകാരെ അധഃപതിപ്പിച്ചു് വിദേശിയരായ സ്വന്തം ആളുകളെ ഉയൎത്തണമെന്നായിരുന്നു വില്യമിൻെറ ഉദ്ദേശം. കാലക്രമേണ എല്ലാ രൂപതാദ്ധ്യക്ഷരണവും വൈദികസ്ഥാനമാനങ്ങളും വിദേശികൾക്കു അധീനമായി തീൎന്നു. ആദ്യത്തെ ആക്രമണത്തോടുകൂടി സന്യാസാശ്രമങ്ങളെ കൊള്ള ചെയ്യുകയും പള്ളിവക തിരുവസ്തുക്കളും മററു വിലയേറിയ സാധനങ്ങളും അപഹരിക്കയും ചെയ്തു. അവിടത്തെ വൈദികരുടെ ജിവിതസംസ്കരണം സാധിക്കണമെന്നുള്ള ഭാവേന രാജാവു തിരുസിംഹാസനത്തോടു ചെയ്ത അപേക്ഷയനുസരിച്ചു്, അലക്സാണ്ടർ മാൎപ്പാപ്പാ സ്വന്തം സ്ഥാനാപതികളെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കയും വിൻചെസ്ററിലും വിൻഡ്സറിലും സൂനഹദോസുകൾ കൂട്ടുകയും തദവസരങ്ങളിൽ അവിടത്തെ മെത്രാന്മാർ, ആശ്രമശ്രേഷ്ഠന്മാർ എന്നിവരിൽ മിക്കവരേയും കുററാരോപണം ചെയ്തു് സ്ഥാനഭ്രംശരാക്കുന്നതിനു വില്യത്തിനു സാധിച്ചു. എന്നാൽ വില്യം പലപ്പോഴും താണതരം വൈദിക ഉദ്യോഗങ്ങളെ അയോഗ്യന്മാരായ വൈദികൎക്കു നൽകി എങ്കിലും ഉൽകൃഷ്ട ഉദ്യോഗങ്ങൾ പഠിപ്പും, ജീവിതശുദ്ധിയും മൂലം ഖ്യാതി സമ്പാദിച്ചിരുന്നവരുമായ ആളുകൾക്കാണു നൽകിയിരുന്നതു്. ഇവ അനീതിപരവും അതിസാഹസങ്ങളും ആയിരുന്നെങ്കിലും അതു് ഇംഗ്ലീഷുകാൎക്കു് ഉപകാരപ്രദമായിതീൎന്നു. വിദേശിയരുടെ ആഗമനഫലമായി ഇംഗ്ലണ്ടിൽ ഒരു മതാത്മകമായ ഉണൎവ്വും, കലാവിദ്യകളുടെ പുനരുദ്ധാരണവും തീവ്രമായി നടന്നു.

ഇപ്രകാരം പുതുതായി നിയമിക്കപ്പെട്ട മെത്രാന്മാരിൽ അതിവിശ്രുതനായി തീൎന്നതു് ഇററാലിയൻ സ്വദേശിയും, അനേകം വത്സരം "പാവിയ" സൎവ്വകലാശാലയിലെ പ്രൊഫസർ ജോലി നോക്കിയിരുന്ന ആളുമായ "ലാംഫ്റാങ്കു്" എന്ന ദേഹമായിരുന്നു. അദ്ദേഹം പ്രസ്തുത സൎവ്വകലാശാലയെ വിട്ടു് ഫ്റാൻസിൽ വന്നു് അവ്രാൻസു് എന്ന സ്ഥലത്തു് ഒരു വിദ്യാലയം സ്ഥാപിച്ചു വളരെ വിജയത്തോടുകൂടി നടത്തിവന്നു. 1042-ൽ പുണ്യപൂൎണ്ണതയ്ക്കുള്ള അത്യാസക്തി നിമിത്തം ആ ജോലി ഉപേക്ഷിച്ചു ബെക്കു് എന്ന സ്ഥലത്തെ അപ്രസിദ്ധവും ദരിദ്രവുമായിരുന്ന സന്യാസാശ്രമത്തിൽ അഭയം പ്രാപിച്ചു. അവിടെവെച്ചും അദ്ദേഹത്തിൻെറ ആശ്ചൎയ്യകരമായ അദ്ധ്യാപകവൃത്തിയെ തുടരുന്നതിനു് നിർബ

സ്ഥിതനാകയും അദ്ദേഹത്തിൻെറ പ്രസംഗപരമ്പരയെ ശ്രവിക്കുന്നതിനു ഒരുനൂറിലധികം വിദ്വാന്മാർ സന്നിഹിതരാകയും ചെയ്തു. 1063_ൽ വില്യം രാജാവു് കായെൻ എന്ന സ്ഥലത്തു നവമായി സ്ഥാപിച്ച വി. എസ്റ്റപ്പാനോസിൻെറ ആശ്രമത്തിൽ ശ്രേഷ്ഠനായി അദ്ദേഹത്തെ നിയമിച്ചു. 1070ൽ അദ്ദേഹത്തെ കാൻറർബറി മെത്രാപ്പോലീത്തായായി ഉയർത്തി. ഈ മഹാത്മാവിൽ വിളങ്ങിയിരുന്ന മതതീഷ്ണതയും ഭക്തിപാരമ്യവും ആ രൂപത ഒട്ടുക്കു് ആശ്ചര്യവിഷയമായി തീൎന്നു. അദ്ദേഹത്തിൻെറ അസാമാന്യ ധൈൎയ്യവും മനസ്സുറപ്പും നിമിത്തം രൂപത വക സ്വത്തുക്കൾ അപഹരിക്കുന്നതിനു് ആരെയും അനുവദിച്ചില്ല. അഗ്നിബാധയാൽ നശിപ്പിക്കപ്പെട്ട കാൻറർബറിയിലെ ഭദ്രാസനപ്പള്ളി ഇദ്ദേഹം വീണ്ടും പണികഴിപ്പിക്കയും, ആ പട്ടണത്തിൽതന്നെ കുഷ്ഠരോഗികൾക്കു ഒരാശുപത്രിയും, ദരിദ്രരും രോഗികളുമായവൎക്കു് വേറൊന്നും, ഇങ്ങനെ രണ്ടു് ആതുരശാലകൾ അദ്ദേഹംതന്നെ സ്ഥാപിക്കയും ചെയ്തു. 1079_ൽ വയോവൃദ്ധനായി ഈ മഹാത്മാവു് ഭാഗ്യമരണം പ്രാപിച്ചു. വില്യം രാജാവിൻെറ ഭരണം ആകപ്പാടെ സഭക്കു വളരെ ആനുകൂലമായ ഒന്നായിരുന്നു. ദൈവത്തെ സ്നേഹിച്ചിരുന്ന സജ്ജനങ്ങൾക്കു് അദ്ദേഹം വളരെ സൌമ്യനായിരുന്നു. ദൃഢമായ മതബോധവും സഭയുടെ എല്ലാ സ്ഥാപനങ്ങളുടെയും നേക്കു വളരെ ആദരവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നാണു് സാക്സൺ (Saxon) ചരിത്രകാരന്മാർ പറയുന്നതു്.

അദ്ദേഹത്തിൻെറ പിൻഗാമിയായി വാണ സ്വപുത്രൻ "വില്യം റൂഫസി"ൻെറ ഭരണഘട്ടം സഭയെ സംബന്ധിച്ചിടത്തോളം പീഡനത്തിൻെറ കാലമായിരുന്നു. മെത്രാന്മാരുടെ രൂപതാവസ്തുക്കളെ ബലമായി കരസ്ഥമാക്കിക്കൊണ്ടു് അവരെ ദാരിദ്ര്യപീഡിതരാക്കി. ഇപ്രകാരംതന്നെ പള്ളിവക വരുമാനങ്ങളെ സ്വാധീനപ്പെടുത്തുന്നതിനായി രൂപതകളിലും സന്യാസാശ്രമങ്ങളിലും അദ്ധ്യക്ഷന്മാരെ നിയമിക്കാതെ വളരെക്കാലം ക്രമവിരുദ്ധമായി പ്രവൃത്തിച്ചിരുന്നു. 1095_ൽ ആപൽക്കരമായ ഒരു രോഗം അദ്ദേഹത്തെ ബാധിച്ചതിനാൽ ഭയവിഹ്വലനായി "ടിബക്കിലെ" ആശ്രമാധിപനായിരുന്ന കീൎത്തിപെട്ട വി: അൻസേൽമൂസിനെ കാൻറർബറിയിലെ മെത്രാപ്പോലീത്തായായി നിയമിക്കുവാൻ നിർബന്ധിക്കപ്പെട്ടു. തൻെറ മരണപൎയ്യന്തം കാൻറർബറി വക സ്വത്തുക്കാം വിട്ടുകൊടുക്കയില്ലെന്നു നേരത്തെ പ്രസ്താവിച്ചിട്ടുണ്ടായിരുന്നെങ്കിലും മനോവ്യാകുലതയിൽ നിമഗ്നനായി മെത്രാന്മാരുടെ ഉപദേശങ്ങൾക്കു വശംവദനായി തീൎന്നു. എന്നാൽ ഈ വിശുദ്ധൻ മെത്രാപ്പോലീത്താസ്ഥാനത്തിൽ തനിക്കു അവശ്യം നേരിടാനിരുന്ന പോരാട്ടം ദൂരദൃ

ഷ്ട്യാ കണ്ടുകൊണ്ടു് പ്രസ്തുത സ്ഥാനം കൈയേൽക്കുന്നതിനു് പലേ പ്രാവശ്യം വൈമനസ്യം പ്രദർശിപ്പിച്ചിരുന്നുവെങ്കിലും ശ്രേഷ്ഠന്മാരുടെ നിർബന്ധം അനുസരിച്ചു് ആ സ്ഥാനം സ്വീകരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മുൻവിധികൾ ഒട്ടും അടിസ്ഥാനരഹിതമല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ "വില്യം" ദീനശയ്യയിൽ നിന്നെഴുന്നേററയുടൻ തന്റെ "ബലഹീനതയെ"പ്പററി ലജ്ജയും മനഃക്ലേശവുമുണ്ടാകയാൽ പണ്ടേപ്പോലെ തന്നെ പള്ളിവസ്തുക്കൾ കൈവശം ആക്കുന്നതിനും ദുർഗ്ഗുണങ്ങളിൽ നിപതിക്കുന്നതിനും തുടങ്ങി. ഇങ്ങനെ മെത്രാപ്പോലീത്തായോടു സമരവുമാരംഭിച്ചു. തൽഫലമായി വി. അൻസേൽമൂസു് ബഹിഷ്കരിക്കപ്പെട്ടു് റോമിൽ അഭയം പ്രാപിച്ചു. ഈ മഹാപരാധിയായ രാജാവു് ന്യൂഫോറസ്ററു് എന്ന സ്ഥലത്തു നായാട്ടു നടത്തിക്കൊണ്ടിരിക്കവേ ഒരു അദൃശ്യമായ കരത്താൽ എയ്യപ്പെട്ട അമ്പുകൊണ്ടു മൃതിയടയുകയുണ്ടായി. താമസംവിനാ വി. മെത്രാപ്പോലീത്താ സ്വന്തം രൂപതയിലേയ്ക്കു മടങ്ങി വന്നുവെങ്കിലും സ്ഥാനാഭിഷേക അവകാശം സംബന്ധിച്ചു് ഹെൻറി ഒന്നാമനുമായി ഏററം ഉൽകൃഷ്ടമായതെങ്കിലും ക്ലേശപൂർണ്ണമായ ഒരു പോരാട്ടം നടത്തുന്നതിനിടയായി. മെത്രാന്മാരെ ഓരോ രൂപതകളിലേയ്ക്കു തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം രാജാവിന്റെ കൈയിൽ കിട്ടിക്കഴിഞ്ഞപ്പോൾ അഭിനവമെത്രാൻ ലൌകീക അധികാരി എന്ന നിലയിൽ തനിക്കു ആശ്രിതനായിരുന്നുകൊള്ളാമെന്നു ശപഥം ചെയ്യുകയും, വണക്കം പ്രദർശിപ്പിക്കയും ചെയ്യണമെന്നു ആവശ്യപ്പെടുക മാത്രമല്ല അധികാരചിഹ്നമായ മോതിരവും വടിയും മെത്രാനു കൊടുക്കുന്നതിനുള്ള അവകാശം തനിക്കു സ്വന്തമാണെന്നു വാദിക്കുക കൂടി ചെയ്തു. ഇങ്ങനെ രാജാവും മെത്രാപ്പോലീത്തായും തമ്മിൽ രസക്ഷയത്തിനിടയായി. അനേകവത്സരം നീണ്ടുനിന്ന ഈ സമരത്തിന്റെ സാഹചര്യങ്ങളെല്ലാം ഇവിടെ വിവരിക്കുന്നതിനു ഉദ്ദേശിക്കുന്നില്ലാ. 1108-ൽ ഒരു സമാധാനഉപടമ്പടി മൂലം പ്രസ്തുത വാദം അവസാനിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഒരു പൌരൻ എന്ന നിലയിൽ അഭിനവമെത്രാൻ രാജാവിനു് ബഹുമാനവും ആദരവും പ്രദർശിപ്പിക്കേണ്ടതാണെന്നും എന്നാൽ മോതിരവും വടിയും മെത്രാപ്പോലീത്താ തന്നെ കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചു.

വി: അൻസേൽമൂസു് അനേകം വൈദികശിരോമണികൾ തിരുസഭയെ അലങ്കരിച്ചിരുന്ന ആ കാലഘട്ടത്തിൽ നിസ്തുല്യമായ പ്രതാപത്തോടുകൂടി പരിലസിച്ചിരുന്ന ഒരു താരമായിരുന്നു. വേദാന്തം, അതിഭൌതികം തുടങ്ങിയ ശാസ്ത്രങ്ങളിൽ അദ്ദേഹത്തെ കിടപിടിക്കത്തക്ക

വണ്ണം ചുരുക്കം ആളുകൾ മാത്രമെയുണ്ടായിരുന്നൊള്ളു. എന്നാൽ ഒരു വിഷയത്തിലും അദ്ദേഹത്തെ കവിയുന്നതിന് ആരും ഇല്ലായിരുന്നു. വില്യംറൂഫസ് എന്ന രാജാവിനാൽ രാജ്യഭ്രഷ്ടനായി റോമ്മിൽ അഭയം പ്രാപിച്ചിരുന്ന അവസരത്തിൽ അനന്യസാധാരണമായ ബഹുമാനങ്ങളോടുകൂടിയത്രെ അദ്ദേഹത്തിന് അവിടെ സ്വീകരണം ലഭിച്ചതു്. "ബാറി" എന്ന പട്ടണത്തിൽ കൂടിയ സൂനഹദോസിൽ ഗ്രീക്കുശീശ്മക്കാർക്കു വിരോധമായി റൂഹാദക്കുദിശായുടെ പുറപ്പാടിനെപ്പററിയുള്ള കത്തോലിക്കാസിദ്ധാന്തം ആദരിക്കുന്നതിനു നിയോഗിക്കപ്പെട്ടതു് ഇദ്ദേഹമായിരുന്നു. ആദ്ധ്യാത്മികവിഷയത്തിൽ വളരെ പരിജ്ഞാനം സിദ്ധിച്ച ആളും സ്വന്തജീവിതനിഷ്ഠയിൽ ഉഗ്രമായ താപസവര്യനുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതകാലം വളരെ കലഹങ്ങൾക്കു അധീനമായിരുന്നുവെങ്കിലും വ്യക്തിപരമായി നോക്കുന്നപക്ഷം അതു നിരന്തരമായ പ്രാത്ഥനാജീവിതം തന്നെയായിരുന്നു പകൽ വിവിധ അദ്ധ്വാനങ്ങൾക്കായി പ്രതിഷ്ഠിച്ച ശേഷം രാത്രി ഉറക്കൊഴിഞ്ഞു ദൈവവുമായി ആത്മസംഭാഷണം ചെയ്തിരുന്നു. അദ്ദേഹം രചിച്ചിരുന്ന വേദശാസ്ത്രപ്രബന്ധങ്ങളുടെ വൈശിഷ്ട്യം മുഖാന്തിരം തിരുസഭാവേദപാരംഗതന്മാരുടെ ഗണത്തിൽ അദ്വിതീയമായ സ്ഥാനം അദ്ദേഹത്തിനു ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ ധ്യാനപരമ്പരകൾ മുതലായ ഭക്തിപരമായ കൃതികളും ആദ്ധ്യാത്മികഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ ഉന്നതമായ ഒരു സ്ഥാനത്തിനദ്ദേഹത്തെ പാത്രീഭവിപ്പിച്ചിട്ടുള്ളതും സ്മരണീയമാണ്.

വിശുദ്ധന്മാരായ പല മെത്രാന്മാർ ഇംഗ്ലണ്ടിലെ സഭയെ ഭരിച്ചിട്ടുണ്ടു്. എങ്കിലും അവരുടെ എല്ലാവരുടെയും വൃത്താന്തവിവരണം ഈ ചെറുപുസ്തകത്തിന്റെ ഉദ്ദേശത്തെ ഉല്ലംഘിക്കുന്നതാണ്. എന്നാൽ കാന്റർബറിയിലെ വി. തോമ്മാസിന്റെ വൃത്താന്തസംഗ്രഹം ഇവിടെ പ്രസ്താവിക്കാതെ ഗത്യന്തരമില്ലാ. 1119_ൽ ലണ്ടൻപട്ടണത്തിലായിരുന്നു ഈ വിശ്രുതമഹാത്മാവു് ജാതനായതു്. അദ്ദേഹത്തിന്റെ ഗുണപൌഷ്കല്യങ്ങൾ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിസ്ഥാനത്തിന് അദ്ദേഹത്തെ യോഗ്യനാക്കി. പിന്നീടു് കാന്റർബറി മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ഹെൻറി ദ്വിതീയൻ തന്റെ ഇഷ്ടാനുസരണം വർത്തിക്കുന്നതിനു സന്നദ്ധനായ ഒരു മെത്രാനെ തൽസ്ഥാനത്തിൽ പ്രതിഷ്ഠിക്കണമെന്നു മോഹിച്ചുകൊണ്ടു് അപ്പോൾ ആസ്ഥാനിയായിരുന്ന മന്ത്രിയെത്തന്നെ തെരഞ്ഞെടുക്കുന്നതിനു നിശ്ചയിച്ചു. തോമ്മസ്സാവട്ടെ അതിനു വിസമ്മതിക്കയാണു ചെയ്തതു്. മാത്രമല്ലാ ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയിലുള്ള എല്ലാ അലംകോലങ്ങളെയും തിരുത്തി ഗുണീകരിയ്ക്കു

ണ്ടതു് തൻെറ ചുമതലയായി കരുതുകയും തദ്വാരാ രാജതിരുവുള്ളക്കേടിൽ നിസ്സംശയം ഉൾപ്പെടേണ്ടതായി വരികയും ചെയ്യുമെന്നു രാജസമക്ഷം പ്രസ്താവിക്കയും ചെയ്തു. രാജാവാകട്ടെ ഈ തടസ്സങ്ങൾ ഒന്നും വകവെയ്ക്കാതെ തോമ്മസ് ബെക്കററിനെ തെരഞ്ഞെടുത്തു് കാൻറർബറി മെത്രാപ്പോലീത്തായായി നിയമിക്കയും ചെയ്തു. മെത്രാപ്പോലീത്തായാകട്ടെ പറഞ്ഞതുപോലെ പ്രവർത്തിച്ചു. അതെങ്ങിനെയെന്നാൽ തൻെറ മുൻഗാമിയായ റൂഫസിനെപ്പോലെ ഹെൻറി രാജാവും രൂപതവകസ്വത്തുക്കൾ അനുഭവിക്കുന്നതിനായി പല രൂപതകളിലും മെത്രാന്മാരെ നിയമിക്കാതെ ഒഴിവായി ഇട്ടിരുന്നു. ഈ അക്രമവും തിരുസഭയുടെ മററു നിയമലംഘനങ്ങളും നിവാരണം ചെയ്യേണ്ടതിലേക്കു പുതിയ മെത്രാൻ ഏററവും ശക്തിമത്തായും നിരന്തരമായും പ്രതിഷേധിച്ചു. തന്നിമിത്തം വിസ്മയഭരിതനും കോപാക്രാന്തനുമായിത്തീർന്ന ഹെൻറി, രാജ്യമാമൂലുകൾ കാത്തുകൊള്ളാമെന്നു ശപഥം ചെയ്യുവാൻ അഭിനവമെത്രാന്മാരോട്ട് നിഷ്കർഷിച്ചു. രാജ്യമാമൂലുകൾ എന്ന പദപ്രയോഗത്തിൽ എത്ര വിസ്തീർണ്ണമായ വ്യാഖ്യാനം അടങ്ങിട്ടുണ്ടെന്നും, തൻമൂലം എത്രകണ്ടു ദൈവദോഷകരമായ അക്രമങ്ങൾ അന്തർലീനമായിട്ടുണ്ടെന്നും, നല്ലവണ്ണം ഗ്രഹിച്ചിരുന്ന മെത്രാപ്പോലീത്താ ഈദൃശമായ സത്യവാചകം ചെയ്കയില്ലെന്നു നിഷേധിച്ചു. ഇക്കാരണത്താൽ ഈ പുണ്യാത്മാവിൻെറ ജീവിതം ദീർഘമായ മർദ്ദനത്തിനും, രാജകോപത്തിനും അധീനമായിരിക്കേണ്ടതായി വന്നുകൂടി. തന്നിമിത്തം ഫ്റാൻസിൽ അഭയം നേടേണ്ടതായും വന്നു. തൻെറ അനുയായികളിൽ രണ്ടുപേരെ ഫ്റാൻസു രാജാവായിരുന്ന 7–ാം ലൂയീസിൻെറ അടുക്കൽ തനിക്കൊരു സങ്കേതസ്ഥാനം ലഭിക്കേണ്ടതിനു് മുൻകൂട്ടി അയച്ചു അഭ്യർത്ഥിച്ചു. രാജാവാകട്ടെ അദ്ദേഹത്തെ സ്വന്തം സംരക്ഷണത്തിൽ സ്വീകരിച്ചു്, മെത്രാപ്പോലീത്തായും ഇംഗ്ലീഷ്‌രാജാവും തമ്മിൽ രമ്യപ്പെടുന്നതിനു യഥാശക്തി പരിശ്രമിച്ചു. ഇപ്രകാരം ഹെൻറി ചെയ്ത ഉടമ്പടികളിൽ വിശ്വസിച്ചുകൊണ്ടു് വി. തോമ്മസു് ഇംഗ്ലണ്ടിലേയ്ക്കു പ്രത്യാഗമനം ചെയ്തു. എങ്കിലും കുറെ കഴിഞ്ഞപ്പോൾ വീണ്ടും രാജസമരവും പീഡനങ്ങളും ആവർത്തിക്കാതിരുന്നില്ലാ. ഒരു സന്ദർഭത്തിൽ കോപാക്രാന്തനായ രാജാവിൻെറ വായിൽ നിന്നും വീണ ചില വാക്കുകൾ കേട്ടയുടനെ അരമനസേവകന്മാരിൽ 4 പേർ ഝടുതിയിൽ ഓടി കാൻറർബറി ഭദ്രാസനപ്പള്ളി കുത്തിത്തുറന്നു കയറി, ബലിപീഠത്തിങ്കൽ പൂജ അർപ്പിച്ചുകൊണ്ടിരുന്ന വി. മെത്രാപ്പോലീത്തായെ നിഷ്ഠൂരമായി വധിച്ചു. ഈ ദൈവദോഷകരമായ വധവൃത്താന്തങ്ങൾ രാജചെവിയിൽ എത്തിയപ്പോൾ അയാൾ "ഞാ

നിപ്രകാരം ചെയ്യുന്നതിനു ഒരിക്കലും ആജ്ഞാപിക്കയുണ്ടായില്ല എന്നു പ്രതിഷേധിച്ചുകൊണ്ടു് 3 ദിവസം സ്വന്തമുറിയിൽ തന്നെ ഉപവസിക്കയും, നിരാശയിൽ കഴിച്ചു കൂട്ടുകയുമുണ്ടായി. രാജാവു് തന്റെ അപരാധത്തിന്റെ ഘോരത യഥായോഗ്യം മനസ്സിലാക്കി, വളരെ മനസ്താപചിഹ്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടു് വിനയപൂർവ്വം ചില തപക്രിയകളും അനുഷ്ഠിച്ചിരുന്നു. വി. മെത്രാപ്പോലീത്തായുടെ ശവകുടീരത്തിങ്കൽ നടന്ന നിരവധി അത്ഭുതങ്ങൾമൂലം ദൈവം തന്റെ രക്തസാക്ഷിയുടെ വിശുദ്ധിയെ സാക്ഷ്യപ്പെടുത്തുവാൻ തിരുമനസ്സായി. വി. തോമ്മസ്സിന്റെ ശ്മശാനസ്ഥലം അസംഖ്യം തീർത്ഥയാത്രക്കാരുടെ സങ്കേതസ്ഥാനമായി തീരുകയും, അമൂല്യവും അനർഘവുമായ വളരെയധികം വഴിപാടുകൾകൊണ്ടു് ആ സ്ഥലം വിശ്രുതവും സമ്പന്നവുമാകയും ചെയ്തു. എന്നാൽ 16-ാം നൂറ്റാണ്ടിലെ നവീകരണക്കാരായ പ്രോട്ടസ്റ്റാണ്ടു് പാഷണ്ഡികൾ ആ തിരുസ്ഥലത്തെ അപഹരിച്ചു് അതിലെ സ്വത്തുക്കളെല്ലാം സ്വാധീനമാക്കി. തന്റെ ദിവ്യഗുരുനാഥനെപ്പോലെ വി. തോമ്മസും തന്റെ പരാജയത്താൽ വിജയിയായിട്ടാണു് പരിലസിച്ചതു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ജീവിതകാലത്തു സാധിക്കാഞ്ഞതു്, അദ്ദേഹത്തിന്റെ നിര്യാണശേഷം തിരുസഭയ്ക്കു വിജയപ്രദമായി സാധിച്ചു. ഹെൻറി രാജ്യമാമൂലുകൾ എന്ന അഭിധാനത്തിൽ സ്ഥാപിച്ചു സ്ഥിരപ്പെടുത്തുവാൻ ഉദ്യമിച്ചിരുന്ന സകല അപമര്യാദകളെയും അക്രമങ്ങളെയും പാടെ നിറുത്തലാക്കി. താൻ അപഹരിച്ചിട്ടുണ്ടായിരുന്ന എല്ലാ ഭൂസ്വത്തുക്കളും തിരുസഭയ്ക്കു വിട്ടുകൊടുത്തു.

## ൪. കുരിശുയുദ്ധങ്ങൾ.

### 1147—1229.

മുൻപ്രസ്താവിച്ചതുപോലെ മഹമ്മദീയർ എദേസ്സാ പട്ടണം കീഴടക്കിയശേഷം കാട്ടിക്കൂട്ടിയ ഘോരകൃത്യങ്ങളുടെ വൃത്താന്തം കേട്ടതോടുകൂടി ലത്തീൻകാരായ പാശ്ചാത്യർ അത്യന്തം പ്രക്ഷോഭിതരും വിശുദ്ധസ്ഥലത്തെ ക്രൈസ്തവരുടെ നേക്കു് വളരെ അനുകമ്പയുള്ളവരും ആയിതീർന്നു. വിശുദ്ധ നാടു മിക്കവാറും അവിശ്വാസികളുടെ കൈയിൽ വീഴാറായി എന്നു കണ്ടു് രണ്ടാമത്തെ എവുദജനിയോസു് മാർപ്പാപ്പാ തന്റെ പൂർവ്വഗാമിയായ രണ്ടാം ഉർബാനോസു് മാർപ്പാപ്പാ മുഖേന 50 വർഷങ്ങൾക്കു മുമ്പു് ക്രൈസ്തവരുടെ ഹൃത്തടത്തിൽ ഉജ്ജ്വലിപ്പിച്ചിരു

ന്ന ഭക്തിതീക്ഷ്ണതയെ ഒന്നുകൂടി കത്തിക്കുന്നതിനു തീച്ഛയാക്കി. തന്നിമിത്തം ഫ്റാൻസിലെ രാജാവിനു പരിശുദ്ധ പിതാവൊരു തിരുവെഴുത്തെഴുതി മതസംരക്ഷണാൎത്ഥം യുദ്ധം ചെയ്യണമെന്നു് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. ഈ സ്ലീവായുദ്ധം ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കുന്നതിനായി വി. ബണ്ണാർട്ടിനെ അയച്ചു.

തൽഫലമായി ഫ്റാൻസിലും ജൎമ്മനിയിലും നിസ്തുല്യമായ ഒരു മതതീക്ഷ്ണത വ്യാപിക്കയുണ്ടായി. വി. ബർണ്ണാഡിൻെറ പ്രസംഗങ്ങൾ അത്ഭുതകൃത്യങ്ങളാൽ കൂടുതൽ ഫലപ്രദമായി. പ്രഭുക്കന്മാർ കൂട്ടംകൂട്ടമായി സ്ലീവാധരിക്കുന്നതിനു ത്വരിതമായി ഓടിക്കൂടുകയാൽ യൂറോപ്പു മുഴുവനും ഏഷ്യയിലെ മഹമ്മദീയ പോക്കളത്തിൽ ചാടി വീഴുന്നതിനു സന്നദ്ധമായി. ഫ്റാൻസ്‌രാജാവായ ലൂയീസു് തൻെറ പ്രജകൾക്കു പ്രഥമദൃഷ്ടാന്തം കാണിച്ചുകൊടുക്കുകയും, തൻെറ പട്ടാളത്തെ നയിക്കുന്നതിനു സ്വയം ഒരുമ്പെടുകയും ചെയ്തു. ജൎമ്മൻ ചക്രവർത്തിയായ കൊൻറാഡ് തൃതീയനും, 1147-ൽ കൎത്താവിൻെറ സ്വൎഗ്ഗാരോഹണത്തിരുനാൾ ദിനംതന്നെ ജൎമ്മനിയിൽനിന്നും പുറപ്പെട്ടു. അദ്ദേഹത്തിൻെറ സൈന്യത്തിൽ കാലാൾപട്ടാളം, കുതിരപട്ടാളം ഇവ കൂടാതെ കവചധാരികളായി അറുപത്താറായിരം അശ്വവീരന്മാരും ഉൾപ്പെട്ടിരുന്നു. ഫ്റഞ്ചുസൈന്യമാകട്ടെ സംഖ്യയിൽ ഒട്ടും കുറവല്ലായിരുന്നു. എന്നാൽ ഈ ഭീമമായ സൈന്യത്തിൽ അധികവും, സ്വച്ഛന്ദമായ നടപടിയും ക്രമമില്ലായ്മയും നിമിത്തം നഷ്ടീഭവിക്കയാണുണ്ടായതു്. എങ്ങിനെയെന്നാൽ കിഴക്കൻ സാമ്രാജ്യത്തിൻെറ അതൃത്തിയിൽ എത്തിയയുടനെ നടത്തിയ അക്രമങ്ങൾ കൊണ്ടു കോൺസ്റ്റാൻറിനോപ്പിളിലെ രാജാവായ മാനുവേൽ കൊമനേറ്റൂസു് എന്നദേഹത്തിൻെറ ദ്വേഷപാത്രമായിത്തീൎന്നതിനാൽ അയാൾ അവരെ നാശകൂപത്തിൽ ചാടിക്കണമെന്നു കരുതി അതിനു പററിയ വഴികാട്ടികളെ ഭരമേല്പിച്ചുകൊടുക്കയും അവർ യൂറോപ്യൻ സേനകളെ ഏഷ്യാമൈനറിലെ വിജനപ്രദേശങ്ങളിക്കേു് ആനയിക്കയും ഇപ്രകാരം മഹമ്മദീയരുടെ അധീനത്തിൽ അവർ ഉൾപ്പെടുകയും ചെയ്തു. ലൂയീസുരാജാവും, കൊൻറാഡ് ചക്രവർത്തിയും വലുതായ സൈന്യനഷ്ടം സഹിച്ചുകൊണ്ടു വളരെ പ്രയാസത്തോടുകൂടി ജീവനാശത്തിൽനിന്നും രക്ഷപെട്ടു് സിറിയായിൽ അഭയം പ്രാപിച്ചു. അവിടെവെച്ചു ദമാസ്ക്കസു് പട്ടണത്തെ മഹമ്മദീയരുടെ കൈയ്യിൽനിന്നും വീണ്ടെടുക്കുന്നതിനായി നിരോധിച്ചു. എങ്കിലും ശത്രുനിരോധനം ഉപേക്ഷിച്ചു യൂറോപ്പിലേയ്ക്കു ധൃതിയിൽ മടങ്ങുന്നതിനു നിർബന്ധിതരായി. രണ്ടു ബ്രഹ്മാണ്ഡസേനകളുടെ നഷ്ടത്തോടുകൂടിയ ഈ യുദ്ധയാത്രയുടെ അവസാനം ഇപ്രകാരമായിരുന്നു.

ഈ വിപത്തിൽ നിന്നു രക്ഷപെട്ടവർ തങ്ങളുടെ അതിയായ ലജ്ജയും വ്യസനവും മുഖാന്തിരം മതിമറന്നു്, കുരിശുയുദ്ധത്തിനായി പ്രസംഗം നടത്തുകയും അതിന്റെ വിജയം പ്രവചിക്കയും ചെയ്തിരുന്ന വി. ബെർണ്ണാദിന്റെ മേലാണു് ഈ മഹാവിപത്തിന്റെ കാരണം ആരോപിക്കയുണ്ടായതു്. ഈ പുണ്യവാനാകട്ടെ ഇതിനു പറഞ്ഞിരുന്ന സമാധാനം, കുരിശുയുദ്ധക്കാർ തങ്ങളുടെ അഴിമതികളും സാഹസകൃത്യങ്ങളും കൊണ്ടു ദൈവകോപത്തിനു തങ്ങളെത്തന്നെ അധീനരാക്കയും തദ്വാരാ പൂർവ്വ ഇസ്രായേൽക്കാരെപ്പോലെ ദൈവസംരക്ഷണയ്ക്കും, ഉടമ്പടികൾക്കും തങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർക്കയും ചെയ്കയാണുണ്ടായതു് എന്നായിരുന്നു. ശരീരാസ്വാസ്ഥ്യവും മനഃക്ലേശവും കൊണ്ടു ക്ഷീണിതനായ ഈ വിശുദ്ധൻ താമസംവിനാ ദീനം പിടിപെട്ടു 1153_ൽ ഭാഗ്യമരണം പ്രാപിച്ചു.

## മൂന്നാമത്തെ സ്ലീവായുദ്ധം.

### 1189—1193.

ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി ദ്വിതീയൻ കാൻറർ ബറിയിലെ മെത്രാപ്പോലീത്താ ആയിരുന്ന തോമ്മസ്സ് ബെക്കററിന്റെ വധത്തിനു ഹേതുവായിത്തീർന്നതിൽ ചെയ്ത അപരാധത്തിനു പരിഹാരമായി ഒരു കുരിശുയുദ്ധം നവമായി നടത്തണമെന്നു തീർച്ചപ്പെടുത്തിയിരുന്നു. എന്നാൽ അദ്ദേഹം യുദ്ധസന്നാഹങ്ങൾ പൂർത്തിയാക്കുന്നതിനു മുമ്പായി ചരമഗതിയടകുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ പുത്രനായ റിച്ചാർഡ് കെർദിലയൻ 1159_ൽ പിൻഗാമിയായി വാഴ്ചയേററു. വിശുദ്ധനാടിന്റെ അന്നത്തെ സ്ഥിതി ശോചനീയമായ ഒന്നായിരുന്നു. ഈജിപ്ഷിലെ സുൽത്താനായ സലാഡിൻ 50,000 ഭടന്മാരോടുകൂടി അതിനെ പിടിച്ചടക്കി. അയാൾ ക്രിസ്ത്യാനികളെ പരാജിതരാക്കയും ജറുസ്സലേമിലെ രാജാവായ ഗ്വയിദെലുസിഞ്ഞാനെയും വി. യോഹന്നാന്റെ സൈനീകസംഘത്തിന്റെ പ്രധാന ശ്രേഷ്ഠനായ റെനോഡ് ദെഷട്ടിലോണിനെയും മററു പല വിശ്രുതപ്രഭുക്കന്മാരെയും തടവുകാരാക്കുകയും ചെയ്തു. സൈന്യത്തോടുകൂടെ കൊണ്ടുപോയിരുന്ന വി കുരിശു ശത്രുക്കളുടെ കൈവശത്തിലായതു് എല്ലാററിലും പരിതാപകരമായ നഷ്ടമായിരുന്നു. വി. നാടു മുഴുവനും സുൽത്താനു വാതിൽ തുറന്നുകൊടുക്കത്തക്ക ഒരു വിജനമായിരുന്നു അതു്. 88 സംവത്സരത്തോളം ക്രീസ്തവരുടെ

പൂൎണ്ണ സ്വാതന്ത്ര്യത്തിലിരുന്ന ജെറുസ്ലേം പട്ടണം ഒരുനിമിഷസമരത്തിന്നശേഷം ശത്രുക്കളുടെ കൈവശമായി. അന്തിയോക്കിയാ, ടൈർ, ട്രിപ്പോളി എന്നി മൂന്നു പട്ടണങ്ങൾ മാത്രമേ ക്രിസ്തവരുടെ സ്വാതന്ത്ര്യത്തിൽ ശേഷിച്ചുള്ളു. ഈ പരാജയവൃത്താന്തങ്ങൾ യൂറോപ്യന്മാരുടെ കൎണ്ണപുടങ്ങളിൽ എത്തിയയുടൻ അവർ പരിഭ്രമനിമഗ്നരായിത്തീൎന്നു ഉൎബാൻ തൃതീയൻ എന്ന മാൎപ്പാപ്പാ വ്യസനാധിക്യത്താൽ നിൎയ്യാതനായി. ഇംഗ്ലണ്ടു് രാജാവായ റിച്ചാൎഡും ഫ്രാൻസ് രാജാവായ ഫിലിപ്പ് ഓഗസ്റ്റസും ഈ സന്ദൎഭത്തിൽ പരസ്പരം യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കയായിരുന്നെങ്കിലും തങ്ങളുടെ മത്സരങ്ങൾ അശേഷം വിസ്മരിച്ചു മഹമ്മദീയരോടു യുദ്ധം ചെയ്യണം എന്ന ഏകകാൎയ്യത്തിൽ സൎവ്വാത്മനാ ശ്രദ്ധിച്ചു. ഇതിനു വേണ്ട ധനം ശേഖരിക്കുന്നതിനായി സുൽത്താന്റെ പതാരം എന്ന അഭിധാനത്തിൽ ഒരു കരം എല്ലാ പള്ളിവക സ്വത്തുക്കളിലും ചുമത്തി. ഇപ്രകാരം രാജാക്കന്മാർ ഓരോ വൻപിച്ച സൈന്യവുമായി യുദ്ധത്തിനു പുറപ്പെട്ടു. ഒന്നാമതായി പാലസ്തീനായിൽ എത്തിയതു ഫിലിപ്പ് രാജാവായിരുന്നു. അദ്ദേഹം ഏക്കർ എന്ന സ്ഥലത്തുവെച്ചു്, രണ്ടുകൊല്ലമായി മഹമ്മദീയരോടു സമരം ചെയ്തുകൊണ്ടിരുന്ന ക്രിസ്തവരോടൊന്നിച്ചു ചേൎന്നു. ഇവരുടെ ആഗമനത്തോടുകൂടി ദ്വിഗുണീഭവിച്ച ശക്തിനിമിത്തം ഉടനെ ആക്രമണം നടത്തണമെന്നു് വലുതായ ഒരു തീക്ഷ്ണത ക്രിസ്തീയ യോദ്ധാക്കളിൽ കടന്നുകൂടി എങ്കിലും ഇംഗ്ലീഷു രാജാവും ഈ വിജയപ്രതാപത്തിൽ ഭാഗഭാക്കായിത്തീരേണ്ടുന്നതിനു റിച്ചാൎഡിന്റെ (Richard) വരവിനെക്കൂടി പാൎത്തിരിക്കണമെന്നായിരുന്നു ഫിലിപ്പിന്റെ ഔദാൎയ്യപൂൎവ്വമായ അഭിപ്രായം. ഇപ്രകാരം ഇംഗ്ലീഷു പട്ടാളവും താമസംവിനാ വന്നുചേൎന്നു് ഒത്തൊരുമിച്ചു യുദ്ധവും തുടൎന്നു ചെയ്കയാൽ ഏക്കർപട്ടണം കീഴടങ്ങുകയും വി. കുരിശു യാതൊരു ഭംഗവും കൂടാതെ തിരിച്ചു ലഭിക്കുകയും ചെയ്തു. ഇങ്ങനെ സകലവും ശ്രേയസ്കരമായ് ജയശ്രേണിയുടെ മംഗളോദയമായി കാണപ്പെട്ടിരിക്കവെ ഫിലിപ്പിന്റെ ദേഹസുഖം ക്ഷയോന്മുഖമായിത്തീൎന്നുവെന്നു മാത്രമല്ല റിച്ചാൎഡ് അതിഗാംഭീൎയ്യത്തോടുകൂടി യുദ്ധം നടത്തിയതിനെപ്പറ്റി അനല്പമായ രസക്ഷയവും തോന്നുകയാൽ ഫിലിപ്പു രാജാവു് 1000 കാലാൾപട്ടാളവും 500 കുതിരപട്ടാളവും 3 വത്സരത്തെ യുദ്ധച്ചെലവിനു വേണ്ടതായ പണവും റിച്ചാൎഡിനെ ഏല്പിച്ചുകൊണ്ടു് ഉടൻ ഫ്രാൻസിലേക്കു പിന്തിരിയണമെന്നു തീൎച്ചയാക്കി. റിച്ചാൎഡാകട്ടെ വീണ്ടും സുൽത്താനോടു സമരം നടത്തി ഏറ്റവും പ്രാധാന്യമുള്ള ഒരു വിജയം നേടി. എന്നാൽ ഉത്തരക്ഷണത്തിൽ ജെറുസ്സ

മിലേയ്ക്കു പോയിരുന്നെങ്കിൽ ആ പട്ടണം നിസ്സംശയം കരസ്ഥമാക്കാമായിരുന്നു. താമസിച്ച ഇടകൊണ്ടു് ശത്രുക്കൾ പട്ടണത്തെ പൂർവ്വാധികം ബലപ്പെടുത്തുകയാൽ അതു പിടിച്ചെടുക്കുന്നതിനു് അസാദ്ധ്യമെന്നു കരുതി റിച്ചാർഡ് 3 വർഷത്തേക്കു് യുദ്ധം നിറുത്തി വെയ്ക്കണമെന്നു സുൽത്താനുമായി ഒരു തൽക്കാലസമാധാനഉടമ്പടി ചെയ്തിട്ടു് യൂറോപ്പിലേയ്ക്കു മടങ്ങിപ്പോയി. ഇപ്രകാരം ഈ മഹായുദ്ധയാത്രയുടെ ഫലമായി സിദ്ധിച്ചതു ഏക്കർ പട്ടണം പിടിച്ചെടുത്തതു് മാത്രമാണു്. ആ സ്ഥലം കിഴക്കൻ രാജ്യത്തെ ക്രിസ്തവർക്കു് ഏകസ്ഥാനമായി പരിണമിക്കയും ആ സ്ഥലത്തുനിന്നുകൊണ്ടു് അവർ അനേക സംവത്സരത്തേക്കു തങ്ങളുടെ സംപൂജ്യവും, സ്നേഹഭാജനവുമായ ഓർശ്ലേമിലേയ്ക്കു് അത്യാശയോടെ വൃഥാ വീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു. റിച്ചാർഡ് ഇതിനിടയ്ക്കു ഒരു കൊടുങ്കാറ്റിലുൾപ്പെട്ടു് അഡ്രിയാററിക്കു സമുദ്രതീരത്തെ അഭയം പ്രാപിക്കേണ്ടതായി വന്നു അവിടേ നിന്നും വേഷപ്രച്ഛന്നനായി ഓസ്ത്രിയാരാജ്യത്തു കൂടി സ്വദേശത്തെത്തുന്നതിനു ശ്രമിച്ചു വരവെ ഓസ്ത്രിയാക്കാർ അയാളെ പിടിച്ചു് ഏക്കർയുദ്ധത്തിൽ വെച്ചു ലെയപ്പോൾഡ് രാജാവിനോടു് പ്രദർശിപ്പിച്ച അവഹേളനത്തിന്റെ പരിഹാരമായി ഒരു ഭീമസംഖ്യ കെട്ടി കൊടുക്കുന്നതുവരെ തടവുകാരനായി പാർപ്പിക്കയും ചെയ്തു.

മൂന്നാമത്തെ സ്ലീവായുദ്ധത്തിലുണ്ടായ പരാജയമാകട്ടെ ക്രിസ്തവരെ അധൈര്യപ്പെടുത്തുകയുണ്ടായില്ലാ. ഫിലിപ്പുരാജാവിന്റെ പ്രത്യാഗമനത്തിനുശേഷം കാലവിളംബംകൂടാതെ ഒരു പുതിയ യുദ്ധയാത്ര ഏതാനും ഫ്രഞ്ചുകാരും, ഇറ്റാലിയൻകാരും ഒരുമിച്ചുചേർന്നു് മൊൺഫ്റാത്തു് പ്രഭുവിന്റെയും, ഫ്ലാൻഡേഴ്സിലെ ബോൾഡുവിൻ പ്രഭുവിന്റെയും നേതൃത്വത്തിൽ നടത്തുന്നതിനു് ഒരുമ്പെട്ടു. ഇരുകൂട്ടരും വെനീസ്പട്ടണത്തിൽ ഒരുമിച്ചുകൂടണമെന്നു തീരുമാനിക്കയും അവിടുന്നു വി. നാട്ടിലേയ്ക്കു് സൈന്യത്തെ തങ്ങൾ കൊണ്ടുപൊയ്ക്കൊള്ളാമെന്നു് വെനീസ് ജനാധിപത്യം സമ്മതിക്കയും ചെയ്തു. വെനീസുകാരാകട്ടെ തങ്ങളുടെ പ്രതിജ്ഞപോലെ നിറവേറുകമാത്രമല്ല 50 പടക്കപ്പലും കൂടി യുദ്ധസന്നാഹത്തിലേയ്ക്കു് വിനിയോഗിക്കയും അഞ്ഞൂറോളം പ്രഭുകുമാരന്മാർ സ്ലീവാ യോദ്ധാക്കളുടെ ഗണത്തിൽ ചേരുകയും ചെയ്തു. കപ്പൽയാത്രയ്ക്കു തക്കസമയം ഇവർ കാത്തുകൊണ്ടിരിയ്ക്കുയിൽ കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിയുടെ യൗവനപുത്രനായ അലെക്സീസ് ഇവരുടെ അടുക്കൽ വന്നു്, തന്റെ പിതാവിനെ ബലാൽകാരമായി സിംഹാസനത്തിൽ നിന്നും നിഷ്കാസനം ചെയ്തു് കണ്ണു രണ്ടും ചൂഴന്നെടുത്തു് പാറാവിൽ ഇട്ടശേഷം സ്വയം സിംഹാസനാരൂഢനായിത്തീർന്നിരിക്കുന്ന ഒരുവന്റെ കൈയിൽ നി

ന്നു് സ്വന്തം പിതാവിനെയും രാജസിംഹാസനത്തെയും രക്ഷിച്ചെടുക്കുന്നതിനു വേണ്ട ഒത്താശകൾ ചെയ്തുതരേണമെന്നു് അഭ്യർത്ഥിച്ചു. രാജകുമാരന്റെ വാഗ്ദാനങ്ങൾ വളരെ ആകർഷണീയങ്ങളായിരുന്നു. അതായതു് ഗ്രീക്കു ശീശ്മനിവാരണം ചെയ്യാമെന്നും 2 ലക്ഷം മാക്കു് നാണയവും ഒരു വർഷത്തേക്കു വേണ്ട ആഹാരസാധനങ്ങളും വി: നാടു തിരിച്ചെടുക്കുന്നതിനു് കഴിയുന്ന സഹായവും നല്കുന്നതാണെന്നും, വിശിഷ്യാ പ്രതിവത്സരം 500 പ്രഭുക്കന്മാരെ വിശുദ്ധസ്ഥലസംരക്ഷണാർത്ഥം നിയമിച്ചുകൊള്ളുന്നതാണെന്നും ഗംഭീരമായി പ്രതിജ്ഞചെയ്തു. ഈ ഉടമ്പടി സ്വീകരിക്കുന്നപക്ഷം അവരുടെ മഹൽകാര്യനിർവഹണത്തിൽ ഒരു തൽക്കാലപ്രതിബന്ധം നേരിടാതിരിയ്ക്കയില്ലെന്നു് കണ്ടിട്ടും ഈ വാഗ്ദാനങ്ങൾ അവരെ ഹഠാകർഷിച്ചു. ഇപ്രകാരം സ്ലീവായോദ്ധാക്കൾ കോൺസ്റ്ററൻറിനോപ്പിളിലേയ്ക്കു തിരിച്ചു ആറു ദിവസംകൊണ്ടു് പട്ടണം കരഗതമാക്കി. വ്യാജഭൂപതി ഒളിച്ചോടി. യൌവനയുക്തനായ അലേക്സിസ് സിംഹാസനാരൂഢനായി. എന്നാൽ വിളംബംവിനാ, ചക്രവർത്തിയുടെ ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ അദ്ദേഹത്തെ നിഷ്ഠുരമായി ഞെക്കികൊന്നിട്ടു് സ്വയം സിംഹാസനം പ്രാപിച്ചു. ഇതിനെപ്പററി സ്ലീവാഭടന്മാർ ഒരാലോചനകൂടി അലേക്സിസിൻെറ അന്യായമായ വധത്തെപ്പററി പ്രതികാരം ചെയ്യേണ്ടതു് തങ്ങളുടെ കർത്തവ്യകർമ്മമാണെന്നു തീരുമാനിയ്ക്കുയും, അതിൻപ്രകാരം വീണ്ടും ഒരു യുദ്ധം നടത്തി പട്ടണം സ്വാധീനപ്പെടുത്തുകയും കൊള്ളചെയ്യുകയും ചെയ്തു. ഇങ്ങനെ കോൺസ്റ്ററാൻറിനോപ്പിൾ നഗരത്തിൻെറ അധിപതികൾ എന്ന നിലയിൽ തങ്ങളുടെ കൂട്ടത്തിൽനിന്നും ഒരുവനെ അവിടെ ചക്രവർത്തിയായി നിയമിക്കണമെന്നു നിശ്ചയിച്ചു. ഇപ്രകാരം ഫ്ലാൻേറാഷ്സിലെ പ്രഭുവായ ബോൾഡ്വിൻ എന്ന ദേഹം തൽസ്ഥാനത്തിനു യോഗ്യനായി തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ സുകൃതങ്ങളെ ഗ്രീക്കുകാർ പോലും വളരെ ആദരിച്ചിരുന്നു. ബോൾഡ്വിൻ വിശുദ്ധ സോഫ്യായുടെ ദേവാലയത്തിൽവെച്ചു് കിരീടധാരണം നടത്തി, പൌരസ്ത്യസാമ്രാട്ടു് എന്ന നാമധേയം സ്വീകരിച്ചു. ഇതു് 1204 ൽ അത്രെ നടന്നതു്. അനന്തരം സ്ലീവായോദ്ധാക്കൾ നവമായി ലഭിച്ച യൂറോപ്പിലെ സംസ്ഥാനങ്ങളിൽ ഏററം മെച്ചമായിട്ടുള്ള ഭാഗങ്ങൾ തങ്ങളുടെ ഇടയിൽ തന്നെ ഭാഗിച്ചെടുക്കുകയും, ഈ പുതിയ സംസ്ഥാനങ്ങളുടെ കാര്യനടപ്പിനെ ഉദ്ദേശിച്ചു് തിരുസ്ഥലം സ്വാതന്ത്ര്യപ്പെടുത്തുന്നതിനുള്ള യുദ്ധയാത്ര പരിത്യജിക്കയും ചെയ്തു. ഇപ്രകാരമാണു് ലത്തീൻ രാജ്യഭരണം കോൺസ്റ്ററാൻറിനോപ്പിളിൽ ആദ്യമായി സമാരംഭിച്ചതു്. ഒടുവിൽ ഗ്രീക്കുകാർ തങ്ങളുടെ പുരാതന രാജവംശത്തിൽപെട്ട മൈക്കാൾ

പലേലോഗ്ഗസ് എന്ന ദേഹത്തെ അവിടെ തങ്ങളുടെ രാജാവായി പ്രതിഷ്ഠിച്ചതുവരെ ലത്തീൻഭരണം നീണ്ടു നിൽക്കുകയും ചെയ്തു.

സ്ലീവായോദ്ധാക്കൾ ഏതു പരമോദ്ദേശങ്ങളോടുകൂടെ വെനീസിൽനിന്നും പുറപ്പെട്ടുവോ ആ ഉദ്ദേശങ്ങൾ വിസ്മരിച്ച്, കേവലം ലൌകികവും വ്യക്തിപരവുമായ അഭിലാഷങ്ങളിൽ ഉദ്യുക്തരായതിനെപ്പററി ഇന്നസെൻറ തൃതീയൻ എന്ന മാർപ്പാപ്പാ അത്യന്തം വ്യസനാക്രാന്തനും അസന്തുഷ്ടനുമായി തീർന്നതിനാൽ ഒരു കുരിശുയുദ്ധം കൂടി നടത്തണമെന്ന്, ക്രിസ്തീയരാജാക്കന്മാരെല്ലാവരോടും അഭ്യർത്ഥിക്കയും അങ്ങനെ അഞ്ചാമത്തു കുരിശുയുദ്ധം നടത്തുന്നതിന് 1215-ൽ നാലാമത്തെ ലാത്തറൻ സൂനഹദോസിൽ വെച്ചു നിശ്ചയിക്കയും ചെയ്തു. ആ മാർപ്പാപ്പായുടെ പിൻഗാമിയായ ഒണോരിയൂസ് തൃതീയൻ ഹംഗേറിയ രാജാവായ അന്ത്രയോസ് ദ്വിതീയനെ യുദ്ധയാത്രയുടെ നായകനായി നിയമിക്കുകയും, അദ്ദേഹത്തിൻെറ പടക്കൊടിക്കീഴിൽ ജർമ്മനി, ഫ്റാൻസ് ഈ രാജ്യങ്ങളിൽ നിന്ന് അസംഖ്യം യുദ്ധവീരന്മാർ വന്നുചേരുകയുമുണ്ടായി. ജെറുസ്ലേമിലെ രാജാവായി നിയമിക്കുന്നതിന് ഐകകണ്ഠ്യേന നിശ്ചയിച്ചിരുന്ന ജോൺഡെബ്രിയൻ എന്ന പ്രഭുവും ഈ കൂട്ടത്തിലുണ്ടായിരുന്നു. കുരിശുയുദ്ധസൈന്യം ഏക്കർ എന്ന സ്ഥലത്ത് എത്തിയതിനുശേഷം അന്ത്രയോസ് രാജാവ് യൂറോപ്പിലേയ്ക്കു മടങ്ങി. തദവസരത്തിൽ സമിയാറാം എന്ന പട്ടണം ക്രിസ്ത്യാനികൾ പിടിച്ചടക്കി. എന്നാൽ ഒരു ഭയങ്കരസാംക്രമികരോഗം സൈന്യത്തെ ബാധിക്കയും നേതാക്കന്മാരുടെ ഇടയിൽ ഭിന്നതകൾ ജനിക്കയും ചെയ്തതുകൊണ്ട് സ്ലീവായോദ്ധാക്കൾക്ക് ലജ്ജാവഹമായ പരാജയത്തിനിടവന്നു. തൽഫലമായി ജോൺഡെബ്രിയൻ പ്രഭുവിനെ മഹമ്മദീയരുടെ അധീനത്തിൽ ജാമ്യമായി ഏൾപ്പിച്ചുകൊണ്ട് ഈജിപ്റ്റിൽ നിന്നും സ്ലീവായോദ്ധാക്കന്മാർ തിരികെ പോന്നു.

ജർമ്മൻചക്രവർത്തിയായ ഫ്റെഡറിക്കു ദ്വിതീയൻ ഒരു വ്രതം നിറവേററുന്നതിനായി നടത്തിയതാണ് ആറാമത്തെ കുരിശുയുദ്ധം. എന്നാൽ അദ്ദേഹം പല സത്യവാഗ്ദാനങ്ങളും വ്രതങ്ങളും നേർച്ചകളും ലംഘിക്കയാൽ, മഹറോൻശിക്ഷയിലുൾപ്പെട്ടിരുന്ന അവസരത്തിലത്രേ ഈ യുദ്ധയാത്രക്കു പുറപ്പെട്ടത്. ഫ്റെഡറിക്കാകട്ടെ ജെറുസ്ലേം തിരിച്ചു കിട്ടത്തക്കവിധം സുൽത്താൻ മെലെഡീനുമായി ചില ഉടമ്പടികൾ ചെയ്തു. അതിനുശേഷം താൻ ജെറുശലേമിൻെറ രാജാവായി കിരീടം ധരിപ്പിക്കപ്പെടണമെന്ന് ഒരു വലിയ ആഗ്രഹം രാജാവിനുണ്ടായി. എന്നാൽ മഹറോൻശിക്ഷയിലുൾപ്പെട്ടിരുന്ന ഒരു ഭൂപതിയെ നിയമാനുസരണം കിരീടം ധരിപ്പിക്കുന്നതിന് മെത്രാന്മാക്ക് സമ്മതമുണ്ടായില്ല. പതിനാറു

സംവത്സരം കഴിഞ്ഞു് ആ വിശുദ്ധനഗരം വീണ്ടും മഹമ്മദീയരുടെ അധീനത്തിലായി. അതിനെ അവരുടെ കയ്യിൽ നിന്നും വീണ്ടെടുക്കുന്നതിന് അവസാനപരിശ്രമം ചെയ്തതു് ഫ്രാൻസിലെ രാജാവായ ലൂയിസ് ഒൻപതാമനായിരുന്നു.

## § ൯. വി. ഫ്രാൻസിസ് അസ്സീസി, വി. ഡൊമിനിക്ക്.

## 1204—1221.

കോൺസ്റ്റാന്റിനോപ്പിൾ നഗരം കത്തോലിക്കരുടെ അധീനത്തിലായതിൽ സിദ്ധിച്ച വിജയത്തേക്കാൾ ശ്രേഷ്ഠമായ സംഭവമാണ് അക്കാലഘട്ടത്തിൽ തന്നെ നടന്ന, ഫ്രാൻസിസ്കൻ, ഡോമനിക്കൻ എന്നു് ഏററം പ്രസിദ്ധമായ രണ്ടു സന്യാസസഭകളുടെ സ്ഥാപനം.

ഫ്രൻസിസ്കൻ സഭാസ്ഥാപകനായ വി. ഫ്രാൻസിസ് ഇററലിയിലെ ഒരു ചെറിയനഗരമായ അസീസിയിൽ ജനിച്ചു. ഒരു വലിയ ധനികനും, കച്ചവടക്കാരനുമായിരുന്ന അദ്ദേഹത്തിന്റെ പിതാവു് ഫ്രാൻസിസിനെ കച്ചവടത്തിൽ ഏർപ്പെടുത്തുന്നതിനുദ്ദേശിച്ചു്, തൽസംബന്ധമായ പഠനം നൽകിവന്നു. ബാല്യ ദശയിൽ ഫ്രാൻസിസ് മതവിഷയങ്ങളേക്കാൾ ലൌകീകസന്തോഷങ്ങളിൽ കൂടുതൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നെങ്കിലും സാധുക്കളോടുള്ള അനുകമ്പയും, ആർദ്രതയും, അദ്ദേഹത്തെ സുപ്രസിദ്ധനാക്കി. ഒരിക്കൽ അദ്ദേഹത്തോടു ഭിക്ഷയാചിച്ച ഒരു സാധുവിനെ ഉപേക്ഷിക്കനിമിത്തം ഉണ്ടായ പശ്ചാത്താപത്താൽ മേലിൽ ഒരു യാചകനേയും ദൈവസ്നേഹത്തെ കുറിച്ചു് സംത്യജിക്കയില്ലെന്നു പ്രതിജ്ഞ ചെയ്തു. തനിക്കുപിടിപെട്ട അത്യാപൽക്കരമായ ഒരു രോഗം കുറേക്കാലത്തേയ്ക്കു ലൌകീകാഡംബരങ്ങളിൽ നിന്നദ്ദേഹത്തെ വിമുക്തനാക്കിയെങ്കിലും വീണ്ടും സുഖപ്രാപ്തനായി തീർന്നപ്പോൾ ലൌകീകസന്തോഷങ്ങളിലേയ്ക്കു് തന്നെ പിൻതിരിഞ്ഞു, എങ്കിലും ദരിദ്രന്മാരോടുള്ള സ്നേഹം പ്രതിദിനം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഒരിയ്ക്കൽ നികൃഷ്ടവസ്ത്രം ധരിച്ചിരുന്ന ഒരു ഭിക്ഷുവിനെ കണ്ടുമുട്ടിയ മാത്രയിൽ അദ്ദേഹത്തിനുണ്ടായ ദയാതിരേകത്താൽ താൻ ധരിച്ചിരുന്ന പുതിയ വസ്ത്രം ഊരി അവനു ദാനം ചെയ്തു. ഒടുവിൽ ദൈവീക പ്രേരണയ്ക്കു വശംവദനായി ലോകത്തെ പരിത്യജിച്ചു് ദൈവമഹത്വത്തിനായി സ്വയം പ്രതിഷ്ഠിക്കുന്നതിനു തീരുമാനിച്ചു ഒരവസരത്തിൽ അരോചകവും വെറുപ്പും അദ്ദേഹത്തിൽ ജനിപ്പിക്കത്തക്ക ഒരു കുഷ്ഠ

രോഗിയെ കണ്ടയുടനെ മശിഹായുടെ ശുശ്രൂഷയിൽ തനിക്കു ഒന്നാമതായി ചെയ്യാനുണ്ടായിരുന്ന ആത്മപരിത്യാഗമാണെന്നു ചിന്തിച്ചുകൊണ്ടു് കുതിരപ്പുറത്തുനിന്നിറങ്ങി ആ കുഷ്ഠരോഗിക്കു് ധൎമ്മം കൊടുത്തു അയാളെ ചുംബിക്കയും ചെയ്തു. ഫ്റാൻസിസ് അന്നുമുതൽ ദൈവപ്രസാദത്തിൽ ശീഘ്രം വളൎന്നു് ഒരു പുതിയ മനുഷ്യനായിതീൎന്നു. നമ്മുടെ കൎത്താവീശോമിശിഹായുടെ പീഢാനുഭവങ്ങളെപ്പററി സൗകൎയ്യമായി ധ്യാനിക്കുന്നതിനു കിട്ടിയിരുന്ന ഏകാന്തവാസമായിരുന്നു അദ്ദേഹത്തിൻെറ അതിയായ ആനന്ദം. അദ്ദേഹത്തിൻെറ ലോകനിന്ദയും, നിസ്തുല്യമായ ദാരിദ്ര്യസ്നേഹവും ഗ്രഹിച്ചുകൊണ്ടു് അത്യന്തം സന്തുഷ്ടനായ പിതാവു് ഫ്റാൻസീസിനോടു് കൎക്കശമായി പെരുമാറുകയും അവസാനം അവകാശഭ്രഷ്ടനാക്കുകയും ചെയ്തു. അപ്പോൾ പൂൎവ്വാധികം തന്നെ ധനികനായി കരുതിയിരുന്ന ഫ്റാൻസിസ് "ഭൂമിയിലെ എൻെറ പിതാവു് എന്നെ തള്ളിക്കളഞ്ഞു, ഇനി സ്വൎഗ്ഗസ്ഥനായ എൻെറ പിതാവിനു് എന്നെ ഭരമേല്പിക്കാം" എന്നു പറഞ്ഞു അതിൻെറ ശേഷം 'പോർസിയുൻകുള' അഥവാ മാലാഖമാരുടെ രാജ്ഞി എന്ന നാമധേയമുള്ള ഒരു ചെറുദേവാലയത്തിൽ ഏകനായി വസിച്ചു് കുഷ്ഠരോഗികളെ പരിചരിക്കുന്നതിലും, സ്വഭാവത്തിനു തീരെ പ്രതികൂലവും നികൃഷ്ടവുമായ പരസ്നേഹപ്രവൃത്തികളിലും തൻെറ സമയം വിനിയോഗിച്ചിരുന്നു. ഒരു ദിവസം ദേവാലയത്തിൽവെച്ചു് നമ്മുടെ കൎത്താവു് തൻെറ ശിഷ്യന്മാരോടു് "നിങ്ങളുടെ മടിശ്ശീലയിൽ, സ്വൎണ്ണമോ, വെള്ളിയോ, പണമോ, ഒന്നും ഉണ്ടാകരുതെന്നും, രണ്ടു കുപ്പായമാകട്ടെ, ചെരുപ്പാകട്ടെ, ഒരു വടിയാകട്ടെ വച്ചിരിക്കരുതെന്നും", അരുളിച്ചെയ്ത തിരുവചനങ്ങൾ ശ്രവിച്ചമാത്രയിൽ ഒരു പുതിയ വെളിച്ചം അദ്ദേഹത്തിൻെറ ആത്മാവിൽ ഉത്ഭൂതമായി. തൽഫലമായി തൻെറ ചെരിപ്പും, വടിയും ഉപേക്ഷിക്കയും, കൈവശമുണ്ടായിരുന്ന പണം സാധുക്കൾക്കായി വീതിച്ചുകൊടുക്കയും ചെയ്തശേഷം നീണ്ട ഒരു പുറംകുപ്പായവും, അരയിൽ ഒരു കയറും ധരിച്ചു. അനന്തരം ഏററവും ലളിതവും ഭക്തിസംവൎദ്ധകവും ആകൎഷണീയവുമായ വാക്കുകളാൽ ജനങ്ങളുടെ ഇടയിൽ പ്രസംഗിച്ചു് അവരെ പശ്ചാത്താപത്തിനു പ്രേരിപ്പിച്ചിരുന്നു. താമസംവിനാ തപക്രിയകളിലും ഭക്തിതീക്ഷ്ണതയിലും അദ്ദേഹത്തെ അനുകരിപ്പാൻ സന്നദ്ധരായ ശിഷ്യഗണങ്ങളാൽ വിശുദ്ധൻ ആവൃതനായി ഇപ്രകാരം അദ്ദേഹം സകലരോടും ദൈവവചനം അറിയിച്ചുകൊണ്ടു് ദൈവത്തെ ഭയപ്പെട്ടു സ്നേഹിപ്പാനും, ദൈവകല്പനകൾ കാത്തുകൊള്ളുവാനും ഉൽബോധിപ്പിച്ചിരുന്നു. ശ്രോതാക്കളിൽ ചിലർ ഭക്തിബഹുമാനപുരസ്സരം ശ്രവിക്കയും, മററു ചിലർ അവരുടെ താ

ണതരം വസ്ത്രത്തേയും, കഠിനമായ തപോജീവിതത്തേയും അവഹേളിക്കയും ചെയ്തിരുന്നു. അവർ എവിടെയുള്ളവരെന്നും, അവരുടെ ഉദ്യോഗം എന്തെന്നും, ചോദിച്ചുകൊണ്ടു് അവരെ പരിഹസിക്കയും, പലപ്പോഴും ഗൃഹങ്ങളിൽ സ്വീകരിക്കാതിരുന്നതിനാൽ രാത്രികാലങ്ങൾ പള്ളിവാതുക്കൽ കഴിക്കേണ്ടതായി വരികയും ഉണ്ടായി. ചിലപ്പോൾ അവരെ ദേഹോപദ്രവം ഏൾപ്പിക്കയും അധിക്ഷേപിക്കയും ചെയ്തിരുന്നതിനുപുറമെ പ്രത്യേകം പരിശീലിപ്പിക്കപ്പെട്ട കുട്ടികൾ അവരെ കല്ലും മണ്ണും വാരി എറിയുകയും ഉണ്ടായിട്ടുണ്ടു്. എങ്കിലും തങ്ങളുടെ ദിവ്യഗുരുവിൻെറ സ്തുതിയ്ക്കായി ഇപ്രകാരം പീഡിപ്പിക്കപ്പെടുവാൻ ഇടയായതിൽ അതിയായ ആനന്ദത്തെ അവർ പ്രദർശിപ്പിച്ചിരുന്നു. ഒടുവിലാകട്ടെ ഈ പുണ്യാത്മാക്കളുടെ പരമാർത്ഥതൽപരത, സഹനശീലം, ഇത്യാദി ഗുണങ്ങൾ ജനങ്ങളുടെ ദുരഭിപ്രായങ്ങളെ പാടേ വിപാടനം ചെയ്കയും, സകലരുടേയും ബഹുമാനാദരവുകൾക്കു പാത്രീഭവിക്കയും ചെയ്തു.

തൻെറ അനുയായികളുടെ സംഖ്യ വർദ്ധിച്ചുവരുന്നതുകണ്ടു് വി: ഫ്രാൻസീസ് വാസ്തവത്തിൽ സുവിശേഷസൽബുദ്ധികളുടെ അനുവർത്തനം അടങ്ങിയ ഒരു ജീവിതക്രമം എഴുതി ഉണ്ടാക്കി. ബാഹ്യമായ നടപടികളിൽ ഐകരൂപ്യം ഉണ്ടാകത്തക്കവണ്ണം ഏതാനും ലഘുനിയമങ്ങളും അതിനോടുകൂടിച്ചേർത്തു്, ഒരു സഭാനിയമം രൂപവൽകരിച്ചു. അനന്തരം, വിശുദ്ധൻ റോമ്മിൽപോയി ഇന്നസെൻറ് തൃതീയൻ എന്ന പരിശുദ്ധപിതാവിനെ കണ്ടു് അദ്ദേഹത്തിൽനിന്നു് അംഗീകരണം വാങ്ങിച്ചു. പിന്നീടു് ബെനഡിക്റ്റൻ സഭക്കാരിൽ നിന്നു ദാനമായി കിട്ടിയ പൊർസ്യുങ്കുള (Portiuncula) എന്ന സ്ഥലത്തു തൻെറ ചെറുസംഘത്തെ ഒരുമിച്ചുകൂട്ടി, തൻെറ ആദർശം അനുസരിച്ചു സഭാംഗങ്ങളെ സന്യാസാനുഷ്ഠാനത്തിൽ യഥോചിതം പരിശീലിപ്പിച്ചു. അവർ എങ്ങനെ ദൈവപ്രസാദത്തിൽ അഭിവൃദ്ധിപ്രാപിക്കണമെന്നും, ആത്മാക്കളെ മിശിഹായ്ക്കായി എങ്ങനെ നേടണമെന്നും അവരെ ഉൽബോധിപ്പിക്കയും, സർവ്വോപരി വി. റോമ്മാസഭയുടെ വിശ്വാസത്തിൽ എത്ര ഗാഢമായി ഐക്യപ്പെട്ടിരിക്കേണ്ടതാണെന്നു് ഉപദേശിക്കയും ചെയ്തു. ദൈവരാജ്യം, ലോകനിന്ദ, ആത്മപരിത്യാഗം, ശരീരനിഗ്രഹം ഇത്യാദികളെപ്പററി വളരെ ശക്തിമത്തായി സംസാരിച്ചശേഷം വിശേഷാൽ ഇപ്രകാരം പ്രസ്താവിച്ചു. "മനുഷ്യരാൽ നാം നിന്ദിക്കപ്പെടുകയും, അവഹേളിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടു് ഒട്ടും ഭയപ്പെടേണ്ടതില്ല. ലോകത്തെ ജയിച്ച ദൈവത്തിൽ നിങ്ങൾ ശരണപ്പെടുവിൻ; നിങ്ങളെ ഉപദ്രവിക്കുന്ന മൂഢന്മാരെ നിങ്ങൾ കാണും; അപ്പോൾ ക്ഷമയോടെ സഹിക്കുന്നതിനു പഠിച്ചി

രിക്കണം". അനന്തരം രക്തസാക്ഷികിരീടം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ സിറിയായിലും, ഈജിപ്തിലും, മതം പ്രസംഗിക്കുന്നതിനുള്ള ഭാരം സ്വയമേവ സ്വീകരിച്ചുകൊണ്ട്, മററുള്ള രാജ്യങ്ങളിൽ പ്രസംഗിക്കുന്നതിന് തൻെറ ശിഷ്യഗണത്തെ വിഭജിച്ചു നാനാദിക്കിലേയ്ക്കുമയച്ചു. വി. ഫ്റാൻസിസ്സ് ഒരു സഹോദരനോടുകൂടി സുൽത്താൻ മെലഡിൻ അപ്പോഴും വസിച്ചിരുന്ന ഡമിയേററ എന്ന വിശ്രുതപട്ടണത്തിലേയ്ക്കു പോയി. പുണ്യവാനെ ദർശിച്ച മാത്രയിൽ, തന്നെ ആരാണ് അയച്ചത് എന്നു സുൽത്താൻ ചോദിച്ചു. അതിനു "അങ്ങേയ്ക്കും, അങ്ങയുടെ ജനത്തിനും സ്വർഗ്ഗപാഥയെ കാണിച്ചുതരുന്നതിനായി, അത്യുന്നതനും, ജ്ഞാനപൂർണ്ണനുമായ സർവ്വേശ്വരൻ എന്നെ അയച്ചിരിക്കുന്നു" എന്നു ധീരചിത്തനായി മറുപടിപറഞ്ഞു വിസ്മയഭരിതനായ സുൽത്താൻ അയാളോടുകൂടെ താമസിക്കുന്നതിനു വിശുദ്ധനെ ക്ഷണിച്ചു. അപ്പോൾ വിശുദ്ധൻ പറഞ്ഞു "അങ്ങും പ്രജകളും മാനസാന്തരപ്പെടുന്ന പക്ഷം സസന്തോഷം ഞാൻ ഇവിടെ വസിക്കാം. എന്നാൽ ക്രിസ്തുവേദത്തെപ്രതി മഹമ്മദിൻെറ വേദം പരിത്യജിക്കുന്നതിൽ നിങ്ങൾക്കശേഷം സന്ദേഹം ജനിക്കാതിരിപ്പാൻവേണ്ടി, ഒരു തീച്ചൂളകൂട്ടി അതിൽ ഞാനും അങ്ങയുടെ വൈദികരും ഒന്നിച്ചു നടക്കാം. അപ്പോൾ ദൈവം ആരെയാണ് സംരക്ഷിക്കുന്നതെന്നു നിങ്ങൾക്കു ബോദ്ധ്യമാകുമല്ലോ". സുൽത്താൻ ചിരിച്ചുകൊണ്ട് ഇതിനു മറുപടി പറഞ്ഞു "ഈ വാദം അനുസരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങളുടെ വൈദികരിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. മാത്രമല്ല, വലിയ ബഹളംകൂടി ഉണ്ടായേക്കുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു". എന്നുവരികിലും സുൽത്താനു വിശുദ്ധൻെറ ഈ സംഭാഷണം വളരെ രസിച്ചു. അയാൾ വിശുദ്ധനു സമ്മാനിച്ച വിലയേറിയ സമ്മാനങ്ങൾ തിരസ്കരിച്ചതിൽ അത്ഭുതപരതന്ത്രനായിത്തീൎന്നു. ഫ്റാൻസിസ്സ് യാത്രപറഞ്ഞപ്പോൾ, പിതാവേ! ദൈവത്തിനു ഏററം പ്രസാദിച്ച മതം ഏതെന്ന് എന്നെ കാണിക്കുവാനും അതു് ആശ്ലേഷിക്കുവാൻ തക്ക മനോധൈര്യം എനിക്കു നൾകുവാനും അങ്ങ് ദൈവത്തോടു പ്രാൎത്ഥിക്കണേ" എന്നു സുൽത്താൻ അൎത്ഥിച്ചു.

ഈജിപ്തിൽനിന്നു മടങ്ങി വന്ന ശേഷം ഫ്റാൻസിസ്സ് തൻെറ സഭയുടെ ഒരു പൊതുയോഗം അസ്സീസി പട്ടണത്തിൽ വിളിച്ചുകൂട്ടി. അയ്യായിരത്തോളം സഭാംഗങ്ങൾ അതിൽ സന്നിഹിതരായിരുന്നു. അവരിൽ ചിലർ, തങ്ങൾക്കു ലോകത്തിൽ എവിടെയും, സ്ഥലത്തെ മേലദ്ധ്യക്ഷൻെറ അനുമതി കൂടാതെ, പ്രസംഗിക്കുന്നതിനു പരിശുദ്ധ പിതാവിൽനിന്നും അനുവാദം വാങ്ങിച്ചു കൊടുക്കുന്നതിനു നിർബന്ധിച്ചു

ള്ളോൾ വിശുദ്ധൻ കൊടുത്ത സമാധാനം ഏററം അനുകരണീയമായിരുന്നു. "എൻെറ വാത്സല്യ സഹോദരന്മാരേ! ദൈവചിത്തം നിങ്ങൾക്കജ്ഞാതമോ? മേലദ്ധ്യക്ഷന്മാരെ നാം വിനയാദരവുകൾകൊണ്ടു സ്വാധീനപ്പെടുത്തുകയും, നമ്മുടെ ഉപദേശവും സന്മാതൃകയും വഴിയായി അവരുടെ ആട്ടിൻകൂട്ടത്തെ നാം നേടുകയും ചെയ്യണമെന്നുള്ളതാണു ദൈവതിരുമനസ്സ്. നാം പരിശുദ്ധ ജീവിതം നയിക്കുന്നുവെന്നും, അവരുടെ അധികാരത്തെ ദുർബലപ്പെടുത്തുന്നതിനു നാം അണുമാത്രം പോലും ആഗ്രഹിക്കുന്നില്ല എന്നും മെത്രാന്മാർ കാണുമ്പോൾ തങ്ങളുടെ സൂക്ഷ്മത്തിനു ഭരമേല്പിക്കപ്പെട്ട ആത്മാക്കളെ പരിരക്ഷിക്കുന്നതിനു് അവർ നമ്മോടാജ്ഞാപിക്കാതിരിക്കയില്ല. യാതൊരു വിശേഷ സ്വാതന്ത്ര്യവും നമുക്കില്ലെന്നുള്ളതു നമ്മുടെ ഒരു വിശേഷ വരമായിരിക്കട്ടെ". തൻെറ മരണം ആസന്നമായിരിക്കുന്നു എന്നറിഞ്ഞു് വിശുദ്ധൻ പൂർവ്വാധികം തീക്ഷ്ണതയോടെ തപോജീവിതം തുടങ്ങി. മരിക്കുന്നതിനല്പം മുമ്പു് കർത്താവിൻെറ പീഡാനുഭവചരിത്രം വായിച്ചു കേട്ടശേഷം 141-ാം സങ്കീർത്തനം ചൊല്ലി. "കർത്താവേ! നീ പ്രതിഫലം തരുന്നതിനായി നീതിമാന്മാർ കാത്തിരിക്കുന്നു" എന്ന അവസാനവാക്കുകൾ ഉച്ചരിച്ചുകൊണ്ടു ഭാഗ്യമരണം പ്രാപിച്ചു. ഈശോമിശിഹായുടെ ചിഹ്നങ്ങളായ (Stigmata) അഞ്ചു് തിരുമുറിവുകൾ ദേഹത്തിൽ ധരിക്കുന്നതിനുള്ള അസാധാരണവരം ഈ വിശുദ്ധനു സിദ്ധിച്ചു. അദ്ദേഹത്തിൻെറ സഭക്കാർ ചെറുസഹോദരങ്ങൾ എന്നർത്ഥമുള്ള Friors minor എന്ന നാമത്താലാണു് അറിയപ്പെടുന്നതു്.

ഡൊമിനിക്കൻ സഭാസ്ഥാപകനായ വി. ഡൊമിനിക്കു സ്പെയിനിലെ ഏററം ശ്രേഷ്ഠമായ ഒരു കുടുംബത്തിൽ ജാതനായി. ആത്മാക്കളുടെ പരിത്രാണാർത്ഥം വിശിഷ്യാ, അബദ്ധത്തിൻെറയും, പാഷണ്ഡതയുടെയും അന്ധകാരത്തിൽ നിമഗ്നരായ ആത്മാക്കളുടെ മാനസാന്തരാർത്ഥം വേലചെയ്യണമെന്നുള്ള ആഗ്രഹം ബാല്യം മുതൽക്കേ അദ്ദേഹത്തിൽ അങ്കുരിച്ചിരുന്നു. ഈ ഭക്തിതീക്ഷ്ണതയെ പ്രയോഗിക്കുന്നതിനുള്ള അവസരവും കാലവിളംബമെന്യേ ലഭിച്ചു. എങ്ങിനെയെന്നാൽ ഓസ്മായിലേ പള്ളിയിൽ ഉണ്ടായിരുന്ന കാനോനിക വൈദീകരിൽ ഒരാളായി അദ്ദേഹം ചേർക്കപ്പെട്ടു. ആ അവസരത്തിൽ ഫ്രാൻസിൽ പ്രോവിൻസ് എന്ന സ്ഥലത്തു് മതവിപരീതങ്ങളായ ആക്രമങ്ങൾ സർവ്വത്ര നടത്തിക്കൊണ്ടിരുന്ന അൽബിജിയൻസ് പാഷണ്ഡമതക്കാരെ ഉപദേശിച്ചു് സത്യവിശ്വാസത്തിലേയ്ക്കു തിരിയെക്കൊണ്ടുവരുന്നതിനുള്ള ഒരു മിഷ്യൻജോലി ഇന്നസെൻറു തൃതീയൻ എന്ന മാർപ്പാപ്പാ ഓസ്മായി

ലെ മെത്രാനായ ദോൻദിയോഗോ എന്ന ദേഹത്തെ ഏറ്റംപ്പിക്കയുണ്ടായി. ഇപ്രകാരം ഈ പ്രേഷിതജോലിക്ക തന്റെ മെത്രാനേ അനുഗമിച്ച ഫാദർ ഡൊമിനിക്ക്, ഈ ഇടത്തുട്ടുകാരുടെ മാനസാന്തരത്തിനായി അജയ്യമായ തീക്ഷ്ണതയോടുകൂടി വളരെ അദ്ധ്വാനിച്ചു ഈ പാഷണ്ഡികൾ പല ശാഖകളായി ഭിന്നിച്ചിരുന്നെങ്കിലും സഭയുടെ ആധികാരത്തേയും, കൂദാശകളേയും, സഭാനിയമങ്ങളേയും പാടേ ഐകകണ്ഠ്യേന നിഷേധിച്ചിരുന്നു. പ്രസ്തുത മതഭ്രാന്തർ ഒരു വലിയ സംഘമായി കൂടി നഗരികളേയും ഗ്രാമങ്ങളേയും ശൂന്യമാക്കുക, അവരുടെ കൈകളിൽ അകപ്പെടുന്ന പുരോഹിതന്മാരെ കൊലചെയ്യുക, ദേവാലയങ്ങളെ അശുദ്ധമാക്കുക, തിരുപ്പാത്രങ്ങളെ നശിപ്പിക്കുക മുതലായ നികൃഷ്ട പ്രവൃത്തികൾ ചെയ്തിരുന്നു. പ്രേഷിതർ ഈ അപകടവും, ജോലിയിലുള്ള വിഷമതയും മനസ്സിലാക്കിയിരുന്നുവെങ്കിലും സുവിശേഷത്തെപ്രതി അവരുടെ ജീവൻ ബലികഴിപ്പാൻ സന്നദ്ധരായിരുന്നു. അവർണ്ണനീയമായ നാശമാർഗ്ഗത്തിൽനിന്നും സർവ്വശക്തൻ വിസ്മയനീയമായ വിധത്തിൽ അവരെ രക്ഷിച്ചു. ഘാതകന്മാർ ഒരിക്കൽ ഡൊമിനിക്കിനെത്തന്നെ പിടികൂടുന്നതിന് ഒളിച്ചിരുന്നു; എന്നാൽ അദ്ദേഹം അവരിൽനിന്നും രക്ഷിക്കപ്പെട്ടു. അവരാൽ പിടിക്കപ്പെട്ടിരുന്നു എങ്കിൽ താൻ എന്തുചെയ്യേനേ എന്നു ചോദിച്ചപ്പോൾ പറഞ്ഞ ഉത്തരം ശ്രദ്ധേയമാണ്. അതിപ്രകാരമായിരുന്നു "ദൈവത്തിനു ഞാൻ ഉപകാരസ്മരണ ചെയ്കയും, പരലോകത്തിലുള്ള എന്റെ മുടി കൂടുതൽ മഹിമയേറിയതായിത്തീരുവാൻ വേണ്ടി എന്റെ പീഢകളെ വർദ്ധിപ്പിക്കാൻ ഞാൻ യാചിക്കയും ചെയ്യേനേ". പ്രേഷിതർ പാഷണ്ഡികളുമായി പല പ്രസംഗയോഗങ്ങൾ നടത്തുകയും ഏതാനും വ്യക്തികൾ മാനസാന്തരപ്പെടുകയും ഉണ്ടായിട്ടുണ്ട്. എങ്കിലും അൽബിജേൻസിയരിൽ ഭൂരിപക്ഷവും വിദ്വേഷികളായിത്തീരുകയാണുണ്ടായത്. അതിപൈശാചികമായ ഘോരതയിലും, ക്രൂരതയിലും നിമഗ്നനായിരുന്ന ടൌലൂസിലെ പ്രഭുവായ റൈമുണ്ട് എന്ന ദേഹം അവർക്കു വേണ്ട ഒത്താശകൾ ചെയ്തിരുന്നു. ഇതിനാൽ അവർക്കു വിരോധമായി ഒരു കുരിശുയുദ്ധം പ്രഖ്യാപനം ചെയ്യപ്പെട്ടു. അതു അവരുടെ മതവൈപരീത്യത്തേക്കാൾ അവർ പൊതുസമാധാനത്തിനു ഭംഗം വരുത്തുകയും സമുദായത്തിന്റെ അസ്ഥിവാരനിയമങ്ങളെ ഇളക്കിമറിക്കയും ചെയ്തുകൊണ്ടായിരുന്നു. ഈ കലഹക്കാരായ ഇടത്തുട്ടുകാരെ അമർത്തി സമാധാനം പരിപാലിക്കുന്നതിനു സൈന്യനായകനായി നിയമിക്കപ്പെട്ടതു് സൈമൻദ് മോൺദ്ഫോർട്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഭടന്മാർ പ്രവൃത്തിച്ച കുടിലതകൾ പ്രഥമവിക്ഷണത്തിൽ ന്യായരഹിതങ്ങ

ളായിരുന്നുവെങ്കിലും പാഷണ്ഡികളുടെ അതിഭയങ്കരമായ ഘോരകൃത്യങ്ങളും തന്മൂലം ഉണ്ടായിട്ടുള്ള വെറുപ്പും ദ്വേഷവും താരതമ്യപ്പെടുത്തുമ്പോഠം അവ തുച്ഛങ്ങളെന്നു സമാധാനപ്പെടാവുന്നതാണ്. ഈ സമരത്തിൽ വി.ഡോമിനിക്ക് യാതൊരു വിധത്തിലും ഭാഗഭാക്കായിരുന്നില്ല. അദ്ദേഹം പ്രയോഗിച്ച ആയുധങ്ങഠം സൌമ്യതയും സഹനശീലവും വേദവാക്യങ്ങളുമായിരുന്നു. മതമൂർഖരായ പാഷണ്ഡികഠംക്കു സിദ്ധിപ്പാനിരുന്ന അതികഠിനമായ ദൈവശിക്ഷയെ നീക്കുന്നതിന് അദ്ദേഹം ശ്രമിച്ചിരുന്നു. എന്നാൽ കുരിശുയുദ്ധക്കാരിൽ വളരെ:പേരും ദ്രവ്യാഗ്രഹികളും സ്വാതന്ത്ര്യേച്ഛുക്കളും ആയിരുന്നതുകൊണ്ട് പാഷണ്ഡികളുടെ മാനസാന്തരത്തിനെന്നപോലെ അവരുടെ മാനസാന്തരത്തിനും തിക്ഷ്ണതയോട്ട് അദ്ദേഹം പ്രയത്നിച്ചു.

ഇത്തരുണത്തിൽ പ്രേഷിതഗുരുക്കളുടെ ഒരു സഭ സ്ഥാപിക്കുന്നതിന് വലുതായ ഒരഭിലാഷം അദ്ദേഹത്തിൻെറ ഉള്ളിൽ ജനിച്ചു. ഈ സഭക്കാരുടെ ഉദ്ദേശ്യം പ്രഥമമായി സന്യാസജീവിതത്തിലെ വിവിധാഭ്യാസങ്ങഠം വഴിയായി തങ്ങളെത്തന്നെ പരിശുദ്ധരാക്കണമെന്നും അനന്തരം വിശ്വാസപ്രചാരത്തിനും, തങ്ങളുടെ അയൽക്കാരുടെ വിശുദ്ധീകരണത്തിനും അക്ഷീണമായി പരിശ്രമിക്കാമെന്നുമുള്ളതായിരുന്നു. ഈ ഉദ്ദേശ്യങ്ങഠം അനുസരിച്ചു തന്നെ അനുഗമിക്കുവാൻ സന്നദ്ധരായ ഏതാനും സഖാക്കളെ ഒരുമിച്ചുകൂട്ടി. ടൌളൂസിലെ മെത്രാൻ ഇദ്ദേഹത്തിൻെറ ദിവ്യോദ്ദേശ്യത്തെ സവ്വാത്മനാ സഹായിക്കയും മാർപ്പാപ്പായുടെ അംഗീകരണം ലഭിക്കുന്നതിലേയ്ക്കു് ഫാദർ ഡൊമിനിക്കിനെ തൻെറകൂടെ റോമിലേയ്ക്കു് കൊണ്ടുപോകുകയും ചെയ്തു. അല്പമായ താമസത്തിനുശേഷം, പരിശുദ്ധപിതാവു് ഈ പുതിയ സഭയെ സ്വീകരിക്കയും, അരിൻെറ നിയമങ്ങളെ സ്ഥിരമായി ഉറപ്പിക്കയും ചെയ്തു. തദനന്തരം മെത്രാനവർകഠം ടൌളൂസിലേ വി. റോമാനൂസിൻെറ പള്ളിയേ ഈ സഭക്കാക്കു വിട്ടുകൊടുത്തു. ഈ സ്ഥാപനത്തിനു ഭക്തരായ പട്ടണവാസികഠം ധാരാളം ധനസഹായം ചെയ്തിരുന്നു. ആ പട്ടണവാസികളുടെ മാതൃക അനുസരിച്ചു് ആ ദേശം മുഴുവനിലുമുള്ള ധമ്മിഷ്ഠന്മാർ ഇവരെ സഹായിച്ചതിനാൽ വേഗത്തിൽ ഈ പുതിയ സഭയ്ക്കു് ആശ്രമങ്ങഠം, മോൻട്പെല്ലിയർ, ബയോൻ, ലയൻസു് മുതലായ പലേ പട്ടണങ്ങളിലും സ്ഥാപിതങ്ങളായി. പ്രാസംഗികന്മാർ എന്ന അഭിധാനത്തിൽ അറിയപ്പെട്ടിരിക്കുന്ന ഈ സന്യാസികളുടെ കീത്തി അതിശീഘ്രം നാനാ ദിക്കുകളിലും വ്യാപിക്കയാൽ ഉന്നതസ്ഥാനങ്ങളിൽ സ്ഥിതിചെയ്തിരുന്ന അനേകം ആളുകഠം ഈ സഭയുടെ അംഗങ്ങളായി. ഈ വിശുദ്ധ സഭാപിതാ

വ്വ് ജനങ്ങളുടെയിടയിൽ മനസ്താപത്തേക്കുറിച്ചു പ്രസംഗിക്കുന്നതിനും, ഇടത്തൂട്ടുകാരുടെ ആക്രമങ്ങളിൽനിന്നു വിശ്വാസശുദ്ധിയേ ആദരിച്ചു് പാലിക്കുന്നതിനും വേണ്ടി തൻെറ സഭാംഗങ്ങളിൽ ഒരു നല്ല സംഖ്യയെ മററു പല രാജ്യങ്ങളിലേയ്ക്കയച്ചു. ഇവരിൽ ഏഴുപേർ പാരീസിൽ വന്നു് വി. കവിൻറീനോസിൻെറ ദേവാലയത്തിലെ പ്രധാനാചാര്യൻെറ സഹകരണത്തോടുകൂടി വി യാക്കോബിൻെറ മന്ദിരം എന്ന സുപ്രസിദ്ധ സ്ഥാപനത്തിൽ വസിച്ചു. തന്നിമിത്തം യാക്കോബിനീയിർ എന്ന അഭിധാനം ലഭിച്ച ഈ ചെറിയ സംഘത്തിൽ വി. ഡോമിനിക്കു് 1219_ൽ അവിടെ സന്ദർശനാർത്ഥം വന്നപ്പോൾ 30 സന്യാസികളോളം ഉണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു. വി. ഡോമിനിക്കു തൻെറ സഭ പുഷ്ടിപ്പെട്ടു വരുന്നതു കണ്ടു സമാശ്വസിച്ചു. അതിൻെറ ശേഷം സുവിശേഷം എല്ലാ അപരിഷ്കൃതജനങ്ങളുടെ ഇടയിലും പ്രസംഗിച്ചിട്ടു് ഒടുവിൽ സ്വരക്തത്തെ മിശിഹായ്ക്കുവേണ്ടി ചൊരിയണം എന്നൊരാഗ്രഹം അദ്ദേഹത്തിൽ അങ്കുരിച്ചു. പ്രസംഗമാണു തൻെറ സഭയുടെ പ്രധാന ജോലിയായി അദ്ദേഹം നിർദ്ദേശിച്ചതു്. ഇതിനായി പാഷണ്ഡികളുടേയും, പാപികളുടേയും നേർക്കു് ബാഹ്ലതീക്ഷ്ണമായ ഒരു സ്നേഹം തൻെറ ശിഷ്യരിൽ അങ്കുരിപ്പിക്കയും കലാവിദ്യകളിലും ചാതുര്യാഭ്യാസത്തിലും അവരെ യഥോചിതം പരിശീലിപ്പിക്കയും ചെയ്തുകൊണ്ടു് പ്രസ്തുത പരമോദ്ദേശസാദ്ധ്യത്തിനായി അവരെ നല്ലവണ്ണം ഒരുക്കുകയും ചെയ്തു. ഒരു ദിവസം അദ്ദേഹം പറഞ്ഞ പ്രസംഗം ഏതു പുസ്തകത്തിൽ പഠിച്ചതാണെന്നു് ഒരുവൻ ചോദിച്ചതിനു് "താൻ "ഉപയോഗിച്ച പുസ്തകം ഉപവിയുടെ പുസ്തകം" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. തൻെറ മരണദിവസവും മണിക്കൂറും വളരെ മുൻപേതന്നെ അദ്ദേഹം പ്രവചിച്ചു. 1221 ജൂലൈ മാസാവസാനത്തിൽ തൻെറ ചില സ്നേഹിതന്മാരോടു്, "ഇപ്പോൾ എനിക്കു നല്ല സൌഖ്യമുണ്ടെന്നു നിങ്ങൾ കാണുന്നുവല്ലോ, എങ്കിലും മാതാവിൻെറ സ്വർഗ്ഗപ്രാപ്തി തിരുനാളിനു മുൻപു് ഞാൻ ഇഹലോകവാസം വെടിഞ്ഞുപോകും" എന്നു പറയുകയുണ്ടായി. താമസംവിനാ ഒരു കഠിനമായ പനി പിടിപെട്ടു് രോഗശയ്യയെ അവലംബിച്ചിരിയ്ക്കയിൽ തൻെറ ശിഷ്യഗണത്തോടു് എളിമയും ദൈവസ്നേഹവും വിശേഷവിധിയായി അഭ്യസിക്കണമെന്നു ഉദ്ബോധിപ്പിച്ചതിൻെറ ശേഷം അദ്ദേഹത്തിൻെറ അപേക്ഷാനുസരണം വെണ്ണീറിൽ കിടന്നുകൊണ്ടു് തൻെറ പാവനമായ ആത്മാവിനെ സമാധാനത്തിൽ സ്രഷ്ടാവിൻെറ കരങ്ങളിൽ ഭരമേല്പിച്ചു.

# ൬. ഏഴാം എട്ടാം കുരിശുയുദ്ധങ്ങൾ.

## ഫ്രാൻസിലെ രാജാവായ വി. ലൂയിസ്.

## (1215—1270.)

പതിമ്മൂന്നാം ശതാബ്ദം യൂറോപ്പിൽ മിക്കവാറും പ്രഥമസ്ഥാനം അർഹിക്കുന്ന ഫ്രാൻസിലെ രാജാവായ ലൂയിസിന്റെ സുകൃതങ്ങളാൽ പ്രശോഭിതമായിരുന്നു. ലൂയീസ് നവമന് കഷ്ടിച്ചു 12 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ പിതാവായ ലൂയീസ് എട്ടാമൻ ചരമഗതി പ്രാപിച്ചു. റീജൻറായി രാജ്യഭാരം നടത്തിയിരുന്ന തന്റെ മാതാവായ കസ്റ്റീലിലെ ബ്ളാൻഷ് പ്രഭ്വിയുടെ സൂക്ഷ്മത്തിൽ അദ്ദേഹം ബാല്യദശ കഴിച്ചു. ഈ മഹിളാമണി സുകൃതത്തിന്മേലുള്ള സ്നേഹം സ്വപുത്രനിൽ ജനിപ്പിക്കുന്നതിനു, ഒരു ക്രിസ്തീയമാതാവിനു് അനുപേക്ഷണീയമായ ഈ വാക്കുകൾ ആ ശിശുവിനോടു പലപ്പോഴും അവൾ പറഞ്ഞിരുന്നു. "എന്റെ പുത്രാ! നിന്നെ ഞാൻ വാത്സല്യപൂർവ്വം സ്നേഹിക്കുന്നുവെങ്കിലും, ഒരു ചാവദോഷത്താൽ അശുദ്ധനായിക്കാണാനിടവരുന്നതിനേക്കാൾ നിന്റെ സിംഹാസനവും നിന്റെ ജീവൻതന്നെയും നിനക്കു നഷ്ടപ്പെട്ടു കാണുന്നതായിരിക്കും എനിക്കേറെ സന്തോഷം". ജ്ഞാനപൂർണ്ണവും പരിശുദ്ധവുമായ സ്വമാതാവിന്റെ ഈ ഉപദേശം ലൂയീസ് ഒരിക്കലും വിസ്മരിച്ചില്ല. ദൈവഭക്തരും സമർത്ഥന്മാരുമായ അദ്ധ്യാപകന്മാരുടെ പക്കൽനിന്നു സിദ്ധിച്ച പരിശീലനവും പരിപൂർണ്ണമായി അദ്ദേഹം ഫലപ്രദമാക്കിയിരുന്നു. ജ്ഞാനസ്നാനവരപ്രസാദത്തെ അദ്ദേഹം എത്രകണ്ടു വിലമതിച്ചിരുന്നു എന്നു താഴെവരുന്ന സംഭവം പ്രത്യക്ഷപ്പെടുത്തുന്നു. ക്രിസ്ത്യാനിയെന്നുള്ള സാധാരണ നാമധേയത്തെ രാജാവിന്റെ നാമധേയത്തേക്കാൾ കൂടുതലായി ബഹുമാനിക്കുന്നു എന്നു ലക്ഷ്യപ്പെടുത്തുന്നതിനായി അദ്ദേഹം ജ്ഞാനസ്നാനം കൈക്കൊണ്ട സ്ഥലത്തിന്റെ പേർ ഉപയോഗിച്ചുകൊണ്ടു പലപ്പോഴും ഒപ്പിട്ടിട്ടുണ്ടു്.

1226_ൽ ആഗമനകാലം ഒന്നാം ഞായറാഴ്ച റെയിംസ് ദേവാലയത്തിൽവെച്ചു് രാജാഭിഷേകകർമ്മം നടന്നു. യൗവ്വനയുക്തനായ ഈ രാജാവു് ഇതൊരു വെറും ലൌകികചടങ്ങായിട്ടല്ല; പിന്നെയോ സ്വപ്രജകളുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനു് ഇതു് ഒരാഘോഷപൂർവ്വമായ വ്രതമായിട്ടത്രെ കരുതിയതു്. അതിനായി ദൈവം തന്റെ ആത്മാവിനെ പ്രസാദവരത്താൽ അഭിഷിക്തമാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ശ്രദ്ധാപൂർവ്വം ഒരുങ്ങുകയുണ്ടായി. സുസ്ഥിരവും കാലോചിതവുമായ ഒരു വിദ്യാഭ്യാസം അദ്ദേഹം കഴിച്ചിരുന്നു. ഭരണതന്ത്ര

ജ്ഞതയും സമരനിപുണതയും ചരിത്രജ്ഞാനവുമെന്നല്ലാ ഒരുത്തമ രാജാവിനത്യന്താപേക്ഷിതമായിരുന്ന സകല ഗുണഗണങ്ങളും നമ്മുടെ കഥാനായകൻ വിസ്മയനീയമായ വിധത്തിൽ അഭ്യസിച്ചിരുന്നു. തന്റെ മററു കടമകളും പാവനമാക്കിത്തീക്കുന്നതിന്ന് ഉപകരിക്കുവാൻ വി. സഭാപിതാക്കന്മാരുടെ വളരെ പ്രബന്ധങ്ങൾ പാരായണം ചെയ്തു തന്റെ എല്ലാ ചുമതലകളേയും വിശ്വസ്തതയോടുകൂടി നിവ്വഹിക്കണമെന്നുള്ളതായിരുന്നു ഈ പുണ്യാത്മാവിന്റെ പരമോദ്ദേശ്യം. യഥാവശ്യം മഹിമപ്രതാപവാനായി വ്യാപരിക്കുന്നതിന്ന് അദ്ദേഹത്തിനു നിഷ്പ്രയാസം സാധ്യമായിരുന്നുവെങ്കിലും വസ്ത്രഭക്ഷണാദികളിൽ പരിമിതത്വവും, സാധാരണരീതിയും മാത്രമാണദ്ദേഹം അനുസരിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ജീവിതം കേവലം അനാഡംബരപൂവ്വമായിരുന്നു. ദിവസേന അനേകം മണിക്കൂർ ഭക്തകൃത്യങ്ങൾക്കായി വിനിയോഗിക്ക പതിവായിരുന്നു. തിരുമേനി ആവശ്യത്തിലധികം ഭക്തനാണെന്നു സേവകരിൽ ചിലർ സൂചിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി "ഈ ആളുകൾ വിസ്മയനീയമായ സൃഷ്ടികൾ തന്നെ. ഞാൻ പ്രാത്ഥനയിൽ ശ്രദ്ധാലുവായിരിക്കുന്നതിൽ അവർ എന്നെ കുററം പറയുന്നു, എന്നാൽ അനേകദിവസങ്ങൾ മൃഗയാവിനോദത്തിനും, വെടിവെക്കുന്നതിലും, മററു് അനാവശ്യാഡംബരങ്ങളിലും വിനിയോഗിച്ചിരുന്നുവെങ്കിൽ അവർ ഒന്നും പറകയില്ല" എന്നാണു്.

വി. ലൂയിസിന്റെ നാമം പരിശുദ്ധനാടിനോട്ട് വളരെ സംബന്ധമുള്ളതാണു്. കോൺസ്ററൻറിൻപുരിയിലെ ലത്തീൻ ചക്രവത്തിയായ ബോൾഡ്വിൻ ദ്വിതീയൻ അപകടത്തിൽ സ്ഥിതിചെയ്യുന്ന തന്റെ സിംഹാസനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഫ്രാൻസു രാജാവിന്റെ സഹായം അഭ്യത്ഥിച്ചു. ആരംഭംമുതല്ക്കേ കോൺസ്ററൻറിൻപുരിയിലെ സിംഹാസനം സുസ്ഥിരമല്ലായിരുന്നു. ഈ സന്ദർഭത്തിൽ ഗ്രീക്കുകാർ ഊർജ്ജസ്വലമായി അതിനെ ആക്രമിക്കയിൽ, വി. ലൂയിസ് വേണ്ട സഹായങ്ങൾ അദ്ദേഹത്തിനു ചെയ്തുകൊടുത്തു. ഈ ഉപകാരത്തിനു പ്രതിഫലമായി കോൺസ്ററൻറിൻപുരി അരമനയിലെ ഒരു ചാപ്പലിൽ പുരാതനകാലംമുതൽ വണങ്ങപ്പെട്ടിരുന്ന നമ്മുടെ കത്താവിന്റെ തിരുമുൾമുടി വി. ലൂയിസിനു സമ്മാനമായി കൊടുത്തു. ഭക്തനായ രാജാവു് അവണ്ണ്യനീയമായ ആനന്ദാദരവുകളോടുകൂടി ഈ അമൂല്യനിക്ഷേപം സ്വീകരിച്ചു. രാജസേവകരുടേയും അസംഖ്യം വൈദികരുടേയും അകമ്പടിയിൽ വില്ലന്വ എന്ന പട്ടണം വരെ ചെന്നു് വി. മുടിയെ എതിരേററു. വി.

കിരീടം ദർശിച്ച മാത്രയിൽ അദ്ദേഹം അശ്രുകണങ്ങൾ ധാരാളമായി ചൊരിഞ്ഞു. അതു വഹിച്ചിരുന്നവരുടെ കരങ്ങളിൽ നിന്നു് സാദരം വാങ്ങിക്കൊണ്ടു് സെൻസു പട്ടണത്തിൻെറ പടിവാതിൽ മുതൽ വി. സ്ററീഫൻെറ പള്ളിവരെ നിഷ്പാദുകനായി നടന്നുചെന്നു് ആ ദേവാലയത്തിൽ പൂജ്യമായി സ്ഥാപിച്ചു. കുറെ വർഷങ്ങളുടെ ശേഷം, വിശുദ്ധനായ ഈ രാജാവു് കർത്താവിൻെറ കഷ്ടാനുഭവതിരുശേഷിപ്പുകൾ പലതും ശേഖരിച്ചു് "സെയിൻ ചാപ്പൽ" എന്ന അഭിധാനത്തിൽ അതിമനോജ്ഞമായ ഒരു മന്ദിരം പണിയിച്ചു് അവിടെ സ്ഥാപിച്ചു. നമ്മുടെ ദിവ്യരക്ഷകൻെറ പീഢാനുഭവങ്ങളെപ്പററിയുള്ള ധ്യാനത്തിൽ നിമഗ്നരായി അനേകം രാത്രികൾ ഈ വിശുദ്ധൻ പ്രസ്തുത ചാപ്പലിൽ വിനിയോഗിച്ചിട്ടുണ്ടു്. എങ്കിലും തൻെറ ഭക്തിപാരവശ്യം നിമിത്തം രാജകീയ ഉദ്യോഗനിർവ്വഹണത്തിനു് ഒരു ഹാനിയും സംഭവിച്ചിട്ടില്ല.

തൻെറ രാജവാഴ്ചയുടെ സ്മാരകങ്ങൾ, നവമായി സ്ഥാപിച്ചു് രാജ്യത്തിൽ നാനാഭാഗങ്ങളിലും വ്യാപിച്ചിരുന്ന ജ്ഞാനസമ്പൂർണ്ണവും, നീതിപരവുമായ നിയമസഞ്ചയങ്ങൾ, മഹാനായ അദ്ദേഹത്തിൻെറ ദൃഷ്ടി, രാജ്യഭരണത്തിൻെറ എല്ലാ വകുപ്പുകളിലും സശ്രദ്ധം പതിഞ്ഞിരുന്നു എന്നുള്ളതിനു് ഉത്തമദൃഷ്ടാന്തമാണു്. അപകടമായ ഒരു ദീനം അദ്ദേഹത്തിനു പിടിപെട്ട അവസരത്തിൽ വി. നാട്ടിനായി ഒരു കുരിശുയുദ്ധം നടത്തിക്കൊള്ളാമെന്നു ഒരു വ്രതം ചെയ്തു. ദീനം ശക്തിപ്പെട്ടു മരണാസന്നനായി കിടക്കയിൽ വി. സ്ലീവായുടെ ഒരവശിഷ്ടം അദ്ദേഹം സ്പർശിച്ചയുടനെ ബോധം തെളിഞ്ഞു. അധികം താമസിയാതെ തന്നെ അദ്ദേഹത്തിൻെറ അപേക്ഷപ്രകാരം പാരീസിലെ മെത്രാൻ അദ്ദേഹത്തെ കാണാൻ വന്നപ്പോൾ താൻ വിശുദ്ധ നാടിൻെറ പരിരക്ഷാർത്ഥം യുദ്ധത്തിനു പോകുവാൻ തീർച്ച ചെയ്തിരിക്കയാൽ തനിക്കൊരു സ്ലീവാ നൽകണമെന്നു് ആ വന്ദ്യമേലദ്ധ്യക്ഷനോടു് അപേക്ഷിച്ചു. അതിനു പല തടസ്സങ്ങൾ അദ്ദേഹം പറഞ്ഞെങ്കിലും വി. ളൂയീസിൻെറ മുട്ടിപ്പായുള്ള അഭ്യർത്ഥനകൾക്കു് അനുകൂലിച്ചു നൽകിയ സ്ലീവായെ, ആ പുണ്യാത്മാവു് ആനന്ദപരവശനായി ചുംബിച്ചിട്ടു് തനിക്കു പൂർണ്ണദേഹസുഖം സിദ്ധിച്ചിരിക്കുന്നുവെന്നു തീർച്ചയായി പറഞ്ഞു. തൻെറ പ്രഭുക്കന്മാരിൽ മിക്കവരും, ജനതതിയിൽ ഒരു വമ്പിച്ച പുരുഷാരവും ഈ പുണ്യാത്മാവിനെ അനുഗമിക്കുന്നതിനു തയ്യാറായി. ഒന്നാമതായി ശത്രുക്കളുടെ കേന്ദ്രസ്ഥാനമായിരുന്നു് ഈജിപ്റ്റിലേക്കു കടന്നു യുദ്ധം ചെയ്യണമെന്നായിരുന്നു രാജാവിൻെറ ദൃഢനിശ്ചയം. ഇപ്രകാരം അവർ ഡമിയേററായിൽ

സുരക്ഷിതം എത്തി. അവിടെ ഒരു ശക്തമത്തായ പട്ടാളം ഉണ്ടായിരുന്നു. അതറിഞ്ഞു രജാവിപ്രകാരം കഥിച്ചു. "അല്ലയോ മാന്യസുഹൃത്തുക്കളേ! ഈ യുദ്ധത്തിനു നാം ഒരുങ്ങി വന്നതു പ്രത്യേകം ദൈവാനുഗ്രഹം കൊണ്ടാണ്. നാംമൂലം ചില വൻകാൎയ്യങ്ങൾ നടത്തണമെന്നു അവിടുന്ന് ഉദ്ദേശിച്ചിട്ടുണ്ട്. നാം യോജിച്ചു നിന്നാൽ വിജയം നമുക്കു തന്നെ ആയിരിക്കും. യുദ്ധത്തിൻെറ അവസാനം എങ്ങനെയെങ്കിലും ഇരുന്നാലും നമുക്കു സാരമായ ഗുണം സിദ്ധിക്കാതെയിരിക്കയില്ല. നാം മരിക്കയാണെങ്കിൽ അനശ്വരമായ രക്തസാക്ഷിമകുടം നമുക്കു ലഭ്യമാകും. നാം അവരെ ജയിച്ചാൽ നമ്മുടെ വിജയം ദൈവത്തിനു മഹത്വമുണ്ടാക്കും. അവിടുത്തെപ്രതി നമുക്കു യുദ്ധം ചെയ്യാം അവിടുന്നു നമുക്കുവേണ്ടി വിജയം നേടും എന്നെക്കുറിച്ചു നിങ്ങൾ ചിന്താകുലരാകേണ്ട, ദൈവത്തിൻെറ കരങ്ങളിൽ സ്ഥിതി ചെയ്യുന്ന ഒരു നിസ്സാരമനുഷ്യനെപ്പോലെ എന്നെ കരുതിയാൽ മതി". ഈ വാക്കുകളും അവയെ ഉച്ചരിച്ചപ്പോൾ രാജാവു പ്രദർശിപ്പിച്ച അജയ്യമായ ധൈൎയ്യവും ഊർജ്ജസ്വലതയും ഭടന്മാരെ അത്യധികം ഉന്മേഷചിത്തരാക്കി. അവർ സധൈൎയ്യം കടൽത്തീരത്തോടടുത്തു. ധീരനായ രാജാവ് അചഞ്ചലമാനസ്സനായി സമുദ്രത്തിലേയ്ക്കു ചാടി നീന്തി കരയ്ക്കിറങ്ങി. സൈന്യം മുഴുവനും അഹമഹമികയാ, തങ്ങളുടെ നായകനെ അനുഗമിച്ചു. മഹമ്മദീയർ ഘോരമായി ചെയ്തിരുന്ന ശരവർഷം തൃണവൽക്കരിച്ചുകൊണ്ട് ക്രിസ്തീയയോദ്ധാക്കൾ ധീരധീരം പോരാടി. ശത്രുക്കൾ ഭയാക്രാന്തരായി രണാങ്കണത്തിൽ നിന്നും പലായനം ചെയ്തു. വിജയിയായ ലൂയീസ്സാകട്ടെ ആഡംബരരഹിതനായി എന്നാൽ യഥാൎത്ഥക്രിസ്തീയരാജാവിനു് അനുയോജ്യമായ വിധത്തിലും വിനയസമേതം പരിത്യക്തമായ പട്ടണത്തിലേയ്ക്കു" നിഷ്പാദകനായി പ്രഭുക്കന്മാരുടേയും, വൈദികരുടേയും അകമ്പടിയോടുകൂടി പ്രദക്ഷിണമായി പ്രവേശിച്ചു. അനന്തരം ഒന്നാമതായി സിദ്ധിച്ച വിജയത്തിനു് സ്തോത്രം പാടുകയും ഒരു മഹമ്മദീയപള്ളി ശുദ്ധീകരിച്ച് വിശുദ്ധാലയമാക്കി മാൎപ്പാപ്പായുടെ പ്രതിനിധി അവിടെ ദിവ്യപൂജ അൎപ്പിക്കയും ചെയ്തു.

പിന്നത്തെ ശ്രമം ഈജിപ്തിൻെറ തലസ്ഥാനനഗരിയായ കൈറോ പിടിച്ചടക്കുന്നതിനായിരുന്നു. എന്നാൽ അതു സാധിക്കുന്നതിനായി അതിനു നേരെ എതിരായി കിടന്നിരുന്ന അക്സ്വോതോടിനു മറുകരെ സ്ഥിതി ചെയ്തിരുന്ന ഒരു ബലമേറിയ സൈന്യത്തെ കീഴടക്കേണ്ടതുണ്ടായിരുന്നു.

ഇരുപക്ഷക്കാരും തുല്യധീരതയോടുകൂടി പോരാടി എന്നാൽ ആത്പാപ്രഭുവിൻെറ അരിശ്രിവും അനുസരണക്കേടും നിമിത്തം ക്രസ്തീയ സൈന്യങ്ങൾ പരാജിതരാകുന്നതിനിടയായിയെങ്കിലും അതു അവസാന യുദ്ധമല്ലാതിരുന്നതുകൊണ്ടു് ഒന്നും തീച്ചയാക്കാൻ കഴിഞ്ഞില്ല ശത്രുക്കൾ സ്വദേശത്തായിരുന്നതിനാൽ തങ്ങൾക്കു നേരിട്ട നഷ്ടങ്ങളെല്ലാം എളുപ്പത്തിൽ പരിഹരിക്കാൻ അവക്കു സാധിച്ചു. കുരിശുയുദ്ധക്കാക്കാകട്ടെ വേറെ സൈന്യം പിൻബലത്തിനില്ലായിരുന്നു. ഇതിനും പുറമെ ഒരു സാംക്രമികരോഗം ബാധിക്കുകയുംകൂടെ ചെയ്കതിനാൽ അവരുടെ പാളയത്തിൽ പലേമാസങ്ങളോളം യാത്രയ്ക്കു നിവൃത്തിയില്ലാതെ കഴിച്ചുകൂട്ടേണ്ടതായി വന്നു. വസന്തയുടെ പിന്നാലെ ക്ഷാമവും പ്രത്യക്ഷപ്പെട്ടു. ഇങ്ങനെ ശേഷിച്ച ക്രിസ്തീയ സൈന്യം ശത്രുക്കളുടെ ക്രൂരമായ ഉപദ്രവങ്ങൾക്കധീനരായി ദമിദയററാ എന്ന പട്ടണത്തിലേയ്ക്കു പിന്തിരിയാൻ നിർബന്ധിക്കപ്പെട്ടു. സുകൃതവാനായ രാജവു് ഭദ്രമായി പിന്തിരിയുന്നതിനു സകല പരിശ്രമവും ചെയ്തുവെങ്കിലും അതെല്ലാം നിഷ്ഫലമായി പരിണമിച്ചു്, രണ്ടു സഹോദരങ്ങളോടും സൈന്യത്തിൽ ഒരു വലിയ ഭാഗത്തോടും കൂടി തടവുകാരായി മഹമ്മദീയരാൽ പിടിക്കപ്പെടുകയാണുണ്ടായതു്. വി: ലൂയിസ് സമാധാനത്തിലും ഭദ്രതയിലും, രാജസിംഹാനത്തിൽ ഇരുന്നപ്പോൾ എപ്രകാരമായിരുന്നുവോ, അതേപ്രകാരം രാജപ്രതാപത്തോടുകൂടിതന്നെ കാരാഗൃഹത്തിലും വത്തിച്ചിരുന്നു. ഈദൃശമായ അദ്ദേഹത്തിൻെറ മഹിമപ്രതാപത്തെക്കണ്ടു ശത്രുക്കൾ ആശ്ചര്യപരതന്ത്രരായിത്തീരുകയും, ഇത്ര ഗംഭീരനായ ക്രിസ്തവനെ അവർ ഒരിക്കലും കണ്ടിട്ടില്ലെന്നു പ്രസ്താവിക്കയും ചെയ്തു. അവർ രാജാവിനോടു വളരെ നിന്ദ്യമായും, ഹാസ്യമായും വത്തിച്ചുവെങ്കിലും എല്ലാ നിന്ദയും അവഗണിക്കുന്ന ഒരു വീരപരാക്രമിയെപോലെയും, തൻെറ ഹൃദയം ദൈവത്തിനു മാത്രം പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു യഥാത്ഥ ക്രിസ്ത്യാനിയെപ്പോലെയും തൻെറാ മഹത്വത്തെ സാഹചയ്യങ്ങളിൽ സംസ്ഥാപിക്കാത്ത ഒരു രാജാവിനെ പോലെയും ആണു് അദ്ദേഹം സദാ അനുവത്തിച്ചിരുന്നതു് തന്നിമിത്തം ആ കശ്മലന്മാർ വിശുദ്ധ രാജാവിനോടു് "നി ഒരു ബന്ധനസ്ഥനാണെങ്കിലും ഞങ്ങളോടു് നിൻെറ അടിമകളോടു് എന്നാണമാണല്ലോ വത്തിക്കുന്നതു്" എന്നു പറഞ്ഞിരുന്നു. സുൽത്താനാകട്ടെ ഇദ്ദേഹത്തിൻെറ മഹിമയും സഹനശീലവും കണ്ടു് ആശ്ചര്യഭരിതനായി താനിക്കും തൻെറ സൈന്യത്തിനുവേണ്ടിയ ഗന്യമായ ഒരു പണത്തുക കെട്ടി കൊടുക്കുന്നപക്ഷം അവരെ പൂണ്ണസ്വതന്ത്രരായി വിട്ടയയ്ക്കാമെന്നു പറഞ്ഞ

ള്ളപ്പോൾ "ഫ്റാൻസിലെ ഒരു രാജാവിനെ പണത്തെ ഉദ്ദേശിച്ച് വില്ക്കുവാനോ വാങ്ങുവാനോ പാടുള്ളതല്ല. എനിക്കുവേണ്ടി ദമിയെറാപട്ടണവും, എന്റെ പ്രജകൾക്കുവേണ്ടി നിങ്ങൾ ആവശ്യപ്പെടുന്ന സംഖ്യയും തന്നുകൊള്ളാം" എന്നായിരുന്നു വി: ലുയിസിന്റെ മറുപടി. ഇതിനെ സുൽത്താൻ സമ്മതിക്കമാത്രമല്ല വി: ലുയിസിനോടുള്ളവായ ബഹുമാനാദരവുകളുടെ സാക്ഷ്യമായി പണത്തിൽ അഞ്ചിൽ ഒരു ഭാഗം കുറയ്ക്കുകയും ചെയ്തു എന്നാൽ ഉടമ്പടി നിറവേറവന്നതിനുമുമ്പായി സുൽത്താൻ അയാളുടെ മന്ത്രിമാരാൽ വധിക്കപ്പെട്ടതുകൊണ്ടു് നമ്മുടെ കഥാനായകന്റെ സ്ഥിതി കൂടുതൽ വിഷമതയിലായി. ഏതാനും മഹമ്മദീയർ കാരാഗൃഹത്തിലേയ്ക്കു പാഞ്ഞുകയറി അദ്ദേഹത്തെ ഹിംസിക്കുവാൻ ബലപ്പെട്ടു എങ്കിലും യാതൊരു ക്രസലുമില്ലാതെ പ്രശാന്തഗംഭീരനായി കാണപ്പെട്ട ആ പുരുഷകേസരിയുടെ സന്നിധിയിൽ അവർ പരിഭ്രാന്തചിത്തരായി നിന്നുപോയി. അനന്തരം അവർ മുൻഉടമ്പടിയെ ഉറപ്പിച്ചതുകൂടാതെ ലുയിസിനെ തങ്ങളുടെ സുൽത്താനാക്കിയാൽ എന്താണു ദോഷം എന്നുകൂടിയാലോചിച്ചു. ഒടുവിൽ രാജാവു് സ്വതന്ത്രനാകയും ഉടമ്പടി വ്യവസ്ഥകളെല്ലാം പരിപൂർണ്ണവിശ്വസ്തതയോടെ അനുസരിക്കയും ചെയ്തു. എന്നുവരികിലും തടവുകാരായി പിടിച്ച ഒട്ടുവളരെ ഫ്രഞ്ചുകാരെ ഇസ്ലാംവേദം സ്വീകരിപ്പിക്കുന്നതിനു സുൽത്താൻ ബാധകൾമൂലം ഭയപ്പെടുത്തി പരിശ്രമിച്ചിരുന്നു. വിശുദ്ധ ലുയിസാകട്ടെ "ആ സാധുക്കളായ തടവുകാരെ കൂടാതെ ഫ്റാൻസിലേയ്ക്കു മടങ്ങുകയില്ലെന്നു തന്നെ തീർച്ചയാക്കി. അവരെ സഹായിക്കുന്നതിനായി അദ്ദേഹം ഏക്കർ പട്ടണത്തിലേയ്ക്കു കപ്പൽ മാർഗ്ഗം വന്നപ്പോൾ അവിടെ വലിയ ആഹ്ലാദത്തോടുകൂടെ സ്വീകരിക്കപ്പെട്ടു തന്റെ കൂടെ ആറായിരം ഭടന്മാർ മാത്രമേ ഉണ്ടായിരുന്നൊള്ളെങ്കിലും തന്റെ ഉദ്ദേശ്യം സാധിക്കുന്നതിനും, കാര്യങ്ങളുടെ പോക്കു മനസ്സിലാക്കുന്നതിനുമായി പാലസ്തീനായിൽ അദ്ദേഹം കുറെനാൾ നിവസിച്ചു വിശുദ്ധസ്ഥലങ്ങളെ അഗാധമായ ഭക്തിസമേതം സന്ദർശിച്ചിരുന്നു. മംഗലവാർത്തത്തിരുനാളിൽ നസ്സ്റസീൽ ചെന്നു് കുതിരപ്പുറത്തുനിന്നിറങ്ങി മുട്ടുകുത്തി നമസ്കരിക്കയും ശിഷ്ടയാത്രകളെല്ലാം കാൽനടയായും നോമ്പ് അനുഷ്ഠിച്ചുകൊണ്ടും കഴിക്കയും ചെയ്തു. പാലസ്തീനായിലെ ക്രിസ്തവരുടെ ദയനീയാവസ്ഥയെ പരിഹരിക്കുന്നതിനു അശ്രാന്തപരിശ്രമം ചെയ്തു അവരുടെ കൈവശം ഉണ്ടായിരുന്ന ഏതാനും സ്ഥലങ്ങളെ നന്നാക്കിക്കൊടുത്തു. ഈദൃശസൽപ്രവൃത്തികളിലേർപ്പെട്ടിരിക്കയിൽ തന്റെ മാതാവായ ബ്ളാൻഷാരാജ്ഞിയുടെ ചരമവാർത്ത അറിയ

ന്നതിനിടയായി. സ്നേഹജനനിയുടെ നിര്യാണത്തിൽ അത്യന്തം ക്ലേശിച്ചു ബലിപീഠത്തിൻെറ മുമ്പിൽ മുട്ടുകുത്തി ഇപ്രകാരം നമസ്കരിച്ചു "എൻെറ കർത്താവേ! എൻെറ സ്നേഹത്തിനേററവും യോഗ്യമായ ഒരു മാതാവിനെ ഇത്രയും കാലം എന്നോടുകൂടിയിരിപ്പാൻ അങ്ങുന്നനുവദിച്ചതുകൊണ്ടു് അങ്ങയെ ഞാൻ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു. അങ്ങേ മഹാദയയുടെയും, കരുണയുടെയും ഒരു ദാനമത്രെ! എന്നാൽ ഇപ്പോൾ ആ വലിയ ദാനം അവിടുന്നു് തിരിയെ എടുത്തിരിക്കുയാണു്. ഞാൻ അതിനെപ്പററി പിറുപിറക്കയാകട്ടെ, മുറയിടുകയാകട്ടെ ചെയ്യുന്നില്ല. എൻെറ അമ്മ എനിക്കു അവർണ്ണനീയമായ വിധത്തിൽ പ്രിയപ്പെട്ടവളായിരുന്നു എന്നതു വാസ്തവം തന്നെ. എങ്കിലും അവളെ അങ്ങു തിരിയെ എടുത്തിരിക്കയാൽ അങ്ങേ തിരുനാമം സദാ വാഴ്ത്തപ്പെട്ടതാകട്ടെ" ബ്ളാൻഷാ മഹാരാജ്ഞിയുടെ നിര്യാണം നിമിത്തം 6 വത്സരകാലത്തോളം വിദേശസഞ്ചാരത്തിലായിരുന്ന രാജാവു് പ്രത്യാഗമനം ചെയ്വാൻ നിർബ്ബദ്ധനായി. മടങ്ങിവന്നിട്ടു് ആദ്യമായി ചെയ്തതു് വിശുദ്ധ ഡെനീസിൻെറ ഭദ്രാസനപ്പള്ളിയിൽ പോയി ദൈവത്തിനു പരസ്യമായി സ്തോത്രഗീതം പാടുകയായിരുന്നു. പിന്നീടു് വളരെ വിലപിടിച്ച ദാനങ്ങൾ കൊണ്ടു് അതിനെ സമ്പന്നമാക്കുകയും ചെയ്തു.

വി ളൂയിസ് തൻെറ പൂർവ്വോദ്ദേശ്യത്തെ പരിത്യജിക്കാതെ ഒരു സ്ലീവായോദ്ധാവായിത്തന്നെയാണു് ഇനിയും തന്നെ കരുതിയിരുന്നതു്. പാലസ്തീനായിൽ നിന്നു കിട്ടിയ വർത്തമാനങ്ങൾ രണ്ടാമതു് ഒരു കുരിശുയുദ്ധം നടത്തുന്നതിനുള്ള അഭിലാഷത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു. രാജാവും, വിശുദ്ധ സ്ഥലത്തായിരുന്നപ്പോൾ ഉറപ്പിച്ചിട്ടുണ്ടായിരുന്ന പല പട്ടണങ്ങളും മഹമ്മദീയർ വീണ്ടെടുക്കുകയും ഇസ്ലാംവേദം സ്വീകരിക്കുന്നതിനു വിസമ്മതിച്ച ക്രിസ്തവരുടെ മേൽ മൃഗീയമായ വിധത്തിൽ ഓരോ ക്രൂരകൃത്യങ്ങൾ നടത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ആഹ്വാനാനുസരണം വമ്പിച്ച ഒരു സൈന്യം സസന്തോഷം അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ഒരുമിച്ചു കൂടുകയും 1270 ജൂലായി മാസത്തിൽ ററൂനീസു പട്ടണത്തിലേയ്ക്കു യാത്ര തിരിക്കുകയും ചെയ്തു. ആ രാജ്യത്തെ ഭരിച്ചിരുന്ന ആൾ ഒരു ക്രിസ്ത്യാനിയായിത്തീരുമെന്നു് വി. ളൂയീസിനു് എങ്ങിനെയോ ഒരു പ്രത്യാശ ജനിച്ചിട്ടുണ്ടായിരുന്നതു് കേവലം അടിസ്ഥാനരഹിതമായ ഒന്നായിരുന്നു തന്നിമിത്തം ഏററവും ബലമായ കോട്ടകളാലും, പട്ടാളത്താലും ഉറപ്പിക്കപ്പെട്ടിരുന്ന ആ പട്ടണത്തെ നിരോധിക്കുന്നതിനു് കൂടുതൽ സൈന്യങ്ങൾ ആവശ്യമായിരുന്നതുകൊണ്ടു് അവയു

ടെ ആഗമനം കാത്തിരിക്കേണ്ടതായിവന്നു. ഇതിനിടയിൽ ഒരു കഠിനമായ ജ്വരവും, അതിസാരവും അദ്ദേഹത്തിന്റെ പാളയത്തെ ബാധിച്ചതുകാരണം സൈന്യത്തിൽ പകുതിയിലധികം ആളുകൾ നശിച്ചുപോയി. രാജാവുതന്നെയും രോഗബാധിതനായി തീരുകയും, തന്റെ അവസാനനാഴിക സമീപിച്ചിരിക്കുന്നതായി അദ്ദേഹം അറിയുകയും ചെയ്തു എങ്കിലും വ്യസനകരമായ അവസരങ്ങളിൽപോലും, എത്രയും മഹനീയമായ പ്രശാന്തതയോടുകൂടിയത്രെ ഇദ്ദേഹം കാണപ്പെട്ടിരുന്നതു്. കഷ്ടപ്പാടുകളും ബലഹീനതകളും ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ കർത്തവ്യകർമ്മങ്ങളിൽ ഒന്നുപോലും വിസ്മരിച്ചിട്ടില്ല. മരണശയ്യയിൽ വെച്ചുതന്നെയും വേണ്ട കല്പനകൾ കൊടുത്തുകൊണ്ടു് തന്റെ ഭടന്മാരുടെ ദുരവസ്ഥകളെ ലഘൂകരിക്കുന്നതിനു കഴിയുന്നത്ര താല്പര്യപ്പെട്ടിരുന്നു. തന്റെ അനന്തരഗാമിയാകുവാനിരുന്ന മൂത്തപുത്രനെ അടുക്കൽ വിളിച്ചു. വിശിഷ്ടവും ഹൃദയംഗമവുമായ ഈ ഗുണദോഷം പറഞ്ഞുകൊടുത്തു "എന്റെ പുത്രാ! ഞാൻ നിന്നെ ഒന്നാമതായി ഭരമേല്പിക്കുന്നതു് നിന്റെ പരിപൂർണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കയും ഒരു ചാവുദോഷം ചെയ്യുന്നതിനേക്കാൾ ഏതു് അരിഷ്ടതയെങ്കിലും ധൈര്യസമേതം സഹിക്കയും ചെയ്യുകയെന്നതാണു്" പുണ്യശ്ലോകനായിരുന്ന തന്റെ മാതാവിൽനിന്നും ശൈശവംമുതൽക്കെ നമ്മുടെ കഥാനായകൻ കേട്ടനുസരിച്ചിരുന്ന ഗുണദോഷത്തിന്റെ ഒരു പ്രതിധ്വനി മാത്രമാണിതു്. ഈ സന്ദേശം തന്നെയായിരുന്നു ഈ മഹാരാജാവിന്റെ ജീവിതത്തെ മുഴുവൻ ക്രമീകരിച്ചതു്. അനന്തരം അന്ത്യകൂദാശകൾ കിട്ടണമെന്നു് അപേക്ഷിച്ചതനുസരിച്ചു് അവയെ സമീപെ നിന്നിരുന്ന സകലരും അശ്രുകണങ്ങൾ ചൊരിയത്തക്കവണ്ണം ഭക്തിതീക്ഷ്ണതയോടുകൂടി സ്വീകരിക്കയും ചെയ്തു. തന്റെ അവസാനനാഴിക അടുത്തുവെന്നു കണ്ടു്, പരിചാരകന്മാരോടു് തന്നെ എടുത്തു് ചാരത്തിൽ കിടത്തുന്നതിനു് ആജ്ഞാപിച്ചു. അനന്തരം സ്ലീവായാകൃതിയിൽ കരങ്ങൾ മാറത്തു്വച്ചു് സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകൾ ഉയർത്തി. കർത്താവെ! അങ്ങെ ദയാധിക്യത്തിനു തക്കവണ്ണം, ഞാൻ അങ്ങെ ഭവനത്തിലേക്കു വരും. അങ്ങെ വിശുദ്ധ ആലയത്തിന്റെ നേരെ തിരിഞ്ഞുകൊണ്ടു് ഞാൻ അങ്ങയെ നമസ്കരിക്കും". എന്നുപറഞ്ഞു മരിക്കയും ചെയ്തു.

# കുരിശുയുദ്ധങ്ങളെപ്പററി ചില വിചിന്തനകൾ.

കുരിശുയുദ്ധങ്ങളെ അവഹേളിക്കുക കഴിഞ്ഞ നൂററാണ്ടിൻെറയും, എന്നുവേണ്ട ഈ കാലഘട്ടത്തിൽതന്നെയുമുള്ളതുമായ ഒരു പതിവാണു്. ഈ കുരിശുയുദ്ധങ്ങൾ വെറും മതഭ്രാന്താണെന്നും നമ്മുടെ പൂർവ്വന്മാരുടെ അജ്ഞതയുടെ ഫലമാണെന്നും പറകയും അതിനാൽ ഉളവായിട്ടുള്ള പ്രയോജനങ്ങളെ അഗണ്യമാക്കിക്കൊണ്ടു് അവയുടെ പരാജയങ്ങളെ അതിശയോക്തിയായി വർണ്ണിക്കുകയും ചെയ്യുകയായിരുന്നു പലരുടേയും പതിവു്. എങ്കിലും ഈ യുദ്ധയാത്രകൾ മുഖാന്തിരം വേദത്തിനുമാത്രമല്ല പന്ത്രണ്ടും പതിമൂന്നും ശതാബ്ദങ്ങളിലെ നാഗരികാഭിവൃദ്ധിക്കും നിസ്സംശയം കാരണമായിതീർന്നിട്ടുണ്ടു്. അവയുടെ മൂലതത്വം ന്യായാനുസൃതമായിട്ടുള്ളതുതന്നെയാണു്. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികളെ ഒരു അജ്ഞാനജാതിയുടെ ഉപദ്രവങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും പരിരക്ഷിക്കുകയും, നമ്മുടെ കർത്താവിൻെറ വി: കല്ലറയെ അവർ മലിനമാക്കാതെ കാത്തുസൂക്ഷിക്കയും, അറബികളുടെ ആക്രമണത്തെ തടയുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടെ അത്രെ ആ പ്രസ്ഥാനം നടത്തപ്പെട്ടതു്. യൂറോപ്പിലെ ഭരണസംബന്ധമായ അടിമത്തത്തെ നീക്കി പൌരാവകാശസ്വാതന്ത്ര്യങ്ങളെ അടിസ്ഥാനമിട്ടു് ഉറപ്പിക്കുന്നതിനും ഈ കുരിശുയുദ്ധങ്ങൾ ഒരു ഉപകരണമായിത്തീർന്നിട്ടുണ്ടു്. വിദൂരവും സുദീർഘവുമായ ഒരു യുദ്ധച്ചെലവിലേയ്ക്കു പ്രഭുക്കന്മാർ സ്വന്തം വസ്തുക്കളും അവകാശങ്ങളും വിൽക്കേണ്ടതായി വന്നുകൂടി ഇതിൽ നിന്നാണു് പലേ രാജ്യങ്ങളിലും മുൻസിപ്പാലിററി അവകാശങ്ങളും ഉത്ഭവിച്ചിട്ടുള്ളതു്. അപ്രകാരം യൂറോപ്പു ഭൂഖണ്ഡത്തിൻെറ ശക്തിവീര്യങ്ങളെ കരണ്ടു തിന്നിരുന്ന ആഭ്യന്തരകലഹങ്ങളെയും, മത്സരങ്ങളെയും ഏറെക്കുറെ നിർത്തലാക്കയും പ്രഭുക്കന്മാരുടെ അമിതമായ പ്രാബല്യത്തെ ഏററം ഗുണകരമായ പദ്ധതിയിലേക്കു തിരിച്ചുവിടുകയും ചെയ്തതു് കുരിശുയുദ്ധങ്ങളാണു്. അപ്രകാരം തന്നെ വ്യാപാരത്തിനു കൂടുതൽ ഉന്മേഷവും, കപ്പൽസഞ്ചാരത്തിനു് ഏററം വിപുലമായ അഭിവൃദ്ധിയും സിദ്ധിക്കയും വ്യവസായത്തിൻെറ നൂതനമായ ശാഖകൾ കണ്ടുപിടിക്കയും ചെയ്തു. ശാസ്ത്രങ്ങൾ, സാഹിത്യം, കലകൾ മുതലായവ കൂടുതലായി വിലമതിക്കപ്പെട്ടതും അതിൻെറ ഫലമായിട്ടാണു്. കോൺസ്റ്റാൻറിനോപുരിയിലെ മനോഹരങ്ങളായ കലാനിക്ഷേപങ്ങൾ കുരിശുയോദ്ധാക്കളുടെ ശ്രദ്ധയെ ആകർഷിക്കാതിരു

ന്നില്ല. ഈ കാലഘട്ടത്തിൽ തന്നെയാണു് യൂറോപ്പിലെ ഭാഷകൾക്കു് കൂടുതൽ ചൈതന്യവും, ഐശ്വര്യവും ലഭിച്ചതു്. ക്രിസ്തീയലോകത്തിലെ വിവിധജാതികളും ഒരു പൊതുഉദ്ദേശത്തെ മുൻനിൎത്തി ഏകോപിച്ചു പ്രവൎത്തിക്കുന്നതിനും ഇത്തരുണത്തിലത്രെ പരിശീലിച്ചതു്. അവരുടെ ജ്ഞാനപൂൎണ്ണമായ ഉദ്ദേശമനുസരിച്ചു് കാൎയ്യനിൎവ്വഹണത്തിൽ സാമൎത്ഥ്യപൂൎവ്വം നയിക്കപ്പെട്ടിരുന്നുവെങ്കിൽ സംശയമെന്യേ പൂൎവ്വപശ്ചിമരാജ്യങ്ങളെ അവൎക്കു പുനഃസംഘടിപ്പിക്കുന്നതിനു സാധിക്കുമായിരുന്നു. ഈജിപ്തു്, സിറിയാ, ഗ്രീസു് ഈ നാടുകൾ ക്രിസ്തീയരാജ്യങ്ങളായിരിക്കുമായിരുന്നു. അപ്പോൾ "ഓഗസ്റ്റസിന്റെ" കാലത്തെപ്പോലെ സുവിശേഷവെളിച്ചംകൊണ്ടു് ഭൂമുഖത്തിനു് ആകപ്പാടെ ഒരു പുതിയ ജീവൻ സിദ്ധിക്കുമായിരുന്നു. സകല സമുദ്രങ്ങളിലും സ്വാതന്ത്ര്യസഞ്ചാരമുണ്ടാകുമായിരുന്നു. പട്ടണങ്ങൾ പരസ്പരവ്യവസായപ്രവൎത്തനംകൊണ്ടു് അന്യോന്യം സൌഹാൎദ്ദമായി വൎത്തിക്കുമായിരുന്നു. രാജ്യങ്ങൾ തമ്മിൽ ക്രയവിക്രയങ്ങൾ നിൎവ്വിഘ്നം നടത്തുവാൻ സാധിച്ചേനെ. ഇവയ്ക്കും പുറമെ മതാത്മകമായി വീക്ഷിക്കുന്ന പക്ഷം കുരിശുയുദ്ധങ്ങൾ വളരെ പാപികളുടെയും മാനസാന്തരത്തിനും മതഭക്തരായ ക്രിസ്തവരുടെ ഭക്തിതീക്ഷ്ണതയ്ക്കും പരിപോഷണം സഹായമായിട്ടുണ്ടു്. ഗൎവ്വിഷ്ഠമാനസരായ പ്രഭുക്കന്മാർ അവരുടെ പാപപരിഹാരത്തിനായി ഈ പ്രസ്ഥാനത്തിൽ ചേൎന്നുകൊണ്ടു് വിനീതരും ഗുണവാന്മാരുമായിത്തീൎന്നു. സൎവ്വപ്രധാനമായ ഫലം യൂറോപ്പിൽ വിശ്വാസം സജീവമായി പരിരക്ഷിയ്ക്കപ്പെട്ടു എന്നുള്ളതാണു്. അറബികളും, തുലുക്കരും, യൂറോപ്പു് ആസകലം വിജനമാക്കുന്നതിനു് തയ്യാർ ചെയ്യുകയായിരുന്നു. എന്നാൽ കുരിശുയോദ്ധാക്കളുടെ വീൎയ്യശൌൎയ്യം കണ്ടിട്ടു് ഭയവിഹ്വലരായി തീൎന്നില്ലായിരുന്നുവെന്നു വരുകിൽ ഗ്രീസും പാലസ്തീനായും അവൎക്കധീനമായതു പോലെ ജൎമ്മനി, ഫ്രാൻസു്, ഇററലി, ഇംഗ്ലണ്ടു് എന്നീ രാജ്യങ്ങളും ഈ ജാതിക്കാരുടെ ക്രൂരതയ്ക്കു് എന്നും അടിമയാകുമായിരുന്നേനെ. ഗ്രീക്കുസാമ്രാജ്യം രണ്ടുനൂററാണ്ടു വരെയെങ്കിലും നീണ്ടുനിന്നതു് ഇതിന്റെ ഫലമല്ലയോ. മാൎപ്പാപ്പാമാരുടെ നിരന്തരവും ഊൎജ്ജസ്വലവുമായ അഭ്യൎത്ഥനകളെ ശ്രദ്ധിച്ചുകൊണ്ടു് യൂറോപ്പിലെ മഹാശക്തികൾ അവരുടെ സ്വാൎത്ഥപരമായ ശണ്ഠകളും, അധികാരഭ്രമവും പരിത്യജിച്ചു്, ക്രൈസ്തവലോകത്തിന്റെ സംരക്ഷണയ്ക്കും കിഴക്കൻരാജ്യത്തിന്റെ ഉദ്ധാരണത്തിനും യോജിച്ചു പ്രവൎത്തിച്ചിരുന്നെങ്കിൽ എത്ര കണ്ടു മഹത്തരമായി ഫലങ്ങൾ ഉളവാകുമായിരുന്നെന്നു് നിഷ്പ്രയാസം ഊഹ്യമാണെല്ലൊ. മാത്രമല്ലാ ആ കാലഘട്ടത്തിലെ ഉത്തമന്മാരും ജ്ഞാനികളുമായ പുണ്യാത്മാക്കളുടെ അംഗീക

രണത്തോടുകൂടി ഈ പ്രസ്ഥാനം തുടങ്ങുകയും, തിരുസഭ അതിനെ സ്വീകരിച്ച് ആശീർവ്വദിക്കുകയും ചെയ്തു, എന്നുള്ളതും കുരിശുയുദ്ധം അതിന്റെ പ്രോത്സാഹികളുടെ തീവ്രമായ പ്രത്യാശ അനുസരിച്ച് വിജയകരമായി പരിണമിച്ചില്ലെങ്കിലും ദൈവത്തിന്റെ നിത്യാലോചനയിൽ ഉദ്ദേശിക്കപ്പെട്ടിരുന്ന ഫലങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കേണ്ടതല്ല. എങ്ങനെയായാലും ദൈവപുത്രന്റെ മഹിമയെ അജ്ഞാനികൾ അവഹേളിക്കുകയും, അവിടുത്തെ വിനയാന്വിതമായ ജീവിതസംഭവങ്ങളെ അപഹസിക്കയും ചെയ്തതിന് പരിഹാരാർത്ഥമായും തന്റെ പാദസ്പർശനത്താലും ലോകപരിത്രാണാർത്ഥം ചിന്തപ്പെട്ട അവിടുത്തെ ദിവ്യരക്തത്താലും പരിപാവനമാക്കപ്പെട്ട വിശുദ്ധ സ്ഥലങ്ങളെ അശുദ്ധപ്പെടുത്തിയതിന് ഉപശാന്തിയായും ക്രിസ്തീയഹൃദയങ്ങളുടെ അന്തർഭാഗത്തു നിന്നും പ്രവഹിച്ച സ്നേഹലക്ഷ്യങ്ങളായിട്ടത്രെ കുരിശുയുദ്ധങ്ങൾ ഉണ്ടായിട്ടുള്ളത്. അവ അതേപ്രകാരം തന്നെ കരുണാനിധിയായ ദൈവം സ്വീകരിച്ചിട്ടുള്ളതും ലക്ഷോപലക്ഷം ആത്മാക്കളുടെ യോഗ്യാഭിവൃദ്ധിക്ക് അതു കാരണമായി തീർന്നിട്ടുള്ളതുമാകുന്നു.

# അദ്ധ്യായം ൭.

# 1270-ൽ വിശുദ്ധ ലൂയീസ് രാജാവിന്റെ ചരമം മുതൽ 1454-ൽ നടന്ന കിഴക്കൻ സാമ്രാജ്യത്തിന്റെ അധഃപതനം വരെ.

## വി. തോമ്മസ് അക്വീനാസ്, വി. ബൊനവന്തൂര.

## 1227-1274.

വി. ലൂയീസിന്റെ മരണത്തിന്റെ ശേഷം 4 വർഷം കഴിഞ്ഞു വി. ദൊമ്മിനിക്കോസിന്റെയും വി. ഫ്രാൻസിസിന്റെയും രണ്ടു സന്യാസസഭകൾക്ക് ആശ്വാസവും, മാർഗ്ഗദർശികളും ആയി വിലസിച്ചിരുന്ന തിരുസഭയുടെ ഏററവും കീർത്തികേട്ട രണ്ടു വേദപാരംഗതന്മാർ നഷ്ടപ്പെട്ടതിൽ അവർക്ക് അതിയായ ക്ലേശത്തിന് ഇടയായി തീർന്നു. ഈ രണ്ടു സന്യാസസഭകൾമൂലം തിരുസഭയ്ക്കു സിദ്ധിച്ചിട്ടുള്ള നാനാപ്രകാരമായ പ്രയോജനങ്ങൾ........ജാതികളുടെ ഇടയിൽ നടന്നിട്ടുള്ള മാനസാന്തരം, വിശ്വാസപ്രബോധനം, നാഗരീകത്വം എന്നിവയും ആത്മപാലകന്മാർക്കു തങ്ങളുടെ മേഷപാലനത്തിന് അവർ ചെയ്ത സഹായസഹകരണങ്ങൾ വിശ്വാസത്തെ ആദരിച്ചു സംരക്ഷിക്കുന്നതിനു അവർ നടത്തിയ ശ്രേഷ്ഠതരമായ ശാസ്ത്രീയപോരാട്ടങ്ങൾ, മതവ്യാഖ്യാനങ്ങൾ, എന്നിവയും നാം ആലോചിക്കുന്നപക്ഷം ഈ സന്യാസസഭകൾ രണ്ടും തിരുസഭയ്ക്കും ലോകത്തിനും നിരവധി അനുഗ്രഹങ്ങൾക്ക് നിദാനമായി തീർന്നിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. വി. ലൂയീസ് രാജാവിനും ഇതുതന്നെയായിരുന്നു അഭിപ്രായം. ഈ രണ്ടു സന്യാസസഭകളുടെയും നേരെ ഈ മഹാരാജാവിന് പ്രത്യേകമായ ആദരവുണ്ടായിരുന്നു. ആത്മപരിത്രാണത്തിനുള്ള അവരുടെ തീക്ഷ്ണത, അഗാധമായ അവരുടെ വിനയം ഉഗ്രമായ തപോജീവിതം പരിപൂർണ്ണമായ നിസ്വാർത്ഥത ഇത്യാദികളെല്ലാം അദ്ദേഹത്തിന്റെ ആശ്ചര്യബഹുമാനാദികൾക്കു വിഷയമായിരുന്നു. തന്നെ രണ്ടായി വിഭജിക്കുവാൻ കഴിവുണ്ടായിരുന്നുവെങ്കിൽ ഒരു ഭാഗം വി.

ഫ്രാൻസിസ്സിന്റെ പുത്രന്മാൎക്കും, മറേറ ഭാഗം വി. ഡോമ്മിനിക്കോസിന്റെ പുത്രന്മാൎക്കും സംസന്തോഷം വീതിച്ചുകൊടുക്കുമായിരുന്നെന്നു പലപ്പോഴും അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

ഡൊമ്മിനിയ്ക്കൻ സഭയിലെ അമൂല്യഅലങ്കാരവും പ്രതാപവുമായ വി. തോമ്മസ് അക്വീനാസ് നേപ്പിൾസ് രാജ്യത്തു് ഒരു പ്രഭുവംശത്തിൽ ജാതനായി. തന്റെ കുലീനമഹിമയ്ക്കും, ഭാവിശ്രേയസ്സിനും പററിയതായ ഒരു വിദ്യാഭ്യാസം അദ്ദേഹത്തിനു ലഭിച്ചു. ഇററലിയിലെ ഏററവും കീൎത്തിപെട്ട വിദ്യാലയങ്ങളിലേയ്ക്കും, മോന്തെകസ്സിനൊ എന്ന വിശ്രുത ബനഡിക്ടറൻമന്ദിരത്തിലേയ്ക്കും അക്കാലത്തിലെ ഏററവും കീൎത്തികേട്ട നേപ്പിൾസ് സൎവകലാശാലയിലേയ്ക്കും അദ്ദേഹം അയയ്ക്കപ്പെട്ടു. ഈ വിദ്യാലയങ്ങളിൽ ഈ പുണ്യയുവാവിന്റെ അനന്യസാധാരണമായ ബുദ്ധിസാമൎത്ഥ്യവും സുകൃതവൈശിഷ്ട്യവും പ്രത്യക്ഷപ്പെടുകയുണ്ടായി. അസാമാന്യസുകൃതവാനായ ഒരു ഡൊമിനിക്കൻ സന്യാസിയുമായി നടത്തിയ ഒരു സംഭാഷണം ആ സഭയിൽ ചേരുന്നതിനു തീവ്രമായ ഒരു ആഗ്രഹം അദ്ദേഹത്തിൽ ജനിപ്പിക്കുകയും, തന്റെ പതിനേഴാമത്തെ വയസ്സിൽ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ മനോനിശ്ചയത്തെ വ്യതിചലിപ്പിക്കുന്നതിനു് സംബന്ധികൾ ചെയ്ത ശ്രമം നിഷ്ഫലീഭവിച്ചു. ഒടുവിൽ ഒരു ഗോപുരത്തിൽ അദ്ദേഹത്തെ ഏകാകിയായി താമസിപ്പിച്ചു് കൎക്കശമായി അദ്ദേഹത്തോടു പെരുമാറിയതിനും പുറമെ അശുദ്ധപാപത്തിൽ വീഴിക്കുന്നതിനു കൂടി അവർ ശ്രമിക്കയുണ്ടായി. നമ്മുടെ ഉത്തമയുവാവാകട്ടെ സകലവിധപരീക്ഷകളെയും വശീകരണങ്ങളെയും ധൈൎയ്യസമേതം തള്ളിക്കളഞ്ഞു കൊണ്ടു് ദൈവവിളിപ്പിൽ സ്ഥിരമായിട്ടുനിന്നു. തക്കവസരത്തിൽ ദൈവത്തിനു താൻ മുമ്പു് ചെയ്ത സമൎപ്പണത്തെ നവീകരിക്കയും ദൈവസഹായം അഭ്യൎത്ഥിക്കയും ചെയ്തു. തന്റെ പ്രാൎത്ഥനയെ ദൈവം കേട്ടു് തന്റെ വിളിപ്പനുസരിച്ചു് പ്രവൎത്തിക്കുന്നതിനു് പൂൎണ്ണസ്വാതന്ത്ര്യം കാലവിളംബമെന്യേ അദ്ദേഹത്തിനു നൽകുകയും ചെയ്തു. അനന്തരം മഹാനായ വി: അൽബൎത്തെസിന്റെ കീഴിൽ ദൈവശാസ്ത്രം പഠിക്കുന്നതിനായി "കൊളോൻ" പട്ടണത്തിലേയ്ക്കു് ശ്രേഷ്ഠന്മാർ അദ്ദേഹത്തെ അയച്ചു. വിശ്വവിശ്രുതനായ ഈ പണ്ഡിതശിരോമണിയുടെ ശിക്ഷയിൻകീഴിൽ നമ്മുടെ കഥാനായകൻ വിസ്മയാവഹമായ ജ്ഞാനാഭിവൃദ്ധി പ്രാപിച്ചു. എന്നാൽ നിഗളത്തിന്റെ പരീക്ഷയിൽ വശംവദനാകാതെയിരിപ്പാൻവേണ്ടി തന്റെ അഗാധമായ ജ്ഞാനത്തെ നിഗൂഢമായി വെച്ചിരുന്നതല്ലാതെ ഒരക്ഷരംപോലും

മിണ്ടിയിരുന്നില്ല. അദ്ദേഹം വളരെ അപൂർവ്വമായിട്ടു മാത്രമേ സംസാരിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ സഹപാഠികൾ മൌനം അജ്ഞതയുടെ സൂചകമായി തെററിധരിച്ചു് ഊമനായ ഒരു കാളയെന്നു് അദ്ദേഹത്തെ വിളിച്ചിരുന്നു. അവരുടെ ഗുരുവായ അൽബർത്തോസാകട്ടെ തന്റെ ശിഷ്യന്റെ സാമർത്ഥ്യത്തെ നല്ലവണ്ണം ഗ്രഹിച്ചിരുന്നതിനാൽ അവരുടെ അപമര്യാദയെ ശാസിക്കുകയും ഈ കാളയുടെ ശബ്ദം ഒരിക്കൽ ലോകം മുഴുവനിലും പ്രതിധ്വനിക്കാൻ ഇടവരുമെന്നു് പ്രവചിക്കയും ചെയ്തു. അപ്രകാരം തന്നെ സംഭവിച്ചു. തന്റെ അദ്ധ്യയനാനന്തരം വേദശാസ്ത്രപാരംഗതൻ എന്ന പദവിയും സ്വീകരിച്ചുകൊണ്ടു് പാരീസിലേയ്ക്കു പോകുകയും അവിടെ കുറെക്കാലത്തേയ്ക്കു വിജയകരമായി അദ്ധ്യാപകജോലി നിർവ്വഹിയ്ക്കുകയും ചെയ്തു. തന്റെ നിരവധി ലിഖിതങ്ങൾ തന്റെ കീർത്തിയെ നാടാകെ പരത്തുകയുണ്ടായി. ഈ വിശുദ്ധൻ തന്റെ അധികസമയവും പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. പഠിത്തത്തിനു മുൻപായി താൻ സദാപരിശുദ്ധാരൂപിയുടെ സഹായം അഭ്യർത്ഥിക്കയും പതിവിൽ കൂടുതലായി ജോലി ചെയ്യാനുണ്ടായിരുന്ന സമയം തന്റെ പ്രാർത്ഥനയും പതിവിലധികം നീട്ടുകയും ചെയ്തിരുന്നു. ക്ലെമൻറു് ചതുർത്ഥൻ നേപ്പിൾസിലെ മെത്രാപ്പോലീത്തായെന്ന സ്ഥാനം നൽകിയെങ്കിലും അദ്ദേഹം അതു സ്വീകരിക്കയുണ്ടായില്ല. മാർപ്പാപ്പാ തന്റെ വിനീതമായ അഭ്യർത്ഥനയെ സമ്മതിച്ചുവെങ്കിലും ലിയോൺസിൽ വിളിച്ചുകൂട്ടപ്പെട്ട ഒരു സൂനഹദോസിൽ സന്നിഹിതനാകുന്നതിനദ്ദേഹത്തോടാജ്ഞാപിക്കയുണ്ടായി. നമ്മുടെ കഥാനായകൻ അപ്പോൾ ജ്വരബാധിതനായിരുന്നുവെങ്കിലും പരിശുദ്ധ പിതാവിന്റെ ആജ്ഞയെ ശിരസ്സാവഹിക്കുന്നതിലേയ്ക്കായി യാത്രയാകുകയും വഴിമദ്ധ്യേ ജ്വരം വർദ്ധിച്ചതിനാൽ ടെറസ്സീനാ രൂപതയിൽപ്പെട്ട ഒരു ആശ്രമത്തിൽ താമസിക്കുന്നതിനു് നിർബന്ധനാകുകയും 1274-ൽ അവിടെ വച്ചു പരലോകപ്രാപ്തനാകയും ചെയ്തു. തന്നെ പരിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കുന്നതിനായി നേപ്പിൾസിലെ രാജാവിന്റെ പ്രതിപുരുഷന്മാർ അപേക്ഷിച്ചപ്പോൾ തിരുസഭയെ മഹത്വപ്പെടുത്തുന്നതിനു് അവളുടെ സകല വേദപാരംഗതന്മാരും കൂടി ചെയ്തിട്ടുള്ളതിനെക്കാൾ കൂടുതൽ തോമ്മാസ് തനിച്ചു ചെയ്തിട്ടുണ്ടെന്നാണു് മാർപ്പാപ്പാ പ്രസ്താവിച്ചതു്. എന്നാൽ തന്റെ യോഗ്യതയെ വെളിപ്പെടുത്തുന്നതിനു് ഏററവും പര്യാപ്തമായ തെളിവു് ത്രെന്തോസു് സൂനഹദോസു് നൽകുന്നുണ്ടു്. ആ സൂനഹദോസിന്റെ ഓരോ യോഗവും നടത്തപ്പെട്ടിരുന്ന ശാലയിൽ സ്ഥാപിതമായിരുന്ന ഒരു മേശയിൽ വി:

ലിഖിതങ്ങളും മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകളും വി: തോമ്മസിന്റെ "സുമ്മാ" എന്ന വേദശാസ്ത്രഗ്രന്ഥവും സ്ഥാപിക്കപ്പെട്ടിരുന്നു. ദേവശാസ്ത്രീയമായ ലിഖിതങ്ങൾ മാത്രമല്ലായിരുന്നു അദ്ദേഹത്തിന്റെ ജോലികൾ. തീഷ്ണതാപൂർവ്വം തന്റെ പ്രസംഗങ്ങൾ ശ്രവിക്കുന്നതിനായി സന്നിഹിതരായിരുന്ന യുവാക്കന്മാർക്ക് അക്ഷീണപരിശ്രമിയായിരുന്ന ഒരു ഒരു ഗുരുഭൂതനായിരുന്നു അദ്ദേഹം. രാഷ്ട്രീയകാര്യങ്ങൾ സംബന്ധിച്ച് വി: തോമ്മസിന്റെ ആലോചനയെ വി: ളൂയിസ്‌രാജാവു പലപ്പോഴും ചോദിക്ക പതിവായിരുന്നു. അദ്ദേഹം കൂടെക്കൂടെ പ്രസംഗിക്കുകയും, സുദീർഘങ്ങളായ നിരവധി യാത്രകൾ കഴിക്കയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകാരായി നാലുപേർ സദാ കൂടെ ഉണ്ടായിരിക്കയും, വിവിധ വിഷയങ്ങളെപ്പററി ഒരേ സമയം തന്നെ ഉപന്യാസങ്ങൾ അവൎക്കു പറഞ്ഞുകൊടുക്കയും ചെയ്തിരുന്നു. വി: ളൂയിസ്‌രാജാവിന്റെ മേശയ്ക്കിരുന്നു ഭക്ഷണം കഴിച്ചിരുന്ന അവസരത്തിൽ ചിന്താനിമഗ്നനായി കാണപ്പെടുകയും പൊടുന്നനവേ മേശപ്പുറത്തടിച്ചുകൊണ്ടു് "ഇതാ മനിക്കിയർ പാഷണ്ഡികളുടെ വാദം തീർത്തിക്കുന്നു." എന്നു വിളിച്ചുപറകയുമുണ്ടായി. അവരുടെ കുയുക്തിയെ ഖണ്ഡിക്കുന്നതിനുള്ള തക്ക ന്യായം അദ്ദേഹത്തിനു തോന്നി. അതിന്റെ സന്തോഷത്താൽ അദ്ദേഹം ഇരുന്നിരുന്ന സന്ദർഭം മറന്നുപോയിരുന്നു. ഒടുവിൽ ഭക്തനായ രാജാവു് സന്തോഷചിത്തനായി അദ്ദേഹത്തെ ഉണർത്തുകയുണ്ടായി. ഈ വിസ്മയനീയവേദപാരംഗതന്റെ യോഗ്യതാവൈശിഷ്ട്യത്തെപ്പററി റോമാമാർപ്പാപ്പാമാർ അഹമഹമികയാ പ്രസ്താവിച്ചിരിക്കുന്നതിനെ ഗ്രന്ഥവിസ്താരം ഭയന്നു് ഉപേക്ഷിച്ചുകൊണ്ടു് മഹാനായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായുടെ ഒരു വാക്യം ഇവിടെ ഉദ്ധരിക്കുന്നതു് ധാരാളം മതിയാകുമെന്നു കരുതുന്നു. "വി: തോമ്മാ ജീവിതപരിശുദ്ധിയിലെന്നപോലെ ശാസ്ത്രനൈപുണ്യത്തിലും മാലാഖാമാർക്കു തുല്യനാകുന്നു."

വി: തോമ്മാ ദോമിനിക്കൻ സഭയ്ക്കു് എത്ര ബഹുമാന്യഅലങ്കാരമായിരുന്നോ അതേപ്രകാരംതന്നെ വി: ബൊനവഞ്ചുരാ ഫ്രാൻസിസ്കൻസഭയ്ക്കും ഒരു ഭൂഷണമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ പേരു് ജോൺ ഫിദേൻസാ എന്നായിരുന്നു. 1238_ൽ ഇററലിയിൽ വിറേറർബാപട്ടണത്തിനു് സമീപമുള്ള ബഞ്ഞോറിയാ എന്ന സ്ഥലത്തു ഭൂജാതനായി. ഈ ശിശുവിൽ ദൈവം നല്കുവാനിരുന്ന അന്യാദൃശമായ വരങ്ങളെ ദൂരദൃഷ്ട്യാ കണ്ടുകൊണ്ടു് വി: ഫ്രാൻസിസ്സ് അസ്സീസ്സി "അഹോ! സൌഭാഗ്യമേ! എന്നു് അർത്ഥത്തിൽ ബൊനവഞ്ചുരാ എന്നു് ഉച്ചൈസ്തരം വിളിച്ചു പറഞ്ഞു.

ഈ വാക്കുകൾ തന്നെ അന്നുമുതൽ അദ്ദേഹത്തിന്റെ നാമമായി തീൎന്നു. ഈ ശിശുവിനു നാലുവയസ്സ് പ്രായമുള്ളപ്പോൾ ആപല്ക്കരമായ ഒരു ദീനം പിടിപെടുകയുണ്ടായി. വ്യസനപരവശയായ മാതാവ് വി: ഫ്റാൻസീസ്സിന്റെ അടുക്കൽ അഭയം പ്രാപിച്ചു. ആ വിശുദ്ധന്റെ പ്രാൎത്ഥനാഫലമായി കുട്ടി ആരോഗ്യവാനായിത്തീരുകയും ചെയ്തു. ദൈവം നൽകിയ ഈ വലിയ അനുഗ്രഹം ബൊനവന്തൂര ഒരിക്കലും വിസ്മരിക്കയുണ്ടായിട്ടില്ല. അദ്ദേഹം 22-ാമത്തെ വയസ്സിൽ ഫ്റാൻസിസ്കൻ സഭയിൽ ചേൎന്നു. താമസംവിനാ ആ സഭയിലെ ഏററം കീൎത്തിപ്പെട്ട ഒരു പണ്ഡിതശിരോമണിയായിരുന്ന അലക്സാണ്ടർഹെയിംസിന്റെ കീഴിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി പാരീസിലേയ്ക്കയക്കപ്പെട്ടു. അവിടെവെച്ച് നമ്മുടെ കഥാനായകൻ വി: തോമ്മാസുമായി പരിചിതനാകയും ഈ രണ്ടു ആത്മമിത്രങ്ങളും ഒരുമിച്ച് പണ്ഡിതബിരുദ് സമ്പാദിക്കയും ചെയ്തു. ഇവരുടെ സ്നേഹം എല്ലായ്പ്പോഴും സുസ്ഥിരമായിരുന്നു. ഒരു ദിവസം വി: തോമ്മാസ് തന്റെ മിത്രത്തെ സന്ദൎശിക്കുന്നതിനായി ചെന്നപ്പോൾ വി: ഫ്റാൻസീസ്സിന്റെ ജീവചരിത്രം എഴുതിക്കൊണ്ടിരുന്ന അദ്ദേഹം അത്ഭുതരൂപേണ ഇടവിടാനത്തിൽ പൊങ്ങിനില്ക്കുന്നതായി കണ്ടു "അദ്ദേഹത്തെ നാം അസഹ്യപ്പെടുത്തരുത്. ഒരു വിശുദ്ധൻ വേറൊരു വിശുദ്ധന്റെ ചരിത്രം എഴുതിക്കൊള്ളട്ടെ" എന്നു പറഞ്ഞുകൊണ്ട് മടങ്ങിപ്പോരികയാണ് ചെയ്തതു്. വി: ബൊനവന്തൂര പാരീസ് സൎവ്വകലാശാലയിൽ വളരെക്കാലത്തേയ്ക്കു ദൈവശാസ്ത്രം ശ്രേയസ്കരമായി പഠിപ്പിച്ചു. തന്റെ ശിഷ്യഗണങ്ങളെ ശാസ്ത്രപടുക്കളാക്കിത്തീൎക്കുന്നതിനേക്കാൾ വിനീതരും ദൈവഭക്തരുമായ ക്രിസ്ത്യാനികളാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഏററം തീവ്രമായ ആഗ്രഹം. അവർ എന്തു വിശ്വസിക്കണമെന്നു പഠിപ്പിച്ചിരുന്ന സമയം തന്നെ അവർ എന്തു പ്രവൎത്തിക്കണമെന്നുള്ളതും ദൃഷ്ടാന്തരൂപേണ കാണിച്ചുകൊടുക്കയും ചെയ്തിരുന്നു. അദ്ദേഹം എത്ര കണ്ട് വൈമനസ്യം പ്രദൎശിപ്പിച്ചിരുന്നിട്ടും തന്റെ മുപ്പത്തഞ്ചാമത്തെ വയസ്സിൽ സ്വന്ത സഭയുടെ പൊതുശ്രേഷ്ഠനായി നിയമിതനായി. പത്താം ഗ്രീഗോറിയോസ് മാർപ്പാപ്പാ ഈ പുണ്യശ്ലോകന്റെ അന്യാദൃശമായ യോഗ്യതകണ്ട് അദ്ദേഹത്തെ ഒരു കൎദ്ദിനാളായി ഉയൎത്തുന്നതിനു നിശ്ചയിച്ചു. ഇതറിഞ്ഞുകൊണ്ട് ഈ വിശുദ്ധൻ രഹസ്യമായി ഇററലിവിട്ടുപോയി എങ്കിലും പരിശുദ്ധപിതാവ് അദ്ദേഹം തൽക്ഷണം റോമിലേയ്ക്കു വരുന്നതിനു് ആജ്ഞ നൽകി. ഇപ്രകാരം റോമിലേയ്ക്കു വരുംവഴി, ഫ്ളോറൻസ്പട്ടണത്തിൽ തന്റെ സഭയുടെ ഒരാശ്രമത്തിൽ കയറി വിശ്രമിച്ചു. അവിടെവെച്ച് കൎദ്ദിനാളിന്റെ തൊപ്പി ഇദ്ദേഹത്തിനു കൊ

ളുക്കുന്നതിനായി വന്ന മാർപ്പാപ്പായുടെ രണ്ടു പ്രതിപുരുഷന്മാർ അദ്ദേഹം പാത്രം കഴുകുന്നതായിട്ടാണു് കണ്ടുമുട്ടിയതു്. ആ സന്ദർഭത്തിൽ തന്റെ കരങ്ങൾ മലിനമായിരുന്നതുകൊണ്ടു് തൊപ്പി അടുത്തുള്ള ഒരു വൃക്ഷശാഖയിൽ തൂക്കിയിട്ടിട്ടു് തന്റെ ജോലി പൂർത്തിയാകുന്നതുവരെയും തോട്ടത്തിൽ നടക്കുന്നതിനു് അവരോടാവശ്യപ്പെട്ടു. അനന്തരം നിർവ്യാജമായ വ്യസനസമേതം തൊപ്പി സ്വീകരിച്ചുകൊണ്ടു് മാർപ്പാപ്പായുടെ പ്രതിനിധികളെ സാദരം കൈക്കൊണ്ടു് വേണ്ട ബഹുമാനങ്ങൾ ഒക്കെയും പ്രദർശിപ്പിച്ചു. കാലവിളംബമെന്യേ പരിശുദ്ധപിതാവു് അൽബാനൊ രൂപതയിലെ മെത്രാനായി തൃക്കൈകൊണ്ടു തന്നെ അഭിഷേകം ചെയ്യുകയും അടുത്തിരിക്കുന്ന ലയോൻസ് സൂനഹദോസിൽ പ്രസംഗിക്കണമെന്നു കല്പിക്കയും ചെയ്തു. വി: ബൊനവന്തുര ആജ്ഞാനുസരണം സൂനഹദോസിന്റെ രണ്ടാമത്തേതും മൂന്നാമത്തേതുമായ സമ്മേളനങ്ങളിൽ പ്രസംഗിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ശരീരാരോഗ്യം ക്ഷയിച്ചു് അവശതയിൽ ആകുകയും, സൂനഹദോസു് പര്യവസാനിക്കുന്നതിനു് മുൻപു പരലോകം പ്രാപിക്കുകയും ചെയ്തു. ആദ്ധ്യാത്മികവും, താത്വികവുമായ വേദസിദ്ധാന്തങ്ങൾ സംയോജിപ്പിച്ചു് നിരവധികൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. അവ അഗാധവും തീക്ഷ്ണവും ഭക്തിസംവർദ്ധകങ്ങളുമത്രെ. അതുകൾമൂലം ആദ്ധ്യാത്മികശാസ്ത്രികളുടെ ഗണത്തിൽ അദ്വിതീയമായ ഒരു സ്ഥാനം അദ്ദേഹത്തിനു് ലഭിച്ചിട്ടുണ്ടു്.

കൊളോനിൽ വി. തോമ്മാസിന്റെ ഗുരുവായിരുന്ന ഡൊമിനിക്കാസ് സഭക്കാരനായ വി. അൽബർട്ടോസ് മഹാനെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതു് സന്ദർഭോചിതമാണു്. അദ്ദേഹം ഒരു പ്രഭുവംശജനത്രെ. 1193-ൽ ലോവിങ്കൻ എന്ന സ്ഥലത്തു് അദ്ദേഹം ജാതനാകുകയും 1223-ൽ ഡൊമിനിക്കോസു് സഭയിൽ ചേർന്നു്, പാരീസ്, പാദുവാ, ബൊലോണാ എന്ന സ്ഥലങ്ങളിൽ വിവിധശാസ്ത്രങ്ങൾ അഭ്യസിക്കയും ഹിൽഡസ്ഹെയിം, ഫ്റിബർഗ്, റാറ്റിസ്ബൺ, സ്ട്രാസ്ബർഗ്, പാരീസ്, കൊളോൺ എന്നീ സ്ഥലങ്ങളിൽ അദ്ധ്യാപകജോലി നിർവഹിക്കയും ചെയ്തു. ഉപാദ്ധ്യായൻ എന്ന നിലയിൽ തന്റെ പ്രവർത്തനം അത്ഭുതകരമായി പ്രകാശിച്ചതു് കൊളോനിൽ ആയിരുന്നു. 1260-ൽ റാറ്റിസ്ബൺ രൂപതാഭാരം കയ്യേൽക്കുന്നതിനു് മാർപ്പാപ്പാ അദ്ദേഹത്തെ നിർബന്ധിച്ചു. എന്നാൽ രണ്ടു സംവത്സരാനന്തരം തന്റെ ജോലിയുപേക്ഷിച്ചു കൊളോനിൽ പോയി ഒരു ഉപാദ്ധ്യായനെന്നും ലിഖിതകർത്താവെന്നുമുള്ള തന്റെ പഴയജോലി തന്നെ നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനു് അനുവദിക്കുന്നതിനു് പരിശുദ്ധപിതാവി

ദനാട്ട് അഭ്യൎത്ഥിക്കയുണ്ടായി. അദ്ദേഹം ലിയോൺസിലെ സൂനഹദോസിൽ സംബന്ധിക്കുകയും 1250-ൽ നിൎയ്യാതനാകുകയും ചെയ്തു. വിദഗ്ദ്ധനായിരുന്നതു നിമിത്തം സത്യാന്വേഷണത്തിൽ അന്യാദൃശ്യമായ വൈഭവവും, ശിഷ്യഗണത്തെ ഗ്രഹിപ്പിക്കുന്നതിനുള്ള അഗാധമായ പ്രബോധനശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. വി. അൽബർത്തോസിന്റെ മഹിമയെ ചുരുക്കമായി ലക്ഷ്യപ്പെടുത്തുന്നതിന് അദ്ദേഹം മഹാവേദപാരംഗതനായ വി. തോമ്മാ അക്വീനാസിന്റെ ബുദ്ധിയെ വികസിപ്പിച്ചു എന്നു പറഞ്ഞാൽ മതി.

## ൨. ലയൺസിലെ പൊതുസൂനഹദോസും ഗ്രീക്കുകാരുടെ പുനരൈക്യവും 1274.

മേൽപ്രസ്താവിച്ച മഹാന്മാരെ പത്താം ഗ്രീഗോറിയോസ് മാർപ്പാപ്പാ ലയൺസിൽ വിളിച്ചുകൂട്ടി നടത്തിയ സൂനഹദോസിന്റെ പ്രത്യേക ഉദ്ദേശം, വളരെക്കാലമായി തിരുസഭയിൽ നിന്നു ഭിന്നിച്ചുപോയിരുന്ന ഗ്രീക്കുകാരെ സത്യസഭയിലേയ്ക്കു പുനരൈക്യപ്പെടുത്തണമെന്ന് ഉള്ളതായിരുന്നു. 1274 മേയ് 27-ാംനു സമ്മേളിക്കുകയും, അതേ കൊല്ലംതന്നെ ജൂലായി 17-ാംനു അവസാനിക്കുകയും ചെയ്തു. അവിടെ 500 മെത്രാന്മാരും 70 (മിത്ര) മകുടധാരികളായ മഠാധിപന്മാരുമാണുണ്ടായിരുന്നതു്. ആരഗോണിലെ രാജാവായ ജെയിംസും മററനേകം രാജാക്കന്മാരും പ്രതിനിധികളും സന്നിഹിതരാകയും താല്പൎയ്യപൂൎവ്വം അതിലെ നടപടികളിൽ സഹായിക്കയും ചെയ്തു. എന്നാൽ മൈക്കേൾപലെലൊഗസ് എന്ന ഗ്രീക്കു (കോൺസ്റ്റന്റിനോപ്പിൾ) ചക്രവൎത്തി ലൌകികമായ ഉദ്ദേശ്യത്തോടുകൂടിയാണ് ഇതിൽ സംബന്ധിച്ചതു്. രാജസിംഹാസനത്തിൽ നിന്ന് താൻ അടുത്ത കാലത്തു് നിഷ്കാസനം ചെയ്ത ബാൾഡുവിൻ ദ്വിതീയനെ പാശ്ചാത്യരാജാക്കന്മാർ കോൺസ്റ്റന്റിനോപ്പിൾ ചക്രവൎത്തിയായി നിയമിച്ചേക്കുമോയെന്ന് ബലമായി സംശയിച്ചിരുന്നു. ഈ വിപത്തു നേരിടാതിരിയ്ക്കാൻ വേണ്ടി ഗ്രീക്കുശീശ്മയെ നിൎമ്മൂലമാക്കാൻ സൎവ്വശക്തിയും പ്രയോഗിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് സൂനഹദോസ് വിളിച്ചുകൂട്ടണമെന്ന് അദ്ദേഹം മാർപ്പാപ്പായോടപേക്ഷിച്ചു. ഇദ്ദേഹത്തിന്റെ അഭ്യൎത്ഥന സസന്തോഷം സ്വീകരിച്ചു തന്റെ പുരോഗാമികൾ നിരന്തരം പരിശ്രമിച്ചിരുന്ന ഒരു വലിയ കാൎയ്യം സ്വാധീനമാക്കുന്നതിന് സകല സാഹചൎയ്യങ്ങളു

അനുകൂലമാണെന്നു് പരിശുദ്ധ പിതാവു് കരുതി. ഇപ്രകാരം സമ്മേളിച്ച ആ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി മൈക്കാൾ ചക്രവർത്തി വേറെ നാലു പ്രതിനിധികൾ സഹിതം മുൻപു് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസു് ആയിരുന്ന ജെർമ്മാനോസിനെയും നിഖ്യാമെത്രാപ്പോലീത്തായായ തെയോഫാനോസിനെയും അയച്ചു. അദ്ദേഹം മാർപ്പാപ്പായ്ക്കു സമർപ്പിക്കാൻ ഇവരെ ഏല്പിച്ചിരുന്ന എഴുത്തിൽ മാർപ്പാപ്പായെ പ്രഥമനും, അത്യുന്നതനുമായ മേല്പട്ടക്കാരനെന്നും സകല ക്രിസ്ത്യാനികളുടെയും പൊതുപിതാവെന്നും സംബോധന ചെയ്തിരുന്നു. അവരുടെ 35 ഗ്രീക്കുമെത്രാപ്പോലീത്താമാരുടെയും, അവരുടെ സഹായമെത്രാന്മാരുടെയും നാമത്തിൽ എഴുതപ്പെട്ട മറ്റൊരെഴുത്തുണ്ടായിരുന്നതിൽ ഗ്രീക്കുപുനരൈക്യപ്രസ്ഥാനത്തിൽ അവർക്കുണ്ടായിരുന്ന ഹൃദയംഗമമായ അനുഭാവത്തെ വിശദമായി രേഖപ്പെടുത്തിയിരുന്നു. സൂനഹദോസിലെ പാശ്ചാത്യമെത്രാന്മാരെല്ലാവരും പ്രസ്തുത പ്രതിനിധികളെ സാദരം സ്വീകരിച്ചു് മാർപ്പാപ്പായുടെ സമക്ഷം കൊണ്ടുചെല്ലുകയും പരിശുദ്ധ പിതാവു് എഴുന്നേററു നിന്നു് പൈതൃകവാത്സല്യത്തോടെ അവരെ സമാധാനചുംബനം ചെയ്യുകയും ചെയ്തു. ഗ്രീക്കുപ്രതിനിധികളാകട്ടെ ഈശോമിശിഹായുടെ വികാരിയും, സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനും എന്ന നിലയിൽ പരിശുദ്ധ പിതാവിനു വേണ്ടതായ ബഹുമാനാചാരങ്ങൾ പ്രത്യക്ഷപ്പെടുത്തുകയുണ്ടായി. തങ്ങൾ പൌരസ്ത്യചക്രവർത്തി, മെത്രാന്മാർ എന്നിവരുടെ നാമത്തിൽ റോമാതിരുസഭയോടുള്ള ബന്ധത്തെയും കീഴ്വഴക്കത്തെയും പ്രദർശിപ്പിക്കുന്നതിനും, ആ സഭയുമായുള്ള വിശ്വാസപരമായ ഐക്യത്തെ പ്രസ്പഷ്ടമാക്കുന്നതിനുമായി സന്നിഹിതരായിരിക്കുന്നു എന്നു് പരസ്യമായി പ്രസ്താവിച്ചു. ഏതൽപ്രസ്താവന സകലരിലും അതിയായ സന്തോഷം ഉളവാക്കി. വി. പത്രോസിന്റെ തിരുനാളിൽ മാർപ്പാപ്പാ സൂനഹദോസിൻ സമക്ഷം ഭദ്രാസനദേവാലയത്തിൽ അർപ്പിച്ച ദിവ്യപൂജയിൽ വിശ്വാസപ്രമാണം ലത്തീൻഭാഷയിൽ ചൊല്ലിയ ശേഷം ഗ്രീക്കുമെത്രാന്മാർ റോമാമാർപ്പാപ്പായോടുള്ള തങ്ങളുടെ വിശ്വാസൈക്യത്തെ സാക്ഷ്യപ്പെടുത്തുന്നതിനായി അതേവിശ്വാസപ്രമാണം ഗ്രീക്കുഭാഷയിലും ആവർത്തിച്ചു. ആലോചനാസംഘത്തിൽ മാർപ്പാപ്പായുടെ വലത്തുഭാഗത്തു് കർദ്ദിനാളന്മാർ കഴിഞ്ഞു് ഗ്രീക്കുമെത്രാന്മാരാണിരുന്നതു്. അനന്തരം അവർ കൊണ്ടുവന്നിരുന്ന എഴുത്തുകൾ വായിക്കാനായി ഉടനെ ചക്രവർത്തിയുടെ പ്രധാനമന്ത്രിയായ ജോർജ്ജ് അക്രാപൊലിത്താസ് സ്വജനത്തിന്റെ നാമത്തിൽ ശീശ്മ പരിത്യജിച്ചു് റോമാതിരുസഭയുടെ വിശ്വാസം സ്വീകരിക്കുകയും തിരുസിംഹാ-

സനത്തിന്റെ പരമാധികാരം ഏററുപറകയും ചെയ്തു. മാർപ്പാപ്പാ അശ്രുധാര ഒഴുക്കി സഭാമാതാവിന്റെ മടിയിൽ തന്റെ ഓമനസന്താനങ്ങളെയെല്ലാം ഒരിക്കൽ കൂടി സ്വീകരിച്ചു് ആശ്ലേഷിക്കുന്നതിനുള്ള ആനന്ദത്തെ ചുരുങ്ങിയ വാക്കുകളാൽ പ്രകടിപ്പിച്ചുകൊണ്ടു "തെദവും" എന്ന സ്തോത്രഗീതം ആരംഭിക്കുകയും സംഘം അതിനെ തുടർന്നു് ഹാർദ്ദവമായ സ്തോത്രം ദൈവത്തിനു സമർപ്പിക്കയും ചെയ്തു. ഇങ്ങനെ പാശ്ചാത്യരും പൌരസ്ത്യരും തമ്മിലുള്ള ഐക്യം സുസ്ഥിരമായി നിലനിൽക്കുമെന്നു സകല സാഹചര്യങ്ങളും തെളിയിച്ചു. ഈ ഐക്യം മൈക്കൽ ഫലോലൊഗൊസു്, ചക്രവർത്തിയായിരുന്ന കാലത്തോളം സ്ഥിരമായി നിന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയുടെ വാഴ്ചക്കാലത്തിൽ ആശാസ്യമായ ഈ പുനരൈക്യം നഷ്ടീഭവിക്കുകയാണു് ചെയ്തതു്. ഇങ്ങനെ പതിമ്മൂന്നാം നൂററാണ്ടു് അവസാനിച്ചു. എട്ടാം ബൊനിഫാസിയോസ് മാർപ്പാപ്പാ ഓരോ ശതാബ്ദാന്ത്യത്തിൽ റോമ്മിലേയ്ക്കു വരുന്ന അസംഖ്യം തീർത്ഥയാത്രക്കാരുടെ നേരെ തന്റെ സ്നേഹാതിരേകത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനു് ഇദംപ്രഥമമായി ഒരു ജൂബിലിദണ്ഡവിമോചനം പ്രഖ്യാപനം ചെയ്തു. അതായതു് ആ അവസരത്തിൽ റോമ്മാനിവാസികൾ മുപ്പതും, വിദേശിയർ പതിനഞ്ചും ദിവസം വി: പത്രോസു് പൌലോസു് ശ്ലീഹന്മാരുടെ പള്ളികളിൽ തുടരെ സന്ദർശിച്ചു് വി. കത്തോലിക്കാസഭയുടെ ക്ഷേമാഭിവൃദ്ധിക്കായി പ്രാർത്ഥിക്കയും ഹൃദയപൂർവ്വം മനസ്തപിച്ചു് കുമ്പസാരിക്കയും കുർബാന കൈക്കൊള്ളുകയും ചെയ്യുന്നവർക്കു പരിപൂർണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണെന്നു് നിർണ്ണയിച്ചു. അനന്തരഗാമികളായ മാർപ്പാപ്പാമാരാകട്ടെ ഈ വിശിഷ്ടവരം കൂടുതൽ വിസ്തൃതമാക്കി. റോമ്മാ സന്ദർശിക്കുവാൻ നിവൃത്തിയില്ലാത്തവർക്കു ബാക്കി നിബന്ധനകൾ എല്ലാം നിറവേററുന്ന പക്ഷം ടി ജൂബിലി വിമോചനം പ്രാപിക്കാമെന്നു് അനുഗ്രഹമായി അനുവദിച്ചു. 1350-ൽ 6-ാം ക്ലെമന്റു മാർപ്പാപ്പാ ജൂബിലിവത്സരം യഹൂദന്മാരുടെ പതിവനുസരിച്ചു് 50 വർഷം തികയുമ്പോൾ കൊണ്ടാടാമെന്നു നിശ്ചയിച്ചു. ഒടുവിൽ 6-ാം ഉർബാദനോസ് മാർപ്പാപ്പാ തുലോം ചുരുങ്ങിയ ആളുകൾക്കു മാത്രം ഈ ജൂബിലി ലഭ്യമാകുകയുള്ളല്ലൊ എന്നു കരുതി അതു് 25 കൊല്ലം പൂർത്തിയാകുന്ന അവസരത്തിൽ ആഘോഷിക്കാമെന്നു് തീർച്ചയാക്കി. ഇതാണു നമ്മുടെ ആധുനികകാലത്തെ ജൂബിലിവത്സരനിയമം.

# ൯. പാശ്ചാത്യസഭയിലെ വലിയ ശീശ്മയും കൊൺസ്റ്റാൻസിലെ സൂനഹദോസും.

## 1378—1449.

14-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ ഗ്രീക്കുശിശ്മയെക്കാൾ അധർമ്മകരമായ ഒരു ശിശ്മ തിരുസഭയെ പീഡിപ്പിക്കയും അലങ്കോലപ്പെടുത്തുകയുമുണ്ടായി. ഒരു ഫ്രഞ്ചുകാരനായ 5-ാം ക്ലെമന്റ മാർപ്പാപ്പാ ഇററാലിയൻപ്രഭുക്കളുടെ ഉപദ്രവം നിമിത്തം റോമായിൽനിന്നും 1309-ൽ ഫ്രാൻസിലെ ഒരു പട്ടണമായ അവിഞ്ഞോനിൽ എഴുന്നെള്ളി അവിടെ താമസം ഉറപ്പിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരും ഈ വിധം തന്നെ ചെയ്തു. മാർപ്പാപ്പാമാരുടെ അസാന്നിദ്ധ്യം നിമിത്തം ഇററലി വളരെ കഷ്ടനഷ്ടങ്ങൾക്കു വിധേയയായതിനും പുറമെ റോമാപട്ടണം പല മത്സരക്കളികളുടെയും, രംഗസ്ഥാനമായി പരിണമിക്കയും ചെയ്തു. സ്വന്ത സിംഹാസനത്തിലേയ്ക്കു മടങ്ങിവരണമെന്നു് എല്ലായിടത്തുനിന്നും കൂട്ടനിലവിളിയായി. ഒടുവിൽ 1377-ൽ 11-ാം ഗ്രീഗോരിയോസ് മാർപ്പാപ്പാ തന്റെ ജനത്തിന്റെ മുട്ടിപ്പായ അഭ്യർത്ഥനകൾ ദയാപുരസ്സരം ശ്രവിച്ചു്, അവിഞ്ഞോൺനഗരം വിട്ടു് റോമിൽ വരികയും അനന്യസാധാരണമായ ഭക്തിബഹുമാനപുരസ്സരം അവിടെ സ്വീകൃതനാവുകയും ചെയ്തു. അദ്ദേഹം നിര്യാതനായപ്പോൾ റോമാനഗരവാസികൾ പുതിയ മാർപ്പാപ്പാ ഒരു ഫ്രഞ്ചുകാരനാകുന്നപക്ഷം, അദ്ദേഹവും, അവിഞ്ഞോനിൽ വാസം, ഉറപ്പിച്ചേക്കുമെന്നു ഭയന്നു കർദ്ദിനാൾസംഘം സമ്മേളിച്ചിരുന്ന കെട്ടിടത്തിനു ചുററും കൂടി, "ഒരു റോമാ പൌരൻ പാപ്പാ ആകണം." എന്നു മുറവിളി കൂട്ടി, അവരുടെ ആഗ്രഹങ്ങൾ നിവൃത്തിയാകാത്തപക്ഷം കർദ്ദിനാളന്മാരുടെ തല അവരുടെ തൊപ്പിയോടൊപ്പം, രക്തവർണ്ണമാക്കുമെന്നു് ഭയപ്പെടുത്തി അട്ടഹസിച്ചു. ഭയവിഹ്വലരായി തീർന്ന കർദ്ദിനാളന്മാർ ധൃതഗതിയായി "ബാരി" അതിരൂപതയുടെ മെത്രാപ്പോലീത്തായെ മാർപ്പാപ്പായായി തെരഞ്ഞെടുക്കുകയും അദ്ദേഹം 6-ാം ഉർബാനോസ് എന്നു് നാമധേയം സ്വീകരിക്കുകയും ചെയ്തു താമസമെന്യേ ആ തെരഞ്ഞെടുപ്പു് ആലോചനാപൂർവ്വം ഉറപ്പിച്ചു് എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ സാഘോഷം സിംഹാസനാരൂഢനാക്കി. ഉർബാനോസാകട്ടെ അ

ത്യന്തഭക്തനും മഹാതപസ്സിയും ദുരാചാരങ്ങളെ നിവാരണം ചെയ്യുന്നതിൽ അത്യുത്സാഹിയും ആയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സ്വഭാവം കഠിനവും നിശ്ചഞ്ചലവുമായിരുന്നു. തന്നിമിത്തം അദ്ദേഹത്തെ തെരഞ്ഞെടുത്തവരിൽ ഭൂരിപക്ഷവും അദ്ദേഹത്തിനു ശത്രുക്കളായിത്തീന്നു. ഇററലിക്കാരായ നാലു കർദ്ദിനാളന്മാരൊഴികെ മറെറല്ലാവരും തങ്ങൾ തെരഞ്ഞെടുത്തതു് നിർബന്ധം നിമിത്തമായിരുന്നതിനാൽ അതു് അസാധുവാണെന്നു സ്ഥാപിച്ചുകൊണ്ടു റോമാ വിട്ടുപോയി, 7–ാം ക്ലെമൻറു് എന്ന നാമധാരിയായി വേറൊരു മാർപ്പാപ്പായെ തെരഞ്ഞെടുത്തു ഈ അനിഷ്ടസംഭവം സഭയെ വലിയ കുഴപ്പത്തിലാക്കി. ക്രിസ്തീയസഭ വിഭജിക്കപ്പെട്ടു് രണ്ടു ഭരണാധികാരികളുടെ കീഴിലായി. ക്ലെമൻറിനെ ഫ്രാൻസ്, സ്പെയിൻ, സ്കോട്ട്ലണ്ടു്, സിസ്സിലി എന്നീ രാജ്യങ്ങൾ അനുകൂലിച്ചു. ഉർബാനോസിനെയാകട്ടെ ഇംഗ്ലണ്ടു്, ഹങ്കറി, ബൊഹിമിയാ, ജർമ്മനിയുടെ ചില ഭാഗങ്ങൾ എന്നിവയും അനുസരിച്ചു. ഇരുപക്ഷത്തുനിന്നും മഹറോൻമുടക്കു് പരസ്പരം പുറപ്പെടുവിച്ചു് ഭിന്നതകൾ അങ്ങനെ വർദ്ധിച്ചുകൊണ്ടിരുന്നു. മനുഷ്യമനസ്സു് വിലപനീയമായ പ്രവൃത്തികൾ മുഖാന്തിരം കോപാവേശിതമായി ഭവിച്ചു. ഓരോ കക്ഷിയും തങ്ങളുടെ നേതാക്കന്മാർ മരിക്കുമ്പോൾ പിൻഗാമികളെ തെരഞ്ഞെടുത്തതിനാൽ മതഭിന്നത ദീർഘിച്ചുവന്നിരുന്നു. ഒടുവിൽ ശീശ്മയെ നിർമ്മൂലമാക്കുന്നതിനുള്ള പ്രത്യാശയോടുകൂടി ഇരുകക്ഷിയിൽപെട്ട കർദ്ദിനാളന്മാരും വൈദികമേലദ്ധ്യക്ഷന്മാരും ഒരുമിച്ചുകൂടി പീസായിൽ ഒരു സൂനഹദോസ് സമ്മേളിച്ചു. ഈ ആലോചനാസംഘം ഓരോകക്ഷിയിൽപെട്ട പാപ്പാമാരുടെ അവകാശവാദത്തെപ്പററി യാതൊന്നും തീർച്ച ചെയ്യാതെ അവരിരുവരേയും സ്ഥാനത്യാഗം ചെയ്യിക്കയാണുണ്ടായതു്, മാത്രമല്ല അഞ്ചാം അലക്സാണ്ടർ എന്ന പേരിൽ ഒരാളെ മാർപ്പാപ്പായായി തെരഞ്ഞെടുത്തു. ഇതിൽ അവരുടെ ഉദ്ദേശം നല്ലതായിരുന്നുവെങ്കിലും അവരുടെ പ്രവൃത്തി ന്യായാനുസരണം ആയിരുന്നില്ല. തന്നിമിത്തം കുഴപ്പം പൂർവ്വോപരി വർദ്ധിക്കുകയാണു് ചെയ്തതു് രണ്ടുപേർക്കുപകരം പത്രോസിന്റെ സിംഹാസനത്തിൽ മൂന്നുപേരാണു് അവകാശികളായി തീർന്നതു്. ഇവരിൽ ഓരോരുത്തരേയും അതാതു കക്ഷിക്കാർ തങ്ങളുടെ ന്യായാനുസൃതമായ മാർപ്പാപ്പായായി പരിഗണിച്ചുപോന്നു. വിവിധകക്ഷിയിൽപെട്ട കർദ്ദിനാളന്മാരുടെ അന്യോന്യമുള്ള വിരോധം, നാടുവാഴികളുടെ സ്വാർത്ഥപരവും പരസ്പരവിരുദ്ധവുമായ ഉദ്ദേശങ്ങൾ, ജനങ്ങളുടെയിടയിൽ ഉണ്ടായിരുന്ന സ്പർദ്ധ, ഇത്യാ

ഭി ശീശ്മയെ ദീർഘിപ്പിക്കുമെന്നു പ്രത്യക്ഷപ്പെട്ടതായിരുന്നുവെങ്കിലും ഈശോമിശിഹായുടെ വാഗ്ദാനം പൂർത്തിയാകുകയും, ആപത്തു നീങ്ങുകയും ചെയ്തു. എങ്ങനെയെന്നാൽ 1414-ൽ കോൺസ്റ്റൻസ് നഗരത്തിൽ ഈ മൂന്നു പാപ്പാമാരുടെയും സഹകരണത്തോടുകൂടി നടത്തിയ സൂനഹദോസിൽ വച്ച് മാനുഷികാശാപാശവും, നയവും ഉളവാക്കിയ പ്രതിബന്ധങ്ങൾ എല്ലാം ഇല്ലാതായി. ഇവിടെവച്ച് ഊർബാനോസിന്റെ അനന്തരഗാമിയും അത്യുമുഖാന്തിരം ന്യായാനുസരണമായ മാർപ്പാപ്പായുമായ 12-ാം ഗ്രീഗോരിയോസ് സ്വമേധയാ പാപ്പാസ്ഥാനം രാജിവച്ചു. ന്യായരഹിതമായി തെരഞ്ഞെടുക്കപ്പെട്ട യോഹന്നാൻ 23-ാമൻ ബെനഡിക്തോസ് 13-ാമൻ എന്നിവരെ സ്ഥാനഭ്രംശരാക്കി. അനന്തരം ഒരു പുതിയ മാർപ്പാപ്പായെ തെരഞ്ഞെടുക്കുകയും, അദ്ദേഹം 5-ാം മർത്തീനോസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ബെനദിക്തോസാകട്ടെ തന്റെ ന്യായരഹിതമായ അവകാശം വാദിച്ചുകൊണ്ട് ശീശ്മയിൽ നിലനിന്ന് അതിൽ നിര്യാതനായി.

കോൺസ്റ്റൻസിൽകൂടിയ ഈ തിരുസംഘം ഒരു സാർവ്വത്രികസൂനഹദോസായി തീർന്നത് കർദ്ദിനാളന്മാരുടെയും, മെത്രാന്മാരുടെയും ഒരു സംഘമായിരുന്നതുകൊണ്ടല്ല, പിന്നെയോ ന്യായമായി തിരുസഭാതലവനായ 12-ാം ഗ്രീഗോരിയോസ് അതിനെ വിളിച്ചുകൂട്ടുകയും അതിന്റെ നടപടികൾ തൽസ്ഥാനത്യാഗം ചെയ്യുന്നതിനു മുൻപ് അംഗീകരിച്ചുറപ്പിച്ചതുകൊണ്ടുമാത്രമാണെന്നത് ഇവിടെ സ്മർത്തവ്യമാണ്. കൂടാതെ ഈ മൂന്നു പാപ്പാമാരുടെ അവകാശവാദങ്ങളെപ്പറ്റി ഭിന്നാഭിപ്രായം ഉണ്ടായിരുന്നുവെന്നുവരികിലും റോമാതിരുസിംഹാസനത്തിന്റെ പരമാധികാരത്തെപ്പറ്റിയും അതിനോടേവർക്കും വേണ്ടതായ യോജിപ്പിന്റെ ആവശ്യകതയെ സംബന്ധിച്ചും എവർക്കും ഒരേ വിശ്വാസം ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. ആയതിനാൽ ഇതിനെക്കാൾ നിസ്സാരങ്ങളായ ദുർമ്മാതൃകകൾമൂലം ഓരോ വ്യക്തികൾക്കു നേരിട്ട തിന്മകളോടു തുലനം ചെയ്യുന്നപക്ഷം ഈ ശീശ്മനിമിത്തമുണ്ടായ നാശം ലഘുതരമാകുന്നു. ഈ വസ്തുത അടുത്ത ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ഫ്ലോറൻസിലെ മെത്രാപ്പോലീത്തായായ വി: അന്തോനീനോസിന്റെ രേഖകളിൽനിന്നു വ്യക്തമാകുന്നുമുണ്ട്. അദ്ദേഹം പറയുന്നു. "ഇവയിൽ ഏതെങ്കിലും ഒരു കക്ഷിയോട് സുവിശ്വാസത്തിലും നിഷ്കളങ്കമനസ്സാക്ഷിയോടുംകൂടി ഒരുവനു ചേർന്നിരിയ്ക്കാവുന്നതാണ്. കാരണം തിരുസ്സഭയ്ക്കു ഒരു ദൃശ്യാദ്ധ്യക്ഷൻ മാത്രമേ ഉണ്ടാകാൻ പാടുള്ളു എന്നു് എവരും

വിശ്വസിച്ചേ മതിയാവൂ. എങ്കിലും തിരുസഭയുടെ അദ്ധ്യക്ഷപദത്തിലേയ്ക്കു ഒന്നിലധികം ആളുകൾ അവകാശവാദം ചെയ്യുമ്പോൾ അവരിലാരാണു് ന്യായാവകാശി എന്നു് തീരുമാനിക്കുന്നതിനു് യാതൊരു വ്യക്തിക്കും ചുമതലയില്ല. എന്നാൽ യഥാർത്ഥവും ന്യായാനുസരണവുമായ പാപ്പാ കാനോനികമായി തെരഞ്ഞെടുക്കപ്പെട്ട ആൾ തന്നെ എന്നു് വിശ്വസിക്കാൻ മാത്രമെ കടമയുള്ളൂ. ഒരു സാധാരണ ക്രിസ്ത്യാനി ഏതു തെരഞ്ഞെടുപ്പാണു് സാധുവെന്നു് നിർണ്ണയിക്കുന്നതിനു് നിർബന്ധിതനല്ല. സ്വന്ത അദ്ധ്യക്ഷന്റെ അഭിപ്രായവും നടത്തിപ്പും അനുസരിച്ചാൽ ഭദ്രമായിരിപ്പാൻ പാടുണ്ടു്." തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശുദ്ധീകരണം സംബന്ധിച്ചു് ദൈവത്തിന്റെ പദ്ധതിക്രമം ഈദൃശ അപശ്രുതികൾകൊണ്ടു് വിഫലമാക്കപ്പെടുന്നില്ല, എന്തുകൊണ്ടെന്നാൽ തിരുസഭ ഇപ്പോൾ വിശുദ്ധന്മാരായി ഗണിക്കുന്ന അനേകം പുണ്യാത്മാക്കൾ ഇരുപക്ഷത്തുമുണ്ടായിരുന്നു.

കോൺസ്റ്റാൻസിൽ പ്രസ്തുത സൂനഹദോസ് സമ്മേളിച്ചതു് മേൽപറഞ്ഞ ശീശ്മയുടെ നിവാരണാർത്ഥം മാത്രമല്ലാ സഭാവിഷയങ്ങളുടെ ലഘനം മുഖാന്തിരം ജർമ്മനിയൊട്ടുക്കു വ്യാപിച്ചിരുന്ന പാഷണ്ഡപ്രബോധനങ്ങളെ ശപിച്ചു ഖണ്ഡിക്കുന്നതിനും കൂടിയായിരുന്നു. ഈ പാഷണ്ഡതകളുടെ കർത്താവു് ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ഒരു പണ്ഡിതനായ ജോൺവിക്ലിഫ് ആയിരുന്നു. ഇയാളുടെ അതിസാഹസവും വിഭ്രാന്തിപരവുമായ അഭിപ്രായങ്ങളെ അഞ്ചാം ഉർബ്ബാനോസ് മാർപ്പാപ്പായും ഇംഗ്ലണ്ടിലെ മെത്രാന്മാരും ഐകകണ്ഠ്യേന ശപിച്ചിരുന്നു. തന്നിമിത്തം ഈ നൂതന മതപ്രബോധകൻ തന്റെ അഭിപ്രായങ്ങളെ ഒന്നുകൂടി പ്രബലപ്പെടുത്തിക്കൊണ്ടു് തിരുസ്സഭയുടെ പരിപാവനാധികാരത്തെ പാടെ എതിർത്തു. മാർപ്പാപ്പാ പരമാദ്ധ്യക്ഷനല്ലെന്നും, മെത്രാന്മാർക്കു് സാധാരണ പട്ടക്കാരെ അപേക്ഷിച്ചു് കൂടുതൽ അധികാരമൊന്നുമില്ലെന്നും, എല്ലാ വൈദികാധികാരങ്ങളും പാപദോഷം കാരണം ഒന്നുകിൽ റദ്ദാക്കപ്പെടുകയോ, അല്ലാത്തപക്ഷം തല്ക്കാലം നിർത്തലാക്കപ്പെടുകയോ ചെയ്യുന്നുവെന്നും കുമ്പസാരം തീരെ പ്രയോജനമററതാണെന്നുമായിരുന്നു ഇയാളുടെ പ്രബോധനം. ഏതാദൃശമായ അബദ്ധോപദേശങ്ങളാൽ ഇംഗ്ലണ്ടിൽ സാരമായ യാതൊരു ഫലവും അപ്പോൾ ഉണ്ടായില്ല. വിക്ലിഫിന്റെ മരണത്തോടുകൂടി കുറെപ്പേർ മാത്രമുണ്ടായിരുന്ന ഇയാളുടെ അനുഗാമികൾ നാലുപാടും ചിതറി നാമാവശേഷമായിത്തീർന്നു. പക്ഷേ പാഷണ്ഡവിഷബീജങ്ങൾ നിറഞ്ഞ അയാളുടെ കൃതികൾ

അവിടെ ധാരാളമുണ്ടായിരുന്നു. ബൊഹീമിയാസ്വദേശിയും ഓക്സ്ഫോർഡ്കലാശാലയിലെ വിദ്യാർത്ഥിയുമായിരുന്ന ഒരാൾ പ്രേഗിലേയ്ക്ക് ഈ കൃതികളെ കൊണ്ടുപോയി അവിടുത്തെ സർവ്വകലാശാലാദ്ധ്യക്ഷനായ ജോൺഹസ്സിനെ ഏല്പിച്ചു. ജോൺഹസ്സാകട്ടെ വിക്ലിഫിന്റെ നാശകരപ്രബോധനങ്ങളെ അത്യാസക്തിപൂർവ്വം ആസ്വദിച്ച് അതിശുഷ്കാന്തിയോടെ അവയെ പ്രസംഗിച്ചുതുടങ്ങി. മാത്രമല്ല സ്വന്തം ചില അബദ്ധങ്ങളേയും അവയോടുകൂട്ടിച്ചേർത്ത് ഒട്ടുവളരെ ശിഷ്യന്മാരെ ആകർഷിച്ചു. അവരിൽ വച്ച് അതിക്രൂരൻ പ്രേഗിലെ ജെറോമായിരുന്നു. ഈ നൂതനമതം ബൊഹീമിയായിൽ പ്രചരിച്ചുതുടങ്ങിയപ്പോൾ മാർപ്പാപ്പായുടെ ആനുകൂല്യത്തോടുകൂടി സ്ഥലത്തെ മെത്രാൻ അവയ്ക്കെതിരായി വളരെ ശ്രമിച്ചെങ്കിലും അവയെ നിർമ്മൂലമാക്കുവാൻ സാധിച്ചില്ല, പ്രത്യുത ജോൺഹസ് ബൊഹീമിയായിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും വിജയശ്രീയോടുകൂടി പ്രസംഗിച്ചുകൊണ്ടിരുന്നു. ഈ തരുണത്തിലാണ് കോൺസ്റ്റാൻസ് സൂനഹദോസുകൂടിയത്. സൂനഹദോസിൽ തന്റെ അബദ്ധോപദേശങ്ങളെ നേരിട്ടു സ്ഥാപിക്കുന്നതിനായി ജോൺഹസ് വന്നുചേർന്നു. പ്രേഗിൽ നിന്നും പുറപ്പെടുന്നതിനു മുമ്പ് അവിടുത്തെ പള്ളിവാതില്ക്കൽ അഹമ്മതിപരമായ ഒരു പരസ്യം എഴുതി വെച്ചതിൽ, വിശ്വാസത്തിനെതിരായി ഏതെങ്കിലും ഒരബദ്ധം തന്റെ ഉപദേശത്തിൽ അടങ്ങിയിട്ടുണ്ടെന്നു തന്നെ സമ്മതിപ്പിക്കുന്നപക്ഷം പാഷണ്ഡികളുടെ മേൽ ചുമത്തുന്ന ഏതു തരം ശിക്ഷയെങ്കിലും ഏല്ക്കുവാൻ താൻ സന്നദ്ധനാണെന്നു പ്രസ്താവിച്ചിരുന്നു. ഇതിന്റെ ശേഷം സിജിസ്മണ്ട് ചക്രവർത്തി ജോൺഹസിനു കോൺസ്റ്റാൻസ് സൂനഹദോസിൽ നിർഭയം ചെന്നു സംബന്ധിക്കുന്നതിനും യാത്രാമദ്ധ്യത്തിൽ അപകടം നേരിടാതിരിക്കുവാനും ഏർപ്പാടുചെയ്തിരുന്നു. ചക്രവർത്തി ഇപ്രകാരം ചെയ്തതു താൻ സന്നദ്ധനാണെന്നു സ്വയം ഏറ്റുപറഞ്ഞ ശിക്ഷയിൽ നിന്ന് അയാളെ വിമുക്തനാക്കാൻ വേണ്ടിയല്ലായിരുന്നു. പിന്നയോ അയാളുടെ യാത്രയിൽ അയാളെ സംരക്ഷിക്കുന്നതിനും അയാളുടെമേൽ ചുമത്തപ്പെട്ട കുറ്റാരോപണങ്ങളിൽ നിന്ന് തന്നെ ആദരിയ്ക്കുവാൻ അയാൾക്ക് അവസരം നല്കുന്നതിനും വേണ്ടി മാത്രമായിരുന്നു. കോൺസ്റ്റാൻസിൽ ചെന്നെത്തിയ ഉടൻ തന്റെ പ്രബോധനങ്ങളെപ്പറ്റി സൂനഹദോസ് യാതൊരു നിർണ്ണയവും ചെയ്യുന്നതിനു താമസിക്കാതെ അയാൾ തന്റെ നവീനതത്വങ്ങൾ പ്രചരിപ്പിക്കുവാൻ തുടങ്ങി. തന്നിമിത്തം രാഷ്ട്രീയഅധികാരികൾ അയാളെ പിടിച്ച് ബന്ധനത്തിലാക്കുകയും,

സൂനഹദോസിനാൽ നിയമിക്കപ്പെട്ട പ്രതിപുരുഷന്മാർ അയാളുടെ കൃതികൾ പരിശോധിക്കയും ചെയ്തു തൽകൃതികൾ അബദ്ധപൂർണ്ണങ്ങളായി കണ്ടതിനാൽ അവയെ പിൻവലിക്കണമെന്നു് അയാളോടാവശ്യപ്പെട്ടു. അതു അയാൾ സമ്മതിച്ചില്ല. ജൂൺ അഞ്ചാം തീയതിയിലെ യോഗത്തിൽ അയാൾ സന്നിഹിതനായി വിക്ലിഫിൽ നിന്നു് അയാൾ സ്വീകരിച്ചിരുന്ന അനേകം അബദ്ധപാഠങ്ങൾ വിശദമായി അവിടെ പ്രത്യക്ഷപ്പെടുത്തി. അവയിൽ ഓരോ തത്വം സംബന്ധിച്ചുള്ള അയാളുടെ അഭിപ്രായം വിശദീകരിക്കുവാൻ വേണ്ട സമയം കൊടുത്തിട്ടു് അതേപ്പററിയുള്ള സൂനഹദോസിന്റെ വിധിയ്ക്കനുസരിക്കുവാൻ അയാളെ നിർബന്ധിച്ചു തെററുകളെ പിൻവലിക്കുന്നതിനായി ഒരു വാചകമെഴുതി അയാൾക്കു സമപ്പിച്ചപ്പോൾ അതിനു ഒപ്പുവെയ്ക്കാതെ ദുശ്ശാഠ്യം പിടിച്ചുനില്ക്കയാണു് ചെയ്തതു്. ഈ ദുശ്ശാഠ്യത്തിൽ നിന്നു് അയാളെ വ്യതിചലിപ്പിക്കുവാൻ സൂനഹദോസ് പലപ്രാവശ്യം പരിശ്രമിച്ചു മൂർഖതയിൽനിന്നു പിൻവലിയുമെന്നു പ്രതീക്ഷിച്ചു് അയാളുടെ കൃതികൾ തീയിലിട്ടു. എന്നാൽ ദുശ്ശാഠ്യത്തിൽതന്നെ നിലനിന്നതിനാൽ വൈദികപദത്തിൽ നിന്നു് അധഃപ്പതിപ്പിച്ചതിനു ശേഷം, അയാളെ കോൺസ്ററാൻസിലെ മജിസ്ത്രേട്ടധികാരികൾക്കു് ഏല്പിച്ചുകൊടുക്കുകയും അവർ രാജ്യനിയമാനുസരണം അയാളെ അഗ്നിയിൽ ദഹിപ്പിക്കുവാൻ ശിക്ഷാവിധി നൽകുകയും ചെയ്തു അയാളുടെ ശിഷ്യനായ ജെറോമിനും ഈ ശിക്ഷതന്നെ അനുഭവിക്കേണ്ടതായി വന്നുകൂടി. സൂനഹദോസ് അയാളുടെ മരണശിക്ഷക്കു് യാതൊരു വിധേനയും ഹേതുവായില്ല, പ്രത്യുത രാഷ്ട്രീയനിയമം നടപ്പിൽ വരുത്തുന്നതിനു് അനുവദിക്കമാത്രമാണു് ചെയ്തതു്. ആ നിയമമാകട്ടെ അരാജകത്വം, വിപ്ലവം, പാഷണ്ഡത, ഇവകൾക്കു് നിദാനങ്ങളായ തത്വങ്ങളെ പ്രസംഗിച്ചുകൊണ്ടു് സാമുദായികസമാധാനത്തിനു ഭംഗം വരുത്തിയ ഒരാളായിട്ടാണു് അയാളെ പരിഗണിച്ചതു്.

കോൺസ്ററാൻസ് സൂനഹദോസു് അഞ്ചാം മർത്തീനോസ് മാർപ്പാപ്പായെ വി: പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനാക്കികൊണ്ടു് പര്യവസാനിച്ചു. ഈ മാർപ്പാപ്പാ വേറൊരു സൂനഹദോസ് 1431–ൽ ബെസ്സൽനഗരത്തിൽ കൂടണമെന്നു് വിളംബരം ചെയ്കയുണ്ടായി. എങ്കിലും അതു സമ്മേളിക്കുന്നതിനുമുമ്പ് പരിശുദ്ധപിതാവു് ദേഹവിയോഗം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി 4–ാം എവുജേനിയോസ് മാർപ്പാപ്പാ പ്രസ്തുത സൂനഹദോസിൽ അദ്ധ്യക്ഷം വഹിക്കുന്നതിനു് ഒരു പ്രതിപുരുഷനെ നിയമിച്ചു സൂനഹദോസാകട്ടെ മാർപ്പാപ്പാ തന്നെ സൂ

നഹദോസിൽ സംബന്ധിക്കണമെന്നു് ആവശ്യപ്പെട്ടു. എന്നാൽ പരിശുദ്ധപിതാവു് അതിനു വിസമ്മതിക്കയാൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാനാണു് സംഘക്കാർ തുനിഞ്ഞതു്. അപ്പോൾ എവുജേനിയോസ് മാർപ്പാപ്പാ സംഘത്തെ അശേഷം റദ്ദാക്കുകയും ഗ്രീക്കുശീശ്മക്കാരുടെ പുനരൈക്യത്തെപ്പററി ആലോചിക്കുവാനായി വേറൊരു സൂനഹദോസ് ഫ്ലോറൻസ് നഗരത്തിൽ വിളിച്ചുകൂട്ടുകയും ചെയ്തു. ബസ്സൽസംഘമാകട്ടെ പ്രതികാരേച്ഛുക്കളായി മാർപ്പാപ്പായെ മഹറോൻ ചൊല്ലി ശപിച്ചതിനും പുറമെ സവോയി നാട്ടിലെ പ്രഭുവായ അമദെമൂസ് എന്നയാളെ എതിർപാപ്പായായി തെരഞ്ഞെടുക്കുന്നതിനുപോലും മുതിർന്നു. ഈ വ്യാജപാപ്പായാകട്ടെ ഫേലിക്സ് പഞ്ചമൻ എന്ന അപരനാമവും സ്വീകരിച്ചു. ദൈവകാരുണ്യത്താൽ ഈ ശീശ്മ കാലവിളംബമെന്യേ അന്തരിച്ചുപോയി. ബസ്സൽസംഘമാകട്ടെ എല്ലാരുടെയും അനാദരവുകാരണം അവഹേളനങ്ങൾക്കു പാത്രീഭവിച്ചതിനുശേഷം ഒടുവിൽ 1449-ൽ മാർപ്പാപ്പായുടെ പരമാധികാരത്തിനു് വിധേയമായി തീർന്നു. ഇപ്രകാരം എഴുപതു കൊല്ലത്തെ കുഴപ്പത്തിനു ശേഷം തിരുസഭ വീണ്ടും സമാധാനാശിസ്സു് പ്രാപിച്ചു.

## ൪. ഗ്രീക്കുകാരെ രണ്ടാമതു പുനരൈക്യപ്പെടുത്തുവാനായി നടന്ന ഫ്ലോറൻസ് സൂനഹദോസ്. കോൺസ്റ്റാന്റിനോപ്പിൾ അന്യാധീനപ്പെട്ടതു്.

## 1439–1453.

കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ച ഫ്ലോറൻസ് സൂനഹദോസ് 1439-ൽ താഴെ കാണുന്നപ്രകാരം സമ്മേളിച്ചു. ഗ്രീക്കുകാർ തിരുസഭയുടെ ഐക്യത്തിൽ നിന്നും പിരിഞ്ഞുപോയ ശേഷം റോമാ മാർപ്പാപ്പാമാർ അവരെ രമ്യപ്പെടുത്തുവാനായി വളരെ പ്രയത്നങ്ങൾ ചെയ്തുവെങ്കിലും അവയെല്ലാം വിഫലങ്ങളായിട്ടാണു പരിണമിച്ചതു്. ഒടുവിൽ 1437-ൽ ഗ്രീക്കുചക്രവർത്തിയായ ജോൺപിലെലൊഗ്ഗുസ് ദ്വിതീയനും 4-ാം എവുജേനിയോസ് മാർപ്പാപ്പായും തമ്മിൽ ഇതു സംബന്ധിച്ചു വേണ്ട ആ

ലോചനകൾ നടക്കുകയും ഇതിനായി ഗ്രീക്കുകാരും ലത്തീൻകാരും അടങ്ങിയ ഒരു സൂനഹദോസ് പടിഞ്ഞാറു തന്നെ കൂടണമെന്നു തീരുമാനിക്കുകയും ചെയ്തു. ഈ നിശ്ചയമനുസരിച്ചു ഇററലിയിൽ ഫെറാറാ പട്ടണത്തിൽ സൂനഹദോസ് സമ്മേളിച്ചു. മാർപ്പാപ്പാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന അതിൻെറ പ്രാരംഭയോഗത്തിൽ ഗ്രീക്കുചക്രവൎത്തിയും കോൺസ്റ്റാൻറിനോപ്പൂരിയിലെ വയോവൃദ്ധനായ പാത്രിയക്കീസും പൌരസ്ത്യരായ ഇരുപതു മെത്രാപ്പോലീത്താമാരും മററനേകം വൈദികരും സംബന്ധിച്ചിരുന്നു. അലക്സാന്ത്ര്യാ, അന്തിയോക്യാ, ജെറുശ്ലേം എന്നീ സ്ഥലങ്ങളിലെ പാത്രിയക്കീസന്മാരും തങ്ങളുടെ പ്രതിനിധികളെ സൂനഹദോസിലേയ്ക്കയച്ചിരുന്നു. എന്നാൽ ഫെറാറായിൽ സൂനഹദോസ് തുടൎന്നു നടത്തുന്നതിന് അസൌകര്യങ്ങൾ നേരിട്ടതിനാൽ ഗ്രീക്കുകാരുടെ പരിപൂൎണ്ണസമ്മതത്തോടുകൂടി സംഘം ഫ്ളോറൻസ് നഗരത്തിലേയ്ക്കു മാററി. ഗ്രീക്കുകാരുടെ വിശ്വാസസംബന്ധമായ വാദങ്ങൾ കേട്ടു തീരുമാനിച്ചതിനു ശേഷം ചക്രവൎത്തിയും, പാത്രിയക്കീസും എല്ലാം ഗ്രീക്കു വൈദികമേലദ്ധ്യക്ഷന്മാരും ബാവായിൽ നിന്നും പുത്രനിൽ നിന്നുമുള്ള റൂഹാദക്കുദശായുടെ പുറപ്പാടും മാർപ്പാപ്പായുടെ സാൎവ്വത്രികമായ പരമാധികാരവും തുടങ്ങിയുള്ള റോമാവിശ്വാസത്തിൻെറ സത്യങ്ങളെല്ലാം പരിപൂൎണ്ണമായി ഏററുപറഞ്ഞുകൊണ്ടു് അംഗീകരിച്ചു. അതോടുകൂടി പുനരൈക്യം തീർച്ചയായി കഴിഞ്ഞു. ഗ്രീക്കുകാർ മുമ്പു നിഷേധിച്ചിരുന്ന വകുപ്പുകൾ സംബന്ധിച്ചു ഒരു നിൎണ്ണയം എഴുതി ഉണ്ടാക്കുകയും അതിൽ മാർപ്പാപ്പായും എഫേസൂസു മെത്രാനായ മാർക്കു് ഒഴികെ മററെല്ലാ പൌരസ്ത്യമെത്രാന്മാരും കയ്യൊപ്പു് വെക്കുകയും ചെയ്തു. മാർക്കാകട്ടെ സ്വാഭിപ്രായത്തിൽ തന്നെ ദൃഢമായി നിന്നു. ഇപ്രകാരം അത്ര ഗൌരവമായ പുനരൈക്യം സാധിച്ചതു കാരണം തിരുസ്സഭയിൽ സൎവ്വത്ര മഹാസന്തോഷമുളവായി എന്നാൽ ഈ സന്തോഷം ദീർഘമല്ലായിരുന്നു. എന്തെന്നാൽ ഗ്രീക്കുകാർ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു് മടങ്ങിയപ്പോൾ ജനതതിയും വൈദികഗണവും പുനരൈക്യം സംബന്ധിച്ചു് അസന്തുഷ്ടരായും, ക്ഷുബ്ധരായും തീൎന്നിരിക്കുന്നതായിട്ടാണു് കണ്ടതു്. സൂനഹദോസിൽ നിൎണ്ണയങ്ങളെ കൈയൊപ്പുവെച്ചവരെയെല്ലാം അപഹസിക്കയും, കൈയ്യൊപ്പുവെയ്ക്കാതെ എതിൎത്തുനിന്ന എഫേസൂസ് മെത്രാനെ അത്യന്തം ശ്ലാഘിച്ചു് ആകാശത്തോളം ഉയൎത്തുകയും ചെയ്തു. തന്നിമിത്തം മെത്രാന്മാരിൽ അനേകർ പ്രസ്തുത സംഘനിൎണ്ണയങ്ങൾക്കുള്ള തങ്ങളുടെ സമ്മതത്തെ പിൻവലിച്ചു. യൌസേഫ് പാത്രിയക്കീസും ഫ്ളോറൻസിൽവെച്ചു ത

ന്നെ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമികളും ഗ്രീക്കുകാരെ മാനസാന്തരപ്പെടുത്തുന്നതിന് വളരെ ശ്രമിച്ചു എന്നാൽ വൃഥാവായതേ ഉള്ളൂ. ഒടുവിൽ അലക്സാന്ത്രാ, അന്തിയോക്യാ, ജെറുസലേം എന്നീ സ്ഥലങ്ങളിലെ പാത്രിയർക്കീസന്മാർ കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തി ചെയ്ത പ്രയത്നങ്ങളെല്ലാം ശിഥിലീഭവിപ്പിച്ച് പുനരൈക്യപ്രസ്ഥാനം നിശ്ശേഷം ഇല്ലാതാക്കി. സന്യാസികളും വൈദികരും ജനങ്ങളും പ്രസ്തുത നിർണ്ണയത്തിനെതിരായി പരസ്യമായി ക്ഷോഭിക്കുകയും പുനരൈക്യം എന്നന്നേക്കും നാമാവിശേഷമായി പരിണമിച്ചുവെന്ന് ജയഭേരി മുഴക്കുകയും ചെയ്തു. കുറെ കൊല്ലങ്ങൾ കഴിഞ്ഞ് അതിഭക്തനായ നിക്കോളാവൂസ് പഞ്ചമൻ എന്ന മാർപ്പാപ്പാ ഗ്രീക്കുകാരെ പുനരൈക്യപ്പെടുത്തുന്നതിനായി ഇതഃപര്യന്തം ചെയ്ത പ്രയത്നങ്ങളെല്ലാം ഫലശൂന്യമായതിനെപ്പറ്റി ഖേദിച്ചുകൊണ്ട് തുർക്കികൾ കോൺസ്റ്റാന്റിനോപ്പിളിനെ കരസ്ഥമാക്കുന്നതിനായി ചെയ്യുന്ന ഗംഭീരങ്ങളായ ഒരുക്കങ്ങളെ വിശദീകരിച്ചുകൊണ്ട് അവരുടെ ദുശ്ശാഠ്യത്തിന്റെ ഭാവിഫലങ്ങളെ താമസംവിനാ ഗ്രഹിക്കുന്നതിനും അവരെ ഉദ്ബോധിക്കുന്നതായ ഒരു ലേഖനമെഴുതി. "ശീശ്മയിൽ നിലനിന്നുകൊണ്ട് വളരെക്കാലമായി ദൈവത്തിന്റെ ക്ഷമയെ നിങ്ങൾ നിന്ദിക്കുന്നു. കർത്താവിന്റെ ഉപമയിൽ പറഞ്ഞിരിക്കുന്നവണ്ണം വളരെ താല്പര്യമായി നടത്തപ്പെട്ട ആ അത്തിവൃക്ഷം അവസാനത്തിലെങ്കിലും പഴം തരുമോയെന്ന് ദൈവം പ്രതീക്ഷിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ ആ വൃക്ഷം മൂന്നു വർഷങ്ങൾക്കിടയിൽ യാതൊരു ഫലവും ചെയ്യാത്തപക്ഷം വെട്ടിനീക്കപ്പെടും. ദൈവനീതിയുടെ ഫലം ഗ്രീക്കുകാർ നന്നായി അനുഭവിക്കയും ചെയ്യും" ഇതായിരുന്നു ആ ലേഖനത്തിന്റെ ചുരുക്കം. ഈ ദീർഘദർശനം എത്ര കൃത്യമായി നിറവേറിയെന്ന് നമുക്കു കാണാം.

മഹമ്മദു ദ്വിതീയൻ കോൺസ്റ്റാന്റിനോപ്പിൾ നഗരത്തെ നിർമ്മൂലമാക്കണമെന്ന് ശപഥം ചെയ്തുകൊണ്ട് 1453_ൽ അതിനെ നിരോധിക്കുവാൻ തുടങ്ങി. അയാൾക്ക് 250000 ഭടന്മാരടങ്ങിയ ഒരു മഹാസേനയും, 24000 യോദ്ധാക്കളുള്ള അതിവിശേഷമായ 150 പടക്കപ്പലുകളും തയ്യാറുണ്ടായിരുന്നു. ആ നിർഭാഗ്യപട്ടണത്തെ സംരക്ഷിക്കുന്നതിനായി അത്ര സമർത്ഥനും യുദ്ധവിദഗ്ദ്ധനുമായ ജെനോവാക്കാരൻ യുസ്തീനിയാനി എന്ന കപ്പിത്താന്റെ നേതൃത്വത്തിൽ 7000 ഗ്രീക്കുകാരും 2000 വിദേശിയരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോട്ടകളെ ഉറപ്പിക്കുന്നതിനു വേണ്ട ശ്രമങ്ങളെല്ലാം ചെയ്തിരുന്നു. പട്ടണത്തിനു ചുറ്റും രണ്ടു കോട്ടകളു

ണ്ടായിരുന്നതുകൊണ്ടു് മഹമ്മദ്, വലിയ പീരങ്കികൾ സ്ഥാപിക്കത്തക്കവണ്ണം 14 കൊത്തളങ്ങൾ കെട്ടിപ്പൊക്കി. ഈ തോക്കുകളിൽ പലതും ഇരുന്നൂറു റാത്തൽ തൂക്കമുള്ള ഉണ്ടകൾ പായിക്കത്തക്ക ശക്തിയുള്ളവയായിരുന്നു. ഈ സ്ഥലങ്ങളിൽ നിന്നു പട്ടണത്തെ ലാക്കാക്കി രാപകൽ വെടിവെച്ചതുനിമിത്തം കോട്ടകളിൽ പല സ്ഥലങ്ങളിലും പട്ടണത്തിനുള്ളിൽ പ്രവേശിക്കുന്നതിനുപയോഗിക്കത്തക്കവിധം വലിയ ദ്വാരങ്ങൾ ഉണ്ടാക്കുന്നതിനു് അയാൾക്കു സാധിച്ചു. പട്ടണവാസികളാകട്ടെ ദ്വാരങ്ങൾ തൽക്ഷണം തന്നെ അടച്ചുകൊണ്ടു ധീരതയോടെ എതിർത്തു നിൽക്കുകയും ശത്രുവിനെ ആക്രമിച്ചു് അനേകം തുർക്കികളെ കൊല്ലുകയും അവരുടെ കൊത്തളങ്ങൾ നശിപ്പിക്കയും ചെയ്തു. ഇതുകൊണ്ടു് ശത്രുക്കൾ അധൈര്യപ്പെട്ടു് തങ്ങളുടെ അണിയിൽ നിന്നു പിന്മാറിയിരുന്നു. അപ്പോൾ മഹമ്മദു്, പട്ടണം കീഴടങ്ങുന്ന പക്ഷം അതു കൊള്ള ചെയ്‌വാൻ അനുവദിച്ചുകൊണ്ടു് പടയാളികളെ ഉന്മേഷചിത്തരാക്കി ഒരേ സമയം തന്നെ കടൽമാർഗ്ഗവും, കരമാർഗ്ഗവും പട്ടണത്തെ നിരോധിക്കുന്നതിനായി പ്രേരിപ്പിച്ചു. യുസ്റ്റിനിയാനി ആപൽക്കരമായ മുറിവേററു് പിൻമാറുന്നതു വരെയും ഗ്രീക്കുകാർ ചെയ്ത എതൃപ്പ് പരാക്രമണത്തോടുകൂടിയതും ദീർഘവുമായിരുന്നു. കപ്പിത്താന്റെ പിൻമാററത്തോടുകൂടി അവർ അധൈര്യവാന്മാരായി ശത്രുക്കൾക്കു് കീഴടങ്ങി. തുർക്കികളോ എന്നാൽ പട്ടണത്തിൽ പ്രവേശിച്ചു് ആളുകളെ പിൻതുടന്നു് അവരിൽ ഭൂരിപക്ഷത്തെ വാളിനിരയാക്കി. മഹാധീരനായ ചക്രവർത്തിക്കും ഇക്കുഴപ്പങ്ങളുടെ ഇടയിൽ ജീവഹാനി നേരിട്ടു. ചക്രവർത്തിയുടെ നിര്യാണത്തോടുകൂടി ശത്രുക്കളുടെ പ്രതിബന്ധങ്ങൾ എല്ലാം തീൎന്നു. അവർ പട്ടണമാസകലം കൈവശപ്പെടുത്തുകയും അവിടെയുണ്ടായിരുന്ന വസ്തുക്കളെല്ലാം അപഹരിക്കുകയും ചെയ്തു. പട്ടണവാസികളിൽ വലിയൊരു ഭാഗം വധിക്കപ്പെടുകയും അനേകം പേർ അടിമകളായി വിൽക്കപ്പെടുകയും ചെയ്തു. സൊഫിയ പുണ്യവതിയുടെ സുപ്രസിദ്ധ ദേവാലയം ഈ തുർക്കികൾ അശുദ്ധപ്പെടുത്തി അവരുടെ ഒരു പള്ളിയായി പകർത്തി.

ഇപ്രകാരമാണു് കോൺസ്ററാൻറിനോപ്പിൾ സാമ്രാജ്യം 1123 വൎഷങ്ങളുടെ ശേഷം അധഃപ്പതിച്ചതു്. അതിന്റെ അധഃപതനം ഗ്രീക്കുകാരുടെ ദുഷിച്ചതും ദുശ്ശാഠ്യപരവുമായ ശിശ്മയുടെ ഫലമായി പരിഗണിക്കാവുന്നതാണു്. ദൈവം ദീർഘശാന്തതയോടെ അവരെ പാർത്തിരുന്നു. എന്നാൽ അവർ ദിവ്യസ്വരം ശ്രദ്ധിച്ചില്ല. വിശുദ്ധ പത്രോസി

ൻെറ പിൻഗാമിയുടെ പൈതൃകമായ നടത്തലിനും അവർ വിധേയരായില്ല. അതുകാരണം അവർ മഹമ്മദീയരുടെ കരങ്ങളിൽ ചെന്നടിഞ്ഞു. അവരുടെ ശത്രുക്കൾ ഇപ്പോൾ അവരെ ഭരിയ്ക്കുന്നു. ഇപ്രകാരം ദൈവരാജ്യത്തെ എതിക്കുന്ന ഓരോ ജാതിയും രാജ്യവും ദൈവശാപത്തിനു് അധീനമാകുകയും എന്നന്നേക്കുമായി നശിച്ചു ശൂന്യരായി തീരുകയും ചെയ്യും.

---

## അദ്ധ്യായം വ.

## തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കിയതു മുതൽ ത്രെന്തോസ് സൂനഹദോസിൻെറ അവസാനംവരെ.

## (1453-1563)

മഹമ്മദീയരുടെ വിജയത്തിലും പൌരസ്ത്യസാമ്രാജ്യത്തിൻെറ വിനാശത്തിലും ക്രൈസ്തവസഭക്കുണ്ടായ ഖേദവും ക്ഷോഭവും, യൂറോപ്പിലുള്ള രാജാക്കന്മാരെല്ലാം യോജിച്ചു ജേതാക്കന്മാക്കെതിരായി പുറപ്പെടത്തക്ക വിധത്തിൽ അത്ര വലുതായിരുന്നു പീയൂസ് ദ്വിതീയൻ എന്ന മാർപ്പാപ്പാ വീണ്ടും ഒരു കുരിശുയുദ്ധം ആരംഭിക്കുന്നതിനു കഴിവുള്ള എല്ലാ യത്നങ്ങളും ചെയ്യുകയും, അദ്ദേഹം തന്നെ കുരിശുയുദ്ധത്തിൽ ഭാഗഭാക്കാകണമെന്നു് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ കുരിശുയുദ്ധത്തിനു പുറപ്പെടുന്നതിനു മുൻപു് അദ്ദേഹം നിര്യാണമടയുകയും, അതോടുകൂടി ഗ്രീക്കുകാരുടെ ആശകളെല്ലാം അസ്തമിക്കുകയും ചെയ്തു. മഹമ്മദു ദ്വിതീയൻ അയാളുടെ വിജയത്തെ ദുഷ്പ്രയോഗിക്കാതെ ക്രിസ്ത്യാനികൾക്കു് മതസ്വാതന്ത്ര്യം നൽകിക്കൊണ്ടു് ഭരണം നടത്തിയെന്നുള്ളതു് ഏതായാലും അവക്കു് വലിയൊരാശ്വാസമായി പരിണമിച്ചു. ഒഴിവായി കിടന്നിരുന്ന കോൺസ്റ്ററാൻറിനോപ്പിൾ പാത്രിയക്കാസിംഹാസനത്തിൽ ഒരു പുതിയ പാത്രിയക്കീസിനെ അവരോധിച്ചു.

ഇക്കാലത്തു തപാനുഷ്ഠാനത്തിലും വിനീതജീവിതത്തിലും സർവ്വോപരി പ്രതിഷ്ഠിതമായ ഒരു നവീനസന്യാസസഭസ്ഥാപിക്കുന്നതിനു ദൈവം ഉയർത്തിയ പൌളായിലെ വിശുദ്ധ ഫ്റാൻസിസിന്റെ പുണ്യപരിപൂർണ്ണത സഭയ്ക്കു് ഒരു വലിയ ആശ്വാസമായി ഭവിച്ചു. വി. ഫ്റാൻസിസ് 1416_ൽ പൌളാ എന്ന ഒരു ചെറിയ പട്ടണത്തിൽ ജാതനായി. തന്നിമിത്തം ഇദ്ദേഹത്തിനു് പൌളായിലെ ഫ്റാൻസിസ് എന്ന നാമം സിദ്ധിച്ചു. ഭക്തന്മാരായ മാതാപിതാക്കന്മാർ അതിസൂക്ഷ്മതയോടെ ഇദ്ദേഹത്തെ വിദ്യാഭ്യാസം ചെയ്യിക്കയും, ഭക്തിപരമായ ജീവിതാനുഷ്ഠാനങ്ങളിൽ പ്രത്യേകം പരിശീലിപ്പിക്കയും ചെയ്തതിനാൽ ചെറുപ്രായത്തിൽ തന്നെ തപസ്സിന്റേയും ആശാനിഗ്രഹത്തിന്റേയും ജീവിതത്തോടു് ഇദ്ദേഹം പ്രതിപത്തി കാണിച്ചിരുന്നു. മത്സ്യം, മാംസം, മുട്ട, പാൽ, ഇവയൊന്നും ഉപയോഗിച്ചിരുന്നില്ല. ജീവിതകാലം മുഴുവൻതന്നെ പ്രസ്തുത പോഷകസാധനങ്ങളെ പരിവർജ്ജിച്ചിരുന്നു. തികച്ചും ആദ്ധ്യാത്മികമായ ഒരു ബോധത്താൽ പ്രേരിതനായി സമുദ്രത്തിനടുത്തുള്ള ഒരു ഗുഹയിൽ പ്രവേശിച്ചു് അവിടെ ധ്യാനപരവും ഏകാന്തവുമായ ഒരു ജീവിതം ഇദ്ദേഹം അനുഷ്ഠിച്ചു. ഗുഹയ്ക്കകത്തുള്ള പാറയായിരുന്നു അദ്ദേഹത്തിന്റെ കിടക്ക. അദ്ദേഹത്തിന്റെ ഭക്ഷണമോ ഗുഹക്കകത്തു വളർന്നിരുന്ന സസ്യങ്ങൾ മാത്രവുമായിരുന്നു. പഴയതും കീറിയതുമായ മേൽവസ്ത്രത്തിന്റെ ഉള്ളിലായിട്ടു് ഒരു രോമചട്ടയും അദ്ദേഹം ധരിച്ചിരുന്നു. അനേകം യുവാക്കൾ പ്രസ്തുത സന്യാസജീവിതത്തിൽ ഭാഗഭാക്കുകളാകുവാൻ സന്നദ്ധരായി. അതിനാൽ ഗുഹയുടെ സമീപേ ഒരു പ്രാർത്ഥനാലയവും, അനേകം ചെറിയകുടിലുകളും നിർമ്മിക്കപ്പെട്ടു ഇങ്ങനെ വിനീതമായി സമാരംഭിച്ച സഭ അചിരേണ അതിശീഘ്രം അഭിവൃദ്ധിപ്പെട്ടു തുടങ്ങി. ഏറെത്താമസിയാതെ തന്നേ അദ്ദേഹം ഒരു ആശ്രമവും ഒരു പള്ളിയും അയൽവാസികളായ ജനങ്ങളുടെ ചെലവിന്മേൽ പണികഴിപ്പിച്ചു. അദ്ദേഹം കൊടുത്ത സഭാനിയമം, നിത്യമായി നോമ്പു് അനുഷ്ഠിക്കണമെന്നുള്ളതായിരുന്നു തങ്ങൾ ഏററവും നിസ്സാരവും, ചെറിയതുമായ സന്യാസസഭാംഗങ്ങളാണെന്നു കാണിക്കുവാൻവേണ്ടി തന്റെ ശിഷ്യന്മാരെ മിനിംസ് (Minims) അഥവാ ഏററം ചെറിയവൻ എന്നു വിളിച്ചു വന്നിരുന്നു. 1474_ൽ ഈ സ്ഥാപനത്തിനു സിക്സ്ററസ് നാലാമൻ മാർപ്പാപ്പാ അംഗീകരണം നൽകി. ഫ്റാൻസിലെ രാജാവായിരുന്ന ലൂയി പതിനൊന്നാമൻ ഫ്റാൻസിസിന്റെ ഈ അനിതരസാധാരണമായ വിശുദ്ധിയെ കേൾക്കുകയാൽ രൂഢമൂലമായ തന്റെ ഒരു ദീനം പുണ്യവാന്റെ പ്രാർത്ഥനാഫലമായിട്ടു് സുഖപ്പെട്ടുമെന്നുള്ള പ്രത്യാശയോടു കൂടി അദ്ദേഹത്തെ ആളയച്ചു വരു

ണ്ടുകയുമുണ്ടായി രാജാവിൻെറ ആവശ്യാനുസരണം അനുവത്തിക്കുന്ന തിനു് മാപ്പാപ്പാ കല്പിക്കുകയും അപ്രകാരം പുണ്യവാൻ അനുസരിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം സബഹുമാനം സ്വീകരിക്കപ്പെടുകയുണ്ടായി. ലൂയിസ് രാജാവു് അദ്ദേഹത്തിൻെറ കാൽക്കൽ വീണുകൊണ്ടു് തൻെറ ആരോഗ്യം ദൈവത്തിൽ നിന്നും വീണ്ടും പ്രാപിച്ചുകൊടുക്കണമെന്നു് അദ്ദേഹത്തോടപേക്ഷിച്ചു. ഫ്റാൻസിസാകട്ടെ ദൈവതിരുമനസ്സിനു് മുഴുവനായി തന്നെത്തന്നെ കയ്യേല്പിക്കുന്നതിനും, തൻെറ ശിഷ്യായുസ്സിനെ ദൈവത്തിനു ബലി അപ്പിക്കുന്നതിനും രാജാവിനെ സമ്മതിപ്പിക്കയാണുണ്ടായതു്. രാജകൊട്ടാരത്തിൽ അദ്ദേഹം "വിശുദ്ധൻ" എന്നും "ദൈവികമനുഷ്യൻ" എന്നും അറിയപ്പെട്ടിരുന്നു. ലൂയിസ്സിൻെറ പിൻഗാമികൾ അദ്ദേഹത്തിനു വേണ്ട സകല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തുവന്നു. ഫ്റാൻസിസിൻെറ സന്യാസസംഘം ഫ്റാൻസിലും, ഇററലിയിലും മാത്രമല്ല സ്പെയിനിലും ജമ്മനിയിലും കൂടി പ്രചരിച്ചു പ്ലെസിസ്-ലെ-ററൂർസ് (Plessis-Le-Tours) എന്ന ആശ്രമത്തിൽ വെച്ചു് 1507-ൽ ഓശാനഞായറാഴ്ചദിനം അദ്ദേഹം രോഗബാധിതനായി. വിശുദ്ധ വ്യാഴാഴ്ച തൻെറ സന്യാസികളെ പള്ളിയിൽ വിളിച്ചുകൂട്ടി, ആ ദിവസത്തിൽ ആചരിക്കപ്പെടുന്നതിനായി, അദ്ദേഹത്താൽ നിയമിക്കപ്പെട്ട ക്രമാനുസരണം നിഷ്പാദുകനായും കഴുത്തിൽ ഒരു കയറു കെട്ടിക്കൊണ്ടും ദിവ്യകാരുണ്യം സ്വീകരിച്ചു. നിയമങ്ങളെ വിശ്വസ്തതാപൂവ്വം അനുസരിക്കണമെന്നും, അന്യോന്യം സ്നേഹിക്കണമെന്നും, തൻെറ ശിഷ്യന്മാരോടു് ഗുണദോഷിച്ചുകൊണ്ടു് ദുഃഖവെള്ളിയാഴ്ച ദിവസം അദ്ദേഹം പരലോകപ്രാപ്തനായി.

## ൫. § ജമ്മനിയിലെ മതവിപ്ളവം.

## (1517—1545)

മിശിഹായുടെ ഭൌമ്യസഭ നിരന്തരമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതിനാൽ പോരാടുന്ന സഭയെന്നു വിളിക്കപ്പെടുന്നു. ആരിയൻ മതഭിന്നതയുടെ അധഃപതനത്തിനു ശേഷം, പതിനാറാം നൂററാണ്ടിൽ ലൂതർ ആരംഭിച്ച മതവിപ്ലവംപോലെ ഇത്ര ഭയങ്കരവും, നാശജന്യവുമായി വേറൊന്നും അവക്കു് അനുഭവഗോചാരമായിരുന്നിട്ടില്ല. സാക്സൺവംശജനായ ലൂതർ വി. അഗുസ്തീനോസിൻെറ സഭയിൽപെട്ട ഒരു സന്യാസിയും വിററൻബർഗ്ഗു് സവ്വകലാശാലയിലെ ഒരു പ്രാസംഗികനുമാ

യിരുന്നു. അദ്ദേഹം പ്രകൃത്യാതന്നെ ബുദ്ധിമാനും സമൎത്ഥനുമായിരുന്നെങ്കിലും, അഹങ്കാരിയും അസ്വസ്ഥചിത്തനും, വികിടബുദ്ധിയുമായിരുന്നു. സന്യാസ ഭവനത്തിലെ ഏകാന്ത വാസത്തിൽ വെച്ചു തന്നെ വിശ്വാസ വിഷയത്തിൽ പാഷാണ്ഡസിദ്ധാന്തങ്ങളെ സ്വീകരിക്കുകയും ഉദ്യോഗ പീഠത്തിൽനിന്നുകൊണ്ടു് ഒളിവിൽ അവയെ പ്രചരിപ്പിക്കുകയും ചെയ്തു. എന്നാൽ പത്താം ലെയോൻ മാർപ്പാപ്പാ ഒരു ദണ്ഡവിമോചനം പ്രഖ്യാപനം ചെയ്തതായിരുന്നു തന്റെ അബദ്ധങ്ങളെ പരസ്യപ്പെടുത്തുവാൻ അയാൾ കണ്ടുപിടിച്ച ഒരവസരം. ദണ്ഡവിമോചന തത്വത്തെ മാത്രമല്ലാ അയാൾ എതൃത്തതു്. ഈ ഉപദേശം സ്ഥാപിക്കപ്പെട്ടിരിക്കുന്ന കത്തോലിക്കാ മതത്തിന്റെ മൌലീക തത്വങ്ങളെപ്പോലും അയാൾ അധിക്ഷേപിച്ചു. അനന്തരം തന്റെ നവീകരണപന്ഥാവിലൂടെ അയാൾ ശീഘ്രഗതിയിൽ മുന്നോട്ടു ഗമിച്ചുതുടങ്ങി. ഉത്ഭവപാപം, ദൈവത്തിന്റെ മുൻനിർണ്ണയം, നീതികരണം, കൂദാശകൾ. ഇവയെ സംബന്ധിച്ചുള്ള സഭയുടെ എല്ലാപഠനങ്ങളേയും അയാൾ ശക്തിയായി പ്രതിഷേധിച്ചു. ലൂതരുടെ ഭക്തിഹീനവും ദുഷ്ടപരവുമായ നവീന പ്രബോധനങ്ങളെ മാർപ്പാപ്പാ ശപിച്ചപ്പോൾ ഉഗ്രനായ ഈ പാഷാണ്ഡപ്രമുഖൻ മാർപ്പാപ്പായുടെ പരമാധികാരം തന്നെ നിഷേധിച്ചുതുടങ്ങി. അൾബിജെൻസെസ് (Albgensis), വിക്ലിഫ് (Wicliff), ജോൺഹസ് (Johnhuss), മുതലായവരുടെ പാഷാണ്ഡതകളും പ്രക്ഷോഭജനകങ്ങളായ തത്വങ്ങളും പുനരുദ്ധാരണം ചെയ്യുന്നതുവരെ ലൂതർ തന്റെ തെറവുകളിലൂടെ ധ്രുതഗതിയിൽ മുന്നോട്ടു പാഞ്ഞുകൊണ്ടുതന്നെയിരുന്നു. ശുദ്ധീകരണസ്ഥലം സ്വാതന്ത്ര്യമനസ്സു്, സൽപ്രവൎത്തികളുടെ യോഗ്യത, മുതലായ ക്രിസ്തീയ വിശ്വാസത്തിന്റെ സകലപഠനങ്ങളേയും നികൃഷ്ടവും ധിക്കാരപൂർവ്വവുമായ ഭാഷാരീതിയിൽ രചിച്ചു. ജനതാമദ്ധ്യത്തിൽ പ്രഖ്യാപനം ചെയ്തു. നവീകരണം *എന്നുലൂതർപറഞ്ഞുവന്ന വിഭ്രമജനകമായ മ

---

* ലൂതറിന്റെ അനുയായികൾക്കു് 'മത്സരക്കാർ' എന്നർത്ഥമുള്ള പ്രോട്ടസ്റ്റൻറുകാർ എന്ന നാമംലഭിച്ചതു് (1529-ൽ ചാൾസ് പഞ്ചമൻ സ്പയേഴ്സിൽ (spires) കൂടിയ രാജകീയ സംഘത്തിൽ വെച്ചു് നിശ്ചയിച്ച ഒരു കല്പനയോടും അവർ മത്സരിച്ചതു കൊണ്ടാണു്. ഈ കല്പനയുടെ താല്പൎയ്യം. ലൂതർമതം പ്രവേശിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ അതിനു പ്രവേശനം അനുവദിക്കരുതെന്നും, എന്നാൽ അതു പ്രവേശിച്ച സ്ഥലങ്ങളിൽ അതിനോടു സഹിഷ്ണുത പ്രദർശിപ്പിക്കണമെന്നും ഉള്ളതായിരുന്നു.

തത്യാഗത്തിന്റെ ആരംഭം ഇതായിരുന്നു. ലോകത്തിന്റെ സഹായം
ലഭിക്കുന്നതിനുവേണ്ടി സഭാസ്വത്തുക്കൾ കണ്ടു കെട്ടണമെന്നു് ജമ്മനി
യിലെ രാജാക്കന്മാരെ ലൂതർ ഗ്ഗുണദോഷിച്ചു. അവക്കു് ഈ ഗുണദോഷം
വളരെ ആകർഷണീയമായി തോന്നി. സഭയുടെ നിരവധി സ്വത്തുക്കളിൽ
ഒരു ഭാഗം തങ്ങൾക്കും ലഭിക്കുമെന്നുള്ള ആശയോടുകൂടി പ്രബലന്മാരായ
അനേകം പ്രഭുക്കന്മാരും ലൂതറിന്റെ പക്ഷത്തിൽ ചേന്നു. തങ്ങൾ ലൂതറി
ന്റെ പാർശ്വവർത്തികളാണെന്നു് സാക്സണിയിലെ ഇലക്ടർ (Elector)
ആയ ഫ്റഡറിക്കും (Frederic) ഹെസ്സെയുടെ [Hesse] അധിപനായ
ഫിലിപ്പു, (Philip) ഇതിനെ അനുകൂലിച്ചു.. ഫിലിപ്പു് രാജാവിന്റെ
പ്രീതി സമ്പാദിച്ചതു് കൂടുതൽ ലജ്ജാകരങ്ങളായ മാർഗ്ഗങ്ങളിൽ കൂ
ടിയായിരുന്നു. ആദ്യത്തെ ഭാര്യ ജീവിച്ചിരിക്കുമ്പോൾ തന്നെ വേറൊ
രു സ്ത്രീയെക്കൂടി പരിഗ്രഹിക്കുന്നതിനു് അയാൾ ആഗ്രഹിച്ചു. ഈ വി
വരം രാജാവു് ലൂതറിനെ അറിയിച്ചു. അയാൾ മതവിപ്ലവ പ്രധാനിക
ളുടെ ഒരു സംഘത്തെ വിളിച്ചു കൂട്ടുകയും അവരുടെ ആലോചനയോടു
കൂടി ഒരേ സമയംതന്നെ രണ്ടു ഭാര്യമാരെ സ്വീകരിക്കണമെന്നുണ്ടായിരു
ന്ന രാജാവിന്റെ ആഗ്രഹത്തെ സാധൂകരിക്കുകയും ചെയ്തു. സന്യാസ
സ്ഥാപനങ്ങളെ ലൂതർ ആക്രമിക്കുകയും പട്ടക്കാരുടെ ബ്രഹ്മചര്യജീവി
തത്തെ ആക്ഷേപിക്കുകയും ചെയ്തു. തന്റെ അസന്മാർഗ്ഗപരങ്ങളായ ഉപ
ദേശങ്ങൾക്കു് പ്രാബല്യം സിദ്ധിക്കുന്നതിനുവേണ്ടി തന്റെ ദുഷ്പ്രേര
ണയാൽ യൌവനയുക്തയായ ഒരു കന്യാസ്ത്രീയെ മഠത്തിൽ നിന്നും
വശീകരിച്ചു് അവളെ അയാൾ വിവാഹം കഴിച്ചു. ഏവംവിധങ്ങളായ
ദുർമ്മാതൃകകൾ ദുഷിച്ച മനുഷ്യസ്വഭാവത്തിനു് ആകർഷണീയമായി തോ
ന്നിയതിൽ വിസ്മയിക്കുവാനില്ല. ഇങ്ങനെയാണു് ഈ പുതിയപ്ര
സ്ഥാനം അതിശീഘ്രത്തിൽ അഭിവൃദ്ധി പ്രാപിച്ചതു്. അപ്പർസാക്സണി
(Upper Saxony) മുതൽ തെക്കോട്ടു് ബ്രൺസ്വിക്കു് (Brunswick)
മെക്കലൻബർഗ്ഗ് (Mecklenburg) പൊമെറാനിയ (Pomerania)
പ്രഷ്യ (Prussia) എന്നീ ദേശങ്ങളിലെല്ലാം ഈ നവീനമതം വ്യാപി
ച്ചു. പ്രഷ്യായിലാകട്ടെ റെറോണിക്ക സന്യാസസഭയുടെ ശ്രേഷ്ഠാധി
പനായിരുന്ന ബ്രണ്ടൻബെർഗ്ഗിലെ ആൽബർട്ടു് എന്ന ദേഹം ഒരു ലൂഥ
ർ മതാനുയായിയാകുകയും, സ്വന്ത സഭയുടെ സ്വത്തുക്കളെല്ലാം തനിക്കാ
യി അപഹരിക്കുകയും ചെയ്തു. ഇപ്രകാരം ലൂതർ ശക്തിയേറിയ ഒരു വി
ഭാഗത്തിന്റെ തലവനായി തീർന്നപ്പോൾ എല്ലാവക ഭയവും സങ്കോ
ചവും കൈവെടിഞ്ഞുകൊണ്ടു് ഏററം നിഷ്ഠൂരമായ വിധത്തിലും ഗർഹ

ണിയമായ ഭാഷയിലും മാർപ്പാപ്പായേയും സഭയേയും, വിശ്വാസ സത്യങ്ങളേയും കഠിനമായി ആക്ഷേപിച്ചു തുടങ്ങി. ലൂതർ എഴുതി പ്രസിദ്ധപ്പെടുത്തിയ പുസ്തകം ആഭാസതരങ്ങളായ വിനോദങ്ങളാലും, പുരുഷദ്വേഷപരങ്ങളായ ആക്ഷേപങ്ങളാലും, വെറുക്കത്തക്ക ലേഖന പരമ്പരകളാലും നിറഞ്ഞിരുന്നു. ഇപ്രകാരമുള്ള ഒരു നേതാവിനു് അനുഗാമികൾ ഉണ്ടായതു് വളരെ ആശ്ചര്യകരമായ ഒരു സംഗതിയാകുന്നു. അക്കാലഘട്ടത്തിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യേച്ഛ, അനുസരണമില്ലായ്മ, പണത്തോടും സുഖഭോഗങ്ങളോടുംമുള്ള അത്യാശ എന്നീ ദുർഗ്ഗുണങ്ങൾ ജനങ്ങളുടെയും വൈദികരുടെയും ഹൃദയങ്ങളെ മലിനമാക്കിയിരുന്നതു കൊണ്ടത്രേ അവർ ഇത്രക്ഷണം ഈ നൂതന ഉപദേഷ്ടാവിന്റെ അധർമ്മ പരമായ കണികളിൽ കുടുങ്ങി അത്യഗാധമായ ഈ നാശഗർത്തത്തിൽ നിപതിക്കാൻ ഇടയായതു്.

നവീകരണത്തിന്റേയും വിപ്ലവത്തിന്റേയും ദൃഷ്ടാന്തങ്ങളെ ലൂതർ ആദ്യമായി പ്രദർശിപ്പിച്ചപ്പോൾ നവീകരണക്കാർ എന്ന നാട്യത്തിൽ അനേകം ആളുകൾ രംഗപ്രവേശം ചെയ്തു. ഏകദേശം ലൂതറിന്റേതിനോടനുരൂപപ്പെട്ടവയായിരുന്നു അവരുടേയും അഭിപ്രായം. നവീകരണകർത്താക്കളിൽ ലൂതർ കഴിഞ്ഞാൽ പിന്നെ പ്രമുഖനെന്നറിയപ്പെടുന്ന കാൽവിൻ, നോയോൺ (Noyon) എന്ന സ്ഥലത്തു ജാതനായി. പാരിസ് (Paris) ഓർലിയൻസ് (Orleans) ബൂർഗസ് (Bourgess) എന്നീ കലാലയങ്ങളിലാണു് വിദ്യാഭ്യാസം ചെയ്തതു്. അദ്ദേഹത്തിന്റെ ഒടുവിലത്തെ ഗുരു പ്രോട്ടസ്റ്റന്റ് അബദ്ധങ്ങളെ സ്വീകരിച്ച ഒരു ജർമ്മൻ പ്രൊഫസ്സർ ആയിരുന്നു. തന്റെ ഗുരുവിന്റെ നാശകരമായ നവീനപ്രബോധനങ്ങളെ കാൽവിൻ അത്യാശയോടെ സ്വീകരിക്കുകയും തന്റെ അഭിപ്രായങ്ങളെ സ്വതസിദ്ധമായ ഉഗ്രതയോടുകൂടി പ്രകടിപ്പിക്കുകയും ചെയ്തു. തന്റെ രാജ്യത്തു് ലൂതർ മതത്തിന്റെ വർദ്ധനവിനെ തടയുന്നതിനുവേണ്ടി ഫ്റാൻസിലെ രാജാവായ ഫ്റാൻസിസ് ഒന്നാമൻ ശ്രമിച്ചപ്പോൾ കാൽവിൻ, ബാസൽ (Basel) എന്ന പട്ടണത്തിലേയ്ക്കു പോയി; അവിടവെച്ചായിരുന്നു തന്റെ ഉപദേശങ്ങളുടെ ഒരു സംഗ്രഹം അടങ്ങിയ ഇൻസ്റ്റിട്യൂട്ടസ് (Institutes) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതു്. ഇയാളിന്റെ ഉപദേശം ലൂതറിന്റേതിൽ നിന്നും വ്യത്യാസപ്പെട്ടിരുന്നതു് പ്രധാനമായി വി: കുർബ്ബാനയെ സംബന്ധിച്ചായിരുന്നു; മനുഷ്യന്റെ അധഃപതനത്തോടുകൂടി സ്വാതന്ത്ര്യമനസ്സു് നിശ്ശേഷം നശിച്ചുപോയതായും, ദുഷ്ടന്മാർ ദൈവത്തിന്റെ പരമവിധിയാൽ നേരത്തെ തന്നെ ശപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നതായും പഠിപ്പിച്ചതിനും പുറമെ, പുണ്യവാന്മാരോടുള്ള പ്രാർത്ഥന, ശുദ്ധീകരണസ്ഥലം, ബന്ധവിമോചനം

എന്നീ മതതത്വങ്ങളേയും അയാൾ നിഷേധിച്ചു. മാർപ്പാപ്പാ മാത്രമല്ലാ മെത്രാന്മാർ പട്ടക്കാർ ആദിയായ വൈദികാധികാരികൾ ആരും ആവശ്യമില്ലെന്നും അയാൾ ജല്പിക്കാതിരുന്നില്ലാ. തിരുനാളുകളും പരിശുദ്ധമായ കർമ്മങ്ങളും എന്നു വേണ്ടാ മനുഷ്യഹൃദയത്തേയും മനസ്സിനേയും ദിവ്യധ്യാനത്തിനും, ദൈവാരാധനക്കും ആകർഷിക്കുന്നതിനു് സഹായമായിരുന്ന സകല ദൃശ്യമാർഗ്ഗങ്ങളേയും അയാൾ പാടെ ഉച്ചാടനം ചെയ്തു. വി. കുർബ്ബാനയിൽ മ്ശിഹായുടെ സാന്നിദ്ധ്യം ഇല്ലായെന്നു് തീർത്തുപറയുകയോ അതിനായി ധൈര്യപ്പെടുകയോ ലൂതർ ചെയ്തിട്ടില്ല. എന്നാൽ കാൽവിന്റെ കുയുക്തി കുറേക്കൂടി അതിരു കടന്നതും അതിനിശിതവുമായിരുന്നു. വി: കുർബ്ബാനയിലെ മ്ശിഹായുടെ സാന്നിദ്ധ്യത്തെ അയാൾ പാടെ നിഷേധിച്ചു. യേശുക്രിസ്തു തെളിവായി പറഞ്ഞിട്ടുള്ള വാക്കുകൾ അതേപ്രകാരം സസന്തോഷം സ്വീകരിക്കുന്നതിനു് അയാൾ സന്നദ്ധനായിരുന്നില്ലെന്നുള്ളതും ആ തിരുവാക്കുകളിൽ നിന്നു് സ്പഷ്ടമായി വെളിപ്പെടുന്നതും നിരന്തരമായും സാർവ്വത്രികമായും എല്ലാവരും വിശ്വസിച്ചു പോന്നിരുന്നതുമായ ഈ മഹാരഹസ്യത്തെപ്പററിയുള്ള പൊതുവിശ്വാസത്തെ അയാൾ വിദ്വേഷിച്ചിരുന്നുവെന്നുള്ളതും അയാളുടെ കൃതികളിൽ നിന്നു് വിശദമാകുന്നുണ്ടു്. ഈ നവീകരണനേതാവായ കാൽവിൻ തന്റെ അഭിപ്രായങ്ങളെ പ്രചരിപ്പിക്കുന്നതിനായി എല്ലായിടത്തും ചുററി സഞ്ചരിച്ചശേഷം ഒടുവിൽ ജനിവാ എന്ന സ്ഥലത്തു സ്ഥിരവാസമുറപ്പിച്ചു. അവിടത്തെ ജനങ്ങൾ തങ്ങളുടെ മെത്രാനെ ഏതാനും വർഷങ്ങൾക്കു മുൻപു് ബഹിഷ്കരിച്ചിരുന്നു. അതിനാൽ ലൂതറിന്റെ അനുയായികളാകുവാൻ അവക്കു യാതൊരു വൈഷമ്യവുമുണ്ടായില്ല. ജനീവായിൽ അയാൾ ദൈവശാസ്ത്രം പഠിപ്പിക്കുകയും പതിവായി പ്രസംഗിക്കുകയും ചെയ്തുവന്നു. ഈ പട്ടണം ഫ്രാൻസിലും യൂറോപ്പിന്റെ മററു ഭാഗങ്ങളിലുമുള്ള തന്റെ പരിശ്രമങ്ങളുടെ കേന്ദ്രസ്ഥലമാക്കി തീർത്തു. അചിരേണ നിസ്സീമമായിത്തീർന്ന, അയാളുടെ അധികാര ശക്തിയെ ഏററം കർക്കശതയോടു കൂടി ഉപയോഗിച്ചു വന്നു. അയാളോടു് എതിർക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. സഭയെ കേൾക്കുന്നതും അനുസരിക്കുന്നതും പാപമാണെന്നു പഠിപ്പിച്ച കാൽവിൻ തന്റെ ഉപദേശങ്ങളെ അപ്പാടെ കണ്ണുമടച്ചു് വിശ്വസിക്കുന്നതിനും എല്ലാവരും തന്റെ ഹിതത്തിനു് വിധേയരാകുന്നതിനും നിർബ്ബന്ധിച്ചുവന്നു. ശിഷ്യനായ മൈക്കാൾ സെർവെററസ് എന്നു പേരുള്ള ഒരു വൈദ്യൻ വിശ്വാസവിഷയം സംബന്ധിച്ചു് ചെയ്ത സ്വതന്ത്രവ്യാഖ്യാനത്തിൽ തന്റെ ഗുരുവിന്റെ നിർദ്ദേശം വിട്ടു് ചില തെററുകൾ പരിശുദ്ധ ത്രിത്വം സംബന്ധിച്ചു് പഠിപ്പിച്ചതിനാൽ കാൽവിന്റെ ആജ്ഞതമൂലം അയാളെ ജീവനോടെ ദഹിപ്പിക്കയുണ്ടായി.

എന്നുവരികിലും ഈ കാൽവിൻ തന്നെ ഫ്റാൻസിലെ പാഷണ്ഡിക ളോട് സഭ ഏററം നിഷ്ഠുരമായും നിർദ്ദയമായും അനുവർത്തിച്ചിരുന്ന തായി ശകാര വർഷം ചൊരിഞ്ഞ് സഭയേ അവഹേളിക്കയും ചെയ്തിരുന്നു. കാൽവിൻ തൻെറ എതിരാളികളെ മററു വിധത്തിൽ ഉപദ്രവിക്കുവാൻ സാധിക്കാതിരുന്ന അവസരങ്ങളിൽ അവരെ ഏററം നിന്ദ്യമായവിധ ത്തിൽ അധിക്ഷേപിച്ചു വന്നിരുന്നു. തൻെറ പ്രതിയോഗികളെ പന്നി, കാട്ടുമൃഗം, കഴുത, പട്ടി മുതലായ ഏററം നിന്ദ്യങ്ങളായ സംജ്ഞകളാ ലാണ് സംബോധന ചെയ്തിരുന്നത്.

നവീകരണ പ്രസ്ഥാനക്കാരുടെ അസഭ്യവും മനക്ഷോപജനകവുമാ യ ഈ ഭാഷാപ്രയോഗം മപ്പാപ്പായുടേയോ മററതെങ്കിലും കത്തോലി ക്ക താക്കികന്മാരുടേയോ ഭാഷാരീതിയോട് തരതമ്മ്യപ്പെടുത്തി നോക്കു കയാണെങ്കിൽ ദൈവദാസന്മാരും, പൈശാചിക നവീകരണകർത്താക്ക ളും തമ്മിലുള്ള അനന്തമായ വ്യത്യാസം പ്രത്യക്ഷപ്പെടുന്നതാണ്.

മതപരമായ കാര്യങ്ങളിൽ ഓരോരുത്തരും അവനവൻെറ അഭിപ്രാ യമനുസരിച്ച് പ്രവർത്തിക്കാമെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി യാണ് എല്ലാ പാഷാണ്ഡമതങ്ങളും നിർമ്മിക്കപ്പെടുന്നതെങ്കിലും, അ തുകൾ പ്രയോഗത്തിൽ എപ്പോഴും നിഷ്ഠുരമായും, കുടിലതരമായും മാ ത്രമേ കാണപ്പെട്ടിട്ടുള്ളൂ. സകല അനുസരണങ്ങളുടെയും പരമശത്രുക്കളായ പാഷണ്ഡികൾ യാതോരഭിപ്രായവ്യത്യാസവും സഹിക്കുകയില്ല. ഈ ന വീനപ്രസ്ഥാനക്കാരുടെ ഉപദേശങ്ങളെ സ്വീകരിച്ചില്ലെങ്കിൽ ലൗകികാ ധികാരമായിരുന്നാലും ശരി ആത്മിയാധികരമായിരുന്നാലും ശരി അവ യെല്ലാം ഇവർ പ്രതിഷേധിച്ചിരുന്നു. ഒരവസരത്തിൽ ലൂതർ തന്നെ ത ൻെറ രാജാവിനോടിപ്രകാരം പറഞ്ഞു "പോപ്പിൻെറ കല്പനകളേയും സൂനഹദോസിൻെറ നിശ്ചയങ്ങളേയും ക്രൈസ്തവ സ്വാതന്ത്ര്യത്തിൻെറ തീക്ഷ്ണതയിൽ എൻെറ കാൽ പാദത്തിൻെറ കീഴിട്ട് ചവിട്ടുന്നതിനു എനിക്കു സാധിക്കുമെങ്കിൽ നിങ്ങളുടെ കല്പനകൾക്കു ഞാൻ വിധേയനാ കുമെന്ന് നിങ്ങൾ വിചാരിക്കുന്നുവോ ". ഈ മതവിദ്വേഷിയുടെ ഉപ ദേശ ഫലമായിട്ട് മതപരവും, സാമുദായികവുമായ കടമകളെ ജനത തി നിസ്സാരമായി ഗണിച്ചുവന്നു. അതു യൂറോപ്പിനെ ഏററം ക്രൂരതര മായ ഒരു യുദ്ധത്തിൽ ഉൾപ്പെടുത്തി. ജർമ്മനിയിലെ കൃഷിവലന്മാർ ലൂ തറിൻെറ പ്രസംഗത്താൽ പ്രേരിതരായ ആയുധധാരികളായി പുറപ്പെട്ട് സ്വാബിയാ (Suabia) ഫ്റാൻകോനിയാ (Pranconia) ആൾസേയി സ് (Alsace) എന്നീ സ്ഥലങ്ങളെ കൊള്ള ചെയ്തു. അവർ ദേവാലയങ്ങ

ൾ കവച്ച് ചെയ്തതിൻെറ ശേഷം അവയെ അഗ്നിക്കിരയാക്കി. സന്യാസ ശ്രമങ്ങളേയും പ്രഭു മന്ദിരങ്ങളേയും നശിപ്പിക്കുകയും പട്ടക്കാരേയും സന്യാസികളേയും സംഹരിക്കയും ചെയ്തു. ലഹളക്കാരുടെ ആകെ സംഖ്യ 72,000 ആയിരുന്നു. അവരെ കീഴടക്കുന്നതിന് ചാററസ് പഞ്ചമന് വളരെ പ്രയാസമുണ്ടായിരുന്നു. "ഭൂമി പുണ്യവാന്മാരുടേതാകുന്നു. ഞങ്ങൾ പുണ്യവാന്മാരകുന്നു ആയതുകൊണ്ട് ഭൂമി ഞങ്ങളുടേതാകുന്നു." എന്നായിരുന്നു ഈ കൂട്ടരുടെ യുക്തിവാദം, ഇപ്രകാരം ഫ്റാൻസ് മൂന്നു രാജാക്കന്മാരുടെ തുടർച്ചയായ ഭരണകാലത്തിൽ ആഭ്യന്തരയുദ്ധത്തിൻെറയും കവച്ചയുടേയും ഒരു രംഗസ്ഥലമായിരുന്നു. ഈ പുതിയ പാഷണ്ഡതയുടെ ചരിത്രംതന്നെ അതിൻെറ ഒരൊന്നാന്തരം ഖണ്ഡനമാകുന്നു. മതപരമായ യുദ്ധത്തിൽ ഈ മതഭ്രാന്തന്മാർ 20,000 ത്തിൽ പരം പള്ളികളെ നശിപ്പിച്ചു. ഡോഫിനി (Dauphiny) എന്ന സംസ്ഥാനത്തുതന്നെ 256 പട്ടക്കാരേയും, 112 സന്യാസികളേയും വധിക്കുകയും 900 പട്ടണങ്ങളേയും ഗ്രാമങ്ങളേയും ശൂന്യമാക്കുകയും ചെയ്തു. അവരുടെ വിദ്വേഷം മരിച്ചവരുടെ അവശിഷ്ടങ്ങളോടും പകവീട്ടുകയുണ്ടായി. ദൈവദ്രോഹപരങ്ങളായ അക്രമങ്ങൾ ചെയ്തു കരങ്ങളാൽ മശിഹായുടെ രക്തസാക്ഷികളുടേയും വിശുദ്ധന്മാരുടേയും അവശിഷ്ടങ്ങളെ അവർ മലിനപ്പെടുത്തി. വിശുദ്ധന്മാരുടെ അസ്ഥികളെ ദഹിപ്പിച്ചു കാററിൽ പറപ്പിച്ചുകളഞ്ഞു. ഉദാഹരണമായി 1562_ൽ പ്ലെസിസ്_ലെട്ടൂർസ്എന്ന സ്ഥലത്തുള്ള പൌളായിലെ വിശുദ്ധ ഫ്രാൻസീസിൻെറ കല്ലറ അവർ വെട്ടിപ്പൊളിച്ചു, മൃതശരീരം അഴുകാതിരിക്കുന്നതു കണ്ടു് അവർ അതിനെ തെരുവിൽകൂടി വലിച്ചിഴച്ചുകൊണ്ടുപോകുകയും ഒടുവിൽ അതിനെ ദഹിപ്പിക്കുകയും തീജ്വാലകളെ വർദ്ധിപ്പിക്കുന്നതിന് തൂങ്ങപ്പെട്ട സ്വരൂപം മുറിച്ചു അതിൽ ഇടുകയും ചെയ്തു. അതേകൊല്ലം തന്നെ ലയോൺസിൽ (Lynos) ഉള്ള വി. ബനവന്തുരായുടെ ശവകുടീരം ആക്രമിച്ചു. പുണ്യവാൻെറ അനർഘങ്ങളായ തിരുശേഷിപ്പുകൾ അഗ്നിയിൽ ഇടുകയും ഒടുവിൽ ഡവോണി നദിയിലേയ്ക്കു എറിഞ്ഞുകളകയും ചെയ്തു. അവർ പൈശാചികനിവേശനത്തിനധീനരായെന്നോണം അത്ര ഉഗ്രതയോടുകൂടി ദൈവത്തിൻെറ ഏററം വിശുദ്ധന്മാരായ ദാസന്മാരോടും മനുഷ്യവർഗ്ഗത്തിൻെറ ഏററം ഉപകാരികളോടും വർത്തിച്ചുവന്നു.

ഇടത്തൂടിൻെറ അഭേദ്യമായ മറെറാരടയാളം അതിൻെറ അസ്ഥിരതയും, വിഭിന്നങ്ങളായി പരസ്പരം വിഭജിച്ചുകൊണ്ടിരിക്കുന്ന സ്വഭാവവും, അതിൻെറ വിശ്വാസസത്യങ്ങളിലുള്ള നിരന്തരമായ മാററങ്ങളുമാ

കുന്നു. ഇടയ്ക്കുടിന്റെ സ്ഥാപകൻ സ്വാഭിപ്രായമനുസരിച്ചു് മതസി ദ്ധാന്തങ്ങളെ രൂപപ്പെടുത്തുന്നതുപോലെ തന്നെ അവന്റെ അനുഗാമി കളിൽ ഓരോരുത്തനും അവനവന്റെ വ്യക്തിപരമായ അഭിപ്രായമനുസ രിച്ചു് വ്യത്യാസപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു ഏതെങ്കിലും അധി കാരത്തിൻ കീഴുള്ള വിശ്വാസസംഹിതയെ അനുസരിക്കുന്നതിന് അവൻ കടപ്പെട്ടവനല്ല. മതസംബന്ധമായ കാര്യങ്ങളെ പരിഷ്കരിക്കുന്നതിനു് തന്റെ നേതാക്കന്മാരോടൊപ്പം ഓരോ അനുയായിക്കും സ്വാതന്ത്ര്യമുണ്ടു് നിരന്തരമായി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സ്വഭാവം, ആരിയ ൻസ്, പെലാജിയൻസ് മുതലായവരിൽ നാം കണ്ടു. ഇതു ഒന്നുകൂടി തെളിവായിട്ടു കാണപ്പെടുന്നതു് പ്രോട്ടസ്റ്റൻറുകാരിലാണു്. ലൂതറി നാകട്ടെ കാൽവിനാകട്ടെ സ്വപരിധിയിൽ തങ്ങളുടെ അനുഗാമികളെ നിറുത്തുന്നതിനു സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ പ്രോട്ടസ്റ്റൻറു മതത്തിന്റെ മൂലസിദ്ധാന്തം തന്നെ മാററങ്ങൾക്കു യാതൊരവസാനവു മില്ലെന്നുള്ളതാണു്. അവനവനു വേണ്ട അഭിപ്രായം അവനവൻ തന്നെ രൂപവൽകരിക്കണമെന്നുള്ളതു് സുവിശേഷസ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗ മായി അവർ കരുതിവന്നു. ഈ സിദ്ധാന്തത്തിൽ നിന്നു് വിശ്വാസത ത്വങ്ങളുടെ അഭൂതപൂർവ്വമായ കുഴപ്പങ്ങളും നിരന്തരമായ മാററങ്ങളുമല്ലാ തെ മററെന്താണു് പ്രതീക്ഷിക്കാവുന്നതു്? 5-ാം നൂററാണ്ടിൽ ജീവിച്ചിരു ന്ന വിഖ്യാതനായ ലെറിൻസിലെ വിൻസെൻറ് (Vnisent of Lerins) എന്ന ദേഹം ഇപ്രകാരം പറയുന്നു. ഒരു ഉപദേശത്തെ തിരസ്കരിക്കു ന്നവൻ താമസംവിനാ ബാക്കിയുള്ളവയെയെല്ലാം എതിർക്കും. ദൈവിക മായ മതത്തിന്റെ ഈ നൂതനനവീകരണക്കാർ എപ്പോഴും അതിനെ പ രിഷ്കരിച്ചുകൊണ്ടിരിക്കുകയും അതിന്റെ ഉപദേശങ്ങളെ എപ്പോഴും മാ ററിക്കൊണ്ടിരിക്കയും ഒടുവിൽ ആദ്യമുണ്ടായിരുന്ന വിശ്വാസസംഹിതയു ടെ ഒരംശംപോലും ഇല്ലാതാകുന്നതുവരെ പരിഷ്കരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതല്ലാതെ ദൈവത്തിന്റെ മതത്തെ നവീകരിച്ചാലുണ്ടാകുന്ന ഫലമെന്താണു്? ഇപ്രകാരമുള്ള നവീകരണത്തിന്റെ ഗതിയെ സൂക്ഷി ച്ചാൽ ഈ അഭിപ്രായത്തിൽ അടങ്ങിയിരിക്കുന്ന ജ്ഞാനം വെളിപ്പെടുന്ന താണു്. രക്ഷയെ പ്രദാനം ചെയ്യുന്ന തിരുസഭയുടെ അധികാരത്തെ എതി ർക്കുന്നവർക്കു് ഐക്യത്തിന്റെ മൂലകാരണം തന്നെ നഷ്ടപ്പെടുന്നു. എന്തു കൊണ്ടെന്നാൽ മനുഷ്യന്റെ അനിയന്ത്രിതമായ മനോഗതിയെ കീഴട ക്കുന്നതിനു് ഒരു ദൈവികമായ അധികാരത്തിനല്ലാതെ സാധിക്കുന്ന തല്ല. ഈ പുതിയ പ്രസ്ഥാനം ഓരോ വ്യക്തിയുടേയും പരിശോധനക്കും

വ്യാഖ്യാനത്തിനും വിധിക്കും വിധേയമായിതീൎന്നതിനാൽ നവീകൃതസഭയിൽ അനേകമാററങ്ങളും രൂപാന്തരങ്ങളും വിഭാഗങ്ങളുമുണ്ടാകുന്നതിനിടയായി. എപ്പിസ്കോപ്പേലിയൻ (Episcpelian) പ്രിസ്ബിറേറിയൻ (Presbiterian) കാൽവിനിസ്ററർ (Calvintster) അർമീനിയൻ (Arminian പ്യൂരിററൻ (Puriten) സൊസീനിയൻ (Socinian) ബാപ്ററിസ്ററർ (Baptistr) ക്വേക്കർ (Quaker) മുതലായകക്ഷികളുടെ ഇടയിൽ പ്രാചീനവിശ്വാസത്തോടുള്ള വിരോധത്തിലും സകലമാന അധികാരനിഷ്കാസനത്തിലും ഉള്ള യോജിപ്പല്ലാതെ, മതപരമായ യാതോരു ഐക്യവും യോജിപ്പും പാലിക്കപ്പെട്ടന്നില്ല. പുതിയ വിപ്ലവകാരികൾ നിരന്തരമായി നവീനാഭിപ്രായങ്ങളെ ആക്ഷേപിക്കുന്നതും ഒരു പതിവായിത്തീൎന്നിരിക്കുന്നു. പുതിയ വിശ്വാസസംഹിതയുടെ പ്രഖ്യാപനം ദിനന്തോറുമെന്നവണ്ണം ഉണ്ടായി കാണ്ടിരിക്കുന്നു. സ്വാഭിപ്രായമെന്ന ഇളകിയ മണലിൽ ഇന്നലെ പണിത കെട്ടിടം നശിപ്പിക്കുവാൻ ഇന്നു അവർ തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു ആരിയൂസ് പ്രഭൃതികളെപ്പററി വി. ഹിലറി പറഞ്ഞ വാക്കുകൾ ഇവിടെ വളരെ യോജിക്കുന്നുണ്ട്. "തങ്ങളുടെ പ്രവൃത്തികൊണ്ട് ഒരിക്കലും തൃപ്തിപ്പെടാത്ത അസമൎത്ഥന്മാരായ ശില്പികളോട് സമന്മാരാണു് നിങ്ങൾ. നിങ്ങൾ പണിയുകയും, തൽക്ഷണം തന്നെ അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളിൽ എത്ര വ്യക്തികളുണ്ടോ അത്രയും വിശ്വാസപ്രമാണങ്ങളുമുണ്ട്. എത്ര മനസ്സുണ്ടോ അത്രയും ഉപദേശങ്ങളുമുണ്ട്. ഓരോ വർഷത്തിലും ഓരോ മാസത്തിലും നിങ്ങൾ നൂതനവിശ്വാസപ്രമാണങ്ങളെ പ്രഖ്യാപനം ചെയ്യുന്നു. പഴയവിശ്വാസപ്രമാണങ്ങളെക്കുറിച്ചു് നിങ്ങൾ ലജ്ജിതരായിത്തീരുന്നു. നിങ്ങൾ അവയെ വലിച്ചെറിയുകയും നവീനോപദേശങ്ങളെ കണ്ടെത്തുകയും ചെയ്യുന്നു. കാലതാമസമന്യേ അവയേയും നിങ്ങൾ ബഹിഷ്കരിക്കുന്നു". നവീകരണകൎത്താക്കളിൽ ഒരാൾ തന്നെ തങ്ങളുടെ അഭിപ്രായങ്ങളുടെ അസ്ഥിരതയെക്കുറിച്ചു് ഇപ്രകാരം വിലപിക്കുന്നു. "പ്രോട്ടസററൻറ്കാരായ നാം എത്രയോ അസ്ഥിരബുദ്ധികളാണു്. അനുനിമിഷവും നാം തെററിപ്പോകയും ഉടൻ തന്നെ ആദ്യവിശ്വാസം വരെ ആരായുകയും ചെയ്യുന്നു. ഉപദേശങ്ങളായ ഓരോ കാററിലും നാം പതറിപ്പോകുന്നു. ഒരിക്കൽ ഒരു വശത്തും വേറൊരിക്കൽ അതിനെതിരായും നാം സ്ഥിതിചെയ്യുന്നില്ലയോ? മതപരമായ നമ്മുടെ അഭിപ്രായം എന്താണെന്നുള്ളതു തന്നെ വളരെ പ്രയാസപ്പെട്ടാൽ മാത്രമേ ഒരാൾക്കു ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ നാളെ നമ്മുടെ സ്ഥിതി എ

തായിരിമെന്നു് മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല. റോമായുടെ ബന്ധത്തിൽ നിന്നും വേർപെട്ട ആ സഭകൾ ഏതൊരു വിശ്വാസപ്രമാണത്തിലാണു് അന്യോന്യം യോജിക്കുന്നതു്? അവയുടെ വിശ്വാസത്തിന്റെ വിഷയങ്ങളെ ഒന്നു പരിശോധിച്ചു നോക്കുക. വിശ്വസിക്കണമെന്നു് ഒരാൾ ഉപദേശിക്കുന്ന ഒരു സംഗതി വേറൊരാൾ നിർവിശങ്കം നിഷേധിക്കയും നാശകരമാണെന്നു പറഞ്ഞു് തള്ളിക്കളയുകയും ചെയ്യുന്നു. എല്ലാവിധനിയന്ത്രണങ്ങളേയും പരിഹസിക്കുന്നവർ ഇപ്രകാരം അലഞ്ഞു നടക്കുന്നതിൽ വിസ്മയിപ്പാനില്ല; ഏതൊരു സഭയെ അനുസരിക്കണമെന്നു് യേശുക്രിസ്തു നമ്മോടു കല്പിച്ചുവോ ആ സഭയെ അവർ തിരസ്കരിച്ചിരിക്കുന്നു. തന്നത്താനും അനിയന്ത്രിതമായും അവർ പരിശോധനയുടെ അന്ധകാരനിബിഡമായ വലയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. സത്യം ഒന്നുമാത്രമേയുള്ളു. സത്യത്തിൽ നിന്നും വ്യതിചലിപ്പിക്കുന്ന അബദ്ധത്തിന്റെ വഴികൾ സംഖ്യാതീതങ്ങളാണു്. കത്തോലിക്കാസഭ അപ്രകാരമല്ല. അവളുടെ ഭരണത്തിനും അവളുടെ നടപ്പിനും യാതൊരു മാററവുമില്ല അവളുടെ തത്വങ്ങൾക്കു യാതൊരു വ്യത്യാസവുമില്ല. അവ എന്നും ഒന്നുതന്നെയാണു്. അവൾ അവ തന്റെ ദിവ്യനായകനിൽ നിന്നും സ്വീകരിക്കുകയും ഈ അനർഘനിക്ഷേപത്തെ യാതൊരു മാലിന്യവും കൂടാതെ സംരക്ഷിക്കുകയും ചെയ്യുന്നു. മതവിദ്വേഷികൾ അവളെ അഭിമുഖീകരിക്കുമ്പോൾ അവളുടെ ഉപദേശങ്ങളെ അവൾ വിശദീകരിക്കുന്നു. അവളുടെ വിശ്വാസത്തിൽ യാതൊന്നും കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നില്ല. അവൾ സത്യത്തിന്റെ തൂണും അടിസ്ഥാനവുമാകുന്നു"

## ഇംഗ്ളണ്ടിലെ മതഭിന്നത.

### (1533—1560)

പതിമ്മൂന്നു നൂററാണ്ടു കാലത്തോളം സഭ ഇംഗ്ലണ്ടിൽ നിലനിന്നു വരികയായിരുന്നു. സഭയുടെ സഹായത്താലും സംരക്ഷണയാലും ഇംഗ്ലീഷു ജനതതി യൂറോപ്യൻ രാജ്യങ്ങളുടെയിടയിൽ ഒരു ബഹുമാന്യസ്ഥാനം കരസ്ഥമാക്കുകയും ഇപ്പോഴും അയൽ രാജ്യങ്ങളുടെ അസൂയക്കു പാത്രമായിത്തീരത്തക്കവണ്ണം അത്രയധികം സ്വാതന്ത്ര്യസ്ഥാപനങ്ങളുടെ ഉത്ഭവത്താൽ, ഇന്നാൾ വരെ അവളുടെ പ്രതാപത്തിനു ഹേതുഭൂതമായി പരിലസിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും സ്വാതന്ത്ര്യമായ കത്തോലിക്കാ

അഗ്രൂപ്പിയുടെയും കത്തോലിക്കമേലദ്ധ്യക്ഷന്മാരുടെ ദേശാഭിമാനപരങ്ങ ളായ പ്രയത്നങ്ങളുടെയും ഫലമായിരുന്നു ഇതെന്നുള്ളതു് സാധാരണമാ യി പലരും വിസ്മരിക്കാറുണ്ടു്. പുണ്യവാന്മാരുടെ ദ്വീപായ ഈ ഇ ഗ്ലണ്ടു രാജ്യം വിശ്വാസത്തിൻെറ ഐക്യത്തിൽ നിന്നും അപ്പസ്തോലി ക്ക സിംഹാസനത്തോടുള്ള അനുസരണയിൽ നിന്നും വേർപെട്ട ആ ദുഃ ഖകരമായ വാൎത്തയെ ശ്രവിക്കുന്നതിനു മുമ്പായി, അതിൽ പിന്നീടു് ന ഷ്ടീഭവിച്ച നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിൻെറ മഹത്വങ്ങളെപ്പററി നമു ക്കു കുറഞ്ഞൊന്നു ചിന്തിക്കാം. എം നിക്കോളാസ് (M. Nicholas) ഇ പ്രകാരം പറയുന്നു. "പ്രോട്ടസ്ററൻറ്മതം പ്രത്യക്ഷപ്പെട്ടുന്നതിനു മുൻ പു തന്നെ ശാസ്ത്രങ്ങളും കലാവിദ്യകളും അവയുടെ പരമകാഷ്ഠയെ പ്രാപി ച്ചിരുന്നു. പരിഷ്കാരത്തിൻെറ സകല വഴികളും വിശാലമായി തുറ ക്കപ്പെട്ടിരുന്നു. നമ്മുടെ പ്രബലങ്ങളും പാവനങ്ങളുമായ ശില്പപണിക ൾ അനേകശതാബ്ദങ്ങളോളമായി നിലനിന്നു പോരികയായിരുന്നു. മ ഹത്തായ ഈ പ്രവൃത്തികളെല്ലാം സാധിച്ചജനങ്ങളെക്കുറിച്ചു കൃത്യതലായി അറിയുന്നതിനും അവരെ വിലമതിക്കുന്നതിനും ഇവ നമ്മെസഹായിക്കു ന്നു. പ്രാചീനകാലങ്ങളിലെ കാൎയ്യങ്ങളെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ മഹത്തരങ്ങളായ ഈ എടുപ്പുകളെക്കുറിച്ചും അവസൂചിപ്പിക്കുന്നവയെപ്പ ററിയും നമുക്കുവളരെ ആശ്ചൎയ്യവും ആനന്ദവും ജനിക്കാറുണ്ടു്. ശാസ്ത്ര ങ്ങൾ, അഭിരുചി, സ്നേഹം, ജീവിതക്രമം, സമൃദ്ധമായഉപകരണങ്ങൾ, സ്വാൎത്ഥപരിത്യാഗം, വിശ്വാസം, എന്നിവയുടെ പ്രത്യക്ഷവും ശാശ്വത വുമായ ഫലമായിട്ടാണു് ഈ അഭിവൃദ്ധി സംജാതമായിരിക്കുന്നതു്. ഇ വ അക്കാലത്തെ കലാവിദ്യ, ശാസ്ത്രം, വ്യവസായം എന്നിവയുടെ ബാ ഹ്യപ്രകടനങ്ങളാണു്. യന്ത്രപ്പണികൾ, ചിത്രങ്ങൾ, മൊസായിക്കുപണി കൾ, കൊത്തുപണികൾ മുതലായ എല്ലാ കലാവിദ്യകളും, ശാസ്ത്രങ്ങളും നമ്മുടെ ദേവാലയങ്ങളിൽ പ്രതിബിംബിച്ചിരുന്നു. എന്നാൽ ഇവയത്ര യും കത്തോലിക്കാ ചൈതന്യത്തിൻെറ ഒരു ബാഹ്യപ്രകടനം മാത്രമേ യാകുന്നുള്ളു. ഇവ പെട്ടെന്നോ, യാദൃശ്ചികമായോ സംഭവിച്ചവയല്ല, ഇവ അക്കാലങ്ങളിലെ മനോഗതിയുടെ സരളമായ ഒരു പ്രത്യക്ഷീകരണം മാത്രമാകുന്നു. അവ പ്രകൃതിയിലെ വിവിധസൃഷ്ടിവൎഗ്ഗങ്ങളെ വിശ്വാസ ചൈതന്യത്താൽ സജീവവും കൃ[illegible]പൂതാക്കിയും മൌൎത്തികവസ്തുക്കളെ അവയുടെ നിസ്സീമങ്ങളായ മൂലധ[illegible]ങ്ങളിൽ പ്രകാശിപ്പിച്ചു നമ്മെ കാണി ച്ചും, യേശുക്രിസ്തുവിൻെറ പ്രതാപത്തെ പ്രകീൎത്തിക്കയും മൎത്ത്യാവതാരത്ത ത്വത്തെ പുനരാവൎത്തിക്കയും ചെയ്യുന്ന ഉൽകൃഷ്ടകാവ്യതല്ലജങ്ങളാകുന്നു. അവ ചരിത്രം, വേദാന്തം, ധൎമ്മസംഹിതയെന്നീ അമൂല്യനിധി നിയമ

ങ്ങളുടെ അതിവിസ്തൃതമായ വിശദീകരണവും അതേസമയംതന്നെ സ്വാഭാവികവും, സ്വാഭാവാതീതവുമായ ഇരു പദ്ധതികളേയും ഏകോപിപ്പിക്കുന്ന എല്ലാസത്യങ്ങളുടെയും ഒരു സംയോഗവും ഢമ്മേളനവുമാകുന്നു. വി. അൻസൽമൂസിനാൽ വിരചിതമായ ആഗാധവും ആസ്വാദ ജനകവുമായ ആദ്ധ്യാത്മീക ധ്യാനങ്ങളുടെ കാലഘട്ടത്തിലും വി. ബർണ്ണാദ് തൻെറ വാക്ധോരണിയാൽ യൂറോപ്പിനെ ഇളക്കിമറിക്കുകയും തൻെറ നിസ്തുലമായ സ്വാഭാവാകർഷണീയതയാലും, മാധുര്യപ്രചുരിമയാലും, അതിനെ തനിക്കധീനമാക്കുകയും, ചെയ്തപ്പോഴും, വി. ബൊനവഞ്ചുര ധ്യാനയോഗത്തെ (misticism) വേദാന്തപരമായ യുക്തിവാദവുമായി സ്ഥിരമൈത്രിയാൽ സുദൃഢമാക്കി എല്ലാ ഉൽകൃഷ്ട ശാസ്ത്രങ്ങളേയും ഏകയോഗക്ഷേമമായി സംഘടിപ്പിച്ചപ്പോഴും ആദ്ധ്യാത്മിക ഗുരുക്കന്മാരും മഹത്തുക്കളുമായ ജെർസോനും, അക്കെംബിസും, ഹൃദയവിറീതന്മാരെ ഉത്തേജിപ്പിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്ത കാലഘട്ടത്തിലും വി. തോമസ് അകവീനാസ് വാനാരൂപോപമായ തൻെറ അമൂല്യമാനസ്സിക ശക്തിയാൽ ദൈവികവും മാനുഷികവുമായ സംഗതികളെ പരമാർശിക്കുന്ന നിഗൂഢജ്ഞാനസമുദ്രത്തിൻെറ അന്തരാളങ്ങളെ അനാഛാദനം ചെയ്യുന്ന തൻെറ അനശ്വരകൃതി തല്ലജനങ്ങളെ പ്രസിദ്ധപ്പെടുത്തിയപ്പോഴും പെട്റാക്ക്. റൊസ്സോ, അരിസ്റെറ, മുതലായവർ കവിന്ദ്രനായ ഡാൻറിയെ പിൻതുടന്നപ്പോഴും മൈക്കൾ ആഞ്ചലോയും, റഫേയ്ലും, ഗിയോട്ടോ, മസ്സാക്കിയോ, ഫ്റാഅഞ്ചേലിക്കോ മുതലായവരുടെ ചവിട്ടടികളെ അനുധാവനം ചെയ്തപ്പോഴും റോബർട്ട് അഗ്രിക്കൊള ജർമ്മനിയിലും, ലൂയിസ്‌വിവെസ്‌സ്‌പെയിനിലും, ബൊർഡെവ്സ് ഫ്റാൻസിലും, പിക്കസ് ഓഫ്മിറാൻഡൊള ഇററലിയിലും ഫിഷറും കൊളററും ലില്ലിയും ഇംഗ്ലണ്ടിലും, ശാസ്ത്രത്തിൻെറയും സാഹിത്യത്തിൻെറയും പരിധികളെ വിസ്തൃതപ്പെടുത്തികൊണ്ടിരുന്ന ഘട്ടങ്ങളിലും പ്രസ്തുത സംസ്കാരസംരംഭങ്ങൾ സമാരംഭിച്ചു കഴിഞ്ഞിരുന്നു. ആ സുവർണ്ണദശയിൽ ഏററം വലിയ കത്തോലിക്കാ സർവ്വകലാലയങ്ങൾ പരിലസിച്ചിരുന്നു. ഓക്സ്ഫോർഡ് 895_ൽ സംസ്ഥാപിതമായി, കെയിംബ്രിഡ്ജ് 915_ലും പാദുവ 1179_ലും സലമാൻകാ 1200_ലും അബർഡീൻ 1213_ലും വിയന്നാ 1237_ലും ഗ്ലാസ്ക്കോ 1453_ലും സ്ഥാപിതങ്ങളായിരുന്നു. പാരീസ്, ബൊളോഞ്ഞാ, ഫെറാറാ മുതലായസ്ഥലങ്ങളിലെ അതിപുരാതനങ്ങളായ കലാലയങ്ങളയാ യൂറോപ്പിലെ മററു സകല രാജ്യങ്ങളിലു, സമകാലീനങ്ങളായി സം

ജാതമായ മററു കലാശാലകളുടെ തുകയേയോ, സ്ഥാപനത്തേയോ പററി എണ്ണിപറയുന്നതിന് ഇപ്പോഠം ഉദ്ദേശിക്കുന്നില്ല. ഏതാദൃശ്യമായ സംസ്കാരോദ്യമങ്ങഠംക്കായി ഇംഗ്ലണ്ട് ധാരാളം പരിശ്രമിക്കകയും, തൽഫലങ്ങഠം സമൃദ്ധിയായി സ്വീകരിക്കുകയും ചെയ്തു. "പൊതുഗുണത്തെ ലാക്കാക്കി സുബുദ്ധിയുടെ നിയന്ത്രണമനുസരിച്ച് പൊതുക്കാൎയ്യങ്ങളെ നിർവഹിപ്പാൻ ചുമതലപ്പെട്ടിരിക്കുന്ന ആഠം വിളംബരപ്പെടുത്തുന്ന ഒരു നിശ്ചിതക്രമീകരണപദ്ധതിയാകുന്നു നിയമമെന്നു" വേദപാരംഗതനായ വി. തോമ്മായുടെ വിശ്വവിഖ്യാതമായ അൎത്ഥവിവക്ഷയെ അടിസ്ഥാനപ്പെടുത്തി കത്തോലിക്കർ ഇംഗ്ലണ്ടിന്റെ സ്വാതന്ത്ര്യവരങ്ങളെ സുസ്ഥിരമായി ഉറപ്പിക്കുകയും ഉദാരമായി വിസ്താരപ്പെടുത്തുകയും അഭംഗമായി സംരക്ഷിക്കുകയും ചെയ്തിരുന്നു.

കത്തോലിക്കാസഭ ഇംഗ്ലണ്ടിലെങ്ങും പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചു അറനൂററിപതിനാറിൽ പരം സന്യാസസ്ഥാപനങ്ങഠം ഉണ്ടായിരുന്നു. അവയത്രയും പരിഷ്കാരത്തിന്റെയും, പരോപകാരപ്രവൃത്തിയുടെയും, അനുഗ്രഹത്തിന്റെയും കേന്ദ്രസ്ഥാനങ്ങളായിരുന്നു. കത്തോലിക്കാസഭയായിരുന്നു ഇംഗ്ലണ്ടിൽ വസിച്ചിരുന്ന അനേകം വൎഗ്ഗക്കാരായ ജനങ്ങളെ പരസ്പരം യോജിപ്പിച്ചതു്. അതു കുടിലന്മാരായ ഇടപ്രഭുക്കന്മാരുടെ നീചദാസ്യത്തിൽനിന്നു് കുടിയാന്മാരെ വിമോചിപ്പിച്ചുകൊണ്ടു് മദ്ധ്യശതകങ്ങളിലെ ജന്മികുടിയാൻ സമ്പ്രദായം നിരുത്തലാക്കി. അതു കൎമ്മകുശലന്മാൎക്കും, ബുദ്ധിവിശാരദന്മാർക്കും, യഥേഷ്ടം യത്നിക്കുന്നതിനു് വേണ്ട പ്രവൎത്തിരംഗങ്ങഠം തുറന്നുകൊടുത്തു. യുദ്ധനിപുണതയിൽ വിശ്വവിഖ്യാതന്മാരും യഥാൎത്ഥ ധീരന്മാരുമാകുന്നതിനു് വേണ്ട നെഞ്ചുറപ്പു് അതു നമ്മുടെ യോദ്ധാക്കന്മാരിൽ ബീജാവാപം ചെയ്തു. സഭ നമുക്കു് മാഗ്നാകാർട്ടാ (magnacarta) പ്രദാനം ചെയ്തു. അതു് എല്ലായ്പ്പോഴും ജനങ്ങളുടെയും അവരുടെ പീഡകന്മാരുടെയും ഇടയിൽ മാദ്ധ്യസ്ഥംവഹിച്ചിരുന്നു. ഭൌമികാധികാരികളുടെ കുടിലതയും ദ്രവ്യാഗ്രഹവും, പരിശുദ്ധ സിംഹാസനത്തിന്റെ അവകാശങ്ങളോടുള്ള അസൂയയും ബാധകമായിരുന്നില്ലെങ്കിൽ ഇതിലും വലിയ കാൎയ്യങ്ങഠം ഇംഗ്ലണ്ടിൽ ചെയ്യുന്നതിനു് തിരുസഭയ്ക്കു സാധിക്കുമായിരുന്നു. എന്നാൽ സഭാഗംഗളുടെയിടയിൽ അയോഗ്യന്മാരുണ്ടായിന്നുരുവെന്നുള്ളതു് നിഷേധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതു് തിരുസഭിൽ ഉതപ്പുകഠം ഉണ്ടാകുമെന്നും, ഗോതമ്പുകളോടുകൂടി കളകളും വളരുമെന്നും, ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവായ പിശാചു ദൈവത്തിന്റെ

ഏററവും മഹത്തരങ്ങളായ പ്രവൃത്തികൾ കൂടിയും നശിപ്പിക്കുന്നതിനും മാലിന്യപ്പെടുത്തുന്നതിനുമായി സദാ ചുററിനടക്കുമെന്നുമുള്ള കത്തോലിക്കാ മത സിദ്ധാന്തത്തെ അനുസ്മരിപ്പിക്ക മാത്രമേ ഇതു ചെയ്യുന്നൊള്ളൂ.

ഒരു മനുഷ്യൻെറ ദുർവികാരങ്ങൾ മഹത്തായ ഈ സ്ഥാപനത്തെ നശിപ്പിച്ചു. അതിൻെറ അവശിഷ്ടങ്ങളിന്മേൽ, പിന്തിരിഞ്ഞു വരുന്ന യൂദന്മാരെപ്പോലെ നാം ദൈവഭവനം വീണ്ടും പണിയുവാൻ സമാരംഭിച്ചിരിക്കുന്നു.

ഹെൻറി എട്ടാമനെപ്പോലെ സകലവിധ അനുകൂലപരിതസ്ഥിതിഗതികളോടുകൂടിയും പ്രത്യാശാജന്യമായ ഗുണലക്ഷണങ്ങളോടു കൂടിയും സിംഹാസനാരൂഢനാകുന്നതിനുള്ള ഭാഗ്യം മററ് അധികം രാജാക്കന്മാക്ക് സിദ്ധിച്ചിട്ടില്ല. സമത്ഥനും കുശാഗ്ര ബുദ്ധിയുമായിരുന്ന അദ്ദേഹത്തിൻെറ പിതാവിൽനിന്നും ലഭിച്ച ശ്രേഷ്ഠവും വിപുലവുമായ അവകാശങ്ങളാൽ അദ്ദേഹത്തിൻെറ ഭരണം നിസ്തുലമായ പ്രതാപത്തോടു കൂടിയ ഒന്നായിരിക്കുവാൻ പാടുണ്ടായിരുന്നു. ലൌകികഭരണാധികാരികൾ പരിശുദ്ധ സിംഹാസനത്തിൻെറ പ്രശസ്തിയിൽ അസൂയാലുക്കളായിരുന്നു. മേൽ പ്രസ്താവിച്ചതുപോലെ ഈ കാലഘട്ടത്തിൽ തിരുസഭയുടെ പരമാദ്ധ്യക്ഷനും ഭരണീയക്കും പരസ്പരം വേണ്ടതായ സ്വാതന്ത്ര്യത്തിനും നിർവിഘ്നമായ വേഴ്ചയ്ക്കും പ്രതിബന്ധങ്ങൾ വരുത്തിക്കൊണ്ട് ലൌകികാധികാരികൾ പൊതുവേ തിരുസിംഹാസനത്തിൻെറ പരമാധികാരത്തോടു അവശ്യം വേണ്ടതായ അനുസരണയുടെ ഏററം താഴ്ന്ന പടിയിൽ എത്തിക്കഴിഞ്ഞിരിക്കുകയും അതുപോലെതന്നെ പാഷണ്ഡതയ്ക്ക് ഉന്നത സ്ഥാനങ്ങളിൽ നിന്നുപോലും പ്രോത്സാഹനം ലഭിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നുവെങ്കിലും ഇംഗ്ലീഷുകാർ പൊതുവിൽ ഉത്തമ കത്തോലിക്കരായിരുന്നു. വിക്ലിഫ്, ഓകാം (Occam) മുതലായ പാഷണ്ഡികൾ അവരുടെ അബദ്ധോപദേശങ്ങളെ പിൻ വലിച്ചശേഷം പണ്ടേതന്നെ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു കഴിഞ്ഞിരുന്നു. ഹെൻറി തന്നെയും ലൂതറിനെതിരായി തൻെറ തൂലികയെ തിരുസഭയ്ക്കുവേണ്ടി ഉപയോഗിക്കുന്നതിൽ ഉദ്യുക്തനായി "റോമാ മാർപ്പാപ്പായുടെ പരമാധികാരത്തെ ലേശം പോലും സംശയിക്കത്തക്കവിധം ഞാൻ അതിനെ ഒരിക്കലും വാദവിഷയമാക്കുകയില്ല. എന്തുകൊണ്ടെന്നാൽ അതു അദ്ദേഹത്തോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും; സകല വിശ്വാസികളും പരിശുദ്ധ റോമാസിംഹാസനത്തെ തങ്ങളുടെ മാതാവും ഗുരുനാഥയുമായി അംഗീകരിക്കയും ബ

ഛമാനിക്കയും ചെയ്യുന്നുണ്ട് എന്ന വസ്തുത ശത്രുവായ ലൂതറിനുപോലും നിഷേധിക്കാൻ കഴികയില്ല............എന്നാണ് പരമമായ ഈ അധികാരം മാർപ്പാപ്പായിക്കു സിദ്ധിച്ചതു എന്നാണെന്നു്, ലൂതറിനും അറിയാമല്ലോ. എന്തുകൊണ്ടെന്നാൽ അതിൻെറ ഉത്ഭവം ഒരു രഹസ്യസംഭവമല്ലല്ലോ....വാസ്തവത്തിൽ ആരെങ്കിലും പ്രാചീന സ്മാരകങ്ങൾ പരിശോധിക്കുകയോ, പുരാതനകാലങ്ങളുടെ ചരിത്രങ്ങൾ വായിക്കുകയോ ചെയ്യുന്ന പക്ഷം ക്രൈസ്തവവേദം ഭൂമുഖത്തു പ്രകാശിക്കാൻ തുടങ്ങിയ നാൾ മുതൽ ക്രൈസ്തവ ലോകത്തിലുള്ള എല്ലാ സഭകളും റോമിലെ പരിശുദ്ധ സിംഹാസനത്തോട്ട് അനുസരണമുള്ളവയായിരുന്നുവെന്നു് അവനു് ബോധ്യമാകുന്നതാണു്. വി. ഈറാനീമ്മോസ് ഒരു റോമാക്കാരനായിരുന്നില്ല. എങ്കിലും തൻെറ വിശ്വാസത്തെ മററാരുതന്നെ നിരാകരിച്ചാലും റോമാമാർപ്പാപ്പാ അതിനെ അംഗീകരിക്കുന്നതായാൽ അതുകൊണ്ടു മാത്രം സംതൃപ്തനായിരിക്കുമെന്നു പ്രസ്പഷ്ടമായി സാക്ഷ്യം നൽകിയിരിക്കുന്നു. ഇപ്രകാരം ഒരിക്കൽ ധൈര്യസമേതം പ്രസ്താവിച്ച ഹെൻറി റോമായുടെ ഐക്യത്തിൽനിന്നു സ്വരാജ്യത്തെ വേർപെടുത്തുവാനിരുന്ന ഒരാളായിരുന്നുവെന്നു് ഏതൊരുത്തൻ വായിക്കുന്നതായാൽ അയാളിൽ ആശ്ചര്യം ജനിക്കാതിരിക്കയില്ല.....ഹെൻറിയുടെ പ്രസ്തുത കൃതി അനന്യസാധാരണമായ പാണ്ഡിത്യത്തേയും ഉത്തമ സാമർത്ഥ്യത്തേയും പ്രദ്യോതിപ്പിക്കുന്നതായിരുന്നു. * അയാൾ തൻെറ ജ്യേഷ്ഠസഹോദരൻ "ആർതർ" അന്നു ജീവിച്ചിരിപ്പുണ്ടായിരുന്നതിനാൽ സഭയിൽ ഒരുയന്ന സ്ഥാനത്തെ അർഹിക്കുവാൻ നിശ്ചയിക്കപ്പെട്ടവനായിരുന്നു. തന്മൂലം അദ്ദേഹം ദൈവശാസ്ത്രാഭ്യസനവും നടത്തിയിരുന്നു. ഈ കൃതിമൂലം മാർപ്പാപ്പാ അത്യന്തം സംതൃപ്തനായിത്തീരുകയും "വിശ്വാസ സംരക്ഷകൻ" എന്ന കീർത്തിനാമം ഹെൻറിക്കു കല്പിച്ചു നൽകുകയും ചെയ്തു. ഈ സ്ഥാനപ്പേരു ഇംഗ്ലണ്ടിലെ രാജാക്കന്മാർ ഇപ്പോഴും ധരിച്ചുവരുന്നുമുണ്ടു്. മാർപ്പാപ്പായുടെ പ്രത്യേകാനുമതിയോടുകൂടി ആർതർ രാജകുമാരൻെറ വിധവയായ ആരഗോണിലെ കാതറൈൻ (Catherine of Aragon) എന്ന രാജകു

---

* റോച്ചസ്ററിലെ മെത്രാനും അനന്തരം ഹെൻറിയാൽ വിധിക്കപ്പെട്ട വിശ്രുതരക്തസാക്ഷികളിൽ ഒരുവനും ആയിരുന്ന വാഴ്ത്തപ്പെട്ട ജോൺഫിഷർ എന്ന ദേഹം പ്രസ്തുത കൃതിയിൽ ഭാഗഭാക്കായിരുന്നുവെന്നായിരുന്നു പൊതുവേയുള്ള അഭിപ്രായം.

മാരിയെയാണ് രാജാവ് വിവാഹം ചെയ്തത്. പതിനെട്ടു കൊല്ലത്തെ ദാമ്പത്യ ജീവിതത്തിനുശേഷം, അയാറം ന്യായരഹിതമായി രാജ്ഞിയുടെ തോഴിമാരിൽ ഒരാളിൽ അനുരക്തനായിത്തീരുകയാൽ അവളെ ധർമ്മപത്നിയായി സിംഹാസനാരൂഢയാക്കുന്നതിനു് ആഗ്രഹിച്ചു. എന്നാൽ കാതറൈൻ രാജ്ഞിയുമായുള്ള തന്റെ വിവാഹ ബന്ധം ഏതെങ്കിലും കാരണവശാൽ അസാധുവാണെന്നു തെളിയിക്കാത്ത കാലത്തോളം ഇതു തികച്ചും അസാദ്ധ്യമായ ഒരു കാര്യമാണെന്നു ഹെൻറിക്കു നിശ്ചയമുണ്ടായിരുന്നു. അതിനാൽ തന്റെ അഗ്രപ്രാഴത്തെ രാജ്ഞിയുമായുള്ള വിവാഹം ന്യായാനുസൃതവും, സാധുവുമാണൊ എന്നു് ബലമായ സംശയമുള്ളതിനാൽ അവളെ ഉപേക്ഷിച്ചിട്ടു് ആനിബൊളിനെ പരിഗ്രഹിക്കുവാൻ അനുവദിക്കണമെന്നു മാർപ്പാപ്പായോടപേക്ഷിച്ചു. ഏഴാം ക്ലമൻറ് മാർപ്പാപ്പാ ഉടനെ ഇതേക്കുറിച്ചു് വേണ്ട അന്വേഷണങ്ങറം നടത്തി. ആ പരിശോധനയിൽ ഹെൻറിയുടെ ആദ്യത്തെ വിവാഹം തികച്ചും ന്യായാനുസരണമായിട്ടുള്ളതും ഏതന്മൂലം യഥാർത്ഥവുമാണെന്നു തെളിയുകയാൽ അതിനെ യാതൊരു വിധത്തിലും ദുർബലപ്പെടുത്തുവാൻ പാടുള്ളതല്ലെന്നു തീരുമാനിച്ചു. അതെ, ദൈവം സംയോജിപ്പിച്ചതിനെ വേർപെടുത്തുവാൻ അദ്ദേഹം വിസമ്മതിച്ചു. തന്റെ ന്യായമായ ഭാര്യയെ തിരിയെ സ്വീകരിക്കണമെന്നു് ഹെൻറിയോടു കല്പിക്കുകയും ചെയ്തു. എന്നാൽ ഹെൻറി അതിനൊന്നും വഴിപ്പെട്ടില്ല. തന്നാൽ കാൻറർബറിയിലെ മെത്രാനായി നിയമിക്കപ്പെട്ടവനും തന്റെ ഹിതാനുവർത്തിയുമായ ക്രാൻമെറിൻെറ (Cranmer) (ഇയാറം ഒരു വിവാഹത്തിനുശേഷം ഭാര്യ മരിച്ചപ്പോറം ഗൂഢപ്പെട്ടു സ്വീകരിക്കുകയും പിന്നീടു് രഹസ്യമായി മറ്റൊരു സ്ത്രീയെ പരിഗ്രഹിച്ചുകൊണ്ടു് മെത്രാപ്പോലീത്താ സ്ഥാനവും കപടനയത്താൽ കൈയ്യിലാക്കുകയും തന്മൂലം ഹെൻറിയോടൊപ്പം സഭയിൽ നിന്നു് ബഹിഷ്കൃതനായി കുപ്രസിദ്ധി നേടുകയുമുണ്ടായി) അനുവാദപ്രകാരം 1532 ൽ ആൻബോളിനെ രഹസ്യമായി വിവാഹം ചെയ്തു. രാജാവിൻെറ ഒരു ആശ്രിതസംഘം മാത്രമായിരുന്ന ഇംഗ്ലണ്ടിലെ കോൺവൊക്കേഷൺ (Convocation) എന്ന സഭായോഗം ആദ്യത്തെ വിവാഹം അസാധുവാണെന്നും രണ്ടാമത്തേതു നിയമാനുസൃതമാണെന്നും വിധിയും പ്രസ്താവിച്ചു. ഈ വിവാഹം കഴിഞ്ഞു രണ്ടു വർഷത്തിനിടകൊണ്ടു് പരിശുദ്ധ സിംഹാസനത്തിനു് ഇംഗ്ലണ്ടിലുണ്ടായിരുന്ന പൂർവ്വികങ്ങളായ അനേകം അവകാശാധികാരങ്ങളെ ഹെൻറി നിരത്തലാക്കി. മെത്രാപ്പോലീത്താമാർ ധരിക്കുന്ന പാല്ലിയമെന്ന സ്ഥാനവസ്ത്രമോ, അവരുടെ നിയമകല്പനാമായ മാർപ്പാപ്പായുടെ തിരുവെഴുത്തുകളോ ആരും ആ

വശ്യപ്പെട്ടു പോകരുതെന്നു് അയാൾ നിരോധിക്കാതെയുമിരുന്നില്ല. ഇംഗ്ലണ്ടിൽ തന്നെ അവർ സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെടുകയും അഭിഷേചിക്കപ്പെടുകയും ചെയ്യണമെന്നായിരുന്നു വ്യവസ്ഥ. യാതൊരു സംഗതിയിലും റോമിലേക്കു ചെയ്യുന്ന അപ്പീലുകൾ നിയമാനുസൃതങ്ങളായിരിക്കയില്ലെന്നു തീരുമാനിക്കയും തദ്വാരാ പരിശുദ്ധ സിംഹാസനത്തിന്റെ ഭരണ കേന്ദ്രമെന്ന സ്ഥാനത്തെ നിഷേധിക്കുകയും ചെയ്തു. 1534 മാർച്ചു് മാസം 30-ാംനു- ഹെൻറി ഈ വിലപനീയ നാടകത്തിലെ അന്തിമരംഗവും അഭിനയിച്ചു. അതെ, അയാൾ ഇംഗ്ലണ്ടിനെ സഭാമാതാവിന്റെ ആശ്ലേഷത്തിൽനിന്നും നിഷ്ക്കരുണം വേർപെടുത്തി. ആദ്ധ്യാത്മികവും ലൌകികവുമായ ഭരണാധികാരം രാജാവിൽനിന്നും പ്രാപിക്കണമെന്നായിരുന്നു ഹെൻറിയുടെ അതിമോഹം. ഇവിടെ സുവ്യക്തമാകുന്ന ഈ രാജകീയ പരമാധികാരം (Royal supramacy) പിന്നീടു് ഇംഗ്ലണ്ടിന്റെ നവീന മതത്തിൽ അംഗങ്ങളായിരുന്ന ചിലർ സരളമായ ഒരു വ്യാഖ്യാനം മൂലം ലഘൂകരിക്കാനോ, യഥാർത്ഥമായ അതിന്റെ അർത്ഥത്തെ ആച്ഛാദനം ചെയ്യാനോ, പരിശ്രമിക്കാതിരുന്നില്ല. എന്നാൽ അതിന്റെ യഥാർത്ഥ വിവക്ഷ നിയമ പുസ്തകങ്ങളിലും സ്വകീയ പരിചയത്തിലും നിന്നു് സംഗ്രഹിക്കേണ്ടതാണു്. അതിനെ ഒരു പ്രോട്ടസ്റ്റന്റു ഗ്രന്ഥകാരനായ മെക്കാളി ഇപ്രകാരം വിശദീകരിക്കുന്നു."ഈ പരമാധികാരത്താൽ രാജാവും തന്റെ ഇഷ്ടാനുസാരികളായ ആലോചനക്കാരും ഒരിക്കൽ അർത്ഥമാക്കിയതു തീർച്ചയായും താക്കോലുകളുടെ മേലുള്ള പരിപൂർണ്ണ കർത്തവ്യമല്ലാതെ മറെറാന്നുമല്ലായിരുന്നു. രാജാവു് ഇതുമൂലം സ്വന്തം രാജ്യാതിർത്തിക്കുള്ളിൽ പാപ്പായും, ദൈവത്തിന്റെ പ്രതിപുരുഷനും കത്തോലിക്ക ഐക്യത്തിൻ പ്രകാശകനും കൃദാശപരമായ വരപ്രസാദങ്ങളുടെ കൈവഴിയും (അതായതു തന്റെ പരമാധികാരപ്രവൃത്തികളാൽ)താൻതന്നെയാണെന്നു പ്രകടിപ്പിക്കുകയത്രെ ചെയ്തതു്. യഥാർത്ഥമായ വേദാന്തസിദ്ധാന്തങ്ങളും അപ്രമാദമായസഭയുടെ പഠനങ്ങളും ഇന്നവയെല്ലാമെന്നു നിർണ്ണയിക്കുക, പാഷണ്ഡതകളുടെ മേൽ വിധി പ്രസ്താവിക്കുക, വിശ്വാസപ്രമാണങ്ങളെ രൂപവൽക്കരിക്കുകയും ആജ്ഞാപിക്കുകയും ചെയ്ക എന്നിത്യാദി കൃത്യങ്ങൾക്കുള്ള അധികാരവും അവകാശവും അയാൾ ഇതിനാൽ സ്വായത്തമാക്കി. തന്നിൽനിന്നു് മാത്രം ആദ്ധ്യാത്മികവും ലൌകികവുമായ സകല കർതൃത്വവുംപുറപ്പെടുകയും അതിനാൽ തനിക്കു മെത്രാൻ സ്ഥാനാധികാരങ്ങൾ നൽകുന്നതിനോ, പിൻവലിക്കുന്നതിനോ കർത്തവ്യമുണ്ടായിരിക്കുകയും ചെയ്യുന്നുവെന്നു് രാജാവു് പ്രഖ്യാപനം ചെയ്തു. മാത്രമല്ല മെത്രാന്മാരെ നിയമിക്കുമ്പോൾ അയക്കുന്ന കല്പന

കൾക്കു് തൻെറ മുദ്ര പതിച്ചിരിക്കണമെന്നും അവർ തൻെറ പ്രതിനിധി കളെന്നനിലയിൽ തനിക്കു ഹിതകരമെന്നു തോന്നുന്നിടത്തോളം കാലം മാത്രം ജോലി നോക്കിക്കൊള്ളണമെന്നും കല്പിച്ചു. ക്രാൻമെർ വ്യാഖ്യാനിക്കുന്നതുപോലെ ഈ പുതിയ വ്യവസ്ഥയനുസരിച്ചു് രാജാവു് ജനത്തിൻെറ ആദ്ധ്യാത്മികവും ലൌകികവുമായ ഇരു വശങ്ങളിലും തലവനായിരുന്നു. തൻെറ അധികാരത്തെ സംരക്ഷിക്കുന്നതിനും, തനിക്കു ലഭിക്കേണ്ട നികുതി പിരിച്ചെടുക്കുന്നതിനും സർക്കാർ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുപോലെതന്നെ സുവിശേഷം പ്രസംഗിക്കുന്നതിനും കൂദാശകൾ നാംകുന്നതിനുമായി വിവിധ സ്ഥാനഭേദങ്ങളോടുകൂടിയ സഭാധികാരികളെയും അയാൾ നിയമിച്ചുവന്നു. കൈവെപ്പു് ഒരു അനാവശ്യ ചടങ്ങായി പരിഗണിക്കപ്പെട്ടു. ക്രാൻമെറിൻെറ സാക്ഷ്യമനുസരിച്ചു് രാജാവു് ഒരുവനെ പൌരോഹിത്യത്തിലേയ്ക്കുയൎത്തുന്നതിനു പ്രാപ്തനായിരുന്നു. അപ്രകാരമുള്ള ഒരു പുരോഹിതനു പിന്നീടു് പട്ടം സ്വീകരിക്കേണ്ട ആവശ്യമില്ലായിരുന്നു." ഇനി നാം ഈ പുതിയ സിദ്ധാന്തങ്ങളിൽ നിന്നും രാജാവിൻെറ പ്രവൃത്തികളിലേയ്ക്കു് നമ്മുടെ ദൃഷ്ടിയെ തിരിക്കുന്ന പക്ഷം കുപ്രസിദ്ധനായ തോമ്മസ് ക്രാംവെൽ ആദ്ധ്യാത്മികമായ പരിപൂർണ്ണാധികാരങ്ങളോടുകൂടി ഹെൻറിയുടെ വികാരി ജനറാളായി അവരോധിക്കപ്പെട്ടിരിക്കുന്നതായി നാം ദർശിക്കുന്നു. അയാൾ പള്ളികളെ സന്ദർശിക്കുന്നതിനും, കുററക്കാരെ ആദ്ധ്യാത്മികശിക്ഷകൾ കൊണ്ടു് നേർവഴിക്കു തിരിക്കുന്നതിനും നിയുക്തനായിരുന്നു. അയാളുടെ സന്ദർശനാവസരങ്ങളിൽ അതു ദീർഘിക്കുന്നിടത്തോളം കാലം മെത്രാന്മാരുടെ എല്ലാ അധികാരങ്ങളും താല്ക്കാലികമായി പിടിക്കപ്പെട്ടിരുന്നു. മെത്രാന്മാരുടേയും മജിസ്ട്രേട്ടന്മാരുടേയും നിയമനപത്രങ്ങളിലെ വാചകരീതി ഒന്നുതന്നെയായിരുന്നു. "നാം ഇന്നാരെ (Or) ഇന്ന സ്ഥലത്തു് (Or) മെത്രാനായി നാമകരണം ചെയ്യുകയും, നിയമിക്കുകയും, സൃഷ്ടിക്കുകയും, സ്ഥാപിക്കുകയും, വിളംബരപ്പെടുത്തുകയും ചെയ്യുന്നു. അയാൾ തൻെറ മരണം വരെ ഈ സ്ഥാനത്തിൽ യഥാവിധി വ്യാപരിക്കുന്നപക്ഷം അത്രയും കാലം മേൽപറഞ്ഞ മെത്രാസനം സ്വന്തമായി സൂക്ഷിക്കുന്നതിനും, അവകാശമാക്കുന്നതിനും, അതുപോലെതന്നെ നമ്മുടെ സ്ഥാനത്തിലും, നാമത്തിലും, നമ്മുടെ രാജകീയമായ പരമാധികാരത്തിൻെറ ശക്തിയാലും പട്ടം മുതലായവ നാംകുന്നതിനും നാം അയാളെ അധികാരപ്പെടുത്തുന്നു."

ഇതെല്ലാമായിട്ടും വിശ്വാസസംബന്ധമായ യാതൊരു നവീനതത്വവും സഭയിൽ ആവിർഭവിപ്പിക്കാൻ ഹെൻറി അനുവദിച്ചിരുന്നില്ല. വി. കുർബാനായിൽ സാക്ഷാൽ മ്ശിഹായുടെ സാന്നിദ്ധ്യത്തെ നിഷേധിക്കുന്ന

വരെ എല്ലാം മതഭേദികളായി കരുതി തീയിലിട്ടു ദഹിപ്പിക്കുവാൻ അയാൾ കല്പനകൊടുത്തു. അതുപോലെതന്നെ പുരോഹിതന്മാരുടെ അവിവാഹിത സ്ഥിതിയെ ആക്രമിക്കയൊ അതിക്രമിക്കയൊ കമ്പസാരത്തിൻെറ ആവശ്യകതയെനിഷേധിക്കയൊ ചെയ്യുവാൻ തുനിയുന്നവരെല്ലാം പാഷണ്ഡികളോടൊപ്പം ശിക്ഷിക്കപ്പെടേണ്ടതാണെന്നായിരുന്നു രാജാവിൻെറ ആജ്ഞ. എന്നാൽ അതിസാഹസവും അടിസ്ഥാനരഹിതവും നൂതനവുമായ തൻെറ അൽമായ പരമാധികാരം സമ്മതിക്കാൻ വൈമനസ്യം പ്രദർശിപ്പിച്ചവരെ രാജദ്രോഹ കുററം ആരോപിച്ചു് ശിക്ഷിക്കയാണു ചെയ്തിരുന്നതു്. ഈ തരുണത്തിൽ ഇടവകപട്ടക്കാരെല്ലാം അസംതൃപ്തിയോടെയാണെങ്കിലും ലജ്ജാകരമായ ഒരു ദാസ്യമനസ്ഥിതിയോടുകൂടി രാജഹിതത്തിനു വിധേയരായി. റോച്ചസ്ററിലെ കർദ്ദിനാൾ—മെത്രാനായിരുന്ന ജോൺ ഫിഷർ(John Fisher) മാത്രമേ അക്കൂട്ടത്തിൽ ദൈവത്തോടും അങ്ങേ തിരുസ്സഭയോടുമുള്ള വിശ്വസ്ഥതയെ അന്യൂനം കാത്തുപാലിച്ചുള്ളു. തന്മൂലം അദ്ദേഹം ഒരു വേദസാക്ഷിയായി വധിക്കപ്പെടുകയുമുണ്ടായി. ഒരു അഗാധനിയമജ്ഞനും മഹാനും പുണ്യശ്ലോകനുമായിരുന്ന സർ തോമ്മാസു മൂറിൻെറ അനുഭവവും ഇതുതന്നെയായിരുന്നു. ഇവർ രണ്ടുപേരേയും 1886 ൽ 13ാം ലെയോൺ മാർപ്പാപ്പാ ഭാഗ്യവാന്മാരെന്നു പ്രഖ്യാപനം ചെയ്തു. ഇപ്പോൾ വിശുദ്ധരെന്നു നാമകരണം ചെയ്യാനുള്ള നടപടികൾ പുരോഗതിയിലിരിക്കുന്നു. * രാജാവിൻെറ പരമാധികാരത്തെ സമ്മതിക്കുന്നതായ സത്യവാചകം ഉച്ചരിക്കുന്നതിനു് വിസമ്മതിച്ചതിനാൽ തൻെറമേൽ ശിക്ഷാവിധി ചെയ്യാൻ ഒരുമ്പെട്ട ന്യായാധിപന്മാരോടു് അപ്രകാരം ചെയ്യരുതെന്നു ഇദ്ദേഹം ന്യായവാദം നടത്തുകയും പ്രതിഷേധിക്കുകയും ചെയ്തു. തൻെറ പ്രതിഷേധത്തിൻെറ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതായതു് "അല്ലയോ പ്രഭുക്കന്മാരേ! നിങ്ങളുടെ കുററാരോപണം 'പാർലമെൻറിൻെറ ഒരു തിരുമാനത്തെ മാത്രം അടിസ്ഥാനമാക്കിയിട്ടുള്ളതാണു്'. എന്നാൽ പ്രസ്തുത തിരുമാനം ദൈവത്തിൻേറയും അങ്ങേ വിശുദ്ധ സഭയുടെയും നിയമങ്ങൾക്കു വിരുദ്ധമാകുന്നു. സഭ മുഴുവൻേറയോ, അതിലേതെങ്കിലുമൊരുഭാഗത്തിൻേറയോ പരമമായ ഭരണം യാതൊരു നാടുവാഴിക്കും കൈവശപ്പെടുത്തുവാൻ ന്യായപൂർവം അവകാശമില്ല. എന്തുകൊണ്ടെന്നാൽ പ്രസ്തുത ഭരണാധികാരം മ്ശിഹായുടെ തിരുവചനങ്ങളാൽ വി. പത്രോസിനും അദ്ദേഹത്തിൻെറ അനന്തരഗാമികളായ റോമാ മെത്രാന്മാർക്കും ഒരു പ്രത്യേക വരമായി നൽ

---

*1935 മേയ് 19-ാം തീയതി 11-ാം പിയൂസു് മാർപ്പാപ്പാ ഇവരെ പുണ്യവാന്മാരായി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

കപ്പെട്ടതാകയാൽ അതു റോമാ സിംഹാസനത്തിന്ന് മാത്രം യോജിക്കു ന്നതും ന്യായാനുസരണം അവകാശമുള്ളതുമാകുന്നു. തന്മൂലം മുൻപറഞ്ഞ പാർലമെൻറു നിശ്ചയം ഏതെങ്കിലുമൊരു ക്രിസ്തവനെ ഈദൃശസാഹചര്യങ്ങളിൽ കുററാരോപണം ചെയ്യുന്നതിന്ന തികച്ചും അസാദ്ധ്യവും അപര്യാപ്തവുമാണെന്നുള്ളത് കത്തോലിക്കരുടെ ഉത്തമബോദ്ധ്യമാകുന്നു." എന്നാൽ പിന്നീട് നിഷ്കരുണം അദ്ദേഹം മരണശിക്ഷക്കു വിധിക്കപ്പെട്ടശേഷം പ്രസ്താവിച്ച വചനങ്ങൾ കൂടുതൽ ഹൃദയസ്പൃക്കും ഈവിഷയത്തിൻെറ യഥാത്ഥ സ്വഭാവം വിശദമായി പ്രദ്യോതിപ്പിക്കുന്നവയുമായിരുന്നു. "മാർപ്പാപ്പായുടെ പരമാധികാരം എവിടെനിന്നു പുറപ്പെടുന്നുവെന്നുള്ള സംഗതിയെപ്പററി കൂലങ്കഷമായ ഒരു നിരീക്ഷണം ചെയ്യണമെന്നുള്ളതാണ് രാജാവിൻെറ അഭീഷ്ടമെന്ന് എനിക്കു മനസ്സിലായശേഷം പരമാത്ഥം പറഞ്ഞാൽ ഏഴു സംവത്സരക്കാലത്തോളം ഞാൻ ഇക്കാര്യം എൻെറ ശ്രദ്ധാപൂർവമായ പഠനവിഷയമാക്കി. ഇതിൻെറ യഥാത്ഥ്യം ഗ്രഹിപ്പാൻ യഥാശക്തി പരിശ്രമിച്ചു. എന്നാൽ തിരുസ്സഭ അംഗീകരിച്ചിട്ടുള്ള യാതൊരു വേദ പാരംഗതൻെറയും കൃതികളിൽ വിശുദ്ധ പള്ളിയുടെ തലവനായി ഒരു അൽമേനി എന്നെങ്കിലും അതിനെ ഭരിച്ചിട്ടുണ്ടെന്നോ ഭരിക്കുവാൻ പാടുണ്ടെന്നോ സംവദിക്കുന്നതായ ഒരുഭാഗം എൻെറ ദൃഷ്ടിയിൽ ഒരു പാർലമെൻററ് നിയമത്തിനെതിരായി എത്തുപെട്ടിട്ടില്ല. ഈരാജ്യത്തെ മുഴുവൻ ബാധിക്കത്തക്കവണ്ണം സാധുവായ ഒരു നിയമം പാസ്സാക്കുവാൻ ഈ ലണ്ടൻ പട്ടണത്തിന്ന് അശക്യമായിരിക്കുന്നതുപോലെതന്നെ ക്രിസ്തുവിൻെറ സാർവത്രികവും കാതോലിക്കവുമായ സഭയുടെ പൊതുനിയമത്തിന്ന വിരുദ്ധമായി ഒരു പ്രത്യേകചട്ടം നടപ്പിലാക്കാൻ ഈ രാജ്യത്തിനും അവകാശമോ, അധികാരമോ, ഇല്ലെന്നുള്ളതും നിസ്തക്കമത്രെ. ഏതായാലും 1535_ജൂലായി മാസം 6_ാം തീയതി ഈ പുരുഷരത്നം പ്രശസ്തമായ രക്തസാക്ഷി മകുടാലംകൃതനായി. ഇതിനെ തുടന്ന് അതിദാരുണമായ പല മരണശിക്ഷകളും നടന്നു. ഒരേ വണ്ടിതന്നെ രാജാവിൻെറ പരമാധികാരം തിരസ്കരിച്ച കത്തോലിക്കരേയും പരിശുദ്ധ കുർബാനയിലുള്ള മ്ശിഹായുടെ സാക്ഷാൽ സാന്നിദ്ധ്യത്തെ നിഷേധിച്ച പാഷണ്ഡരേയും കൊലക്കളത്തിലേയ്ക്കാവഹിച്ചിരുന്നതായി പറയപ്പെടുന്നു.

ഇതിനിടയിൽ സന്യാസാശ്രമങ്ങളെല്ലാം നിരത്തലാക്കപ്പെടുകയും അവയുടെ സ്വത്തുക്കളെല്ലാം അത്യാഗ്രഹികളായിരുന്ന രാജസേവകന്മാക്കായി വിഭാഗിക്കപ്പെടുകയും ചെയ്തു. എന്നാൽ ദുശ്ചരിതനായ ഹെൻറി അവാച്യമായ ദുഷ്ടതകൾക്കും കഷ്ടനഷ്ടങ്ങൾക്കും കാരണഭൂതയായ ആൻ

ബൊളിനിൽ അതൃപ്തനായി മുഷിയുകയാൽ തൻെറ ഹിതാനുവത്തിയായിരുന്ന ക്രാൻമർ മൂലം അവളുമായി ചെയ്തിരുന്ന ബന്ധത്തിൽനിന്നും വിമുക്തി പ്രാപിക്കുകയും, ആ നിർഭാഗ്യസ്ത്രീയെ ശിരശ്ഛേദനം ചെയ്യിപ്പിക്കയുമുണ്ടായി. ഇതിനുശേഷം ആ ദുർഭഗൻ ഒന്നിനു പുറമെ ഒന്നായി മററു നാലുസ്ത്രീകളെക്കൂടി ഭാൎയ്യപദത്തിലേയ്ക്കുയത്തി. അതിലൊരാൾ ആൻ ബൊളിനോടൊപ്പംതന്നെ കടശി ശിരച്ഛേദനത്താൽ സമ്മാനിക്കപ്പെട്ടു. മറെറാരാൾ വിവാഹമോചിതയാക്കപ്പെട്ടു. രാജാവു് തൻെറ ദുരാശാപാശങ്ങൾക്കു സ്വയം വിട്ടുകൊടുത്തുകൊണ്ടു് അധമമായ ഒരു മനസ്സിനാൽ സദാ നയിക്കപ്പെട്ടതുപോലെ തോന്നിയിരുന്നു. ഒടുവിൽ സന്താന പരമ്പരകളുടെ നാവിൽ എന്നേക്കും ശാപ യോഗ്യമായ ഒരു നാമത്തെ അവശേഷിപ്പിച്ചുകൊണ്ടു് 1547_ൽ ലജ്ജാകരമായ തൻെറ ഐഹികജീവിതം അവസാനിപ്പിച്ചു.

ഹെൻറിയുടെ പിൻഗാമിയും യുവാവുമായ എഡ്വേർഡ് ആറാമൻെറ ഭരണകാലത്തു് വിദേശീയരായ "നവീകരണക്കാർ"ക്കു് നാട്ടിൽ വലിയ സ്വാധീനശക്തി ലഭിച്ചു. ഇംഗ്ലണ്ടിലെ "രാഷ്ട്രീയസഭ"യിൽ അപ്രധാനമല്ലാത്ത ഒട്ടേറെ വ്യതിയാനങ്ങളും അവർ വരുത്തിവെച്ചു. മതഭിന്നത സ്വാഭാവികമായി പാഷണ്ഡതയിലേക്കാണല്ലോ ആനയിക്കാറുള്ളതു്. ദൈവികാധികാരം നിഷേധിക്കപ്പെട്ടിടത്തെല്ലാം ഏതുതരം തെററുകൾക്കുംപ്രചുരപ്രചാരം സിദ്ധിക്കുന്നതും സ്വാഭാവികമാണു്. ഹെൻറിയുടെകാലത്തു ലൂതറൻ മതത്തെ അമർച്ചചെയ്യുന്നതിനു് ഭയാൾ ഭീകരങ്ങളായ വിവിധ മാറ്റങ്ങളിലൂടെ തീവ്രയത്നം ചെയ്തിരുന്നുവെങ്കിലും അന്നുതന്നെ ഇംഗ്ലണ്ടിൽ അതിനു സാരതരമായ പ്രചാരം സിദ്ധിച്ചിരുന്നു. കത്തോലിക്കാമതത്തെ നിശ്ശേഷം നാട്ടിൽനിന്നും ഉച്ചാടനം ചെയ്‌വാനായിരുന്നു എഡ്വേർഡിൻെറ ശ്രമം. പ്രഥമതഃ അതിനെ നിയമ വിരുദ്ധമാക്കുകയും തൽസ്ഥാനത്തു് നവീകരണമെന്നറിയപ്പെട്ടിരുന്ന ലൂതറൻ പാഷണ്ഡതയെ സ്ഥാപിക്കുകയും ചെയ്തു. വി. കർബാനയെന്ന ദിവ്യബലിയെ നിറുത്തൽ ചെയ്തു. സ്വരൂപങ്ങളേയും ബലിപീഠങ്ങളേയും ഇടിച്ചുതകർത്തു. ദേവാലയങ്ങളെ കവർച്ച ചെയ്കയും അശുദ്ധമാക്കുകയും ചെയ്തു. അതിലെ പ്രസംഗ വേദികളിൽ ദുഷ്ടമനസ്കരായ വ്യർത്ഥവാഗ്മികൾ പ്രവേശിച്ചു് സത്യവിശ്വാസത്തേയും മതാത്മകങ്ങളായ ആചാരങ്ങളേയും ലാക്കാക്കി വാക്കിലടങ്ങാത്ത അധിക്ഷേപങ്ങൾ കോരിച്ചൊരിയുകയുമുണ്ടായി; എന്നിട്ടും അനവധി ആളുകൾ നിരോധിക്കപ്പെട്ട കത്തോലിക്കാവിശ്വാസത്തിൽ സുസ്ഥിരരായിനിന്നു. ജനങ്ങളിൽ സിംഹഭാഗവും പൂർവിക വിശ്വാസത്തെ സംരക്ഷിക്കുന്നതിൽ അത്ര തല്പരരായിരുന്നില്ലെങ്കിലും പുതിയ മത

ത്തെ ആശ്ലേഷിക്കുന്നതിനും അതിനെ അനുകൂലിക്കുന്നതിനും ഒട്ടുംതന്നെ ആകർഷിതരായതുമില്ല. എഡ്‌വേർഡിൻെറ മരണശേഷം (1553)_ൽ ഹെൻറിക്കു് തൻെറ ധർമ്മപത്നിയായ ആരഗോണിലെ കാതറൈനിൽ നിന്നുജനിച്ചവളും രാജാവിൻെറ ഏകകന്യായാനുസരണാവകാശിയുമായിരുന്ന മേരീരാജ്ഞി ഇംഗ്ലണ്ടിനെ വീണ്ടും പരിശുദ്ധ സിംഹാസനവുമായുള്ള മൈത്രീബന്ധത്തിലേയ്ക്കും ആജ്ഞാനുസരണത്തിലേയ്ക്കും നയിക്കുന്നതിനു ശക്തയായിതീൎന്നു. ജനപ്രതിനിധി സഭ (പാർലിമെൻറ്) ഹെൻറിയുടേയും എഡ്‌വേർഡിൻേറയും അഭീഷ്ടങ്ങൾക്കു എപ്രകാരം വശഗരായോ അതേസന്നദ്ധതയോടും താല്പര്യത്തോടും കൂടിതന്നെ മേരിയുടെ ഇംഗിതങ്ങളോടും ഉദ്ദേശങ്ങളോടും ആനുകൂല്യം പ്രദർശിപ്പിച്ചു. ഇംഗ്ലീഷു ജനതമതഭിന്നതയാലും ദൈവദ്രോഹത്താലും വരുത്തിവെച്ച പാപമാലിന്യത്തിൽ നിന്നും വൈദിക ശിക്ഷകളിൽനിന്നും കർദ്ദിനാൾ പോൾ അതിനെ വിമോചിപ്പിച്ചു. ഇപ്രകാരം താല്ക്കാലികമായുണ്ടായ കോളും പിശറും നീങ്ങി പ്രശാന്തതയും സുഭദ്രതയും പുനഃസ്ഥാപിതമായതുപോലെ കാണപ്പെട്ടു. എന്നാൽ നിർഭാഗ്യവശാൽ പുതിയ വിപത്തുകൾ വിദൂരങ്ങളായിരുന്നില്ല. മേരിയുടെ ഉപദേഷ്ടാക്കൾ കരുണയുടേയും സ്നേഹത്തിൻേറയും പ്രമാണങ്ങളെ വിസ്മരിച്ചുകൊണ്ടു്, ദുശ്ശാഠ്യ ബുദ്ധികളായ പ്രോട്ടസ്റ്റൻറുകാരോടു് നിർദ്ദയമായി പെരുമാറുവാൻ രാജ്ഞിയെ പ്രേരിപ്പിക്കയുണ്ടായി. തന്മൂലം അവരിൽ പലരും മതവിദ്വേഷകുറ്റത്തിനായി അഗ്നിക്കിരയാക്കപ്പെട്ടു. മാത്രമല്ല സ്‌പെയിനിലെ ഫിലിപ്പുമായി രാജ്ഞിദാമ്പത്യ ബന്ധത്തിൽ ഏൎപ്പെട്ടതും എരിയുന്ന തീയിൽ എണ്ണയൊഴിച്ചാലെന്നവണ്ണം ശത്രുക്കളുടെ രോഷത്തെ ഉജ്ജ്വലിപ്പിച്ചു. കത്തോലിക്കമതവും വിദേശീയ ദരണവും ഒന്നുതന്നെയാണെന്നു് ജനങ്ങൾ ധരിച്ചുവെയ്ക്കാൻ ഇതു കാരണമാക്കി. ഇപ്രകാരം ജന്മനാ വളരെ സ്വാതന്ത്ര്യേച്ഛുക്കളും തങ്ങളുടെ സ്വയജീവിതത്തിനു വിഘാതം ചെയ്യുന്ന സകല സംരംഭങ്ങളേയും പ്രതിരോധിക്കുന്നതിൽ സദാ ബദ്ധകങ്കണന്മാരുമായ ആ ജനതാമദ്ധ്യത്തിൽ തിരുസഭക്കുണ്ടായിരുന്ന പ്രാബല്യം ഒന്നിനൊന്നു ക്ഷയോന്മുഖമായിത്തീൎന്നു.

മേരിയുടെ ഭരണം വേഗത്തിൽ അവസാനിച്ചു. 1558_ൽ ആയിരുന്നു അവളുടെ ചരമം. അനന്തരം ആൻബൊളിൻെറ അധർമ്മ സന്താനമായ എലിസബത്തു സിംഹാസനാരൂഢയായി. ഈ പുതിയ രാജ്ഞിയുടെ കിരീടധാരണകർമ്മം നിർവഹിക്കപ്പെട്ടതു റോമൻ സഭാനിയമപ്രകാരമായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണു്. എന്നാൽ സ്വാൎത്ഥലാഭേച്ഛയാലും സാഹചൎയ്യങ്ങളുടെ ആനുകൂല്യഭാവം മാത്രം നോക്കിക്കൊണ്ടും അവൾ താമസം വിനാ പ്രോട്ടസ്റ്റൻറു മതത്തെ അവലംബിക്കയാണുണ്ടാ

യത്തു്. യഥാൎത്ഥമായ വിവാഹത്തിൽനിന്നു് ജനിച്ചവളല്ലായിരുന്നതിനാൽ നിയമാനുസരണം അവൾക്കു രാജസ്ഥാനത്തിനു് യാതൊരവകാശവുമുണ്ടായിരുന്നില്ല. എന്നുമാത്രമല്ലാ ന്യായാനുസൃതം കിരീടാവകാശിയായി സ്കോട്ടു്ലണ്ടിലെ മേരിറാണി അവശേഷിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ ആ സാധ്വീരണം രാജദ്രോഹികളായ സ്വപ്രജകളുടെ ഉപദ്രവത്തിൽനിന്നു് തന്നെ സംരക്ഷിക്കുന്നതിനായി എലിസബത്തിന്റെ സഹായം അഭ്യൎത്ഥിക്കയും ശങ്കാലേശമെന്യേ സ്വയം ബന്ധുവിന്റെ കൈകളിൽ ഏല്പിച്ചുകൊടുക്കുകയും ചെയ്തപ്പോൾ ഈ കുടിലവതിയാകട്ടെ മേരിയെ നിഷ്ഠൂരമായി തടവിൽ പാൎപ്പിക്കുകയും, ഒടുവിൽ നിർഭയം വധിപ്പിക്കുകയും, അങ്ങനെ രാജ്യസ്ഥാനത്തെ മററെല്ലാം അവകാശികളിൽനിന്നും വിമുക്തമാക്കി ഭദ്രപ്പെടുത്താൻ പരിശ്രമിക്കയുമായിരുന്നു ചെയ്തതു്. ഏതായാലും മാർപ്പാപ്പായും കത്തോലിക്കരായ സ്വന്തപ്രജകളും തന്റെ അവകാശവാദങ്ങളെ മിക്കവാറും അവഗണിച്ചേക്കുമെന്നുള്ള ആശങ്കനിമിത്തം പുതിയമതത്തോടു തനിക്കുള്ള പ്രതിപത്തിയും ആദരവും ആദിയിൽതന്നെ പ്രസ്പഷ്ടമാക്കാൻ അവൾ തീരുമാനിച്ചു. തദനുസരണം തിരുസ്സഭയുടെ അവകാശങ്ങളെ സംരക്ഷിക്കയും വിശ്വാസത്തെ അന്യൂനം പാലിക്കയും ചെയ്തുകൊള്ളാമെന്നു് ശപഥം ചെയ്തിരുന്ന എലിസബത്തു്; പരിശുദ്ധസിംഹാസനവുമായുള്ള സകല വേഴ്ചകളേയും അവസാനിപ്പിച്ചു് സഭാതലവനോടുള്ള ആജ്ഞാനുസരണത്തെ തൃണവൽഗണിക്കുന്നതിനു് ഒട്ടുംതന്നെ മടിച്ചില്ല. ഒരു സ്ത്രീ—പാപ്പാ ഇപ്രകാരം ഇംഗ്ലണ്ടിന്റെ മതാത്മകങ്ങളായ ആദർശങ്ങളെ അഥവാ ഭാവിയെ രൂപപ്പെടുത്തുകയും നിയന്ത്രിക്കയും ചെയ്യുന്ന അത്ഭുതപൂർവമായ കാഴ്ചകണ്ടു് ക്രിസ്തീയലോകം വിസ്മയിക്കതന്നെ ചെയ്തു. ഇപ്പോഴത്തെ ജാതീയ സഭയുടെ യഥാൎത്ഥസ്ഥാപക എലിസബത്തായിരുന്നുവെന്നു് ന്യായമായി വിചാരിക്കാവുന്നതാണു്. അവളുടെ ഭരണകാലത്തായിരുന്നു വ്യവസ്ഥാപിത മതത്തിന്റെ (Established Religions) നിയമ സംഹിതയെ അവസാനമായി ചിന്തേരിട്ടു് മിനുസപ്പെടുത്തിയതു്. എങ്കിലും ഇന്നും അതു പരസ്പര വിരുദ്ധങ്ങളായ പ്രബോധനങ്ങളുടേയും ആചാരോപദേശങ്ങളുടേയും ഒരു സങ്കലനമായി പരുപരുത്തുതന്നെയിരിക്കുന്നുവെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. ഇവിടെ അത്യന്തം ശ്രദ്ധാർഹമായ മറെറാരു സംഗതി, ഈ ഭയങ്കരവും പാപഹേതുകവുമായ ഒരു മനവൈപരീത്യത്തിനായി പ്രേരിപ്പിച്ചതു് കേവലം രാഷ്ട്രീയ മോഹങ്ങളും സ്വാൎത്ഥലാഭേച്ഛകളും മാത്രമായിരുന്നുവെന്നുള്ളതത്രെ. പുരോഹിതരിൽ പലരും ജുഗുപ്സാവഹമായ ഒരാശ്രിത മനസ്ഥിതിയെ പ്രകടിപ്പിച്ചുവെങ്കിലും ജീവൽ(Jewel) പറയുന്ന

തുപോലെ അന്നു് ഓക്സ്ഫോർഡിലെ വിദ്വൽ ശിരോമണികളിൽ രണ്ടു പേരെങ്കിലും നവീകരണക്കാരോടു് അനുഭാവമുള്ളവരായിട്ടുണ്ടായിരുന്നില്ല. * യഥാർത്ഥത്തിൽ മുൻപറഞ്ഞ മതം മാററം സഫലമാക്കിയതു എലിസബെത്തിൻെറ സഭയെ പിന്താങ്ങിയിരുന്ന കമ്മീഷണർമ്മാരും, എന്നാൽ നീതിനിഷ്ഠാ വിഹീനരുമായ ഒരു സംഘങ്ങളുകളായിരുന്നു: അവരെപ്പററി സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പറയുന്നതിപ്രകാരമാണു്." അവർ മേരിയുടെ കത്തോലിക്കാ വിശ്വാസത്തേയും, എഡ്വേർഡിൻെറ പ്രോട്ടസ്ററൻറ പ്രബോധനങ്ങളേയും, ഹെൻറിയുടെ തോന്നലുകളും ക്രാൻമെറിൻെറ ഭാസ്യ നയങ്ങളും അനുസരിച്ചു് ഒന്നിനു പുറകെ മറെറാന്നായി അവതരിക്കപ്പെട്ടതും പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളെ ആധാരമാക്കിയിട്ടുള്ളതുമായ മിശ്രവിശ്വാസാനുഷ്ഠാനങ്ങളേയും ഒരുപോലെ സങ്കോചമോ, മനസാക്ഷിക്കടിയോ കൂടാതെ സ്വീകരിക്കത്തക്ക മനസ്ഥിതിയോടുകൂടിയവരായിരുന്നു. സ്വരാജ്യത്തിൻേറയും, യൂറോപ്പു് മുഴുവൻേറയും സ്ഥിതിഗതികളെ അവർസശ്രദ്ധം പഠിച്ചറികയും താരതമ്യ വിവേചനംചെയ്തു സ്വഗുണത്തിനു് ഏററം അനുയുക്തമായതു് ഏതെന്നു് നിർണ്ണയിക്കയും പൊതുജന ഹിതത്തിൻെറ പാച്ചിലിനെ വീക്ഷിച്ചുകൊണ്ടു് സ്വന്തനില എപ്രകാരമായിരിക്കണമെന്നു് നിശ്ചയിക്കയും ചെയ്തു. യൂറോപ്പിലെ പ്രോട്ടസ്ററൻറുകാരുടെ നേതൃത്വം സ്വയം വഹിക്കുകയായിരുന്നു അവരുടെ അനന്തരകൃത്യം. സ്വന്ത മാനവും സമ്പാദ്യങ്ങളുമെല്ലാം സ്വകക്ഷിയുടെ വിജയത്തിനായി പ്രതിഷ്ഠിക്കുന്നതിൽ അവർ തെല്ലും മടിച്ചിരുന്നുമില്ല" ഇപ്രകാരം എലിസബത്തു് ഇംഗ്ലണ്ടിലെ സഭാ ഭരണം നേരിട്ടു നടത്തുവാൻ ആരംഭിച്ചശേഷം, വൈദികരും മജിസ്ട്രേട്ടന്മാരും ഒരുപോലെ സ്ഥാനസ്വീകരണത്തിനുമുമ്പു് രാജ്ഞിയുടെ പരമാധികാരം സ്വീകരിക്കുന്നതായും, മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുന്നതായും പരസ്യമായി ശപഥം ചെയ്യണമെന്നുള്ള ഒരേർപ്പാടു് നിയമമാക്കി. ഈ അവസരത്തിൽ മെത്രാന്മാരും പട്ടക്കാരിൽ ഭൂരിപക്ഷവും ഈ നയത്തോടു് വിസമ്മതിക്കയും ശക്തിയായി എതൃക്കയും ചെയ്കയാൽ നാട്ടിലെ ഹയരാർക്കിയെ ഗവർമേൻറു് മുഴുവനായി നിറുത്തലാക്കി. ഒരേകമെത്രാൻ

---

* 1578-ൽ തന്നെയും എക്സെററർ കോളേജിൽ ആകെയുണ്ടായിരുന്ന 80 അംഗങ്ങളിൽ 9 പേർ മാത്രമേ പ്രോട്ടസ്ററൻറ മതാവലംബികളായിട്ടുണ്ടായിരുന്നൊള്ളു. ബാക്കിയുള്ളവരെല്ലാം രഹസ്യമായോ, പരസ്യമായോ കത്തോലിക്കാ സഭാമാതാവിനെ ആദരിച്ചവരായിരുന്നു എന്നു് സ്ട്രൈററഷ് (Stripe) എന്നദേഹം പ്രസ്ഥാവിക്കുന്നു.

മാത്രം അവരുടെ മുഖസ്തുതിക്കോ, ഭീഷണിക്കോ വശംവദനായി അവർക്കു കീഴ്പെട്ടു. അയാളെപ്പററി ഒരു പ്രോട്ടസ്ററൻറുകാരൻ സാക്ഷിപ്പെടുത്തുന്നതു്, "പാർളിമെൻറിൻെറ ഏററം പുതിയ നിയമമനുസരിച്ചു്, തൻെറ വിശ്വാസത്തെ രൂപപ്പെടുത്തുവാൻ സദാസന്നദ്ധനായിരുന്ന," ആളെന്നാണ്. ഇങ്ങനെ കത്തോലിക്കാമെത്രാധിപത്യം തൽക്കാലത്തേക്കെങ്കിലും ഇംഗ്ലണ്ടിൽ നാമവിശേഷമായി. പിന്നീട് അവിടത്തെ രാഷ്ട്രീയസഭയിൽ മെത്രാൻ സ്ഥാനം കൈവരിച്ചവർക്കെല്ലാം തദനുയോജ്യമായ പട്ടമാകട്ടെ സാക്ഷാൽ ഭരണാധികാരമാകട്ടെ ഉണ്ടായിരുന്നില്ല. പ്രത്യുത അവർ തങ്ങളുടെ ഇടവകകളിലെ ഗൃഹസ്ഥന്മാരോടൊപ്പം വെറും സർക്കാർ ശമ്പളക്കാർ മാത്രമായിരുന്നു. രാജ്യത്തിൽ വളരെ ചുരുക്കമായിരുന്നു ഉയന്ന സഭാധികാരികൾ. വൈദികവൃത്തി നിവർത്തിപ്പാൻപോലും (ഹാലാം (Hallam) പ്രസ്താവിക്കുന്നതുപോലെ) അൻമേനികളെയും വെറും അച്ചന്മാരെത്തന്നെയും നിയമിക്കാനിടയാകത്തക്കവണ്ണം വൈദികർ അത്ര ദുർല്ലഭമായിരുന്നു. പലസ്ഥലങ്ങളിലും പലമാസങ്ങളോളം പ്രാർത്ഥനയാകട്ടെ പ്രസംഗമാകട്ടെ നടത്തപ്പെട്ടിരുന്നില്ല. എന്നാൽ പുരോഹിതവൃത്തിക്കായി കച്ചകെട്ടി പുറപ്പെട്ടവർ നാട്ടിലെ ചെരിപ്പുകുത്തികൾ, നെയ്ത്തുകാർ, ചെമ്പുകൊട്ടികൾ, തുകൽ ഊറക്കിടുന്നവർ, വീണവായനാവിദഗ്ദന്മാർ, തയ്യൽക്കാർ, നാഗസ്വരക്കാർ, ആദിയായവരുടെ ഒരു സമൂഹമായിരുന്നുവെന്നു് ഒരു തികഞ്ഞ പ്രോട്ടസ്ററൻറു് ചരിത്രകാരനായ ഡോക്ടർ ഹെയിലിൻ (Dr. Heylin) സമ്മതിക്കുന്നു. 1560—ാമാണ്ടിൽ ഏലൈ എന്ന രൂപതയിലെ 100ൽ കുറയാതെ ഇടവകകൾക്കു് ആത്മീകപാലകന്മാരില്ലായിരുന്നു. ഈ അവസരത്തിൽ ഫ്ലാൻഡേഴ്സ് (Flanders) എന്ന പ്രദേശത്തു ഒരു സെമ്മിനാരി സ്ഥാപിച്ചു് അതിൽ ഇംഗ്ലീഷുകാരായ വിദ്യാർത്ഥികൾക്കു് വൈദിക വിദ്യാഭ്യാസം നൾകാതെയിരുന്നുവെങ്കിൽ മതത്യാഗം ചെയ്ത വൈദികരുടെ മരണത്തോടുകൂടി ഇംഗ്ലണ്ടിൽ കത്തോലിക്കപൌരോഹിത്യവും അസ്തമിച്ചുപോകുമായിരുന്നു. എന്നാൽ മുൻപറഞ്ഞ വൈദിക കളരിയിൽ നിന്നും പഠിച്ചിറങ്ങിയ യുവപുരോഹിതന്മാർ, സ്വരാജ്യത്തിൽ സത്യവിശ്വാസം സംരക്ഷിക്കപ്പെടുന്നതിനും പീഢിതരായ കത്തോലിക്കരെ സഹായിക്കുന്നതിനുമായി നിജജീവൻ അപകടത്തിലാക്കികൊണ്ടും തീവ്രയത്നം ചെയ്തിരിരുന്നു.

ഇംഗ്ലണ്ടിൽ ഈ കാലത്തു കത്തോലിക്കരുടെ സ്ഥിതി വളരെ ദയനീയമായിരുന്നു. പഴയമതത്തോടു വിശ്വസ്തരായിനിന്നവരെ അടിതെററിച്ചു വീഴ്ത്തുവാൻ ശത്രുക്കൾ നയോപായങ്ങളും പ്രയോഗിക്കാതിരുന്നില്ല. സർക്കാർ ഉദ്യോഗസ്ഥന്മാർ ഒന്നൊഴിയാതെ രാജകീയ പരമാധികാര ശപ

ഥം ചെയ്യാൻ നിർബന്ധിതരായിരുന്നു. കത്തോലിക്കാ മതത്തെ പിൻതാങ്ങി എന്തെങ്കിലും എഴുതുന്നവർ ഒന്നാം പ്രാവശ്യംശിക്ഷയായി തങ്ങളുടെ സകല സ്വത്തുക്കളും കൈ വെടിയേണ്ടിവന്നു. രണ്ടാം പ്രാവശ്യം ജീവപര്യന്തം കഠിന തടവായിരുന്നു ശിക്ഷ. മൂന്നാം പ്രാവശ്യം പിടിക്കപ്പെടുന്നവരോ, എന്നാൽ തൂക്കിലിടപ്പെട്ടും തെരുവീഥികളിൽക്കൂടെ വലിച്ചിഴക്കപ്പെട്ടും വധിക്കപ്പെട്ടിരുന്നു. രാജ നിയമപ്രകാരം നടത്തപ്പെടുന്ന പൊതു പ്രാർത്ഥനകളിൽ സംബന്ധിക്കാതിരുന്നവരിൽ നിന്നും ഭീമമായ തുക പിഴയായി വസൂലാക്കിക്കൊണ്ടു് അവരെ "കുത്തുപാള"യെടുപ്പിക്കാനായിരുന്നു അധികാരികളുടെ ശ്രമം. വർഷം 1563 ആയപ്പോഴേക്കും പരമാധികാര ശപഥം ആരിൽ നിന്നും എപ്പോഴെങ്കിലും അവശ്യപ്പെടാമെന്നായി. രണ്ടാം പ്രാവശ്യം അതു നിഷേധിക്കുന്നവർക്കുള്ള ശിക്ഷ മുൻപറഞ്ഞ തരത്തിൽ കഴുവിലോ അംഗവിച്ഛേദനത്താലോ വലിച്ചിഴച്ചിട്ടോ അനുഭവിക്കേണ്ടിയിരുന്ന നിഷ്ഠുര മരണമായിരുന്നു. ഇപ്രകാരം എലിസബെത്തിന്റെ ഭരണകാലം മുഴുവൻ തിരുസഭക്കെതിരായ രാജനിയമങ്ങളാം ഒന്നിനൊന്നു് പ്രബലപ്പെടുത്തിയും കഠോരതരമാക്കിയും വന്നിരുന്ന സഭയോടു സമാധാനപ്പെടുന്നവർക്കു് മരണമായിരുന്നു രാജ നിയമപ്രകാരമുള്ള സമ്മാനം. ആരേയെങ്കിലും സഭയോടു സംയോജിപ്പിക്കുന്നവർക്കുള്ള സമ്മാനവും അതുതന്നെ. ഒരു ഈശോ സഭാംഗമോ ഒരു വെറും കത്തോലിക്കാ പട്ടക്കാരനൊ ആയിതിരുന്നവൻ മരണാർഹനായിരുന്നു. മരണമായിരുന്നു ഒരു ഈശോ സഭക്കാരനെ യെങ്കിലും ഒരു വെറും പട്ടക്കാരനെ യെങ്കിലും സ്വന്ത വിട്ടിൽ താമസിപ്പിക്കയോ അവർക്കു ഗോപ്യമായ അഭയസ്ഥാനം നൽകുകയോ, അവരെ മറേറതെങ്കിലും തരത്തിൽ സഹായിക്കുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷ. ഒരു വിദേശീയ സെമ്മിനാരിയിൽ പഠിക്കുന്ന ഒരു ഇംഗ്ലീഷുകാരനുള്ള ശിക്ഷയും മരണമായിരുന്നു. എന്നാൽ ഈ കൂട്ടക്കൊലയുടേയും ഈ രക്തപ്രവാഹത്തിന്റെയും ഇടയിൽ കാൻറർബറിയിലെ മെത്രാപ്പോലീത്തായായി അറിയപ്പെട്ടിരുന്ന പാർക്കർ, രാജ്ഞിയുടെ ദയയെപ്പററി സദാ ആവലാതിപ്പെടുകയും അതിനായി അവളെ സാദരം ശാസിക്കുകയും കൂടുതൽ ധൈര്യത്തോടും കക്കശതത്തോടും കൂടി കത്തോലിക്കരോടു് പെരുമാറാൻ അവളെ നിർബന്ധിക്കയും ചെയ്തിരുന്നു എന്നുകേട്ടാൽ ഏതൊരു കഠിന ഹൃദയനാണു് അത്ഭുതപരതന്ത്രനാകാത്തതു്.?

യഥാർത്ഥത്തിൽ അവിശ്വാസികളായ ചക്രവർത്തിമാരാൽ നടത്തപ്പെട്ട മതപീഡനങ്ങളെപ്പോലും വെല്ലുന്ന ക്രൂരതയോടുകൂടിയായിരുന്നു ഇംഗ്ലണ്ടിൽ അന്നു് സർവ്വത്ര പ്രചാരത്തിലിരുന്ന പീഡനം. പരിശുദ്ധാ

ത്മാക്കളായ അനേകം വൈദികർ ദൈവത്തിനും സഭയ്ക്കും വേണ്ടി ജീവത്യാഗം ചെയ്തു. കാട്ടുമൃഗങ്ങളെപ്പോലെ വേട്ടയാടിയിരുന്ന പുരോഹിതന്മാരെ ഔദാര്യത്തോടും ത്യാഗബുദ്ധിയോടും സ്വഗൃഹത്തിൽ സ്വീകരിച്ച് സങ്കേതം നല്കിയതിനാൽ, രാജദ്രോഹികളായി പിടിക്കപ്പെട്ട്, ധിഷ്ടുരമരണം സഹിച്ച ധീരാത്മാക്കളായ അൻമേനികളുടെ സംഖ്യയും ഒട്ടും കുറവായിരുന്നില്ല. പ്രഭുക്കന്മാരുടെ മണിമേടകളിൽ തന്നേയും രാജസേവകന്മാർ ബലമായി പ്രവേശിച്ച് പരിശോധിക്കയും, മര്യാദ വിഹീനമായി പെരുമാറുകയും, ഒളിച്ചു താമസിക്കുന്ന വൈദികരെ ഭീഷണികൾകൊണ്ടും പിടികിട്ടിയവരെ വാചാമഗോചരമായ അധിക്ഷേപങ്ങൾകൊണ്ടും ദണ്ഡിപ്പിക്കുകയും ചെയ്തിരുന്നു. തടവിലിടക്കപ്പെട്ട നിരപരാധികളായ കത്തോലിക്കരുടെ സംഖ്യയോ ഏററം വിപുലമായിരുന്നു. കഠിനമായ പിഴകൾ ചുമത്തപ്പെട്ടുക നിമിത്തം നശിച്ചുപോയ ധനികന്മാരുടേയും ഇടത്തരക്കാരുടേയും കുടുംബങ്ങൾ അനവധിയാണ്. ചുരുക്കത്തിൽ കത്തോലിക്കർ അന്നു നാനാപ്രകാരേണയും അതിദാരുണങ്ങളായ പീഡനങ്ങളാൽ മർദ്ദിക്കപ്പെട്ടിരുന്നു. ഒരു പ്രോട്ടസ്റ്റൻറുഗവർമെൻറിൻെറ അഭിഷ്ടാനുസരണം അവർ പൂർവ്വികമായ സ്വന്തമതത്തെ ഉപേക്ഷിച്ചിട്ട് മറെറാരു അസത്യ മതത്തെ അവലംബിക്കാൻ വിസമ്മതിച്ചു എന്ന ഏകാപരാധമായിരുന്നു ഈ മർദ്ദനത്തിൻെറ കാരണം.

എന്നാൽ ഇംഗ്ലണ്ടിലെ മതവിപ്ലവത്തിൻെറ വിനാശഫലങ്ങൾ ഇതുകൊണ്ടും അവസാനിച്ചില്ല. നവമായി സ്ഥാപിതമായ രാഷ്ട്രീയ സഭയിൽ തന്നെ ഇനിയും പാപ്പാത്വം*(Popesy) അവശേഷിച്ചിരിക്കുന്നതായി തീഷ്ണബുദ്ധികളായ അനേകം പ്രോട്ടസററൻറുകാർ ലഹള കൂട്ടിത്തുടങ്ങി. മതവിദ്വേഷിയായ കാൽവിനെപ്പോലെ അവരും രാജകീയ പരമാധികാരം യഥാർത്ഥത്തിൽ ഒരു ദൈവദൂഷണം തന്നെയാണെന്ന് വാദിച്ചു. നവീകരണക്കാർ എന്ന നാമത്തിനു് സാക്ഷാൽ അർഹരാകത്തക്കവണ്ണം പ്രവർത്തിച്ചവർ അവരായിരുന്നു. അവരുടെ ദൃഷ്ടിയിൽ ഇംഗ്ലണ്ടിൽ സ്ഥാപിതമായ നവീകരണം നാമമാത്രമായിരുന്നു. അതെ ഏററം പരിമിതവും അപൂർണ്ണവുമായിരുന്നു. അതു് പാപ്പാസ്ഥാനത്തെ അവർ അടിച്ചുടച്ചുകളഞ്ഞു. എന്നാൽ തൽസ്ഥാനത്തു് അതനേക്കാൾ ക്രൂരതരമായ മറെറാരധികാരത്തെ സംസ്ഥാപിക്കാൻ അവർ വിമുഖരായിരുന്നു. തങ്ങൾക്കു ഹിതകരമായിതോന്നുന്നതിനെ മാത്രമേ വിശ്വസിക്കയുള്ളു എന്ന സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തിരുന്ന അവർ മേലിൽ ഏതെങ്കിലും അ

---

* കത്തോലിക്കാ മതലാഞ്ചന.

ധികാരത്തിന് കീഴ്പെടുവാൻ എന്താണ് ആവശ്യം? ഇതേവരെ ഏററം പരിശുദ്ധവും അഭേദ്യവുമായി കരുതപ്പെട്ടിരുന്ന അധികാരത്തോട് എതൃത്തു് അതിനെ തുണവൽകരിച്ചവരോട് ഇപ്പോഠം ഇവക്കും എന്തുകൊണ്ടു് എതൃത്തുകൂടാ? പക്ഷെ ഈ അമിതവാദികളുടെ വാദങ്ങളെ എലിസബെത്തിൻെറ ഗവർമെൻറു ഖണ്ഡിപ്പാനൊരുങ്ങിയതു് മർദനം കൊണ്ടായിരുന്നു. തന്മൂലം രാഷ്ട്രീയസഭയോടു മാത്രമല്ല രാജസ്ഥാനത്തോടുതന്നെയും വലിയൊരു വിപ്രതിപത്തി പ്രജാസഞ്ചയത്തിൽ രൂഢമൂലമായിത്തീൎന്നു. കടശി അതു ചാറത്സ് പ്രഥമന് എതിരായി ഉത്ഭവിച്ച കലഹത്തിലും നീചമായ രാജവധത്തിലും കലാശിച്ചു. എന്നാൽ പിന്നീട് ഒരു പുതിയസംഘം വേദസിദ്ധാന്തികഠം, സകലവും തലകീഴാക്കുന്ന നവീകരണക്കാരുടെ നശീകരണ നയങ്ങളെ കുറെയൊക്കെ മയപ്പെടുത്തി ഒരു നവീനപദ്ധതിയെ അവലംബിച്ചപ്പോഠം പ്യൂരിട്ടൻസ് എന്നറിയപ്പെട്ടിരുന്ന മുൻപറഞ്ഞ അമിത വാദികളുടെ സന്താനങ്ങഠം രോഷാകുലരായി ആംഗ്ലിക്കൻ സഭയെ ഉപേക്ഷിക്കയും ഇന്നുനാം നമ്മുടെ ചുററും കാണുന്ന വിഭിന്ന സഭകളായി പിരിഞ്ഞു പോകയും ഉണ്ടായി. ഇക്കൂട്ടത്തിൽ 18—ാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടത്തിൽ ജോൺ വെസ്ലിലി (John Wesly) സ്ഥാപിച്ചതും അയാളുടെ പേരിനാൽ ഇന്നും നാമകരണം ചെയ്യപ്പെടുന്നതുമായ സഭ സംഖ്യാബലത്തിലും സ്വാധീനശക്തിയിലും മററുള്ളവയേക്കാഠം മികച്ചുനില്ക്കുന്നു.

ഉത്തരദേശീയരായ വിവിധരാജ്യക്കാരിൽ ഐരീഷുകാർ മാത്രം വിശ്വാസസ്ഥിരതയോടെ അനുവൎത്തിച്ചുപോന്നു. അവരിൽ മതഭ്രംശം ഉളവാക്കുവാൻ വേണ്ടി പാഷണ്ഡികഠം ചെയ്ത എല്ലാ ശ്രമങ്ങളും വിഫലങ്ങളായതേയുള്ളു. അതിദാരുണങ്ങളായ മർദ്ദനോപായങ്ങളെല്ലാം പ്രയോഗിച്ചിട്ടും പരാജയമടഞ്ഞ ഗവമ്മെൻറ് ഒടുവിൽ, ഒരു പ്രോട്ടസ്ററൻറു ചരിത്രകാരൻ പ്രസ്താവിക്കുന്നതുപോലെ "അനേകം മെത്രാപ്പോലീത്താമാരും വികാരിമാരുമടങ്ങിയ ഏററം വിപുലമായ ഒരു സഭാഭരണയന്ത്രത്തെ, രാജ്യവാസികളുടെ അഭീഷ്ടാനുമതികഠംക്കു് വിരുദ്ധമായും അനീതിപരമായ നിരവധി നഷ്ടങ്ങഠംക്കു കാരണഭൂതമായും സ്ഥാപിച്ചുകൊണ്ടു് സംതൃപ്തമാകാൻ നിർബന്ധിക്കപ്പെട്ടു. അവിടെ യാതൊന്നും ചെയ്യാനില്ലാതിരുന്ന മെത്രാന്മാരാദിയായ ഈ ഭരണാധികാരികഠംക്കു് യാതൊന്നും ചെയ്യാതിരുന്നതിന് പ്രതിഫലമായി, ജനങ്ങളാൽ അതിപൂജ്യമായി മാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരുന്ന ഒരു സഭയെ കുത്തിക്കവൎന്നുണ്ടാക്കിയ മുതൽ കൊണ്ടു് ഉദാരമായി ശമ്പളം നഠംകാൻ മാത്രമാണ് സർക്കാരിന് അവിടെ സാ

ധിച്ചതു്." സ്കോട്ടലണ്ടിലോ എന്നാൽ നവീകരണം അതിന്റെ പരമപൂർണ്ണതയിൽ നിഷ്പ്രയാസം സ്വീകൃതമായി. ഇതിനുള്ള മുഖ്യ കാരണം അവിടത്തെ രാഷ്ട്രീയമായ അപ്പോഴത്തെ സാഹചര്യങ്ങളും മനുഷ്യരുടെ സ്വഭാവ വ്യത്യാസവുമായിരുന്നു. "യൂറോപ്പിന്റെ മററു യാതൊരു ഭാഗത്തും,—വീണ്ടും മറെറാരു പ്രോട്ടസ്റ്ററന്റ് ഗ്രന്ഥകാരനെ ഉദ്ധരിച്ചുകൊള്ളുന്നു.—കാൽവിന്റെ പ്രബോധനങ്ങളും ഉപദേശങ്ങളും പൊതുജന ഹൃദയത്തിൽ ഇത്ര രൂഢമൂലമായി പതിയുകയുണ്ടായില്ലാ. ജനങ്ങളിൽ ഭൂരിഭാഗവും റോമ്മാസഭയെ കാട്ടാളന്മാർക്കു മാത്രം അനുയോജ്യമായ ഒരു മൂർഖതയേറിയ വിദ്വേഷത്തോടെയായിരുന്നു പരിഗണിച്ചതു്. എന്നാൽ പുതുതായ ആംഗ്ലിക്കൻ സഭയുടെ നേർക്കും അവർക്കുണ്ടായിരുന്ന മനസ്ഥിതി ഇതിൽ നിന്നു വിഭിന്നമായിരുന്നില്ല.

ഇപ്രകാരം എത്രയും വിലപനീയമായ ഒരു മത വിപ്ലവത്തിന്റെ സംക്ഷിപ്ത ചരിത്രം നാം കണ്ടുകഴിഞ്ഞു. അതു സമുദായത്തിൽ വലിയ ഒരു വ്യതിയാനം വരുത്തിവെച്ചു. അതെ, അനേകം നൂററാണ്ടുകളുടെ പരിശ്രമ ഫലത്തെ അതു അനായാസേന നശിപ്പിച്ചു. നമ്മുടെ ഈ ദ്വീപുകളിൽ വിശുദ്ധ പള്ളിയുടെ ദൈവീകാധികാരത്തിനു പകരം ചഞ്ചല മനസ്കരായ മനുഷ്യരുടെ അഭിപ്രായ ഗതികൾക്കു് സ്വാതന്ത്ര്യ വിഹാരവും പ്രതിഷ്ഠയും സിദ്ധിച്ചു.

## § ലയോളായിലെ
## വി. ഇഗ്നേഷ്യസ്, വി. ഫ്റാൻസീസ് സാവ്യർ.
### 1521—1552.

കരുണാവാരിധിയായ ദൈവം തന്റെ സഭയെ അവളുടെ ഈ ദുരവസ്ഥയിൽപോലും കൈവെടിഞ്ഞില്ല. പാഷണ്ഡതകളാലും മതവിപ്ലവങ്ങളാലും അവൾ ഭേദിക്കപ്പെടുകയും, മനുഷ്യ ദൃഷ്ടിയിൽ അവൾ നാമാവശേഷമാവാനുള്ള സമയം അത്യാസന്നമായി കാണപ്പെടുകയും ചെയ്ത ആ ദുർഘടകാലഘട്ടത്തിൽതന്നെ തിരുസ്സഭയിൽ പരിലസിച്ചിരുന്നതുപോലെ വിജ്ഞാനംകൊണ്ടും വിശുദ്ധികൊണ്ടും വിഖ്യാതരായ അത്രവളരെ പുണ്യാത്മാക്കൾ മറെറാരുകാലത്തുമുണ്ടായിട്ടില്ല. സഭയിൽ പലതുകൊണ്ടും അന്നു് ഒരു നവീകരണം ആവശ്യമായിരുന്നു എന്നു് സമ്മതിക്കണം.

എന്നാൽ അതിനായി സർവശക്തൻ തൻെറ അഭീഷ്ടാനുവർത്തികളായ സാക്ഷാൽ നവീകരണകർത്താക്കളേയും ധാരാളമായി യാത്രയാക്കി. പുണ്യശ്ലോകരും മഹത്തുക്കളുമായ ഈ പുരുഷകേസരികളുടെ ഗണത്തിൽ ലയോളായിലെ വി. ഇഗ്നേഷ്യസ്സും, വി. ഫ്രാൻസീസ് ശവരിയാരും നമ്മുടെ ശ്രദ്ധയെ സവിശേഷം അർഹിക്കുന്നവരാണ്. ഇഗ്നേഷ്യസിൻെറ ജന്മദേശം സ്പെയിനായിരുന്നു. ബിസ്കേ എന്നപ്രദേശത്തിലുൾപെട്ട അതിപുരാതനമായ ഒരു പ്രഭുകുടുംബത്തിൽ 1491_ൽ ആണ് ജനിച്ചതു്. ഇദ്ദേഹം, ലൂതർ, കാൽവിൻ, തുടങ്ങിയുള്ള മതവിദ്വേഷികൾ സഭാതരുവിനു് ഒരു കണ്ടകോടാലിയെന്നോണം ചാടിപ്പുറപ്പെട്ടപ്പോൾ, അവരുടെ വിക്രിയകളിൽനിന്നു അതിനെ സംരക്ഷിച്ചു് പരിപാലിക്കുന്നതിനായി ദൈവത്താൽ പ്രത്യേകം നിയുക്തനായിരുന്നുവെന്നു് സംശയലേശമെന്യേ പറയാം. ഇഗ്നേഷ്യസ് സ്വന്തജീവിത നവീകരണം സമാരംഭിച്ചതു് 1521 ാം വത്സരത്തിലായിരുന്നു. അതേ സംവത്സരത്തിൽതന്നെ ലൂതർ തൻെറ നവീകരണപ്രസ്ഥാനങ്ങളെ പരസ്യമായി പ്രസ്താവിക്കുവാനാരംഭിച്ചു. കാൽവിനും ഇഗ്നേഷ്യസ്സും വിഭിന്നങ്ങളായ തങ്ങളുടെ ഉദ്ദേശപൂർത്തീകരണത്തിനായി പരിശ്രമിച്ചുകൊണ്ടും മഹത്തായ ഒരു സംരംഭത്തിനായി തങ്ങളെത്തന്നെ വിപരീതനിലയിൽ ഒരുക്കിക്കൊണ്ടും (മുൻകൂറുതലോടുകൂടിയല്ലെങ്കിലും)ഒരേ കാലദശയിൽ പാരീസ് നഗരിയിൽ താമസിച്ചിരുന്നു ഹെൻറി 8_ാമൻ ഇംഗ്ലണ്ടിനെ മാർപ്പാപ്പായുടെ ഭരണാധികാരത്തിൽനിന്നു് വേർപെടുത്തിയ 1534_ൽ തന്നെ ഇഗ്നേഷ്യസ് പാരിസിൽവെച്ചു് തിരുസ്സഭയുടെ വലിയൊരാലംബമായ തൻെറ സന്യാസസമൂഹത്തിനു് അടിസ്ഥാനമുറപ്പിച്ചു. ഇങ്ങനെ രോഗത്തോടൊരുമിച്ചു തന്നെ അതിനു ദൈവനിശ്ചയമനുസരിച്ചുള്ള ഔഷധവും സുലഭ്യമായി. ഇഗ്നേഷ്യസ് ചെറുപ്പംമുതൽ ഫെർഡിനാൻറ് രാജാവിൻെറ പട്ടാളത്തിൽ സേവനമാരംഭിച്ചിരുന്നു. മതാത്മകങ്ങളായ പരിശീലനങ്ങൾ ധാരാളമായി സിദ്ധിച്ചിട്ടുള്ള ആളായിരുന്നിട്ടും ഉന്മേഷവും ഊർജ്ജസ്വലതയും സ്വഭാവജന്യമായിട്ടുണ്ടായിരുന്നതിനാൽ യുദ്ധാഭ്യാസങ്ങൾക്കും വീരപരമായ മഹനീയ കൃത്യങ്ങൾക്കും സ്വാഭാവികമായിത്തന്നെ അഭിനിവേശം ഉളവാകയും അതുകളിൽ ധാരാളം അഭ്യസിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

1521 ൽ പമ്പലൂനാകോട്ടയെ (Pampalina) ഫ്രാൻസിൻെറഅധിപനായ ഫ്രാൻസിസ് ഒന്നാമൻ ആക്രമിച്ചപ്പോൾ ഇഗ്നേഷ്യനും ശത്രുക്കളോടെതിരിട്ടു് ധീരധീരം പോരാടുകയുണ്ടായി. ആയോധനമദ്ധ്യേ

കോട്ടമതിലിൻെറ ഒരു ഭാഗം പീരങ്കിപ്രയോഗത്താൽ ശത്രുക്കൾ തകൎത്തു കളഞ്ഞു. അവിടെ പിന്നീട് അതി കഠോരമായ ഒരു സമരം നടന്നു. ആ സമയം മുന്നോട്ട് പാഞ്ഞുകേറിയിരുന്ന ശത്രുനിരയെ വിസ്മയനീയമായ ധൈൎയ്യത്തോട് തടുത്തുനിറുത്തി കോട്ടയെ സംരക്ഷിച്ചിരുന്ന ഇദ്ദേഹം പൊട്ടുന്നനവേ ഒരു പീരങ്കിയുണ്ടയാൽ കാൽ തകൎക്കപ്പെട്ട് നിലത്തു പതിച്ചു. ഇദ്ദേഹത്തിൻെറ വീരപരാക്രമം കണ്ട് അത്ഭുത പരതന്ത്രരായിതീൎന്ന ഫ്റഞ്ചുകാർ ഉടനെ ഇദ്ദേഹത്തെ എടുത്തു മുറിവുകൾ വെച്ചുകെട്ടുകയും അതിനുശേഷം ബഹുമാന്യനും ധൈൎയ്യശാലിയുമായ ഒരു പ്രതിപക്ഷിയോടു കാണിക്കേണ്ട സകല ബഹുമതികളോടും ആദരവോടും കൂടി സാഗ്രഹമായ ലൊയാളാക്കോട്ടയിലേയ്ക്കയക്കയും ചെയ്തു. എന്നാൽ തകൎന്ന അസ്ഥികളെ വേണ്ടവിധം ക്രമീകരിച്ചിട്ടല്ലാ അവർ മുറിവുകെട്ടിയിരുന്നതെന്ന് പിന്നീട് പരിശോധനകൊണ്ടു മനസ്സിലായതിനാൽ കെട്ടഴിച്ച് കൂടിപ്പിടിച്ചിരുന്ന അസ്ഥികളെ വീണ്ടും വേർപെടുത്തി ക്രമീകരിപ്പാൻ ആവശ്യപ്പെട്ടു. കഠിനമായ ഒരു ജ്വരവും അതിനെ തുടൎന്ന് ഇദ്ദേഹത്തെ വളരെ നാൾ പീഡിപ്പിച്ചു. ഇഗ്നേഷ്യസിൻെറ ജീവിതസ്ഥിതി വളരെ അപകടത്തിൽ എത്തി. ഈ സമയത്തായിരുന്നു ജഗദീശ്വരൻ അദ്ദേഹത്തിൻെറ ഹൃദയത്തോട് നേരിട്ട് സംഭാഷിക്കുന്നതിനും, അവിടുന്ന് നിർദ്ദേശിച്ചിരുന്ന വിശിഷ്ട ജോലിക്കായി അദ്ദേഹത്തെ സന്നദ്ധനാക്കുന്നതിനും, തിരുവുള്ളമുണ്ടായതു്. നമ്മുടെ കഥാനായകൻ വീരശൂരന്മാരായ സങ്കല്പകഥാപാത്രങ്ങളുടെ പരാക്രമപ്രവൃത്തികളെ വൎണ്ണിക്കുന്ന ആഖ്യായികകൾ വായിച്ച് രസിക്കുന്നതിൽ അതിമാത്രം ഔൽസുക്യമുള്ള ആളായിരുന്നു. എന്നാൽ ദീനക്കിടക്കയിൽ സമയം പോക്കുവാൻവേണ്ടി അത്തരംഗ്രന്ഥങ്ങളൊന്നും അന്വേഷിച്ചിട്ട് അവിടെ കണ്ടുകിട്ടിയില്ല. ഒടുവിൽ അവയ്ക്കുപകരം വിശുദ്ധന്മാരുടെ ജീവചരിത്രം കൊണ്ട് തൃപ്തിപ്പെടുവാൻ അദ്ദേഹം നിർബന്ധിതനായി. അസാമാന്യമായ ഒരു അരോചകത്തോടെയാണ് വായന ആരംഭിച്ചതു്. എന്തുചെയ്യാം! പൂൎണ്ണാരോഗ്യം പ്രാപിക്കുന്നതുവരെ ഉന്മേഷരഹിതമായ ദീർഘമണിക്കൂറുകൾ ചെലവഴിപ്പാൻ മററു യാതൊരു മാൎഗ്ഗവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ അധികം കഴിയുന്നതിനുമുമ്പ് പ്രസ്തുത ജീവചരിത്രപാരായണത്തിൽ നിന്നും അനല്പമായ രസം അദ്ദേഹം ആസ്വാദിച്ചുതുടങ്ങി. പല ആവൎത്തി അതുതന്നെ അദ്ദേഹം വായിച്ചു. ഇതുവരെ സ്വപ്നേപി വിചാരിച്ചിരിക്കാത്ത തരത്തിൽ അത്ര മഹനീയവും ഹൃദയാവൎജ്ജകവുമായ ഒരുതരം പരാക്രമ പ്രവൃത്തികളെപ്പററി അതിൽ പ്രതിപാദിച്ചിരുന്നു ഇഗ്നേഷ്യസിൻെറ ആശയങ്ങളും, ആദർശങ്ങളും, ആ

കാംക്ഷകളും, ആകെപ്പാടെ മാറി. തൻെറ ജീവിതത്തെ പൂജ്യപാദരായ ആപുണ്യാത്മാക്കളുടേതിനോട്ട് അദ്ദേഹം തുലനം ചെയ്തുനോക്കി. അതിൽ എത്രയോ വ്യത്യാസം!! അവരുടേതുപോലെ തൻേറയും ജീവിതപരമാന്ത്യം സ്വാത്മരക്ഷയാണെന്നു് അദ്ദേഹം വിശദമായി ഗ്രഹിച്ചു. ഈ വിധചിന്തനങ്ങൾ ദൈവകാരുണ്യത്താൽ പരിപൂൎണ്ണമായ ഒരു മാനസാന്തരത്തിലേയ്ക്കു് നമ്മുടെ കഥാപുരുഷനെ കൊണ്ടുചെന്നാക്കി. അദ്ദേഹം സ്വജീവിതത്തെ ആകമാനം ഒന്നു നവീകരിപ്പാനും അതിനെ മേലിൽ മുഴുവനായി ദൈവശുശ്രൂഷക്കായി അൎപ്പിക്കാനും ദൃഢനിശ്ചയംചെയ്തു. ദീനശയ്യയിൽനിന്നു വിമുക്തിലഭിച്ച ഉടനെ സുപ്രസിദ്ധമായ മോൺഡ്സെറാത്തു് എന്ന സ്ഥലത്തുള്ള ന. പരി. മാതാവിൻെറ ദേവാലയത്തിലേയ്ക്കു് ഒരു തീൎത്ഥയാത്ര കഴിച്ചതിൻെറ ശേഷം അവിടെനിന്നും മൻറേസ്സാ എന്നപേരിൽ പിന്നീട്ട് വിശ്വവിഖ്യാതമായിത്തീൎന്നിട്ടുള്ള ഒരു വിജനപ്രദേശത്തേക്കുപോയി തപസ്സും പ്രായശ്ചിത്തപ്രവൃത്തികളുംമൂലം ദൈവകൃപലഭിപ്പാൻ വേണ്ടി സൎവ്വേശ്വരനെ പ്രാൎത്ഥിപ്പാൻ തുടങ്ങി. വെറും ഉണക്കറൊട്ടിയും പച്ചവെള്ളവും മാത്രമായിരുന്നു അവിടെ അദ്ദേഹത്തിൻെറ ആഹാരം: കിടക്കയോ കട്ടകട്ടത്തനിലംമാത്രം; ദിനംതോറും ഏഴുമണിക്കൂർ വീതം ആദ്ധ്യാത്മിക ധ്യാനത്തിനായി വിനിയോഗിച്ചു. ഒടുവിൽ സമീപത്തുണ്ടായിരുന്ന ഒരു ഗുഹയിൽ പ്രവേശിച്ചു് അതിൽ പാരത്രികചിന്തകളിലും തപോനിഷ്ഠകളിലും കൂടുതൽ ദത്തശ്രദ്ധനായി കാലം കഴിച്ചു. അവിടെനിന്നും പുറത്തുവന്നപ്പോൾ ഇഗ്നേഷ്യസ് ഒരു പുതിയ മനുഷ്യനായിരുന്നു. അതു വൈദികവൃത്തി സ്വീകരിക്കുന്നതിനു വേണ്ടി ഉപരിപഠനം നടത്തുന്നതിനും തദ്വാരാസഹായശ്ലേഷത്തെ ആ വിശിഷ്ടാന്തസ്സിൽ ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിനും വേണ്ടിമാത്രമായിരുന്നുതാനും. അന്നു ലോകത്തിലെ സകല കലാലയങ്ങളുടേയും രാജ്ഞിപദം സവിശേഷം അലങ്കരിച്ചിരുന്ന പാരീസ് സൎവ്വകലാശാലയിലേക്കാണ് അദ്ദേഹം നേരിട്ടുപോയതു്. ആ വിദ്യാമന്ദിരത്തിൽവെച്ച് ശാസ്ത്രകോവിദനും ഒരു കോമളയുവാവുമായിരുന്ന ഫ്രാൻസിസിനെ വെറും ലൌകികമാനസനായിരുന്ന ആ പുരുഷരത്നത്തെതന്നെ—ദൈവത്തിനായി അദ്ദേഹം സമ്പാദിച്ചു. സാവ്യർ നാഖാറേ(Navary-Spain) എന്ന രാജ്യത്തിൽപ്പെട്ട ഒരുന്നതപ്രഭുകുടുംബത്തിലെ സന്താനമായിരുന്നു. അക്കാലത്തു് പാരിസ്സൎവ്വകലാശാലയിൽ ഏററം ശ്രേയസ്കരവും അഭിലഷണീയവുമായ തത്വശാസ്ത്രപണ്ഡിതർ എന്ന ഉദ്യോഗം അത്യന്തം വിജയപ്രദമായി നിർവഹിച്ചുകൊണ്ടിരുന്ന ഇദ്ദേഹം അനിതരസാധാരണമായ ഗുണപൌഷ്കല്യങ്ങളാൽ പരിഭൂഷിതനായിരുന്നിട്ടും ലൌകികമായ പ്രശ

സ്തിയും ബഹുമാനവുമല്ലാതെ മററുയാതൊന്നും തൻെറ ജീവിതോദ്ദേശമായി എണ്ണിയിരുന്നില്ല. എന്നാൽ ഒരുവൻ ലോകം മുഴുവൻ സമ്പാദിച്ചാലും സ്വന്ത ആത്മാവിനെ നഷ്ടീഭവിയ്ക്കുന്നുവെങ്കിൽ, അതുമൂലം അവനു് എന്തുപ്രയോജനം? എന്നുള്ള ലോകൈക ഗുരുവിൻെറ ഉപദേശതല്ലജത്തെ ഇഗ്നേഷ്യസ് പലപ്പോഴും മനോനേത്രങ്ങൾക്കു് ഗോചരീഭവിക്കുകയും, അപ്രകാരം അതു ഹൃദയത്തിൽ ഗാഢമായി പതിഞ്ഞതിനാൽ ലോകൈശ്വര്യങ്ങളുടേയും പ്രതാപത്തിൻേറയും നശ്വരതയെ സ്പഷ്ടമായി ഗ്രഹിക്കുകയും, തന്മൂലം അവയെയെല്ലാം പരിത്യജിച്ചു് ദൈവശുശ്രൂഷക്കായി സ്വയംപ്രതിഷ്ഠിച്ചുകൊണ്ടു് നമ്മുടെ വി. ഇഗ്നേഷ്യസിനെ സോത്സാഹം അനുഗമിക്കയും ചെയ്തു. ഇദ്ദേഹത്തെ കൂടാതെ വേറെചില മഹാത്മാക്കളേയും ഇഗ്നേഷ്യസ് തന്നിലേക്കാകർഷിച്ചു് ഒരു സുഹൃൽ സംഘത്തെ തൻെറ നേതൃത്വത്തിൽ രൂപവൽകരിച്ചു. ഇവർ പാരീസിൽ, ഫ്റാൻസിൻെറ അപ്പസ്തോലനായ വി. ഡെനിസ് രക്തസാക്ഷിമകുടം ചൂടിയ സ്ഥലത്തുള്ള മോൺഡ് മാർട്ടർ (Mont Marter) എന്നഭിധാനമുള്ള ദേവാലയത്തിൽവെച്ചു് 1534ൽ ദൈവജനനിയുടെ കരേററത്തിരുനാൾ ദിനത്തിൽ നിത്യ സ്മരണാർഹമായ തങ്ങളുടെ സന്യാസവാഗ്ദാനങ്ങളെ ദൈവത്തിനർപ്പിച്ചു. ഈ ചെറുഗണത്തിൽ ഇഗ്നേഷ്യസ്, സാവ്യർ, സാൽമെറോൺ, ലേയ്നസ്സ്, ബൊബഡില്ലാ, റൊഡ്റിഗസ്, എന്നിവർ ഉൾപ്പെട്ടിരുന്നു. പിന്നീട് പാഷണ്ഡതയെ എല്ലായിടത്തും പരാജയപ്പെടുത്തി പിന്തിരിക്കുന്നതിനും നാശോന്മുഖമാക്കുന്നതിനും കാരണമായ ഈ ശോസഭ ഇപ്രകാരം വിനീതവും അജ്ഞാതവുമായവിധം ആരബ്ധമായി. എന്നാൽ പ്രസ്തുതസഭ നിരവധി പണ്ഡിതന്മാരും വാഗ്മികളുമായ മതപ്രബോധകരേയും വിശ്വാസ സംരക്ഷകരേയും സൂക്ഷ്മതാത്ത്വസനാശാസ്ത്രത്തിൽ പ്രാവീണ്യം സിദ്ധിച്ചിട്ടുള്ള അനേകം ഉപദേഷ്ടാക്കളേയും, ഉത്തമമാതൃകകളേയും, നിർഭയരായ വളരെയധികം രക്തസാക്ഷികളേയും, ധന്യന്മാരേയും, തിരുസഭയ്ക്കു നല്കിയ ഒരു മനോഹര പൂന്തോപ്പായി പരിണമിച്ചു. നവീകരണമെന്നുപറയപ്പെടുന്ന ദുർദ്ദേവതനാടെങ്ങും സഞ്ചരിച്ചു് നന്മയെഭൂമുഖത്തുനിന്നും ഉച്ചാടനം ചെയ്യുന്നതിനാരംഭിച്ചപ്പോൾ അവളെ തടുത്തുനിറുത്തുന്നതിനും അവളുടെ മുഷ്ക്കു കുറക്കുന്നതിനുമായി ദൈവം നിയോഗിച്ചയച്ച ഒരു വിദഗ്ദ്ധാഭ്യാസനയോടു് ഇവരെ ഉപമിക്കാം. അതുമൂലം മതവിരോധികളുടെ തീരാത്ത വിദ്വേഷത്തിനും, നിർദ്ദയമായ മർദ്ദനങ്ങൾക്കും ഇവരേപ്പോലെ പാത്രീഭൂതരായ മറെറാരു സഭയുമില്ലതന്നെ. പൌലോസ് ത്രിതിയൻ മാർപ്പാപ്പാ ഈശോസഭയെ 1540—ൽ ആഘോഷമായി അംഗീകരിച്ചുറപ്പിച്ചു ദാരിദ്ര്യം ബ്രഹ്മചര്യം, കീഴ്വഴക്കം എന്ന

ത്രിവിധ സാധാരണ വാഗ്ദാനങ്ങൾക്കും പുറമെ ഈ സന്യാസവൎയ്യർ വി. പത്രോസിന്റെ പിൻഗാമിയോടു് സവിശേഷമായ അനുസരണയിലും ആദരവിലും പ്രവൎത്തിച്ചുകൊള്ളാമെന്നുള്ള നാലാമതൊരു ശപഥവുംകൂടി ചെയ്യുന്നു ഇവരുടെ പരമോദ്ദേശം അജ്ഞാനദേശങ്ങളിലും പാഷണ്ഡികളുടെ ഇടയിലും കത്തോലിക്കാരാജ്യങ്ങളിൽ തന്നേയും സഫലമായ മതപ്രചാരണവേല നടത്തുക എന്നതുമാത്രമാണു്. തിരുസ്സഭാസംബന്ധമായ എല്ലാഉന്നതസ്ഥാനങ്ങളിൽ നിന്നും അവരെനിരോധിക്കത്തക്ക മറെറാരു വ്രതവും അവർ അനുഷ്ഠിക്കുന്നുണ്ടു്. ഈസഭ ക്രമേണ അഭിവൃദ്ധിപ്പെട്ടു് ലോകമെങ്ങും പ്രചരിച്ചു. അതു് എന്തിനായി സ്ഥാപിതമായോ, തൽകാൎയ്യസാദ്ധ്യത്തിനായി അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭീകരങ്ങളായ പ്രതികൂലതരംഗങ്ങളുടെ നിരവധിതള്ളലുകൾ ഏററിട്ടും ഇന്നും ഭൂരിശ്രേയസ്സോടും, അതീവശക്തിയോടും കൂടെയാണിരിക്കുന്നതു്. ആരംഭത്തിലെ ശുഷ്കാന്തിക്കു് മാന്ദ്യമോ, പ്രവൎത്തിതല്പരതക്കു് കുറവോ ഭവിക്കാതെ ത്യാഗങ്ങളെ കൈവരിക്കാനുള്ള മഹാമനസ്കത സദാപ്രദർശിപ്പിച്ചുകൊണ്ടു് പരിലസിക്കയും ചെയ്യുന്നു.

കിഴക്കൻരാജ്യങ്ങളുടെ ഭാഗ്യാതിരേകത്താൽ ഏറെത്താമസിയാതെ സുവിശേഷദീപം അവിടേക്കു് ആവഹിക്കുന്നതായി വി. ഫ്രാൻസീസ് സാവ്യർ നിയോഗിക്കപ്പെട്ടു പൂർവദിക്കിൽ പലയിടങ്ങളിലു, പോർത്തുഗീസുകാർ മുമ്പേതന്നെ സ്ഥലമുറപ്പിച്ചിരുന്നു. ക്രിസ്തുവർഷം 1541-ൽ നമ്മുടെ വിശുദ്ധൻ ലിസബണിൽ നിന്നും കപ്പൽ കയറി, സുദീർഘമായ ഒരു യാത്രക്കുശേഷം ഇൻഡ്യായിൽ പോർത്തുഗീസുകാരുടെ ആ സ്ഥാനമായിരുന്ന ഗോവായിൽ വന്നിറങ്ങി. അവിടെ മതാനുഷ്ഠാനം ഏററം വിലപനീയമായ ഒരു പതനത്തിൽ എത്തിയിരുന്നു. ഈ കാഴ്ച അദ്ദേഹത്തിന്റെ ഹൃദയത്തെ ശോകഭരിതമാക്കുകയും, അതിൽ ശീഘ്രമായ ഒരു ശുഷ്കാന്തിയെ ഉദ്ദീപിപ്പിക്കുകയും ചെയ്തു. നാമമാത്രക്രിസ്ത്യാനികളായിരുന്ന അവിടത്തെ പോർത്തുഗീസുകാരുടെ ദുൎമ്മാതൃകാപരമായ ജീവിതമാണു് തദ്ദേശീയരായ വിഗ്രഹാരാധകന്മാരുടെ മാനസ്സാന്തരത്തിനു് പ്രധാനവിഘാതമായിരിക്കുന്നതെന്നു് അദ്ദേഹം ക്ഷണത്തിൽ മനസ്സിലാക്കാതിരുന്നില്ല. തൻമൂലം ക്രിസ്ത്യാനികളായ സ്വജനങ്ങളുടെ മദ്ധ്യേ ഒന്നാമതായി പ്രേഷിതവേല ആരംഭിച്ചു. യുവജനങ്ങളായിരുന്നു ഒന്നാമതായി അദ്ദേഹത്തിന്റെ ശ്രദ്ധക്കും പരിശ്രമത്തിനും വിഷയീഭവിച്ചതു്. അവരെ ദേവാലയത്തിലൊന്നിച്ചുകൂട്ടി വിശ്വാസതത്വങ്ങളേയും ദൈവത്തിന്റെ കല്പനകളേയും സക്ഷാൽ ക്രിസ്തീയ ജീവിതത്തിന്റെ മുറകളേയും വിശദീകരിച്ചു് പഠിപ്പിച്ചു. അതുമുതൽ സന്മാൎഗ്ഗജീവിതവും ഭക്തിശുഷ്കാന്തിയും അവരുടെ

ഇടയിൽ ഉത്തരോത്തരം വൎദ്ധമാനമായി. പാപികൾ തങ്ങളുടെ ദുർവൃത്തികളെക്കുറിച്ചു് ലജ്ജാവിവശരായും അനുതാപപ്പെട്ടും വി. സാവ്യറിന്റെ പക്കൽ ഉപദേശവും സഹായവും ലഭിപ്പാനായി ഓടിക്കൂടി. അദ്ദേഹം ദയാപുരസ്സരം അവരെ സ്വീകരിച്ചു. മാധുൎയ്യപൂൎവ്വം അവരോടുപദേശിച്ചു. ക്ഷമയോടുകൂടി അവരെ പഠിപ്പിച്ചു. ഒടുവിൽ തന്റെ ക്ഷമയും ശാന്തതയുംമൂലം അവരുടെ ഹൃദയങ്ങളെ മ്ശിഹായിക്കുവേണ്ടി സ്വാധീനപ്പെടുത്തി. അനന്തരം മന്നാർ ഉൾക്കടലിനു് സമീപമുള്ള തീരപ്രദേശങ്ങളെ അധിവസിച്ചിരുന്ന ഒട്ടേറെ ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നുവെങ്കിലും, അന്ധവിശ്വാസങ്ങൾക്കും, അസന്മാൎഗ്ഗികാചാരങ്ങൾക്കും ഇനിയും വിധേയരായി കഴിഞ്ഞുകൂടുന്നുണ്ടെന്നറിയുകയാൽ അവിടേക്കുപോയി. നിൎദ്ധനരും, വൃത്തിഹീനന്മാരുമായ ആ മീൻപിടുത്തക്കാരോടൊരുമിച്ചു് അദ്ദേഹം വസിക്കയും, അവരുടെ സാധാരണ ഭക്ഷണപദാൎത്ഥങ്ങളെത്തന്നെ ഭുജിക്കയും, ദിവസത്തിൽ മൂന്നുമണിക്കൂർമാത്രം ഉറങ്ങുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. ചുരുങ്ങിയ ഒരുകാലത്തിനുള്ളിൽ അവരുടെ ഭാഷ അദ്ദേഹം പഠിച്ചുകഴിഞ്ഞു. പിന്നീടു വിശ്വാസപ്രമാണവും, കൎത്താവിന്റെ പ്രാൎത്ഥനയും വേദോപദേശവും അതിലേക്കു പരിഭാഷപ്പെടുത്തി. നമ്മുടെ ഈ പ്രേഷിതവൎയ്യൻ ഗ്രാമങ്ങൾതോറും ഒരു ചെറിയമണിയുമായി ചുററിനടന്നു. മണിനാദംകേട്ടു്: ഓടിക്കൂടുന്ന ജനങ്ങളോടു പ്രസംഗിക്കാനായിരുന്നു അദ്ദേഹം ഇങ്ങനെ ചെയ്തതു്. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ വിസ്മയനീയമായ വിജയപൎയ്യവസായി ആകുകയുമുണ്ടായി. മാനസാന്തരപ്പെട്ട ക്രൈസ്തവരുടെ ഭക്തിതീക്ഷ്ണതയും ജീവിതനൈൎമ്മല്യവും അത്ഭുതാവഹമായിരുന്നു. അതേവരെ പരിത്യക്തരായി ദുൎമ്മാൎഗ്ഗജീവിതം നയിച്ചിരുന്ന ആ ജനസഞ്ചയം ക്ഷണത്തിൽ വിശുദ്ധന്മാരുടെ ഒരു സമൂഹമായി പകൎന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. കൂടാതെ ക്രിസ്തുമതം അവലംബിക്കാൻ ആഗ്രഹിച്ചുകൊണ്ടും ജ്ഞാനസ്നാനത്തിനപേക്ഷിച്ചുകൊണ്ടും വന്നുകൂടിയിരുന്നവരുടെ സംഖ്യാബാഹുല്യം നിമിത്തം വി. സാവ്യർ പലപ്പോഴും എല്ലാവരേയും തൃപ്തരാക്കുന്നതിനുള്ള ശ്രമത്തിൽ ക്ഷണാവശനായിട്ടുണ്ടു്. ഈ കൎമ്മധീരൻ മ്ശിഹായുടെ തിരുനാമം അറിയപ്പെടാതിരുന്ന എല്ലാ പരിസരപ്രദേശങ്ങളേയും തന്റെ പ്രവൎത്തനരംഗമാക്കുകയും അവിടെ ഏതാവൽപൎയ്യന്തം കള്ളദേവന്മാൎക്കായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന അമ്പലങ്ങളെ സത്യനരദേവനായ ഈശോമ്ശിഹായെ ആരാധിക്കുന്നതിനുള്ള ദേവാലയങ്ങളായി രൂപാന്തരപ്പെടുത്തുകയും ചെയ്തു. അടുത്തവൎഷത്തിൽ അദ്ദേഹം സമീപസ്ഥിതമായ തിരുവിതാംകൂറിലേക്കു കടന്നു. അവിടെ ഒരുമാസത്തിനിടകൊണ്ടു് പതിനായിരത്തിൽപരം അ

വിശ്വാസികളെ മാമ്മോദീസാമുക്കി. ആദേശത്തു് 45 പള്ളികളെപ്പുതു
തായിപണികഴിപ്പിച്ചു. മാനസാന്തരപ്പെട്ടവരുടെ മതതീക്ഷ്ണത അ
ത്യന്തം ശ്ലാഘനീയവും ഹൃദയാവർജ്ജകവും മാതൃകായോഗ്യവുമായിരുന്നു
വെന്നു് പുണ്യവാൻതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇതിനകം
ഈ പ്രേഷിതപ്രമുഖന്റെ പ്രശസ്തി നാനാദിക്കിലും പരന്നതിൽ അത്ഭുത
ത്തിനവകാശമില്ല. നാലുഭാഗത്തുനിന്നുംതങ്ങളെവന്നു് മതോപദേശം
ചെയ്തു ജ്ഞാനസ്നാനപ്പെടുത്തണമെന്നു് യാചിക്കുന്നതായ ക്ഷണപത്രങ്ങ
ൾ അദ്ദേഹത്തിന്നു് ദൈനംദിനം കിട്ടിക്കൊണ്ടിരുന്നു. അതെ—"വിളവു്
യഥാർത്ഥത്തിൽ വളരെയധികമായിരുന്നു. കൊയ്ത്തുകാർ ചുരുക്കം." ത
ന്മൂലം ഇവിടുത്തെ സ്ഥിതിഗതികളെ വിവരിച്ചുകൊണ്ടു്, റോമ്മായിലേ
ക്കും, പോർത്തുഗലിലേക്കും അദ്ദേഹം കത്തുകൾ അയക്കുകയും സഹായത്തി
നായിക്കൂടുതൽ വേലക്കാരെ അയച്ചുതരുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. സാ
ദ്ധ്യമെങ്കിൽ യൂറോപ്പിലുള്ള സകല ശാസ്ത്രികളേയും മതപ്രാസംഗികന്മാരേ
യും ഒന്നൊഴിയാതെ ഇന്ത്യയിലേക്കുകൊണ്ടുവന്നു് പ്രചരണവേലയിൽ ഏ
ർപ്പെടുത്തുവാൻ അദ്ദേഹം ആഗ്രഹിച്ചു. അത്രക്കും സീമാതീതമായിരുന്നു
ഈ ധന്യന്റെ ആത്മരക്ഷാതല്പരത. വി. ഫ്രാൻസീസിന്റെ വിവിധ
പ്രേഷിതപര്യടനങ്ങളേയോ, വിജയങ്ങളേയോ സവിസ്തരം ഇവിടെ പ്രതി
പാദിക്കുക വിഷമകരമാണു്. അതിനുള്ള ആവശ്യവും കാണുന്നില്ല. മ
ലബാർ, മൊളുക്കാ, ജപ്പാൻ മുതലായ വിദൂരരാജ്യങ്ങൾപോലും അദ്ദേഹ
ത്തിന്റെ ആത്മീയ ശുഷ്കാന്തിയേയും പ്രേഷിതാസക്തിയേയും സംതൃപ്ത
മാക്കാൻ പര്യാപ്തമായില്ല. അദ്ദേഹത്തിന്റെ കൈകളിൽനിന്നുതന്നെ
ജ്ഞാനസ്നാനം കൈക്കൊണ്ടവരുടെ സംഖ്യ വളരെ വിപുലമായിരുന്നു.
പ്രസംഗിച്ചിടത്തെല്ലാം വിശ്വാസികളുടെ ഉപയോഗത്തിനായി ദേവാലയ
ങ്ങളേയും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹം നിവർത്തിച്ച കാര്യങ്ങളും ചെ
യ്ത ജോലികളും മനുഷ്യശക്തിയെ കേവലം അതിലംഘിച്ചുവെന്നു പറയ
ത്തക്കവണ്ണം ബഹുലങ്ങളും മഹത്തരങ്ങളുമായിരുന്നു. ഇതിനിടയിൽ ഭീ
കരങ്ങളായ അനേകം വിപത്തുകളെ എതിരിടേണ്ടതായും വന്നുകൂടി. സ
ഹിച്ച ക്ലേശങ്ങളും കഷ്ടാരിഷ്ടതകളും പലപ്പോഴും അതുല്യങ്ങൾതന്നെ.
എന്നാൽ മാധുര്യസമ്പൂർണ്ണമായ ഒരാത്മീകാശ്വാസം ഈ സമയത്തെ
ല്ലാം അദ്ദേഹത്തെ സമാശ്വസിപ്പിക്കയും ഹൃദയത്തെ ആഹ്ലാദഭരിതമാ
ക്കുകയും ചെയ്തിരുന്നു. ഇതേപ്പററി ഈ വിശുദ്ധൻ തന്റെ ആത്മീയപി
താവായ വി. ഇഗ്നേഷ്യസിനോടു് എഴുതി അറിയിക്കുന്നതു് ഇപ്രകാരമാ
ണു്. "എനിക്കു തുടരെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ആപത്തുകളും
ദൈവസ്തുതിയെ ഉദ്ദേശിച്ചു് സഹിക്കേണ്ടിവരുന്നതായ കായക്ലേശങ്ങളും

എല്ലാം ആത്മീയസന്തോഷങ്ങളുടെ അക്ഷയമായ ഒരുറവകണക്കെ ആയി ത്തീൎന്നിരിക്കുന്നു. ആന്തരികമായി ഇത്തരം ഹൃദ്യതമമായ ആനന്ദം ഇതിനു മുൻപ് എപ്പോഴെങ്കിലും ആസ്വാദിച്ചിട്ടുള്ളതായി എനിക്കു ഓൎമ്മയില്ല. എന്നാൽ ആത്മാവിന്റെ ഈ ആനന്ദങ്ങൾ എല്ലാവേദനകളേയും ക്ഷീണത്തേയും നിശ്ശേഷം വിസ്മരിക്കത്തക്കവണ്ണം അത്രക്കു പരിശുദ്ധവും, പരിപൂൎണ്ണവും. നിരന്തരവും മാധുൎയ്യസംദായകവും ആകുന്നു." മാത്രമല്ല തന്റെ അനുദിന കൃത്യങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഈ പരമാശ്വാസങ്ങൾ പ്രതിബന്ധമായിതീൎന്നേയ്ക്കാമെന്നുള്ള ഭയം നിമിത്തം അവയെ മിതപ്പെടുത്തുവാൻ നമ്മുടെ കൎത്താവിനോടു പലപ്പോഴും അപേക്ഷിപ്പാൻ നിൎബന്ധനാകത്തക്കവണ്ണം അവ അത്ര സമൃദ്ധവും ശക്തിമത്തുമായിരുന്നു.

വി. സാവ്യർ ജപ്പാൻ ദേശവാസികളെ സന്ദൎശിക്കുന്നതിനായി യാത്രതിരിച്ചതു് 1549_ൽ ആയിരുന്നു. ഇൻഡ്യയിൽവെച്ചു് അദ്ദേഹം മാനസാന്തരപ്പെടുത്തിയ ഒരു ജപ്പാൻകാരന്റെ സഹായത്തോടുകൂടി വിശ്വാസപ്രമാണവും അതിലെ പലവകുപ്പുകളെസ്സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങളും അവരുടെ ഭാഷയിലേക്കു് വിവൎത്തനം ചെയ്തു. അനന്തരം അവിടുത്തെ രാജാവിനെ മുഖംകാണിക്കുകയും, രാജ്യമെങ്ങും ക്രിസ്തുമതം പ്രസംഗിക്കുന്നതിനായി അനുമതി വാങ്ങിക്കയുമുണ്ടായി. പക്ഷെ നമ്മുടെ കഥാനായകനു് ആ ദിക്കിൽ പെട്ടെന്നു ലഭിച്ചവിജയം കണ്ടു്ഭ്രമിച്ചുവശായ ആ ചൎച്ചപ്പുരിഷകർ ഇദ്ദേഹത്തിന്റെ സ്വച്ഛന്ദവിഹാരം തടയണമെന്നുകരുതി, ഇയാൾ ഒരു കലഹക്കാരനും ജനങ്ങളെ വഷളാക്കുന്നവനുമാണെന്നു് രാജസമക്ഷം ആവലാതിബോധിപ്പിച്ചു. തന്മൂലം സാക്ക്സുമാ എന്നുവിളിക്കപ്പെട്ടിരുന്ന ആ രാജ്യത്തെവിട്ടു് "ഫിരാണ്ടൊ" എന്ന മറ്റൊരു ദേശത്തിന്റെ തലസ്ഥാനനഗരിയിലേക്കു പോകുവാൻ തീൎച്ചയാക്കി. അവിടെ കരുണാപൂൎവം സ്വീകരിക്കപ്പെടുകയും സ്വമതം പ്രസംഗിച്ചുകൊള്ളുന്നതിനു് അനുവദിക്കപ്പെടുകയും ചെയ്യുകയാൽ ചുരുങ്ങിയ കാലംകൊണ്ടു് ധാരാളമായഫലം അവിടെ നമ്മുടെ പ്രേഷിതൽ പുറപ്പെടുവിച്ചു. സാക്ക്സുമായിൽ ഒരുകൊല്ലംകൊണ്ടു് മാനസാന്തരപ്പെടുത്തിയതിൽ കൂടുതൽ ആളുകളെ മൂന്നാഴ്ചക്കുള്ളിൽ പ്രസ്തുത സ്ഥലത്തു് അദ്ദേഹം സത്യവിശ്വാസികളാക്കി. ആ ശിശുസഭയെ തന്റെ സഹപ്രവൎത്തകനായ ഒരു വൈദികന്റെമേൽ നോട്ടത്തിൽ ഏൾപ്പിച്ചിട്ടു് അദ്ദേഹം അവിടെനിന്നും മെയാക്കോ എന്നഭിധാനമുണ്ടായിരുന്ന ജപ്പാന്റെ തലസ്ഥാനപട്ടണത്തിലേക്കു് പ്രയാണം ചെയ്തു. വഴിമദ്ധ്യേ നഗോട്ടായുടെ പ്രധാനനഗരിയായ അമാൻഗുച്ചിയേയും സന്ദൎശിക്കാതിരുന്നില്ല. എന്നാൽ തദ്ദേശവാസികൾ തികഞ്ഞ അസന്മാൎഗ്ഗികളും മൃഗീയജീവികളും ആയിരുന്നതി

നാൽ വി. സാവ്യറിൻെറ പ്രയത്നങ്ങൾ ഒട്ടും തന്നെ വിജയശ്രീലാളിതമായിരുന്നില്ല. ഈ പാശ്ചാത്യപുരോഹിതൻ ഒരു ദൈവത്തേയും ഒരു ഭാൎയ്യയേയും മാത്രമേ അനുവദിക്കുകയുള്ളൂ എന്നു കേട്ടപ്പോൾ ജനങ്ങൾ അദ്ദേഹത്തെ പുച്ഛിച്ച് ശകാരവർഷവും ദേഹോപദ്രവും ഏല്പിച്ച ശേഷം പട്ടണത്തിനു പുറത്തു തള്ളി. ഒടുവിൽ ഉദ്ദിഷ്ടസ്ഥാനമായ മെയാക്കോട്ടയിൽ എത്തിയെങ്കിലും അവിടേയും സ്ഥിതിഗതികൾ ഒട്ടും തന്നെ അനുകൂലമായിരുന്നില്ല. ജനങ്ങൾ മുൻസ്ഥലത്തേതുപോലെ ലോകമായകളിലും മോഹപാപങ്ങളിലും മുഴുകി ജീവിച്ചിരുന്നവരാകയാൽ സത്യദീപത്താൽ പ്രകാശിപ്പിക്കപ്പെടുന്നതിനും ദൈവപ്രസാദവരത്താൽ ശുദ്ധീകരിക്കപ്പെടുന്നതിനും അനർഹരായി ഭവിച്ചു. പ്രേഷിതൻ ഇച്ഛാഭംഗത്തോടും കുണ്ഠിതത്തോടുംകൂടി അമാൻഗുച്ചിലേക്കു തന്നെ പിന്തിരിഞ്ഞു. കഴിഞ്ഞ പ്രാവശ്യം തൻെറ താഴ്ന്ന വസ്ത്രധാരണരീതിയും നിർദ്ധനതയും പട്ടണവാസികളുടെ ദൃഷ്ടിയിൽ തന്നെ ഒരു നിന്ദാപാത്രവും ഹാസ്യവിഷയവുമാക്കിയതായും തന്നിമിത്തം രാജസന്നിധിയിലേക്കു തനിക്കു പ്രവേശനം നിഷേധിക്കപ്പെട്ടതായും നമ്മുടെ വിശുദ്ധൻ മനസ്സിലാക്കിയിരുന്നതിനാൽ ഇത്തവണ പ്രഭുജാതക്കനുയോജ്യമാംവിധം വില പിടിച്ച വസ്ത്രങ്ങൾ ധരിച്ചും അകമ്പടിക്കാരോടുകൂടിയും ആണ് പട്ടണത്തിലേക്കു ചെന്നതു. ജനങ്ങൾ ഈ മാററം കണ്ടു വിസ്മയിച്ചു. താമസിയാതെ അദ്ദേഹത്തിന് രാജാവിനെ സന്ദർശിപ്പാനുള്ള അനുവാദവും ലഭിച്ചു. രാജാവിന് ഏതാനും തിരുമുൽക്കാഴ്ചകൾ വെച്ച് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുകയാൽ അയാളുടെ സംരക്ഷണയും മതപ്രസംഗം നടത്തുവാനുള്ള അനുമതിയും ലഭ്യമായി 3000—ൽ പരം പേരെ പട്ടണത്തിൽ തന്നെ ക്രിസ്ത്യാനികളാക്കി. പിന്നീട് ബോംഗോ എന്ന സ്ഥലത്തെ പ്രജാപതി അദ്ദേഹത്തെ അത്യാശാപൂർവ്വം പ്രതീക്ഷിച്ചിരിക്കുന്നുവെന്നറിഞ്ഞതിനാൽ അവിടേക്കു പോയി. രാജാവിൻെറയും ജനങ്ങളുടേയും മുമ്പാകെ അദ്ദേഹത്തെ തക്കത്തിൽ തോല്പിച്ച് തിരിച്ചയക്കാൻ ശ്രമിച്ച അജ്ഞാനാചാൎയ്യന്മാരെ പലതവണ വാഗ്വാദത്തിൽ പരാജിതരാക്കുകയും, ആ ആചാര്യഗണത്തിൽ നിന്നുതന്നെ പലരേയും മാനസാന്തരപ്പെടുത്തുകയും ചെയ്തു. വി. സാവ്യറിന് ആ സ്ഥലത്തു സിദ്ധിച്ച വിജയം സീമാതീതമായിരുന്നു. അവിശ്വാസികൾ കൂട്ടം കൂട്ടമായി മതോപദേശങ്ങൾ കേൾക്കുന്നതിനും മാമോദീസാ സ്വീകരിക്കുന്നതിനുമായി വന്നുകൂടിയിരുന്നു. രാജാവു തന്നേയും ക്രിസ്തുമതത്തിൻെറ യഥാൎത്ഥ്യത്തെ നേരാംവണ്ണം ഗ്രഹിച്ചു. എങ്കിലും നീചവും നിയമാനുസരണമല്ലാ

ത്തുമായ ഒരു ദുരാശക്കു് അയാഠം വശഗനായിരുന്നതുമൂലം അതിനെ ജയിച്ചു് ക്രിസ്തുമതം ആശ്ലേഷിക്കുവാൻ തല്ക്കാലം അയാഠംക്കു ധൈര്യമോ, സന്നദ്ധതയോ ഉണ്ടായില്ല. എന്നാൽ കുറെ കഴിഞ്ഞു് തന്റെ പാപശീലത്തെ ഉപേക്ഷിപ്പാനുള്ള കൃപാവരം ദൈവകാരുണ്യത്താൽ അയാഠംക്കു ലഭിച്ചപ്പോഠം, ജ്ഞാനസ്നാനം സ്വീകരിച്ചു. ഇപ്രകാരം രണ്ടു കൊല്ലത്തിലധികം ജപ്പാനിൽ കഴിച്ചശേഷം ചൈനായിലും ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ പരിശ്രമിക്കണമെന്നു് ശക്തിമത്തായ ഒരഭിനിവേശം നമ്മുടെ വിശുദ്ധനിലുളവായി. പക്ഷെ ജനനിബിഡമായ ആ സാമ്രാജ്യത്തു് വിദേശികഠംക്കു് പ്രവേശനം നിഷ്കർഷയായി നിരോധിക്കപ്പെട്ടിരുന്നു എങ്കിലും ഇതുകൊണ്ടൊന്നും ഈ പ്രേഷിതവര്യൻ നിരാശനായില്ല. വിവിധ വിഷമതകളും പ്രതിബന്ധങ്ങളും ഇദ്ദേഹത്തിന്റെ ഉദ്ദേശത്തെ വിഫലമാക്കുവാൻ മുതിരാതിരുന്നില്ല. പക്ഷെ അവയൊന്നും അവിടുത്തെ അതീവശുഷ്കാന്തിയേയും ദൈവമഹത്വാസക്തിയേയും തട്ടുക്കുവാൻ മാത്രം ശക്തിമത്തുക്കളല്ലായിരുന്നു. ഒടുവിൽ അദ്ദേഹം ചൈനാമഹാരാജ്യത്തിന്റെ തീരത്തോടടുത്തുള്ള സാൽഷ്യൽ എന്ന ദ്വീപിൽ ചെന്നു ചേന്നു. ഉദ്ദിഷ്ടകാര്യം മിക്കവാറം സുസാദ്ധ്യമെന്നതുപോലെ കാണപ്പെട്ടു. എന്നാൽ ദൈവഹിതം അതല്ലായിരുന്നു. ദൈവത്തിന്റെ അനന്തജ്ഞാനം ചിലപ്പോഠം വലിയ പുണ്യാത്മാക്കളെപ്പോലും മഹൽകാര്യങ്ങളെ— അതെ അവയേ പൂർത്തീകരിപ്പാനുള്ള ഭാഗധേയം അവക്കു നാഠംകുവാൻ തിരുമനസ്സാകാത്ത മഹൽകാര്യങ്ങളെ —ആരംഭിക്കുവാൻ പ്രേരിപ്പിക്കാറുണ്ടു്. ഇപ്രകാരം ചിരപ്രതീക്ഷിതമായ അക്കാര്യം ക്ഷിപ്രസാദ്ധ്യമായിതോന്നിയിരുന്ന അവസരത്തിൽ വി. ഫ്റാൻസിസും പെട്ടെന്നു് രോഗബാധിതനായി. അദ്ദേഹം തന്റെ സർവസ്വവുമായ ലോകരക്ഷകനുവേണ്ടി ഏതൊരു മഹാരാജ്യത്തെ മാനസികമായി ജയിച്ചടക്കുവാൻ അത്രമാത്രം ആഗ്രഹിച്ചുവോ, ആ ഭൂവിഭാഗത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ മാത്രം എത്തുന്നതിനും അവിടെ നിന്നുകൊണ്ടു് പുരാണപ്രസിദ്ധനായ മൂശയെപ്പോലെ ആ കാമിതഭൂമിയെ വിക്ഷിച്ചുകൊണ്ടു് മൃതിയടയുന്നതിനുമേ സാധിച്ചുള്ളു. ഈ പുണ്യപുരുഷൻ തന്റെ ആഗ്രഹാനുസരണം മരണാസന്നനായപ്പോഠം കപ്പലിൽനിന്നു് കരയിലേക്കു് കൊണ്ടുപോകപ്പെട്ടു. അവിടെ വെറും തുറന്ന കടൽതീരത്തു്, തണുപ്പുകാലത്തെ അതിശീതളമായ കാററം കുളിരും സഹിച്ചു് ദുസ്സഹങ്ങളായ ദേഹപീഡകഠംക്കും അവശതക്കും വിധേയനായി കിടന്നുകൊണ്ടു് ഈ മഹാത്മാവു് തന്റെ അനർഘജീവനെ ആത്മാക്കളുടെ പരിത്രാണത്തിനായി ദൈവത്തിനു് അർപ്പിച്ചു. ജ-

രം വർദ്ധിച്ചു് അതികഠിനമായ വേദനയെ ഉളവാക്കിയെങ്കിലും ഈ ലോകോപകാരിക്കു് സഹായത്തിനു് ആളുകളാവട്ടെ, ശമനത്തിനു മരുന്നുകളാവട്ടെ ഇല്ലായിരുന്നു. അവസാന മണിക്കൂറുകളിൽ അനുപമേയമായ ആത്മീയാനന്ദാനുഭൂതിയാൽ അദ്ദേഹം ആശ്വസിപ്പിക്കപ്പെട്ടു. ഒടുവിൽ മിക്കവാറും ഏകാകിയായി തന്റെ കുരിശുരൂപം സ്നേഹസമന്വിതം തഴുകിപിടിച്ചുകൊണ്ടു് "എന്റെ കർത്താവേ! അങ്ങയിൽ ഞാൻ ശരണപ്പെട്ടു. ഒരുനാളും ആശാഭംഗപ്പെടാതിരിപ്പാൻ എനിക്കു കൃപചെയ്യേണമേ "എന്നു പ്രാർത്ഥിച്ചശേഷം തന്റെ പവിത്രാത്മാവിനെ സച്ചിദാനന്ദസ്വരൂപങ്കൽ കാഴ്ചയണച്ചു. മരിക്കുമ്പോൾ നമ്മുടെ പ്രേഷിതവീരനു് 46 വയസ്സു് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ഇതിനകം അവിശ്വാസികളുടെ ഇടയിൽ രക്ഷാകരിയവാർത്തയെ വിതരണം ചെയ്തുകൊണ്ടു് അദ്ദേഹം അനേകം രാജ്യങ്ങളേയും കടലുകളേയും തരണംചെയ്കയുണ്ടായി. ഏഴുലക്ഷത്തിലധികം ആത്മാക്കളെ സത്യമതത്തിലേക്കു അദ്ദേഹം ആനയിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ പുണ്യശ്ലോകന്റെ ദേഹാവശിഷ്ടം സ്വീകരിപ്പാനുള്ള ഭാഗ്യവും സാൽഷ്യാൻ എന്ന വിജനദ്വീപിനത്രെ സിദ്ധിച്ചതു്. പ്രേതം സംസ്കരിച്ചപ്പോൾ, ശരീരം വേഗം അഴുകിയിട്ടു് അസ്ഥികൾ ഇൻഡ്യായിലേക്കു മാററണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ധാരാളം കുമ്മായവും ചേർത്താണു് ഭൂദാനംചെയ്തതു്. എന്നാൽ രണ്ടുമാസകാലത്തിനുശേഷം കുഴിമാടം തുറന്നു പരിശോധിച്ചപ്പോൾ ആ നിർമ്മലശരീരം അക്ഷയമായും ജീവനുള്ള ശരീരത്തിനു സദൃശമായും കാണപ്പെട്ടു. ഉടനെ അത്യാഹ്ലാദപൂർവ്വം ആ അമൂല്യനിക്ഷേപത്തെ ഗോവായിലേക്കു കൊണ്ടുവരികയും അവിടെ വി. പൌലോസിന്റെ ദേവാലയത്തിൽ ആഡംബരമായി അതിനെ സ്ഥാപിക്കുകയുംചെയ്തു. ഈ തിരുശേഷിപ്പു മൂലം അനവധി അത്ഭുതങ്ങൾ സംഭവിക്കുന്നതായും ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.

ഇക്കാലത്തു വി. ഇഗ്നേഷ്യസ് താൻ സ്ഥാപിച്ച സഭയുടെ ഭരണഭാരം കയ്യേൾക്കുകയും തന്മൂലം റോമിൽ താമസമുറപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലത്തു് ഇദ്ദേഹത്തിന്റെ ജീവിതനൈർമ്മല്യവും അതിരററ സഹോദരസ്നേഹവും ഏവക്കും ആശ്ചര്യവിഷയമായിരുന്നു. ആസ്പത്രികളിൽ ഏററം വിനീതമായ ശുശ്രൂഷകൾപോലും രോഗികൾക്കുവേണ്ടി ചെയ്യുന്നതിനും ദേവാലയത്തിൽ ചെറുബാലന്മാരെ വേദോപദേശം പഠിപ്പിക്കുന്നതിനും അദ്ദേഹം തെല്ലും മടിച്ചില്ല. വേദാദ്ധ്യയനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം അനിതരസാധാരണമായിരുന്നതിനാൽ കുട്ടികൾ മാത്രമല്ല, മാതാപിതാക്കളും, വിത്തത്തിലും വിജ്ഞാനത്തിലും

സാമുദായികനിലയിലും മികച്ചുനിന്നിരുന്ന മഹത്തുക്കളും, സുപ്രസിദ്ധരായ വേദശാസ്ത്രികൾപോലും അദ്ദേഹത്തിൻെറ വേദപാഠക്ലാസിൽ ഹാജരായി സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കപതിവായിരുന്നു. ആത്മരക്ഷാത്ഥം അദ്ദേഹം ചെയ്തിരുന്നവേലകൾ എത്രയും വലിയവിജയത്തിൽ കലാശിച്ചിരുന്നു. ഏതന്മൂലം ഈ മഹാത്മാവിൻെറ കീത്തി ലോകമെങ്ങും ശീഘ്രം പ്രചരിക്കയും തദ്വാരാ ഈശോസഭയ്ക്കു സർവത്ര പ്രചുരപ്രചാരം സിദ്ധിക്കയുണ്ടായി. ആദിയിൽ 60_ അംഗങ്ങൾ മാത്രമാണ് അതിനുണ്ടായിരുന്നതു്. എന്നാൽ കാലാന്തരത്തിൽ അതു ക്രൈസ്തവലോകം മുഴുവൻ വ്യാപിച്ചു. വിദൂരദേശമായ ഇന്ത്യായിലും ഉത്തരഭാഗത്തുള്ള പാഷണ്ഡികളുടെ ഇടയിൽപോലും അതു ശക്തിപ്പെടാതിരുന്നില്ല. സ്പെയിനിൽ വിസ്മയനീയമായ ഊക്കോടു കൂടി തഴച്ചുവളർന്നു. കാരണം അതിൻെറ ജനയിതാവും പ്രഥമസന്താനങ്ങളും തദ്ദേശീയരായിരുന്നതുതന്നെ. എന്നാൽ അതു പ്രഥമത ആരബ്ധമായ ഫ്റാൻസിൽ അതിനു സിദ്ധിച്ച പ്രാബല്യം ആരംഭത്തിൽതന്നെ കുറവായിരുന്നു. ഇരുരാജ്യങ്ങളിലേയും അധിപന്മാർ (Francis I and Charles) തമ്മിൽ ശക്തിപ്പെട്ടിരുന്ന ശത്രുതയായിരുന്നു ഇതിനു കാരണം. ഒരു സ്പെയിൻകാരൻ സ്ഥാപിച്ചതും പ്രമുഖരായ അന്തേരാജ്യവാസികളിൽ പലരാലും പുലത്തപ്പെടുന്നതുമായ ഒരു സഭയെ ഫ്റഞ്ചുകാരുടെ രാജാവു് അവിശ്വാസത്തോടും അസംതൃപ്തിയോടും കൂടി വീക്ഷിച്ചതിൽ അത്ഭുതത്തിനവകാശമില്ലതന്നെ. എന്നാൽ ആസന്നഭാവിയിൽ ഈശോസഭയ്ക്കു് പ്രസ്തുത രാജ്യത്തിൽ സമാഗതമായ വിജയം ദർശിക്കുവാൻ തൽസ്ഥാപകനു് ഭാഗധേയം ഒട്ടും സിദ്ധിച്ചതുമില്ല. അവിടെ ഒരു പുതിയ വ്യതിയാനത്തോടുകൂടി മതസ്ഥിതിക്കും മാററം ഭവിച്ചു. അപ്പോൾ അനേകമന്ദിരങ്ങളുംസ്ഥാപനങ്ങളും ഫ്റാൻസിൽ സഭക്കുലഭിച്ചു. ഈ വിശുദ്ധൻ ചരമം പ്രാപിച്ചതു് 1556_ൽ ആയിരുന്നു. ദൈവസ്തുതിക്കായി മാത്രം വിനിയോഗിച്ച ഒരു മഹനീയജീവിതത്തിൻെറ സ്മരണയെ ഇദ്ദേഹത്തിൻെറ നാമത്തോടു് അനുബന്ധിച്ചു് തിരുസഭാചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തൻെറ സഭക്കു നൾകിയ വിസ്മയനീയമായ സംഘടനയും അഗാധജ്ഞാനത്തെ പ്രദ്യോതിപ്പിക്കുന്ന നിയമസംഹിതയും എന്നെന്നും അദ്ദേഹത്തിൻെറ മഹിമയെ പ്രകീത്തിക്കയും ചെയ്യും.

# ൪ ത്രെന്തോസ് സൂനഹദോസ്.

## 1545—1563.

ജൎമ്മനിയിൽ പ്രോട്ടസ്റ്ററാൻറു് പതിതമതത്തിനു് സിദ്ധിച്ച പ്രചാരവും അപ്രകാരംതന്നെ സദാചാരനടപടികളിൽ വന്നുവശായിരുന്ന വീഴ്ചകളും ഇക്കാലഘട്ടത്തിൽ വളരെ വലുതായിരുന്നുവെന്നു് പരക്കെ ബോദ്ധ്യമായിരുന്നു. എന്നാൽ പ്രസ്തുത വിനാശത്തിൻെറ മേൽഗതിയെ തടയുന്നതിനും അതുമൂലം തിരുസഭയെ ഏല്പ്പിച്ചുകഴിഞ്ഞിരുന്ന മുറിവുകളെ സുഖപ്പെടുത്തുന്നതിനുമായി ഒരു സൂനഹദോസ് കൂടണമെന്ന ആഗ്രഹം അന്നു സാർവത്രികമായിരുന്നു. തദനുസരണം യൂറോപ്പിലെ അസൂയാലുക്കളും സ്വാൎത്ഥതല്പരരുമായ രാജാക്കന്മാർമുഖേനനേരിട്ട നിരവധി ദുഷ്കരപ്രതിബന്ധങ്ങളെ ദൂരീകരിച്ചു് അവസാനമായി മൂന്നാം പൌലോസുമാർപ്പാപ്പാ സഭാസമ്മേളനത്തിനുള്ള കല്പന അഥവാ കൊൺവെക്കേഷൻ ബൂള പ്രസിദ്ധീകരിച്ചു. അനേകാനുകൂല്യങ്ങൾക്കു നിദാനമായ ട്രെൻറുപട്ടണം പ്രസ്തുത സമ്മേളനത്തിനുപററിയതായി പരിഗണിക്കപ്പെട്ടു. പക്ഷെ 1545-ാം വർഷത്തിനു ശേഷം മാത്രമേതടസ്സങ്ങളെയെല്ലാം ജയിച്ചു് സംഘം ആരംഭിച്ചുള്ളൂ. തങ്ങൾ സഭയുടെ വിശ്വാസത്തോടു് ഗാഢമായി ബന്ധിച്ചിരിക്കുന്നുവെന്നും, തങ്ങളുടെ നിശ്ചയങ്ങൾ ആ പരിശുദ്ധനിക്ഷേപത്തിൻെറ നിർവചനങ്ങൾ മാത്രമാകുന്നുവെന്നും കാണിപ്പാൻ വേണ്ടി സന്നിഹിതരായ പിതാക്കന്മാർ, കഴിഞ്ഞ സൂനഹദോസുകളിലെ ആചാരം അനുസരിച്ചു്, പരിശുദ്ധാരൂപിയുടെ ആഘോഷമായ ദിവ്യപൂജയിൽ സംബന്ധിച്ചും വിശ്വാസപ്രമാണം വായിച്ചും കൊണ്ടാണു് പ്രവൎത്തനങ്ങൾ ആരംഭിച്ചതു്. അനന്തരം ആലോചനാവിഷയങ്ങൾ ക്രമാനുസരണം എഴുതി. വേദപുസ്തകം ദൈവശാസ്ത്രത്തിൻെറ എല്ലാം അടിസ്ഥാനമായിരിക്കകൊണ്ടു്, അതിൽ യഥാൎത്ഥമായും തദ്വാരാ, കാനോനികമായും സ്വീകരിക്കപ്പെടേണ്ട ഗ്രന്ഥങ്ങൾ ഏവയെന്നായിരുന്നു പ്രഥമതഃ പര്യാലോചനക്കു വിഷയീഭവിച്ചതു്. പുതിയനിയമത്തിൻേറയും പഴയനിയമത്തിൻേറയും എല്ലാഗ്രന്ഥങ്ങളും കനോനികങ്ങളായി പരിഗണിക്കപ്പെടേണ്ടവയാണെന്നു് ഒടുവിൽ ഐകകണ്ഠ്യേന തീരുമാനിക്കപ്പെട്ടു. ഈ വിഷയത്തെപ്പററി മാർപ്പാപ്പായുടെ പ്രതിനിധികളിൽ ഒരുദേഹം ആരേയും വിസ്മയ ഭരിതരാക്കിത്തീൎക്കത്തക്കവിധം ലളിതമായും ഗംഭീരമായും പ്രസംഗിക്കുകയും മേൽപറഞ്ഞ ഗ്രന്ഥങ്ങളെല്ലാം എല്ലാ സൂനഹദോസുകളാലും അതുപോലെതന്നെ പ്രാചീനകാലംമുതല്ക്കു സഭാവേദപാരംഗതന്മാരിൽ

ഓരോവ്യക്തിയാലും പരിശുദ്ധങ്ങളും പാവനങ്ങളുമായി കരുതപ്പെട്ടിരിക്കുന്നു എന്നു് സ്പഷ്ടം കാണിക്കുകയും ചെയ്തു. പാരമ്പര്യത്തെ, അഥവാ, തിരുസ്സഭ ഭദ്രമായി കാത്തുരക്ഷിക്കുകയും, വിശുദ്ധ പുസ്തകങ്ങളോടൊപ്പം സുസ്ഥിരമായി വിശ്വസിക്കുന്നതിനു് ആജ്ഞാപിച്ചുകൊണ്ടു് തന്റെ മക്കൾക്കു് ഉപദേശിച്ചുകൊടുക്കുകയും ചെയ്യുന്നതായ എഴുതപ്പെടാത്ത ദൈവവചനത്തെപ്പററിയും അവർ പ്രതിപാദിച്ചു. ഈ ഇരുവിഷയങ്ങളെ ക്രോഡീകരിച്ചുകൊണ്ടു് താഴെ കാണുംവിധം ഒരു നിശ്ചയം പാസ്സാക്കി. പരിശുദ്ധാരൂപിയുടെ പരിപാലനയിലും തിരുസിംഹാസനത്തിന്റെ പ്രതിനിധികളാൽ അഗ്രാസനസ്ഥാനം വഹിക്കപ്പെട്ടും ന്യായാനുസൃതം കൂടിയിരിക്കുന്ന പരിശുദ്ധവും സാർവത്രികവുമായ ത്രെന്തോസ് സൂനഹദോസ്, വിശുദ്ധ ലിഖിതങ്ങളിലും അപ്പസ്തോലന്മാർ ന. കർത്താവിൽനിന്നു് നേരിട്ടുതന്നെ കൈക്കൊണ്ടതോ, അഥവാ, പരിശുദ്ധാരൂപിയിൽ പഠിപ്പിക്കപ്പെട്ടതും അവരിൽനിന്നു കൈമാറി നമുക്കു സിദ്ധിച്ചിട്ടുള്ളതുമോ ആയ എഴുതപ്പെടാത്ത പാരമ്പര്യങ്ങളിലും, വിശ്വാസ സത്യങ്ങളും സന്മാർഗ്ഗീക നിബന്ധനകളുംകൊണ്ടു് ആക്കംചെയ്തിരിക്കുന്നു എന്നവസ്തുതയെ നേരാംവണ്ണം പരിഗണിച്ചു് ഈ സംഘം, വിശ്വാസത്തിൽ നിശ്ചലരായ പിതാക്കന്മാരുടെ മാതൃകയനുസരിച്ചു് പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും എല്ലാപുസ്തകങ്ങളേയും അതുപോലെതന്നെ വിശ്വാസത്തേയും സന്മാർഗീക നടപടിയേയും സംബന്ധിച്ചുള്ള പാരമ്പര്യങ്ങളേയും തുല്യമായ ഭക്തിബഹുമാനാദരങ്ങളോടുകൂടി സ്വീകരിക്കുന്നു. കൂടാതെ തിരുസംഘത്താൽ സ്വീകരിക്കപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങൾ ഏവയെന്നു് യാതൊരുവനും സംശത്തിനിടയാകാതിരിപ്പാൻവേണ്ടി അവയുടെ ഒരു പട്ടികകൂടി ഇതിനോടനുബന്ധിച്ചു നല്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇവിടെ മേൽപറഞ്ഞപുസ്തകങ്ങളുടെ ഒരു ലിസ്ററ കൂടി ചേർത്തിരിക്കുന്നു: സംഘം വീണ്ടും തുടർന്നുപറയുന്നു." യാതൊരുവൻ ഈ പുസ്തകങ്ങളെ മുഴുവനേയോ, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും ഒന്നിന്റെ ഒരുഭാഗത്തേയോ, സ്വീകരിക്കാതിരിക്കുന്നുവെങ്കിൽ, അഥവാ ഇവിടെ പ്രസ്താവിതമായ പാരമ്പര്യങ്ങളെ ബുദ്ധിയുടെ അറിവോടും മനസ്സിന്റെ സമ്മതത്തോടും കൂടി പുച്ഛിക്കുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" പിന്നീടു് കലഹാരൂപികളെ അമർച്ചചെയ്യുന്നതിലേയ്ക്കായി തിരുസ്സഭക്കു മാത്രം വിശുദ്ധ ലിഖിതങ്ങളുടെ ശരിയായ വിവക്ഷയേയും വ്യാഖ്യാനത്തേയും പററി വിധിക്കുന്നതിനു് അർഹതയുള്ളതിനാൽ, അവയെക്കുറിച്ചു് തിരുസ്സഭയാൽ വിവക്ഷിക്കപ്പെട്ട അർത്ഥത്തിനു വിരുദ്ധമായോ, — അല്ലെങ്കിൽ പിതാക്കന്മാരുടെ ഏകയോഗസമ്മതത്തെ അ

ഗണ്യമാക്കിയോ, യാതൊരുവനും വിശ്വാസത്തെയും, സന്മാൎഗ്ഗത്തെയും, സംബന്ധിക്കുന്ന സംഗതികളിൽ സ്വകീയവിധിയെ ആദരിക്കുന്നതിനായി വിശുദ്ധ പുസ്തകങ്ങളെ വ്യാഖ്യാനിക്കത്തക്കവണ്ണം അത്രയുനിവും, ആത്മ പ്രശംസയുമുള്ളവനായിത്തീരരുതു് എന്നു് സംഘം കല്പിക്കുന്നു വേദപുസ്തകത്തിലെ വാക്യങ്ങളെ അന്ധവിശ്വാസം വിനോദം ആദിയായവയ്ക്കെല്ലാമുള്ള ലൌകികവും, ദീചവുമായ ഉദ്ദേശങ്ങൾക്കുകൂടി ഉപയോഗപ്പെടുത്തുന്നവർ ദൈവവചനത്തെ അനാചാരപ്പെടുത്തുന്നവരോടൊപ്പം ശിക്ഷിക്കപ്പെടണം. പരിശുദ്ധജ്ഞാനസ്നാനം മൂലം ഈശോമ്ശിഹായുടെ യോഗ്യതകൾ വഴിയായി മാത്രം വിമോചിക്കപ്പെട്ടവാൻ പാടുള്ള ഉത്ഭവ പാപം, പാപിയുടെ നീതികരണം, ന: കൎത്താവിനാൽ സ്ഥാപിതമായ ഏഴുകൂദാശകൾ അവയിൽ പ്രധാനമായി, വി. കുൎബാന, കുൎബാനയെന്നാ ദിവ്യബലിയുടെ അൎപ്പണം, കുമ്പസാരം, ശുദ്ധീകരണസ്ഥലം, ബന്ധവിമോചനങ്ങൾ, വിശുദ്ധന്മാരോടുള്ള വണക്കം, ആദിയായവയെ സംബന്ധിക്കുന്ന ചോദ്യങ്ങളായിരുന്നു മററുള്ള സമ്മേളനങ്ങളിൽ പ്രതിപാദ്യവിഷയങ്ങളായിരുന്നതു്. ഈ വിഷയങ്ങളിലെല്ലാം പ്രോട്ടസ്റ്റൻറുകാരുടെ അബദ്ധങ്ങളെ ഖണ്ഡിക്കുകയും ശപിക്കുകയും ചെയ്തു. 1563_ൽ 4_ാം പീയൂസ്മാൎപ്പാപ്പായുടെഭരണകാലത്തുപ്രസ്തുതസൂനഹദോസു് ഇടക്കുണ്ടായപലമുടക്കങ്ങൾക്കുശേഷം അതിൻെറ സമ്മേളനങ്ങളെ അവസാനപ്പിച്ചു. തിരുസ്സംഘം ദീൎഘിച്ചതായ 18വൎഷങ്ങൾക്കുള്ളിൽ ദുരാചാരങ്ങളെ പുലൎത്തുന്നതിൽ ഉത്സുകരായിരുന്നവർ അതിൻെറ കൎത്താലോചനകളിൽ കയ്യിടുന്നതിനും, നിശ്ചയങ്ങളെ ഇഷ്ടാനുസരണം രൂപവൽകരിക്കുന്നതിനും നിൎദ്ദിഷ്ടങ്ങളായ നവീകരണങ്ങളെ നടപ്പിൽ വരുത്താതിരിക്കുന്നതിനും, അനേക തന്ത്രങ്ങൾ പ്രയോഗിക്കാതിരുന്നില്ല. എന്നാൽ ഒടുവിൽ സത്യം സമംഗളം വിജയശ്രീ ആകുകയും മനുഷ്യരുടെ ആശാപാശങ്ങളെ ദൈവം തൻെറ തിരുസ്സഭയുടെ ഉന്നമനത്തിനു് ഒരു ഉപകരണമാക്കിത്തീൎക്കുകയും ചെയ്തു. 25_ാമത്തേതും അവസാനത്തേതുമായ സമ്മേളനം ഡിസംബർ 3_ാം തീയതി നടന്നു. എല്ലാനിശ്ചയങ്ങളും (decrees) സാഘോഷം വായിക്കപ്പെടുകയും ഒപ്പോടുകൂടി സാക്ഷ്യപ്പെടുത്തുകയും ചെയ്തതിനു ശേഷം പരിശുദ്ധവും വിഖ്യാതവുമായ ആ സംഘം പിരിഞ്ഞു. ആ അവസരം മഹനീയവികാരങ്ങളുടെ ഒരു വിനാഴികതന്നെയായിരുന്നു. സംഘത്തിൽ സന്നിഹിതരായിരുന്ന പിതാക്കന്മാരെല്ലാവരുടെയും ഹൃദയം ഇളകി സന്തോഷാശ്രുക്കൾ പൊഴിച്ചു: മാൎപ്പാപ്പാതിരുമനസ്സുകൊണ്ടു് അതിൻെറ നിശ്ചയങ്ങളെ ഒരു ബുളായാൽ ഉറപ്പിക്കുകയും വിശ്വാസികളെല്ലാവരും

മതപരമായ കീഴ്‌വഴക്കത്തോടുകൂടി അവയെ സ്വീകരിക്കുന്നതിന് ആജ്ഞാപിക്കുകയും ചെയ്തു. ആ നിമിഷം മുതൽ ത്രെന്തോസ്സുന്നഹദോസിന്റെ നിർവചനങ്ങൾ തിരുസ്സഭയുടെ വിശ്വാസ സത്യങ്ങളായി തീൎന്നിട്ടുണ്ടു്. അതു് അതിനുമുമ്പ് നടന്നിട്ടുള്ള മറ്റെല്ലാസംഘങ്ങളുടേയും ഒരുപൂൎത്തീകരണവും സംഗ്രഹവുമായി പരിഗണിക്കപ്പെടാം. മുമ്പൊരിക്കലും മറ്റു യാതൊരു സംഘവും വേദാന്തസിദ്ധാന്തവും മതാചാരവും സംബന്ധിച്ചു് ഇത്ര അധികം വിഷയങ്ങൾ ആലോചനക്കായി എടുക്കുക ഉണ്ടായിട്ടില്ല. ഒരിക്കലും ഒരു സംഘവും വിശ്വാസതത്വങ്ങളെ ഇതിൽ കൂടുതൽ വെളിവോടും കൃത്യമായും വിശദീകരിച്ചിട്ടുമില്ല. എല്ലാകലഹങ്ങളും വിഭിന്നതകളും അവസാനിപ്പിക്കുന്നതിനുള്ള ഏകമാൎഗ്ഗമായി ഒരു സുന്നഹദോസു കൂടുന്നതിന് അത്യൽകണ്ഠാപൂർവം അപേക്ഷിക്കുകയു അതിനു് സസന്തോഷം വിധേയരായികൊള്ളാമെന്നു് ഏറ്റുപറകയും ചെയ്തിട്ടുണ്ടായിരുന്ന പ്രോട്ടസ്റ്റന്റുകാർ, ത്രെന്തോസ്സുന്നഹദോസ് അവരുടെ പാഷണ്ഡതയേയും മതവൈപരീത്യത്തേയും ഖണ്ഡിച്ചുവെന്നു കണ്ടപ്പോൾ അതിനെ തിരസ്കരിക്കയും അതിന്റെ അധികാരത്തെ നിഷേധിക്കുകയുമാണു് ചെയ്തതു്. കൂടിയിരുന്ന പിതാക്കന്മാരുടെ നിശ്ചയങ്ങളെ എല്ലാം ആക്കി കൊണ്ടു് ഒരു വിശ്വാസപ്രമാണത്തേയും അന്നു നിൎമ്മിച്ചു. നാലം പീയൂസ് മാർപ്പാപ്പായുടെ വിശ്വാസപ്രമാണമെന്നപേരിൽ ഇന്നും അതു് എല്ലാകത്തോലിക്കരാലും അറിയപ്പെടുകയും വണങ്ങപ്പെടുകയും ചെയ്യുന്നു.

# അദ്ധ്യായം ൯.

## ൧൬-ാം നൂററാണ്ടിൻെറ ആരംഭം വരെ.

### ൧, ത്രെന്തോസു്, സൂനഹദോസ മുതൽ ഫ്റാൻസിലെ രാജാവായ നാലാം ഹെൻറിയുടെ മാനസാന്തരം വരെ ൧൫൬൩-൧൫൯൩.

പ്രോട്ടസ്റ്റൻറു പാഷണ്ഡത നിരവധി ആത്മാക്കളെ സത്യമാർഗ്ഗത്തിൽനിന്നും വ്യതിചലിപ്പിച്ചു് നാശകൂപത്തിലേക്കു് അനയിച്ചുകൊണ്ടിരിക്കവേ കരുണാവത്സലനായ ദൈവം ഈ മഹാമാരിയുടെ കല്ലോലങ്ങളെ ശിഥിലീഭവിപ്പിക്കുന്നതിനു് തിരുമനസ്സായി. ഇതിലേക്കു് അവിടുന്നു് ഒന്നാമതായി ഉപയോഗിച്ചതു് കീർത്തിപെട്ട ത്രെന്തോസു് സൂനഹദോസിൻെറ പ്രശസ്തവും ഈശ്വരനിവേശിതവുമായ നിശ്ചയങ്ങൾ ആയിരുന്നു. രണ്ടാമത്തെ മാർഗ്ഗം ആ കാലഘട്ടത്തിൽ സഭാംഗങ്ങളുടെ ഇടയിൽ നുഴഞ്ഞുകയറി രൂഢമൂലമായിത്തീൎന്ന കളകളെ പറിച്ചുനീക്കുന്നതിനും, പരിഹരിക്കുന്നതിനും, നാശോന്മുഖമായ നവീകരണാരൂപിയുടെ ഗർവത്തെ ഉന്മൂലനം ചെയ്യുന്നതിനും പര്യാപ്തരും, സർവസൽഗുണ സമ്പൂർണ്ണരും ആയ അനേകം പരിശുദ്ധന്മാരെ തിരുസഭയിൽ ആവിർഭവിപ്പിച്ചനുഗ്രഹിച്ചതാണു്. പ്രോട്ടസ്റ്റാൻറു വിപ്ലവകാരികളുടെ നിന്ദ്യവും നികൃഷ്ടവുമായ ചരിത്രവൃത്താന്തങ്ങൾ നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുകഴിഞ്ഞു. ഇനി വിവിധ പദ്ധതികളിലായി പുണ്യപരിപൂർണ്ണതയിൽ അഗ്രഗണ്യന്മാരായി പരിശോഭിക്കയും തന്നിമിത്തം സാക്ഷാൽ മതപരിഷ്കർത്താക്കൾ എന്ന വിശിഷ്ടനാമത്തെ സർവപ്രകാരേണ അർഹിക്കയും ചെയ്യുന്ന മഹാത്മാക്കളായ വി ചാറൽസ്ബൊറോമേയോ, വി. ത്രേസ്യാ, വി. ഇഗ്നേഷ്യസ് തുടങ്ങിയുള്ള നിരവധി പുണ്യാത്മാക്കളുടെ മനോഹര രംഗത്തിലേയ്ക്കു് നമ്മുടെ നേത്രങ്ങളെ തിരിച്ചു് കുറഞ്ഞൊന്നു് വിശ്രമിച്ചു് ആനന്ദിക്കാം. വൃക്ഷത്തെ അതിൻെറ ഫലംകൊണ്ടു വേണം അറിയുവാൻ എന്നാണല്ലോ, നമ്മുടെ കർത്താവു് പഠിപ്പിച്ചരുളിയതു്. ഇപ്രകാരംതന്നെ ഒരു യഥാർത്ഥസഭയെ വ്യാജസഭകളിൽനിന്നും വേർതിരിച്ചറിയുന്നതിനുള്ള ഒരു സാക്ഷാൽ ഉരകല്ലു് ഈ തോതുതന്നെയാണു്. മ്ശിഹായുടെ യഥാർത്ഥസഭയ്ക്കുള്ള പരിശുദ്ധത, ഐക്യം, അപ്പസ്തോലികത്വം എന്നീ മഹനീയ ലക്ഷണങ്ങൾ കത്തോലിക്കാസഭ മാത്രമേ അർഹിക്കുന്നുള്ളു. ഈ സന്ദർഭത്തിൽ കത്തോലിക്കാസഭയൊട്ടുക്കു് നിസ്തുലമായി പ്രകാശിച്ചിരുന്ന ഏററവും കീർത്തിപെട്ട വിശുദ്ധൻ, മെത്രാന്മാരുടെ മാതൃകയും വൈദികരുടെ ആചാര നടപടികളുടെ മഹാസംരക്ഷകനും ആയിരുന്ന വി. ചാറത്സബൊ

റോമേയോ ആയിരുന്നു. ഇദ്ദേഹം ഇററലിയിലുള്ള മിലാൻ പട്ടണത്തിൽ ഏററവും വിശ്രുത കുടുംബങ്ങളിൽ ഒന്നിൽ ജാതനായി. ശൈശവം മുതൽ എന്തിനെ ഉദ്ദേശിച്ചു് പരിശ്രമിച്ചിരുന്നുവോ ആ പുണ്യപരിപൂൎണ്ണതയുടെ യഥാൎത്ഥലക്ഷണങ്ങൾ ആജീവനാന്തം അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഭക്തിയും പരിശ്രമവും ഒന്നുപോലെ സുപ്രസിദ്ധമായിത്തീൎന്നു ഇദ്ദേഹത്തിന്റെ അമ്മാവനായ നാലാം പീയൂസ്പാപ്പാ ചാറത്സിനെ റോമിലേക്കു വിളിച്ചു് തിരുസഭാഭരണത്തിൽ ഭാഗഭാക്കായി നിയമിച്ചു. പിന്നീടു് 22-ാമത്തെ വയസ്സിൽ ഈ യുവവൈദികനെ കർദ്ദിനാൾ സ്ഥാനത്തിലേയ്ക്കും മിലാനിലെ മെത്രാപ്പോലീത്തായുടെ പദവിയിലേക്കും നിയമിച്ചു. ഇദ്ദേഹത്തിന്റെ പക്വബുദ്ധിത്വവും അന്യാദൃശമായ പരിശുദ്ധതയും ചെറുപ്പക്കാരൻ എന്ന ന്യൂനതയെ പരിഹരിക്കുന്നതിനു് പൎയ്യാപ്തമായി. ദൈവപരിപാലന അദ്ദേഹത്തെ ആരോഹണം ചെയ്യാക്കിയ ഉന്നതസ്ഥാനത്തിനു പററിയ സർവ്വയോഗ്യതകളും ഇദ്ദേഹത്തിൽ വിളങ്ങിയിരുന്നു. സർവപ്രധാനമായതും വൈഷമ്യമേറിയതുമായ ത്രെന്തോസ് സൂനഹദോസിന്റെ യോഗനടപടികൾ നടന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. മെത്രാപ്പോലിത്താ, സൂനഹദോസിന്റെ ഉദ്ദേശങ്ങൾ എല്ലാം സഫലീകരിക്കുന്നതിനു് വേണ്ടി തന്റെ സ്വാധീനശക്തിയെല്ലാം വിനിയോഗിക്കാതിരുന്നില്ല. സമ്മേളനത്തെ മംഗളകരമായി പൎയ്യവസാനിപ്പിക്കുന്നതിലേക്കു് ഇദ്ദേഹം അദ്വിതീയമായ ഒരു ഉപകരണമായിരുന്നു എന്നുവേണം പറയുവാൻ. സമ്മേളനത്തിന്റെ മുഖ്യമായ ഉദ്ദേശങ്ങളിലൊന്നു് വൈദികരുടെ ജീവിതനവീകരണമായിരുന്നു. മെത്രാപ്പോലീത്താതന്നെ യോഗനിശ്ചയങ്ങളുടെ പരിപൂൎണ്ണമായ അനുസരണത്തിൽ മാതൃകാപുരുഷനായി പരിലസിച്ചു. റോമിൽ താൻ നിർവഹിച്ചിരുന്ന ഉന്നതോദ്യോഗങ്ങൾ രാജിവെച്ചു് തന്റെ രൂപതയിലേക്കു് പിന്തിരിയുന്നതിനു് ദീർഘകാലമായി പ്രതീക്ഷിച്ചിരുന്ന അവസരം ലഭിച്ചതിനാൽ, എല്ലാ മെത്രാന്മാരും സ്വന്ത രൂപതയിൽ വസിക്കണമെന്നുള്ള പുതിയ കാനോൻ നിയമത്തെ അനുസരിക്കുമാറു്, പരിശുദ്ധ പിതാവിനോടു് അഭ്യൎത്ഥിച്ചു സ്വന്ത ആടുകളെ സന്ദർശിക്കുന്നതിനു് അനുമതി ലഭിക്കയുണ്ടായി. ഏറെത്താമസിയാതെ മാർപ്പാപ്പാ പരലോകപ്രാപ്തനായതിനാൽ സ്വന്ത രൂപതയിൽ വസിക്കുന്നതിനു് വിഘാതമായിരുന്ന റോമിലെ ജോലികൾ രാജി വയ്ക്കുയും തന്റെ ധാരാളമായ സമ്പത്തു മുഴുവനും ന്യായാനുസരണമായി വിട്ടുകൊടുക്കുകയും ചെയ്തു. സ്വന്ത ശുശ്രൂഷക്കു് അത്യാവശ്യപ്പെട്ടവരായി ഗണിച്ചിരുന്ന ഭൃത്യന്മാരെ

ഒഴിച്ചു് ബാക്കി ഉണ്ടായിരുന്നവരെയെല്ലാം യോഗ്യതാനുസരണമായ ദാനങ്ങളോടു കൂടി പിരിച്ചുവിടുകയും പട്ടുവസ്ത്രങ്ങളെ തീരെ പരിത്യജിക്കയും ആഡംഭര സൂചകവും അലങ്കാര കാരണവുമായിരുന്ന എല്ലാ ദുർവ്യയങ്ങളെയും വെട്ടിക്കുറച്ചു് അന്യാദൃശമായ ഒരു താപസജീവിതം സ്വീകരിക്കുകയുമാണു് ചെയ്തതു്. ഏററവും നിർദ്ദോഷമായ ഇന്ദ്രിയ സന്തോഷംപോലും അനുഭവിച്ചിരുന്നില്ല. പ്രാത്ഥന, പ്രസംഗം, ക്രൂദാശകളുടെ പരികമ്മം, ഭരണം, എന്നിതുകൾക്കായി സമയം മുഴവനും വിനിയോഗിച്ചിരുന്ന തൻെറ മെത്രാസനവസതിയിൽ വൈദികരെ മാത്രമേ താമസിപ്പിച്ചിരുന്നുള്ളു. എന്നാൽ ഏററവും താണതരം ജോലികൾക്കായി മാത്രം ചുരുക്കം ചില ഭൃത്യന്മാർ ഉണ്ടായിരുന്നുതാനും. അദ്ദേഹത്തിൻെറ കൂടെ താമസിപ്പിച്ചിരുന്ന വൈദികരാകട്ടെ ആശ്രമവാസികളായ സന്യാസികളേപ്പോലെ ജീവിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ നിർബന്ധം. നമസ്കാരത്തിനുള്ള നിശ്ചിത സമയങ്ങളിൽ കൃത്യനിഷ്ഠയോടുകൂടി എല്ലാവരും സന്നിഹിതരായിരിക്കണമെന്നായിരുന്നു നിഷ്കഷ. ഭക്ഷണം എല്ലാവരും ഒരുമിച്ചു് ഒരു ഭക്തഗ്രന്ഥപാരായണം ശ്രദ്ധിച്ചു കൊണ്ടത്രെ കഴിച്ചിരുന്നതു്. വെള്ളി, ശനി, ബുധൻ എന്നീ ദിവസങ്ങളിലും ആഗമന കാലത്തും മാംസം വർജ്ജിച്ചിരുന്നു. തൻെറ അജഗണത്തോടാകട്ടെ ഒരു നല്ലയിടയൻെറ ജീവദൃഷ്ടാന്തമായ പിതൃവാത്സല്യത്തോടു കൂടിയായിരുന്നു വത്തിച്ചിരുന്നതു്. മെത്രാന്മാരുടെ ദീർഘമായ വിദൂരവാസംനിമിത്തം ജനങ്ങളുടെ സ്ഥിതി മാത്രമല്ല, വൈദികരുടെ സ്ഥിതിയും മതബോധവും സന്മാർഗ്ഗനിഷ്ഠയും സംബന്ധിച്ചിടത്തോളം വളരെ ശോചനീയമായ ഒന്നായിരുന്നു. രൂപതയിൽ ക്രമാനുസരണമായ സുകൃതജീവിതത്തെ പരിപാലിക്കുന്നതിനു് അപ്പോഴപ്പോൾ പ്രാദേശിക സൂനഹദോസുകളിൽകൂടി വേണ്ട നടപടികൾ ചെയ്യാതിരുന്നില്ല. ഇതിനും പുറമേ വൈദികവൃത്തി ആഗ്രഹിച്ചിരുന്ന യുവാക്കന്മാക്കു വേണ്ട പഠനവും പരിശീലനവും നൾകി അവരെ യോഗ്യരാക്കുന്നതിനു് വൈദികവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും തീച്ചപ്പെടുത്തി. ഈദൃശങ്ങളായ അഞ്ചു വൈദീക വിദ്യാലയങ്ങൾ സ്ഥാപിക്കയും പിന്നീടു് എല്ലാ സെമ്മിനാരികൾക്കും മാതൃകയായിരിക്കത്തക്കവണ്ണം അത്ര വിശിഷ്ടമായ നിയമങ്ങൾ അവയ്ക്കു ക്രോഡീകരിച്ചു എഴുതികൊടുക്കയും അവ അന്യൂനമായി അനുസരിപ്പിക്കയും ചെയ്തു. രൂപതാഭരണം സംബന്ധിച്ച കാര്യങ്ങളിൽ യാതൊന്നും അദ്ദേഹത്തിൻെറ സൂക്ഷ്മദൃഷ്ടിക്കാകട്ടെ ഭക്തിതീക്ഷ്ണതയ്ക്കാകട്ടെ വിഷയീഭവിക്കാതിരുന്നില്ല. വിസ്തീർണ്ണമായ രൂപതയുടെ എല്ലാ

ഭാഗവും അദ്ദേഹംതന്നെ ചെന്നു സന്ദശിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ഈ ഉദ്ദേശ്യാത്ഥം ചെയ്തിരുന്ന ബുദ്ധിമുട്ടുകളും സഹിച്ചിരുന്ന യാത്രാക്ലേശങ്ങളും വകവെയ്ക്കാതെ സ്വിററ്സർലണ്ട് മുതലായ ദുർഗ്ഗമങ്ങളായ നാടുകൾപോലും സന്ദശിക്കയുണ്ടായി. കാലവിളംബരമെന്യേ ഈ ദൃശ്യങ്ങളായ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി രൂപതയിൽ കടന്നുകൂടിയിട്ടുണ്ടായിരുന്ന ക്രമലംഘനങ്ങളെ ഉന്മൂലനം ചെയ്യുന്നതിനും വൈദികരേയും ജനതതിയേയും ഭക്തിതീക്ഷ്ണതയാൽ എരിയിക്കുന്നതിനും സാധിച്ചു. ഇപ്പോൾ ഇററലിയുടെ മദ്ധ്യഭാഗത്തു് ഏററവും വിഖ്യാതമായി പരിലസിക്കുന്ന മഹനീയ ദേവാലയങ്ങൾ അദ്ദേഹത്തിൻെറ പ്രേരണനിമിത്തമാണ് അന്നു് പണികഴിപ്പിക്കപ്പെടുവാൻ ഇടയായതു് എന്നുള്ളതു സ്മരണീയമാണ്. ഈ അക്ഷീണ പരിശ്രമങ്ങൾ നടത്തികൊണ്ടിരുന്ന കാലത്തുപോലും തൻെറ അദ്ധ്യാത്മികമായ പുണ്യപരിപൂൎണ്ണതയിൽ നിരന്തരമായി ഉദ്യുക്തനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതം നോക്കിയാൽ മിക്കവാറും ഇടമുറിയാതുള്ള പ്രാത്ഥനയായിരുന്നു എന്നുപറയാം. ഇദ്ദേഹത്തിൻെറ താപസക്രിയകൾ അധികമായി വദ്ധിക്കയും + പ്രതിദിനം പാപസങ്കീത്തനം ചെയ്യുകയും ചെയ്തിരുന്നു.

എന്നാൽ ഈ അന്യാദൃശ്യവും പരിപൂൎണ്ണവുമായ ഒരു ജീവിതം നയിച്ചിരുന്ന ഈ വിശുദ്ധനും കഷ്ടാരിഷ്ടതകളാൽപരിശോധിക്കപ്പെടാതിരുന്നില്ല. ആരുടെ ദുർഗ്ഗുണം അദ്ദേഹം ശാസിക്കയും ശിക്ഷിക്കയും ചെയ്തുവുണ്ടായോ ആ ആളുകൾ അദ്ദേഹത്തെ എത്രയും കഠിനമായി അപകീത്തിപ്പെടുത്തിയിരുന്നതുമല്ലാതെ ഒരിക്കൽ അദ്ദേഹത്തിൻെറ ജീവഹാനിവരുത്തുവാൻകൂടി ഉദ്യമിക്കയുണ്ടായി. എങ്ങനെയെന്നാൽ ഇദ്ദേഹം ഹ്യുമിലിയാത്തി എന്നു പേരുണ്ടായിരുന്ന ഒരു സന്യാസ സഭയെ നവീകരിക്കുന്നതിന് വളരെ താല്പയ്യം ചെയ്തിരുന്നു. ഈ സഭയാകട്ടെ പന്ത്രണ്ടാം നൂററാണ്ടിൽ ജമ്മനിയിലെ കാരാഗൃഹവസതിയിൽനിന്നു് എങ്ങനെയോ സ്വതന്ത്രരായി മടങ്ങിവന്ന ഏതാനും ധനികന്മാരായ മിലാൻ നവാസികളാൽ സ്ഥാപിതമായിരുന്ന ഒന്നായിരുന്നു. ഈ സന്യാസികളാ

---

× ഈ വിശുദ്ധൻെറ സാധാരണ കുമ്പസാരക്കാരൻ മിലാനിലെ കാനോനികനും പെൻസുകാരനുമായ വന്ദ്യഗ്രിഫിത്ത്റോബട്ട്സ് എന്ന ദേഹമായിരുന്നു. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ എട്ടാം ഹെൻറിയുടെ കാലത്തു് രക്തസാക്ഷിയായി മരിച്ച മെത്രാനായ ഫിഷറിൻെറ ഒരു ഛായാപടം നമ്മുടെ കഥാനായകൻ പൂജ്യസമേതം വച്ചു സൂക്ഷിച്ചിരുന്നു. സ്വയം ബഹിഷ്കൃതരായ അനേകം ഇംഗ്ലീഷു വൈദികരെ സ്നേഹപൂർവ്വം സംരക്ഷിക്കയും ചെയ്തിരുന്നു.

കട്ടെ ലോകത്തിൽനിന്നു വേർതിരിഞ്ഞു് സമൂഹമായി ജീവിച്ചിരുന്നുവെങ്കിലും അവരുടെ ഭക്തിതീക്ഷ്ണതയെയും വിനയാതിസൽഗുണങ്ങളും കാലക്രമേണ അശേഷം മന്ദീഭവിച്ച സ്ഥിതിയിലായിരുന്നു. അവരുടെ അനന്തരഗാമികളാകട്ടെ വ്യതിചലിച്ചു് നിശ്ശേഷം താറുമാറായി ദുർമ്മാതൃകാപരമായ ഒരു ജീവിതാവസ്ഥ അവലംബിച്ചിരുന്നു.

അവരുടെ ശ്രേഷ്ഠന്മാരെപ്പോലുംഎത്രതന്നെ ഉപദേശിച്ചാലും സന്യാസഅനുഷ്ഠാനം അനുസരിച്ചു ജീവിക്കുവാൻ അവർ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നു. ഇതിനാൽ പരിശുദ്ധ ചാൾസ് മെത്രാപ്പോലീത്താ ക്രമാനുഷ്ഠാനത്തിനു് അവരെ നിഷ്കർഷമായി നിർബന്ധിക്കയാൽ, പ്രസ്തുത സഭക്കാരിൽ മൂന്നുപേർ ഈ വിശുദ്ധനെ തങ്ങളുടെ പാപകരവും സുഖപ്രദവുമായ ജീവിതത്തെ പ്രതികൂലിച്ചിരുന്ന ശത്രുവായി കരുതി കൊന്നുകളയണമെന്നു് ഗൂഢാലോചന ചെയ്തു. സായംകാലത്തു് തൻെറ അരമനയിൽ തൻെറ കൂടെ രാത്രിജപങ്ങളിൽ സംബന്ധിക്കുന്നതിനായി മെത്രാപ്പോലീത്താ പൌരന്മാരിൽ അനേകം പേരെ സ്വീകരിക്കുക പതിവായിരുന്നു പ്രസ്തുത നിർഭാഗ്യപ്പെട്ട സന്യാസികളിൽ ഒരുവൻ ഒരു അൽമേനിയുടെ വേഷം ധരിച്ചു് പതിവുപോലെ പ്രാർത്ഥിപ്പാൻ വന്നവരോടൊരുമിച്ചു് അരമനയിൽ പ്രവേശിച്ചു് നിറച്ചിരുന്ന ഒരു തോക്കെടുത്തു് "നിങ്ങളുടെ ഹൃദയം കലങ്ങരുതു്" എന്നുള്ള കീർത്തനഭാഗം പാടിയിരുന്ന കൃത്യനിമിഷത്തിൽ മെത്രാപ്പോലീത്തായെ വെടിവെച്ചു. പൊടുന്നനവെ കൂട്ടം മുഴുവനും പരിഭ്രമിച്ചു് എഴുന്നേററു. നമ്മുടെ വിശുദ്ധനാകട്ടെ സമാധാനപൂർവ്വം മുട്ടുകുത്തുവാൻ എല്ലാവരോടും ആജ്ഞാപിച്ചു് യാതൊന്നും സംഭവിക്കാഞ്ഞതുപോലെ പ്രശാന്തനായി ജപം മുഴുവനും പൂർത്തിയാക്കി. ഇതിനിടക്കു് ഘാതകനു അറിയാതെ ഓടി രക്ഷപെടുന്നതിനു സാധിച്ചു. വിശുദ്ധ മെത്രാൻ വെടികൊണ്ടു് മരണകരമായ മുറിവേററതായി തോന്നുകയാൽ തൽക്ഷണം തൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ ഏല്പിച്ചു. എന്നാൽ വെടിയുണ്ട അദ്ദേഹത്തിൻെറ മാംസത്തിനുള്ളിൽ കടക്കാതെ തൊലിപ്പുറമേ സ്പർശിച്ചയുടൻ അദ്ദേഹത്തിൻെറ പാദത്തിങ്കൽ വീഴുകയാണുണ്ടായതു്. മുറിവു പരിശോധിച്ചപ്പോാം അല്പചതവു മാത്രം പററിയതായി കണ്ടു അതു മുറിവെന്നു പറയുന്നതിനു പകരം വിലയേറിയ ജീവനെ അത്ഭുതമായി സംരക്ഷിച്ച വിശിഷ്ട ദൈവപരിപാലനയുടെ ഒരു സ്മാരകം ആയിരുന്നുവെന്നു വേണം പറയുവാൻ. അധികാരികഠം വിശുദ്ധ ചാറത്സിൻെറ അഭ്യർത്ഥനകഠംഅഗണ്യമാക്കാതെഘാതകനായ കുററക്കാരൻ സന്യാസിയെ അന്വേഷിച്ചു് പിടിക്കുകയും വധശിക്ഷ നൽകുകയും ചെയ്തു. താമസംവിനാ ഹ്യൂമിലിയാത്തി എന്ന സന്യാസസ

ഭയെ നവീകരിക്കുവാൻ അസാദ്ധ്യമെന്നു് മാപ്പാപ്പായ്ക്കു ബോധ്യമാകകാൽ അതിനെ അശേഷം നിത്തലാക്കി. ഗൌരവം കൊണ്ടും ആത്മത്യാഗം കൊണ്ടും ഇതിനേക്കാൾ വലുതായ വേറൊരു സന്ദർഭം അദ്ദേഹത്തിനു നേരിടുകയുണ്ടായി. അതു മിലാൻ പട്ടണത്തിൽ ബാധിച്ച സാംക്രമകരോഗത്തിൻെറ അവസരമായിരുന്നു. ധനികന്മാരെല്ലാം പട്ടണം വിട്ടു് ഝടുതിയിൽ ഓടിപ്പോയി. നമ്മുടെ വിശുദ്ധനോടു സ്ഥലം വിട്ടുപോകണമെന്നു് നർബന്ധപൂർവ്വം പലരും അപേക്ഷിക്കാതിരുന്നില്ല. അദ്ദേഹമാകട്ടെ അതിനു വശംവദനാകാതെ "നല്ല ഇടയൻ സ്വജീവനെ സ്വന്തആളുകൾക്കുവേണ്ടി ബലി കഴിക്കും" എന്നുള്ള ദിവ്യഗുരുവിൻെറ വാക്യം മറുപടിയായി ഉദ്ധരിച്ചു് രോഗബാധിതരായ ആളുകൾക്കു വേണ്ട ശുശ്രൂഷ ചെയ്യുന്നതിനു തന്നെ പരിപൂർണ്ണമായി പ്രതിഷ്ഠിച്ചു. ഇദ്ദേഹത്തിൻെറ ദാനധർമ്മങ്ങൾക്കു് ഒരു കയ്യും കണക്കുമില്ലായിരുന്നു. രാപകൽ രോഗികളുടേയും, മരണാസന്നരായ ആളുകളുടേയും അടുക്കലിരുന്നു് അവരെ സമാശ്വസിപ്പിച്ചും, ദൈവചിത്തത്തിനു് കീഴ്‌വഴങ്ങിയിരിപ്പാൻ ധൈര്യപ്പെടുത്തിയും അവരെ കുമ്പസാരിപ്പിച്ചു് ആത്മശുദ്ധി നൾകിയും വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു. കൈവശമുണ്ടായിരുന്ന പണമെല്ലാം തീന്നപ്പോൾ തൻെറ സ്വത്തുക്കളും തട്ടുമുട്ടു സാമാനങ്ങളും എന്നുവേണ്ട സ്വന്ത കിടക്കപോലും വിററു് അവരെ സംരക്ഷിക്കുകയായി. അവസാനം ദൈവകോപം പട്ടണവാസികളിൽ നിന്നു നീങ്ങി. വിശുദ്ധൻെറ മരണത്തിനു മുമ്പായി സമാധാനവും ഐശ്വര്യവും സ്വന്ത രൂപതയിൽ വീണ്ടും ഉദിച്ചുവരുന്നതു് കണ്ടാനന്ദിക്കുന്നതിനു് ഇടയായി. ഗൌരവമേറിയ അത്യാവശ്യം പ്രമാണിച്ചല്ലാതെ ഈ വിശുദ്ധൻ സ്വന്ത രൂപതയെ ഒരിക്കലും വിട്ടു് പുറത്തുപോയിട്ടില്ല മരണാസന്നനായി കിടന്നിരുന്ന തൻെറ ഇളയപ്പനായ നാലാം പീയൂസ് മാപ്പാപ്പായെ സന്ദർശിച്ചു. നാലാം പീയൂസിൻെറ അന്ത്യസമയത്തു് വി. ഫിലിപ്പു് നേരിയും സന്നിഹിതനായി ശുശ്രൂഷിച്ചിരുന്നു. അദ്ദേഹത്തിനു വേണ്ട അന്തിമ സഹായങ്ങളൊക്കെയും നൾകിയും അദ്ദേഹത്തിൻെറ നിര്യാണാനന്തരം തിരുസ്സഭയുടെ ഭരണത്തിനു് സർവ്വഥാ യോഗ്യനായ ഒരു പിൻഗാമിയെ മാപ്പാപ്പായായി തെരഞ്ഞെടുക്കുന്നതിനു് കർദ്ദിനാൾ സംഘത്തിൽ ഭാഗഭാക്കാകുകയും തൽഫലമായി അഞ്ചാം പീയൂസ് മാപ്പാപ്പായായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ മാപ്പാപ്പായുടെ അന്യാദൃശങ്ങളായ പുണ്യങ്ങൾ മുഖാന്തിരം വിശുദ്ധന്മാരുടെ പട്ടികയിൽ ഇദ്ദേഹത്തിനു് ഒരു സ്ഥാനം ലഭിക്കയുണ്ടായി. നമ്മുടെ വിശുദ്ധൻ 1584 — നവംബർ 3_ാം തീയതി പരലോകപ്രാപ്തനാവുകയും ഇദ്ദേഹത്തിൻെറ ദേഹവിയോഗം അത്യ

ന്തം സ്നേഹിച്ചിരുന്ന മിലാൻ രൂപതക്കാക്കും, തന്റെ വിലയേറിയ ഉപദേശങ്ങളാൽസഹായിച്ചിരുന്ന പരിശുദ്ധ സിംഹാസനത്തിനും തന്റെ ജീവിതവിശുദ്ധിയാൽ പ്രകാശിച്ചിരുന്ന തിരുസഭ ഒട്ടുക്കും അനിവ്വചനീയമായ വ്യസനത്തിന് ഹേതുവായി തീരുകയും ചെയ്തു.

ത്രെന്തോസ് സൂനഹദോസിൽ വച്ചു് ബുദ്ധിസാമത്ഥ്യവും മതതീക്ഷ്ണതയുംകൊണ്ടു് അന്യാദൃശ്യമായി പ്രശോഭിച്ച വേദസാക്ഷികളുടെ ബത്തലൂമ്മെ എന്നു പേരുള്ള വേറൊരു മെത്രാപ്പോലീത്തായോടു് വിശുദ്ധ ചാറത്സിനു് ഹാർദ്ദമായ സ്നേഹാദരവുണ്ടായിരുന്നു. പോർട്ടുഗലിലെ ബ്രാഗന്നാ എന്ന അതിരൂപതയിലെ മെത്രാപ്പോലീത്താ ആയിരുന്ന ഇദ്ദേഹം പോർട്ടുഗാളിലെ സഭയുടെ മഹത്വവും ത്രെന്തോസ് സൂനഹദോസിന്റെ നിയമങ്ങൾ പോട്ടുഗളിൽ അക്ഷരംപ്രതി നടപ്പിൽ വരുത്തുന്നതിനു് ദൈവനിയോഗിതമായ ഉത്തമ ഉപകരണവും ആയിരുന്നു ഇദ്ദേഹം അനേകം പ്രാവശ്യം ചെയ്ത മുട്ടിപ്പായ അഭ്യത്ഥനകളുടെ ഫലമായി മെത്രാപ്പോലീത്താസ്ഥാനം രാജിവെച്ചൊഴിയുന്നതിനു് അനുമതി ലഭിക്കയും തന്റെ ജീവിതാവശിഷ്ടം ഒരു സന്യാസാശ്രമത്തിൽ ഏററവും അജ്ഞാതവും വിനീതവുമായ ഒരു വെറും സന്യാസിയുടെ നിലയിൽ കഴിച്ചുകൂട്ടുന്നതിനു് അദ്ദേഹത്തിനു ഭാഗ്യം സിദ്ധിക്കയും ചെയ്തു. ദരിദ്രന്മാരുടെ നേക്കു് ഇദ്ദേഹത്തിനുണ്ടായിരുന്ന ഉപചിനിസ്സീമമായിരുന്നു. ഇദ്ദേഹം സന്യാസിയായി ജീവിച്ചുവരവെ, അത്യാവശ്യത്തിൽ യാതൊരു നിവൃത്തിയുമില്ലാതെ കഷ്ടപ്പെട്ടിരുന്ന ഒരു ദരിദ്രയായ സ്ത്രീയെ കണ്ടുമുട്ടുകയാൽ സ്വന്ത കിടക്കയെ അവൾക്കു കൊടുത്തുകൊണ്ടു് തന്റെ മുറിയിൽ ശേഷിച്ച ഒരു പഴയ കസേര കിടക്കയായി ഉപയോഗിച്ചിരുന്നു ഈ പരിത്യാഗകൃത്യം ശ്രേഷ്ഠൻ അറിയുവാൻ ഇടയായതു് അനേകവത്സരങ്ങളുടെ ശേഷമത്രെ. ഇങ്ങനെ സകല സൽഗുണപരിപൂർണ്ണനായി വിളങ്ങിയിരുന്ന വിശുദ്ധ മെത്രാപ്പോലീത്താ 1590_ൽ ആണു് മരണം പ്രാപിച്ചതു്.

ഈ കാലഘട്ടത്തിൽ പ്രോട്ടസ്ററൻറു പാഷണ്ഡികൾ പ്രവേശിച്ച എല്ലാ ദേശങ്ങളിലും കത്താലിക്കാസഭക്കു് വിരോധമായി അതിഘോരമായ സമരം നടത്തിക്കൊണ്ടിരുന്നു കലഹപ്രിയന്മാരായ ഈ ഭിന്നകക്ഷികൾ ഏററവും ഭയങ്കരമായ മതഭ്രാന്തികളായി എന്തും പ്രവത്തിച്ചിരുന്നു. ഫ്രാൻസിൽ കാൽവിൻ പ്രഭൃതികൾ ജനശക്തിയെ ഉന്മൂലനം ചെയ്തു. ഒരു ജനാധിപത്യം ഗവമ്മെൻറു സ്ഥാപിക്കുന്നതിനു് ബദ്ധശ്രദ്ധരായിതിന്നു. 9_ാം ചാറൽസു് യുവരാജാവിനെ വധിക്കുന്നതിനു് പലപ്രാവശ്യവും പരിശ്രമിക്കയുണ്ടായി. പ്രോട്ടസ്ററൻറുകാർ കാട്ടിക്കൂട്ടിയ ദൈവദോഷക

രവും ക്രൂരതരവും ആയ അകൃത്യങ്ങളുടെ ബാഹുല്യതയാൽ കോപാവേശിതരായ കത്തോലിക്കാ ജനതതികൾ പ്രതികാരേച്ഛുക്കളായി ചില സാഹസങ്ങളും ചെയ്യാതിരുന്നില്ലാ എന്നുള്ളതു് ശോചനീയം തന്നെ. ഫ്റാൻസ്‌രാജ്യം മതാത്മകമായ ഒരു കൂട്ടപ്പടയുടെ രംഗസ്ഥലമായി പരിണമിച്ചു. നിമേ, അലെസ്, സുമ്മി മുതലായ പട്ടണങ്ങളിൽ പ്രോട്ടസ്റ്റെൻറുകാർ നിരവധി സന്യാസികളേയും വൈദികരേയും വിശ്വാസികളേയും സംഹരിച്ചു. ഓത്തേസ് എന്ന പട്ടണത്തിലെ തെരുവുകളിൽ കൂടി രക്തം ഒഴുകുകയായിരുന്നു. വി: ബത്തലൂമ്മെയ്ശ്ലീഹായുടെ തിരുനാൾദിവസം ഏററവും കഠിനതരവും വഞ്ചനാപരിപൂൎണ്ണവും ആയ സാഹസങ്ങളോടുകൂടി വളരെ കത്തോലിക്കാപ്രഭുക്കന്മാർ പാവു എന്ന സ്ഥലത്തുവെച്ചു് കൊല്ലപ്പെടുകയുണ്ടായി. ഈ ഘോരകൃത്യത്തിൻെറ സ്മരണ ആയിരിക്കണം പിററക്കൊല്ലം വിശുദ്ധ ബത്തലൂമ്മെയ്ശ്ലീഹായുടെ തിരുനാൾദിവസംതന്നെ സംഭവിച്ച കുപ്രസിദ്ധമായ വേറൊരു സംഹാരത്തിന് ഹേതുവായിത്തീൎന്നതു്. ഈ സംഭവത്തിൻെറ യഥാൎത്ഥമായ മൂലചരിത്രം ഇനിയും നിഗൂഢമായിട്ടുതന്നെയാണിരിക്കുന്നതു്. ഈ സംഹാരം കാലേകൂട്ടി ചെയ്ത ദുരാലോചനയുടെ ഫലമോ അഥവാ പെട്ടന്നുവെ ഉണ്ടായ പ്രക്ഷോഭം നിമിത്തമോ സംഭവിച്ചതെന്നു് ഇതുവരേയും തീൎച്ചപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇതിൻെറ പ്രേരണാകൎത്താക്കൾ ആരായിരുന്നുവെന്നുള്ളതുംനിശ്ചയമില്ല.എന്നിരുന്നാലും വക്രബുദ്ധിയും ദുർവൃത്തയുമായിരുന്ന കത്രീൻദ് മേദിച്ചീസ് എന്നപേരായ രാജാവിൻെറ അമ്മയുടെ നിർബന്ധത്താൽ രാജാവിൻെറ സമ്മതത്തോടുകൂടി ആഘോരകൃത്യം നടക്കയുണ്ടായി എന്നു പറയുന്നതിൽ ആക്ഷേപം ഉണ്ടാകുമെന്നു തോന്നുന്നില്ല ഈ കുടിലയായ സ്ത്രീ നാമമാത്രമായ ഒരു കത്തോലിക്കയായിരുന്നു. അവളുടെ ഉദ്ദേശസാദ്ധ്യത്തിന് സാഹായമായിരുന്നിടത്തോളം കാലം പ്രോട്ടസ്റ്റൻറ പാഷണ്ഡതയെ അവൾ അനുകൂലിച്ചിരുന്നു. പിന്നീടു് കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും പരസ്പരം സമാധാനപൂൎവ്വമായിട്ടാണു് കഴിച്ചുകൂട്ടിയതു്. നാവാർലെ രാജകുമാരനും ചാററസിൻെറ സഹോദരിയുമായിനടന്ന വിവാഹം പ്രമാണിച്ചു് ഒട്ടുവളരെ പ്രോട്ടസ്റ്റൻറുകാർ പാരീസിൽ ആഗതരായിരുന്നു. 1592_ആഗസ്ററ് 23_ാം തീയതി ചാറൽസ് രാജാവു് യാതൊരു വൈദികൻെറ സഹകരണമോ, സാന്നിദ്ധ്യമോ കൂടാതെ തടുതിയിൽ ഒരാലോചനാസംഘം വിളിച്ചുകൂട്ടി, പ്രോട്ടസ്റ്റൻറുകാർ ഒരു വിപ്ലവം ഉണ്ടാക്കാൻ ഭാവിക്കുന്നു; തനിക്കു ജീവഹാനി നേരിടുവാൻ പോകുന്നു; ആഘോരകൃത്യം നടക്കുന്നതിനു മുമ്പായി വിപ്ലവകക്ഷികളുടെ ദുരാലോചന

ശിഥിലീകരിക്കണം എന്നിങ്ങനെ പരസ്യമായി പ്രസ്താവിച്ചു. തൽഫലമായി രാജകൊട്ടാരത്തിൽനിന്നും കേൾക്കുന്ന മണിനാദത്തിന്റെ അടയാളത്തിന് ആരാത്രിതന്നെ ഒരു കൂട്ടക്കൊല അവരുടെയിടയിൽ നടത്തണമെന്നും തീർച്ചു ചെയ്തു. നിശ്ചിതസമയം ആസന്നമായപ്പോഴേക്കും പട്ടണത്തിൽ അവിടവിടെയായി താമസിച്ചിരുന്ന യോദ്ധാക്കൾ കഴിഞ്ഞകൊല്ലം പ്രോട്ടസ്റ്റന്റുകാർ ചെയ്ത കൂട്ടക്കൊലയുടെ സ്മരണയാൽ അത്യന്തം കുപിതരായിരുന്ന പട്ടണവാസികളുമായി ഒന്നിച്ചുചേന്ന് പ്രൊട്ടസ്റ്റന്റു കക്ഷിയിലെ പ്രധാനികളെ അവരുടെ കുടുംബാംഗങ്ങളോടുകൂടി വധിച്ചു. അനന്തരം കോപാവേശിതരായ ജനതതി പാഷണ്ഡികൾക്കു സഹായമായി സമരത്തിന് ആയുധപാണികളായ പടയാളികളെ മാത്രമല്ല ശില്പികളെയും വണിക്കുകളേയും എന്നല്ല പ്രായംകൂടി നോക്കാതെ സകലരെയും വാളിനോ തോക്കിനോ ഇരയാക്കുകയും അഥവാ വെള്ളത്തിൽ മുക്കികൊല്ലുകയും ചെയ്കയുണ്ടായി. ഈ പൊതുബഹളത്തിൽ വളരെ കത്തോലിക്കരും കൊല്ലപ്പെട്ടു. ഈ തരത്തിലുള്ള കൃത്യങ്ങൾ ഫ്രാൻസിലെ മററു ചില പട്ടണങ്ങളിലും നടക്കാതിരുന്നില്ല. എന്നിരുന്നാലും അതു രാജ്യമൊട്ടുക്കുള്ള ഒരു പൊതു സംഹാരം അല്ലായിരുന്നു. വൈദികരാകട്ടെ ഈ ഭയങ്കരസന്ദർഭത്തിൽ അപരിമിതമായ ഉപവിയും ദയയും കാണിച്ചിരുന്നു. പാഷണ്ഡികൾ ദീർഘകാലമായി അവരെ അവഹേളിക്കയും, അവരുടെ സഹോദരങ്ങളെ നിഷ്കണ്ടകരമായി വധിക്കയും ചെയ്തിരുന്നുവോ ആ വൈദീകരുടെ സഹായത്താൽ അനേകം പാഷണ്ഡികൾ മരണവിപത്തിൽനിന്നും രക്ഷപെടുകയുണ്ടായി എന്നുള്ളതു് സ്മരണീയമാണ്. ഉദാഹരണത്തിനായി ലിസ്യൂലെ മെത്രാനായിരുന്ന ജോൺ ഹെമ്പേർ എന്നദേഹം മരണശിക്ഷക്കു വിധിക്കപ്പെട്ട ഒട്ടു വളരെ പാഷണ്ഡികൾക്കു് തന്റെ അരമനയെ സങ്കേതമായി തുറന്നു കൊടുത്തു. ലയസി രൂപതയിലും ഇപ്രകാരംതന്നെ സംരക്ഷണ നൾകി എങ്കിലും ജനതതി ബലമായി വീട്ടിൽ കയറി അവിടെ അഭയം പ്രാപിച്ചിരുന്ന വേറെ എല്ലാവരെയും ഹിംസിക്കാതിരുന്നില്ല. ഫ്രാൻസിലെ ചരിത്രത്തിൽ ഏററവും കുപ്രസിദ്ധമായ ഘോരസംഭവം ഇപ്രകാരമാണ് നടന്നിട്ടുള്ളതു്. അതിന്റെ കാരണകർത്താക്കൾ ആരുതന്നെയായിരുന്നാലും അതിന്റെ സാഹചര്യങ്ങൾ എങ്ങിനെ ആയിരുന്നാലും തിരുസഭക്കു അതിൽ യാതൊരു പങ്കും ഉണ്ടായിരുന്നില്ലാ എങ്കിലും ഇടത്തൂട്ടുകാർ തിരുസഭയെ ഈ ഘോരകൃത്യത്തിൽ ഭാഗഭാക്കായിരുന്നു എന്നനിലയിൽ കുററം ആരോപിക്കാൻ സർവഥാ ശ്രമിച്ചിട്ടുണ്ടു്. ഈ സംഭവം നടന്നഉടനെ രാജാവു് 13-ാം ഗ്രിഗറിമാർപ്പാപ്പായുടെ പക്കൽ ഒരു ദൂതനെ അയ

ച്ചു് തനിക്കു ജീവഹാനി വരുത്തുന്നതിനും തന്റെ ഭരണത്തെ ഭഞ്ജിക്കുന്നതിനുമായി ഒരു ഗൂഢാലോചന നടത്തുന്നതായി കണ്ടു പിടിക്കപ്പെടുകയും തന്നിമിത്തം അതിന്റെ കാരണഭൂതന്മാരെ പിടിച്ചു് മരണശിക്ഷ അനുഭവിപ്പിച്ചതിനോടുകൂടി താൻ മരണാപത്തിൽനിന്നു രക്ഷപെടുകയും കൂട്ടപ്പടയുടെ വിനാശങ്ങളിൽനിന്നു് രാജ്യം സ്വതന്ത്രമാക്കുകയും ചെയ്തിരിക്കുന്നുവെന്നു് പരിശുദ്ധ പിതാവിനെ ബോധിപ്പിച്ചു. ഈ വ്യാജസന്ദേശത്താൽ വഞ്ചിതനായ മാർപ്പാപ്പാ ദൈവത്തിനു പരസ്യമായി സ്തോത്രഗീതം പാടുന്നതിനും ഇത്രവലിയ വിപത്തിൽനിന്നു് രക്ഷപ്രാപിച്ചതിന്റെ സ്മാരകമായി ഒരു കാശുരൂപം കൊത്തിക്കപ്പെടുന്നതിനും ആജ്ഞാപിച്ചു. എങ്കിലും സംഭവത്തിന്റെ വാസ്തവമായ വിവരം പരിശുദ്ധപിതാവറിയുന്നതിനു മുൻപുതന്നെ ഇത്രവളരെ ക്രിസ്ത്യാനികൾക്കു വന്നുകൂടിയ നിർഭാഗ്യത്തെപ്പററി അശ്രുധാര ഒഴുക്കുകയും എത്രയോ നിർദ്ദോഷികളായ ആത്മാക്കൾ സാക്ഷാൽ കുററക്കാരോടുകൂടി പീഡ അനുഭവിച്ചിരിക്കണം എന്നു നിലവിളിച്ചു് പറകയുണ്ടായി.

ഈ കാലഘട്ടത്തിൽ തിരുസഭയിൽ പലേ സന്യാസസഭകൾ ഏർപ്പെടുത്തപ്പെട്ടു നാലാം പൌലോസ് മാർപ്പാപ്പായാൽ സ്ഥാപിതമായ തെയററീൻ സഭക്കാർ അവരുടെ പരോപകാര ശുശ്രൂഷയുടെ അനുഗ്രഹങ്ങൾ സർവത്ര വർഷിച്ചുകൊണ്ടിരുന്നു. അതേസമയം തന്നെ ബർണ്ണബീത്തർ എന്ന സന്യാസികൾ ദൈവവചനം ജനങ്ങളോടു പ്രസംഗിക്കുകയും യുവജനങ്ങൾക്കു വിദ്യാഭ്യാസം നൾകുകയും ചെയ്യുന്നതിൽ തങ്ങളുടെ ജീവിതത്തെ പ്രതിഷ്ഠിച്ചിരുന്നു. ദൈവത്തിന്റെ വിശുദ്ധ യോഹന്നാൻ എന്ന മഹാത്മാവു് സ്പെയിനിൽ ഗ്രാനാഡാ എന്ന പട്ടണത്തിൽ രോഗപരിചരണാർത്ഥം ഉപവിയുടെ ഒരു സഹോദരസമൂഹത്തെ ഏർപ്പെടുത്തി നടത്തിവന്നു. ആ കാലഘട്ടത്തിൽ തന്നെയാണു് ഫ്രാൻസീസ് അസീസിയുടെ സഭയെ നവീകരിച്ച റെക്കൊള്ളക്കി എന്ന സന്യാസികളും ആ സഭയുടെ പൂർവപട്ടങ്ങൾ യഥാർത്ഥസ്ഥിതിയിൽ പരിപൂർണ്ണശുദ്ധിയോടും നിഷ്ഠയോടുംകൂടി അനുസരിച്ചു വരുന്നതിനു് പുനരാരംഭിച്ചതു്. കീർത്തിപെട്ട വിശുദ്ധ ഫിലിപ്പു് നേരി ഒരറേററര്യൻ സഭയെ സ്ഥാപിച്ചതും ഈ കാലഘട്ടത്തിലാണു്. അതിലെ അംഗങ്ങൾ ഇംഗ്ലണ്ടിലും വേലചെയ്യുന്നതു് നമുക്കനുഭവമാണല്ലോ. 1515_ൽ ഇററലിയിൽ ഫ്ളോറൻസു പട്ടണത്തിൽ ജാതനായ ഇദ്ദേഹം ശൈശവം മുതൽ അന്യാദൃശ ഭക്തിയുടേയും ഏകാന്ത ജീവിതത്തിന്റേയും ലക്ഷ്യങ്ങൾ പ്രദർശിപ്പിച്ചിരുന്നു. അന്നത്തെ ശാസ്ത്രീയ ലോകത്തിൽ അദ്വിതീയമാ

യ ഒരു സ്ഥാനമായിരുന്നു ഇദ്ദേഹത്തിനുണ്ടായിരുന്നതു് എങ്കിലും ഈ ശോമ്ശിഹായെപ്പററിയുള്ള ജ്ഞാനം സ്നേഹം ഇവയോടു തുലനംചെയ്താൽ മററുള്ള സകല ശാസ്ത്രങ്ങളും വെറും മായമായി അദ്ദേഹം പരിഗണിച്ചിരുന്നു. ഇദ്ദേഹത്തിനു ദൈവം വിശേഷമായ ആത്മീയാശ്വാസങ്ങളെ നൽകിയിരുന്നതിനും പുറമെ അത്ഭുതങ്ങളുടേയും ദീർഘദർശനങ്ങളുടേയും വരവും, തൻെറ അടുക്കൽ വന്നിരുന്ന ഇതരന്മാരുടെ ഹൃദയവികാരങ്ങളെ അഗാധമായി ഗ്രഹിക്കുന്നതിനുള്ള സ്വഭാവാതീതമായ വരവും അദ്ദേഹത്തിനു നൽകിയിരുന്നു. അദ്ദേഹത്തിൻെറ ജീവിതം മുഴുവനും നിരന്തരമായ ഒരത്ഭുതമായിരുന്നു എന്നു വേണം പറയുവാൻ. അദ്ദേഹം നിത്യപട്ടണമായ റോമിൽ തൻെറ പ്രേഷിതവേല നിർവഹിക്കണമെന്നായിരുന്നു ദൈവതിരുമനസ്സ്. അവിടെ നടത്തിയിട്ടുള്ള പരസ്നേഹപ്രവൃത്തികൾ മുഖാന്തിരം അദ്ദേഹത്തിനു റോമിലെ അപ്പസ്തോലൻ എന്ന പേരുകൂടി സിദ്ധിച്ചിട്ടുണ്ടു്. 1551_ലത്രേ ഒരറേറര്യൻ സഭ അദ്ദേഹത്താൽ സ്ഥാപിതമായതു്. ആ സഭാംഗങ്ങൾ ആശ്രമജീവിതക്കാരാണെങ്കിലും അവർക്കു പ്രത്യേക വ്രതങ്ങൾ ഒന്നുമില്ല. അതിലെ ആദ്യസഭാംഗങ്ങളിൽ ഒരാളായിരുന്നു കീർത്തിപെട്ട ബറോനിയൂസ് കർദ്ദിനാൾ; സഭാചരിത്രകർത്താവും പണ്ഡിതശിരോമണിയുമായ ഇദ്ദേഹം അസാമാന്യ പുണ്യശ്ലോകനും പരമാർത്ഥബുദ്ധിയുമായിരുന്നു. 13ാം ഗ്രിഗരിയോസ് മാർപ്പാപ്പാ 1554_ൽ ഈ സഭയെ സ്വീകരിക്കുകയും വള്ളിസെല്ല എന്ന സ്ഥലത്തുള്ള ദേവമാതാവിൻെറ ദേവാലയം ഈ സഭക്കാർക്കു് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഈ വിശുദ്ധൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ഫ്ളോറൻസ്, നേപ്പിൾസ്, ലൂക്ക, ഹിമ്മോ, പാദുവാ, തുടങ്ങിയുള്ള ഒട്ടുവളരെ പട്ടണങ്ങളിൽ തൻെറ സഭാവക ആശ്രമങ്ങൾ സ്ഥാപിതമായി കാണുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. നമ്മുടെ കാലത്തുതന്നെ അദ്ദേഹത്തിൻെറ ആത്മീയസന്താനങ്ങൾ ലണ്ടനിലും ബർമിങ്ഹാമിലും, ഓരോ സന്യാസമന്ദിരങ്ങൾ പണികഴിപ്പിക്ക ഉണ്ടായി. ഈ വിശുദ്ധൻ അനേകം മാർപ്പാപ്പാമാരുടേയും വിശുദ്ധ ചാറത്സ്, ബൊറോമ്മയോ തുടങ്ങിയുള്ള മററനേകം മഹാത്മാക്കളുടേയും ശാസ്ത്രികളുടേയും സ്നേഹഭാജനമായിരുന്നു. തൻെറ അന്ത്യദിനത്തിൽ കർത്താവു തനിക്കു അധികവേദനയും കൂടുതൽ സഹനശക്തിയും കൊടുക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഇടവിടാതുള്ള പ്രാർത്ഥന. 1595_ മേയ്മാസത്തിൽ അദ്ദേഹം അത്യാസന്നമരണനായിത്തീരുകയും സ്വപുത്രനായ കർദ്ദിനാൾ ബറോനിയൂസിൻെറ കയ്യിൽനിന്നു് ഒടുക്കത്തെ ഒപ്പുശുശ്രൂഷമായും ഫ്രഡറിക്ക് ബൊറോമെയോയുടെ കയ്യിൽ നിന്നും അന്തിമപാഥേയമായി വിശു

ദ്ധ കുർബാന സ്വീകരിക്കയുമുണ്ടായി. തൽക്ഷണം അദ്ദേഹം പരിപൂർണ്ണാരോഗ്യം പ്രാപിക്കയും തന്റെ നിർവ്വാണദിവസം പരിപൂർണ്ണശാന്തതയോടുകൂടി പ്രവചിക്കയും ചെയ്തു. മരിക്കുന്നതിനു് മൂന്നു ദിവസം മുമ്പു് അനിതരസാധാരണമായ ആത്മിയാനന്ദവും സ്നേഹപാരവശ്യവും അനുഭവിക്കയും മെയ് 25_ാം തിയതി രാത്രി ബറോനിയസ് ആത്മാവിനെ സമർപ്പിക്കുന്ന ജപം ചൊല്ലുകയിൽ സമാധാനപരിപൂർണ്ണനായി 82_ാംത്തെ വയസ്സിൽ തന്റെ പാവനമായ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ ഏല്പിക്കയും ചെയ്തു

ഈ കാലഘട്ടത്തിൽ ഉദിച്ചുശോഭിച്ച എല്ലാ സന്യാസസ്ഥാപനങ്ങളിലും വച്ചു് ഏററവും കീർത്തിപെട്ടപ്പ് പരിശുദ്ധ ത്രേസ്യാ നവീകരിച്ച കർമ്മലീത്താ നിഷ്പാദുകസഭയായിരുന്നു. ഈ അസാമാന്യ പുണ്യവതി, വിശുദ്ധ ഫിലിപ്പു്നേരി ഭൂജാതനായ ആ അവസരത്തിൽ തന്നെയാണു് സ്പെയിനിലെ ആവിലാപട്ടണത്തിൽ ജാതയായതു്. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ ഒരാൾ ഉച്ചത്തിൽ വായിക്കുക, ഈ കന്യകയുടെ കുടുംബത്തിലെ ഒരു പതിവായിരുന്നു. ത്രേസ്യാക്കുട്ടി പുണ്യവാന്മാരുടെ ജീവിതവൃത്താന്തങ്ങളിൽ വളരെ അഭിരുചി പ്രദർശിപ്പിക്കുകയും പലപ്പോഴും അവൾ തനിച്ചും ചിലപ്പോൾ തന്റെ സഹോദരനോടൊരുമിച്ചും അവയെ പല ആവർത്തി വായിച്ചിരുന്നു. സർവ്വോപരി അവരുടെ പിഞ്ചുഹൃദയങ്ങളിൽ അത്യാഹർഷണം ജനിപ്പിച്ചതു് വേദസാക്ഷികളുടെ ചരിത്രമായിരുന്നു. മ്ശിഹായുടെ സ്നേഹത്തെപ്രതി രക്തസാക്ഷികളായി മരിക്കണമെന്നുള്ള അതിയായ വാഞ്ഛയും പരസ്പരം അറിയിക്കാതിരുന്നില്ല. അവരുടെ ബാലിശമായ ഈ ഭക്തിതീക്ഷ്ണത തുലുക്കരുടെ ഇടയിൽ വേദം അറിയിച്ചു് രക്തസാക്ഷി കിരീടം പ്രാപിക്കുന്നതിനു് ആഫ്രിക്കായിലേക്കു പുറപ്പെടുവാൻ തക്കവണ്ണം അവരെ പ്രേരിപ്പിക്കയുമുണ്ടായി എങ്കിലും അവരുടെ യാത്രാമദ്ധ്യേ അവരുടെ ഇളയപ്പനെ കണ്ടുമുട്ടുകയാൽ അദ്ദേഹം സ്വഗൃഹത്തിലേക്കു് തിരികെ കൊണ്ടുപോന്നു. ആഗ്രഹിച്ചതുപോലെ വേദസാക്ഷികളാകാൻ സാധിക്കാഞ്ഞതുകൊണ്ടു് വനവാസജീവിതം നയിക്കാമെന്നാണു് ഇരുവരും തീർച്ചയാക്കിയതു്. അവർ തങ്ങളുടെ തോട്ടത്തിൽ ഒരു ചെറിയ പ്രാർത്ഥനാലയം ഉണ്ടാക്കി അതിൽ പലപ്പോഴും ചെന്നു പ്രാർത്ഥിച്ചിരുന്നു. ഈ ഭക്തചിന്തകളെല്ലാം താമസംവിനാ ത്രേസ്യായുടെ ഹൃദയത്തിൽ നിന്നു മാറിപ്പോയി അവളുടെ അമ്മ മരിച്ചപ്പോൾ അവൾക്കു് 12 വയസ്സു പ്രായമുണ്ടായിരുന്നതേയുള്ളൂ. നിരന്തര ശ്രദ്ധാലുവും ഉത്തമ മാർഗ്ഗദർശിനിയും ആയിരുന്ന സ്വമാതാവിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതോടുകൂടി ത്രേസ്യാ ഓരോ രസകരങ്ങളായ ക

ധ്യാനപാരായണത്തിനും ലൌകിക വിനോദങ്ങൾക്കും ഉല്ലാസങ്ങൾക്കും വശംവദയായിത്തീൎന്നു എങ്കിലും ദൈവത്തിനു വിരോധമായി യാതൊരു പാപവും ചെയ്യാതിരിപ്പാൻ അതിയായ ഭയം അവളിൽ സദാ ഉണ്ടായിരുന്നു. ഈ അപകടാവസ്ഥ ഗ്രഹിച്ച പിതാവു് ത്രേസ്യായെ ആഗസ്റ്റീൻ സഭക്കാരായ കന്യകകളുടെ ഒരു മഠത്തിൽ ചേൎത്തു. പുണ്യവതികളായ കന്യകമാരുടെ ഉത്തമ ദൃഷ്ടാന്തം അവളുടെ ഉള്ളിൽ ഗാഢമായി സ്പർശിക്കയാൽ ലോകത്തെ അശേഷം പരിത്യജിച്ചു് പാപഹേതുക്കളിൽനിന്നു് അകന്നിരിക്കുവാൻ തീൎച്ചയാക്കി കാലവിളംബമെന്യേ ആവിലാപട്ടണത്തിലുള്ള ഇങ്കർണ്ണേഷ്യൻ എന്നു പേരായ കർമ്മലിത്താമഠത്തിൽ പ്രവേശിക്കയും 1536-ാം വത്സരത്തിൽ തന്റെ 21-ാമത്തെ വയസ്സിൽ സഭാവസ്ത്രം സ്വീകരിക്കയും ചെയ്തു. ഇപ്രകാരം ദൈവശുശ്രൂഷക്കു തന്നെ മുഴുവനും സമൎപ്പിച്ചുകഴിഞ്ഞപ്പോൾ തന്റെ ഹൃദയം കവിഞ്ഞൊഴുകിയ സ്വൎഗ്ഗീയ ആനന്ദങ്ങളെപ്പററി പുണ്യവതിതന്നെ സ്വന്തകൃതിയിൽ വിവരിച്ചിട്ടുണ്ടു്. അനേകം വൎഷങ്ങൾ തുടരെ പുണ്യവതിയെ ബാധിച്ചിരുന്ന രോഗപീഡകൾ വിസ്മയനീയക്ഷമയോടുകൂടി സഹിച്ചു. അതിനിടക്കു് നിരവധി സ്വൎഗ്ഗീയ വരങ്ങൾ ലഭിച്ചിരുന്നുവെങ്കിലും മന്ദഭക്തിയോടുകൂടെയും ദൈവവരപ്രസാദത്തിനനുസരണമില്ലാതെയും കഴിച്ചുകൂട്ടിയ ഒരു കാലഘട്ടമായിട്ടത്രേ ആ സമയത്തെപ്പററി പുണ്യവതി പറഞ്ഞിരിക്കുന്നതു്. ദൈവമാകട്ടെ ഈ പുണ്യവതി പരിശുദ്ധയുടെ ഏററം ഉന്നതകൊടുമുടികളിലേക്കു് കയറുന്നതിനായിട്ടാണു് വിളിച്ചിരുന്നതു്. തന്റെ ദിവ്യമണവാളൻ ചൊരിഞ്ഞിരുന്ന വിശിഷ്ടവരങ്ങൾ മുഖാന്തരം അവളുടെ തെററുകളെല്ലാം തിരുത്തി ആശാപാശങ്ങളെ അശേഷം ജയിച്ചു് ഏററം പരിപൂൎണ്ണമായ ഒരു ജീവിതം നയിക്കുന്നതിനു് അതിതീവ്രമായ ഒരാഗ്രഹം അവളുടെ ഉള്ളിൽ കടന്നുകൂടി. ആദ്ധ്യാത്മീയജീവിതത്തിൽ ത്രേസ്യാ പ്രാപിച്ച അഭിവൃദ്ധി അവളുടെ സ്വൎഗ്ഗീയ പാതയിൽ അവളെ അനുഗമിക്കുന്നതിനു് ധൈൎയ്യവും ആത്മശക്തിയും ഇല്ലാതിരുന്ന മററു കന്യകമാരെ ആശ്ചൎയ്യപരതന്ത്രരാക്കിത്തീൎത്തു. പുണ്യവതി താമസിച്ചിരുന്ന മഠത്തിൽ പൂൎവ്വികകർമ്മലീത്താ സഭയുടെ ക്രമാനുഷ്ഠാനത്തിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയത്രേ സ്വീകരിച്ചിരുന്നതു്. ത്രേസ്യായാകട്ടെ പൂൎവ്വികകർമ്മലീത്താസഭയുടെ യഥാൎത്ഥമായ പുണ്യപരിപൂൎണ്ണതയിൽ അതിനെ നവീകരിച്ചു് പ

രിഷ്കാഷിപ്പിക്കുന്നതായാൽ ആവേല തന്റെ സഹോദരികൾക്കു് സന്തോഷകരമായിരിക്കുമെന്നു് പ്രസ്താവിച്ചു. എന്നാൽ തന്റെ ഉദ്ദേശം പുണ്യവതി പ്രസ്താവിച്ചപ്പോൾ അവൾ ഒരു മായാശ്ശിനിയായും ഹാസ്യവിഷയമായിട്ടും ശബ്ദിക്കപ്പെടുകയാണുണ്ടായതു്. അതു പ്രവൎത്തിയിൽ വരുത്തുന്നതിനു് സകലവിധ വിഘ്നങ്ങളും ഉണ്ടാകാതിരുന്നില്ല. എങ്കിലും തന്റെ പരമോദ്ദേശ്യത്തെ ഈ വീരകന്യക കൈവെടികയുണ്ടായില്ല. മാത്രമല്ല പ്രതിബന്ധങ്ങൾ അഭിമുഖീകരിച്ചപ്പോഴൊക്കെയും കൂടുതൽ കൂടുതൽ ധൈൎയ്യവും ശക്തിയും പ്രാപിക്കയാണുണ്ടായതു്. അവസാനം തന്റെ പ്രയത്നങ്ങളുടെ ഫലമായി തന്റെ പ്രേമമദ്ധ്യസ്ഥനായ വിശുദ്ധ യൌസേപ്പു് പിതാവിന്റെ നാമധേയത്തിൽ 1562_ൽ ആവിലാപട്ടണത്തിൽ നവീകൃതമായ കൎമ്മലീത്താസഭയുടെ ഒന്നാമത്തെ ആശ്രമം സ്ഥാപിക്കുന്നതിനുള്ള ഭാഗ്യം പുണ്യവതിക്കു സിദ്ധിച്ചു. ഈ വിശുദ്ധ പ്രവൃത്തിയിൽ വരുത്തുവാനുദ്ദേശിച്ച പ്രധാന പുണ്യാഭ്യാസങ്ങൾ ധ്യാനവും ഇന്ദ്രിയനിഗ്രഹവുമായിരുന്നു ലോകത്തോടു വിരക്തയായി ഇരിക്കണമെന്നുള്ള സഭാനിയമം ഏററവും കണിശമായി പുണ്യവതി പ്രവൃത്തിയിൽ വരുത്തി. കാഴ്ചമുറികളിലേക്കുള്ള സ്വാതന്ത്ര്യപ്രവേശനം നിയന്ത്രിക്കയും ലോകത്തോടുള്ള കത്തിടപാടുകൾ നിൎത്തലാക്കുകയും അത്യാവശ്യപ്പെട്ട സംസാരം പോലും കഴിയുന്നതും ഹ്രസ്വവും ദുൎല്ലഭവും ആയിരിക്കണമെന്നു നിശ്ചയിക്കയും ചെയ്തു. സൎവ്വോപരിപുണ്യപരിപൂൎണ്ണതയുടെ ഉന്നത പദവികളിൽ കയറുന്നതിനു് ആസക്തിയുള്ളവൾക്കു് വിവേകവും, പരിജ്ഞാനമുള്ള ആത്മീയ മാൎഗ്ഗദൎശികൾ അത്യാവശ്യമാണെന്നു് പുണ്യവതിക്കു് നല്ല ബോധ്യം വന്നിട്ടുണ്ടായിരുന്നതിനാൽ തന്റെ മഠങ്ങളിലെല്ലാം പരിശുദ്ധരും സമൎത്ഥന്മാരുമായ കുമ്പസാരക്കാരെ ഏൎപ്പെടുത്തിക്കൊടുത്തിരുന്നു ഈ തന്റെ സഭക്കാരായ കന്യകമാരുടെ ജീവിതക്രമത്തെ പുതുക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ കൎമ്മലീത്താസന്യാസികളുടെ ജീവിതമുറയെ പരിഷ്കരിക്കുന്നതിനു് അത്ര കാംക്ഷയുള്ളവളായിരിക്കത്തക്കവണ്ണം ഈ വിശുദ്ധയുടെ ഭക്തിതീക്ഷ്ണത അത്ര വലുതായിരുന്നു. ഈ ഉദ്ദേശം സാധിക്കുന്നതിനു് വളരെ പ്രയാസം സഹിക്കേണ്ടിവരുമെന്നു് പുണ്യവതിക്കു് അറിയാമായിരുന്നുഎങ്കിലും ദൈവസ്തുതിക്കായി അഭങ്ങ പ്രേരണയാൽ സമാരംഭിക്കുന്ന കാൎയ്യങ്ങൾ അവിടുന്നുതന്നെ ആശീൎവ്വദിച്ചു് മംഗളകരമാക്കിത്തീൎക്കുമെന്നു്, അവളുടെ ഏക അഭയസ്ഥാനവും ബലവുമായ ദൈവത്തിൽ പൂൎണ്ണ പ്രത്യാശ അവൾക്കുണ്ടായിരുന്നു. തന്റെ ഉദ്ദേശത്തെപ്പററി കൎമ്മലീത്താസഭയുടെ പ്രാദേശിക ശ്രേഷ്ഠനുമായി ആലോചി

ച്ചതിൽ പ്രഥമതഃ അവളെ വളരെ അധൈര്യപ്പെടുത്തുകയാണു് അദ്ദേഹം ചെയ്തതു്. പിന്നീടാവട്ടെ അവളുടെ സദുപദേശങ്ങൾ പ്രായേണ ശ്രവിച്ചു് ഒടുവിൽ അവളുടെ അഭിലാഷങ്ങളെ ഹാർദ്ദമായി സ്വീകരിച്ചു. നവീകൃതമായ കർമ്മലീത്താസഭയുടെ വസ്ത്രം സ്വീകരിച്ച ആദ്യ സന്യാസി യോഹന്നാൻ ക്രൂസ് എന്നു പേരായ അച്ചനായിരുന്നു. × ഇദ്ദേഹത്തിന്റെ മാതൃകയെ മററനേകം സന്യാസ വൈദികരും അനുകരിക്കയുണ്ടായി വിശുദ്ധ ത്രേസ്യായുടെ നവീകരണം സ്വീകരിച്ച സഭാംഗങ്ങൾ നിഷ്പാദുക കർമ്മലീത്തർ എന്നാണു വിളിക്കപ്പെടുന്നതു്. വിനയം, ആശാനിഗ്രഹം, ഭക്തി, കഷ്ടാനുഭവങ്ങളുടേയും കുരിശിന്റേയും നേർക്കുള്ള പ്രതിപത്തി ഇത്യാദി പുണ്യങ്ങളുടെ വിളനിലമായിരുന്ന വിശുദ്ധ യോഹന്നാൻ ക്രൂസ്. കർമ്മലീത്താസഭയുടെ പൂർവ്വിക നവീകരണത്തിനു പുണ്യവതി ചെയ്തുകൊണ്ടിരുന്ന അശ്രാന്ത പരിശ്രമത്തിൽ ഈ അമ്മക്കു് ഗണ്യമായ ഒരു പിൻതാങ്ങും പ്രേരകനും ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും അത്ഭുതങ്ങളുടെ കീർത്തിയും നിമിത്തം പുണ്യവാന്മാരുടെ പട്ടികയിൽ ഒരു സ്ഥാനം ഇദ്ദേഹത്തിനു ലഭിച്ചു. വിശുദ്ധ ത്രേസ്യായുടെ ജീവിതകാലത്തുതന്നെ നവീകൃത കർമ്മലീത്താസഭ വകയായി 16 കന്യകാമന്ദിരങ്ങളും 14 സന്യാസാശ്രമങ്ങളും പണികഴിപ്പിക്കപ്പെട്ടു പുണ്യവതിയുടെ സഭ കാലതാമസം കൂടാതെ ക്രിസ്തീയ ലോകമൊട്ടുക്കു് വ്യാപൃതമാകുകയും ചെയ്തു. കടശി ദൈവമഹത്വത്തിനായി ഈ ബുദ്ധിമുട്ടുകളും കഷ്ടതകളും സഹിക്കുവാൻ തന്നെ അനുവദിച്ച കരുണാവത്സലനായ ദൈവത്തെ അഭിനന്ദിച്ചുകൊണ്ടു് ഈ സ്രാപ്പേക്കടുത്ത കന്യക 1582-ഒക്ടോബർ 14-ാംനു- നിര്യാതയായി. ആദ്ധ്യാത്മികജീവിതം സംബന്ധിച്ചു് അനേകം വിലയേറിയ കൃതികൾ ഈ പുണ്യവതി എഴുതിയിട്ടുള്ളതിനു പുറമേ തന്റെ ആത്മീയ നേതാവിന്റെ ആജ്ഞാനുസരണം വിവരിച്ച സ്വന്ത ജീവചരിത്രവും പുണ്യജീവിതത്തിനു് അത്യന്തം പ്രയോജനകരമായും, ജ്ഞാനനിധിയായും എല്ലാവരാലും വിലമതിക്കപ്പെടുന്നു. ഈ പ്രബന്ധങ്ങളിൽ തന്റെ ജീവിതകാലം മുഴുവനേയും വിശേഷവിധിയായി അലങ്കരിച്ചിരുന്ന ജാജ്ജ്വല്യമായ ദൈവസ്നേഹവും കഷ്ടാനുഭവ തല്പരതയും ലോകവിരക്തിയും അത്യഗാധമായ വിനയവും വിളങ്ങുന്നുണ്ടു്. മരണപര്യന്തം വിസ്മയകരങ്ങളായ സ്വർഗ്ഗീയ വെളിപാടുകളും, ദൈവസംഭോ

---

× വ. കുരിശിന്റെ യോഹന്നാൻ 1926 ആഗസ്ററു് 24-ാം നു- 11-ാം പീയൂസ് മാർപ്പാപ്പാ "രഹസ്യദൈവശാസ്ത്ര"ത്തിന്റെ വേദപാരംഗതൻ എന്നു് മഹനീയ പദത്തിലേക്കു് ഇദ്ദേഹത്തെ ഉയർത്തി.

ഷണങ്ങളും ഈ പുണ്യവതിയിൽ നിരന്തരമായി പ്രത്യക്ഷപ്പെട്ടിരുന്നു. അവളുടെ ഹൃദയത്തിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നിയെപ്പററി പറഞ്ഞറിയിക്കുന്നതിനു് പലപ്പോഴും സാധിക്കാതെ വന്നിട്ടുണ്ടു്. പലഅവസരങ്ങളിലും ഈ സുകൃതിനിയിൽ ഉണ്ടായ ആത്മീയ പാരവശ്യങ്ങളിൽനിന്നു് അവരെ ഉണർത്തുവാൻ മനുഷ്യശക്തിക്കു് അസാദ്ധ്യമായിരുന്നു. ചില സന്ദർഭങ്ങളിൽ ഇവളിൽനിന്നു് നിർഗ്ഗമിച്ചിട്ടുള്ള വാക്കുകളിൽ ചിലതെല്ലാം ഇപ്രകാരമായിരുന്നു "അഹോ! എന്റെ ദൈവമേ ഒന്നുകിൽ എന്റെ ഹൃദയത്തെ ഏററം വിസ്തൃതമാക്കേണമേ! അല്ലെങ്കിൽ അങ്ങയെ വരപ്രസാദങ്ങളുടെ പ്രവാഹത്തെ തടയേണമേ".

ഏതാദൃശ്യങ്ങളായ പുണ്യദൃഷ്ടാന്തങ്ങളും ആത്മീയാശ്വാസങ്ങളും തിരുസഭയിൽ വിളങ്ങുന്നതു് കണ്ടാനന്ദിക്കുകയിൽ അടുത്തുതന്നെ തിരുസഭക്കു് നേരിട്ട അഭിനവങ്ങളും ഘോരതരങ്ങളുമായ വൃത്യാസസംഭവങ്ങൾ ഇവിടെ ഉദ്ധരിക്കാതെ ഗത്യന്തരമില്ല രാജ്യങ്ങൾ ആകെപ്പാടെ കത്തോലിക്കാ മതവിശ്വാസവും ഐക്യവും വെടിഞ്ഞു് പ്രോട്ടസ്ററൻറു മതസിദ്ധാന്തങ്ങളെ അവലംബിക്കുകയും തങ്ങളുടെ വിശ്വാസവെളിച്ചത്തിനും സമുദായികാഭിവൃദ്ധിക്കും ഭൗമികമായ ഐശ്വര്യാദിക്ഷേമങ്ങൾക്കും കാരണഭൂതയായിരുന്ന കത്തോലിക്കാ സഭാമാതാവിനെ തിരസ്കരിച്ചു് അവഹേളിക്കയും ചെയ്തു.

സ്കോട്ട്ലൻറു്, ഡെന്മാക്കു്, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങൾ കത്തോലിക്കാമതത്തെ ബഹിഷ്കരിച്ചു. ഫ്റാൻസ് ഏതാനും കാലത്തേക്കു് ഒരു പാഷണ്ഡരാജാവിനാൽ ഭരിക്കപ്പെടുന്നതിനുള്ള നിർഭാഗ്യത്തിൽ ആയി. ചാറത്സ് 9-ാമന്റെ സഹോദരനായ ഹെൻറി തൃതീയൻ എന്നരാജാവു് ജാക്കസ്ക്ലമെൻറു് എന്ന ഒരു മതഭ്രാന്തനാൽ സെൻറുക്ലൗഡ് എന്ന സ്ഥലത്തുവെച്ചു് വധിക്കപ്പെട്ടു ഈ രാജകുമാരൻ നിര്യാതനായതോടുകൂടി വലോമായിലെ രാജകുടുംബം നാമാവശേഷമായതിനാൽ നാവാർ രാജ്യത്തെ ഭൂപതിയായ ഹെൻറി ബൊർബോൺ എന്ന രാജാവു് കിരീടാവകാശിയായി ക്ഷണിക്കപ്പെടുന്നതിനു് ഇടയായി. ഹെൻറിയാകട്ടെ ഒരു കാൽവിൻ പാഷണ്ഡിയായിരുന്നതിനാൽ കത്തോലിക്കാരാജ്യമായ ഫ്റാൻസുരാജാവായി വാഴുന്നതിനു് അജയ്യമായ വിഘ്നങ്ങൾ നേരിട്ടു. തന്നിമിത്തം അയാളെ രാജാവായി വാഴിക്കുവാൻ പാടില്ലാ എന്നും ഗീസ് എന്ന പ്രഭുകുടുംബത്തിൽ പെട്ട ഒരാളെ കിരീടാവകാശിയായി സ്വീകരിക്കണമെന്നും ജനപ്രതിനിധികളുടെ ഒരു സംഘം ഐകകണ്ഠ്യേന തീർച്ചയാക്കി. എങ്കിലും ഹെൻറിയുടെ കക്ഷി

യിൽ വളരെപേർ ഉണ്ടായിരുന്നു. അയാൾ മഹാധീരനും സമത്ഥനുമാ
യ ഒരു യോദ്ധാവും കൂടി ആയിരുന്നു. വിജയത്തെപ്പററി അനിശ്ചിതമാ
യ ഒരു പോരാട്ടവും നടക്കുകയുണ്ടായി. അവസാനം ആ യുവരാജാവാ
യ ഹെൻറി പാഷണ്ഡാനുഷ്ഠാനങ്ങളെ പരിത്യജിച്ചു് സത്യവിശ്വാസം അ
വലംബിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്തതോടുകൂടി യുദ്ധം സമാധാ
നമായി കലാശിച്ചു. ഹെൻറിയാകട്ടെ കുറേനാളത്തേക്കു് കത്തോലി
ക്കാമതം പഠിക്കുന്നതിനു് ഉദ്യുക്തനായതിനാൽ അയാളുടെ മാനസാന്ത
രം നിഷ്കളങ്കമായ ഒന്നായിരുന്നുവെന്നു് പരക്കെ വിശ്വസിക്കുന്നതിനു്
ഇടയായി. ഒരുദിവസം റോമ്മാകത്തോലിക്കാസഭയിൽ തനിക്കു് രക്ഷ
പ്രാപിപ്പാൻ പാടുണ്ടോ! എന്നു് പല പ്രോട്ടസ്റ്ററൻറ വൈദികരുടെ
സമൂഹത്തിൽ വച്ചു് ചോദിക്കുകയുണ്ടായി. പാടുണ്ടു്. എന്നവർ മറുപ
ടി പറഞ്ഞപ്പോൾ അങ്ങിനെയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ടാണു് ക
ത്തോലിക്കാമതം ഉപേക്ഷിച്ചതു്. കത്തോലിക്കരാകട്ടെ നിങ്ങളുടെ ഈ
ശിശ്മയിൽ നിന്നാൽ നീങ്ങൾക്കു രക്ഷപെടുവാൻ വഹിയാ എന്നാണു്
പറയുന്നതു്. നിങ്ങളാവട്ടെ അവരുടെ മതത്തിൽ അവക്കു രക്ഷയുണ്ടെ
ന്നും സമ്മതിക്കുന്നു. ആകയാൽ ഏററം ഭദ്രമായ ഒരുവശം അവലംബി
ക്കുകയും എനിക്കു രക്ഷപ്രാപിപ്പാൻ പാടുണ്ടെന്നു് ഇരുപക്ഷക്കാരും സ
മ്മതിക്കുന്നതായ മതം സ്വീകരിക്കയും ചെയ്യുന്നതാണല്ലോ യുക്തിക്കനുസ
രണമായ അനുമാനം" എന്നിപ്രകാരം രാജാവു് പ്രതിപാദിച്ചു. താൻ
ചെയ്തിരുന്ന ഉടമ്പടിപോലെ ഹെൻറി വിശ്വസ്തതയോടുകൂടി കത്തോ
ലിക്കാസഭയുടെ ഉൽകൃഷ്ടാഭിവൃദ്ധിക്കായി സഹകരിക്കാതിരുന്നില്ല. എ
ന്നിരുന്നാലും മററുപല രാജാക്കന്മാരെപ്പോലെതന്നെ രാഷ്ട്രീയോദ്ദേ
ശങ്ങൾ ആവശ്യപ്പെട്ടിരുന്ന ചില സന്ദർഭങ്ങളിൽ മതകാര്യങ്ങൾ അവ
ഗണിക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ പ്രോട്ടസ്റ്ററൻറുകാരായ തന്റെ
പ്രജകളോടും ഒരു അനുകൂല്യം പ്രദർശിപ്പിച്ചിരുന്നു.

ചില വ്യവസ്ഥകളോടുകൂടി തങ്ങളുടെ മതാനുഷ്ഠാനങ്ങൾ പരസ്യ
മായി നടത്തുന്നതിനും അനുവദിക്കുന്നതായ ഒരു വിളംബരം നാൻറസ്
പ്രഖ്യാപനം എന്ന അടി നാമത്തിൽ പ്രസിദ്ധീകരിക്കയും ചെയ്തുയുണ്ടായി.
അയാൾ പ്രകൃത്യാ ഉദാര ബുദ്ധിയും ദയാലുവുമായിരുന്നു. ഭക്തിജീവിത
ത്തിന്റെ ബാഹ്യചിഹ്നങ്ങളും അപ്പോഴപ്പോൾ അയാളിൽ പ്രത്യക്ഷപ്പെ
ടുകയും ഉണ്ടായിട്ടുണ്ടു്. എന്നാൽ അയാളുടെ രഹസ്യമായ നടപടികൾ
കത്തോലിക്കാ മതതത്വങ്ങൾക്കു് ഒട്ടും അനുരൂപങ്ങളല്ലായിരുന്നു അയാ
ളുടെ മുൻഗാമിയെപ്പോലെ തന്നെ ഒരു ഘാതകന്റെ കത്തികൊണ്ടു്
മുറിവേററു 1610-ൽ റബൈലാ എന്ന സ്ഥലത്തുവെച്ചു മൃതിയടഞ്ഞു

# ൮. വിശുദ്ധ ഫ്റാൻസീസ് സാലേസ്. വിശുദ്ധ വിൻസെൻറ് ദെ പോൾ.

മേൽ പ്രസ്താവിച്ചതുപോലെ ഇടത്തൂട്ടും ശീശ്മയും സഹജമായ ദുഷ്യഫലങ്ങൾ ക്രിസ്തീയലോകത്തിൽ ചെയ്തുകൊണ്ടിരിക്കവേ വിശുദ്ധ ത്രെന്തോസ് സൂനഹദോസിനാൽ നിർമ്മിതങ്ങളായ നവീകരണ നിയമങ്ങളുടെ ഫലമായി സഭ നാനാതരത്തിലുള്ള വിശിഷ്ടവും ആദ്ധ്യാത്മികവുമായ വിളവുകൾ ശേഖരിച്ചുകൊണ്ടിരുന്നു. പ്രോട്ടസ്റ്റന്റു വിപ്ലവത്തിൽനിന്ന് പരസ്പരം വിരുദ്ധങ്ങളായ നിരവധി നൂതനമതങ്ങൾ ശാഖോപശാഖകളായി പുറപ്പെട്ട് വികസിതങ്ങളായിത്തീർന്നു. കലഹപ്രിയരും സമാധാനരഹിതരും ആയ ആളുകൾ അനുസരണവും മേലധികാരികളോടുള്ള വണക്കവും പാടെ തിരസ്കരിച്ച് ഓരോരോ വ്യക്തികൾക്കു തോന്നിയവിധം വേദപുസ്തകം വ്യാഖ്യാനിച്ച് ഓരോരോ നവീനമതം കണ്ടുപിടിക്കാനുള്ള സർവ്വ സ്വാതന്ത്ര്യവും എല്ലാവർക്കും ഉണ്ടെന്ന് ഉൽഘോഷിക്കയും ചെയ്തിരുന്നു. ഇങ്ങനെ ആ നൂതനവിശ്വാസപ്രമാണങ്ങൾ ഒന്നിനു പുറമേ ഒന്നായി നിമിഷംപ്രതി ആവിർഭവിക്കയാൽ കാലക്രമേണ മനുഷ്യർ സമാധാനം അശേഷം വെടിഞ്ഞ് അവിശ്വാസത്തിന്റേയും നാസ്തികത്വത്തിന്റേയും നാശക്കൂപത്തിൽ നിമഗ്നരാകുമെന്ന് പ്രവചിക്കുവാൻ ആർക്കും പ്രയാസമുണ്ടായിരുന്നില്ല.

ഇവരുടെ ഈ നൂതനമതം മനുഷ്യഹൃദയത്തിന്റെ ചപലമായ ഇച്ഛകൾക്ക് പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചിരുന്നതിനും പുറമേ രാഷ്ട്രീയാധികാരത്തിന്റെ സംരക്ഷണയും അതിനു ധാരാളമുണ്ടായിരുന്നു. കത്തോലിക്കാസഭയുടെ സ്വത്തുക്കൾ കവർന്നെടുക്കുന്നതിനും സർവ്വ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ഇങ്ങനെ അവ അതിശീഘ്രത്തിൽ പടർന്നു പിടിക്കയുണ്ടായി.

ജർമ്മനിയുടെ ഒരു വലിയ ഭാഗം ഈ പാഷണ്ഡമതത്തിൽനിപതിക്കയും യൂറോപ്പിലെ വടക്കൻ പ്രദേശങ്ങൾ അത്യാശയോടെ അതിനെ അവലംബിക്കയും ചെയ്തു. സ്വിറ്റ്സർലണ്ടിലും സാവോയിലും ഈ പാഷണ്ഡതക്ക് സ്വാഗതം ലഭിച്ചു. ഈ അവസരത്തിൽ ഈ നരകജന്തുവിന്റെ ആക്രമണങ്ങളെ തടുത്തു നിർത്തുന്നതിന് സർവ്വഥായോഗ്യനായ ഒരു പ്രേഷിതനെ ദൈവം ഉദ്ധരിച്ചു. പ്രശാന്തശീലത്തിനും വിശുദ്ധിക്കും കീർത്തിപെട്ട വിശുദ്ധ ഫ്റാൻസീസ് സലേസായിരുന്നു ആ പ്രേഷിതൻ. ഈ ദിവ്യപുരുഷൻ 1567-ൽ സാവോയി പ്രദേശത്ത് അന്നസി എന്ന പട്ടണ

ത്തിൽ ജാതനായി. തന്റെ സർവ്വഗുണസമ്പൂർണ്ണയായ മാതാവിൽനിന്നു് ക്രിസ്തീയ പരമായ ഒരു പരിശീലനവും, പിന്നീട്ട് ആജീവനാന്തം അഭ്യസിച്ചിരുന്ന വിശിഷ്ട സുകൃതങ്ങളുടെ മൂലതത്വങ്ങളും ബാല്യദശയിൽതന്നെ ലഭിക്കുന്നതിനു് ഇദ്ദേഹത്തിനു് സാധിച്ചു. ജന്മദേശത്തു് പ്രാഥമീക വിദ്യാഭ്യാസം കഴിച്ചശേഷം ഇദ്ദേഹത്തെ തന്റെ പിതാവായ സാലേസ് പ്രഭു പാരിസിലേക്കു് ഉൽകൃഷ്ടവിദ്യാഭ്യാസം കഴിപ്പിക്കുന്നതിനായി അയച്ചു. ആദ്ധ്യാത്മിക ജീവിതത്തിനു് അപകടപൂർണ്ണമായിരുന്ന ആ പട്ടണത്തിൽ ചെന്നപ്പോൾ ആദ്യമായി ചെയ്തതു് തന്റെ ആത്മകാര്യം നിയന്ത്രിക്കുന്നതിനു് തക്ക വിവേകിയും വിശുദ്ധനുമായ ഒരു ഗുരുവിനെ കണ്ടുമുട്ടുന്നതിനുള്ള ശ്രമമായിരുന്നു. ആ മഹാത്മാവിന്റെ നിയന്ത്രണം അനുസരിച്ചു നടന്നിരുന്നതിനാൽ ഈ യുവാവു് ലൌകികാഡംബരകോലാഹലങ്ങൾക്കു് മദ്ധ്യേ നിഷ്കളങ്കനായും, യുവജനങ്ങൾ വശംവദരാകാറുള്ള മായാതന്ത്രങ്ങളിൽ നിന്നും സ്വതന്ത്രനായും ജീവിതം നയിച്ചു. മാത്രമല്ല പാരിസിൽ താമസിച്ചിരുന്നകാലത്തു് തന്റെ ആർദ്രവും തീക്ഷ്ണവുമായ ഭക്താഭ്യാസങ്ങളിൽ നിന്നു് ലവലേശം പോലും വ്യതിചലിക്കയുണ്ടായില്ല. ഒന്നിലധികം തവണ വലിയവിലിയ പൈശാചീക പരീക്ഷ നേരിടുകയുണ്ടായിരുന്നതു് നിരാശയുടെ പരിക്ഷയായിരുന്നു. അതു് അതിഭയങ്കരമായി അദ്ദേഹത്തെ പീഡിപ്പിച്ചിരുന്നു. ദൈവം തന്നെ ഉപേക്ഷിച്ചതായും നിത്യശിക്ഷക്കു് താൻ അധീനനായി തീൎന്നതായും അദ്ദേഹം വിചാരിച്ചിരുന്നു ഈ ഘോരമായ ആത്മീയ സമരത്തിൽ രാത്രിമുഴുവനും അശ്രുധാരയോടും നെടുവീർപ്പുകളോടും കൂടി പ്രാൎത്ഥിക്കയും ദൈവത്തെ സൎവ്വോപരി സ്നേഹിക്കുന്നു എന്നും താൻ എല്ലായിപ്പോഴും അപ്രകാരം ചെയ്യുമെന്നും ശപഥം ചെയ്കയും ചെയ്തിരുന്നു. എങ്കിലും ഇതുകൊണ്ടൊന്നും പൂർണ്ണസമാധാനം ലഭിക്കയോ മനോവിഷാദങ്ങൾ നീങ്ങുകയോ ഉണ്ടായില്ല. ഒടുവിൽ എത്രയും ഭാഗ്യവതിയായ കന്യകമറിയത്തിന്റെ മുമ്പാകെ സാഷ്ടാംഗം നമസ്കാരം ചെയ്തുകൊണ്ടിരിക്കവേ, നിത്യശിക്ഷയെപ്പററിയുള്ള ചിന്തയാൽ അനന്യസാധാരണമായി ബാധിക്കപ്പെടുകയാൽ "എന്റെ ദൈവമേ അങ്ങേപ്പക്കൽ നിന്നും ബഹിഷ്കൃതനായി നിത്യം അങ്ങേ വിദ്വേഷപാത്രമായിരിക്കുന്നതിനു് ഞാൻ വിധിക്കപ്പെട്ടിരിക്കയാൽ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നകാലത്തോളമെങ്കിലും എന്റെ പരിപൂർണ്ണ ഹൃദയത്തോടുകൂടി അങ്ങയെ സ്നേഹിക്കുവാൻ എനിക്കു കൃപനൽകിയരുളേണമേ." എന്ന ഈ വാക്കുകൾ ഉച്ചരിക്കയുണ്ടായി. തൽക്ഷണം അതിമധുരമായ ഒരു മനോശരണത്തിന്റെ രശ്മി അ

ദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തു പ്രവേശിച്ച് തൻെറ ആത്മിക കാർമേഘപടലങ്ങളെ എല്ലാം അശേഷം വിദൂരമാക്കി.

പരിശുദ്ധ മാതാവിൻെറ മദ്ധ്യസ്ഥപ്രാർത്ഥനയാൽ തനിക്കു സിദ്ധിച്ച ഒരു വരമാണിതെന്നു് പുണ്യവാൻ വിശ്വസിച്ചിരുന്നു. ഈ ആത്മീയ സമാധാനം പ്രാപിച്ച സമയം ഏതു സ്വരൂപത്തെ നോക്കി പ്രാർത്ഥിച്ചുവോ ആ മാതാവിൻെറ സ്വരൂപം ദ്രുവേദ്ശേബരനു് എന്ന തെരുവിലുള്ള ദാമെസ്ദ് സെൻറ് തോമ്മസ് എന്ന കപ്പേളയിൽ പൂജ്യമായി വെയ്ക്കപ്പെട്ടിരിക്കുന്നു.

ഫ്റാൻസീസ് സാലസിന് 11 വയസായപ്പോഠം പാരീസിൽനിന്നും പാദുവാ സർവകലാശാലയിൽ ചെന്നു് 7 വർഷം നീതിന്യായശാസ്ത്രവും വേദാന്തവും വളരെ ഖ്യാതിയോടുകൂടി പഠിച്ചു് ബിരുദു് സമ്പാദിച്ചു. അനന്തരം ലോകത്തിൽ തൻെറ ഉയൻ കുലശ്രേഷ്ഠതയ്ക്കും അന്യാദൃശങ്ങളായ ബുദ്ധിസാമർത്ഥ്യങ്ങഠക്കും അനുരൂപമായ ഒരു സ്ഥാനമഹിമ തൻെറ പുത്രനു് ലഭിക്കണമെന്നു് തീവ്രമായി ആഗ്രഹിച്ചിരുന്ന സ്വപിതാവിൻെറ ഇഷ്ടാനുസരണം ഇററലി മുഴുവനും പര്യടനം ചെയ്തു് അതിലെ വിസ്മയാവഹങ്ങളായ വിഷയങ്ങഠ ഓരോന്നും വീക്ഷണം ചെയ്തശേഷം തൻെറ നിഷ്ക്കപടതക്കും, നിഷ്കളങ്കതക്കും യാതൊരു ഹാനിയും തട്ടാതെ സ്വപിതാവിൻെറ ഭവനത്തിലേക്കു മടങ്ങിവന്നു. വൈദികപട്ടം ഏല്ക്കണമെന്നു് ഉൽക്കണ്ഠാപൂർവ്വം പണ്ടേതന്നെ ആഗ്രഹിച്ചിരുന്ന ഫ്റാൻസീസ് അതിനായി ബ്രഹ്മചര്യാവ്രതവും രഹസ്യമായി അനുസരിക്കയുണ്ടായി. എങ്കിലും ആ അഭിലാഷം പിതാവിനോടു് ഇനിയും വെളിപ്പെടുത്തിയിട്ടില്ലായിരുന്നു ഇതിനാൽ ഏററവും മഹനീയമായ ഒരു വിവാഹം കഴിക്കുന്നതിനേപ്പററി ഫ്റാൻസീസിനോടു് പിതാവു് പറഞ്ഞപ്പോഠം തൻെറ അഭിലാഷവും ചെയ്തിരുന്ന വ്രതവും അദ്ദേഹത്തോടറിയിക്കയുണ്ടായി. പിതാവു് വളരെ വിഘ്നങ്ങളും പ്രതിഷേധങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ സമ്മതിക്കുകയാൽ ഫ്റാൻസീസ് 1593_ൽ ഗുരുപ്പട്ടം സ്വീകരിച്ചു. പൌരോഹിത്യസ്ഥാനത്തിൽ ഉയർത്തപ്പെട്ടനാഠമുതൽ യഥാർത്ഥമായ അപ്പസ്തോലിക ചൈതന്യത്താൽ നിരതനായും ആത്മാക്കളുടെ മാനസാന്തര തൃഷ്ണാന്തിയാലും പരിത്രാണതീക്ഷ്ണതയാലും ഉജ്ജ്വലിതനായും കാണപ്പെട്ടിരുന്നു. മനുഷ്യരുടെ ബഹുമാനവും പുകഴ്ചയും ഭയപ്പെട്ടിരുന്ന വിനീതനായ നമ്മുടെ വിശുദ്ധൻ വലിയ പട്ടണങ്ങളിൽ പ്രസംഗിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നു. പ്രത്യുത നാട്ടുമ്പുറത്തും കുഗ്രാമങ്ങളിലും പോയി അജ്ഞന്മാരും മതബോധരഹിതരും ആയ സാധുജനങ്ങളോടത്രേ മിക്കവാറും ഉപദേശിച്ചിരുന്നതു്.

എന്നാൽ താമസംവിനാ ഏററം വിസ്തൃതമായ ഒരു വയൽ അദ്ദേഹത്തിൻെറ മത തീക്ഷ്ണതക്ക് ഏററം പാററിയതായി തുറക്കപ്പെടുകയുണ്ടായി.

സ്വിററ്സർലണ്ടിലെ പ്രോട്ടസ്ററൻറുകാർ ആക്രമിച്ചു കൈവശപ്പെടുത്തിയിരുന്ന സാവോയി പ്രദേശങ്ങൾ അവിടത്തെ കത്തോലിക്കാ പ്രഭുവിനു വീണ്ടും പിടിച്ചടക്കുന്നതിനു സാധിച്ച അവസരത്തിൽ പാഷണ്ഡോപദേശം നിമിത്തം കത്തോലിക്കാസഭയോട് വിദ്വേഷികളും അലസന്മാരുമായിത്തീർന്നിരുന്ന അവിടത്തെ ജനതതിയെ വീണ്ടും മതബോധമുള്ളവരാക്കിത്തീർക്കുന്നതിന് കഴിയുന്നത്ര ശ്രമിക്കുന്നതിന് പ്രഭു തീർച്ചയാക്കി.

എന്നാൽ ഇത്ര അരോചകവും ആപൽക്കരവും വിഷമകരവുമായ ഒരു മിഷ്യൻ ജോലി ചെയ്യുന്നതിനും എല്ലാവരും ഭയന്ന് പിന്മാറുകയാണ് ചെയ്തത്. നമ്മുടെ പുണ്യശ്ലോകനായ ഫ്രാൻസീസാകട്ടെ സ്വമേധയാ ആ ജോലി നിർവഹിക്കുന്നതിന് ഭരമേല്ക്കുകയും തൻെറ ഒരു ചാർച്ചക്കാരനായ ളൂയിസാലസ് എന്ന ദേഹത്തോടൊരുമിച്ച് പ്രസ്തുത മിഷ്യനിലേക്കു പുറപ്പെടുകയും ചെയ്തു. തൻെറ മിഷ്യൻസ്ഥലത്തു സമീപിച്ചയുടൻ മുട്ടികുത്തി അതിതീവ്രമായി ദൈവത്തോടു പ്രാർത്ഥിച്ചതിൻെറ ശേഷം തൻെറ സഹപ്രേഷിതനായ ളൂയിസാലേസിനെ ഹാർദ്ദവമായി ആശ്ലേഷിച്ചുകൊണ്ട് ഇപ്രകാരം പറകയുണ്ടായി. "നാം ശ്ലീഹന്മാരുടെ വേലചെയ്യുന്നതിനാണല്ലോ ഈ ജനങ്ങളുടെ മദ്ധ്യേ പോകുന്നത്. നമ്മുടെ ഉദ്ദേശം സഫലമായി സാധിക്കണമെങ്കിൽ ആ പ്രഥമ സുവിശേഷകന്മാരുടെ ദൃഷ്ടാന്തം നാം അനുകരിക്കണം. നമ്മുടെ കുതിരകളെ പിന്നോക്കം അയച്ചുകൊണ്ട് കാൽനടയായി നമുക്കു പോകാം. നമ്മുടെ ജീവസംരക്ഷണത്തിന് അവശ്യാവശ്യം വേണ്ടതു മാത്രം എടുത്തുകൊണ്ട് നമുക്കു തൃപ്തിപ്പെടാം." അപ്രകാരം തന്നെ അവർ പ്രവർത്തിച്ചു. ഫ്രാൻസീസ് ഒരു ചെറിയ സഞ്ചിയിൽ വിശുദ്ധ വേദപുസ്തകവും കാനോൻ നമസ്കാരപുസ്തകവും മാത്രം എടുത്തുകൊണ്ട് കൈയിൽ ഒരു വടിയുമായി ദുർഗ്ഗടവും കടന്നു പോകുവാൻ വളരെ പ്രയാസമുള്ളതുമായ ഒരു പ്രദേശത്തിൽകൂടി അവരുടെ പ്രയാണം തുടർന്നു നിശ്ചിതസ്ഥലത്തെത്തിയശേഷം തങ്ങളുടെ പ്രേഷിതവേലയിൽ നിരന്തരമായ ബുദ്ധിമുട്ടു, ക്ലേശവും പ്രാതികൂല്യങ്ങളും സഹിക്കേണ്ടതായി വന്നു സത്രങ്ങളിലാകട്ടെ അവർ സ്വീകരിക്കപ്പെട്ടില്ല. തന്നിമിത്തം വെളിയിൽ വെറും തറയിൽ രാത്രി കഴിക്കേണ്ടതായി വന്നു കൂടി പൗരജീവിതത്തിൻെറ യാതൊരു സ്വാതന്ത്ര്യവും ലഭിക്കാതെ അവർ ആഭിചാരികളും വഞ്ചകന്മാരുമായിട്ടാണ് സ്ഥലനിവാസികളാൽ ഗ

ണിക്കപ്പെട്ടിരുന്നതു്. പല അവസരങ്ങളിലും കുപിതരായ പ്രോട്ടസ്റ്റൻറ പാതിരികൾ വിശുദ്ധ ഫ്റാൻസീസിന്റെ ജീവനെപ്പോലും അപായപ്പെടുത്തുന്നതിനു് പരിശ്രമിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗവൈഭവത്താൽ സാധിക്കാത്തതു് തന്റെ ശീലസൌമ്യത, മനസ്ഥൈര്യം, പുണ്യമാതൃക ഇത്യാദി ഗുണപാഷ്കല്യങ്ങളാൽ പ്രായേണ സഫലമാക്കിത്തീർത്തു. ഇങ്ങനെ മഹാഹൃദയാന്ധരും കൽക്കശമാനസരും ആയിരുന്ന ആ പാഷണ്ഡികൾ മാനസാന്തരപ്പെട്ടു് സഭയുടെ മടിയിലേക്കു് പിന്തിരിഞ്ഞുവന്നു. ചുരുങ്ങിയ കാലത്തിനിടയിൽ ആശ്ചര്യജന്യമായ മനോഭാരണം ജനീവാരൂപതയെങ്ങും വിളങ്ങുകയുണ്ടായി. കത്തോലിക്കാവിശ്വാസചൈതന്യം സർവ്വത്ര പുനസ്ഥാപിതമായി. വിശുദ്ധ ഫ്റാൻസീസ് ഈ ജോലി കൈയേററു് അതിന്റെ പ്രാരംഭവിഷമതകളെല്ലാം ജയിച്ചു് അവിടത്തെ പ്രേഷിതവേല മംഗളകരമാക്കിത്തീൎക്കുന്നതിനുള്ള പ്രത്യാശ എല്ലാവരിലും ജനിപ്പിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം വെട്ടിത്തുറന്ന ആ പാഥയിൽക്കൂടി പലരും അദ്ദേഹത്തെ അനുഗമിച്ചു് വേലചെയ്തു തുടങ്ങി.

ജനീവായിലെ മെത്രാൻ വിശുദ്ധ ഫ്റാൻസീസിന്റെ പരിശ്രമഫലമായി വിശ്വാസത്തിന്റെ ഉണവു് തന്റെ രൂപതയിലെങ്ങും ഉളവായിരിക്കുന്നു എന്നു കണ്ടു് വിസ്മയഭരിതനായി, വിശുദ്ധ ഫ്റാൻസീസിനെ തന്റെ സഹായമെത്രാനായി ലഭിക്കണമെന്നു് അപേക്ഷിക്കുകയും തന്റെ ആഗ്രഹം അദ്ദേഹത്തെ മനസ്സിലാക്കുകയും ചെയ്തു. നമ്മുടെ വിശുദ്ധനാകട്ടെ ഈ ഉന്നതസ്ഥാനം കൈയേൽക്കുന്നതിനു വളരെ വിസമ്മതം കാണിച്ചു എങ്കിലും ഒടുവിൽ തന്റെ മേലദ്ധ്യക്ഷനായ മെത്രാന്റേയും തന്റെ യജമാനനായ സാബോയിപ്രഭുവിന്റേയും യാചനകൾക്കു വശംവദനാകുവാൻ നിർബന്ധനായി. 1599-ൽ മെത്രാഭിഷേകം സ്വീകരിച്ചു. ദൈവമഹിമക്കായും ഏകതൊഴുത്തായ തിരുസ്സഭയിൽ നിന്നു് വഴിതെററിപ്പോയ ആളുകളുടെ മാനസാന്തരത്തിനായും അതിതീവ്രമായി അധ്വാനിക്കുന്നതിനുള്ള ഒരവസരമായിട്ടത്രെ അദ്ദേഹം ആ സ്ഥാനത്തെ പരിഗണിച്ചതു്. ഗെക്സ്പട്ടണത്തിനു ചുററുമുള്ള ദേശത്തിലേയ്ക്കാണു് ഒന്നാമതായി തന്റെ പരിശ്രമങ്ങളെ തിരിച്ചതു്. തൽഫലമായി ചുരുങ്ങിയ കാലത്തിനിടയിൽ അവിടത്തെ നിവാസികൾ കത്തോലിക്കാവിശ്വാസത്തിലേക്കു് പാടെ പിന്തിരിയുകയുണ്ടായി. പിന്നീട്ട സ്വന്ത രൂപത മുഴുവനും ഒന്നു സന്ദർശിക്കുന്നതിനു പുറപ്പെടുകയുണ്ടായി. വിജനപ്രദേശങ്ങളിൽക്കൂടിയും ദുർഗ്ഗമങ്ങളായ കുന്നുകളും കയറി കിഴക്കാംതൂക്കായ മലഞ്ചെരിവുകളിൽക്കൂടി കാൽനടയായി ചെയ്ത യാത്രകൾ എത്ര ക്ലേശകര

മായിരുന്നുവെന്നു് പറയുവാൻ പ്രയാസം. ആ കുഗ്രാമങ്ങളിൽ വെറും വൈക്കോലായിരുന്നു അദ്ദേഹത്തിന്റെ കിടക്ക. ഈ വിശുദ്ധ മെത്രാന്റെ വിസ്മയജന്യമായ പ്രശാന്തതയും മാധുൎയ്യസ്വഭാവവും സകലരുടേയും ഹൃദയങ്ങളെ ഹഠാദാകർഷിച്ചിരുന്നതിനാൽ ഊർജ്ജസ്വലരും ഭക്തിതീഷ്ണതയുള്ളവരുമായ സഹമിഷ്യനറിമാർ നേടിയതിനേക്കാൾ വളരെ അധികം ആത്മാക്കളെ മ്ശിഹായുടെ തൊഴുത്തിലേക്കു് തിരിച്ചുകൊണ്ടുവരുവാൻ ഇദ്ദേഹത്തിനു സാധിച്ചു. ഒരു വീപ്പ വിനാഗിരിയേക്കാൾ ഒരു തുള്ളി തേൻകൊണ്ടു് കൂടുതൽ ഈച്ചകളെ ആകർഷിക്കുവാൻ സാധിക്കും എന്നു് ഇദ്ദേഹം പലപ്പോഴും പറക പതിവായിരുന്നു. ഈ ആപ്തവാക്യത്തിന്റെ ആശ്ചൎയ്യകരമായ വിജയം നാം സൂക്ഷിക്കുന്നപക്ഷം മതാത്മകമായ തൎക്കങ്ങളിൽ ഇതു് ഏററവും ശ്രദ്ധേയം ആണെന്നുള്ളതിനു് രണ്ടുപക്ഷമില്ല എന്നു കാണാവുന്നതാണു്. ബാലികാബാലന്മാരെ വേദോപദേശം പഠിപ്പിക്കേണ്ടതിനു് ഏററം പൎയ്യാപ്തമായ ഒരു മതപാഠനപദ്ധതിയും എല്ലായിടത്തും അനുസരിക്കാൻ തക്കവണ്ണം നിശ്ചയിച്ചു കൊടുത്തു. അവരെ മതതത്വങ്ങൾ വളരെ ലളിതമായും സുവ്യക്തമായും ഭക്തിമയമായ ആർദ്രതയോടുകൂടിയും വ്യാഖ്യാനിച്ചു പഠിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. എല്ലാ തുറകളിലും ഇദ്ദേഹത്തിന്റെ തീഷ്ണമായ ശ്രദ്ധ പതിഞ്ഞിരുന്നു. തന്റെ ഉദ്യമങ്ങളുടെ ബാഹുലതയാൽ അവയെ നിർവഹിക്കുന്നതിൽ നേരിട്ടിരുന്ന വിപുലങ്ങളായ വിഘ്നങ്ങളൊ ഇദ്ദേഹത്തിനു ലവലേശം അധൈൎയ്യം ഉളവാക്കിയിരുന്നില്ല. അന്യാദൃശ്യമായ വിശുദ്ധിയാൽ അലംകൃതനായ വിശുദ്ധ ജെയിൻ ഫ്രാൻസിസ് ദ് ഷന്താൾ എന്ന സ്ത്രീരത്നത്തിന്റെ സഹകരണത്തോടുകൂടി വിസിറേഷ്യൻ കന്യാസ്ത്രീകളുടെ സഭയെ സ്ഥാപിച്ചു. അതു് ശീഘ്രത്തിൽ ഫ്രാൻസ്, ഇററലി, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ വ്യാപിക്കയും ചെയ്തു. സാധുജനങ്ങളെ ഈശോമിശിഹായുടെ അവയവങ്ങളായും ജീവന്ന്യപ്രതിനിധികളായും അദ്ദേഹം ആദരിച്ചിരുന്നു. തന്റെ രൂപതയിലെ വരുമാനങ്ങൾ എത്ര തുച്ഛങ്ങളായിരുന്നുവെന്നു് അറിഞ്ഞിരുന്നവർ ഇദ്ദേഹത്തിന്റെ അതിധാരാളമായ ദാനധൎമ്മങ്ങൾ കണ്ടു് ആശ്ചൎയ്യപരതന്ത്രരായിപ്പോയി. മാർപ്പാപ്പാമാർ ഇദ്ദേഹത്തിന്റെ മഹാവേലകളെ ശ്ലാഘിച്ചു് അനുഗ്രഹിക്കുന്നതായ തിരുവെഴുത്തുകളും അയച്ചുകൊടുത്തിട്ടുണ്ടു്. രാജാക്കന്മാരും അദ്ദേഹത്തിന്റെ നേൎക്കുണ്ടായിരുന്ന ആശ്ചൎയ്യബഹുമാനാദികളെ മുക്തകണ്ഠം ഉൽഘോഷിക്കുകയും ഉണ്ടായിട്ടുണ്ടു്. നാലാമത്തെ ഹെൻറി രാജാവു് പാരീസിലെ മെത്രാനായി അദ്ദേഹത്തെ നിയമിക്കണമെന്നു് വളരെ ആഗ്രഹം പ്രദർശിപ്പിക്കുകയുണ്ടായി. ഫ്രാ

ൻസീസാകട്ടെ കർത്താവു തനിക്കു ഭരമേല്പിച്ചിരുന്ന തോട്ടത്തിന്റെ കാര്യവിചാരണ ത്യജിക്കുവാൻ മനസ്സായില്ല. അദ്ദേഹം രചിച്ച ഭക്തിസംവർദ്ധകങ്ങളായ നിരവധി പ്രബന്ധങ്ങൾ അവയുടെ വൈശിഷ്ട്യംകൊണ്ടു് സുപ്രസിദ്ധങ്ങളായിരിക്കയാൽ അവയെപ്പററി ഇവിടെ ഒന്നും പ്രസ്താവിക്കേണ്ട ആവശ്യം ഇല്ല. കടശി പതിമ്മൂന്നാം ലൂയിസ് രാജാവിന്റെ പക്കൽ താൻ നിയോഗിതനായി ഏല്പ്പെട്ടിരുന്ന കാര്യങ്ങൾ പര്യവസാനിപ്പിച്ചു് മടങ്ങി വരവെ ലയൻസ് പട്ടണത്തിൽ വെച്ചു് 1622-ൽ 55ാം മത്തെ വയസ്സിൽ ഇദ്ദേഹം ദേഹവിയോഗം ചെയ്തു.

ഈ കാലഘട്ടത്തിൽ തന്നെ വിവാറെ, പെലൈ, എന്ന മലമ്പ്രദേശങ്ങളിൽ ദരിദ്രന്മാരായ കൃഷിവലന്മാരെ മതസംബന്ധമായി പഠിപ്പിച്ചുകൊണ്ടിരുന്ന വേറൊരു വിശുദ്ധ പ്രേഷിതനാണു് വിശുദ്ധ ഫ്രാൻസീസ് റേജിസ്. ഫ്രാൻസിലെ ലാൻഗെഡോക് പട്ടണത്തിൽ ജാതനായ ഈ മഹാത്മാവു് ശൈശവത്തിൽ തന്നെ സന്യാസജീവിതം നയിക്കുന്നതിനു് ആകർഷിക്കപ്പെടുകയുണ്ടായി. അന്നു് സർവ്വലോകത്തിലും ഏററവും ഉപകാരപ്രദങ്ങളായ വിവിധ വേലകൾ ചെയ്തു് ഖ്യാതി സമ്പാദിച്ചിരുന്ന ഈശോസഭയിലത്രേ ഇദ്ദേഹം ചേർന്നതു്. ഗുരുപ്പട്ടമേററതിന്റെ ശേഷം ജ്ഞാനധ്യാനങ്ങൾ പ്രസംഗിക്കുന്നതിൽ ഉദ്യുക്തനായ ഇദ്ദേഹം ദൈവസ്തുതിക്കായി തന്റെ വിസ്മയജനകമായ തീക്ഷ്ണതയും വിര്യവും ഔൽസുക്യവും പ്രദർശിപ്പിച്ചിരുന്നു. നാട്ടുമ്പുറത്തും മലകളിലും വസിച്ചിരുന്ന അപരിഷ്കൃതജനങ്ങളെ ഏററം സൌകര്യമായും സഫലമായും മതോപദേശം ചെയ്യേണ്ടതിലേക്കു് ഏററവും പററിയ വർഷകാലമായിരുന്നു അദ്ദേഹം തെരഞ്ഞെടുത്തതു്. കർഷകവേലകൾ എല്ലാം കഴിഞ്ഞിരുന്ന ആ സമയം ഇദ്ദേഹത്തിന്റെ ഉപദേശങ്ങൾ കേൾക്കുന്നതിനായി ആ പാവപ്പെട്ട ജനങ്ങൾ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. പകൽ മുഴുവനും ധ്യാനപ്രസംഗങ്ങൾ നടത്തിയതിന്റെ ശേഷം ഏററം ഉഗ്രമായ ശൈത്യം ഉണ്ടായിരുന്നിട്ടും രാത്രിമുഴുവനും അവരെ കുമ്പസാരിപ്പിക്കുന്നതിൽ വിനിയോഗിച്ചിരുന്നു. കടശി ഈ പുണ്യശ്ലോകൻ ഒരു കുഗ്രാമത്തിൽ അജ്ഞാതനായി നിസ്സഹായനായി തന്റെ സ്നേഹഭാജനങ്ങളായിരുന്ന ആ സാധുജനങ്ങളാൽ ആവൃതനായി ഭാഗ്യമരണ പ്രാപിച്ചു. ഝടുതിയിൽ ഫ്രാൻസുമുഴുവനിലും ഈ പുണ്യവാന്റെ കീർത്തി വ്യാപിച്ചു കഴിഞ്ഞു. ഇപ്പോഴും അസംഖ്യം തീർത്ഥയാത്രക്കാർ വിശുദ്ധ ഫ്രാൻസീസ് റേജിസിന്റെ കുഴിമാടത്തിങ്കൽ നമസ്ക്കരിക്കുന്നതിനായി പൊയ്ക്കൊണ്ടിരിക്കുന്നു.

ഈ കാലഘട്ടത്തിൽ 1576_1660 വരെ ഇതിലും അത്യധികമായി ശ്രുതിപ്പെട്ട മറെറാരു പുണ്യവാൻ സമകാലികനായി ഫ്രാൻസിൽ ഉദിച്ചുപൊങ്ങുവാൻ ആ രാജ്യത്തിനു് സൌഭാഗ്യം സിദ്ധിച്ചു. ലോകം നാളതുവരെ കണ്ടിട്ടുള്ള മഹാത്മാക്കളിൽ പ്രഥമഗണനീയനായ ഒരുവനാണു് വിൻസെൻറു് ഡിപോൾ. ഇദ്ദേഹം ബാല്യദശയിൽ പിതാവിൻെറ ആട്ടുമാട്ടുകളെ മേയിച്ചിരുന്നതിൻെറ ശേഷം വൈദികവൃത്തിയിൽ ചേൎന്നു 1600_ൽ ഗുരുപ്പട്ടം സ്വീകരിച്ചു ഗാസ്കോനി പ്രദേശത്തുള്ള ഡാക്സ എന്ന നഗരത്തിൽപെട്ട കൃഷീവലരെങ്കിലും ദരിദ്രരായ മാതാപിതാക്കന്മാരിൽ നിന്നു് ജാതനായ വിൻസെൻറു് വളരെ വിഷമതകളോടുകൂടിയത്രേ വൈദികപഠനം നടത്തിയതു്. ഏററം ഉൽകൃഷ്ടമായ ഒരു വേലയ്ക്കായി ഇദ്ദേഹത്തെ ഉദ്ദേശിച്ചിരുന്ന ദൈവം ആ വിഷമതകളെല്ലാം ലഘൂകരിച്ചിരുന്നു. ഇങ്ങനെ പട്ടമേററിട്ടു് താമസംവിനാ മർസ്യൽസ് പട്ടണത്തിൽനിന്നും നർബോൻ പട്ടണത്തിലേയ്ക്കു് മടങ്ങിവരവേ മഹമ്മദടെ കൈയ്യിലകപ്പെട്ടു് ട്യൂനീസ് പട്ടണത്തിലേക്കു് ബന്ധനസ്ഥനായി കൊണ്ടുപോകപ്പെട്ടു. അവിടെവെച്ചു് സാഃവായി സ്വദേശിയും ക്രിസ്തുമതത്യാഗിയും ആയിരുന്ന തൻെറ യജമാനനെ മാനസാന്തരപ്പെടുത്തുകയും ഇരുവരുംകൂടി ഒരു ജീൎണ്ണിച്ച വഞ്ചിമാൎഗ്ഗേണ മഹമ്മദരുടെ കൈയ്യിൽനിന്നും സ്വതന്ത്രരാകയും ചെയ്തു. അനന്തരം മാർപ്പാപ്പായുടെ അവിഞ്ഞോണിലെ പ്രതിനിധിയെ അനുഗമിച്ചു് റോമിലെത്തി. നാലാം ഹെൻറിയുമായി മാർപ്പാപ്പാ ഇടപെട്ട ചില സംഗതികൾ നിൎവ്വഹിക്കുന്നതിനായി പരിശുദ്ധ പിതാവായ 5_ാം പൌലോസിനാൽ നിയമിക്കപ്പെട്ടതിനാൽ പാരീസിലേക്കു വരുന്നതിന്നിടയായി. അവിടെ വന്നതിനു ശേഷം രാജാവിൽനിന്നു സിദ്ധിക്കാമായിരുന്ന സുഖസൌകൎയ്യാദികളെ പരിത്യജിച്ചു് ഒരു ധൎമ്മശാലയിൽ അത്രേ അദ്ദേഹം താമസിച്ചതു്. എല്ലാദിവസവും വളരെനേരം രോഗികളെ മതസംബന്ധമായി ഉപദേശിച്ചു് പഠിപ്പിക്കുന്നതിലും പരിചരിക്കുന്നതിലും അദ്ദേഹം വിനിയോഗിച്ചിരുന്നു എന്നാൽ ഇതുകൊണ്ടൊന്നും ആത്മരക്ഷയിലുള്ള തീവ്രമായ ആദ്ദേഹത്തിൻെറ ദാഹത്തിനു് ശമനം ഉണ്ടാകാഞ്ഞതിനാൽ കർദിനാൾ ദ്ബെറൂൾ എന്ന ദേഹത്തിൻെറ പ്രേരണയാൽ പാരീസിനുസമീപെയുള്ള ക്ലിക്കി എന്ന ഇടവകഭരണവും സ്വീകരിച്ചു. രാജധാനിപ്പട്ടണത്തിൽനിന്നും അദ്ദേഹത്തിനു ലഭിച്ചിരുന്ന സഹായധൎമ്മങ്ങൾകൊണ്ടു് തൻെറ കീഴിലുള്ള പള്ളി നന്നാക്കി ഭംഗിയാക്കുന്നതിനും അവിടത്തെ ദരിദ്രരെ സംരക്ഷിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

ഈവിധം വിജയപ്രദമായ ഒരുവർഷത്തെ അദ്ധ്വാനത്തിന്റെ ശേഷം, ഫ്റഞ്ച്യു കാരാഗൃഹങ്ങളുടെ അധിപനായിരുന്ന ജോയിണി പ്രഭുവിന്റെ കുട്ടികളെ പഠിപ്പിക്കുന്നതിനു പ്രസ്തുത കർട്ടിനാൾ അദ്ദേഹത്തെ സമ്മതിപ്പിച്ചു. ആദ്യമായി അദ്ദേഹം പരിശ്രമിച്ചതു് പാരീസ് നഗരത്തിലെ ഏററവും നിർഭാഗ്യരായ ഈ ആളുകളുടെ കഷ്ടാരിഷ്ടയെ കഴിയുന്നത്ര ശമിപ്പിക്കുവാനായിരുന്നു. അവരുടെ ആത്മശരീരങ്ങൾക്കു് വേണ്ട ആശ്വാസം ഉണ്ടാകത്തക്കവണ്ണം ശുശ്രൂഷിക്കുന്നതിനു് ഒരു സഭയെ അവർക്കായി ഏർപ്പെടുത്തി. 13-ാം ലൂയിസ് രാജാവു് ഇദ്ദേഹത്തെ ആകാരഗൃഹങ്ങളുടെ ആത്മീയ പാലകനായി നിയമിച്ചു. മർസെൽസ് പട്ടണത്തിൽ ചെന്ന അവസരത്തിൽ അടിമകളായി അവിടെ കൊണ്ടുവരപ്പെട്ടിരുന്ന ആളുകളുടെ അതിശോചനീയമായ കഷ്ടാവസ്ഥയെ കാണുകയുണ്ടായി. ഈ നിർഭാഗ്യരുടെ ശരീരാരിഷ്ടകൾക്കും പുറമേ ദൈവദൂഷണം ലജ്ജാവഹങ്ങളായ ദുർമ്മാർഗ്ഗനടപടികൾ തുടങ്ങിയുള്ള ആത്മീകരോഗങ്ങൾക്കധീനമായ അവരുടെ കഷ്ടപ്പാടു അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കി. തൽഫലമായി അദ്ദേഹത്തിനുണ്ടായ സഹതാപം അത്യുഗ്രമായിരുന്നു. അവരിലോരോരുത്തരുടെ പക്കലും ചെന്നു് അവരുടെ സങ്കടങ്ങൾ കേട്ടു് അനുകമ്പാപൂർവ്വം ആശ്വസിപ്പിക്കയും അവരുടെ ഹൃദയംഗമമായ സ്നേഹബഹുമാനങ്ങൾക്കു് അദ്ദേഹം അർഹനായിത്തീരുകയും ചെയ്തു. ഇവരുടെ മേധാവികളായ ഉദ്യോഗസ്ഥന്മാർ കൂടുതൽ ആർദ്രതയോടുകൂടി ആ സാധുക്കളോടു് അനുവർത്തിക്കണമെന്നു് അവരെ ഗുണദോഷിക്കയും അതിൻപ്രകാരം കാര്യം നിമിഷത്തിൽ സാധിക്കയുണ്ടായി. ഉദ്യോഗസ്ഥന്മാർ പൂർവ്വാധികം ദയാലുക്കളായിത്തീരുകയാൽ ബന്ധനസ്ഥർ ഏററവും അനുസരണയുള്ളവരായിത്തീർന്നു. ഈ വിധം ആസ്ഥലത്തെ സ്ഥിതി പാടേ വ്യത്യാസപ്പെട്ടു. മഹാപാപികൾ പോലും യഥാർത്ഥമനസ്താപകളായി തങ്ങളുടെ കുററങ്ങൾക്കു് വന്നുകൂടിയ ശിക്ഷകൾ ക്ഷമാപൂർവ്വം സഹിക്കുന്നതിനു പഠിച്ചു ഈ നിരന്തര വേലകളിൽ ഉദ്യുക്തനായിരുന്നിട്ടും തന്റെ പ്രത്യേക ശ്രദ്ധയെ ആകർഷിച്ചിരുന്ന ഉൾനാട്ടിലെ ജനങ്ങളെ വേദോപദേശം ചെയ്യുന്നതിനു് വേണ്ട സമയവും കണ്ടെത്തിയിരുന്നു. ഈ അജ്ഞന്മാരായ സാധു ജനങ്ങളുടെ ഇടയിൽ ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നതുമല്ലാതെ ഭക്തിതീക്ഷ്ണതയോടും ഊർജ്ജസ്വലതയോടുംകൂടി സർവ്വപ്രധാനമായ ഈ വേലയ്ക്കു് പ്രതിഷ്ഠിതമായ ഒരു വൈദികസംഘവും പ്രായേണ അദ്ദേഹം സ്ഥാപിക്കയുണ്ടായി. 1624ൽ മാഡംഡ്ഗോണ്ടി എന്ന പ്രഭ്വിയുടെമരണാനന്തരംബോൻഇൻഫൻസ്എന്ന

മന്ദിരത്തിൽ തൻെറ വൈദികരോടുകൂടി അദ്ദേഹം താമസമുറപ്പിക്കയും ഒരു നിയമസംഹിത അവർക്കായി എഴുതികൊടുക്കുകയും അതു പിന്നീട് വിശുദ്ധ സിംഹാസനം അംഗീകരിക്കയും ചെയ്തു. 1632-ൽ സെൻറ് ലാസറിൻെറ ആശ്രമം സെൻറ വികറിൻെറ ആശ്രമസന്യാസികൾ നമ്മുടെ ചരിത്രനായകന് വിട്ടുകൊടുത്തു. അതു നമ്മുടെ വിശുദ്ധനാൽ സ്ഥാപിതമായ സന്യാസസഭയുടെ മാതൃഭവനമായിത്തീരുകയും അതിനു പ്രായേണ ലാസറിസ്റ്റ് ഫാദേഴ്സ് എന്ന അഭിധാനം സിദ്ധിക്കുകയും ചെയ്തു. അവർ സ്വമേധയാ സ്വീകരിച്ചിരുന്ന നാമധേയം മിഷ്യൻ വൈദികർ എന്നായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രത്യേകമായി ഫ്രാൻസിലും വിദേശങ്ങളിലും വിശിഷ്യാ പ്രാചീനരാജ്യങ്ങളിലും പ്രേഷിതവേലയ്ക്കായി തങ്ങളെ മുഴുവനും സമർപ്പിച്ചിരുന്നു. കൂടാതെ തിരുപ്പട്ടസ്വീകരണത്തിനായി തയ്യാർ ചെയ്തിരുന്ന വൈദീകവിദ്യാർത്ഥികളുടെ അദ്ധ്യയനംകൂടി ഇവർ ഏററു നടത്തുകയുണ്ടായി. ഫ്രാൻസിലുള്ള പലേ വൈദീകസെമ്മിനാരികളും അവരുടെ അധീനത്തിലാണ് ഇപ്പോഴും സ്ഥിതിചെയ്യുന്നതു്.

വിശുദ്ധ വിൻസെൻറിൻെറ പിന്നത്തെ ഉദ്യമം ഇപ്പോൾ സർവ്വലോകത്തിലും കീർത്തിപ്പെട്ടിരിക്കുന്ന പരസ്നേഹസഹോദരികൾ എന്ന സഭയുടെ സ്ഥാപനത്തിനുവേണ്ടിയായിരുന്നു. ഇവരുടെ ജോലി രോഗികളെ പരിചരിക്കുക, അനാഥകുട്ടികളെ വളർത്തുക, ഉപേക്ഷിതരായ ബാലികമാരെ വിദ്യ അഭ്യസിപ്പിക്കുക, ആശുപത്രികളിലും ജയിലുകളിലും കിടക്കുന്നവർക്ക് ശുശ്രൂഷ ചെയ്യുക, എന്നിത്യാദികളത്രേ. ഈ വിസ്മയപരമായ സ്ഥാപനം ദൈവനിവേശിതമായ ഒരു മതത്തിനു മാത്രമേ രൂപവൽകരിക്കുന്നതിനും കത്തോലിക്കാസഭയ്ക്കുമാത്രമേ അതു നടപ്പിൽ വരുത്തുന്നതിനും പ്രാപ്തിയുള്ളു.

പാപത്തിൻേറയോ ദാരിദ്ര്യത്തിൻേറയോ ഫലമായി തെരുവുകളിലും ഊടുവഴികളിലും പരിത്യജിക്കപ്പെട്ട അസംഖ്യം കുഞ്ഞുങ്ങളുടെ ദയനീയസ്ഥിതി വിശുദ്ധ വിൻസെൻറിൻെറ ഹൃദയത്തെ ശക്തിമത്തായി സ്പർശിച്ചു.

ഈ വക സാധുക്കുട്ടികളുടെ കാര്യം ഏററു നടത്തുന്നതിനായി ഭക്തവത്സലകളായ ഏതാനും സ്ത്രീകളെ ഇദ്ദേഹം ഒരുമിച്ചുകൂട്ടി അവരെ ഈ ജോലി ഭരമേല്പിച്ചു. എന്നാൽ അവരുടെ ചെലവു നടത്തുന്നതിന് അതിഭാരമായിത്തീൎന്നതിനാൽ ഈ ഉദ്യമം മിക്കവാറും കൈവെടിയേണ്ടിവരുമെന്നുള്ള സ്ഥിതിയിലായി. ഇതിലും അത്യാവശ്യപ്പെട്ടിരുന്ന മററു പല പരസ്നേഹപ്രവൃത്തികൾക്ക് ഒരു വലിയ സംഖ്യ ആവശ്യമായി

രുന്നു. ആ അപൽഘട്ടത്തിൽ നമ്മുടെ വിശുദ്ധൻ ആ നാരീഗണങ്ങളെ വിളിച്ചുവരുത്തി തുടങ്ങിയ വേല ഉപേക്ഷിക്കണമോ തുടൎന്നുകൊണ്ടു പോകണമോ, എന്താണു് വേണ്ടതെന്നു് അവരുടെ ആലോചന അറിയുന്നതിലേക്കു് ഇരുവശങ്ങളിലെയും ന്യായങ്ങൾ പ്രസ്താവിച്ചു. നിങ്ങൾ ഇതുവരെ അറുനൂറോളം കുഞ്ഞുങ്ങളെ അവരുടെ ജീവിതനാശത്തിൽനിന്നു് സംരക്ഷിച്ചിട്ടുണ്ടു്. നിങ്ങളുടെ ഉത്സാഹം ഇല്ലായിരുന്നെങ്കിൽ അവയെല്ലാം നശിച്ചുപോകുമായിരുന്നു. അനേകം കുട്ടികൾ ഉപജീവനത്തിനാവശ്യമായ പല തൊഴിലുകളും പഠിച്ചുവരുന്നു. എല്ലാവരും ദൈവത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനു അഭ്യസിപ്പിക്കപ്പെട്ടിരുന്നു. അനന്തരം അദ്ദേഹത്തിന്റെ സ്വരമുയൎത്തി ഹൃദയസ്പൎശകമായ ഈ വാക്കുകളോടുകൂടി സംഭാഷണം അവസാനിപ്പിച്ചു. "മഹതികളെ നിങ്ങളുടെ അനുകമ്പയും ഉപവിയും ഈ കുഞ്ഞുങ്ങളെ നിങ്ങളുടെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സ്വീകരിച്ചു വളൎത്തുന്നതിനു് നിങ്ങളെ പ്രേരിപ്പിച്ചതാണല്ലോ. അവരുടെ സ്വാഭാവിക മാതാക്കൾ അവരെ വെടിഞ്ഞിരിക്കുന്ന സ്ഥിതിക്കു് സ്വാഭാവാതീതമായ ക്രമത്തിൽ നിങ്ങളാണു് അവരുടെ മാതാക്കളായിത്തീൎന്നിരിക്കുന്നതു് ഇനിയും അവരെ പരിത്യജിക്കുവാൻ നിങ്ങൾക്കു് എങ്ങനെ കഴിയും എന്നു് ചിന്തിച്ചാലും. ഒരു ക്ഷണനേരത്തേക്കു് അവരുടെ മാതൃസ്ഥാനം നീക്കിവെച്ചുകൊണ്ടു് അവരുടെ കേസ് നിങ്ങൾ തന്നെ വിധിക്കുവിൻ. അവരുടെ ആയുസ്സും മരണവും നിങ്ങളുടെ കൈയിലിരിക്കുന്നു. നിങ്ങൾ കുറിയിട്ടു തീൎച്ചപ്പെടുത്തുവാനും അവരെപ്പററി വിധി പറയുന്നതിനും അവരുടെമേൽ നിങ്ങൾക്കു് ആൎദ്രത ഉണ്ടോ ഇല്ലയോ എന്നു തീൎച്ചയാക്കുവാനുള്ള സമയം ആസന്നമായിരിക്കുന്നു." ഇത്രയും കേട്ടപ്പോഴേക്കു് യോഗം മുഴുവനും അശ്രുധാരയിൽ ലയിച്ചുകഴിഞ്ഞു. എന്തുതന്നെ വന്നാലും ആ കുഞ്ഞുങ്ങളുടെ കാൎയ്യം മുന്നോട്ടു നടത്തിക്കൊണ്ടു് പോകണമെന്നു് തന്നെ ഐകകണ്ഠ്യേന തീൎച്ചപ്പെടുത്തി. രാജാവു വേണ്ട ഒത്താശകളൊക്കെയും പ്രദാനം ചെയ്തു.

ഈ ഭക്തവേല ഒരു സുസ്ഥിരമായ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടു. നമ്മുടെ ആധുനികകാലത്തും പാരീസിൽ മാത്രമല്ല ഫ്രാൻസിലെ വലിയ പട്ടണങ്ങളിലും എന്നല്ല ലോകത്തിലെ പ്രധാന നഗരങ്ങളിലൊക്കെയും ഇതു് രൂഢമൂലമായിത്തീൎന്നിരിക്കുന്നു.

ഇവിടെ ഒരു സംഗതി നാം സ്മരിക്കേണ്ടതായിട്ടുണ്ടു്. ദൈവസഭയിൽ നിന്നും വിട്ടുപോയിട്ടുള്ള ആളുകൾ ചിലപ്പോൾ സന്ദൎഭവശാൽ ചെയ്യുന്ന ഉദ്യമങ്ങളുടെ ഫലശൂന്യതയെ ഒരു വശത്തു നാം കാണുകയും

മറുവശത്തു് ദൈവത്തിന്റെ വിശ്വസ്ഥ ഭൃത്യന്മാരുടെ ഈ ദൃശ്യമായ ഫലപൂർണ്ണതയെ നാം ദർശിക്കയും ചെയ്യുമ്പോൾ ആശ്ചര്യപ്പെടാതെ ഗത്യന്തരമില്ല. ദരിദ്രവാസിയും അനാഡംബരപ്രിയരും ആയ ഇദ്ദേഹം പാരീസിൽ തന്നെ നടത്തിയിട്ടുള്ള അസംഖ്യം പരസ്നേഹവൃത്തികൾ വിവരിക്കുവാൻ ഈ ഗ്രന്ഥസംഗ്രഹം അനുവദിക്കുന്നില്ല. ബിസററർ, സൽഫെററിറിയർ, ല്ല്പിററിയെ, മർസേൽസ് മുതലായ ആതുരശാലകൾക്കായും ഈശോയുടെ നാമത്തിൽ സ്ഥാപിച്ച വൃദ്ധാശ്രയമന്ദിരത്തിനായും അദ്ദേഹം വേണ്ടുവോളം മൂലധനം ശേഖരിച്ചുകൊടുത്തിട്ടുണ്ടു്. സന്യാസിനിമഠങ്ങളെ പരിഷ്കരിക്കുന്നതിനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

ദൈവപരിപാലനയുടെ പുത്രികൾ വിശുദ്ധ കുരിശിന്റെ പുത്രികൾ എന്ന കന്യകാസഭകൾക്കു് വേണ്ട മൂലധനങ്ങൾ അദ്ദേഹം ശേഖരിച്ചുകൊടുത്തു. ഉൽകൃഷ്ടവൈദികപദങ്ങൾക്കു് വിശുദ്ധരും ഭക്തരുമായ പട്ടക്കാരെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ കർദ്ദിനാൾ റിഷേലിയു എന്നദേഹത്തെ വളരെ സഹായിക്കയുണ്ടായി. തിരുസ്സഭയിൽ ഗുരുതരമായ ഉദ്യോഗങ്ങൾ വഹിക്കേണ്ട വൈദികരുടെ യോഗ്യതാവിശേഷങ്ങളെ നശ്ചയിക്കുന്ന കാര്യത്തിൽ ചുമതലപ്പെട്ട ഒരു സംഘം ഉണ്ടായിരുന്നു. മനസ്സാക്ഷിയുടെ ആലോചനാസംഘം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സംഘം ആസ്ത്രിയായിലെ അന്ന, റീജൻ്റാ ഭരിക്കയിൽ ആ മഹതിയാൽ സ്ഥാപിക്കപ്പെട്ടതാണു്. നമ്മുടെ വിശുദ്ധനും ആലോചനാസംഘത്തിലെ നാലംഗങ്ങളിൽ ഒരംഗമായി പ്രസ്തുത രാജ്ഞിയാൽ നിയമിക്കപ്പെട്ടു. ഫ്റാൻസിലും ഇതരരാജ്യങ്ങളിലുമായി പരസ്നേഹപ്രവൃത്തികൾക്കായി (1600000) പതിനാറുലക്ഷത്തിൽപരം പവൻ വിശുദ്ധ വിൻസെൻറിന്റെ കരങ്ങൾകൊണ്ടു് വിതരണം ചെയ്യപ്പെട്ടു എന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഭയങ്കരമായ കുടിപ്പടയാൽ നാശോന്മുഖമായിരുന്ന പലേ സംസ്ഥാനങ്ങളും പ്രത്യേകം ലോറൈൻ, പിക്കാർഡി ഈ നഗരങ്ങളും ഇദ്ദേഹത്തിന്റേയും സഹപ്രവർത്തകന്മാരായ വൈദികരുടേയും പ്രയത്നത്തിന്റെ ഫലമായി പട്ടിണിക്കു് അധീനമാകാതെ സംരക്ഷിക്കപ്പെട്ടു. എന്നാൽ ഇത്ര വളരെ പണം ശേഖരിച്ചു് വ്യയം ചെയ്യുകയും സർവ്വത്ര ജനസ്വാധീനം പ്രാപിക്കയും ചെയ്തിരുന്നിട്ടും ഇത്ര വളരെ അത്ഭുതപ്രവർത്തകൻ ആയിരുന്നിട്ടും വിശുദ്ധ വിൻസെൻറു് മഹാദരിദ്രനും, വിനീതനും വിരാഗിതനുമായിട്ടാണു് പ്രത്യക്ഷപ്പെട്ടിരുന്നതു്. എല്ലാവരിലും ഏററം അധമനും പ്രയോജനമില്ലാത്തവനുമാണെന്നു് ഏററുപറഞ്ഞുകൊണ്ടത്രേ 1660_ൽ ഭാഗ്യമരണം പ്രാപിച്ചതു്. ഇത്ര വിസ്മയനീയമായ ഒരു

ദിവ്യപുരുഷനെ രൂപോൽക്കരിച്ച്‌ പരിപോഷിപ്പിക്കയും പിന്നീട്‌ ലോകത്തിൻെറ ബഹുമാനാദരവുകൾക്ക്‌ പാത്രീഭൂതനാകത്തക്കവണ്ണം അൾത്താരയിൽ ഉയർത്തി സ്ഥാപിക്കയും ചെയ്ത സഭയുടെ ദിവ്യമഹത്വത്തെ ലോകസമക്ഷം തെളിയിക്കുന്നതിനു് ഈദൃശ്യനായ ഒരു വൈദികൻ വേണ്ടുവോളം മതിയായിരുന്നു.

---

## ൧. ൧൭-ാം ശതാബ്ദം.

---

വിശുദ്ധ ഫ്രാൻസീസ്‌ സാലേസ്‌, വിശുദ്ധ വിൻസെൻറ്‌ ദ പോൾ എന്നീ പുണ്യവാന്മാരുടെ ജീവിത പ്രതാപത്താൽ സമാരംഭിക്കപ്പെട്ട 17-ാം ശതാബ്ദം ഈ പുണ്യമതികളാൽ സ്ഥാപിതങ്ങളായ മഹനീയ പ്രസ്ഥാനങ്ങളെ പരിപോഷിപ്പിച്ച്‌ വിസ്തൃതമാക്കി എന്നും നിലനിറുത്തി. തിരുസഭയെ ഇപ്രകാരം തങ്ങളുടെ ഗുണപൗഷ്കല്യത്താൽ സമൃദ്ധിയായി അലങ്കരിച്ച്‌ സന്തുഷ്ടിപ്പെടുത്തുന്നതിനു് പ്രാപ്തരായ മഹാത്മാക്കളാൽ ശോഭനമാകുന്നതിനും ദൈവം തിരുമനസ്സായി. മഹാന്മാരുടെ ഒരു നൂററാണ്ടായിരുന്നു ഇതു്. തിരുസഭയ്ക്കു് പൊതുവെ ഒരു ഉയർച്ചയും സിദ്ധിച്ചു. രാഷ്ട്രങ്ങൾ, രാജ്യനിയമങ്ങൾ, സ്ഥാപനങ്ങൾ, ന്യായകോടതികൾ ഇവയെല്ലാം വിശ്വാസത്തിൻെറ പാവനശക്തിയാൽ അഭിഷിക്തമായിരുന്നു എന്നുവേണം പറയുവാൻ. ജനസാമാന്യത്തിൻെറ ഇടയിൽ മനുഷ്യസഹജമായ ആശാപാശം ഏറെക്കുറെ ബാധിച്ചിരുന്നെങ്കിലും വ്യവസ്ഥാപിതങ്ങളായ മൂലതത്വങ്ങളും പ്രവർത്തനനിയമങ്ങളും നടപടിരീതിയും എല്ലാം മതാത്മകവും കത്തോലിക്കാവിശ്വാസത്തിനു് അനുയോജ്യവും ആയിരുന്നു. ഈ വിധം ആലോചിക്കുമ്പോൾ അത്രേ പിൻവരുന്ന രണ്ടുനൂററാണ്ടുകളേക്കാൾ കൂടുതൽ പ്രാധാന്യം 17-ാം നൂററാണ്ടിനു സിദ്ധിക്കേണ്ടതായി വരുന്നതു്. വിശുദ്ധ വിൻസെൻറ്‌ ദിപോൾ ജീവിച്ചിരുന്ന കാലത്തുതന്നെ പാരീസിൽ ബണ്ണാദ്‌ എന്നു പേരായ ഒരു ഗുരു പരസ്നേഹപ്രവൃത്തികൾ നിർവ്വഹിക്കുന്നതിൽ ഉൽക്കണ്ഠാപൂർവ്വം ശ്രദ്ധിച്ചിരുന്നു. ധനികന്മാരായ മാതാപിതാക്കന്മാരിൽനിന്നു് ജനിച്ച ബണ്ണാദിൻെറ നടപടി ആദ്യകാലങ്ങളിൽ അത്ര നന്നായിരുന്നില്ല. എന്നിരുന്നാലും പിന്നീട്‌ ദൈവകൃപയാൽ മാനസാന്തരപ്പെട്ട്‌ നൈമീകപഠനം കഴിച്ച്‌ പുരോഹിതനായിത്തീർന്ന ശേഷം ദരിദ്രർ, രോഗികൾ, കൊലക്കു വിധിക്കപ്പെട്ടവർ തുടങ്ങിയുള്ള നിർഭാഗ്യരുടെ ശുശ്രൂഷക്കു തന്നെ മു

ഴുവനും പ്രതിഷ്ഠിച്ചു. പാരീസിലെ ഏററവും വലുതായ ഒട്ടൽദിയോ എന്ന ആശുപത്രിയിൽ രോഗപരിചരണവേലയ്ക്കായി 20 വർഷത്തോളം വിനിയോഗിച്ചു. അനന്തരം ചാരിറേറ എന്ന വിശ്രുതമായ ആതുരശാലയിലും സാധുശുശ്രൂഷ നടത്തി. 20000 പവനോളം അദ്ദേഹം ഈ വിധത്തിൽ ചെലവാക്കി.

വിശുദ്ധ സെൻറിൻെറ വൃത്താന്തം പറയുകിൽ നാം മേൽസൂചിപ്പിക്കയുണ്ടായ കർദ്ദിനാൾ ദ്ബേരുൾ എന്ന പുണ്യശ്ലോകൻ, പാരീസിൽതന്നെ ഓരററി എന്ന ഒരു ഭക്തസഭ ഏർപ്പെടുത്തുകയും ഉണ്ടായി. ഈ സഭയുടെ ഉദ്ദേശം ഈശോമിശിഹായുടെ ശിശുത്വം ജീവിതം, മരണം, ഇത്യാദി രഹസ്യങ്ങളെ ഭക്തിപുരസ്സരം ബഹുമാനിക്കുക, യുവജനങ്ങളെ മതാഭ്യസനം ചെയ്യിക്കുക, വൈദികവിദ്യാലയങ്ങളെ സ്ഥാപിച്ചു നടത്തുക, ധ്യാനപ്രസംഗങ്ങൾ ചെയ്യുക, ഇത്യാദി പ്രവർത്തനങ്ങളാകുന്നു. ഈ സഭയുടെ ദ്വിതീയ ശ്രേഷ്ഠാധിപനായ ഫാദർ കോൺട്രൻ സുപ്രസിദ്ധ വിശുദ്ധിയോടുകൂടിയ ഒരാളായിരുന്നു. ഇദ്ദേഹം വൈദികഗണത്തിൻെറ ഉദ്ധാരണത്തിനു് വിസ്മയജന്യമായ ഫലം സിദ്ധിക്കത്തക്കവണ്ണം സ്ഥാപിതമായ വേറൊരു സഭയെ നിർമ്മിക്കുന്നതിനു് സർവ്വോപരി പരിശ്രമിച്ചു. സെൻറ്സൽഫിസിലെ വികാരിയായിരുന്ന എം ഒലിയർ എന്ന ദേഹം ഫ്രാൻസിലും അവിഞ്ഞോനിലും ജനങ്ങളുടെ ഇടയിൽ ധ്യാനപ്രസംഗം നടത്തുന്നതിൽ ഉദ്യുക്തനായ ഒരു സുകൃതവാനായിരുന്നു അദ്ദേഹം ധ്യാനം നടത്തിയതിനു ശേഷം പാരീസിലേക്കു മടങ്ങിവന്ന അവസരത്തിൽ ഗുരുപ്പട്ടാർത്ഥികളായ യുവജനങ്ങളെക്കൂടി പരിശീലിപ്പിച്ചു വളർത്തുന്നതിനു് പര്യാപ്തമായ ഒരു സെമ്മിനാരി സ്ഥാപിക്കണമെന്നു തീർച്ചയാക്കി. ഈ ഉദ്ദേശം പ്രവൃത്തിയിൽ വരുത്തുന്നതിനു് വിശുദ്ധ വിൻസെൻറ് ദ്'പോളും ഫാദർ കോൺട്രനും ഇദ്ദേഹത്തെ വളരെ പ്രോത്സാഹിപ്പിക്കുകയുമുണ്ടായി. ഇദ്ദേഹത്തിൻെറ ഈ പരിശ്രമം ആദ്യം പാരീസിനു സമീപേയുള്ള ഓളിരാർഡ് എന്ന ഗ്രാമത്തിൽ തുടങ്ങിയെങ്കിലും സ്വന്ത ഇടവകയായ സെൻറ സൽഫീസിലാണു് അതു സഫലമായതു്. ഇദ്ദേഹം കൂട്ടിച്ചേർത്ത ഈ സംഘം സെൻറ സൽഫീസിൻെറ പട്ടക്കാർ എന്ന നാമത്തിൽ അറിയപ്പെടുന്നു. ആ കാലഘട്ടത്തിൽ തിരുസഭയിൽ വിളങ്ങിയിരുന്ന ഏററവും പരിശുദ്ധരും വൈഭവപ്രമുഖരും ആയ വൈദികഗണത്തിൽ ഒരുവനായിരുന്നു ഇദ്ദേഹം. ദുർവൃത്തരായി ജീവിക്കുന്നതിനു് ആകാംക്ഷയുള്ള ഏവർക്കും ഒരു സങ്കേതസ്ഥാനമായിരുന്ന സെൻജമ്മെയിൻ എന്ന കുഗ്രാമത്തെ ഈ പുണ്യാത്മാവാണു് ശുദ്ധീകരിച്ചു നന്നാക്കിയതു്. പ്രഭുക്ക

ന്മാരും കലിനന്മാരും അടങ്ങിയ ഒരു സാമൂഹ്യസംഘം ഇദ്ദേഹം രൂപവൽക്കരിക്കയും ഈ സഖ്യാംഗങ്ങൾ ഇനി ഒരിക്കലും പന്ദയുദ്ധത്തിന് പോകയോ അതിനു സഹകരിക്കയോ ചെയ്യുന്നതല്ലെന്നു് സെൻറ സൽഫീസ് സഭയുടെ ആഭിമുഖ്യത്തിൽ പരസ്യമായി ശപഥം ചെയ്യുകയും ചെയ്തു ദ്വന്ദയുദ്ധം. ആ കാലത്തിലെ ജനങ്ങളുടെ ഇടയിൽ നടപ്പായിരുന്ന അതിഘോരമായ ഒരു തിന്മയും ഒരസാദ്ധ്യരോഗവുമായിരുന്നു. എം. ഒലിയർ എന്ന മഹാത്മാവു് ഈ ദുഷ്കൃത്യം അധർമ്മവും നിന്ദ്യവുമായ ഒരു തിന്മയാണെന്നു് ജനതതിയെ ഉൽബോധിപ്പിക്കയാൽ അതു് അശേഷം നിർമൂലമാകുന്നതിന് സംഗതിയായി. അദ്ദേഹം സ്ഥാപിച്ച ഭക്തിപരവുംവിജ്ഞാനപ്രദവുമായ സഭ ഇന്നാൾവരെയും വിശ്വസ്ഥതയോടും തങ്ങളുടെ സ്ഥാപകൻെറ അരൂപിയിലും ദൈവവിളിക്കനുസരണമായും യുവാക്കളെ വൈദികപട്ടത്തിനു് ഒരുക്കുന്നതിനുള്ള സാരസംപൂർണ്ണമായ ജോലിയെ ഇപ്പോഴും അതേ മാതിരിയിൽ വിജയപ്രദമായും നിർവഹിച്ചു വരുന്നുണ്ടു്. കീർത്തിപെട്ട ഫെനലൻ മെത്രാൻ മരണാസന്നനായി കിടക്കയിൽ ഈ സഭയെപ്പററി പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയങ്ങളാണു്. സെൻറസൽഫീസ് സ്ഥാപനത്തെക്കാൾ യഥാർത്ഥമായി കൂടുതൽ അപ്പസ്തോലിക അരൂപിയുള്ള മറെറാരു സഭയും ഉള്ളതായി എനിക്കറിവില്ല. ഈ അഭിപ്രായത്തെ ഫ്റാൻസിലും അമേരിക്കയിലുമുള്ള വൈദികഗണങ്ങളുടെയും വിശ്വാസികളുടെയും അനുഭവം സ്വീകരിക്കുന്നുണ്ടു്.

1655_ൽ പുണ്യശ്ലോകനായി മരണം പ്രാപിച്ച എം. ബോർഡുബാ എന്ന വൈദികൻ സെൻറ് നിക്കൊളാസ് ഡ്ഷർഡ്ഡൻ എന്ന അഭിധാനത്തിൽ വൈദികരുടെ വേറൊരു സഭയെ സ്ഥാപിച്ചു. ഇദ്ദേഹം ദൈവഭവനത്തിൻെറ നേർക്കുള്ള ശുഷ്കാന്തിയാൽ മുഴുവനും എരിഞ്ഞിരുന്ന ഒരു മഹാത്മാവായിരുന്നു. ഇദ്ദേഹത്തിൻെറ ജീവിതകാലം മുഴുവനും കുട്ടികൾക്കു് വേദപാഠം നൾകുന്നതിലും ജനങ്ങളെ ധ്യാനിപ്പിക്കുന്നതിലും ആണു് വിനിയോഗിച്ചിരുന്നതു്. ക്രിസ്ത്യൻ ബ്രദേഴ്സ് എന്ന പേരോടു കൂടി അദ്ധ്യാപകന്മാരായ സഹോദരന്മാരുടെ ഒരു സഭയെ വിശുദ്ധ ജോൺ ബാപ്ററിൻെറ് ഡ്ലസാൾ എന്ന ദേഹം 1680_ൽ ഇദംപ്രഥമമായി റെംസ് പട്ടണത്തിൽ സ്ഥാപിച്ചു. മുഖ്യമായി വിദ്യാഭ്യാസത്തിൻെറ അഭാവം നിമിത്തം സാധുജനങ്ങളിൽ കടന്നുകൂടിയിരുന്ന നാനാതരത്തിലുള്ള ദുർഗ്ഗുണങ്ങൾ കണ്ടിട്ടു് ഈ പുണ്യവൈദീകനു് അതയായ ക്ലേശമുണ്ടായി. തൽപരിഹാരാർത്ഥം ഈ ദുർഗ്ഗുണങ്ങളെ ഉൻമൂലനം ചെയ്യുന്നതിനു് സ്വന്ത ജീവനേയും സ്വത്തുക്കളേയും വിനിയോഗിച്ചുകൊണ്ടാ

ണ്ട് വിദ്യാലയങ്ങൾ സ്ഥാപിച്ചതു്. തദ്വാരാ കുട്ടികളെ ശൈശവപ്രായം മുതൽക്കേ സുവിശേഷത്തിന്റെ നിർമ്മലതത്വങ്ങളെ പഠിപ്പിക്കുന്നതിനും എല്ലാ ക്രിസ്തീയ സുകൃതങ്ങളിലും അവരെ പരിശീലിപ്പിക്കുന്നതിലും അശ്രാന്തപരിശ്രമം ചെയ്തു. തന്റെ ഉദ്ദേശം സാദരം സ്വീകരിച്ചിരുന്ന ഭക്തവത്സലരായ ഏതാനും ആളുകളെ ഒരു സഭയായി ചേർത്തു അവരുടെ ഒരു നവസന്യാസഗൃഹം റെംസിലും പിന്നീടു വേറൊന്നു് റൂബെനിലും ഏർപ്പെടുത്തുകയുണ്ടായി.

തന്റെ ഭാഗ്യപ്പെട്ട മരണത്തിനുമുമ്പായി (1719)ൽ തന്റെസന്യാസസഭ സർവ്വത്ര വ്യാപിച്ചു് സുസ്ഥിരമായഒരടിസ്ഥാനത്തിന്മേൽ സ്ഥിതിചെയ്യുന്നതായി കാണുന്നതിനുള്ള ഭാഗ്യം ഇദ്ദേഹത്തിനുസിദ്ധിച്ചു. സംഖ്യയിൽ വളരെ വർദ്ധിച്ചിരുന്ന ഇദ്ദേഹത്തിന്റെ ആദ്ധ്യാത്മികസന്താനങ്ങൾ ഈ മഹാത്മാവിന്റെ ഭക്താരൂപിയെ അഗാധമായി പാനംചെയ്യുകയും ഭൂമുഖത്തിന്റെ നാനാഭാഗങ്ങളിലായി ദൈവവചനമെന്നസ്വർഗ്ഗീയവിത്തു് വിതരണം ചെയ്യുന്നതിൽ ഉത്സുകരാകുകയും ചെയ്തിരുന്നു. ഫ്റാൻസിലെ അനേകം പട്ടണങ്ങൾക്കും ഇവരുടെ വിസ്മയജന്യങ്ങളായ വിദ്യാലയങ്ങൾകൊണ്ടു് നിരവധി അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നു. വിദ്യാസമ്പാദനത്തിനു് ആസക്തരെങ്കിലും അശക്തരായ സാധുക്കളായ വേലക്കാരെ വിദ്യാഭ്യാസം കഴിപ്പിക്കയും ആദ്യകുർബാന കൈക്കൊള്ളപ്പാടു്, മുമ്പിലത്തെ ഒപ്പുശമാ മുതലായ ക്രദാശകളെ യഥായോഗ്യം കൈക്കൊള്ളുന്നതിനു് ബാലന്മാരെ ഒരുക്കുന്നതിൽ ഇടവകവികാരിമാക്കു് വിലയേറിയ സഹായസഹകരണങ്ങൾ നൾകുന്നുണ്ടു്. ഇപ്രകാരം കത്തോലിക്കാതിരുസഭ ഒരുവശത്തു് വിശുദ്ധന്മാരായ മഹാത്മാക്കളുടെ ദീർഘമായ നിരയാൽ പാഷണ്ഡികളുടെ ഭീഷണങ്ങളെ മൗനപരമായി ഖണ്ഡിക്കയിൽ അതേസമയം തന്നെ തിരുസഭയെ പൌരാണികകാലത്തു് അജയ്യവീര്യത്തോടുകൂടി അനുസരിച്ചിരുന്ന ധീരയോദ്ധാക്കളായ വിശുദ്ധ ആഗസ്റ്റീൻ, വിശുദ്ധ ജെറോം, ഒറിജൻ മുതലായ മഹാന്മാരോടൊപ്പം ദൈവവചനമാകുന്ന പരിശുദ്ധാരൂപിയുടെ വാളുകൊണ്ടു് തിരുസഭയുടെ അർഹതകളേയും തത്വങ്ങളേയും പതിതക്കു് എതിരായി സംരക്ഷിച്ചു് അവരോടു് ധീരധീരം പോരാടുവാൻ സർവ്വപ്രാപ്തരായ വിദ്വൽശിരോമണികളെ ദൈവം മറെറാരുവശത്തു് ഉളവാക്കുവാൻ തിരുവുള്ളമായി. മഹാത്മാരുടെ സമൂഹത്താൽ പ്രശോഭിതമായിരുന്ന ഒരു കാലത്തു അഗ്രഗണ്യനായി കരുതിയിരുന്ന ബോസെപ എന്നൊരു ഫ്റഞ്ചു മെത്രാൻ കത്തോലിക്കാസഭയെ ആദരിച്ചിട്ടുള്ള മഹാധീരയോദ്ധാക്കളിൽ ഒരുവനായിരുന്നു.

അദ്ദേഹം തൻെറ ആദർശമായി മതിക്കയും സ്നേഹിക്കയും ചെയ്തിരുന്ന വിശുദ്ധ ബർണ്ണാഡിൻെറ ജന്മഭൂമിയായ ഫൊണ്ടേയിൻ ഗ്രാമത്തിനു സമീപേ ബർഗണ്ടി എന്ന സംസ്ഥാനത്തിലത്രേ ഭൂജാതനായതു്. അദ്ദേഹത്തിൻെറ മഹനീയമായ ഭാവിയുടെ ലക്ഷ്യങ്ങൾ ശൈശവത്തിൽത്തന്നേ അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ആസ്ഥപ്പാട്ട പട്ടം സ്വീകരിച്ചപ്പോൾ ഇദ്ദേഹത്തിനു് എഴ വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ദൈവമഹിമയ്ക്കായി തൻെറ സ്വാതന്ത്ര്യവും ജീവനും ഇത്ര ശൈശവത്തിലേ ബലികഴിച്ചതിനേപ്പററി ഇദ്ദേഹം ഒരിക്കലും പശ്ചാത്തപിക്കയുണ്ടായിട്ടില്ല ഇദ്ദേഹത്തിൻെറ അദ്ധ്വാനങ്ങളിൽ ഭൂരിപക്ഷവും പ്രൊട്ടസ്ററൻറു പാഷണ്ഡികളുടെ അബദ്ധങ്ങളെ ഖണ്ഡിക്കുന്നതിലും അവരെ തിരുസഭയിലേക്കു് തിരിച്ചുകൊണ്ടുവരുന്നതിലും പ്രതിഷ്ഠിച്ചിരുന്നതിനാൽ അവരിൽ വളരെപേർ പതിതത്വവും മതഭിന്നതയും പരിത്യജിച്ചു് കത്തോലിക്കാമതാവലംബികളായി. ഇദ്ദേഹത്തിൻെറ വിജയശ്രുതി ശീഘ്രം എങ്ങും പരന്നു കഴിഞ്ഞു. തന്നിമിത്തം പാരീസിലേക്കു് ക്ഷണിക്കപ്പെട്ടു് രാജസമക്ഷം മഹാസദസ്സിൽവെച്ചു് വളരെ പ്രസംഗങ്ങൾ ചെയ്തു. പ്രസംഗങ്ങൾ മൂഖേന മനസ്സിലാക്കിയ ഈ യുവവൈദികൻെറ കുശാഗ്രബുദ്ധിത്വവും വിശിഷ്ടസുകൃതവും സംബന്ധിച്ചു് ആശ്ചര്യഭരിതനായ രാജാവു് ബോസേയുടെ പിതാവിനു് ഒരു കത്തയയ്ക്കുകയുണ്ടായി. എന്നും സജീവമായി പരിലസിക്കുവാൻ തക്കവണ്ണം അത്ര യോഗ്യനായ ഒരു പുത്രലാഭത്തെപ്പററി അതിൽ അയാൾക്കു മംഗളം ആശംസിച്ചിരുന്നു. താമസംവിനാ തൻെറ മൂത്തപുത്രനെ വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ചുമതല ബോസേയേ ഭരമേല്പിക്കയും ഒടുവിൽ അദ്ദേഹത്തെ കോണ്ടോവിലെ മെത്രാനായി നാമകരണം ചെയ്യുകയും ചെയ്തുകൊണ്ടു് 14-ാം ലൂയിസ് ഈ മഹാത്മാവിനോടു് തനിക്കുണ്ടായിരുന്ന അകൈതവമായ ബഹുമാനവും വിശ്വാസവും ലക്ഷീകരിച്ചു. കുറെ കഴിഞ്ഞപ്പോൾ കോണ്ടോവിൽനിന്നും മേയോരൂപതയിലേക്കു് അദ്ദേഹത്തെ സ്ഥാനം മാററുകയും ചെയ്തു. ഇദ്ദേഹത്തിൻെറ കൃതികൾ മുഖാന്തിരം കത്തോലിക്കാസഭയിലേക്കു് വളരെ പാഷണ്ഡികൾ മാനസാന്തരപ്പെടുകയുണ്ടായി. ഇദ്ദേഹത്തിൻെറ അസാമാന്യ പാടവത്തിൻേറയും ബുദ്ധിസാമർത്ഥ്യത്തിൻേറയും ഫലങ്ങളിൽ ഒന്നായിരുന്നു സുപ്രസിദ്ധനായ ററൂറേൻ എന്ന ദേഹത്തിൻെറ മാനസാന്തരം. ബോസേയുടെ ജീവിതം അദ്ദേഹത്തിൻെറ വിപുലങ്ങളായ പുസ്തകങ്ങൾക്കും കീർത്തിയശസ്സിനും യോഗ്യമായ ഒന്നായിരുന്നു. തൻെറ സമയം ഒന്നുകിൽ പഠനത്തിനു് അല്ലെങ്കിൽ വൈദികശുശ്രൂഷക്കു് വിനിയോഗിച്ചിരുന്നു. നിരന്തരമായി പ്രസംഗിക്കുക, വേദോപദേശം നൾകുക പാ

പ്രസംഗിത്ത്നം കോംക്കക ഇവയായിരുന്നു അദ്ദേഹത്തിന്റെ ഇടവിടാതു ള്ളപ്രവൃത്തികൾ. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ഒരു പരിശുദ്ധ മെത്രാനും സമർത്ഥനായ മതസംരക്ഷകനും വേദവ്യാഖ്യാതാവും ആയിരുന്നു. തന്മൂലം അദ്ദേഹത്തിനു സിദ്ധിച്ച കീർത്തിപ്രഭാവം ലോകത്തിൽ ആരും തന്നെ നിഷേധിക്കയില്ല.

ഏകദേശം തത്തുല്യമായ ഒരു പ്രശംസയോടുകൂടി തന്നെയാണ് ശാസ്ത്രപടുവും പുണ്യശ്ലോകനുമായ ഫെനലൻ എന്ന കാംബ്രേയിലെ മെത്രാപ്പോലീത്തായുടെ സ്മരണ ഫ്റാൻസിലെ സഭ ഉൽഘോഷിക്കുന്നതു്. സെൻറസൽഫീസ് എന്ന സുപ്രസിദ്ധ വൈദികസെമ്മിനാരിയിൽ വിദ്യാഭ്യാസം കഴിച്ച ഇദ്ദേഹത്തിന്റെ ശീലവൈശിഷ്ട്യം, പ്രശാന്തത, ഔൽസുക്യം, സാമർത്ഥ്യം എന്നിത്യാദി ഗുണങ്ങൾ അതിമനോഹരമായ ഗുണപൌഷ്കല്യത്തോടുകൂടിയ ഒരു സ്വഭാവത്തെ അദ്ദേഹത്തിൽ ഉളവാക്കി. യുവവൈദികനായ ഇദ്ദേഹം തന്റെ ആദ്യവർഷങ്ങളെ പൊയിററ സെയിൻറാൺ എന്ന സ്ഥലങ്ങളിൽ ധ്യാനപ്രസംഗങ്ങൾ ചെയ്യുന്നതിലത്രേ നിയോഗിച്ചതു്. തന്റെ അനാഡംബരമായ പ്രകൃതി, അന്യാദൃശമായ ബുദ്ധിശക്തി, വാഗ്വൈഭവം, സ്വഭാവമാധുര്യം ഇവ അസംഖ്യം പ്രോട്ടസ്റ്റൻറുകാരേ മിശിഹായുടെ തൊഴുത്തിലേക്ക് നിഷ്പ്രയാസം ആനയിപ്പിക്കുന്നതിനു് ഇദ്ദേഹത്തെ പ്രാപ്തനാക്കി. 1689_ൽ 14_ാം ളൂയിസ്രാജാവു് ബർഗണ്ടിയിലെ പ്രഭുവും തന്റെ പൌത്രനുമായ രാജകുമാരനെ സുകൃതജീവിതം പരിശീലിപ്പിക്കുന്നതിനു് ഇദ്ദേഹത്തെ ഭരമേല്പിക്കയും, അനന്തരം കാംബ്രേ അതിരൂപതയിലെ മെത്രാപ്പോലീത്തായായി അദ്ദേഹത്തെ നാമകരണം ചെയ്യുകയും ചെയ്തു. ഫെനലന്റെ ഒരു കൃതിയിൽ അബദ്ധസമ്മിശ്രമായ ഒരഭിപ്രായമുണ്ടായിരുന്നു. അതെ സംബന്ധിച്ചു് തിരുസിംഹാസനം കുററാരോപണം ചെയ്തു് വിധിപ്രസ്താവിച്ചതു് നമ്മുടെ വിനീതനായ മെത്രാനവർകൾ അറിഞ്ഞ മാത്രയിൽ സ്വന്ത അഭിപ്രായത്തെ പിൻവലിക്കയും അടുത്ത ഞായറാഴ്ചദിവസം തിരുസിംഹാസനത്തിന്റെ പ്രമാദരഹിതമായ അധികാരത്തോടു തനിക്കുള്ള നിർവ്യാജമായ ഭക്തിബഹുമാനാദരങ്ങളെ ജനസമക്ഷം, പള്ളിയിൽവച്ചു് പ്രകടിപ്പിക്കുമാറു് സ്വയംകൃതപ്രബന്ധത്തെ കീറി നശിപ്പിക്കയും ചെയ്തു. പിന്നീടു് ഉത്തമഗ്രന്ഥങ്ങൾ രചിക്കുന്നതിനു് പൂർവ്വാധികം തീഷ്ണതയോടുകൂടി പ്രയത്നിക്കാതിരുന്നില്ല. ഇദ്ദേഹത്തിന്റെ സ്മരണ കത്തോലിക്കാസഭയിൽ ഇന്നും സംപൂജ്യമായിട്ടത്രേ കരുതപ്പെടുന്നതു്. ഇദ്ദേഹം രചിച്ചിട്ടുള്ള പ്രബന്ധങ്ങൾ അദ്ദേഹത്തിനു് വിദ്വൽശിരോമണികളുടെ ഗണത്തിൽ ഉന്നതമായ ഒരു സ്ഥാനമാണു് ലഭിച്ചുകൊടുത്തിരിക്കുന്നതു്.

14-ാം ലൂയിസ് നിസ്സംശയം ഒരു മഹാനൃപനായിരുന്നു. അദ്ദേഹം സ്വപ്രജകളെ വളരെ പ്രതാപകരമായ നിലയിൽ കൊണ്ടുവന്നു എങ്കിലും രാജ്യഭരണം നടത്തിയിരുന്ന സമിതിയിൽ ഇദ്ദേഹത്തിന്റെ ചില ന്യൂനതകൾ പിന്നീട് ഒരു ശതാബ്ദം തികയുന്നതിന് മുമ്പായിതന്നെ ഫ്റാൻസിൽ ഉണ്ടാകുവാനിരുന്ന ഭയങ്കരമായ നിർഭാഗ്യങ്ങൾക്ക് അടിസ്ഥാനമായി പരിണമിക്കാതിരുന്നില്ല ബഹുമാനത്താലും ആക്രമണത്താലും പ്രേരിതനായി ഇദ്ദേഹം നിരന്തരമായി നടത്തിയ സമരങ്ങൾ സ്വരാജ്യത്തിന്റെ ഭണ്ഡാകാരങ്ങളെ അശേഷം ശുഷ്കപ്രായമാക്കിമയിരുന്നു. മതാത്മികമായ നിയമങ്ങളുടെ നേക്ക് ബാഹ്യമായ ബഹുമാനാദരവ് പ്രദർശിപ്പിച്ചിരുന്നെങ്കിലും തന്റെ യൗവന ദശയിലെ അസന്മാർഗ്ഗികമായ നടപടി അദ്ദേഹത്തെ ആരാധനാ പുരുഷനായി സേവിച്ചിരുന്ന രാജ്യത്തിലെ പ്രഭുക്കന്മാർക്കും കുലീനന്മാർക്കും അനുകരണീയമായ ഒന്നായിരുന്നില്ല. എന്നിരുന്നാലും ഇദ്ദേഹം വിശ്വാസത്തിൽനിന്ന് ഒരിക്കലും വ്യതിചലിച്ചിട്ടില്ല തന്റെ ഭരണകാലത്തു് അപ്പഴപ്പോൾ പ്രദർശിപ്പിച്ചിരുന്ന ദൈവഭക്തി തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ യഥാർത്ഥ പശ്ചാത്താപത്തോടുകൂടിയതും സുസ്ഥിരമായതുമായിരുന്നു. ഈ അന്തിമദശയിൽ അദ്ദേഹത്തിനു വന്നുകൂടിയ ദുഖാനർത്ഥങ്ങളും കുടുംബസംബന്ധമായ അരിഷ്ടതകളും എല്ലാം മഹാമനസ്കതയോടും ക്രസ്തീയമായ അരുപിയിലും ആണ് അദ്ദേഹം സഹിച്ചതു്. തന്റെ താപസജീവിതം കുറെ താമസിച്ചു പോയതിനാൽ രാജ്യത്തു കടന്നുകൂടിയ ദൂഷ്യഫലങ്ങളെ പരിഹരിക്കുന്നതിന് അതു് പര്യാപ്തമായില്ല. ദുർഗ്ഗുണങ്ങളെ രാജ്യത്തുനിന്ന് നിവാരണം ചെയ്യുന്നതിന് ശ്രമിച്ചു എങ്കിലും രാജാവിന്റെ മരണം വരെ അവ രഹസ്യസ്ഥാനങ്ങളിൽ ഒളിച്ചിരിക്കമാത്രമാണ് ചെയ്തതു്. തന്റെ സമകാലീനന്മാരായ മററു പല രാജാക്കന്മാരും സ്വീകരിച്ചിരുന്ന ഒരുനയം മററു സകല ശക്തികളും തങ്ങൾക്കു സ്വാധീനമായിരിക്കണം എന്നായിരുന്നു. ഇപ്രകാരം 14 ാം ലൂയീസ് ഫ്റാൻസിലെ സഭയും വിശുദ്ധ സിംഹാസനവും തമ്മിലുള്ള ബന്ധം കഴിയുന്നതും അയഞ്ഞ രീതിയിലാകുവാൻ ശ്രമിക്കുകയായി. ഫ്റാൻസിന്റെ നേക്കു അടുത്തകാലത്തു മാർപ്പാപ്പാ പ്രയോഗിച്ച അധികാര പ്രാബല്യതയെ ഇദ്ദേഹം വളരെ ഭയപ്പെട്ടിരുന്നു. സ്വന്ത ഭരണത്തിൽ ആധീനപ്പെടുത്തുവാൻ സാധിക്കാതിരുന്ന സകല അധികാരത്തെയും ഒരു സ്പർദ്ധയോടുകൂടിയാണ് വീക്ഷിച്ചിരുന്നതു്. ഈ കാരണത്താൽ പരിശുദ്ധ പിതാവുമായി പലേ അവസരങ്ങളിലും ഉരസുന്നതിന് ഇടയായിട്ടുണ്ടു്. അപ്പോഴെല്ലാം അഹംഭാവഗർവ്വത്തോടുകൂടിയതും അയോഗ്യമായതുമായിരുന്നു അദ്ദേഹത്തിന്റെ നടത്ത. 1682ൽ

അദ്ദേഹം മെത്രാന്മാരുടെ ഒരു സംഘം വിളിച്ചുകൂട്ടി. അവർ കീർത്തിപ്പെട്ട നാലു നിർണ്ണയങ്ങൾ ചെയ്തു് ഒപ്പുവെച്ചു. അവയുടെ രത്നച്ചുരുക്കം സഭയുമായുള്ള ഐക്യം വിടാതെ പരിശുദ്ധ പിതാവിൻെറ അധികാരസീമയെ കഴിയുന്നിടത്തോളം ചുരുക്കണമെന്നുള്ളതായിരുന്നു. ആത്മീയാധികാരവും രാഷ്ട്രീയാധികാരവും തമ്മിലുള്ള അതിർത്തിയെ ക്ലിപ്തപ്പെടുത്തുന്നതിനായി അവരുചെയ്ത ഉദ്യമങ്ങളെല്ലാം പരാജയമായിട്ടത്രേ കലാശിച്ചതു്. അവർ ദീർഘകാലത്തേക്കു് പുറപ്പെടുവിച്ചിരുന്ന ന്യായരഹിതമായ വാദങ്ങൾ മുഖാന്തരം ഫ്റഞ്ചു ജനതതിയുടെ ഇടയിൽ താത്വികമായും ധാർമ്മികമായും ഉള്ള അഭിപ്രായഗതിയെ നിയന്ത്രിക്കുന്നതിൽ തിരുസഭയുടെ അധികാരശക്തിയെ പ്രായോഗികമാക്കുന്നതിനു് ഒരു വിഘാതനം നേരിടുകയുണ്ടായി എന്നു പറയുന്നതിൽ രണ്ടുപക്ഷമില്ല.

14-ാം ലൂയിസ് പ്രോട്ടസ്റ്റൻറ പാഷണ്ഡികളായ സ്വപ്രജകളോടു് അനുവർത്തിച്ചിരുന്ന നയം കുറെ കർക്കശമായിപ്പോയി. നീതിപരമായ അവരുടെഅർഹതകളിൽ ആ നയം ഒട്ടും ക്ഷന്തവ്യമല്ലായിരുന്നു. വേദസംബന്ധമായ ഐക്യത്തെ അവരുമായി പുനസ്ഥാപിക്കുന്നതിനു് തൻെറ രാജകീയാഭീഷ്ടം മതിയെന്നു് നിഷ്പ്രയാസം വിശ്വസിച്ചിരുന്നതിനാലും പ്രജകൾ എന്നനിലയിൽ പ്രോട്ടസ്റ്റൻറുകാർ അദ്ദേഹത്തോടു വേണ്ട രാജഭക്തിയും ബഹുമാനവും പ്രകടിപ്പിക്കാതിരുന്നതിനാൽ അത്യന്തം കുപിതനായിരുന്നതിനാലും 14-ാം ലൂയിസു് തൻെറ മുൻഗാമിയായ ഹെൻറി നാലാമൻെറ സമാധാനപരമായ നയശാന്തത വെടിഞ്ഞു് മതസ്വാതന്ത്ര്യം അനുവദിച്ചിരുന്ന നാൻറിസിലെ വിളംബരം പിൻവലിക്കയും പ്രസ്തുത ഉടമ്പടി ഉല്ലംഘിക്കുകയും ചെയ്യുകയുണ്ടായി. തൽഫലമായി പാഷണ്ഡികളിൽ നിഷ്കപടരായ അനേകായിരം പേർ രാജ്യബഹിഷ്കൃതരായിത്തിരുന്നതിനും കപടമൂർത്തികളായ വളരെപ്പേർ ഫ്റാൻസിൽ നിലകൊള്ളുന്നതിനും ഇടയായി. കുറേക്കൂടി ഔദാര്യപൂർവ്വമായ ഒരു നയത്തെഅവരുടെ വിഷയത്തിൽ രാജാവു് അവലംഭിച്ചിരുന്നെങ്കിൽ ഇത്രവളരെ പ്രജകൾ സ്വരാജ്യം വെടിയുകയില്ലായിരുന്നു. ഇപ്രകാരമുള്ള ഒരു നയം മററുചില രാജ്യങ്ങളിൽ കത്തോലിക്കരോടു് പ്രയോഗിക്കുകയും ഗവമ്മെൻറിൻെറ ന്യായരഹിതമായ ഈ പ്രവൃത്തിയെ അവിടത്തെ ജനം അനുകൂലിക്കയും ചെയ്യുയുണ്ടായിട്ടുണ്ടു് എന്നതു ശരിതന്നെ. ഇദ്ദേഹത്തിൻെറ ഭരണകാലത്തു് ഫ്റാൻസിനെ പ്രശോഭനമാക്കിത്തീർത്ത മഹാത്മാക്കളായ വൈദീക ശിരോമണികളെക്കുറിച്ചു് തിരുസഭ അഭിനന്ദിക്കുകയും ജാൻസനിസ്റ്റു് പാഷണ്ഡതയോടു് അദ്ദേഹം ചെയ്തിരുന്ന നിരന്തര പോരാട്ടത്തെപ്പററി കൃതജ്ഞതാപൂർവ്വം രാജാവിനെ അഭിനന്ദിക്കുകയും

ചെയ്യുന്നുണ്ടെങ്കിലും 17-ാം നൂറ്റാണ്ടിലെ ഒരു മഹാഭൂപതിയുടെ സ്മരണയെ കൊണ്ടാടുന്നതിൽ പരിമിതമായ ഒരു ബഹുമാനമേ അദ്ദേഹത്തിൻെറ നേൎക്കു കാണിക്കുവാൻ കഴിയുകയുള്ളുവെന്നതിൽ തിരുസഭയ്ക്കു കുണ്ഠിതമാണുള്ളതു്.

---

# ൪. പതിനെട്ടാം ശതാബ്ദത്തിൻെറ ആരംഭത്തിൽ യൂറോപ്പ് ഖണ്ഡമൊട്ടുക്കുള്ള തിരുസഭയുടെ സ്ഥിതി

---

ഈ കാലഘട്ടത്തിൽ വിശുദ്ധ പത്രോസിൻെറ സിംഹാസനത്തെ അലങ്കരിച്ചിട്ടുള്ള വിശ്രുതന്മാരായ മാർപ്പാപ്പാമാരുടെ ഗണത്തിൽ 11-ാം ഇന്നസെൻറ് 12-ാം ഇന്നസെൻറ ഈ രണ്ടു മാർപ്പാപ്പാമാർ സുജ്ഞാനപൂൎണ്ണവും പാവനവുമായ ത്രെന്തോസ് സൂനഹദോസിൻെറ നിയമാവലിയെ പരിപൂൎണ്ണമായി തിരുസഭ ഒട്ടുക്കു് നടപ്പിൽ വരുത്തുന്നതിനു് പ്രകടിപ്പിച്ചിട്ടുള്ള ശുഷ്കാന്തിയും വിവേകവും മുഖാന്തിരം പ്രത്യേക സ്മരണക്കു് അൎഹന്മാരാകുന്നു.

രാഷ്ട്രീയമായ നിലയിൽ ലോകം അത്ഭുതപൂൎവ്വമായ പരിഷ്കാരം പ്രാപിക്കയും ബാഹ്യമായ ഒരു മനോഹരത്വം സൎവ്വത്ര വ്യാപിക്കയും ചെയ്തിരുന്നു എന്നിരുന്നാലും ആഭ്യന്തരമായി നിരീശ്വരത്വം, അസന്മാൎഗ്ഗം, അരാജകത്വം, എന്നീ മഹാരോഗങ്ങളുടെ ബീജങ്ങൾ കാലവിളംബമെന്യേ യൂറോപ്പാസകലം ബാധിക്കത്തക്കവണ്ണം ജനങ്ങളിൽ അന്തൎലീനങ്ങളായി കിടന്നിരുന്നു. രാജശക്തികൾ കത്തോലിക്കാവിശ്വാസത്തെ സബഹുമാനം ആദരിച്ചിരുന്നുവെങ്കിലും മദ്ധ്യശതകങ്ങളിൽ വിശ്വാസം അവരിൽ സുദൃഢമായിരുന്നില്ല. വേദത്തിൻെറ ഗുണോൽക്കൎഷത്തെ ഉദ്ദേശിച്ചല്ലായിരുന്നു അവർ അതിനെ ആദരിക്കയും സംരക്ഷിക്കയും ചെയ്തിരുന്നതു്. പിന്നായോ കേവലം രാഷ്ട്രീയമായ ഉദ്ദേശം പ്രമാണിച്ചുമാത്രമായിരുന്നു. അമേരിക്കായിലെ സ്വൎണ്ണലാഭംഹേതുവാൽ പണ്ടേതന്നെ വഷളായിത്തീൎന്ന സ്പെയിനും പോൎട്ടുഗലും ഇടത്തൂട്ടുകാരുടെ അക്രമങ്ങളെ തടുത്തിരുന്നതു് പരിശോധനാസംഘം എന്ന ഭയങ്കരമായ ഒരു കച്ചേരിവഴിയായിട്ടായിരുന്നു. 13-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ മുളച്ചുണ്ടായ അൽബിജെൻസ്യർ എന്ന പതിതരോടു് നടത്തിയ പോരാട്ടത്തിലാണു് ഈ സംഘം

അവിടെ സ്ഥാപിതമായതു്. എന്നാൽ അതു് 1232ൽ കാററലോണിയാ സംസ്ഥാനത്തിൽ സ്ഥാപിതമാകുകയും അവിടുന്നു ശീഘ്രം ആ ഉപദ്വീപു മുഴുവനും വ്യാപിക്കയും ചെയ്തു ഇതു് ആദ്യമായി പ്രായോഗികമാക്കിയതു് കത്തോലിക്കാ സഭയിൽ ചേൎന്നതിൻെറശേഷം രഹസ്യമായി അതു് പരിത്യജിച്ചു് സ്വന്തപൂൎവമതത്തിലേക്കു മടങ്ങിപ്പോയ യൂദന്മാരേയും തുലുക്കരേയും ശിക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ 1561_ൽ ചാറൽസ് പഞ്ചമൻെറ അനന്തരഗാമിയായിരുന്ന ഫിലിപ്പ് ദ്വിതീയൻ എന്ന രാജാവു് ലൂതറൻ പാഷാണ്ഡത സ്പെയിനിൽ ശക്തിപ്പെടാതിരിക്കുവാൻ വേണ്ടി പ്രസ്തുത പരിശോധനാസംഘത്തിൻെറ അധികാരം ഏററം പ്രബലപ്പെടുത്തുകയും വളരെ സഫലമായി സ്വന്ത രാജ്യത്തു് പ്രയോഗിക്കയും ചെയ്തു ഈ കച്ചേരി മുമ്പാകെ ഹാജരാക്കപ്പെട്ട കക്ഷികൾ സാക്ഷാൽ മതത്യാഗികളായ ക്രിസ്ത്യാനികളോ, അഥവാ പാഷണ്ഡികളോ ആയിരുന്നുവെന്നുള്ള വാസ്തവം പരിശോധിച്ചു് വിധി പ്രസ്താവിക്കമാത്രമായിരുന്നു ഈ സംഘത്തിൻെറ ചുമതല. എന്നാൽ ശിക്ഷ നിശ്ചയിക്കയും അതു് അവരുടെമേൽ നടത്തുകയും ചെയ്യുന്ന ഉദ്യോഗം രാഷ്ട്രീയാധികാരത്തിൻേറതായിരുന്നു. തങ്ങളുടെ രാജ്യത്തു് സമാധാനവും ഭദ്രതയും പാലിക്കുന്നതു് രാജാക്കന്മാരുടെ അൎഹതയും കടപ്പെട്ട ചുമതലയും ആണെന്നുള്ളതിനു രണ്ടുപക്ഷവുമില്ല 16_ാം നൂററാണ്ടിൽ ഈ കാലങ്ങളെ അപേക്ഷിച്ചു് മരണശിക്ഷകൾ ഏററവും സാധാരണവും നീതിനടത്തൽ കഠിനതരവും ആയിരുന്നു. എന്നുള്ളതു് സമ്മതവ്യമാണു്. അടുത്തകാലംവരെ ശിക്ഷാനിയമം ഇംഗ്ലണ്ടിലെപ്പോലെ മറെറാരിടത്തും അത്ര കൎക്കശമായി നിൎവഹിക്കപ്പെട്ടിരുന്നില്ല. ഇതാലോചിക്കുന്നപക്ഷം പ്രോട്ടസ്ററൻറു കക്ഷികൾക്കു് ആനുകൂല്യം ഒന്നും ലഭിക്കാഞ്ഞതിൽ വിസ്മയിക്കാൻ വകയില്ല. എന്തുകൊണ്ടെന്നാൽ യൂറോപ്പു മുഴുവനേയും അഗ്നിപ്രളയമാക്കാനായിരുന്നു അവരുടെ അശ്രാന്തപരിശ്രമം. അവരുടെ നൂതനബോധനങ്ങൾ പുറപ്പെട്ടതോടുകൂടി ജനങ്ങളുടെയിടയിൽ ഭിന്നതകളും പൗരസമരങ്ങളും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്നു. തന്നിമിത്തം ഈ നവീനമതക്കാരുടെ ബോധനങ്ങൾ മനുഷ്യസമുദായത്തിൻെറ ആദ്ധ്യാത്മിവഗുണാഭിവൃദ്ധിക്കു മാത്രമല്ല ലൌകീകാധികാരത്തിനുംകൂടി സൎവ്വത്ര ഹാനികരങ്ങളാകുന്നുവെന്നു് കത്തോലിക്കാരാജാക്കന്മാൎക്കു് പരബോധമായിരുന്നു ഇങ്ങനെയാണു് സ്പെയിനിൽ ഈ പാഷണ്ഡികളെ രാജശത്രുക്കളായി ഗണിച്ചു് ശിക്ഷിച്ചതു്. എന്നാൽ മതസംബന്ധമായവാദങ്ങളെപ്പററി ആലോചിച്ചു് "തീൎപ്പുചെയ്യുന്നതിനു" ലൌകീകാധികാരത്തിനു് അൎഹതയില്ലായിരുന്നു. ഇതിനാലത്രേ ഈ

ദ്ദശവാദങ്ങളെ കേട്ടു് തീരുമാനം ചെയ്യുന്നതിനു് ഒരു പരിശോധനാസംഘത്തിൻെറ വിധി ആവശ്യപ്പെട്ടിരുന്നതു്. ഒരുത്തൻ പാഷണ്ഡിയായി കുററം ആരോപിക്കപ്പെട്ടാൽ പരിശോധനാസംഘമാണു് അവൻെറ കേസു വിസ്തരിച്ചു് നിർദ്ദോഷിയോ അല്ലയോ എന്നു് വിധി പ്രസ്താവിച്ചിരുന്നതു്. അവൻ കുററക്കാരനായി തെളിയുന്നപക്ഷം കത്തോലിക്കാസഭയുടെ ഉപദേശത്തിനു വിരുദ്ധവും രാജ്യസമാധാനത്തിനു് ഹാനികരവുമായ ഉപദേശങ്ങൾ അവൻ പ്രസിദ്ധീകരിക്കയോ അവലംബിക്കയോ ചെയ്തിരുന്നതായി പരിശോധനാസംഘം ലൌകികാധികാരത്തിനു റിപ്പോർട്ടു ചെയ്തിരുന്നു. രാഷ്ട്രീയാധികാരം ആ റിപ്പോർട്ടു് സ്വീകരിച്ചു് കുററക്കാരനായ ബന്ധനസ്ഥൻെറമേൽ മുറക്കു നടപടി നടത്തിയിരുന്നു. കുററക്കാരുടെമേൽ ഇങ്ങനെ നടത്തിയിരുന്ന ശിക്ഷയുടെ വിധമോ ഗുരുലഘുത്വമോ സംബന്ധിച്ചു് സഭക്കു യാതൊരു ഇടപാടും ഉണ്ടായിരുന്നില്ല

ശിക്ഷകൾ അസാധാരണമാം വിധം കഠിനതരമായിരുന്നുവെന്നുള്ളതു് നിഷേധിക്കുവാൻ നിവൃത്തിയില്ല പക്ഷെ തിരുസഭ ഇതിനൊന്നിനു ഉത്തരവാദിയായിരുന്നില്ല. റാൻങ്കു് എന്നാദേഹം പ്രസ്താവിച്ചിരിക്കുന്നതുപോലെ അതു് വൈദികാധികാരത്തെ പ്രതികൂലിക്കുന്നതിനുള്ള കേവലം ഒരുരാഷ്ട്രീയസ്ഥാപനം മാത്രമായിരുന്നു. അല്ലാതെവൈദികാധികാരത്തിനു വിധേയമായ, അതിൻെറ കീഴിലുള്ള ഒരു സമിതി ആയിരുന്നില്ല. അതിൻെറ നടപടികളെപ്പററി മാർപ്പാപ്പാമാർ നിരന്തരമായി അധിക്ഷേപിച്ചിരുന്നു. എന്നാൽ അവരുടെ ഈ പ്രത്യാഖ്യാനങ്ങൾ നിഷ്ഫലമായിത്തീർന്നിരുന്ന അവസരങ്ങളിൽ ഈ വിധം സങ്കടപ്പെട്ടിരുന്ന ആളുകൾക്കു് റോമാ എല്ലായിപ്പോഴും ഒരു അഭയസ്ഥാനമായിരുന്നു. ഇങ്ങനെ ഒരു വർഷത്തിൽ റോമിൽ സങ്കേതം പ്രാപിച്ചവരുടെ സംഖ്യ 230—ം വേറൊരു അവസരത്തിൽ 200ം—ആയിരുന്നു. പലപ്പോഴും മാർപ്പാപ്പാമാർ പരിശോധനാസംഘത്തിൻെറ വിധി തീർപ്പുകൾ റദ്ദാക്കുകയും ഒന്നിലധികം പ്രാവശ്യം സംഘങ്ങളെ ശിക്ഷിക്കയും മഹറോൻ ചൊല്ലുകയും കൂടി ഉണ്ടായിട്ടുണ്ടു്. കൂടാതെ സെ്പയിൽ ഗവമ്മെൻറു് പ്രയോഗിച്ചിരുന്ന കക്കശമായ നയത്തെപ്പററി നാം നക്ഷ്പക്ഷമീലയിൽ വിലപിക്കുമ്പോൾ പ്രോട്ടസ്ററൻറുകാർ ജമ്മനിയിലും ഫ്റാൻസിലും കാട്ടിക്കൂട്ടിയതുപോലെയുള്ള കുടിലതകളും കൊള്ളകളും ഘോരതരമായ പൌരസമരങ്ങളും സെ്പയിൽ രാജ്യത്തു് ഉണ്ടായിട്ടില്ലാ എന്നുള്ളതു് നാം സ്മരിക്കേണ്ടതാണു്. സർവ്വോപരി ഇംഗ്ലണ്ടിലും പ്രോട്ടസ്ററൻറു പാഷണ്ഡത പ്രബലമായിരുന്ന ഇതര രാജ്യങ്ങളിലും ഇപ്രകാരം തന്നെ രാഷ്ട്രീയാധികാരത്തോട്ടു് എതിക്കുവാൻ സാധിച്ച രാജ്യങ്ങളിലും കത്തോലിക്കർ അനുഭവി

ക്കേണ്ടിവന്ന പീഡകൾ എത്ര വിപുലങ്ങളായിരുന്നുവെന്നുള്ളതും വിസ്മരിച്ചുകളയരുതു്.

മതപരിവർത്തനത്തിന്റെ ദൂഷ്യഫലങ്ങൾ എന്തുമാത്രമായിരുന്നുവെന്നു് ഇംഗ്ലണ്ടിലെ കഥ കൊണ്ടാണു് നമുക്കു ഏററം നല്ലവണ്ണം ഗ്രഹിക്കാൻ സാധിക്കുന്നതു്. മതപരിഷ്കാരം എന്നു് അന്യായമായിപറയപ്പെടുന്ന പ്രോട്ടസ്ററൻറു മതത്തിന്റെ മൂലതത്വം തന്നെ അരാജകത്വവും അധികാരവിദ്വേഷവുമാകുന്നു അതു് ആദ്യമായി എതിർത്തതു് വൈദികാധികാരത്തെയാണു്. ഇ ന് യത്തെ അതിന്റെ യുദ്ധം ററഡർ ഭരണകർത്താക്കളുടെകാലത്തു് നിസ്സീമമായി വർദ്ധിച്ചിരുന്ന ലൌകികാധികാരത്തോടായിരുന്നു. ഇംഗ്ലണ്ടിൽ മത്സരത്തിന്റേയും പൌരശണ്ഠയുടേയും കലഹത്തിന്റേയും ഒരുകാലഘട്ടമായിരുന്നു 17-ാംശതാബ്ദം. ദുർഭഗനായ ചാറത്സ് പ്രഥമൻ കഴുവുമരത്തിലാണു് ജീവൻ വെടിയുകയുണ്ടായതു്. പിന്നീടു് രാജ്യഭരണം ന്യായരഹിതമായി കരസ്ഥമാക്കിയ ക്രോംവെൽ ധീരപുരുഷനും കർമ്മകുശലനുമായിരുന്നു ദേശീയമതമായി സ്വീകൃതമായിരുന്ന ആംഗ്ലിക്കൻ സഭ ബഹിഷ്കൃതമായതിനോടുകൂടി വിവിധമതഭിന്നതകൾപ്രചാരലബ്ധിക്കായി പരസ്പരപോരാട്ടം തുടങ്ങി. കീഴവകാശിയായിരുന്ന ചാറൽസ് ദ്വിതീയൻ സിംഹാസനത്തിൽ പുനസ്ഥാപിതനായെങ്കിലും അയാളുടെ വാഴ്ച അശക്തവും താൽക്കാലികവും ആയിരുന്നു. പലേദുർഗ്ഗുണങ്ങൾക്കും വശംവദനായിരുന്ന ഈ ഭൂപതികത്തോലിക്കാ മതത്തിന്റെ സത്യതയെപ്പററി നല്ലജ്ഞാനമുള്ള ആളായിരുന്നിട്ടും ആ മതാവലംബികളെ പീഡിപ്പിക്കുവാൻ അനുവദിക്കയാണുണ്ടായതു്. എങ്കിലും മരണശയ്യയിൽവെച്ചു് അദ്ദേഹം രഹസ്യമായി ഒരു കത്തോലിക്കനാകാതെയുമിരുന്നില്ല. പണ്ടേ കത്തോലിക്കാമതം സ്വീകരിച്ചിരുന്ന സഹോദരനായ ജെയിംസ്ദ്വിതീയൻ പിൻഗാമിയായി വാണു. അയാൾ പുരുഷോത്തമനും മാർപ്പാപ്പായുടെ ജ്ഞാനപൂർണ്ണമായ ഗുണദോഷങ്ങൾ അനുസരിക്കുന്നതിൽ വിശ്വസ്ഥനും ആയിരുന്നെങ്കിൽ കത്തോലിക്കാമതത്തെ പ്രായേണ സ്വരാജ്യത്തു് പുനസ്ഥാപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ വിശ്വാസതീഷ്ണത സഫലമായിത്തീരുമായിരുന്നു. അദ്ദേഹത്തിന്റെ അവിവേകം പ്രജകൾക്കു വൈരകാരണമായി ഭവിച്ചു. തന്നിമിത്തം അദ്ദേഹത്തിന്റെ മരുമകനായ ഓറൻസിലെ വില്യംഎന്ന പ്രഭുവിനെ രാജപദത്തിലേക്കു കയററി പ്രതിഷ്ഠിക്കുവാൻ അവർ ഉദ്യമിച്ചതിനാൽ ജെയിംസ് ദ്വിതീയൻ സ്വസിംഹാസനം വെടിയുവാൻ നിർബന്ധനായി. വില്യവും അദ്ദേഹത്തിന്റെ ഭാര്യയായ മേരിയും സമാവകാശികളായി രാജ്യഭാരം സ്വീകരിച്ചു. അന്നുമുതൽ രാജാധികാരത്തെ വളരെ പരിമിതമാക്കിത്തീർത്ത ചില വ്യവസ്ഥകളോടുകൂ

ടിയാണ് ടി ദമ്പതിമാരുടെ പട്ടാഭിഷേകകമ്മം നടത്തിയതു്. പൂൎണ്ണമായ മനസ്സാക്ഷിസ്വാതന്ത്ര്യം ഏവൎക്കും നൽകിയിരിക്കുന്നതായി വില്യം സാഘോഷം പ്രഖ്യാപനം ചെയ്യുകയുണ്ടായി എങ്കിലും അതുകൊണ്ടു് കത്തോലിക്കർക്കു് വലിയ പ്രയോജനം ഒന്നുമുണ്ടായില്ല എന്നുവേണം പറയുവാൻ എന്തുകൊണ്ടെന്നാൽ ഈ ശതാബ്ദം മുഴുവനിലും എല്ലാവരുടേയും ഭരണകാലത്തും മിൽററൻമുതലായവരാൽ പൂൎണ്ണസ്വാതന്ത്ര്യം അനുവദിക്കപ്പെടേണ്ടതാണെന്നു് പ്രതിപാദിക്കപ്പെട്ടിരുന്ന കാലത്തുപോലും കത്തോലിക്കാവിശ്വാസാവലംബികളുടെ നേരേ എത്രയും കൎക്കശമായ നടപടികൾ അത്രേ പ്രയോഗിച്ചിരുന്നതു്.

---

## അദ്ധ്യായം ൧൦.

# 1552-ൽ സ്വൎഗ്ഗപ്രാപ്തനായ വിശുദ്ധ ഫ്റാൻസീസ് സാവ്യറിൻെറ നിൎവ്വാണശേഷം നടന്നിട്ടുള്ള വേദപ്രചാരണം

---

### ൧. ഇൻഡ്യാ, ചൈനാ, ജപ്പാൻ, എന്നീ രാജ്യങ്ങളിലേ വേദപ്രചാരണം.

ഇൻഡ്യയിൽ ഇദം പ്രഥമമായി വിശുദ്ധ തോമ്മാശ്ലീഹാ ക്രൈസ്തവവിശ്വാസം പ്രസംഗിച്ചു എന്നുള്ളതു് അനേകം ചരിത്രലക്ഷ്യങ്ങളാൽ സ്ഥിരപ്പെടുത്തപ്പെട്ടിട്ടുള്ള കിഴക്കൻ രാജ്യങ്ങളിലെ ഒരു പൊതുവായ പാരമ്പൎയ്യമാണു്. ഏകദേശം ആറാം ശതാബ്ദത്തിൻെറ ആരംഭത്തിൽ നെസ്തോറിയൻ പാഷണ്ഡികൾ കിഴക്കൻ സഭകളിൽ മിക്കതും സ്വാധീനപ്പെടുത്തുകയുണ്ടായി. കാലക്രമേണ ജനങ്ങൾ അഗാധമായ അജ്ഞതയിൽ ആണ്ടുപോകയും പുരാതന മതവിശ്വാസത്തോടും ആചാരങ്ങളോടും കൂടി അജ്ഞാനാന്ധതയുടെ വ്യാജ പ്രബോധനങ്ങളും ദുരാചാരങ്ങളും കലൎത്തുകയും ചെയ്തിരുന്നു. വിദ്യാവിഹീനരും സന്മാൎഗ്ഗരഹിതരും ആയിരുന്ന അവരുടെ മേലദ്ധ്യക്ഷന്മാൎക്കു് ആ തെററുകളിൽനിന്നു് അവരേ ഉദ്ധരിക്കുന്നതിനു് ശക്തിയില്ലാതിരുന്നതുകൊണ്ടു് ജനതതി ഘോരതരങ്ങളായ പാപത്തിൽ ഉൾപ്പെടുന്നതിനും ഇടയായി. 12-ണ്ടും 13-നും ശതാബ്ദങ്ങ

ളിൽ പ്രസ്തുത ദൂഷിച്ച ക്രിസ്ത്യാനികൾ മിക്കവരും മഹമ്മദീയരുടെ അധികാരപ്രാബല്യത്തിനും അവരുടെ മതബോധനത്തിനും വശംവദരായിത്തീൎന്നു. ബാക്കി ഒരു വലിയഭാഗം തങ്ങളുടെ പുരാതനബിംബസേവയിലും ചെന്നാടിഞ്ഞു* എന്നാൽ പോൎത്തുഗീസുകാർ ഇൻഡ്യയിൽ അവരുടെ സ്ഥാനം ഉറപ്പിച്ചതോടുകൂടി കത്തോലിക്കാ മിഷ്യനറിമാരും ഇൻഡ്യയിൽ വരുന്നതിനു് ഇടയായി. അവർമൂലം ഗോവയിൽ ഒരു അതിമെത്രാസനം സ്ഥാപിതമാകുകയും, കൊച്ചി, മൈലാപ്പൂർ തുടങ്ങിയുള്ള പല ഉപരൂപതകളും നിൎമ്മിക്കപ്പെടുകയും ചെയ്തു കാലവിളംബമെന്യേ ഈശോസഭയിലെ വിശുദ്ധ ഫ്രാൻസീസു് സാവ്യർ എന്ന പുണ്യശ്ലോകൻ ഗോവയിൽ വരുകയും പിന്നീടു് ഇൻഡ്യായുടെ പലഭാഗങ്ങളിലായി പ്രേഷിതജോലി നിൎവ്വഹിച്ചു് വിസ്മയകരങ്ങളായ വിജയങ്ങൾ സമ്പാദിക്കയും ചെയ്കയുണ്ടായി. അദ്ദേഹത്തിന്റെ അനന്യസാധാരണമായ പ്രയത്നത്തിന്റെ ഫലമായി കത്തോലിക്കാ വിശ്വാസം ശക്തിമത്തായി ഇൻഡ്യയിൽ വേരൂന്നി വ്യാപിക്കയും അജ്ഞാനാന്ധകാരത്തിൽനിന്നു് സത്യസഭയിലേയ്ക്കു ധാരാളം മാനസാന്തര പ്രവാഹങ്ങൾ ഉളവാകയും തന്നിമിത്തം ക്രിസ്തീയ സഭ സുകരവും അനുകരണീയവുമായ സന്മാൎഗ്ഗനിഷ്ഠയോടുകൂടി പരിലസി

---

* സൂചനം. ഈ ചരിത്രഭാഗം മൂലപ്രതിയിൽനിന്നും അതേപടി ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതുകൊണ്ടു് അതുമുഴുവനും യഥാൎത്ഥവും സ്വീകാൎയ്യവുമെന്നു് ആരും തെറ്റിദ്ധരിക്കരുതെന്നപേക്ഷ. ഗ്രന്ഥകൎത്താവിന്റെ ഈ പ്രസ്താവനകൾ പശ്ചാത്യചരിത്രകാരന്മാരെ അടിസ്ഥാനമാക്കി ചെയ്തിരിക്കുന്നവയാണു്. എന്നാൽ ഇൻഡ്യയിലെ ക്രിസ്ത്യാനികൾ —കേരളീയ ക്രിസ്ത്യാനികളെങ്കിലും— നെസ്തോറിയൻ പാഷണ്ഡതക്കോ വിഗ്രഹാരാധനക്കോ വശംവദരാകാതെ, ആദിമകാലംമുതൽ വിശ്വാസസ്ഥിരതയോടും തിരുസിംഹാസനത്തോടുള്ള അന്യൂനമായ ആദരവിലും ജീവിച്ചുപോന്നിരുന്നു എന്നുള്ള ഇന്നാട്ടിലെ പ്രബലമായ പാരമ്പൎയ്യത്തെ അഭിജ്ഞന്മാരും നിഷ്പക്ഷവാദികളുമായ ഏതദ്ദേശീയ ചരിത്രകാരന്മാരെല്ലാം സാധൂകരിക്കയും പാശ്ചാത്യർപോലും സമ്മതിക്കയും ചെയ്യുന്നുണ്ടു്. മാത്രമല്ല, പോൎത്തുഗീസുകാരോടു് ഒരുമിച്ചുവന്ന വി. സാവ്യർ ഇന്നാട്ടിൽ കണ്ടതു്, പോൎത്തുഗീസുചരിത്രകാരന്മാർ ദൂഷിക്കുന്നതുപോലെ നെസ്തോറിയന്മാരെയല്ല, പ്രത്യുത ഒരു കത്തോലിക്കാ മെത്രാനാൽ ഭരിക്കപ്പെട്ടിരുന്ന സത്യവിശ്വാസികളുടെ ഒരു ഗണത്തെയാണു് എന്നു് അദ്ദേഹം പോർട്ടുഗൽ രാജാവിനയച്ച ഒരു കത്തിൽനിന്നു് വിശദമാകുന്നുണ്ടു്. ഈ ഭാഗം ബ. ബർണാദു് അച്ചന്റെ സുപ്രസിദ്ധ ചരിത്രകൃതിയിൽ പ്രതിപാദിച്ചിരിക്കുന്നതു് നോക്കുക.

ക്കയും ചെയ്യുന്നതിനിടയായി. ആ കാലംമുതൽ ഇതഃപര്യന്തം ഈശോസഭക്കാരും 1663_ൽ പാരീസിൽ സ്ഥാപിതമായ വിദേശ പ്രേഷിതസംഘക്കാരും ഇൻഡ്യയിലേക്കു ധാരാളം വേലക്കാരെ ഇടമുറിയാതെ അയച്ചുകൊണ്ടാണിരിക്കുന്നതു്.

മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇൻഡ്യയിലെ ദ്വിതീയ അപ്പസ്തോലനെന്ന അപരനാമത്തിനർഹനായ വി. ഫ്റാൻസിസ് സാവ്യർ ചൈനാ സാമ്രാജ്യത്തെ ദൂരെ ദർശിച്ചുവെങ്കിലും മൂശയേപോലെ അതിൽ പ്രവേശിക്കുന്നതിനു് ഭാഗ്യം സിദ്ധിക്കാതെയാണു് ദേഹവിയോഗം ചെയ്തതു്. 16_ാം ശതാബ്ദത്തിൻെറ അവസാനഘട്ടത്തിൽ ഫാദർ റീച്ചി മററു രണ്ടു ജെസ്വീററു സന്യാസികളോടുകൂടി ചൈനായിൽ വേദപ്രചരണം നടത്തുന്നതിനു് സ്വയം പ്രതിഷ്ഠിച്ചുകൊണ്ടു് അത്യധികം ആകാംക്ഷയോടു കൂടി സോത്സാഹം പരിശ്രമിച്ചതിൻെറ ഫലമായി ഏതാനും പോർത്തുഗീസു കച്ചവടക്കാരുടെ കൂടെ യാത്രചെയ്തു. ഈ വിസ്തീർണ്ണമായ സാമ്രാജ്യത്തു ക്രൂസ്തുമതം പണ്ടേ പ്രസംഗിക്കപ്പെട്ടിരുന്നുവെന്നു് പലലക്ഷ്യങ്ങളുംകൊണ്ടു് അവക്കു ബോദ്ധ്യമായി. 1625-ൽ ഒരു അസാധാരണ സ്മാരകം അവിടെ കണ്ടെത്തി. 10 അടി നീളവും 5 അടി വീതിയുമുള്ള ഒരു കൽതളിരമായിരുന്നു അതു്. അതിൽ കുരിശിൻെറ അടയാളവും യൂദയാ രാജ്യത്തുനിന്നു് ചൈനായിൽ വേദം അറിയിപ്പാൻ വന്നിരുന്ന എഴുപതു സുവിശേഷ പ്രാസംഗികന്മാരുടെ പേരുവിവരപ്പട്ടികയും ക്രൂസ്തീയ മതതത്വങ്ങളുടെ സംഗ്രഹവും സുറിയാനി ഭാഷയിൽ കൊത്തപ്പെട്ടിരുന്നു. എന്നിരുന്നാലും ഈശോ സഭക്കാർ അവിടെ ചെന്നപ്പോറു ഈശോമ്ശിഹായുടെ തിരുനാമം അശേഷം വിസ്മൃതമായിരുന്നു എന്നുള്ളതു് തീർച്ചതന്നെ. ചൈനാഭാഷയും നിയമങ്ങളും ആചാരമുറകളും എല്ലാം നല്ലവണ്ണം ഗ്രഹിച്ചിരുന്ന ഫാദർ റീച്ചിതൻെറ ഗണിതശാസ്ത്ര പാണ്ഡിത്യവും മററുപല വിദഗ്ദ്ധ ഗുണങ്ങളും മൂലം തദ്ദേശവാസികളുടെ ആശ്ചര്യകരമായ ബഹുമാനാദരവുകളെ ആകർഷിച്ചുതുടങ്ങി. ആദ്യം കാൻേറാൺ എന്ന സ്ഥലത്തും പിന്നീടു് നാംകിലും തൻെറ ആസ്ഥാനം ഉറപ്പിക്കുന്നതിനു് ഗവമ്മെൻറനുമതിലഭിച്ചു. ഒടുവിൽ പറഞ്ഞ സ്ഥലത്തു് ഒരു നക്ഷത്രബംഗ്ലാവു് പണികഴിപ്പിച്ചു. അദ്ദേഹത്തെ ബഹുമാന പുരസ്സരം ശ്രവിച്ചിരുന്ന ശ്രോതാക്കളുടെ സംഖ്യ പ്രായേണ വർദ്ധിച്ചു വന്നതോടുകൂടി ക്രൂസ്തുമതാനുയായികളുടേയും സംഖ്യ വർദ്ധിച്ചു. അദ്ദേഹത്തിൻെറ കീർത്തി തലസ്ഥാന പട്ടണമായ പെക്കിനിൽ എത്തിയപ്പോഴേക്കും (1600) അദ്ദേഹം രാജധാനിപട്ടണത്തിലേക്കു ക്ഷ

ണിക്കപ്പെടുകയുണ്ടായി. ചക്രവർത്തി അദ്ദേഹത്തിൻെറ കലാവൈദഗ്ദ്ധ്യത്തിൽ വിസ്മയ പരതന്ത്രനായി അദ്ദേഹത്തെ പെക്കിനിൽതന്നെ താമസിപ്പിക്കുന്നതിന് അനുവദിച്ചു. മാത്രമല്ലാ, ഈ പ്രേഷിതവൈദികൻ ചക്രവർത്തിക്കു സമ്മാനമായി സമർപ്പിച്ച നമ്മുടെ ദിവ്യ രക്ഷകൻെറയും ഭാഗ്യവതിയായ കന്യകമറിയാമിൻെറയും ചില ചായാ പടങ്ങൾ അദ്ദേഹം സന്തോഷസമേതം സ്വീകരിച്ച് സ്വന്ത അരമനയിൽ തന്നെ ബഹുമാനപൂർവ്വം സ്ഥാപിച്ചു. ഈ സാഹചര്യാനുകൂല്യത്തോടുകൂടി സത്യവിശ്വാസം നാടെങ്ങും പ്രസംഗിക്കപ്പെടുകയും രാജാരമനയിലെ ഉയർന്ന തരം ഉദ്യോഗസ്ഥന്മാരും ജനപ്രമാണികളുമുൾപ്പെടെ നാനാതരക്കാരായ ഒരു വലിയ ജനസമൂഹം മാനസാന്തരപ്പെട്ട് സത്യവിശ്വാസം അവലംബിക്കയും ചെയ്തു. ഉടനെ ഒരു ദേവാലയവും പണി കഴിപ്പിക്കപ്പെട്ടു. ഒടുവിൽ ഫാദർ റീച്ചി സ്ഥാപിച്ച ക്രിസ്തീയ സമുദായം ദൃഢമൂലമായി വളർന്നു വികസിച്ച് പുഷ്പിക്കുന്നതായും ശോഭനമായ ഒരു ഭാവിയെ പ്രതീക്ഷിക്കുന്നതായും കണ്ടു് ആനന്ദതുന്ദിലനായി 1617_ൽ ദേഹവിയോഗം ചെയ്തു. അദ്ദേഹത്തിൻെറ പിൻഗാമിയായി വന്ന ഫാദർഷാൾ അവർകളും മുൻഗാമിയെപ്പോലെ തന്നെ രാജകൊട്ടാരത്തിലേക്കു ക്ഷണിക്കപ്പെട്ട് ഗണിതശാസ്ത്രസംഘത്തിൻെറ അധിപനായും, മണ്ഡാരിൻ എന്ന ഉയർന്നതരം ഉദ്യോഗസ്ഥനായും നിയമിക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന് അരമനയിൽ സിദ്ധിച്ച ആനുകൂല്യം ചുരുങ്ങിയ കാലത്തേക്കു മാത്രമേ നില നിന്നുള്ളു. എന്തുകൊണ്ടെന്നാൽ താമസം വിനാ പലേ അവഹേളനങ്ങൾക്കും പീഡകൾക്കും അദ്ദേഹം വിഷയീഭവിക്കയുണ്ടായി. വീണ്ടും പ്രസ്തുത സ്ഥാപനങ്ങളിലേക്ക് നിയമിതനായി എങ്കിലും കാലവിളംബരമന്യേ രണ്ടാമതും രാജകോപത്തിനധീനനായി. വളരെ അവമാനങ്ങൾ സഹിക്കേണ്ടതായും വന്നു. ഒടുവിൽ ഒരു ഉത്തമ അപ്പസ്തോലനേപ്പോലെ ചെയ്ത വേലകളുടേയും അനുഭവിച്ച ക്ലേശങ്ങളുടേയും സമ്മാനലബ്ധിക്കായി 1666_ൽ പരലോകഗതനാകുകയും ചെയ്തു. അതിൻെറ ശേഷം പല ഡോമിനിക്കൻ സഭക്കാരും ഇടവക വൈദികരും ഈശോസഭക്കാരുടെ സഹായികളായി വന്നു് വളരെ ശ്രേയസ്കരമായ വിധത്തിൽ വിശ്വാസപ്രചരണാർത്ഥം പ്രയത്നിക്കയുണ്ടായി. ഈ അവസരത്തിൽ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് സാമ്രാജ്യത്തെ പല സംസ്ഥാനങ്ങളായി വിഭജിച്ചു് മെത്രാന്മാരെയും വികാരി അപ്പസ്തോലിക്കാമാരെയും അതാതു സ്ഥലങ്ങളിൽ നിയമിക്കുകയും രാജധാനി പട്ടണമായ പെക്കിനിൽ ഒരു അതിരൂപത മെത്രാസനം സ്ഥാപിക്കയും ചെയ്തു. ഈ ഭരണക്രമീകരണംകൊണ്ടു മതപ്രചരണം

വളരെ ഊർജ്ജിതമായി അഭിവൃദ്ധി പ്രാപിച്ചു. 1698-ൽ ചൈനമതക്കാരായ അജ്ഞാന ഉദ്യോഗസ്ഥന്മാരുടേയും പൂജാകാരികളുടേയും വിപുലങ്ങളായ തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും, നൂതനമായി പല മിഷ്യൻ പ്രസ്ഥാനങ്ങൾ വീണ്ടും സംസ്ഥാപിതമായി. സ്വദേശികളായ അജ്ഞാനികളുടെ മറ്റനങ്ങൾക്കും പുറമേ പോൎത്തുഗീസ്സുകാരായ കച്ചവടക്കാരും തങ്ങളുടെ ലൌകീകോദ്ദേശ്യങ്ങൾ മൂലം നിരവധി പ്രതിബന്ധങ്ങൾ വരുത്തിക്കൂട്ടി. എന്നു വരികിലും വൈദീകശ്രേഷ്ഠന്മാരുടെ വിശ്വാസവും മതതീക്ഷ്ണതയും പ്രതിബന്ധങ്ങളെ ജയിക്കുമാറു് വൎദ്ധമാനമായി തീൎന്നതിനാൽ മാനസാന്തരവേല മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. 1644-ൽ രാജ്യത്തിൽ ഒരു മത്സരകക്ഷി ഉത്ഭവിക്കുകയും അവർ ററാർട്ടറി വംശത്തിൽപെട്ട ഒരു രാജകുടുംബത്തെ കിരീടാവകാശത്തോടുകൂടി പ്രതിഷ്ഠിക്കുകയുമുണ്ടായി. ആ രാജാക്കന്മാരുടെ കാലംമുതൽ തിരുസഭയ്ക്കും സൎവ്വപ്രകാരേണയും അനുകൂല്യവും സംരക്ഷണയുമാണു് കിട്ടിയിരുന്നതു്. സത്യേക ദൈവത്തിന്റെ ആരാധനയ്ക്കായി സാമ്രാജ്യമൊട്ടുക്കു് അസംഖ്യം സ്ഥാപനങ്ങൾ ഉണ്ടാക്കുകയും രാജകൊട്ടാരപരിസരങ്ങളിൽ തന്നെ മഹനീയമായ ഒരു ദേവാലയം പണികഴിപ്പിക്കപ്പെടുകയും ചെയ്തു. ഇത്ര ധാരാളമായ ഒരു വിളവു കണ്ടു് പുതിയവേലക്കാർ ആകർഷിക്കപ്പെടുകയും അവരുടെവേലയേ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചതിനാൽ ഉണ്ടായ വിളവെല്ലാം കൊയ്തെടുക്കുന്നതിനു് തങ്ങൾ അശക്തരെന്നു് ഏററു പറയുവാൻ നിർബ്ബദ്ധരാകയും കൂടി ചെയ്തിരുന്നു. അവരുടെ അശ്രാന്ത പരിശ്രമവും മതതീക്ഷ്ണതയും വേലക്കാരുടെ ദൌർല്ലഭ്യത്തെ പരിഹരിക്കുകയും ഇങ്ങനെ വിശ്വാസദീപം ആ വിസ്തീർണ്ണമായ രാജ്യത്തിന്റെ വിദൂരപ്രദേശങ്ങളിൽപോലും എത്തുകയും ചെയ്തു.

ചൈനായ്ക്കു് സമീപസ്ഥിതമായ ഒരു രാജ്യമാണല്ലൊ ജപ്പാൻ. എങ്കിലും അതിലെ ചട്ടങ്ങളും നിയമങ്ങളുമെല്ലാം ചൈനാക്കാരുടേതിൽനിന്നു അശേഷം വിഭിന്നങ്ങളായിരുന്നു. എന്നിരുന്നാലും തിരുസഭയ്ക്കു മഹനീയമായ ഒരുഭാവിയെ അവിടെ പ്രതീക്ഷിക്കുവാൻ വകയുണ്ടായിരുന്നു. വി. ഫ്രാൻസീസ് സാവ്യർ ഏററവും ഊർജ്ജസ്വലമായി അവിടെ പ്രസംഗിച്ച ക്രിസ്തുമതത്തിനു് എത്രയും വിപുലമായ ഒരു പ്രചാരംസിദ്ധിച്ചിരുന്നതിനാൽ ഈ അപ്പസ്തോലവൎയ്യന്റെ നിൎയ്യാണശേഷം അറുപതു് സംവത്സരത്തിന്നിടയിൽ ഇരുപതുവർഷത്തോളം കത്തോലിക്കവിശ്വാസികൾ അവിടെ ഉണ്ടായിരുന്നു. ജനപ്രമാണികളിൽ ഭൂരിപക്ഷവും ഒന്നുകിൽ ക്രിസ്ത്യാനികളോ അല്ലങ്കിൽ പ്രേഷിത വൈദികരുടെ സംരക്ഷകന്മാരോ സ്നേഹിതന്മാരോ എങ്കിലും ആയിരുന്നു രാജ്യഭരണം ചെയ്തിരുന്ന ഏതാനും ഭൂപതിമാ

ർ ബിംബസേവ ഉപേക്ഷിച്ച് സത്യവിശ്വാസം അവലംബിച്ചിരുന്നു. വിശിഷ്യ ബോനേ്ഗാ, അറിമാ ഫൂനേ്ഗാ, ഒമൂറാ എന്നീ രാജ്യങ്ങളിലെ നൃപന്മാർ തങ്ങളുടെ സജീവമായ വിശ്വാസചൈതന്യത്താലും ഉൽകൃഷ്ടങ്ങളായ പരസ്നേഹപ്രവൃത്തികൾകൊണ്ടും സുവിശേഷാദർശങ്ങൾക്ക് പ്രചുരപ്രചാരം നൽകിയിരുന്നു. അവർ 1581-ൽ പതിമൂന്നാം ഗ്രിഗോറിയോസുമാർപ്പാപ്പായുടെ അടുക്കലേക്ക് ആഡംബരപൂർവ്വമായ ഒരു പ്രധിനിധി സംഘത്തെ അയച്ച് പരിശുദ്ധപിതാവിനെ തങ്ങളുടെ അദ്ധ്യാത്മികാദ്ധ്യക്ഷനായി സ്വീകരിച്ചിരുന്നതായി പ്രകടിപ്പിച്ചു. യൂറോപ്പിൽ ഈ സ്ഥാനാപതികൾ സന്ദർശിച്ച എല്ലാപട്ടണങ്ങളിലും അത്യാഘോഷസമേതം സ്വീകരിക്കപ്പെടുകയും അവരുടെ ദൈവഭക്തി യൂറോപ്യന്മാരുടെ ആശ്ചര്യകരമായ ബഹുമാനാദരവുകൾക്ക് പാത്രീഭവിക്കയും അവരെ കണ്ടിരുന്നവർ ഇത്ര വിദൂരമായ അജ്ഞാനദേശത്ത് വിഗ്രഹാരാധകന്മാരുടെയിടയിൽ ദൈവം വർഷിച്ചിരുന്ന അനുഗ്രഹാതിരേകം കണ്ട് തന്നെ വാഴ്ത്തുകയും ചെയ്കയുണ്ടായി. ജപ്പാനിലുണ്ടായ മതപരിവർത്തനം തിരുസഭയുടെ ആദിമകാലത്തെ സ്ഥിതിയെയാണ് അനുസ്മരിപ്പിക്കുന്നത്. അവിടത്തെ പുതുകൃസ്ത്യാനികൾ വളരെ അനുസരണവും വിനയവും പാപഹേതുക്കളിൽ മഹാഭയവും ഉള്ളവരായിരുന്നുവെന്നുള്ളത് പ്രതേകം പ്രസ്താവയോഗ്യമായിട്ടുള്ളതാണ്. തപഃ ക്രിയകളുടെ അനുഷ്ഠാനത്തിൽ അത്യാസക്തിയുള്ളവരായിരുന്നതിനാൽ അവരുടെ ശരീരസൗഖ്യത്തിന് കോട്ടംവരാതിരിക്കത്തക്കവണ്ണം ആത്മീകോപദേഷ്ടാക്കൾ അവയെ നിയന്ത്രിക്കേണ്ടതായിവന്നിരുന്നു. അൾമായ പുതുക്രീസ്തവർ എന്നതിനേക്കാൾ ഉത്സുകരായ ഒരു സന്യാസക്കൂട്ടം എന്നുവേണം അവരെ വിളിക്കുവാൻ ദൈവസ്വരത്തെ വളരെനാൾ കേട്ടിട്ടും വിരോധിച്ചുനിന്നിരുന്ന ബോംഗോയിലെ സിവൽറാനോ, ഒടുവിൽ ഇദ്ദേഹം മാനസാന്തരപ്പെട്ട അവസരത്തിൽ ആണയിട്ടുപറഞ്ഞത് സകല മിഷ്യനറിമാരും യൂറോപ്പിലെ സമസ്തക്രിസ്തവരും എന്നുവേണ്ട മാർപ്പാപ്പാതന്നെയും വിശ്വാസം പരിത്യജിക്കയുണ്ടായാലും തന്റെ രക്തത്തിന്റെ അവസാനത്തുള്ളികൂടെയും ചൊരിഞ്ഞുകൊണ്ട് അതിനെ താൻ ആദരിക്കുകയും സാക്ഷീകരിക്കയും ചെയ്യും എന്നായിരുന്നു. വിശിഷ്യ ക്രിസ്ത്യാനികൾക്കുമാത്രം വസിപ്പാനായി ഒരു പട്ടണം അദ്ദേഹം പണികഴിപ്പിക്കയുണ്ടായി. അനന്തരം തന്റെ രാജപ്പട്ടം രാജിവെച്ച് രാജ്യഭരണം സ്വപുത്രനെ ഭരമേല്പിച്ചിട്ട് മതാത്മകമായ സുകൃതാനുഷ്ഠാനങ്ങൾക്ക് സ്വയം സമർപ്പിച്ചത് മേലിൽ വിഗ്രഹാരാധനയുടെ യാതൊരു രേഖപോലും ദർശിക്കാതിരിക്കുന്നതിനുവേണ്ടികൂടിയുമായിരുന്നു. മററുരാ

ജാക്കന്മാരും ഇതിനുതുല്യമായവിശ്വാസദാർഢ്യവും മതതീഷ്ണതയുമുള്ളവരായിരുന്നുവെങ്കിലും ഇതിനിടയിൽഒരു ഘോരമായപെശറു് അന്തരീക്ഷത്തിൽ സർവ്വത്രവ്യാപിച്ചുകൊണ്ടിരിക്കുകയായിരുന്നു, കിഴക്കൻ രാജ്യങ്ങളിലും പ്രത്യേകം ജപ്പാനിലും തുലോം സാധാരണമായി സംഭവിക്കാറുള്ള ഒരു വിപ്ലവം പൊട്ടുന്നനവേ പ്രത്യക്ഷമായി. തൽഫലമായി തൈയോഗോസാമ എന്നു പേരായ ഒരുവൻ അന്യായമായി രാജസിംഹാസനം കരസ്ഥമാക്കി. ഇയാൾ ഒരുദിവസം, സ്പെയിൻകാരനായ ഒരു കപ്പൽ മാലുമി തന്റെ രാജാവു് എല്ലായ്പോഴും ഒരു രാജ്യത്തെ പിടിച്ചടക്കുവാൻ തുടങ്ങുന്നതു് മുൻകൂട്ടിമിഷ്യനറിമാരെ മാർഗ്ഗദർശികളായി നിയോഗിച്ചുകൊണ്ടാണു് എന്നുപറയുന്നതു കേട്ടപ്പോൾ ഇത്രവളരെ ഈശോസഭക്കാരും മററു സന്യാസികളും തന്റെ രാജ്യത്തുസ്ഥിതിചെയ്യുന്നതിനെപ്പററി ഭയപരവശനായിത്തീർന്നു. ഇതിനുംപുറമേ അത്ഭുതപൂർവ്വമായ ആകൃതിയും ബ്രഹ്മാണ്ഡ വലിപ്പമുള്ള കപ്പലുകൾ മൈനായുടെ തീരത്തും സമീപസ്ഥിതങ്ങളായ ഇതര ദ്വീപുകളിലും വന്നടുക്കുന്നുണ്ടെന്നുള്ള വാർത്ത കേട്ടപ്പോൾ അയാളുടെ ഭീതിപതിന്മടങ്ങു വർദ്ധിച്ചു. അപ്പോൾ മുതൽ ആ നൂതനക്രിസ്തീയമതത്തെ പാടേ ഉന്മൂലനം ചെയ്തു് തന്റെ മഹിമയേയും അപഹൃതവാഴ്ചയേയും ഭദ്രമായി സ്ഥിരപ്പെടുത്തുന്നതിനു തീർച്ചയാക്കി. അയാളുടെ കീഴിലുള്ള ഉപരാജാക്കന്മാരിൽ പലരും ക്രിസ്തീയമതം അവലംബിക്കയും ചിലർ അതിനെ സംരക്ഷിക്കുകയും ചെയ്തിരുന്നു ഇതുഹേതുവാൽ കുറേക്കാലത്തേക്കു് തന്റെ ഉദ്ദേശം മറച്ചുവയ്ക്കുന്നതിനു നിർബന്ധിതനായി. എന്നാൽ തന്റെ നേരിട്ടുള്ളഭരണസീമയിൽപെട്ട സംസ്ഥാനങ്ങളിൽ ഒരു പൊതുവായ മതപിഡനം ഝടുതി തുടങ്ങി. അപ്പോൾസഭയുടെ ആദിമകാലങ്ങളിലെ പ്രതാപമഹിമകൾ പുനരാവർത്തിക്കപ്പെട്ടു. സത്യവിശ്വാസവലംബികളായ വേദസാക്ഷികളുടെ ധൈര്യത്തെ ഭഞ്ജിക്കുന്നതിനു് അഭിനവങ്ങളും ഘോരതരങ്ങളുമായ പീഡനായന്ത്രങ്ങളെ കണ്ടുപിടിച്ചു. എങ്കിലും അജ്ഞാനികളുടെ ഈ ശ്രമങ്ങളെല്ലാം ഫലശൂന്യങ്ങളായി പരിണമിക്കയാണുണ്ടായതു്. ക്രിസ്ത്യാനികളെ കൂട്ടംകൂട്ടമായി പിടിച്ചു് പാറാവിലിട്ടുബന്ധിക്കുകയും കൂർത്തഇരുമ്പുചീപ്പുകൾ കൊണ്ടു് അവരുടെ മാംസത്തെ കീറി കഠിനമായി അവരുടെ അവയവങ്ങൾ മുറിക്കുകയും, തലമുടിക്കുപിടിച്ചു് വലിച്ചിഴയ്ക്കുകയും നിലത്തിട്ടുചവുട്ടി മൃഗീയമായഅവഹേളനങ്ങൾക്കു വിഷയീഭവിപ്പിക്കയും ചെയ്തിരുന്നു. ചിലരുടെ കാലുകൾ അടിച്ചുതകർക്കുകയും ഇരുമ്പാണികൾ പതിച്ച മരത്തടികൾക്കിടയിലിട്ടു് ഇടിച്ചുപൊടിക്കുകയും ചെയ്തിരുന്നു. മററു ചിലരുടെ കൈകളും, മൂക്കും, കണ്ണും, ചെവിയും ഛേദിക്ക

പ്പെട്ടിട്ട് ആ സ്ഥിതിയിൽതന്നെ ദീർഘനാരം കിടന്നു് അവൎണ്ണനീയവേദനകരം അനുഭവിച്ചുകൊണ്ടു് പരലോക പ്രാപ്തരാവുകയും ചെയ്തിരുന്നു. ഈ വേദസാക്ഷികളുടെ കൂട്ടത്തിൽ ഇരുപത്തിനാലുപേരുടെ പീഡനങ്ങരം പ്രത്യേകം സ്മരണീയങ്ങളാണു്. അവരിൽ മൂന്നുപേർ ഈശോസഭക്കാരും, ആറുപേർ പ്രൻസിസ്കരും ആയിരുന്നു. അവരെയെല്ലാം പിൽക്കാലങ്ങളിൽ "മാർട്ടേഷ്സ് മൗണ്ടു്" അഥവാ വേദസാക്ഷികളുടെ ഗിരി എന്നു പേരുസിദ്ധിച്ച ഒരുയൎന്ന മലയിൽ കുരിശിൽ തറച്ചാണു് വധിക്കയുണ്ടായതു്. അവർ കൊലക്കളത്തിലേക്കു ആനയിക്കപ്പെടുകയിൽ ദൈവത്തിനു സ്തോത്രഗീതങ്ങരം പാടിയിരുന്നു. അവരെ കുരിശുമരത്തിന്മേൽ കിടത്തി തറച്ചിരുന്നപ്പോരം "ഇസ്രായേലിന്റെ ദൈവമായ കൎത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നു സ്കറിയാ ദീർഘദശിയുടെ സംഗീതം ആണു് അവർ ഉച്ചത്തിൽ പാടിയിരുന്നതു്. അവരിൽ ചിലർ യൗവനയുക്തരായിരുന്നു. അവരുടെ പരിശുദ്ധമായ സ്ഥൈൎയ്യം മററുള്ളവൎക്കു ഉന്മേഷം നൽകുകയും ക്ഷീണിച്ചവരെ ബലപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

ഒരു ക്രൂര ഭൂപതിയായിൽന്ന തൈയാഗോസാമാ കാലവിളംബമെന്യേ (1598_ൽ] നിൎയ്യതനായി. അയാരം കൊല്ലിച്ച ക്രസ്ത്യാനികളുടെ സംഖ്യ അത്ര അധികമല്ലായിരുന്നുഎങ്കിലും അയാളുടെ പിൻഗാമികരം ആദൃഷ്ടാന്തം ക്രൂരനിഷ്ഠുരയോടുകൂടി അനുകരിക്കാതിരുന്നില്ല. ഇതിനാൽ രാഷ്ട്രീയമായ ഒരു മതവിരോധം പിൻക്കാലങ്ങളിൽ പരമ്പരയായി നീണ്ടു നിന്നതിനാൽ ക്രസ്ത്യാനിമതം ജപ്പാനിൽ പാടേ നാമാവശേഷമാകുന്നതിനു് സംഗതിയായി. ആകാലം മുതൽ മതപീഡനങ്ങരം വളരെ ശീഘ്രതയോടും അത്ഭുതപൂൎവ്വമായ ക്രൂരതയോടും കൂടി തുടരെത്തുടരെ ആവൎത്തിച്ചുകൊണ്ടിരുന്നു. വേദസാക്ഷികളുടെ പീഡനങ്ങളെ ദീർഘീകരിക്കുന്നതിനും ഉഗ്രതരമാക്കുന്നതിനും വേണ്ട സകല കൗശലവും വിദ്യയും കണ്ടുപിടിച്ചു് പ്രായോഗികമാക്കിത്തീൎത്തു. ഇവരുടെ നട്ടെല്ലുകരം പൊട്ടത്തക്കവണ്ണം ഈരണ്ടുപേരെ കൂട്ടിബന്ധിക്കയും അവരുടെ നഖത്തിനുള്ളിൽ ഈററകളും അസ്ഥികളും തള്ളിക്കയററുകയും, അവപിന്നീടു് കൊടിലുകരം കൊണ്ടു് വലിച്ചെടുക്കുകയും പതിവായിരുന്നു. അനന്തരം വിഷസൎപ്പങ്ങരം കിടന്നിരുന്ന കുഴിയിലേക്കു അവരെ ഇടുകയും ചിലപ്പോരം കത്തിച്ച പന്തങ്ങരം അവരുടെ അവയവങ്ങളിലും ദേഹമാസകവും വെച്ചുകെട്ടുകയും ചെയ്തിരുന്നു. ഈദൃശപീഡനങ്ങരം എല്ലാം വിവരിക്കുകഇവിടെ അസാദ്ധ്യമാണു്. വിവിധതരങ്ങളും അതിദാരുണങ്ങളുമായ ഈ മർദ്ദനങ്ങരം കൊണ്ടൊന്നും ആ ക്രൈസ്തവഭടന്മാരുടെ മനോധൈൎയ്യത്തെ ചലിപ്പിക്കുന്നതിനോ

ശോകപൂർണ്ണമായ ഒരു നെടുവീർപ്പെങ്കിലും അശ്രുകണമെങ്കിലും അവരിൽനിന്നു പുറപ്പെടുവിക്കുന്നതിനോ ആ നിഷ്ഠുരന്മാർക്കു കഴിഞ്ഞില്ല. പ്രത്യുത ഈ പീഡനങ്ങളുടെ മദ്ധ്യേ അവർ ദൈവത്തിനു മനോജ്ഞമായ സ്തോത്രഗീതങ്ങൾ പാടിക്കൊണ്ടാണിരുന്നതു്. അതിഭയങ്കരങ്ങളായ സാഹചര്യങ്ങളുടെ മദ്ധ്യ അവർ പ്രത്യാശയോടെ കാത്തിരുന്ന മരണത്തിന്റെ നാഴികയെപ്പററി ചിന്തിക്കയിൽ അവരുടെ മുഖത്തു സ്ഫുരിച്ചിരുന്ന പ്രശാന്തതയും ആനന്ദകുതൂഹലവും വിജയപ്രതാപവും അവരെ ധൈര്യപ്പെടുത്തിയിരുന്ന ദൈവപ്രസാദശക്തിക്കു സാക്ഷ്യം വഹിച്ചിരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ നാമത്തിൽ കഷ്ടപ്പെടുന്ന ഈ അങ്ങേ ദാസന്മാരെ ആദരിക്കുന്നതിൽ അങ്ങേവല്ലഭമായ തൃക്കൈ ഉണ്ടായിരുന്നുവെന്നു് അജ്ഞാനികൾക്കു് ബോധം വരത്തക്കവണ്ണം അത്ഭുതങ്ങളും ഈ സന്ദർഭങ്ങളിൽ ഉണ്ടാകാതിരുന്നില്ല. മാമ്മോദീസായിൽ പങ്ക്രാസു് എന്നുപേരു സ്വീകരിച്ചിരുന്ന ആറു വയസ്സുപ്രായമുള്ള ഒരുകുട്ടിയെ ഒരു ദിവസം അതിരാവിലേ വിളിച്ചുണർത്തി അവന്റെ പിതാവിനോടു കൂടി അവനും ശിരച്ഛേദനം ചെയ്യപ്പെടുമെന്നുള്ള വസ്തുത അവനോടറിയിച്ചു. ആ ബാലൻ പരമാർത്ഥസന്തോഷം പ്രദർശിപ്പിച്ചുകൊണ്ടു് അവനിൽ വിളങ്ങിയിരുന്ന ദൈവപ്രസാദാധിക്യത്തെ പ്രസ്പഷ്ടമാക്കി. ഝടുതിയിൽ ഏററം വിശിഷ്ടമായ വസ്ത്രങ്ങളും മററും ധരിച്ചു് പുറത്തിറങ്ങി വന്നു് തന്നെ പിടിച്ചു കൊണ്ടുപോകുവാൻ വന്ന പടയാളിക്കു് കൈകൊടുത്തു. അനന്തരം കൊലക്കളത്തിലേക്കു പ്രശാന്തഗാംഭീര്യത്തോടുകൂടി നടക്കുകയുണ്ടായി. അവിടെ ചെന്നു് ഒന്നാമതായി കണ്ടതു് ശിരസ്സു ഛേദിക്കപ്പെട്ടു് രക്തത്തിൽ കുളിച്ചു കിടന്നിരുന്ന പിതാവിന്റെ ശവശരീരമായിരുന്നു. ഉടൻ കുട്ടി യാതൊരു പരിഭ്രമവും കാണിക്കാതെ പിതാവിന്റെ മൃതശരീരത്തിങ്കൽ മുട്ടുകുത്തി നിന്നു കൊണ്ടു് നിഷ്കപടമായ അവന്റെ പ്രാർത്ഥനയെ ദൈവത്തിങ്കൽ സമർപ്പിച്ചുശേഷം തന്റെ ഉടുപ്പിന്റെ കഴുത്താരം മാററി മരണമർദ്ദനം സ്വീകരിക്കുന്നതിനായി കഴുത്തു നീട്ടിക്കൊടുത്തു ഹൃദയസ്പൃക്കായ ഈ കാഴ്ച ജനക്കൂട്ടത്തെ വല്ലാതെ പരിഭ്രമിപ്പിച്ചു. ഘാതകനായ പടയാളി പോലും അവന്റെ വാളും നിലത്തിട്ടുംകൊണ്ടു് ഓടിപ്പൊയ്ക്കളഞ്ഞു. മററു പലരോടും ഈ ഘാതകജോലി നടത്തുന്നതിനു് ആവശ്യപ്പെട്ടിട്ടും പിന്മാറുകയാണു ചെയ്തതു്. കടശി ഇതിനായി ഒരു മൂറീയ അടിമയെ നിയോഗിക്കേണ്ടതായി വന്നു. അവനാകട്ടെ ഈശോയുടെ ഇളം കുഞ്ഞാടിന്റെ തലയിലും ഉരങ്ങളിലും പലപ്രാവശ്യം വെട്ടി കഷണം കഷണങ്ങളായി മുറിച്ചിരുന്നെങ്കിലും ആ ശൈശവ യോദ്ധാവി

ൻെറ വായിൽനിന്നു ഒരു നിലവിളിയെങ്കിലും കേൾക്കയുണ്ടായില്ല. ഇപ്രകാരമായിരുന്നു കുട്ടികൾക്കും മുലകുടിക്കുന്ന കുഞ്ഞുങ്ങൾക്കും നൾകപ്പെട്ടിരുന്ന വരപ്രസാദശക്തി. ഇങ്ങനെ രക്ഷയുടെ സുവിശേഷം ഇദംപ്രഥമമായി ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഉണ്ടായ രക്ത ചൊരിച്ചിലിനെ നരകശത്രു ഈ വിദൂരനാട്ടുകളിലും നമ്മുടെ അടുത്ത കാലത്തും ആവത്തിക്കയുണ്ടായി. റോമാ, സ്മീർണ, കാർത്തേജ്, ലെൻസ്, മുതലായ പ്രസിദ്ധപട്ടണങ്ങളിൽ രക്തസാക്ഷികൾ പ്രദർശിപ്പിച്ച വീരപരമായ മനോഭാവത്തിലും ഒട്ടും പിന്നോക്കമല്ലായിരുന്നു ജപ്പാൻ വേദസാക്ഷികളുടെ മനസ്ഥിതിയും. ഇവരുടെ പീഡനങ്ങൾ ഒന്നുകൂടി ഘോരതരങ്ങളും സുദീർഘങ്ങളും ആയിരുന്നു. ഇവയെല്ലാം വിവരിക്കുന്നതായ പ്രബന്ധങ്ങളും ഒട്ടും കുറവല്ല. കൃസ്തീയ വിശ്വാസം മുഖാന്തിരം ചക്രവത്തിയാൽ ബഹിഷ്കൃതനായിരുന്ന തോമ്പായിലേ രാജപുത്രൻ പീഡിതരായ കൃസ്ത്യാനികൾക്ക് പണ്ട് വി പൊലിക്കാർപ്പും വി. ഇഗ്നാസിയോസും എഴുതിയ ലേഖനത്തിനു തുല്യമായ ഒരു കത്ത് എഴുതി അയക്കയുണ്ടായി. അതു ചുവടെ ചേക്കുന്നു.

"എൻെറ പ്രിയ സഹോദരങ്ങളെ! നിങ്ങളിൽ ചുരുക്കം ചിലർ മതപീഡനം പേടിച്ച് മതത്യാഗികളായി എന്നറിയുന്നതിൽ എനിക്കു അതിയായ വ്യസനം ഉണ്ട്. എങ്കിലും വളരെയധികം പേർ തങ്ങളുടെ വിശ്വാസത്തിൽ സുസ്ഥിരരായും നിശ്ചഞ്ചലരായും നിലനിന്നതായി അറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. മ്ശിഹായുടെ ഈ മഹനീയ ജയിൽവാസികളുടെ ഇടയിൽ എനിക്കും ഒരു സ്ഥാനം സിദ്ധിച്ചിരുന്നെങ്കിൽ അഹോ! ഞാനെത്രയോ ഭാഗ്യവാനാകുമായിരുന്നു. രക്തസാക്ഷികളായി മരിക്കുന്നതു് അനന്ത ഭാഗ്യഹേതുകമാണല്ലോ. യേശുവിനു വേണ്ടി അവർ രക്തം ചൊരിഞ്ഞ സ്ഥലം ഒന്നു ചുംബിക്കുവാൻ പോലും ഇടയായിരുന്നെങ്കിൽ എത്രയോ ഭാഗ്യമായിരുന്നു. അവക്കു സിദ്ധിച്ചതായ ആ നൽവരംതന്നെ എനിക്കും സിദ്ധിക്കുന്നതിനായി അവരുടെ മദ്ധ്യസ്ഥപ്രാത്ഥനയെ ഞാൻ അപേക്ഷിക്കുന്നു. വാത്സല്യ സഹോദരങ്ങളെ നിങ്ങളും എനിക്കായി ചെയ്യണമെന്നു് ഞാൻ അഭ്യത്ഥിക്കുന്ന പ്രാത്ഥനയും ഇതുതന്നെയാണ്. തങ്ങളുടെ സത്യവിശ്വാസത്തിനു വേണ്ടി സമസ്തവും പരിത്യജിച്ച വീരന്മാരെ ഞാൻ അഭിനന്ദിക്കുന്നു. ഞാൻ അവരേ സാദരം ബഹുമാനിക്കുന്നു. എങ്കിലും എനിക്കു വിസ്മയ പാരവശ്യം ഇല്ല. എന്തുകൊണ്ടെന്നാൽ ഭൂമിയിലേ ചെളിക്കുവേണ്ടി ശുദ്ധ സ്വർണ്ണക്കട്ടയെ ദൂരെ വലിച്ചെറിയുകയും നികൃഷ്ടമായ ലൌകീക സമ്പത്തുകളേ അനശ്വരമായ സമാധാന സൌഭാഗ്യങ്ങളോടു തുല്യനിലയിൽ മതിക്കയും

ചെയ്യത്തക്കവണ്ണം അത്ര മൂഢനായ ഒരു മനുഷ്യൻ ഉണ്ടാകുമോ. ഒരിക്കൽ നാം പരിത്യജിക്കേണ്ടതും അതിന്നിടയിൽ നമ്മുടെ നിത്യരക്ഷയ്ക്കു് അഭേദ്യമായ ഒരു പ്രതിബന്ധമായി തിരാവുള്ളതും ആയ നിസ്സാര വസ്തുക്കളെ നമ്മിൽനിന്നു എടുത്തു മാററുന്നതിൽ നമുക്കു അവർ ചെയ്യുന്ന ശുശ്രൂഷ എത്രയോ വിലമതിക്കത്തക്ക ഒന്നാണു്. നിങ്ങളിൽ ഏററം അധമനായ ഞാൻ നിങ്ങൾക്കു സദുപദേശം ചെയ്യുന്നതിനു് അയോഗ്യനത്രെ. എങ്കിലും വിശ്വാസത്തിൽ എന്റെ പ്രേമസഹോദരങ്ങളായ നിങ്ങളോടു് ഈ നശ്വരമായ ലൌകീക വസ്തുക്കളെയെല്ലാം നിങ്ങളുടെ പാദങ്ങളുടെ അടിയിലിട്ടു് ചവുട്ടണമെന്നു് അഭ്യർത്ഥിക്കുക മാത്രമാണു് ഞാൻ ചെയ്യുന്നതു്. നമ്മുടെ പരീക്ഷാകാലം അവസാനിക്കാറായിരിക്കുന്നുവെന്നു സ്മരിച്ചുകൊള്ളുവിൻ. കാട്ടിൽ കിടക്കുന്നതും ഒരു രൂപമില്ലാത്തതുമായ കല്ലെടുത്തു് വളരെ വെട്ടുകയും കുത്തുകയും ചെയ്തശേഷം മാത്രമേ മഹനീയമായ ഒരു സ്തംഭമായി അതിനെ രൂപവൽകരിക്കുവാൻ നമുക്കു സാധിക്കുകയുള്ളു. കൊല്ലൻ ഇരുമ്പിനെ ഉലയിലിട്ടു പഴുപ്പിച്ചു കൂടംകൊണ്ടടിച്ചിട്ടല്ലാതെ മനോഭാവത്തിലിരിക്കുന്ന ഒരാകൃതി അതിൽ വരുത്തുവാൻ അവനു സാധിക്കയില്ല ഇപ്രകാരംതന്നെയാണു് ഈശോമ്ശിഹായുടെ സഭയാകുന്ന ആദ്ധ്യാത്മീയവും അനശ്വരവുമായ ആലയത്തിന്റെ സജീവമായ കല്ലുകളായി അവിടുന്നു് തിരെഞ്ഞെടുത്തിരിക്കുന്ന ആളുകളെ അഗ്നിയാലും മററനേകം പീഡനങ്ങളുടെ ഉലയിലും ഇട്ടു് ശുദ്ധീകരിച്ചു് പാവനമാക്കിത്തീർക്കുന്നതു്. ഇങ്ങനെ അവിടുന്നു നമുക്കു നൽകിയിരിക്കുന്ന ഔന്നത്യബഹുമാനത്തിനു് നമ്മെത്തന്നെ പാത്രമായി കാണിക്കണം. നമ്മെ കിരീടം ധരിപ്പിക്കണമെന്നുള്ളതു് അവിടുത്തെ ഹിതവും നിശ്ചയവുമല്ലായിരുന്നെങ്കിൽ ഇപ്രകാരം നമ്മെ കഷ്ടപ്പെടുത്തുന്നതിനു് ഒരിക്കലും അവിടുന്നു് അനുവദിക്കയില്ലായിരുന്നു. ഞാൻ അനുഭവിച്ചതിലും ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നതിലും കൂടുതലായി സഹിക്കുവാൻ അധികം ആളുകൾക്കും കഴിവുണ്ടായിരിക്കയില്ല. എന്നാൽ ദൈവം എന്റെ ബലഹീനതയെ കടാക്ഷിച്ചു് എന്നെ ആദരിച്ചിരുന്നതിനാൽ ക്ഷീണിതരായിത്തീർന്ന മർദ്ദനക്കാർ എന്നെ ജയിക്കുന്നതിൽ ആശാഭഗ്നരായി പിന്മാറി നില്ക്കയാണു്. എന്നിരുന്നാലും ആയിരം പോരാട്ടങ്ങൾ ജയിച്ചു് വിജയശാലിയായി പോക്കളത്തിൽനിന്നു പുറപ്പെട്ടാലും പോരാ, അവസാനപര്യന്തം സുസ്ഥിരമായി നില്ക്കുന്നവനു മാത്രമേ സമ്മാനം സിദ്ധിക്കയുള്ളു. അതുകൊണ്ടു് നിങ്ങൾക്കു വേണ്ടിയും എനിക്കു വേണ്ടിയും അമൂല്യമായ ഈ നിലനില്പിന്റെ വരം ലഭിക്കുവാനായി അവിശ്രമം പ്രാർത്ഥിച്ചുകൊൾവിൻ."

എന്നാൽ കച്ചവടത്തിനായി ജപ്പാനിലേക്കു വന്നിരുന്ന ഏതാനും ദുർഭഗന്മാരായ ഡച്ചുകാരുമൂലം മർദ്ദനങ്ങൾ ഇതിലും അതികഠിനമായിത്തീരുകയുണ്ടായി. എങ്ങിനെയെന്നാൽ സ്പെയിൻകാരുടെ വക ഏതാനും കപ്പലുകൾ ജപ്പാൻ തുറമുഖങ്ങളിൽ കണ്ടതുകൊണ്ടു് ഇക്കൂട്ടർ അസൂയാകലുഷതരായി ഭവിച്ചു. കച്ചവടസംബന്ധമായ അസൂയയോടുകൂടി മതവിരോധവും, ചേൎന്നപ്പോൾ കത്തോലിക്കരുടെ നേൎക്കു പ്രോട്ടസ്റ്റന്റുകാരായ ഈ ഡച്ചുകാരുടെ വിദ്വേഷം ശതഗുണിഭവിച്ചു. ജൎമ്മനി, സ്വീഡൻ, ഇംഗ്ലണ്ടു മുതലായ രാജ്യങ്ങൾ സ്പെയിൻ രാജാവിനു അധീനപ്പെടുത്തിക്കൊടുക്കുവാൻ ഈശോസഭക്കാർ പരിശ്രമിച്ചതിന്റെ ഫലമായി അവർ ആ രാജ്യങ്ങളിൽ നിന്നു ബഹിഷ്കൃതരായിരിക്കുന്നുവെന്നും മററും ഏഷണി പറഞ്ഞു് പ്രസ്തുത സഭക്കാർ ഏററവും ഉപദ്രവകാരികളായ ഒരു നീചവൎഗ്ഗക്കാരാണെന്നു് ജപ്പാൻകാരെ ധരിപ്പിച്ചു. മാത്രമല്ലാ ഈ പ്രേഷിത വരേണ്യരുടെ യഥാൎത്ഥമായ ഉദ്ദേശം ജപ്പാൻ സാമ്രാജ്യത്തെ യൂറോപ്യൻ ഭൂപതികളുടെ ഭരണത്തിനു വശംവദമാക്കണം എന്നുള്ളതാണു് എന്നും ആ നാട്ടുകാൎക്കു ബോദ്ധ്യം വരുത്തി. യൗവനയുക്തനായ ചക്രവൎത്തിയുടെ രക്ഷകൎത്താവു് തന്റെ യജമാനനായ രാജകുമാരനേ എങ്ങിനെയെങ്കിലും വധിച്ചിട്ടു് സിംഹാസനം കരസ്ഥമാക്കുന്നതിനു് ദീൎഘനാളായി ദുരാലോചന നടത്തിക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ സത്യമതം എല്ലായ്പോഴും പ്രജകളുടെയിടയിൽ അഭേദ്യമായ രാജഭക്തിയെ ദൃഢീകരിക്കുന്നതാകയാൽ ക്രിസ്ത്യാനികൾ തങ്ങളുടെ ന്യായമായ രാജാധിപന്റെ സംരക്ഷണാൎത്ഥം പോരാടുന്നതിനായി ഒരുമ്പെടാതിരിക്കയില്ല എന്നുള്ള ഭയത്താൽ മുൻപറഞ്ഞ രക്ഷകൎത്താവു് ഒടുവിൽ ആ നികൃഷ്ടമായ ഉദ്യമത്തിൽ നിന്നു പിന്മാറേണ്ടതായി വന്നു കൂടി. ഇതിനാൽ ഈ പ്രതിയോഗികളേ പൊടുന്നനവേ ഒരുക്രൂരമർദ്ദനം കൊണ്ടു് നാമാവശേഷമാക്കുന്നതിനു് അയാൾതീർച്ചയാക്കി. എന്നന്നേക്കും ക്രിസ്തീയമതത്തെ രാജ്യത്തിൽനിന്നും ബഹിഷ്കരിക്കുന്നതായ ഒരു രാജവിളംബരം പ്രസിദ്ധീകരിച്ചു. നാങ്കാസാക്കി എന്നപട്ടണത്തിനു സമീപേ തീയും, പുകയും, ഗന്ധകവും, അഗ്നിമയമായ ജലവും, അപ്പോഴപ്പോൾ നാലുപാടും പ്രവഹിപ്പിക്കുന്നതായ ഒരു അഗ്നിപൎവ്വതം ഉണ്ടു്. ആ മലയിൽ യാതൊരുവന്യമൃഗംപോലും വസിക്കയാകട്ടെ അതിനു മുകളിലുള്ള ആകാശവീഥിയിൽകൂടി യാതൊരു പക്ഷിപറക്കുകയാകട്ടെ ചെയ്യുകയില്ല ഇപ്രകാരമുള്ള ആ അഗ്നിപൎവ്വതത്തിന്റെ ഉള്ളിലേക്കു അനേകം ക്രിസ്ത്യാനികൾ തള്ളിയിടപ്പെട്ടു ലാവാ, അഥവാ

തിളച്ച ദ്രാവകസാധനങ്ങൾ കവിഞ്ഞൊഴുകിയിരുന്നപ്പോൾ ക്രിസ്ത്യാനികളെ അതിലിട്ടുമുക്കി വേദം ഉപേക്ഷിക്കുവാൻ നിർബ്ബന്ധിച്ചിരുന്നു. മററു ചിലരെ അഗ്നികുണ്ഡത്തിന്റെ വക്കിന്മേൽ കിടത്തി ചൂടുവെള്ളം തളിച്ചു് പത്തും, പന്ത്രണ്ടും, പതിനഞ്ചും, ദിവസത്തോളം ഈ പീഡനങ്ങൾ അനുഭവിപ്പിച്ചിരുന്നു. അനേകം പേരെ ദുർഗ്ഗന്ധം നിറഞ്ഞ എച്ചിൽക്കുഴിയിൽ തലകീഴ്പാടാക്കി കെട്ടിത്തൂക്കി കഷ്ടപ്പെടുത്തി. ഇതിൻവണ്ണം ഘോരതമങ്ങളായ പീഡനാവൃത്താന്തങ്ങൾ നാം വായിക്കുന്നതു കേട്ടാൽ ആരായാലും ഞെട്ടിപ്പോകാതിരിക്കുകയില്ല. അത്രഭയങ്കരങ്ങളായ ഈ പീഡനങ്ങൾ നിർഭയമായും സങ്കടലേശം കൂടാതെയും ധീരധീരം സഹിക്കുന്നതിനു് ദുർബ്ബലനായ മനുഷ്യനെ പ്രാപ്തനാക്കിത്തീർത്തിരുന്ന ദൈവപ്രസാദശക്തിയെ നാം എത്ര കണ്ടു നമിച്ചാലും വിസ്മയിച്ചാലും മതിയാകയില്ല. മതവൈരികളായ ഡച്ചുകാരുപോലും ഇത്ര ആശ്വാസരഹിതമായ ഒരു പീഡനത്തെപ്പററിയോ ഇതിലും ഏററം കുടിലതരങ്ങളായ ഉപദ്രവങ്ങളെപ്പററിയോ തങ്ങൾ ജീവിതകാലത്തു് ഒരിക്കലെങ്കിലും കാണുകയോ വായിക്കുകയോ ഉണ്ടായിട്ടില്ല എന്നു് ഏററുപറവാൻ നിർബന്ധിതരായിത്തീൎന്നു. ഈ ഭയങ്കരവാർത്തകൾ ശീഘ്രം ഇൻഡ്യായിലെങ്ങും വ്യാപിച്ചു. ഒടുവിൽ യൂറോപ്പിലും എത്തികഴിഞ്ഞു. മാർപ്പാപ്പാ ഇതു് അറിഞ്ഞ ഉടനെ പീഡിതരായ ക്രിസ്ത്യാനികൾക്കു് ആശ്വാസദായകങ്ങളായ തിരുവെഴുത്തുകൾ അയച്ചുകൊടുക്കുകയും അവരെപ്രതി പരസ്യ പ്രാർത്ഥനകൾ ചെയ്യിക്കയും ചെയ്തതുമല്ലാതെ ഈ ഘോരതരങ്ങളായ മർദ്ദനങ്ങൾക്കു് ഒത്തവണ്ണമുള്ള അനുഗ്രഹവർഷങ്ങൾ ഈ മഹത്വമേറിയ രക്തസാക്ഷികളുടെമേൽ ദൈവം ചൊരിയുന്നതിനായി മൂന്നു സംവത്സരശേഷം ഉണ്ടാകുവാനിരുന്ന ജൂബിലി ആഘോഷത്തെ ഈ അവസരം പ്രമാണിച്ചു് മുൻകൂട്ടി നിശ്ചയിക്കയും ചെയ്തു.

ഇതിനിടയിൽ ജപ്പാനിൽ അക്കാലപര്യന്തം വേലചെയ്തുകൊണ്ടിരുന്ന എല്ലാ യൂറോപ്യന്മാരായ പ്രേഷിത വൈദികരെയും ഒന്നാകെ കൊന്നൊടുക്കി. നൂററമ്പതിൽപരം അംഗങ്ങൾ ഈശോസഭയ്ക്കും, അഗസ്തീനോസിന്റെയും, ദോമിനിക്കോസിന്റെയും, ഫ്രാൻസീസ്കോസിന്റെയും ധീരസന്താനങ്ങളിൽനിന്നും ഓരോ വലിയ സംഖ്യയും നഷ്ടപ്പെട്ടു. നമുക്കു കേവലം ദുർഗ്രഹമായ ഒരു ദൈവപരിപാലനയാൽ ഈ ഭയങ്കര മതപീഡനം അതിന്റെ ഉദ്ദേശത്തെ സാക്ഷാൽകരിക്കുന്നതിനു് ദൈവം അനുവദിച്ചു എന്നുപറയാതെ ഗത്യന്തരമില്ല. ജപ്പാനിൽ ക്രിസ്ത്യാനികൾ നിശ്ശേഷം ഇല്ലാതെയായി. ഏററം ശോഭനമായി അതിനെ പ്രകാശിപ്പിച്ചിരുന്ന സുവിശേഷവെളിച്ചം അന്തർദ്ധാനം ചെയ്തു. ഡച്ചുകാരനല്ലാതെ മറെറാരു വി

ദേശിയെങ്കിലും ജപ്പാൻദ്വീപുകളിൽ ഇറങ്ങിയാൽ അവനു് വധശിക്ഷ നൽകണമെന്നായിരുന്നു ഗവമ്മെൻറു നിശ്ചയം. ഡച്ചുകാക്കുതന്നെയും കച്ചവടം പ്രമാണിച്ചല്ലാതെ അവിടെ പ്രവേശനം അനുവദിച്ചിരുന്നില്ല. അതും ഒരു നിശ്ചിത അതിത്തിക്കകത്തും ആസ്ഥലത്തോട്ടുപോകുന്ന വഴിയിലിട്ടിരുന്ന ഒരു ക്രൂശിക്കപ്പെട്ട രൂപം കാലുകൊണ്ടു ചവിട്ടിയിട്ടും മാത്രമേ കടക്കുവാ അനുവദിച്ചിരുന്നുള്ളൂ. പരിശുദ്ധന്മാരുടെ പ്രസാദവരം കൊണ്ടു ഇത്രഫലഭൂയിഷ്ഠമായിരുന്ന ഒരു നാട്ടിൽ, പ്രേഷിതവൈദികരുടെ വിയപ്പുകൊണ്ടും, വേദസാക്ഷികളുടെ രക്തപ്രവാഹത്താലും പാവനമാക്കപ്പെട്ടിരുന്ന ഒരു നാട്ടിൽ വിശ്വാസദീപം നിശ്ശേഷം കെട്ടുപോകുവാനിടയായതിൽ വിസ്മയിക്കാനേ തരമുള്ളൂ എങ്കിലും ആ നിർഭാഗ്യദേശത്തു് അതുവീണ്ടും പ്രകാശിക്കാതിരിക്കയില്ലെന്നു് നമുക്കു പ്രതിക്ഷിക്കാം

പരിഷ്കൃതലോകത്തിൻെറ ശ്രദ്ധ ആവിദൂരദ്വീപിന്മേൽ പണ്ടേതന്നെ പതിഞ്ഞുകഴിഞ്ഞിരിക്കുന്നു അതിൻെറ തീരങ്ങളെ പാദസ്പശനം ചെയ്യുന്നതിനുള്ള അവസരം പ്രേഷിതപ്പെട്ടക്കാം അത്യാശാപൂവ്വം കാത്തുകൊണ്ടിരിക്കയാണു്. ദൈവം ഇത്ര മഹനീയമായ ഉദ്യമത്തെ സഫലമാക്കുകയും ഒരിക്കൽ ഏററം ആശാജന്യമായി സ്ഥിതിചെയ്തിരുന്ന ജപ്പാൻകാരുടെ ഹൃദയങ്ങളെ സത്യമതസ്വീകരണത്തിന്നു് മൃദുലമാക്കുകയും ചെയ്യുമാറാകട്ടെ.

(ഇവിടെനാല്പതിൽപരം സംവത്സരങ്ങൾക്കുമുമ്പുള്ള ജപ്പാൻെറ സ്ഥിതിയെ രേഖപ്പെടുത്തുന്ന ഗ്രന്ഥകത്താവിൻെറ വചനങ്ങളിൽനിന്നു് ഇപ്പോഴും ആനാട്ടിൽ സത്യമതം പ്രചരിച്ചിട്ടില്ല എന്നു വായനക്കാർ തെററിധരിക്കയില്ലല്ലോ. ഇന്നു് കത്തോലിക്കാ സഭ ജപ്പാനിൽ അഭിലഷണീയമായ ഒരുന്നതസ്ഥിതിയേ പ്രാപിച്ചിട്ടുണ്ടു്. കൂടുതലായ അഭിവൃദ്ധിക്കുള്ള ലക്ഷണങ്ങളും ധാരാളമുണ്ടു്)

## ൨. വടക്കേ ആഫ്റിക്കായിലേയും അമേരിക്കായിലേയും വേദപ്രചാരണം.

ഉത്തരയാഫ്റിക്കായിൽ ഒരിക്കൽ ഫലസംപൂണ്ണമായി വികസിച്ചുനിന്നിരുന്ന സഭ മഹമ്മദീയരുടെ ആക്രമണങ്ങൾക്കു് അധീനമായി കേവലം നാമാവശേഷമായിത്തീരുകയും തീരെ നിസ്സാരങ്ങളായ ഏതാനും മിഷ്യൻപ്രവത്തനരംഗങ്ങൾ മാത്രം അവിടെ അവശേഷിക്കുകയും ചെയ്തിരുന്നു. ആ നാട്ടിലെ ചുരുങ്ങിയ കത്തോലിക്കർ അതിദുർഭഗവും ദയനീയവുമായ

സ്ഥിതിയിലായിരുന്നു കഴിച്ചുകൂട്ടിയിരുന്നതു്. ക്രിസ്തീയഅടിമകളെ പരിത്രാണനം ചെയ്യുന്നതിനു സ്ഥാപിതമായ വി. ജോൺദെമാത്ത എന്നാദ്ദേഹത്തിൻെറ സഭാംഗങ്ങൾ അദ്ദേഹത്തിൻെറ യോഗ്യപിൻഗാമികൾക്കു യോജ്യമായവിധം മഹനീയവും ശ്രേഷ്ഠവുമായ ആ വേലയേ അത്യന്തതീഷ്ണതയോടും പരസ്നേഹരൂപിയോടുംകൂടി തുടൎന്നുചെയ്തുകൊണ്ടിരുന്നു വി. വിൻസെൻറുദെപോളിൻെറ സഭാംഗങ്ങളായ ലാസറിസ്ററു് സന്യാസികൾക്കു് അൾജിയേഴ്സ് എന്ന സ്ഥലത്തു ഒരാശ്രമം ഉണ്ടായിരുന്നു. ജിബ്രാൾട്ടർ എന്ന കടലിടുക്കിനെതിരായി മൊറോക്കായിൽ സെവിടാ എന്നസ്ഥലത്തു് സ്പെയിൻകാരനായ ഒരു മെത്രാനും നിവസിച്ചിരുന്നു കടൽത്തീരങ്ങളിൽ പലസ്ഥലത്തും, കോൺഗോ എന്ന നാട്ടിലേ രാജധാനി പട്ടണത്തിലും ഓരോ മെത്രാസനരൂപതകൾ സ്ഥാപിതമായിരുന്നു. കോൺഗോയിലെ രാജാവും ഇടപ്രഭുക്കന്മാരിൽ പലരും പ്രേഷിത വൈദീകൎക്കു വേണ്ട സഹായസംരക്ഷണങ്ങൾ ചെയ്യാതിരുന്നില്ല പതിനൊന്നാം ക്ലെമെൻറു മാൎപ്പാപ്പാ ഇതറിഞ്ഞു തൻെറസന്തുഷ്ടിയേയും കൃതജ്ഞതയേയും ലക്ഷീകരിക്കുന്നതായ ഒരു തിരുവെഴുത്തു് അയച്ചുകൊടുക്കുകയുമുണ്ടായി. ഫ്റഞ്ചു രാജാവായ 14-ാം ലൂയീസു് കിഴക്കൻരാജ്യങ്ങളിൽ പ്രേഷിതജോലിനിവ്വഹിച്ചിരുന്ന വൈദികൎക്കു ഫ്റഞ്ചു കോൺസ്സുലന്മാരും അതിശ്രേഷ്ഠക്രിസ്തീയ രാജാവിൻെറ പ്രതിനിധികളും എന്ന മഹനീയ നാമധേയങ്ങൾ കല്പിച്ചുകൊടുത്തുകൊണ്ടു് അവരേ സാദരം സംരക്ഷിക്കുകയും അതേസമയം തന്നെ അദ്ദേഹം സെനഗാൾ എന്ന നാട്ടിലേക്കു് വേദപ്രസംഗകന്മാരേ അയച്ചുകൊടുക്കുകയുമുണ്ടായി. മഡയിരാ കേയിഫ്, ദേവേർഡു് എന്ന ദ്വീപുകളിലും കാനറിദ്വീപങ്ങളിലും ഇന്നത്തേപ്പോലെ കത്തോലിക്കർ നിവസിച്ചിരുന്നു റേനേറിഫ്, സെൻറുജെയിംസു് എന്ന ഈ സ്ഥലങ്ങളിലും ഓരോ മെത്രാന്മാർ ഭരിച്ചിരുന്നു. കിഴക്കേ ഭാഗത്തുള്ള എത്തിയോപ്യാ എന്ന ദിക്കിലും, പ്രേഷിത ഗുരുക്കൾ ചെന്നിരുന്നപ്പോൾ സ്ഥലനിവാസികൾ അവരേ ആദരവോടുകൂടി അഭിവാദ്യംചെയ്തു് സ്വീകരിച്ചിരുന്നു. ആ ജനങ്ങൾ പണ്ടു് അറേബ്യാ-ഫെലിക്സ് എന്ന രാജ്യത്തുനിന്നു് കുടിയേറിപാൎത്തവരായിരുന്നുവത്രേ. അവരുടെ തലസ്ഥാനപട്ടണത്തിനു സാബാഎന്നായിരുന്നുപേർ. പണ്ടു് സോളമോൻ രാജാവിൻെറ സുജ്ഞാനം കേൾക്കുന്നതിനായി പോയിരുന്ന രാജ്ഞി അവിടുത്തതായിരുന്നു എന്നുള്ള ഐതീഹ്യത്തിനു ചില അടിസ്ഥാനങ്ങളും ഇല്ലാതില്ല അവർ പറയുന്നതു് തങ്ങളുടെ ആധുനിക രാജവംശം പ്രസ്തുത രാജ്ഞിയിൽനിന്നും പരമ്പരയായി നേരിട്ടുവന്നിട്ടുള്ളതാകുന്നു എ

ന്നാണ്. അബിസീനിയൻകാരും എത്തിയോപ്യരും ക്രിസ്തുമതം സ്വീകരിക്കുന്നതിനുമുമ്പ് യഹൂദമതാവലംബികളായിരുന്നു എന്നുള്ളത് ചരിത്രപ്രസിദ്ധമാണ്. ഒമ്പതാം ശതാബ്ദാരംഭത്തിൽ കിഴക്കൻ സഭകളുടെ അബദ്ധോപദേശങ്ങളെ സ്വീകരിച്ചുകൊണ്ട് ഇവർ അലക്സാന്ത്രിയൻ സഭയെ പിഞ്ചെന്നു. ഇവരെ നേർവഴിയിൽ കൊണ്ടുവരുന്നതിനായി ഫ്രാൻസിസ്കൻ സന്യാസികൾ ആരംഭിച്ച പ്രേഷിതവേല വിവിധ മതപീഡനങ്ങളെയും പ്രതിബന്ധങ്ങളെയും തരണം ചെയ്തു വിജയോന്മുഖമായി പരിലസിച്ചിരുന്നു. ജാപ്പാനിൽ സംഭവിച്ചതുപോലെ ന്യായരഹിതമായി കിരീടം അപഹരിച്ച ഒരു ഉഗ്രവാഴിമൂലം ഈ പ്രേഷിതവേല അശേഷം അധഃപതിച്ചുപോയി. എങ്ങിനെയെന്നാൽ ആ ക്രൂരരാജൻ, ക്രിസ്തീയ പ്രേഷിതന്മാരെ എല്ലാവരെയും വരുത്തി അവരുടെ ഉദ്ദേശ്യം എത്തിയോപ്യരെ ഏവരെയും മാനസാന്തരപ്പെടുത്തണം എന്നുള്ളതാണെന്നു ഗ്രഹിച്ചപ്പോൾ, "അയ്യോ! നമ്മെയും നമ്മുടെ ജനങ്ങളെയും ക്രിസ്ത്യാനികളായി നിങ്ങൾ കരുതുന്നില്ലേ" എന്നു ചോദിച്ചു. അനന്തരം ആ മഹാത്മാക്കളെ കല്ലെറിഞ്ഞു കൊല്ലുന്നതിനാണു കല്പിച്ചതു്, എന്നു വരികിലും വേദസാക്ഷികളുടെ രക്തം ക്രിസ്തുമതത്തിന്റെ അതിസമ്പന്നവും, സുഭിക്ഷവുമായ വിത്താകുന്നു എന്നുള്ളതത്വം, ദീർഘനാളത്തെ അനുഭവംകൊണ്ട് കത്തോലിക്കാസഭ മനസ്സിലാക്കിയിട്ടുണ്ട്.

1492-ൽ ക്രിസ്റ്റഫർ കൊളംബസ് അമേരിക്ക കണ്ടുപിടിച്ചു. ഈ പുതിയ ലോകത്തിന്റെ ധനസമൃദ്ധിയും, വിശിഷ്യ അതിലെ സ്വർണ്ണഖനികളും മററും അസംഖ്യം വിദേശീയരെ പ്രത്യേകം മതബോധരഹിതരും മാനുഷിക സഹതാപം കുറഞ്ഞവരുമായവരെ ശക്തിമത്തായി ആ രാജ്യത്തേക്കു് ആകർഷിക്കയുണ്ടായി. അവരാകട്ടെ ആ നാട്ടിൽ കാട്ടിക്കൂട്ടിയ ക്രൂരതകൾ ഭയങ്കരങ്ങൾ തന്നെയായിരുന്നു. അവരുടെ പിന്നാലെ സുവിശേഷ പ്രസംഗികന്മാരും അവിടെ എത്തി. വിഗ്രഹാരാധനയിൽ നിമഗ്നരായിരുന്ന ആ നാട്ടുകാരെ അവരുടെ സ്രഷ്ടാവായ സത്യദൈവത്തെ അറിഞ്ഞു സേവിച്ചു് ശുശ്രൂഷിക്കുന്നതിനു് ഉപദേശിച്ചും പഠിപ്പിച്ചും വന്നു. എങ്കിലും അവരെ ജയിച്ചടക്കിയവരുടെ ക്രൂരതമുഖാന്തിരം തദ്ദേശവാസികളുടെ മനസ്സിൽ ഉഗ്രമായ ഒരു വിരോധം രൂഢമൂലമായിട്ടുണ്ടായിരുന്നതിനാൽ ക്രൈസ്തവ മതമാണ് തങ്ങളെ ആക്രമിച്ചവരുടെ മതമെന്നു മനസ്സിലായപ്പോൾ അതിനെ പ്രസംഗിച്ചിരുന്ന വൈദികരെ ശ്രദ്ധിക്കുന്നതിനു് അവർ വൈമനസ്യം പ്രദർശിപ്പിക്കാതിരുന്നില്ല. ഇതിനും പുറമെ ആ രാജ്യത്തിന്റെ പ്രകൃതിയും ശീതോഷ്ണാവസ്ഥയുടെ പ്രാതികൂല്യവും ജനങ്ങളുടെ അജ്ഞതയും, അക്ഷരമാല ഇല്ലാത്ത ഭാഷകളുടെ ബാഹുല്യവും മററും മതപ്രചരണത്തിനു കൂടുതൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കി. മനുഷ്യപാദം സ്പർശിച്ചിട്ടില്ലാത്തതും

വൻകാടുകളാൽ നിബിഡീകൃതവും, ചന്ദ്രസൂൎയ്യനക്ഷത്രങ്ങളും വടക്കുനോക്കിയുമല്ലാതെ വേറൊരു മാൎഗ്ഗദർശിയേയും കിട്ടുവാൻ അസാദ്ധ്യവുമായിരുന്ന ഒരു ദേശത്തുകൂടിയായിരുന്നു മിഷ്യനറിമാർ പലപ്പോഴും എൺപതും നൂറും മൈൽ ഒരുമിച്ചു് യാത്ര കഴിക്കേണ്ടിയിരുന്നതു്. ആയുധങ്ങൾ കൊണ്ടു കാടുകൾ വെട്ടിത്തെളിച്ചു് മാൎഗ്ഗമുണ്ടാക്കി അതിൽകൂടി അവർ പലപ്പോഴും പ്രയാണം ചെയ്യേണ്ടിവന്നു. ചിലപ്പോൾ വിസ്തീൎണ്ണമായ ചതുപ്പുസ്ഥലങ്ങളും അല്ലെങ്കിൽ ദുൎഘടങ്ങളായ പാറക്കെട്ടുകളും ചിലപ്പോൾ ഉയൎന്ന പൎവ്വതാഗ്രങ്ങളും, മഴയും മഞ്ഞും, വിഷസൎപ്പങ്ങളുടേയും ചെന്നായ്, കരടി മുതലായ വന്യമൃഗങ്ങളുടെ ആസ്ഥാനങ്ങളായ വിജനപ്രദേശങ്ങളും അവരുടെ യാത്രയെ ദുഷ്ക്കരവും ആപൽസമ്പൂൎണ്ണവും ആക്കാതിരുന്നില്ല. കുറെ ചോളവും കാലഭേദമനുസരിച്ചു് ലഭിക്കാവുന്ന കുറെ പഴങ്ങളും അല്ലെങ്കിൽ കിഴങ്ങുകളും മാത്രമായിരുന്നു അവരുടെ ഭക്ഷണസാധനങ്ങൾ. ഒരു പുഴയോ കായലോ കടന്നുപോകേണ്ടതായി വരുമ്പോൾ അവർ കയറിയിരുന്ന ദുൎബ്ബലങ്ങളായ ചെറുവഞ്ചികൾ വിചാരിക്കാത്ത സമയത്തു് പ്രവാഹത്തിലകപ്പെട്ടു് ഉദ്ദിഷ്ടസ്ഥലത്തു് എത്തുന്നതിനു പ്രയാസമായിത്തീരുക, ചിലപ്പോൾ ഒഴുകിവരുന്ന വൻതടികൾ കൂട്ടിമുട്ടി അപായത്തിലുൾപ്പെടുക, വലിയ ചീങ്കണ്ണികൾ വഞ്ചികൾ അടിച്ചുടച്ചു് യാത്രക്കാരെ ഹിംസിക്കുക എന്നിത്യാദി അപകടസംഭവങ്ങൾ ദുൎല്ലഭമല്ലായിരുന്നു. തദ്ദേശീയരായ ഇൻഡ്യാക്കാരുടെ സ്വഭാവ പ്രകൃതി ആലോചിക്കുന്ന പക്ഷം അവർ അവൎണ്ണനീയമാംവിധം കഠിനഹൃദയരും കാട്ടാള സ്വഭാവികളുമായിരുന്നു. എന്നാൽ പരിശുദ്ധരും, ആത്മരക്ഷയിൽ അത്യാസക്തരുമായിരുന്ന ആ പ്രേഷിതശ്രേഷ്ഠന്മാരുടെ പുരോഗമനത്തെ തടഞ്ഞുനിറുത്തുന്നതിനു് ഈവക പ്രതിബന്ധങ്ങളൊന്നുംതന്നെ ശക്തങ്ങളായിരുന്നില്ല. അവരിൽ വളരെ പേരെ സ്വദേശികൾ വധിച്ചുകളഞ്ഞു. മററു കാരണങ്ങൾ നിമിത്തവും മൃത്യുവടഞ്ഞവരുടെ സംഖ്യയും ചെറുതല്ല. എങ്കിലും ഈ മഹനീയമായ പരിശ്രമത്തിൽ പരേതരായവരുടെ സ്ഥലം പിടിക്കുന്നതിനു് സ്വമനസ്സാലെ പുതിയ പ്രേഷിതർ പുറകെ എല്ലായ്പോഴും വന്നുകൊണ്ടുതന്നെയിരുന്നു. ദൈവാനുഗ്രഹങ്ങളും ധാരാളമായി വർഷിച്ചു് അവരുടെ വേലകളെ ഫലസമ്പുഷ്ടമാക്കിയിരുന്നു. ചുരുങ്ങിയ സംവത്സരങ്ങൾക്കുള്ളിൽ ഉത്തര അമേരിക്കായിലും, ദക്ഷിണ അമേരിക്കായിലുമായി വളരെ ഇൻഡ്യന്മാർ സുവിശേഷം സ്വീകരിച്ചു ഒരു സ്വദേശീയ പൌരോഹിത്യ ഗണം ക്ഷണേന സംജാതമായി. അതോടൊരുമിച്ചു് അനേകം രൂപതകൾ സ്ഥാപിതങ്ങളാകുകയും പരിശുദ്ധാത്മാക്കളും ഊർജ്ജസ്വലരുമായ അദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെടുകയും ചെയ്തുപോന്നു. മാത്രമല്ല, ഈ പുതിയലോകത്തെ കണ്ടുപിടിച്ച സ്പെയിൻകാരിൽ നിൎമ്മതരായ അ

നേകം പേർ ഈ പ്രേഷിത വൈദികരുടെ ശുഷ്ക്കാന്തിയും, പ്രസംഗങ്ങളും മൂലം മാനസാന്തരപ്പെട്ട്, പുത്തക്രീസ്തവക്ക് അത്ഥ വഃരയും ഇടർച്ചക്കു ഹേതുവായിത്തീർന്നിരുന്ന തങ്ങളുടെ കുടിലതയേയും അസന്മാർഗ്ഗ നടപടികളേയും അശേഷം പരിത്യജിക്കയുണ്ടായി. ഇപ്രകാരം മാനസാന്തരപ്പെട്ടവർ വളരെക്കാലത്തേക്കു കഠിന ഉപദ്രവങ്ങൾക്കും ഞെരുക്കങ്ങൾക്കും വിഷയീഭവിച്ചിരുന്നു. എന്നാൽ ഈ കഷ്ടതയിൽ അവക്കുണ്ടായിരുന്ന ഏകസംരക്ഷകൻ ഗ്വാത്തേമാല എന്ന ജനാധിപത്യ ഭരണത്തിൽ ഉൾപ്പെട്ട ചാപ്പായിലെ കത്തോലിക്ക മെത്രാനായിരുന്നു. ഇദ്ദേഹം ഒരു ധീരപുരുഷനും ബർത്തലൂമെ ദെലക്കാസാസ് എന്നപേരിനാൽ ചരിത്രപ്രസിദ്ധനായ ഒരു സഭാദ്ധ്യക്ഷനുമായിരുന്നു. സ്പെയിൻകാരനും ദൊമീനീക്കാസു സഭാംഗവുമായ ഇദ്ദേഹം ക്രിസ്റ്റഫർ കൊളംബസ്സിനോടുകൂടെ അമേരിക്കായിൽ ഇഥംപ്രഥമമായി വന്ന ഗണത്തിൽപെട്ട ഒരാളായിരുന്നു. അവിടെ അമ്പതിൽപരം സംവത്സരത്തോളം അപ്പസ്തോലിക വേലയിൽ ഉദ്യോഗപ്പെട്ടുകയും കൂടക്കൂടെ സംഭവിക്കാറുണ്ടായിരുന്ന സമരങ്ങളുടെ ദുഷ്യഫലങ്ങളെ കഴിയുന്നത്ര പരിഹരിക്കുവാൻ ഉദ്യമിക്കുകയും യൂറോപ്യന്മാരുടെ ഉപദ്രവങ്ങളിൽ നിന്നും സ്വദേശികളെ അതിവാത്സല്യപൂർവ്വം സംരക്ഷിക്കയും ചെയ്തിരുന്ന ഇദ്ദേഹത്തിൻെറ സ്മരണ തിരുസഭയിൽ ഇന്നും പൂജ്യമായിട്ടത്രെ ഗണിക്കപ്പെടുന്നതു്.

അമേരിക്കായുടെ ദക്ഷിണഭാഗത്തു് അസംഖ്യം വലിയ നദികളുള്ളതും വൻകാടുകളാൽ നിറഞ്ഞതും ആയ പരംഗുവേ എന്നു പേരോടുകൂടിയ ഒരു വിസ്തീർണ്ണ രാജ്യം നീണ്ടുകിടപ്പുണ്ടു്. 1555–ാം വത്സരാരംഭത്തിൽ ഏതാനും ജസ്വീറ്റ മിഷ്യനറിമാർ ഈ ദേശത്തു പ്രവേശിച്ചുവേല ചെയ്യുകയും യാതൊരു സ്ഥലത്തും സ്ഥിരവാസമുറപ്പിക്കാത്ത ഒരുതരം ജാതിക്കാരായ ആ നാട്ടുകാരിൽ പലരേയും സത്യവിശ്വാസത്തിലേക്കു ആനയിക്കുകയും ചെയ്തു. പിന്നീട്ടു് സമർത്ഥന്മാരായ ഈ പ്രേഷിതഗുരുക്കൾ ആ സാധുജനങ്ങളെ പരിഷ്കൃതസ്ഥിതിയിൽ ആക്കിത്തിക്കുന്നതിനു് സർവാത്മനാ പരിശ്രമിക്കയും അവക്കുവേണ്ടി നിയമാവലികൾ നിശ്ചയിച്ചുകൊടുക്കയും സമുദായജീവിതത്തിൻെറ എല്ലാ സുഖസൌകര്യങ്ങൾക്കുമുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ഈ മഹനീയമായ പരിശ്രമത്തിൻെറ വിവരണത്തെക്കാൾ കൂടുതൽ രസകരമായ ഒരു ഭാഗം ചരിത്രത്തിൽ വേറെ അധികം കാണുകയില്ല. അതും പരിപൂർണ്ണമായ ഒരു വിജയംതന്നെയായിരുന്നു. രാജ്യതന്ത്രവിഷയങ്ങളിൽ കേവലം അപരിചിതരായ ഒരു കൂട്ടം സന്യാസികളുടെ പരിശ്രമഫലമായി ലോകത്തിൻെറ ഒരു മൂലയിൽ പെട്ട ജനങ്ങൾക്കായി നിർവ്വഹിക്കപ്പെട്ട ഈ മഹൽകാര്യം പ്രാചീന ജ്ഞാനികളുടെയും ആധുനിക ശാസ്ത്രികളുടെയും ദിവാസ്വപ്നങ്ങളേപോലും അതിശയിക്കുന്ന ഒന്നാണു്. എന്നാൽ നിഷ്കപടമാ

യ ദൈവഭക്തിയുടെ പ്രേരണാശക്തിയോടു് യാതൊരു ശാസ്ത്രീയപട്ടത്വ
വും കിടപിടിക്കുകയില്ല എന്നുള്ള തത്വം നാം ഇവിടെ അനുസ്മരിക്കേ
ണ്ടതായുണ്ടു്. മാനസാന്തരപ്പെട്ട പുതുക്രിസ്തുവർ പല ഗ്രാമങ്ങളിലായി
വിഭജിക്കപ്പെട്ടു. ഓരോ ഗ്രാമത്തെയും കീർത്തിപെട്ട ഷത്തബ്രിയൻ
(Chateaubriand) സാക്ഷിക്കുന്നപോലെ രണ്ടു പ്രേഷിത ഗുരുക്കളാണു്
അധിപന്മാരായിരുന്നു് അവരുടെ ലൌകികവും ആത്മികവുമായ കാര്യ
ങ്ങൾ നിർവഹിച്ചുകൊടുത്തുകൊണ്ടു് ഭരിച്ചുപോന്നിരുന്നതു്. വിദേ
ശീയരിൽ ആർക്കും മൂന്നു ദിവസത്തിലധികം അവിടെ താമസിപ്പാൻ അനു
വദിച്ചിരുന്നില്ല. സ്പെയിൻകാരും മററുമായുള്ള സംസർഗ്ഗം ഒട്ടുംതന്നെ
ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സ്പെയിൻഭാഷ നല്ലതിന്മണ്ണം എഴുതു
ന്നതിനും വായിക്കുന്നതിനും അവരിൽ പലക്കും പ്രാപ്തിയുണ്ടായിരുന്നിട്ടും
അതു സംസാരിച്ചുകൂടാ എന്നു അവരെ മുടക്കിയിരുന്നു. ഗ്രാമങ്ങൾതോ
റും ഈരണ്ടു വിദ്യാലയങ്ങൾ വീതം സ്ഥാപിതമായിരുന്നു. അവയിൽ ഒ
ന്നു് പ്രാഥമിക വിദ്യാഭ്യാസത്തിനായിട്ടായിരുന്നു ഉപയോഗപ്പെടുത്തി
യിരുന്നതു്. ഒരു കുട്ടിക്കു ഏഴു വയസ്സു് പ്രായം തികയുംപോഴേക്കും അ
വൻെറ പ്രകൃതി എന്താണെന്നു് പ്രസ്തുത വൈദികന്മാർ സൂക്ഷ്മം മന
സ്സിലാക്കിയും അവൻ കരകൗശലത്തിൽ വാസനയുള്ളവനായിക്കണ്ടാൽ
അതാതു ഗ്രാമത്തിലുള്ള കരകൗശലശാലയിൽ അവനെ ഏർപ്പെടുത്തി
യും ഇങ്ങനെ ഓരോരുത്തനു് ആസക്തിയുള്ള വ്യവസായങ്ങളിൽ അവ
നെ പരിശീലിപ്പിച്ചും വന്നിരുന്നു. യാതൊരു പരാശ്രയവും കൂടാതെ
തങ്ങളുടെ കീഴിലുള്ള പുതുക്രിസ്തുവരെ ഈവിധം വിവിധകലകളിൽ പ
രിശീലിപ്പിക്കുന്നതിനു് പ്രാപ്തരാകത്തക്കവണ്ണം നിപുണന്മാരായ ഈ
ശോസഭക്കാർ തന്നെയായിരുന്നു ഈ വ്യവസായശാലകളിലെ അദ്ധ്യാ
പകന്മാർ. കർഷകവൃത്തിക്കു പ്രാപ്തന്മാരായി കണ്ടെത്തപ്പെട്ടിരുന്ന യു
വജനങ്ങളെ ആ തുറയിൽ അഭ്യസിപ്പിച്ചിരുന്നു. സഞ്ചാരപ്രിയന്മാരായ
ആളുകളെ ആട്ടുമാട്ടുകൾ മേയിക്കുന്നതിനായി നിയമിച്ചു. വേലയ്ക്കുള്ള
മണിക്കൂറുകൾ ഒരു വലിയ മണികൊട്ടിയാണു് അറിയിച്ചിരുന്നതു്. അ
തിരാവിലെ മണി കൊട്ടിയാലുടൻ ജനതതി മുഴുവനും ദേവാലയത്തി
ലേക്കു ത്വരിതമായിവന്നു് പ്രാർത്ഥനകൾ ചൊല്ലുകയും സങ്കീർത്തനങ്ങൾ
പാടുകയും ദിവ്യപൂജ കാണുകയും ചെയ്ക പതിവായിരുന്നു. സായംകാ
ലത്തു് അവരെ വീണ്ടും വിളിച്ചുകൂട്ടി സന്ധ്യാജപങ്ങൾ ചൊല്ലിക്കയും
സംഗീതോപകരണങ്ങളോടുകൂടി ഭക്തഗാനങ്ങൾ പാടിക്കയും ചെയ്തു വരു
ന്നു. അമേരിക്കായിലെ "ഇൻഡ്യന്മാർ" അസാമാന്യമായവിധം സംഗീ
തതല്പരരാണു്. അവക്കു നല്ല സ്വരവാസനയുണ്ടായിരുന്നതുകൊണ്ടു് ക്ര
മാനുഗതമായ സംഗീതവിദ്യ വളരെ വേഗത്തിൽ പഠിക്കുന്നതിനു് അ
വർ പ്രാപ്തരായിരുന്നു. അവരിൽ പലരും ഓർഗൺ, റബേക്കു്, കിന്നാ

രം കാഹളം തുടങ്ങിയുള്ള സംഗീതകരുക്കൾ ഉപയോഗിക്കുന്നതിൽ സമൎത്ഥന്മാരായിരുന്നു. ഭൂമി പല ഭാഗങ്ങളായി തിരിച്ചു് ഓരോന്നും ഓരോ കുടുംബത്തിനു് നിശ്ചയിച്ചുകൊടുത്തിരുന്നു. പൊതുവിൽ ഒരു വലിയ ഖണ്ഡം വേൎതിരിച്ചു് കൎത്താവിന്റെ ഓഹരി എന്നതിനു പേരിട്ടു. ഈ പൊതുസ്ഥലത്തിൽ നിന്നുള്ള അനുഭവം കൃഷിപ്പിഴ മുതലായ വിപത്തുകൾ നേരിടുമ്പോൾ ആ നഷ്ടം തീൎക്കുന്നതിനും, വിധവകൾ, അനാഥക്കുട്ടികൾ, രോഗികൾ എന്നിവരുടെ സംരക്ഷണത്തിനുമായിട്ടാണു് ഉപയോഗിച്ചിരുന്നതു്. യുദ്ധകാലങ്ങളിലെ ആവശ്യങ്ങൾക്കായും, അതിൽ ഒരു ഭാഗം നീക്കിവച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ബ്രസീൽ നിവാസികളായ പോൎത്തുഗീസുകാർ ഈ നാട്ടുകാരോടു് അനുവൎത്തിച്ചിരുന്നതു് സ്കോട്ട്ലണ്ടിലെ മലനിവാസികൾ ആ പ്രദേശത്തുള്ള സമതലവാസികളായ ഇതര ജാതിക്കാരോടു് പെരുമാറിയിരുന്നതുപോലെയാണു്. അവർ പലപ്പോഴും വന്നു് ആ സാധുജനങ്ങളുടെ കാലിക്കൂട്ടത്തെയും ധാന്യങ്ങളെയും അപഹരിച്ചുകൊണ്ടുപോകുകയും ചിലപ്പോൾ സാധുക്കളായ "ഇൻഡ്യന്മാരെ"ത്തന്നെയും ബലമായി പിടിച്ചുകൊണ്ടുപോയി അടിമകളാക്കുകയും ചെയ്തിരുന്നു. ഇതു ഹേതുവാൽ ഈശോസഭക്കാർ തന്നെ, നാട്ടുകാരിൽ യോഗ്യന്മാരായ ചിലരെ തിരിഞ്ഞെടുത്തു് ഒരു പട്ടാളം രൂപവൽക്കരിച്ചു. വലിയ തോക്കുകളും വെടിമരുന്നും മററു യുദ്ധസാമഗ്രികളും അവർ ശേഖരിച്ചു. പിന്നീടു് പോൎത്തുഗീസുകാർ പതിവനുസരണം കൊള്ളചെയ്യുവാനി വന്നപ്പോൾ ഭീരുക്കളായ ഏതാനും വേലക്കാൎക്കു പകരം നല്ല യുദ്ധാഭ്യാസം കഴിച്ചു് വിരുതന്മാരായ യോദ്ധാക്കളെയാണു് കണ്ടുമുട്ടിയതു്. തൽഫലമായി പോൎത്തുഗീസുകാർ "തോററു തൊപ്പിയിട്ടു്" ഓടിപ്പോകേണ്ടതായിവന്നു. മിഷ്യനറിമാർ തുലോം സാധാരണവും പരിമിതവുമായ ഒരു ജീവിതരീതിയെയാണു് അവരുടെയിടയിൽ നടപ്പാക്കിയതു്. ശൈശവാവസ്ഥയിലായിരുന്ന ആ സമുദായത്തിൽ യാതൊരു ക്രമാതീതമായ സുഖഭോഗങ്ങളും ആഡംബര കോലാഹലങ്ങളും പ്രവേശിക്കുവാൻ അനുവദിച്ചിരുന്നില്ല. അസാമാന്യ ബുദ്ധിസാമൎത്ഥ്യമുള്ള കുട്ടികളെ വേൎതിരിച്ചു് അവരെ സാഹിത്യവും മററു ശാസ്ത്രങ്ങളും പഠിപ്പിച്ചിരുന്നു. അവർ ഒരു പ്രത്യേക പഠനാലയത്തിൽ ഏകാന്തതയിലും നിരന്തരമായ ശാസ്ത്രാഭ്യസനത്തിലും, സമയം വിനിയോഗിക്കണമെന്നായിരുന്നു നിശ്ചയം. അതിതീവ്രമായ ഒരു സൽകൃതമത്സരം ആ യുവജനങ്ങൾക്കുണ്ടായിരുന്നതിനാൽ അവരുടെ കുസൃതിയോ അനുസരണക്കേടോ മററതെങ്കിലും ഇത്തരം തെററുകളോ നീക്കുന്നതിനു കുററക്കാരെ സാധാരണ സ്കൂളിലേക്കു തിരിച്ചുവിട്ടുകളയും എന്നു പറഞ്ഞു ഭയപ്പെടുത്തിയാൽ മാത്രം മതിയായിരുന്നു. ഈ ഉയൎന്ന വിദ്യാലയത്തിൽ നിന്നാണു് ഭാവിയിലെ പുരോഹിതരും മജിസ്ട്രേട്ടന്മാരും സ്വരാജ്യസംരക്ഷകന്മാരാ

യ യോദ്ധാക്കളും നിഷ്ക്രമിക്കേണ്ടിയിരുന്നതു്. ആ ദിക്കിലെ ഗ്രാമങ്ങൾ വളരെ വിശാലങ്ങളും സാധാരണയായി നദീതീരങ്ങളിലോ മററാകർഷണീയമായ സ്ഥലങ്ങളിലൊ പണിയപ്പെട്ടവയുമായിരുന്നു. അവരുടെ ഭവനങ്ങൾ ഏകരീതിയിലും ഒററനിലയിലും കല്ലുകൊണ്ടു നിൎമ്മിക്കപ്പെട്ടിരുന്നു. തെരുവീഥികൾ വീതിയുള്ളതും ചൊവ്വായുള്ളതുമായിരുന്നു. ഈ വസതികളുടെ കേന്ദ്രസ്ഥാനത്തു് ഒരു മൈതാനവും അതിനു ചുററിലുമായി ദേവാലയം, ഈശോസഭക്കാരുടെ ആശ്രമം, കളിസ്ഥലം, പൊതുവായ കളപ്പുരകൾ, ആശുപത്രി, അതിഥിമന്ദിരം, ഇത്യാദി മനോഹര കെട്ടിടങ്ങൾ പൊതുസ്ഥാപനങ്ങൾ മുതലായവയും സ്ഥിതി ചെയ്തിരുന്നു. ദേവാലയങ്ങൾ വിസ്തീൎണ്ണങ്ങളും, രമണീയങ്ങളുമായിരുന്നു അവയുടെ ഭിത്തികളാകട്ടെ ചിത്രങ്ങൾകൊണ്ടു മനോജ്ഞങ്ങളായിരുന്നു. ഇടയ്ക്കിടെ വിവിധതോരണശ്രേണികളാൽ ദേവാലയം മോടിപിടിപ്പിച്ചിരുന്നു. തിരുനാൾ ദിവസങ്ങളിൽ പള്ളിയകത്തു് പുഷ്പങ്ങൾ വിതറുകയും സുഗന്ധതൈലങ്ങൾ തളിക്കുകയും പതിവായിരുന്നു. പള്ളിയുടെ പുറകിൽ മതിൽക്കെട്ടുകളാൽ ആവൃതമായ നീണ്ട ഒരു ശ്മശാനസ്ഥലവും ഉണ്ടായിരുന്നു. ഈ ശ്മശാനസ്ഥലത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന കപ്പേളയിലേക്കു് നാലുവശത്തുനിന്നും പോയിരുന്ന വഴിയുടെ പാർശ്വഭാഗങ്ങളിലായി മനോഹരങ്ങളായ വിവിധതര വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത കപ്പേളയിൽ എല്ലാ തിങ്കളാഴ്ചയും ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പൂജ അൎപ്പിക്കപ്പെട്ടിരുന്നു. ജനങ്ങൾ അവരുടെ കുടിലുകളുടെ സമീപേ ഉണ്ടായിരുന്ന ചെറു പ്രാൎത്ഥനാലയങ്ങളിലേക്കു് പ്രത്യേക തിരുനാൾ ദിവസങ്ങളിൽ ആഘോഷപ്രദക്ഷിണം ചെയ്തിരുന്നു. ഞായറാഴ്ചതോറും വി. കർബാന കഴിഞ്ഞിട്ടു് വിവാഹകൎമ്മം നടത്തിക്കൊടുത്തിരുന്നു. ഉച്ചതിരിഞ്ഞു് കുട്ടികൾക്കും മതാദ്ധ്യയനം സ്വീകരിച്ചിരുന്ന പ്രായപൂൎത്തി വന്നവരായ അന്യൎക്കും ജ്ഞാനസ്നാനം നൽകിയിരുന്നു. തിരുസഭയുടെ ആദിമകാലത്തെ രീതി അനുസരിച്ചാണു് മാമ്മോദീസാകൎമ്മം നടത്തിയിരുന്നതു്. മാമ്മോദീസാ കൈക്കൊള്ളാനുള്ളവരെ വെള്ള വസ്ത്രം ഉടുപ്പിക്കയും മൂന്നുപ്രാവശ്യം വെള്ളത്തിൽ മുക്കുകയും ചെയ്തിരുന്നു. വലിയ തിരുനാളുകൾ ഏററവും ആഡംബരപൂൎവ്വമാണു് അവർ ആഘോഷിച്ചിരുന്നതു്. തലേ ദിവസം രാത്രി കരിമരുന്നുപ്രയോഗവും ദീപക്കാഴ്ചയും ഉണ്ടായിരിക്കും. പാട്ടുപൂജാനന്തരം ഒരു പട്ടാളപ്രദർശനവും അതിന്റെ ശേഷം ഒരു പൊതുസദ്യയും നടത്തിയിരുന്നു. അന്നുച്ചകഴിഞ്ഞു് പലതരം കായികാഭ്യാസനങ്ങൾ പ്രദർശിപ്പിക്കുകയും വിജയികളെ അച്ചന്മാർ കിരീടം ധരിപ്പിക്കയും പതിവായിരുന്നു. ദിവ്യകാരുണ്യത്തിരുനാളാഘോഷം ഈ ജനങ്ങളുടെയിടയിൽ അനിതരസാധാരണമായ ഒരു കാഴ്ചയായിരുന്നു. പ്രദ-

ക്ഷീണം കടന്നുപോകുന്ന വഴി ഇടയ്ക്കിടെ പുഷ്പമാല്യങ്ങളാലും തോരണങ്ങളാലും മോടിപിടിപ്പിക്കപ്പെട്ട ആർച്ചുകൾ, അവയോടു ബന്ധിക്കപ്പെട്ടിരുന്ന മനോഹരനിറമുള്ള പക്ഷികൾ, എന്നിവയാൽ രമണീയമാക്കപ്പെട്ടിരുന്നു. കടുവാ, സിംഹം മുതലായ വന്യമൃഗങ്ങളും, ഓരോ സ്ഥലത്തു പ്രദർശനത്തിനു നിരത്തപ്പെട്ടിരുന്നു. വിവിധവർണ്ണമുള്ള മത്സ്യങ്ങളെയും, കുളങ്ങളിൽ ശേഖരിച്ചിട്ടിരുന്നു ഇങ്ങനെ സകലസൃഷ്ടികളും ഈ തിരുനാളിനെ തങ്ങളുടെ സാന്നിദ്ധ്യത്താൽ അന്യാദൃശമാക്കിക്കൊണ്ടു് ദിവ്യകാരുണ്യ ഈശോയെ വണങ്ങിയിരുന്നു. പറമ്പിലെ വിളവിന്റെ ആദ്യഫലങ്ങൾ കർത്താവിന്റെ മുമ്പാകെ വഴിപാടായിക്കൊണ്ടുവരികയും അടുത്ത കൃഷിക്കുള്ള വിത്തുകൾ അങ്ങേ ആശീർവാദത്തിന്നായി സമർപ്പിക്കയും ചെയ്തിരുന്നു ഈ കുതൂഹലദിവസത്തിലെ അവസാനച്ചടങ്ങു് ദീപക്കാഴ്ചയുമായിരുന്നു. ഇത്ര പിതൃനിർവ്വിശേഷമായ ഒരു ഭരണരീതി ആ പുതു ക്രിസ്തവർക്കു് സൗഭാഗ്യപൂർണ്ണമായ ഒരു ഐഹികജീവിതത്തെ പ്രദാനം ചെയ്തുവെന്നു പറയണമെന്നില്ലല്ലോ. അവരുടെ കുടിലതയും പ്രതികാരേച്ഛയും മററു ജുഗുപ്സാവഹങ്ങളായ ദുർഗ്ഗുണങ്ങളും പാടേ നീങ്ങിപ്പോകയും അവർ ഇപ്പോൾ സൌമ്യരും, ശാന്തശീലരും, സ്നേഹാർദ്രചിത്തരും ചാരിത്രശുദ്ധിയുള്ളവരുമായി പരിലസിക്കയും ചെയ്തു. അവരെപ്പററി ബ്യൂവനോസ് അയിറസ് എന്ന നഗരത്തിലെ മെത്രാൻ സ്പെയിൻ രാജാവായ ഫിലിപ്പ് പഞ്ചമനു് ഇപ്രകാരം എഴുതുകയുണ്ടായി. "മഹാതിരുമേനി! പ്രകൃത്യാ സകല ദുർഗ്ഗുണങ്ങൾക്കും അധീനരായിരുന്ന ഈ കിരാത ജാതികളുടെയിടയിൽ ഇപ്പോൾ ഒരു ഘനമായപാപം ചെയ്യപ്പെടുന്നുണ്ടോ എന്നുള്ളതു് സംശയഗ്രസ്തമാകത്തക്കവണ്ണം അത്ര നിർദ്ദോഷവും പരിശുദ്ധവും ആയ ഒരു ജീവിതമാണു് അവർ നയിച്ചുകൊണ്ടുപോകുന്നതു്."

അവിടെ വക്കീലന്മാരോ കേസ്സുകളോ വഴക്കുകളോ യാതൊന്നും ഉണ്ടായിരുന്നില്ല. എന്റേതെന്നും നിന്റേതെന്നും ഉള്ള വാക്കുകൾ പോലും അവിടെ അജ്ഞാതമായിരുന്നു. എന്തുകൊണ്ടെന്നാൽ ഫാദർ ക്ലാരേവോ സാക്ഷ്യപ്പെടുത്തുന്നതുപോലെ തങ്ങൾക്കുള്ളതിൽ എന്തെങ്കിലും അന്യന്മാർക്കു് ഭാഗിച്ചുകൊടുക്കുവാൻ തയ്യാറായിരുന്ന ആ ജനങ്ങൾക്കു് സ്വകീയമായി ഒന്നും തന്നെയില്ലായിരുന്നുവെന്നു വേണം പറയുവാൻ. ജീവിതസന്ധാരണത്തിന്നു് ആവശ്യകമായിരുന്ന സകലതും ഉണ്ടായിരിക്കയും, അപരിഷ്കൃതപതനത്തിൽ നിന്നു തങ്ങളെ ഉദ്ധരിച്ച ഉപകാരികളാൽ തന്നെ ഭരിക്കപ്പെടുകയും വനാന്തരത്തിൽ ജീവിച്ചാലും സമുദായജീവിതത്തിന്റെ എല്ലാ അനുഗ്രഹങ്ങളും അനുഭവിക്കുകയും ചെയ്തിരുന്ന ഈ ഇൻഡ്യന്മാർക്കു് നിസ്തുല്യമായ ക്ഷേമസമൃദ്ധി അനുഭവമായിരുന്നു.

എന്നാൽ ഹാ! കഷ്ടം. ഈ അതിവഭാഗ്യങ്ങളെല്ലാം മാനുഷന്റെ ദുഷ്ടതയും വിദ്വേഷവും നിമിത്തം താമസംവിനാ അന്തർദ്ധാനം ചെയ്തു. എങ്ങിനെയെന്നാൽ ഇതിനിടയിൽ ഈശോസഭക്കാരുടെ വൈരികൾ പ്രസ്തുത സന്യാസപ്രേഷിതരുടെ വിജയശ്രേയസ്സു കണ്ടു് അസൂയാകലുഷിതരായി ഭവിച്ചു. ഇവർ തിരുസഭയുടെ ഈ വിശുദ്ധ സൈന്യത്തെ ഉന്മൂലനം ചെയ്യുന്നതിനു പരിശ്രമിക്കയും സ്പെയിൻ രാജാവിനെക്കൊണ്ടു് അവരെ അമേരിക്കായിൽ നിന്നു തിരികെ വിളിപ്പിക്കുകയും, തന്മൂലം അവർ 1767-ൽ സ്ഥലം വിട്ടുപോകുന്നതിനു നിർബ്ബന്ധിതരാവുകയും ഉണ്ടായി. തൽഫലമായി ആ സാധുക്കളായ വിശ്വാസികളുടെ കൂട്ടം വീണ്ടും പ്രായേണ അപരിഷ്കൃതാവസ്ഥയിലേക്കു തന്നെ നിപതിച്ചു. ഇപ്പോൾ തങ്ങളുടെ പൂർവ്വഭാഗ്യാനുഭവങ്ങളെപ്പററി ഒരു മങ്ങിയ സ്മരണയും വ്യസനവുമല്ലാതെ മറെറാന്നും അവരിൽ ശേഷിച്ചിട്ടില്ല. ഈ നാശങ്ങൾക്കെല്ലാം കാരണം പതിനെട്ടാം നൂററാണ്ടിലെ നിരീശ്വരവാദികളുടെ ദുർബ്ബോധനങ്ങളായിരുന്നു.

എന്നാൽ ലബ്രഡോർ, കാനഡാ എന്നീ രണ്ടു രാജ്യങ്ങളിൽ സുവിശേഷം വിസ്മയാവഹങ്ങളായ ഫലങ്ങളെ സംജാതമാക്കിയിരുന്നു. ഊറോൺസ്, ഇശ്രൂമാക്ക്, അൾഗോക്രൻസ് മുതലായ മററനേകം കാട്ടാളജാതികളുടെയിടയിലും വളരെ മാനസാന്തരങ്ങൾ സംഭവിക്കുകയും, ക്രിസ്തീയദേവാലയങ്ങൾ പണികഴിപ്പിക്കപ്പെടുകയും ചെയ്തു. ഈ ജാതികൾ മാനസാന്തരപ്പെടുന്നതിനു് മുൻപു് മനുഷ്യരൂപമല്ലാതെ അവരിൽ മാനുഷികമായ യാതൊരു ഗുണവും ഉണ്ടായിരുന്നില്ല. ദുർഗ്ഗുണങ്ങളിൽ ആണ്ടുകിടന്നിരുന്ന അവരുടെ സ്ഥിതി മൃഗങ്ങളുടേതിനേക്കാൾ ഏററം നികൃഷ്ടമായിരുന്നു. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ചതിൽ പിന്നെ നല്ല പൗരന്മാരും സന്മാർഗ്ഗനിരതരും ആയിത്തീർന്നു. വിശിഷ്യ ഇല്ലാനോയി എന്ന ദിഗ്വാസികൾ സാമാന്യ വിദ്യാഭ്യാസത്തിലും, മതപരമായ അറിവിലും, യൂറോപ്പിലെ സാധാരണ കൃഷീവലന്മാരെ അതിശയിച്ചിരുന്നു. ഇറോക്കോമാ എന്ന സ്ഥലത്തെ ജനങ്ങൾ അപരിഷ്കൃതരും, ക്രൂരസ്വഭാവികളും ആയിരുന്നെങ്കിലും, ദൈവവരപ്രസാദത്തിന്റെ ശക്തിയാൽ മതതീക്ഷ്ണതയുള്ള കത്തോലിക്കരായിത്തീർന്നു. ഈ ജാതിയിൽ പെട്ടവളായിരുന്നു കത്രീനാ തെഗിവീത്താ എന്ന കന്യകാരത്നം. പ്രസ്തുത മഹിളാമണി സുകൃതജീവിതത്തിന്റെ ഉത്തമമാതൃകയായി ജീവിക്കുകയും പുണ്യസൌരഭ്യവാഹിനിയായി ദേഹവിയോഗം ചെയ്കയുമുണ്ടായി. ദൈവം അവൾക്കു നൽകിയ അത്ഭുതപ്രവർത്തനത്തിനുള്ള വരം നിമിത്തം അവളുടെ ശവകുടീരത്തിങ്കലും, അവളുടെ മാദ്ധ്യസ്ഥംമൂലവും, അസംഖ്യം അത്ഭുതങ്ങൾ സംഭവിച്ചതുകൊണ്ടു് അമേരിക്കയിലെ സെൻറു് ജെനിവീവു് എന്ന അപരനാമവും ഈ സുകൃതിനിക്കു് സിദ്ധി

ച്ചു. അവളുടെ പിതാവു് ഒരു അവിശ്വാസിയായിരുന്നെങ്കിലും മാതാവു് ഭക്തതീക്ഷ്ണയായ ഒരു ക്രിസ്തീയ സ്ത്രീരത്നമായിരുന്നു. സ്വപുത്രിക്കു നാലു വയസ്സു തികയുന്നതിനുമുമ്പു് ആ സാധ്വി കാലഗതിയടഞ്ഞു. തന്നിമിത്തം കുട്ടിക്കു് ഒരു കത്തോലിക്കാ വൈദികനിൽ നിന്നു് ജ്ഞാനസ്നാനം ലഭിക്കുന്നതിനു് ഇടയായില്ല. ഇതിനാൽ ഈ അനാഥയായ കുട്ടി അവിശ്വാസികളുടെ ഭരണത്തിൻ കീഴിലായി. അവൾക്കു കഠിനമായ മസൂരിപിടിപെട്ടതിനാൽ നേത്രരോഗം ഉണ്ടാകുകയും തൽഫലമായി പല വത്സരക്കാലത്തേക്കു് വെളിച്ചം കാണുവാൻ നിവൃത്തിയില്ലാതെയാകുകയും ചെയ്തു. അവളുടെ മാനസാന്തരത്തിനു് ഇതൊരു ഹേതുവായിത്തീൎന്നു. അവളുടെ കുടിലിൽ രാപകൽ ഏകാകിയായി കഴിച്ചുകൂട്ടുവാൻ നിൎബ്ബന്ധിതയായപ്പോൾ ക്രമേണ ഏകാന്തവാസത്തോടും മൗനത്തോടും അഭിനവമായ ഒരു അഭിരുചി അവളിൽ ഉൽഭൂതമാവുകയും, മലിനതരങ്ങളായ പരിസരങ്ങളുടെ മദ്ധ്യേ വിമലമായ ഒരു ജീവിതം നയിക്കുവാൻ അവൾക്കു സാധിക്കുകയും ചെയ്തു. വൈദികർ അവിടെ ചെന്നു ക്രിസ്തുമതം പ്രസംഗിച്ചപ്പോൾ അവളുടെ പരമാൎത്ഥഹൃദയം ആകാംക്ഷയോടുകൂടി അവരുടെ വിശുദ്ധോപദേശങ്ങൾക്കു് വശഗമായതിനാൽ അവൾ സത്യമതമവലംബിച്ചു. അന്നു മുതൽ ദൈവത്തിനുവേണ്ടി മാത്രം ജീവിക്കയും ചെയ്തു. വിവാഹം ചെയ്യുന്നതിനു് അവളെ മനസ്സാക്കുവാൻ യാതൊരുത്തനും സാധിച്ചില്ല. ദൈവത്തിനു പൂൎണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട അവളുടെ ഹൃദയത്തിൽ യാതൊരു വസ്തുവിനും ഓഹരി കൊടുക്കുകയില്ല എന്നു് അവൾ ഒരു ദൃഢനിശ്ചയം ചെയ്തു. അവളുടെ സംബന്ധികൾ കൎക്കശമായിട്ടാണു് അവളോടു പെരുമാറിയിരുന്നതു്. ഏററവും അപമാനകരവും മൎമ്മഭേദകവുമായ വിധത്തിൽ അവർ അവളോടു അനുവൎത്തിച്ചിരുന്നെങ്കിലും ആ സുകൃതിനി അജയ്യമായ ക്ഷമയോടും പ്രശാന്ത മാധുൎയ്യത്തോടുംകൂടി ധൈൎയ്യപൂൎവ്വം അവയെല്ലാം സഹിച്ചതിനാൽ അവസാനം തഗ്വീത്താ അവരുടെ ആശ്ചൎയ്യവിഷയമായിട്ടാണു് പരിണമിച്ചതു്. ഇതു് 1670-ൽ ആയിരുന്നു. വിശ്വാസത്തിന്റെ മഹാദാനം മൂലം അവൾക്കു സിദ്ധിച്ച ദൈവവരപ്രസാദം തന്നെ സുദീൎഘവും ഏകാന്തവും ദുൎഘടവുമായ വഴിയിൽകൂടി പുണ്യപരിപൂൎണ്ണതയുടെ ഉന്നത പദവിലേക്കു് അവളെ ആനയിച്ചുകൊണ്ടിരുന്നു. ചാരിത്രശുദ്ധിയെ നശിപ്പിക്കുന്നതിനു് നരകശത്രു പ്രയോഗിച്ച തന്ത്രങ്ങളെല്ലാം വിഫലങ്ങളായതേയുള്ളു. പാപവിദ്വേഷം അവളിൽ അസാമാന്യമായിട്ടുണ്ടായിരുന്നതുനിമിത്തം എല്ലാ അപകടങ്ങളിലും പ്രാൎത്ഥനാജാഗ്രത, തപോതല്പരത, കുരിശിനോടുള്ള സ്നേഹം, എന്നീ ആയുധങ്ങളുപയോഗിച്ചു് ധൈൎയ്യസമേതം പോരാടുകയും നിഷ്പ്രയാസം ജയമടക്കുകയും ചെയ്തിരുന്നു. ഒടുവിൽ ചാൎച്ചക്കാരുടെ നിരന്തരമായുള്ള ഈൎഷ്യ

ശ്യപീഡനങ്ങളിൽ നിന്നും വിമുക്തിപ്രാപിപ്പാനായി വിദൂരസ്ഥിതമായിരുന്ന ഒരു മിഷ്യൻ സ്ഥാപനത്തിൽ ഓടി അഭയം പ്രാപിക്കയും അവിടെ സദയം സ്വീകൃതയായി ആദ്ധ്യാത്മികജീവിതത്തിൽ ത്വരിതമായ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. അവളുടെ സമയമെല്ലാം വി. കുർബാനയുടെ സന്നിധിയിലോ അഥവാ പരിപൂർണ്ണ ഏകാന്തത്തിലോ ആയിരുന്നു വിനിയോഗിച്ചിരുന്നതു്. ദൈവത്തെപ്പററി അല്ലാതുള്ള യാതൊരു സംസാരവും അവളെ സന്തുഷ്ടയാക്കിയിരുന്നില്ല. എല്ലായിടത്തും ദൈവത്തെ ദർശിക്കുകയും, എല്ലാ ശബ്ദത്തിലും ദൈവത്തെ ശ്രവിക്കുകയും, അവിടത്തോടു് ഇടമുറിയാതുള്ള സംസർഗ്ഗവും സംയോജ്യതയും പാലിച്ചുവരികയും ചെയ്തിരുന്നു. നിരന്തരം പ്രാർത്ഥിച്ചിരുന്നു. രാത്രി സമയമെല്ലാം ധ്യാനനിമഗ്നയായിരുന്നു. ഉപവാസങ്ങളും താപസക്രിയകളും പ്രതിദിനം വർദ്ധിപ്പിക്കുകയത്രെ ചെയ്തിരുന്നതു്. വർഷകാലത്തു് പാദരക്ഷയില്ലാതെ മഞ്ഞുകട്ടയിൽക്കൂടി നടന്നും, കിടക്കുന്നതിനുപയോഗിച്ചിരുന്ന പായിൽ മുള്ളുകൾ തറച്ചുവെച്ചു അതിന്മീതെ കിടന്നുകൊണ്ടും നാനാപ്രകാരേണയും തന്റെ ദേഹത്തെ നിഗ്രഹിപ്പാൻ അത്യന്തം താല്പര്യപ്പെട്ടിരുന്നു. ഒരു നിസ്സാര പനിയാണു് ഇരുപത്തിനാലാമത്തെ വയസ്സിൽ അവളെ ശവകുടീരത്തിലേക്കു ആനയിച്ചതു്. മരണത്തിലും അവളുടെ മുഖം ഒരു വിസ്മയകരശോഭയാൽ പ്രശോഭിതമായിരുന്നതിനാൽ "പുണ്യവതി മരിച്ചുപോയിരിക്കുന്നു; പുണ്യവതി സ്വർഗ്ഗപ്രാപ്തയായി." എന്നാണു് ആശ്ചര്യപരതന്ത്രരായ കാണികൾ ഏവരും നിലവിളിച്ചുപറഞ്ഞിരുന്നതു്. അവളുടെ സന്മാതൃകയെ അനുകരിച്ചവർ അമേരിക്കാ ഒട്ടുക്കും വിശിഷ്യ അവളുടെ ജീവിതപരിശുദ്ധിയാൽ പാവനമായിത്തീർന്ന സ്വന്ത മിഷ്യൻ ഇടവകയിലും വളരെയാകുന്നു.

അമേരിക്കൻ മിഷ്യനറിമാരിൽ മിക്കവരും അവിടത്തെ 'ഇൻഡ്യന്മാരെ' മാനസാന്തരപ്പെടുത്തുന്നതിൽ ഉദ്യുക്തരായിരിക്കുകയിൽ ഈശോ സഭാംഗമായ ഫാദർ പീററർ ക്ലാവർ എന്ന ദേഹം അമേരിക്കായിലെ ഏററവും നികൃഷ്ടരും ഉപേക്ഷിതരുമായ കാപ്പിരികളുടെയിടയിൽ, പ്രേഷിതവേല ചെയ്യുന്നതിനു് സ്വയം പ്രതിഷ്ഠിച്ചിരുന്നു. ഈ കറുത്ത കാപ്പിരികൾ ആരെന്നുവെച്ചാൽ ആഫ്‌റിക്കായിൽനിന്നു കൊണ്ടുവന്നു അടിമകളായി വില്ക്കപ്പെട്ടിരുന്നവരാണു്. ഈ ജുഗുപ്സാവഹമായ അടിമവ്യാപാരം അന്നത്തെ ഒരു പ്രധാന ധന സമ്പാദന മാർഗ്ഗമായിരുന്നു. 17-ാം ശതാബ്ദത്തിൽ മെക്സിക്കോ ഉൾക്കടലിനടുത്തുള്ള കർത്താജനാ നഗരമായിരുന്നു ഈ വ്യാപാരത്തിന്റെ പ്രധാന രംഗസ്ഥലം. ദുർഭഗരായ അനേകം സാധുക്കളെ യാതൊരു സുഖസൌകര്യാദികളും നൽകാതെ ചങ്ങലകളാൽ ബന്ധിച്ചു അവർണ്ണനീയമായ കഷ്ടത

കളനുഭവിപ്പിച്ചുകൊണ്ടു് ദിവസംതോറും കപ്പലുകളിൽ ഇവിടെകൊണ്ടുവന്നിറക്കിയിരുന്നു. അവരുടെ ആത്മാക്കളെപ്പററി ഒരു വിചാരം ആൎക്കും ഇല്ലായിരുന്നു. വെറും മൃഗങ്ങളെപ്പോലെയാണു് അവരെ ക്രയവിക്രയം ചെയ്തിരുന്നതു്. ഇതറിഞ്ഞതുമുതൽ ഫാദർ ക്ലാവറിൻെറ ഹൃദയം സഹതാപസമ്പൂൎണ്ണമായിത്തീൎന്നു. അദ്ദേഹം സന്യാസവ്രതം ചെയ്ത അവസരത്തിൽ "പീററർ ക്ലാവറായ ഞാൻ എൻെറ ജീവപൎയ്യന്തം കാപ്പിരികളുടെ ദാസൻ ആയിരുന്നുകൊള്ളാം" എന്നൊരു ശപഥവുംകൂടി ദൈവത്തോടു് ചെയ്തിരുന്നു. ഇത്രയും ശ്രമസാദ്ധ്യമായ ഒരു ശപഥം ഇതേവരെ ഉണ്ടായിട്ടില്ല എന്നുവേണം പറയുവാൻ ഇത്രയും വിശ്വസ്തതയോടെ അനുവൎത്തിക്കപ്പെട്ട ഒരു ശപഥവും പക്ഷേ ഉണ്ടായിട്ടില്ല. അടിമകളെ വില്പനയ്ക്കായി കൊണ്ടുവന്നിരുന്ന ഒരു കപ്പൽ തുറമുഖത്തെ സമീപിച്ചാലുടൻ ഈ പ്രേഷിതവൎയ്യൻ ആ സാധുക്കളെ ആശ്വസിപ്പിച്ചു് അവരുടെ വ്യസനത്തെ ശമിപ്പിക്കുന്നതിനുവേണ്ടി അനേകം പാനീയസാധനങ്ങളും പഴങ്ങളും ബിസ്ക്കററുകളും മററു വിശേഷമായ പദാൎത്ഥങ്ങളും വഹിച്ചുകൊണ്ടു് കപ്പലിൽ ചെന്നു് അവരെ സ്വീകരിക്കുകയും മാതൃനിൎവ്വിശേഷമായ ആൎദ്രതയോടും സ്നേഹത്തോടുംകൂടി അവരെ പരിചരിക്കയും, ചെയ്തിരുന്നു. ഇപ്രകാരം ആ നിർഭാഗ്യ സാധുക്കളുടെ സ്നേഹാതിരേകത്തിനു് അദ്ദേഹം വേഗത്തിൽ പാത്രീഭൂതനായിത്തീൎന്നു. ഒരു യഥാൎത്ഥ സ്നേഹിതനും പരിരക്ഷകനുമായി അദ്ദേഹത്തെ അവർ മതിച്ചാദരിച്ചിരുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധിയും മഹനീയ മാതൃകയും കണ്ടു് ആകർഷിതരായ ആളുകൾ ആ പാവപ്പെട്ട ജനങ്ങൾക്കു് വേണ്ടതൊക്കെയും സമൃദ്ധിയായി അയച്ചുകൊടുത്തിരുന്നു. അദ്ദേഹം ആദ്യമായി അവരുടെ കുട്ടികളെ ജ്ഞാനസ്നാനപ്പെടുത്തുകയും പിന്നീടു് മരണാസന്നരായി കിടന്നിരുന്നവരെ സദയം സന്ദർശിച്ചു് അവരുടെ മുറിവുകളെ കെട്ടി ഭക്ഷണപാനീയങ്ങൾ കൊടുത്തു് അവരെ സന്തുഷ്ടരാക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭാണ്ഡത്തിൽ ഭക്ഷണപദാൎത്ഥങ്ങൾക്കു പുറമേ ഒരു സൎപ്ലെസും ഊറാലയുംകൂടി കൊണ്ടുപോയിരുന്നു നെഞ്ചിലാകട്ടെ ഒരു തൂങ്ങപ്പെട്ട രൂപം ധരിച്ചിരുന്നു. അവർ കൂട്ടമായി കിടന്നിരുന്ന ഈറമുള്ള വസതികളിൽ പ്രവേശിച്ചിരുന്നപ്പോൾ അദ്ദേഹത്തിനു് അസഹനീയമായ ദുൎഗ്ഗന്ധം സഹിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നിരുന്നാലും അവിടെ ഒരൾത്താരി സ്ഥാപിച്ചു് ഹൃദയാകർഷകമായ രൂപങ്ങളും പടങ്ങളും വെച്ചു് അലങ്കരിച്ചശേഷം അവൎക്കിരിക്കുവാൻ പായ്കളും ബഞ്ചുകളും എല്ലാം ഇട്ടു് ക്രമീകരിച്ചിരുന്നു. അവർ ഇദ്ദേഹത്തിൻെറ ഗുണാതിരേകത്തെപ്പററി വിസ്മയഭരിതരായി നോക്കിക്കൊണ്ടിരിക്കുക പതിവായിരുന്നു. കാപ്പിരികൾ അവരുടെ ഉടമസ്ഥന്മാരോടു് വളരെ ദുശ്ശാഠ്യത്തോടെ വൎത്തിച്ചിരു

ന്നെങ്കിലും ഈ വന്ദ്യ പുരോഹിതന്റെ സന്നിധിയിൽ അവർ സൌമ്യരും സാധുശീലരുമായിരുന്നു. ഈ ഉത്തമപിതാവിന്റെ യാചനകാം അനുസരിക്കാതിരുന്നവർ അവരുടെയിടയിൽ ചുരുക്കമായിരുന്നു. അവരെ നാമമാത്ര ക്രിസ്ത്യാനികളാക്കിയാൽ പോരാ എന്നു കരുതി കത്തോലിക്കാ മതസിദ്ധാന്തങ്ങളെ വിശ്വസ്തതാപൂർവ്വം അനുവർത്തിക്കുന്നതിനു അവരെ പരിശീലിപ്പിക്കയും, ഇപ്രകാരം ആ നികൃഷ്ട ജാതിയിൽനിന്നും,സകല പുണ്യങ്ങളുടേയും ഉത്തമമാതൃകകളായി പരിലസിക്കയും, സുകൃതാഭ്യാസങ്ങളിൽ ഉത്തമരീതിയിൽ പരിശീലിപ്പിക്കപ്പെട്ടിരുന്നു, യൂറോപ്യന്മാരെപ്പോലും ലജ്ജിപ്പിക്കുകയും ചെയ്വാൻ തക്ക പുണ്യാഭിവൃദ്ധി സിദ്ധിച്ചിരുന്ന പവിത്രാത്മാക്കളെ ഉളവാക്കുകയും ചെയ്തു. അവരുടെയിടയിൽ ഉണ്ടാകുന്ന ഏതെങ്കിലും ശണ്ഠയോ കലഹമോ തൽക്ഷണം ശമിപ്പിക്കുന്നതിനു ഫാദർ ക്ലാവറിന്റെ സാന്നിദ്ധ്യം ഒന്നുമാത്രം മതിയായിരുന്നു. ഈ പ്രശാന്തഗംഭീരനായ ഗുരുവിന്റെ മുമ്പിൽ ഏതൊരു കാട്ടാളപ്രകൃതിയും നിഷ്പ്രയാസം കീഴടങ്ങുമായിരുന്നു. ഫാദർ ക്ലാവർ അതിവിശിഷ്ടമായ പുണ്യപരിശീലനം സിദ്ധിച്ചിരുന്ന ഒരു മഹാത്മാവും സ്പെയിനിൽ ധനസമൃദ്ധിയുംകുലീനതയുംകൊണ്ടു കീർത്തിപെട്ട ഒരുന്നത വംശജനുമായിരുന്നു. തന്മൂലം ന്യായപൂർവ്വം പ്രതീക്ഷിക്കാമായിരുന്ന എത്രയും ശോഭനമായ ജീവിത പ്രതാപങ്ങളേയും മഹിമൈശ്വര്യങ്ങളേയും പരിത്യജിച്ചിട്ടു, ഏററവും അദ്ധ്വാനപരവും, സ്വഭാവേച്ഛകൾക്കു വിരുദ്ധവും ആയ ഒരു പ്രേഷിതവൃത്തിയെ അവലംബിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ദൈവപ്രസാദശക്തി എത്രയൊ വിസ്മയകരമാകുന്നു.

ഈദൃശമായ ആത്മത്യാഗത്തിന്റെ ആശ്ചര്യകര ദൃഷ്ടാന്തങ്ങൾ ലെവാൻറു, കോൺസ്ററൻറിനോപ്പിൾ, സ്മീർണാ, മുതലായ മതപ്രചരണ രംഗങ്ങളിൽ ക്രിസ്തീയ അടിമകളെ വീണ്ടെടുക്കുന്നതിനായി സമയം സമർപ്പിച്ച പ്രേഷിതരുടെ ജീവിത വൃത്താന്തങ്ങളിൽ ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ടു. അവരിൽ ഒരാൾ ഇപ്രകാരം എഴുതുന്നു. "ഞാൻ അഭിമുഖീകരിച്ച ഏററവും വലിയ അപകടം ഒരു തുർക്കിക്കപ്പലിൽവെച്ചു സംഭവിച്ചതാണു. അടിമകളെ ഞാൻ രാത്രിസമയം കുമ്പസാരിപ്പിച്ചു രാവിലെ അവക്കായി കർബാന ചൊല്ലണം എന്നായിരുന്നു അവർ എന്നോടു ചെയ്തിരുന്ന ഏർപ്പാടു. ഞങ്ങളെല്ലാവരും കപ്പലിന്റെ ഒരു മുറിയിലിട്ടടയ്ക്കപ്പെട്ടു രണ്ടു താഴുകളാൽ പൂട്ടപ്പെട്ടിരുന്നു." "ഞാൻ കുമ്പസാരിപ്പിച്ച അമ്പത്തിരണ്ടു അടിമകളിൽ പന്ത്രണ്ടുപേർ രോഗബാധിതരായിരുന്നു. അവരിൽ മൂന്നുപേർ പ്രഭാതത്തിനുമുമ്പു പരലോകം പ്രാപിച്ചു.

ഈദൃശ്യമായ ഒരു മുറിയിൽ ഞാൻ ശ്വാസിയ്ക്കേണ്ടിയിരുന്ന വായു എത്ര കണ്ടു ദുഷിച്ചിരുന്നുവെന്നു ഊഹ്യമാണല്ലോ. ഈ മഹാ വിപത്തിൽ നിന്നു എന്നെ രക്ഷിച്ച കരുണാനിധിയായ ദൈവം ഇതു പോലെ ഭാവിയിൽ സംഭവിക്കാവുന്ന മററനേകം ആപത്തുകളിൽനിന്നും എന്നെ സംരക്ഷിക്കുമെന്നു എനിക്കു ദൃഢവിശ്വാസം ഉണ്ടു്." നിസ്സംശയം സഭയെ പരിപാലിച്ചു നടത്തുന്നതു് ദൈവത്തിൻെറ പരിശുദ്ധാത്മപിതന്നെയാണു്. അതല്ലെങ്കിൽ തത്തുല്യങ്ങളായ പരസ്നേഹ പരാക്രമ കൃത്യങ്ങളെ മറെറവിടെ നമുക്കു കാണ്മാൻ കഴിയും?

---

സൂചനം

* അനുഗ്രഹീതനായ ഫാദർ ക്ളാവറിൻെറ ചരിത്രം ഓററോറിയൻസഭക്കാർ (Oratorians) പ്രസിദ്ധം ചെയ്ത പ്രബന്ധങ്ങളുടെ ശേഖരത്തിൽ കാണാവുന്നതാണു്.

# അദ്ധ്യായം 11

## ൧൭-ാം ശതാബ്ദം

## 1. ജൻസേനിയർ.

നവഭൂഖണ്ഡത്തിലെ നിവാസികൾക്കു് സുവിശേഷം പ്രസംഗിക്കപ്പെടുകയും തന്മൂലം അത്ഭുതാവഹമായ ഫലം ഉളവാകയും ചെയ്കയാൽ പഴയ ഭൂഖണ്ഡം അവിശ്വാസത്തിന്റെയും ശീശ്മയുടെയും ആക്രമണത്തിനു് വശംവദയായിതീൎന്നു ഫ്റാൻസിൽ വളരെ തിന്മകൾക്കുകാരണമായിത്തീൎന്ന ജൻസേനിയൻ ദുൎബോധനയുടെ ഉത്ഭവം ആ രാജ്യത്തല്ലായിരുന്നു. ലുവെയിനിൽ സൎവ്വകലാശാലയിലെ ഒരു പ്രസംഗികനായ ബായുസ്സായിരുന്നു ഈ ദുൎബോധനത്തിന്റെ കാരണഭൂതനെന്നുവരികിലും അദ്ദേഹം അതിനെ പ്രസ്പഷ്ടമാക്കിയിരുന്നില്ല. കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ സ്വരച്ചേൎച്ച ഉളവാക്കുന്നതിനു് ഇദ്ദേഹം നിസ്തന്ദ്രം പരിശ്രമിക്കയും തൽസാദ്ധ്യാൎത്ഥം ചില കത്തോലിക്കാമതതത്വങ്ങളെ നിഷേധിക്കയും ചെയ്തു. വരപ്രസാദം മനഃസ്വാതന്ത്ര്യം ഉത്ഭവപാപം, നീതീകരണം, എന്നിവ സംബന്ധിച്ചു് ഏറ്റവും വലുതായ തെറ്റുകൾ പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ബുദ്ധിയും മനസ്സും അറിയാതെപോലും സംഭവിക്കുന്ന ദുരാശകളുടെ ഇളക്കങ്ങൾ പാപങ്ങളാകുന്നു. മനുഷ്യൻ പ്രവൃത്തിക്കുന്നതിനു് നിൎബന്ധിതനാകുന്നു എന്നുവരുകിലും പ്രവൃത്തിയിൽ സ്വതന്ത്രനാകുന്നു. ഇവ മുതലായവയാകുന്നു ഇയാളുടെ തത്വങ്ങൾ. ഇദ്ദേഹം പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽ നിന്നു് 18 സിദ്ധാന്തങ്ങൾ പാരീസിലുള്ള വേദശാസ്ത്ര പണ്ഡിതന്മാരുടെ സംഘത്താൽ 1560_ൽ ഭീമാബദ്ധങ്ങളായി പ്രഖ്യാപനം ചെയ്യപ്പെട്ടു. കുറെ കാലത്തിന്റെ ശേഷം അഞ്ചാം പീയൂസ് മാർപ്പാപ്പാ അതിൽ കണ്ടെത്തിയതായ എഴുപത്തിയാറു് അബദ്ധപ്രമേയങ്ങളെ ശപിക്കയുണ്ടായി. പ്രഥമത ബായൂസ് ഇതിനെ അനുസരിച്ചുവെങ്കിലും കാലാന്തരത്തിൽ തന്റെ ബോധനത്തെ ആദരിക്കുന്നതിനു് ദീൎഘമായ ഒരു പ്രത്യാഖ്യാനം പ്രസിദ്ധീകരിച്ചു. തന്റെ ബോധനത്തിലുള്ള തത്വങ്ങൾ പിതാക്കന്മാർ പഠിപ്പിച്ചിരുന്ന മതതത്വങ്ങൾ തന്നെയാണെന്നും ആകയാൽ മാർപ്പാപ്പായുടെ തിരുവെഴുത്തുമൂലം സന്ദേഹംവിനാ കാൎയ്യത്തിൽ അവരേയും ശമിച്ചതായി താൻ വിചാരിക്കു

നുവെന്നും മററം അതിൽ പ്രതിപാതിച്ചിരുന്നു. പീയൂസ്സ് പഞ്ചമൻെറ പിൻഗാമിയുടെ കാലത്തു് പ്രസ്തുത സംഗതിയെപ്പററി റോമ്മായിൽ പുനരാലോചന നടത്തുകയും ബായൂസ്സിൻെറ ബോധനത്തെ വീണ്ടും ശമിക്കയും ചെയ്തു വളരെ വൈമനസ്യത്തോടും ദയാതത്ഥപ്രയോഗത്തോടുംകൂടിയ വാദപ്രതിവാദാനന്തരം 1589_ൽ ബായൂസ്സ് തൻെറ അന്ത്യസമയത്തു് തൻെറ ഉപദേശത്തെ ശപിച്ചു. അയാളുടെ മരണത്തോടുകൂടി ആ നാശകരമായ തത്വം അവസാനിച്ചില്ല. അതിനെ ക്രമീകരിച്ചു് ഒരു പദ്ധതി രൂപേണ പ്രചുരപ്രചാരത്തിൽ വരുത്തുവാൻ അയാറം ശിഷ്യന്മാരെ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. വളരെ വിദ്യാലയങ്ങളിൽ ഈ പാഷണ്ഡത വേഷപ്രഹന്നമായി പടന്നുപിടിക്കത്തക്കവണ്ണം അവരുടെ ശ്രമഫലം ഏററവും വലുതായിരുന്നു. എന്നാൽ ജൻസേനിയൂസ്സ് എന്ന നാമധാരിയാകുന്നു ഇതിനെ ക്രമീകരിച്ചു് പരസ്യപ്പെടുത്തിയതു്. അതുകൊണ്ടാകുന്നു ഈ ശീശ്മ ഇയാളുടെ നാമത്തിൽ അറിയപ്പെടുന്നതു്.

ജൻസേനിയൂസ്സ് ഒരു ഡച്ചുകാരനായിരുന്നു, അയാറം ലൂവെയിൻ പാരീസ് എന്ന സവ്വകലാശാലകളിലാണു് വിദ്യാഭ്യാസം ചെയ്തതു്. മഹനായ വിശുദ്ധ ആഗുസ്തീനോസിൻെറ തത്വങ്ങളോടു വളരെ സാമ്യമുള്ളതായി ലൂവയനിൽ പഠിപ്പിച്ചിരുന്ന നൂതനതത്വങ്ങളെ ഒരു പ്രത്യേക ആസക്തിയോടുകൂടി ഇയാറം ഹൃദിസ്ഥമാക്കിയിരുന്നു. ഈ വിശുദ്ധൻ പെലാജിൻ പതിതതത്വത്തിന്നു വിരോധമായി വരപ്രസാദമെന്ന വിഷയത്തെ സംബന്ധിച്ചു് എഴുതിയ കൃതികളിൽ പ്രയോഗിച്ചിരുന്ന ശക്തിമത്തായ വാക്യശകലങ്ങളിൽ നിന്നും തൻെറ ഉദ്ദേശസാദ്ധ്യത്തിനു് വേണ്ട തെളിവുകറം ശേഖരിക്കുവാൻ ഇരുപതുവർഷം ചിലവിട്ടു. ഒടുവിൽ തൻെറ ഗുരുവായ ബായൂസ്സിൻെറ സിദ്ധാന്തത്തിനു് അവശ്യം വേണ്ടതായ അടിസ്ഥാനം കിട്ടിയെന്നു് ആത്മാഭിമാനപ്പെടുകയുണ്ടായി. ഹിപ്പോയിലെ മെത്രാൻെറ യഥാത്ഥതത്വങ്ങറം മാത്രമെ ഇതിൽ അടങ്ങിയിരിക്കുന്നുള്ളുവെന്നു തോന്നിക്കുമാറു് അഗുസ്തിനോസ് എന്ന നാമത്തോടുകൂടിയ ഒരു വലിയ ഗ്രന്ഥം അയാറം രചിച്ചുണ്ടാക്കി. 1638_ൽ അതു പൂത്തിയായെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാതെ രണ്ടുവർഷത്തോളം ഐപ്രസ് എന്ന രൂപതയുടെ മെത്രാനായിരിക്കയിൽ അവിടെ ബാധിച്ച പ്ലേഗുരോധത്താൽ നിര്യാതനായി. എന്നാൽ പ്രസ്തുത കൃതി അയാളുടെ സ്നേഹിതന്മാരാൽ പ്രസിദ്ധീകൃതമായി. അതിൽ തിരുസിംഹാസനത്തോടുള്ള ആജ്ഞാനുസരണം പ്രഖ്യാപനം ചെയ്തിരുന്നു.

ബായൂസ്സിൻെറ അബദ്ധതത്വങ്ങൾ മൂന്നു പ്രാവശ്യം ശപിക്കപ്പെട്ടതായി ഗ്രന്ഥകാരന് അറിവുണ്ടായിരുന്നതിനാൽ ഈ പ്രഖ്യാപനം അയാളുടെ അറിവോടുകൂടി അതിൽ ചേക്കപ്പെട്ടതായിരുന്നുവെന്നു വിചാരിക്കുവാൻ വഴി കാണുന്നില്ല. ആഗുസ്തീനോസു് എന്ന കൃതിയുടെ പ്രസിദ്ധീകരണം കഴിഞ്ഞു് രണ്ടു കൊല്ലത്തിൻെറ ശേഷം ഉർബാനോസ് എട്ടാമൻ എന്ന മാർപ്പാപ്പാ അതിനെ പരസ്യമായി ശപിച്ചു. എന്നാൽ ഈ ശാപംകൊണ്ടു് അതിൻെറ വളർച്ചക്ക് യാതൊരു വിഘാതവും ഉണ്ടായില്ല. പ്രത്യുത ഇതിൻെറ സഹപ്രവർത്തകന്മാരുടെ അഹംഭാവത്തെ ഒന്നുകൂടി വർദ്ധിപ്പിക്കയും അതിൽ ദൃഢമായി നില്ക്കുന്നതിനു് ഇടയാക്കുകയുമാണു് ചെയ്തതു്. ഒരു ചെറിയ തീപ്പൊരിയായിരുന്ന ഈ പതിതോപദേശം വലിയ ഒരു അഗ്നിബാധയായി പടന്നു പിടിച്ചു. ജൻസേനിയൂസ്സ് പാരീസിൽ താമസിച്ചിരുന്ന കാലത്തു് സേർബോൺ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന പല വൈദികരുടേയും ശാസ്ത്രജ്ഞന്മാരുടെയും മൈത്രി സമ്പാദിക്കയും തൻെറ അബദ്ധതത്വങ്ങൾ അവരിൽ രൂഢമൂലമാക്കുകയും ചെയ്തു. ഈ പുതിയ പഠനങ്ങൾ ആ പട്ടണത്തിൽ പ്രചുരപ്രചാരത്തിലായി. ഈ പ്രബന്ധത്തിലുള്ള അഞ്ചു സിദ്ധാന്തങ്ങൾ സോർബോൻ ശാസ്ത്രസംഘത്തിൽ നിന്നു് ശപിച്ചപ്പോൾ എഴുപതു ശാസ്ത്രജ്ഞന്മാർ എതൃക്കുകയും അനുസരിക്കാതിരിക്കയും ചെയ്തു. മാർപ്പാപ്പായുടെ പക്കൽ ഇതു സംബന്ധിച്ചു് പരാതി ബോധിപ്പിച്ചാറെ രണ്ടു കൊല്ലത്തെ പരിശോധനയുടെശേഷം ആ അഞ്ചു സിദ്ധാന്തങ്ങളേയും അവിടുന്നു ശപിച്ചു. തൽസമയം പാഷണ്ഡികൾ പ്രയോഗിച്ച നയം ജൻസേനിയൂസ് ഉപയോഗിച്ച അർത്ഥത്തിൽ അവരെ ശപിച്ചിട്ടില്ലാ എന്നും മൌനം അവലംബിച്ചുകൊണ്ടു് മാർപ്പാപ്പായുടെ പ്രസ്താവനക്കു എവരും തലകുനിച്ചുവെങ്കിലും ഉള്ളുകൊണ്ടു് സമ്മതിച്ചിരുന്നില്ല എന്നും പ്രതിവാദിക്കയായിരുന്നു. ഈ കൌശലം പ്രസിദ്ധമാക്കപ്പെടുകയും ഔദ്യോഗികമായി ശപിക്കപ്പെടുകയും ചെയ്തു. തിരുസഭ മുഖാന്തിരം പരിശുദ്ധാരൂപി സംസാരിക്കുന്നതിനെ അനുസരിക്കുവാൻ വൈമനസ്യമുള്ളവരായതിനാൽ പുതിയ പുതിയ ഒഴിവുകഴിവുകളെ അവർ കണ്ടു പിടിച്ചിരുന്നു. ഈ പദ്ധതിയുടെ കയ്യുക്തി ആർനോൽഫ്, നിക്കോൾ, പാസ്കൽ, മുതലായ മഹാന്മാരെക്കൂടെയും വഴിതെററിച്ചു. ഈ നവീകരണക്കാർ അവരുടെ പഠനത്തിൻേറയും ജീവിതത്തിൻേറയും കാഠിന്യം ഹേതുവായി ജനസാമാന്യത്തിൻെറ ഇടയിൽ മതിപ്പും ബഹുമതിയും സമ്പാദിച്ചു. തപോപരമായ ഇത്ര ഉഗ്രജീവിതം നയിക്കയും അപ്രകാരം ശേഷം പേരെ പഠിപ്പിക്കയും ചെയ്യുന്നവക്കു് തെററുവാൻ പാടില്ല എന്നായി

രുന്ന ജനസാമാന്യത്തിനുണ്ടായിരുന്ന വിശ്വാസം. അവരുടെ സുകൃതകൃത്യങ്ങൾ ബാഹ്യമായി എത്രതന്നെ സ്തുത്യർഹമായി തോന്നിയിരുന്നാലും ആജ്ഞാനുസരണത്തിൽ അവർ ന്യൂനത ഉള്ളവരായിരുന്നു. നമ്മുടെ ദിവ്യനാഥൻ തന്റെ സഭയോട് "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു" എന്ന വചനങ്ങൾ അവർ അവഗണിക്കയാണ് ചെയ്തതു്.

വി. കൂദാശകളോടുള്ള അതിയായ ബഹുമാനം എന്ന ഭാവത്തിൽ തിരുസഭ കല്പിച്ചിരുന്ന പ്രത്യേക അവസരങ്ങളിൽ കൂടെയും വി. കുർബാന സ്വീകരിക്കരുതെന്നു് അവരുടെ ശിഷ്യരെ അവർ ഉൽബോധിപ്പിച്ചിരുന്നു. മൌഢ്യപരവും നിരാശാജനകവുമായിരുന്നു അവരുടെ ബോധനങ്ങൾ. എന്നാൽ സ്വല്പകാലത്തേയ്ക്കു് ജനങ്ങൾക്കു് ഇതിനോടു് ഒരു പ്രതിപത്തി ഉണ്ടാകാതിരുന്നില്ല എന്തുകൊണ്ടെന്നാൽ ഒരിക്കൽ അധികാരത്തെ നിഷേധിച്ചു കഴിഞ്ഞാൽ പിന്നീടു മനുഷ്യബുദ്ധി ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ ചലിക്കുമെന്നു് നിർണ്ണയിക്കുക അസാദ്ധ്യമാണ്. അതുപോലെ ഇവിടെയും സംഭവിച്ചു. അവിശ്വാസികളുടെ എല്ലാ സുകൃതങ്ങളും വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി അല്ലാത്തതിനാൽ അവ മഹാപാപമാകുന്നുവെന്നും; എന്നാൽ വിശ്വാസികളുടെ എല്ലാ നന്മപ്രവൃത്തികളും ദൈവത്തിന്റെ വെറും ദാനമാകുന്നുവെന്നും; അവ പ്രദാനം ചെയ്യുന്നതു് ഒരുവന്റെ ആദ്ധ്യാത്മികമായ യോഗ്യതയെ അശേഷം ഗണിക്കാതെയാകുന്നുവെന്നും; ആകയാൽ തന്റെ ശ്രമഫലമായി തനിക്കു ലഭിക്കുവാൻ പാടില്ലാത്ത ദൈവീകവരങ്ങൾ ലഭിക്കായ്കയാലാണ് പാപി ശിക്ഷിക്കപ്പെടുന്നതെന്നും ആയിരുന്നു ഈ പാഷണ്ഡികളുടെ പ്രബോധനം. നമ്മാൽ വർജ്ജ്യമല്ലാത്ത കുററങ്ങളും പാപങ്ങളും ദൈവം നമ്മിൽ ആരോപിക്കുന്നുവെന്നും നമ്മുടെ ശക്തിയെ കവിഞ്ഞ സുകൃതങ്ങൾ പ്രവൃത്തിക്കാഞ്ഞതിനാൽ നമ്മെ ശിക്ഷിക്കുന്നുവെന്നും അവർ സിദ്ധാന്തിച്ചിരുന്നു. ഈശോമിശിഹാ കുരിശിന്മേൽ മരിച്ചതു് മനുഷ്യഗണം മുഴുവനേയും രക്ഷിക്കുവാനല്ല പ്രത്യുത തെരഞ്ഞെടുക്കപ്പെട്ട ചിലരെ മാത്രം രക്ഷിപ്പാനായിരുന്നുവെന്നും അവർ പഠിപ്പിച്ചിരുന്നു. ഇപ്രകാരമുള്ള സിദ്ധാന്തങ്ങൾ മതത്തെ ഉപേക്ഷിപ്പിക്കുന്നതിനു് പ്രേരിപ്പിച്ചിരുന്നില്ലായെങ്കിലും ദൈവത്തിലുള്ള വിശ്വാസം മുഴുവനും നശിപ്പിക്കുന്നതിനും ശരണക്കേടിൽ ഒരുവനെ ഉൾപ്പെടുത്തുന്നതിനും ധാരാളം മതിയായിരുന്നു. ഈ നിരാശാജനകമായ പ്രബോധനം സത്യവിശ്വാസത്തെ ഉന്മൂലനം ചെയ്തുകളയുമോ എന്നു തോന്നുമാറു് ഒരു കാലത്തു് ഫ്രാൻസിൽ വളരെ പ്രചാരത്തിൽ വന്നിരുന്നു. തിരുസഭ ഈ പാഷണ്ഡതയെ ശപിക്കയും പരസ്യമായി അവർ അവളുടെ അധികാരത്തെ

നിഷേധിക്കയും ചെയ്തിരുന്നുവെങ്കിലും അതേ സമയംതന്നെ തങ്ങളെ സഭാംഗംങ്ങളായി കരുതിപ്പോന്നിരുന്നു എന്നതു് ഏതോരു കുയുക്തിമൂലമാണെന്നു് മനസ്സിലാകുന്നില്ല. സാധുക്കളും അജ്ഞരുമായ ആളുകളെ വഞ്ചിച്ചുകൊണ്ടു് ഇപ്രകാരം തിരുസഭയോടു് സൌമ്യമായി പ്രകടിപ്പിച്ചിരുന്ന ഐക്യംമൂലം കൂടുതൽ ആത്മനാശവും തിന്മയും വരുത്തുന്നതിനു് അവക്കു സാധിച്ചു. മിശിഹായുടെ അവകാശമായ തിരുസഭയെ ജാഗ്രതാപൂർവ്വം സംരക്ഷിക്കുന്ന കാവൽ ഭടന്മാരടങ്ങിയ ഈശോസഭയിൽ അക്ഷീണരായ വൈദീകരെ അവർ കണ്ടെത്തി. എന്നാൽ ഈ പാഷണ്ഡികളുടെ യഥാൎത്ഥ ഗുണകാംക്ഷികളായിരുന്ന വൈദീക സഹോദരന്മാർ യുക്തിയുക്തമായി ന്യായവാദം നടത്തിയെങ്കിലും ഫലം യാതൊന്നും ഉണ്ടായില്ല. ഈ പതിതരുടെ ശിഷ്യരിൽ ഒരു പ്രധാനിയായ അബെപാരിസു് എന്നയാൾ 1727_ൽ നിര്യാതനാകുകയും അയാളെ അവർ വിശുദ്ധനെന്നു വിളിച്ചു് ബഹുമാനിക്കുകയും ചെയ്തു. ഇയാളുടെ ശവകുടീരം വഴിതെററി, മതതീഷ്ണതയിൽ കുടുങ്ങിയ ഒരുകൂട്ടം ജനങ്ങളുടെ അഭയസ്ഥാനവും, അധൎമ്മവും ദൈവദൂഷണപരവുമായ പ്രവൃത്തികളുടെ ഒരു രംഗ (സ്ഥല) വുമായിതിൎന്നു. ജൻസേനിയൻ ദുർബോധനത്താൽ മലിനമായിതീൎന്നിരുന്ന പാറല്യമേൻറതന്നെയും ജനസഞ്ചയത്തിൻെറ ഈ മതഭ്രാന്തുകണ്ടു് അത്ഭുതപരതന്ത്രരായിപ്പോയി. എന്നാൽ അക്കാലത്തുള്ള വിശ്വാസസംരക്ഷകരിൽ പ്രധാനൻ പാരിസിലെ മെത്രാപ്പോലീത്താ ആയ ക്രിസ്റ്റഫർ ദിബോമൊൻറു് ആയിരുന്നു. അദ്ദേഹത്തിൻെറ സുകൃതങ്ങളും പ്രയത്നങ്ങളും ഈ പതിതത്വത്തെ ദൂരീകരിക്കുന്നതിനു് വളരെ സഹായിച്ചു. ശത്രുക്കളുടെ അവഹേളനത്തിനും നിന്ദയ്ക്കും അദ്ദേഹം പാത്രവാനായി തൻെറ മെത്രാസനത്തിൽ നിന്നു് പലതവണ ബഹിഷ്കരിക്കപ്പെട്ടുവെങ്കിലും അവരുടെ ബോധനങ്ങളുടെ ആബദ്ധ്യത്തെ പ്രസ്പഷ്ടീകരിക്കുന്നതിൽ നിന്നും അദ്ദേഹം ഒരിക്കലും വിരമിച്ചിട്ടില്ല. ന്യായവാദത്താൽ തോല്പിക്കപ്പെടുകയും പരിശുദ്ധ സിംഹാസനത്താൽ ശപിക്കപ്പെടുകയും ചെയ്ത ഈ പാഷണ്ഡത ഫ്റഞ്ചു വിപ്ലവത്തിൻെറ അവസാനത്തോടുകൂടി മിക്കവാറും നാമാവശേഷമായി. എങ്കിലും ഹോളണ്ടിൽ അതിൻെറ ചില അവശിഷ്ടങ്ങൾ ഇപ്പോഴും കാണപ്പെടുന്നുണ്ടു്.

## 2. 18_ാം ശതാബ്ദത്തിലെ തെററായ താത്വികാഭിപ്രായങ്ങളും ഗൂഢസഖ്യങ്ങളും

ലൂയീസു് പതിന്നാലാമൻെറ മരണാനന്തരം ഫ്റാൻസിലെ കിരീടം അദ്ദേഹത്തിൻെറ പൌത്രൻെറ പുത്രനായ അഞ്ചുവയസ്സുള്ള ഒരു കുട്ടി

ക്കാണ് സിദ്ധിച്ചതു്. അദ്ദേഹം ലൂയിസ് പതിനഞ്ചാമൻ എന്ന നാമം ധരിച്ചുകൊണ്ടു് 1715_ൽ ഓർലിയൻസിലെ പ്രഭുവായിരുന്ന ഫിലിഫിൻെറ റീജൻസിയിൽ രാജവാഴ്ച ഏററു. ലൂയിസ് പതിന്നാലാമനാൽ അമർച്ചവരുത്തിയിരുന്ന അവിശ്വാസം ഈ സമയത്തു് സധൈര്യം തല ഉയർത്തി, ക്രിസ്ത്യാനികൾ മഹാപരിശുദ്ധമായി കരുതിയിരുന്ന എല്ലാവറേറയും ആക്രമിക്കാൻ തുടങ്ങി. റീജൻറ ശേഷിയും ശേമുഷിയും ഉള്ള ആളായിരുന്നുവെങ്കിലും മതബോധമില്ലാത്തവനായിരുന്നതിനാൽ അയാൾ ദുർവൃത്തനും അദ്ദേഹത്തിൻെറ അരമന അസന്മാർഗ്ഗത്തിൻെറ ഒരു കേളിരംഗവുമായിരുന്നു. ഇതിനാൽ സന്മാർഗ്ഗത്തേയും മതത്തേയും നിന്ദ്യമായി കരുതുക സാധാരണ എല്ലാവരുടെ ഇടയിലും ഒരു പരിഷ്കാര ചിഹ്നമായിതീർന്നു ഇദ്ദേഹത്തിൻെറ ചുററിലും ഒരുക്കൂട്ടം സ്വതന്ത്ര ചിന്തകന്മാർ വന്നു അഭയം പ്രാപിച്ചുകൊണ്ടു് ക്രിസ്തുമതത്തിനെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു. ഈ കലാപം പതിനെട്ടാം നൂററാണ്ടു മുഴുവനും നീളിച്ചതിനാൽ തിരുസഭയ്ക്കുണ്ടായിട്ടുള്ള ഞെരുക്കങ്ങളിൽവെച്ചു് ഏററം കക്ശവും നിരവധി രക്തപ്രവാഹത്തിനു് നിദാനവുമായി പരിണമിച്ചു. 1723_ൽ റിജൻറ മരിച്ചുവെങ്കിലും അമർച്ചചെയ്‌വാൻ പാടില്ലാത്തവിധം തിന്മ ശക്തിപ്പെട്ടിരുന്നു. പേരുവെക്കാത്ത പ്രസിദ്ധീകരണങ്ങൾ നാട്ടിൽ ധാരാളം പ്രചരിപ്പിച്ചിരുന്നു. മതത്തേയും സന്മാർഗ്ഗത്തേയും എതൃക്കുന്നതായ ഈദൃശകൃതികൾക്കു് പേരുവെയ്ക്കുന്നതിനു് ആരുംതന്നെ ധൈര്യപ്പെട്ടിരുന്നില്ല. എന്തുകൊണ്ടെന്നാൽ പൊതുജനാഭിപ്രായം ഈ നൂതനതത്വങ്ങളാൽ വ്യഭിചരിതമായിരുന്നില്ല. എന്നാൽ കാലക്രമേണ തത്വജ്ഞന്മാരെന്നു് തങ്ങളെത്തന്നെ നാമകരണം ചെയ്തിരുന്നവർ മൂടുപടം നീക്കിക്കൊണ്ടു് ദൈവീക വെളിപാടിന്നെതിരായി പരസ്യമായി പോരാടുവാൻ ഒരുമ്പെട്ടു. ഈ പ്രക്ഷോഭണത്തിൻെറ നായകനായിരുന്നതു് വാൾട്ടെയാർ എന്നൊരു ഫ്രഞ്ചുകാരനായിരുന്നു. അയാൾ മാനസികഗുണശ്രേണികളാൽ സുപ്രസിദ്ധനായിരുന്നതു പോലെതന്നെ അവയുടെ ദുഷ്പ്രയോഗത്താൽ വേഗത്തിൽ കുപ്രസിദ്ധനുമായിതീർന്നു. ഇദ്ദേഹം 1694-ൽ പാരീസ്സിൽ ജാതനാകുകയും ഈശോസഭയിൽപ്പെട്ട വൈദീകരാൽ വിദ്യ അഭ്യസിപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈയാൾ ഭാവികാലത്തു് പ്രവൃത്തിപ്പാനിരുന്ന തിന്മയെപ്പററി അദ്ധ്യാപകന്മാർ അന്നുതന്നെ പ്രവചിക്കാതിരുന്നില്ല ഗദ്യപദ്യകലാപരിശ്രമങ്ങളിൽ തൻെറ സമയം മുഴുവനും വിനിയോഗിച്ചിരുന്നതിനാൽ വേഗത്തിൽ വളരെ പ്രശസ്തനായിതീർന്നുവെങ്കിലും അതേസമയംതന്നെ വലിയ അഹംഭാവിയുമായിഭവിച്ചു. നാസ്തികമായും രാജദ്രോ

ഹപരമായുമുള്ള അയാളുടെ കൃതികൾ നിമിത്തം പാറല്യമെൻറിനാൽ കുററക്കാരനായി വിധിക്കപ്പെട്ടു. തടവിൽ ആയശേഷം ഫ്റാൻസുവിട്ടു ഇംഗ്ലണ്ടിൽ പോയി കുറെക്കാലം താമസിച്ചു. ഈ കാലത്തു് ഇംഗ്ലണ്ടിൽ പ്രോട്ടസ്റാൻറ മതപാഷണ്ഡത അതിൻെറ സ്വാഭാവികഗതി അനുസരിച്ചു് തികഞ്ഞ അവിശ്വാസത്തിലെ പര്യവസാനിക്കയുള്ളുവെന്ന പരമാൎത്ഥം പല മഹാന്മാരും മനസ്സിലാക്കിട്ടുണ്ടായിരുന്നു. തന്നിമിത്തം അവിടെ നിന്നും അയാൾ ജർമ്മനിയിലേക്കു പോകുകയും പ്രഷ്യായുടെ അധിപനായിരുന്ന ഫ്റെഡറിക്കു് അയാൾക്കു സ്വാഗതമരുളി സന്തോഷസമേതം സ്വീകരിക്കയുമുണ്ടായി. തിന്മയുടെ ഈ ഇരുപ്രവൎത്തന്മാരിൽ ആരാകുന്നു മിശിഹായേയും തൻെറ സുവിശേഷങ്ങളേയും അധികം വെറുത്തതെന്നും അങ്ങെ അജയ്യരാജ്യമായ തിരുസഭയോട്ടു് ക്രൂരതരമായി പോരാടിയതെന്നും പറവാൻ അസാദ്ധ്യം. വാൾട്ടെയർ തൻെറ ജീവിതത്തിൻെറ അവസാനത്തെ ഇരുപതുവർഷം ഫോർണേയിൽ കഴിച്ചുകൂട്ടുകയും 1778_ൽ പാരീസിൽവെച്ചു് നിൎയ്യാതനാകുകയും ചെയ്തു യൂറോപ്പിൽ അവിശ്വാസത്തിൻെറ നായകനും ജീവനും അയാളായിരുന്നു. നമ്മുടെ ദിവ്യകൎത്താവിനേയും അദ്ദേഹത്തിൻെറ നാമത്തേയും ഘോരമായി വെറുക്കുകയും ഹാസ്യമായ പൎയ്യായങ്ങൾ ഉപയോഗിച്ചു് അധിക്ഷേപിക്കയും ചെയ്തിരുന്നു. മാത്രമല്ല ക്രിസ്തുമതം നാമാവശേഷമാക്കുന്നതിനു് തൻെറ ജീവിതം വിനിയോഗിക്കുന്നുണ്ടെന്നു് അയാൾ ശപഥം ചെയ്കയുമുണ്ടായി. ഇരുപതു കൊല്ലംകൊണ്ടു് ഗലിലേയൻ ഇല്ലാതായിത്തീരും എന്നു് അയാൾ ഒരിക്കൽ പ്രവചിക്കാതിരുന്നില്ല. എന്നാൽ ഇരുപതു കൊല്ലം കഴിയുകയും മിശിഹായുടെ ഈ ശത്രു പരിതാപകരമായ മരണം അടയുകയും ചെയ്തു. അയാളുടെ പ്രകൃതിയും നടത്തയും അയാളുടെ ദുർബുദ്ധിക്കു് അനുയോജ്യമായതായിരുന്നു എന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു നശികരപുത്രൻ, ഒരു ദുഷ്ടപൌരൻ, ഒരു മുഖസ്തുതിപ്പാഠകൻ, ഇപ്രകാരമുള്ള സ്വഭാവവൈകല്യങ്ങളോട്ടുകൂടിയ ഒരാളായിരുന്നു നിരീശ്വരത്തിൻെറ ഈ മഹാപിതാവു്. അയാളുടെ കൃതികൾ വെറുപ്പു തോന്നിക്കുന്നവയാണെങ്കിലും ജ്ഞാനപ്രദങ്ങളാണു്. അവയിൽ ഒന്നിൽ അയാൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "എൻെറ സ്നേഹിതന്മാരെ വ്യാജം പറഞ്ഞുകൊള്ളുക. ധൈൎയ്യസമേതം വ്യാജം പറഞ്ഞുകൊള്ളുക സ്വല്പമെങ്കിലും വിശ്വസിക്കാതിരിക്കയില്ല, പാരായണം ചെയ്യപ്പെടണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. വായിക്കുന്നതു് അവർ വിശ്വസിക്കുന്നുണ്ടോ എന്നു് ഞാൻ അത്ര ശ്രദ്ധിക്കുന്നില്ല." ഈദൃശങ്ങളായിരുന്നു അയാളുടെ സമരായുധങ്ങൾ. അയാളുടെ ബുദ്ധിസാമൎത്ഥ്യം എത്ര സമ്പന്നവും സുഭിക്ഷവുമായിരുന്നുവോ അത്രക്കും നികൃഷ്ടവും അപകീൎത്തികരവു

മായ ഉദ്ദേശങ്ങൾക്കായിട്ടായിരുന്നു അതിനെ അയാൾ വിനിയോഗിച്ചതു് ആകർഷണീയമായ സാഹിത്യരീതികൊണ്ടും, സ്വപ്രബോധനങ്ങൾക്കു് തികച്ചും അനുസരണമായ ജീവിതസമ്പ്രദായംകൊണ്ടും വാൾട്ടയറിനോടു് ഏറ്റം അനുയോജ്യനായ ഒരുഗ്രന്ഥകാരനായിരുന്ന ജെയിൻജാക്കു് റുസ്സോയും, മതനിഷ്കാസന ശ്രമത്തിൽ അയാളോടു ഭാഗഭാക്കായി. യാതൊരു സ്ഥിരവിശ്വാസമില്ലാത്തവനായ ഈ ആൾ ഒരിക്കൽ കത്തോലിക്കനായ ശേഷം പിന്നീടു മതത്യാഗിയായി പ്രോട്ടസ്റ്റൻറു മതത്തിൽ ചേരുകയും ഒടുവിൽ ഒരു കുപ്രസിദ്ധ അവിശ്വാസിയായി തീരുകയും ചെയ്തു. അടിസ്ഥാനരഹിതമായ ഓരോ തോന്നലുകൾ അനുസരിച്ചു് പുണ്യവേഷം അവലംബിച്ചിരുന്ന ഈ ഉപദേഷ്ടാവു് 25 സംവത്സരങ്ങളോളം കടിഞ്ഞാണില്ലാത്ത ഒരു കുതിരയെപ്പോലെ ജഡമോഹങ്ങൾക്കധീനമായി ജീവിതം നയിച്ചുപോന്നു. അയാൾ വിദ്യാഭ്യാസസംബന്ധമായി ഒരു പ്രബന്ധം രചിച്ചു് അതിനുള്ള രീതികളെ ജനസാമാന്യത്തെ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും സ്വസന്താനങ്ങളുടെ യാതൊരു ഭാരവാഹിത്വവും കയ്യേൽക്കാതെ അവരെ വഴിയരുകിൽ ഇട്ടിരുന്നതിനാൽ അനാഥശിശുക്കളെ സംരക്ഷിക്കുന്ന ഒരു സ്ഥാപനമത്രെ അവർക്കു അവലംബമായിത്തീന്നതു്. ക്രിസ്തീയമതത്തിൻെറ നാശത്തിനായി വാൾട്ടയറിനോടുകൂടി സഹകരിച്ചു പ്രവത്തിച്ചുകൊണ്ടിരിക്കയിൽ വാൾട്ടയറിനെപ്പററിയുള്ള ഇയാളുടെ അഭിപ്രായം ഇപ്രകാരമായിരുന്നു. "ഒരു നീചാത്മാവായ അയാളുടെ തത്വജ്ഞാനം അയാളെ മൃഗതുല്യനാക്കിത്തീർത്തു. വാൾട്ടയർ തൻെറ എതിരാളിയെ നാമകരണം ചെയ്തിരുന്നതു് ജെനീവായിലെ ആഭാസൻ, നീചൻ, ഒരു വെറും വഞ്ചകൻ, ആത്മപ്രശംസകൻ, മനുഷ്യവർഗ്ഗത്തിൻെറ ശത്രു എന്നിപ്രകാരമെല്ലാമായിരുന്നു. മനുഷ്യസമൂഹത്തെ നവീകരിക്കുന്നതിനായി പുറപ്പെട്ടവരുടെ പരസ്പര വത്തനം ഇങ്ങനെയായിരുന്നു.

വാൾട്ടയർ തിരുസഭയോടു മത്സരിക്കുന്നതിനുള്ള തൻെറ ഉദ്യമത്തിൽ ഒരു പൂണ്ണ പദ്ധതി രൂപവൽക്കരിച്ചിരുന്നു. തന്നെപ്പോലെതന്നെ സ്വഭാവവാസനയുള്ളവരായ വളരെ ആളുകളെ ഒരുമിച്ചു കൂട്ടുകയും അവർ തത്വജ്ഞന്മാർ അഥവാ ജ്ഞാനത്തിൻെറ സ്നേഹിതന്മാർ എന്നു തങ്ങളെത്തന്നെ അഭിസംബോധന ചെയ്യുകയും ചെയ്തു. അവർ സമത്ഥന്മാരായിരുന്നതിനാൽ അവരോടെതൃത്തവരെ എല്ലാം അവർ അവഹേളനാംമൂലം പരാജിതരാക്കുകയും തദ്വാര പൊതുജനശ്രദ്ധയെ ആകർഷിക്കയും ചെയ്തിരുന്നു. ലോബേർ, ഡിദരോ, ഹെൽവെസീസു്, മൊന്തെസ്ക്യു, മുതലായവർ സാമുദായികമായും മതപരമായും ലോകത്തെ നവീകരിക്കണമെന്നു പറഞ്ഞുകൊണ്ടു് സത്യവേദത്തെ നാമാവശേഷമാക്കുന്നതിനു് സവ്വാത്മനാ പരിശ്രമിച്ചു. അപവാദങ്ങളും ദൂഷണങ്ങളുമായിരുന്നു

അവരുടെ ആയുധങ്ങൾ. ഈ കഴിഞ്ഞ എഴുപതു വർഷത്തെ കഷ്ടാരിഷ്ടതകളും രക്തപ്രവാഹവും അവരുടെ ശ്രമഫലമായി കരുതാം. ഇവരുടെ കാലം വരെ കുറെ ധനാഢ്യന്മാരായ ആളുകളിൽ മാത്രം അവിശ്വാസം പ്രചരിച്ചിരുന്നു. അതും അവരുടെ അസന്മാർഗ്ഗികതത്വത്തിനു ഒരു അഭയസ്ഥാനമായിട്ടായിരുന്നു അവർ സ്വീകരിച്ചിരുന്നതു്. എന്നാൽ ജനതതി അവരുടെ പിതാക്കന്മാരുടെ വിശ്വാസത്തെ തിരസ്കരിക്കുന്നതിനും വെളിപാടിനെ ഹാസ്യമായി കരുതുന്നതിനും സന്നദ്ധരല്ലായിരുന്നു. എങ്കിലും ഈ നേതാക്കന്മാരുടെ നേതൃത്വത്തിൽ അബദ്ധതത്വം സാധാരണന്മാരുടെ ഇടയിൽ പ്രചരിച്ചു തുടങ്ങി. അവർ വഴിയായി പ്രാൻസു മുഴുവനും എല്ലാ പ്രായത്തിലും സ്ഥിതിയിലും വർഗ്ഗത്തിലും പെട്ട ആളുകൾക്കു് യോജിക്കത്തക്ക ദൂഷിച്ച പുസ്തകങ്ങൾ കൊണ്ടു് മലിനമായിത്തീന്നു. അവയെ സർവ്വകലാശാലകളിലും നാട്ടിൻപുറത്തുള്ള പള്ളിക്കൂടങ്ങളിലും ധാരാളം വിതരണം ചെയ്തു. അവിശ്വാസത്തിൻെറ ഈ വിഷബീജം എല്ലായിടത്തും പ്രചരിപ്പിക്കുന്നതിനു് എല്ലാ മാർഗ്ഗങ്ങളും അവർ പ്രയോഗിച്ചു വേണ്ടതു ശ്രമിച്ചു. ഇപ്രകാരം ചുരുങ്ങിയ ഒരു കാലംകൊണ്ടു് വലുതായ ഒരു ജനവിഭാഗത്തിൻെറ സ്വഭാവഗതിയെ ഇവരുടെ ദുർബോധനങ്ങൾ വ്യതിചലിപ്പിക്കയും സാമുദായിക ബന്ധത്തെ അശേഷം ഭേദിക്കുകയും പ്രവൃത്തികളുടെ എല്ലാം ഏക മൂലതത്വമായി സ്വാർത്ഥതയെ പ്രതിഷ്ഠിക്കയുമുണ്ടായി. ഒരു വലിയ വിപ്ലവം ഉൽഭൂതമാകുന്നതിനു് വേണ്ടതായ സകല ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞു. മനോരാജ്യത്തിൽ ഇരുന്നവ പ്രവൃത്തിരംഗത്തിൽ പ്രത്യക്ഷപ്പെട്ടു. ഈ ജ്ഞാനികൾ തങ്ങളുടെ പ്രബോധനങ്ങളുടെ ദൂഷ്യഫലങ്ങൾ മുൻകൂട്ടി സ്പഷ്ടമായി കാണാതിരുന്നില്ല. എങ്കിലും സ്വരാജ്യത്തിനും ലോകം മുഴുവനുതന്നേയും അവർ തയ്യാറാക്കിയിരുന്ന ഈ നാശക്കുപങ്ങളെ പുഷ്പങ്ങൾമീതെ വിതറി മറക്കുന്നതിനു് മാത്രമെ അവർ ശ്രദ്ധിച്ചുള്ളു.

ഇവരുടെ ഈ പരിശ്രമത്തെ രാജശക്തി അനുകൂലിച്ചില്ല. പോളണ്ടിലെ രാജാവായ സ്റ്റനിസ്ളാവോസിൻെറ പുത്രിയായ മറിയ ലെക്കസെൻസ്കി എന്ന രാജ്ഞി ഒരു തീഷ്ണതയുള്ള കത്തോലിക്കാ മഹിളാമണിയായിരുന്നു. തന്മൂലം അവർ ഫ്രഞ്ചു രാജകുടുംബത്തെ അവിശ്വാസമെന്ന സാംക്രമികരോഗത്തിൽ നിന്നു് സംരക്ഷിച്ചു. ലൂയിസു പതിനഞ്ചാമൻ സ്വഭാവവൈകല്യമുള്ള ആളായിരുന്നുവെങ്കിലും മതകാര്യത്തിൽ സുസ്ഥിരനായിരുന്നതുകൊണ്ടു് ക്രിസ്തീയ ശത്രുക്കളെ അനുകൂലിച്ചില്ലെന്നു മാത്രമല്ല ഈ അബദ്ധ തത്വജ്ഞന്മാർ അദ്ദേഹത്തിൻെറ പ്രീതി സമ്പാദിക്കാനായി ചെയ്തിരുന്ന മുഖസ്തുതികളെ അവജ്ഞാപൂർവ്വം നിരസിക്കയാണുണ്ടായതു്. വിഷയാസക്തവും തദ്വാരാ ലോകത്തിനു് ഉതപ്പുകൊടുക്കത്തക്കതുമായ ഒരു ജീവിതത്തിനു് രാജാവു വിധേയനായിത്തീന്നിരുന്നുവെങ്കിലും ഒടുവിൽ പശ്ചാത്തപിച്ചു് മരണം പ്രാപിക്കയുണ്ടാ

യി. ലൂയിസാ എന്ന അദ്ദേഹത്തിൻെറ പുത്രി സെൻറഡെനീസ് എന്ന സ്ഥലത്തെ കർമ്മലിത്താശ്രമത്തിൽ ഒരംഗമായി ചേൎന്നു. പരിത്യാഗത്തിൻേറയും പ്രായശ്ചിത്തത്തിൻേറയും ഒരു ജീവിതം നയിച്ചിരുന്നു. പിതാവിൻെറ മാനസാന്തരത്തിനു കാരണം മുഖ്യമായി പുത്രിയുടെ ജീവിതവിശുദ്ധിയായിരുന്നു എന്നു വിചാരിക്കപ്പെട്ടുപോരുന്നു.

ഇപ്രകാരം രാജസിംഹാസനത്താൽ നിരോധിക്കപ്പെട്ടകയാൽ ഈ ദുർബോധകന്മാൎക്കു വേറെയും പല പ്രതിബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മതത്തോടുള്ള ഓരോ പുതിയ ആക്രമണത്തിനും തക്കതും സന്ദർഭോചിതവുമായ ഉത്തരം ലഭിച്ചുകൊണ്ടിരുന്നു. അവരുടെ എതിരാളികൾ അജ്ഞാതന്മാരും സാഹിത്യലോകത്തിൽ പ്രശസ്തികുറഞ്ഞവരുമായിരുന്നെങ്കിലും ഈ നാസ്തികബോധനത്തിൻെറ പ്രചാരത്തിനു് വലിയ വിഘാതം അവർ വരുത്തിവെയ്ക്കാതിരുന്നില്ല. ഇവരിൽ പ്രമുഖന്മാരായിരുന്നതു് ഗ്രന്ഥകാരനായ അടബെർജിയർ, രസരസസാഹിത്യകാരനായ അബെഗ്വനെ, എന്നിവരാണു്. ഒടുവിൽ പറഞ്ഞ ദ്ദേഹത്തിൻെറ ലേഖനപരമ്പരകൾ പ്രതിയോഗിയും നാസ്തികപ്രമാണിയുമായ വാൾട്ടയറിനെ തന്നെ ലജ്ജാസമേതം ശിരഃകമ്പനം ചെയ്യിച്ച് സുപ്രസിദ്ധങ്ങളായിതിരുകയുണ്ടായി. എന്നാൽ ഇവയെല്ലാം താല്ക്കാലികമായ തടസ്സങ്ങൾ മാത്രമെ ആയിരുന്നുള്ളു അവിശ്വാസികളുടെ പ്രബന്ധങ്ങൾക്കു് അന്യരാജ്യത്തിൽ സ്വാഗതം അരുളുകയുണ്ടായി. റഷ്യായിലും, പ്രെഷ്യായിലു, സ്പെയിനിലും, പോർട്ടുഗലിലും, അവക്കു ധാരാളം ശിഷ്യന്മാർ ലഭിക്കാതിരുന്നില്ല. ഇപ്രകാരം യൂറോപ്പിനെ നാശഗൎത്തത്തിലേക്കു് ആനയിപ്പിച്ച വിപ്ലവശ്രേണിയുടെ ആരംഭം ഉൽഭൂതമായി. അഹംഭാവത്തിന്മേൽ സ്ഥാപിതമായ പതിനെട്ടാം നൂറ്റാണ്ടിലെ അബദ്ധതത്വജ്ഞാനം ആത്മീകമായും ലൌകികമായുമുള്ള ക്രമീകരണത്തെ നശിപ്പിച്ചു. അവരുടെ അബദ്ധതത്വങ്ങളുടെ ഈ അഭേദ്യമായ അനുമാനത്തെ മറച്ചുവെച്ചുകൊണ്ടു്, രണ്ടും കല്പിച്ചുള്ള അവസാന സമരം പിന്നീടായിക്കൊള്ളാം എന്ന ഉദ്ദേശത്തോടുകൂടിയും അപരിത്യാജ്യമായ ഈ തത്വത്തെ മറച്ചുവെച്ചുകൊണ്ടു് അവരുടെ ബദ്ധവൈരികളും അതിഭയങ്കര പ്രതിയോഗികളുമായിരുന്ന ജെസ്യൂറ്റ സന്യാസവൃന്ദത്തെ അശേഷം ഉൽമൂലനം ചെയ്യുന്നതിനു് വേണ്ട ഗൂഢതന്ത്രങ്ങളെല്ലാം തൽക്കാലം ചെയ്താൽ മതിയെന്നു് കരുതിയും സന്തുഷ്ടരായിരുന്നു. ജീവിതത്തിൽ ഇത്ര വിനീതരും താഴ്മയുള്ളവരുമായ തങ്ങളുടെ അധികാരികളോടും തിരുസഭയോടും ഇത്ര അനുസരണയുള്ള ഈ സന്യാസികൾ മതത്തേയും സാമുദായത്തേയും ധൈൎയ്യസമേതം സംരക്ഷിക്കുന്നതിൽ എല്ലായ്പോഴും പ്രഥമസ്ഥാനം വഹിച്ചിരുന്നു. തങ്ങളുടെ പ്രതിയോഗികൾ കൊണ്ടുവന്നിരുന്ന ഓരോ നൂതന—കയുക്തിയേയും അ

പ്പഴപ്പോൾ ഖണ്ഡിച്ച് അതിൻെറ നിരർത്ഥകതയെ ലോകസമക്ഷം പ്രത്യക്ഷീകരിക്കുന്നതിന് ഈ വിദ്വൽശിരോമണികൾ സദാ ശ്രദ്ധാലുക്കളായിരുന്നു. ആകയാൽ അവർ അബദ്ധതത്വപ്രബോധകന്മാരുടെയും പതിതരുടെയും ദുഷ്ടക്രിസ്ത്യാനികളുടെയും ദൂഷണത്തിനും വിദ്വേഷത്തിനും പാത്രങ്ങളായിതീർന്നതിൽ വിസ്മയിപ്പാനില്ല.

സകല തിന്മകളുടെയും വിളനിലമായ ഒരു പോർട്ടുഗീസുകാരനാണ് ഈ ദുരുദ്ദേശം സാധിക്കുന്നതിന് ഒന്നാമതായി കാഹളം ഊതിയത്. എങ്ങിനെ എന്നാൽ രാജാവിൻെറ ജീവഹാനി വരുത്തുവാൻ ഒരു ഗൂഢാലോചനയിൽ ഈശോസഭക്കാർ ഭാഗഭാക്കുകാരായി എന്നു് അപശ്രുതി ഉണ്ടാക്കുകയും ജനസാമാന്യത്തിന് അവരുടെമേൽ വെറുപ്പും മുൻവിധിയും ജനിപ്പിക്കുന്നതായ ചെറുഗ്രന്ഥങ്ങൾ യൂറോപ്പു മുഴുവനും പ്രചരിപ്പിക്കയും ചെയ്തു. ഈ സഭയെ നിറുത്തലാക്കുന്നതിന് മാർപ്പാപ്പായോടു പലരും ആവശ്യപ്പെട്ടു. എന്നാൽ അവിടുന്ന് ആ അപേക്ഷയെ തിരസ്കരിച്ചപ്പോൾ ശത്രുക്കൾ പരസ്യമായി അവരോടു കയ്യേററം ചെയ്തു തുടങ്ങി. ഈശോസഭക്കാരുടെ സന്യാസ ഭവനങ്ങൾ പട്ടാളക്കാരാൽ വളയപ്പെട്ടു വൈദികരെ അറസ്ററും ചെയ്തു കാരാഗ്രഹത്തിലാക്കി ചിലരെ രാജദ്രോഹക്കാരായി വിധിച്ചു കൊല്ലുകയും ശേഷമുള്ളവരെ ജീവസന്ധാരണത്തിന് യാതൊരു മാർഗ്ഗവുമില്ലാതെ നിസ്സഹായരായി റോമ്മാസംസ്ഥാന തീരത്തു് ഇറക്കുകയും ചെയ്തു. ഇതു് 1759-ൽ ലിസ്ബണിൽ വെച്ച് മാക്ക്വിസ പോംബേൽ പ്രവൃത്തിച്ച കട്ടംകഥയായിരുന്നു. തന്മൂലം ഈ നീചകൃത്യത്തെ യൂറോപ്പുമുഴുവനും വെറുക്കുകയുണ്ടായി എന്നു വരുകിലും താമസംവിനാ മേൽപ്പറഞ്ഞ പരമദുഷ്ടനെപ്പോലെയുള്ള സ്പെയിനിലെ മന്ത്രിപുംഗവൻ ജെസ്യൂററു സംഘം മുഴുവനേയും രാജ്യത്തിൽ നിന്നും നിഷ്കാസനം ചെയ്യുന്നതിന് സ്പെയിൻ ഗവർമ്മേണ്ടിനെ പ്രേരിപ്പിച്ചു. ഈ നൂതനതത്വകന്മാരുടെ പാർശ്വവർത്തിയായിരുന്ന ഡ്യൂക്കുദെ ചൊയിസു എന്ന പ്രഭു ഈ അധമ്മകൃത്യത്തെ അനുകരിക്കുന്നതിന് ഫ്രാൻസിനെ നിർബന്ധിച്ചു. നീതിന്യായാനുസരണമായ യാതൊരു ചോദ്യം ചെയ്യാതെയും യാതൊരു വിസ്താരം നടത്താതെയും തങ്ങളുടെ അവകാശങ്ങളെ പ്രതിവാദിക്കുന്നതിന് വേണ്ട സമയം അനുവദിക്കാതെയും അവരുടെ സഭാനിയമങ്ങൾ അധമ്മപരവും ദൈവദൂഷണപരവും ദൈവമഹത്വത്തിന് ഹാനികരവുമാണെന്നു് നിരീശ്വരന്മാരും മതവിദ്വേഷികളുമായ ഒരു കൂട്ടം ന്യായാധിപന്മാർ വിധിച്ചു. അവരുടെ വിദ്യാലയങ്ങൾ നിറുത്തലാക്കുകയും നവസന്യാസമന്ദിരങ്ങൾ ഇടിച്ചുകളയുകയും അവരുടെ വസ്തുവകകൾ കൈവശമാക്കുകയും അവരുടെ സന്യാസവ്രതങ്ങൾ റദ്ദാക്കുകയും ചെയ്തു. ഈ ഭയങ്കരകൃത്യങ്ങൾ നട

ന്നതു് 1762-ൽ ആയിരുന്നു. നിരപരാധികളായ ഈ സന്യാസികളുടെ വിധിയാളന്മാർ ജൻസേനിയൻപാഷാണ്ഡികളായ പാറല്ല്യമെൻവദ്ദ്യോഗസ്ഥന്മാർആയിരുന്നു. ഇത്ര ദീർഘനാളായി തങ്ങളുടെ അബദ്ധോപദേശങ്ങളോട്ട ധീരധീരംപോരാടി തങ്ങളുടെ ഉള്ളുകള്ളികളെ എല്ലാം ലോകസമക്ഷം കാണിച്ചുകൊടുത്ത ഈ സന്യാസവര്യന്മാരെ അപമാനിച്ചു് അധഃപതിപ്പിച്ചു് ഹാസ്യവിഷയമാക്കുന്നതിൽ അവർഅത്യന്തം ആഹ്ലാദം പ്രദർശിപ്പിച്ചു. ഈ നികൃഷ്ടമായ ബഹിഷ്കരണത്തിൽ സകല നീതിയും സൽബുദ്ധിയും നീക്കി വെച്ചുകൊണ്ടാണു് ഈ കക്ഷികൾ പ്രവൎത്തിച്ചിട്ടുള്ളതു്. എന്നാൽ ആരുടെ തിരുനാമം അവർ സ്വീകരിച്ചുവോ ആ ക്രിസ്തുവിൻെറ ദിവ്യമാതൃകയോട്ടു് അനുരൂപപ്പെടുത്തുന്നതിനുള്ള അവസരമായിട്ടു മാത്രമാണു് ആ മഹാത്മാക്കൾ ഈ പീഡനത്തിനു് സ്വാഗതമരുളിയതു്. സന്മാർഗ്ഗപദ്ധതിയിൽ നിന്നും വ്യതിചലിച്ചവരാണെന്നു് ഒരപരാധം അവരുടെ മേൽ ചുമത്തിയിരുന്നെങ്കിലും തങ്ങളുടെ മനസ്സാക്ഷി സമ്മതിക്കാത്തതായ ഒരു ശപഥം ചെയ്യുവാൻ വിധിയാളന്മാർ നിർബന്ധിച്ചപ്പോൾ അതിനു വശംവദരായില്ല. ഈ അനീതിപരമായ പീഡനംകൊണ്ടു് ഈ വ്യാജപ്രബോധകന്മാരിലും ജൻസേനിയരിലും ആളിക്കത്തിയിരുന്ന പ്രതികാരേച്ഛക്കു് ശമനമുണ്ടായില്ല. തന്നിമിത്തം ഈ സഭയെ ഔദ്യോഗികമായി എന്നേക്കും നിറുത്തൽ ചെയ്യുന്നതിനു് റോമ്മാ മാർപ്പാപ്പായിൽ നിന്നു് ഒരു തിരുവെഴുത്തു ലഭിക്കുന്നതിനു് അവർ വളരെ പ്രയാസപ്പെട്ടു. ഈ ഉദ്ദേശനിവൃത്തിക്കായി പലേ രാജ്യങ്ങളിലും ഉണ്ടായിരുന്ന തിരുസിംഹാസനംവക സ്വത്തുക്കൾ കണ്ടുകെട്ടിയിട്ടു്, ഈ ശോസഭക്കാർ നാമാവശേഷമായിട്ടല്ലാതെ മാർപ്പാപ്പായിയ്ക്കു വിട്ടുകൊടുക്കുക ഇല്ലാ എന്നും പ്രസ്തുത സഭയുടെ ഉൻമൂലനം ഒന്നുകൊണ്ടു മാത്രമെ തിരുസിംഹാസനവും ഇതര ഗവമ്മെണ്ടുകളും തമ്മിൽ സമാധാനവും സൌഹാർദ്ദവുമായിരിക്കുവാൻ സാധിക്കയുള്ളുവെന്നും മാർപ്പാപ്പായെ അവർ ഉൽബോധിപ്പിച്ചു. 14-ാം ക്ലെമൻസു് മാർപ്പാപ്പാ സഭയെ നിറുത്തലാക്കാതിരിക്കുന്നതിനു് സകല മാർഗ്ഗങ്ങളും പ്രയോഗിക്കയുണ്ടായി എങ്കിലും ഒടുവിൽ 1773 ജൂലായി 21-ൽ ഈശോസഭയെ നിറുത്തലാക്കുന്നതായ തിരുവെഴുത്തുവിളംബരം പരസ്യപ്പെടുത്തുന്നതിനു നിർബന്ധിതനായി. ഉടനെ വ്യാജതത്വബോധകർ സന്തോഷംകൊണ്ടു് ആർപ്പുവിളിച്ചു. അവരുടെ അതിഘോരവും രക്തമയവുമായ ഭരണകാലത്തിൻെറ ഉദയം പ്രത്യക്ഷപ്പെട്ടതുകണ്ടു് മംഗളം ആശംസിച്ചു. ഇങ്ങനെ ക്രിസ്തീയ ലോകത്തിൻെറ ധീരന്മാരും പണ്ഡിതശിരോമണികളുമായ സംരക്ഷകന്മാർ അതിനു് നഷ്ടപ്പെട്ടുപോയി. ഈ പരാജയം സുദീർഘവും ക്ലേശഭൂയിഷ്ടവുമായ നിരവധി നാശങ്ങളുടെ ആദ്യഖണ്ഡികയായിരുന്നു.

ഈ കാലഘട്ടത്തിൽ തന്നെ സ്വതന്ത്രചിന്തകന്മാരെന്നു് തന്നെത്താൻ സംബോധനം ചെയ്യുന്നവരും തങ്ങളുടെ സമ്മേളനങ്ങൾ രഹസ്യ

സ്ഥലങ്ങളിൽ ഗൂഢമായി നടത്തുന്നതിനാൽ മിണ്ടാമാർഗ്ഗക്കാരെന്ന പേരാൽ അറിയപ്പെടുന്നവരും സംഖ്യാബലവും കൂട്ടുകെട്ടുള്ളവരും ആയ ഒരു സംഘം ആളുകളുടെ ദുഷ്കൃത്യങ്ങളാൽ യൂറോപ്പിലെ പട്ടണങ്ങളെല്ലാം വഷളായി. ഏററവും ശോചനീയമായ ഒരവസ്ഥയെ പ്രാപിച്ചിരുന്നു. അവിശ്വാസബീജങ്ങളടങ്ങിയ ദുർബോധനകളെ ഇദംപ്രഥമായി വിതച്ചതു് ഇംഗ്ളണ്ടാണു്. ഈ ആപൽകാരികളായ മനുഷ്യകീടങ്ങൾ ആദ്യമായി ആവിർഭവിച്ചതും അവിടെതന്നെയായിരുന്നു. ഈ രഹസ്യസംഘത്തിന്റെ ഉദ്ദേശങ്ങളും പ്രവൎത്തനാവ്യാപ്തികളും എത്രകണ്ടു ഭയങ്കരങ്ങളാണെന്നു് കണ്ടുപിടിക്കുന്നതിനു് ഇതുവരെയും ആക്കും സാധിച്ചിട്ടില്ല. എങ്കിലും അവരുടെ ലാക്കു് മതത്തെ അശേഷം ഉന്മൂലനം ചെയ്കയും സാമുദായിക ക്രമത്തെ കീഴ്മേൽ മറിക്കുകയും ചെയ്യണമെന്നുള്ളതാണെന്നു് ദൃഷ്ടാന്തപ്പെടുത്തുന്നതായ അനേകം രേഖകൾ ലഭിച്ചിട്ടുണ്ടു്. അവരുടെ സഖ്യത്തിന്റെ യഥാൎത്ഥ ഉദ്ദേശങ്ങളും പ്രവൎത്തനങ്ങളും എന്താണെന്നു് സംഘാംഗങ്ങളിൽ ഭൂരിപക്ഷത്തിനും അറിഞ്ഞുകൂടാ. എങ്കിലും ദീനദശയിൽ ഉൾപ്പെട്ടാൽ വേണ്ട സഹായാശ്വാസങ്ങളെല്ലാം സിദ്ധിക്കുമെന്നുള്ള പ്രതീക്ഷ ഒന്നുകൊണ്ടാണു് അവരെല്ലാവരും ഈ ഗൂഢസംഘത്തിലേക്കു് ആകർഷിക്കപ്പെടാറുള്ളതു്. ഇപ്രകാരം സംഘത്തിന്റെ ദുഷ്പ്രവൎത്തനങ്ങൾക്കും അപരാധങ്ങൾക്കും അവരും ന്യായമായി ഓഹരിക്കാരാകുന്നു. എന്നാൽ സംഘവ്യവസ്ഥകളനുസരിച്ചു് ചില വ്രതങ്ങൾ അനുഷ്ഠിച്ചവർ മാത്രമേ സംഘരഹസ്യങ്ങളെല്ലാം അറികയും അതിന്റെ പുരോഗമനത്തെ ഉന്മേഷപൂൎവ്വം തള്ളി മുന്നോട്ടു് വിടുന്നതിനു് സാധിക്കയും ചെയ്യുന്നുള്ളു. മിണ്ടാവൎഗ്ഗം ഇദംപ്രഥമമായി ഭൂമുഖത്തു പ്രത്യക്ഷപ്പെട്ടപ്പോൾ അതു് രാഷ്ട്രത്തിനും ഉപദ്രകരമായ ഒരു സംരംഭം ആണെന്നു് സകലരും കരുതി അതിനെ ദ്വേഷിക്കുകയും അതിന്റെ ഭവിഷ്യ തിന്മകളെപ്പററി വലുതായ ആശങ്ക പ്രദർശിപ്പിക്കയും ചെയ്യുകയുണ്ടായി. ഈ കൂട്ടരുടെ ലോഡ്ജ്സ് എന്നു പറയുന്ന സമ്മേളനങ്ങളിൽ സംബന്ധിച്ചിരുന്നവർ വാൾട്ടയർ, കൊണ്ടോർസെററു്, ലലാണ്ടു്, ഓൾനെ, മിരബോ, മുതലായി കുപ്രസിദ്ധന്മാരും പരമദുഷ്ടന്മാരുമായ ആളുകളായിരുന്നു. 12-ാം ക്ലെമൻററു് 14-ാം ബനദിക്ററു് എന്നീ മാർപ്പാപ്പാമാർ ദീർഘമായ പരിശോധനയുടെ ശേഷം കത്തോലിക്കരിലാരെങ്കിലും അതിൽ ചേററ കൂടാ എന്നും വല്ലവരും അറിയാതെ ചേൎന്നുപോയെങ്കിൽ തൽക്ഷണം അതു് പരിത്യജിച്ചു കൊള്ളണമെന്നും അതികൎശനമായ മഹറോൻ ശിക്ഷയിൻകീഴു് ആജ്ഞാപിച്ചു. എന്നാലും ആ ദുഷ്ടസംഘം വൎദ്ധമാനമായിക്കൊണ്ടു തന്നെ വന്നു. യൂറോപ്പു് ആസകലം മിണ്ടാമാൎഗ്ഗസംഘത്തിന്റെ വലയിൽ കുടുങ്ങി ഒരു വിപ്ളവകാഹളത്തിന്റെ പ്രതിധ്വനി കേൾക്കുവാൻ ആശങ്കയോടുകൂടി കാത്തിരിക്കയായിരുന്നു. എന്നാൽ ആ കാഹളം ആദ്യമായി ഊതിയതു് ഫ്രാൻസിൽ അത്രെ. 16-ാം ലൂയീസു് അവിടത്തെ രാജാവുമായിരുന്നു. നൂതന തത്വവാദികൾ തങ്ങൾക്കായി

സൎവ്വസ്വാതന്ത്ര്യമായ ഒരു ജീവിതപദ്ധതി സമാരംഭിക്കുന്നതിനു് സമയം ആസന്നമായിരിക്കുന്നുവെന്നു് തീരുമാനിച്ചുകഴിഞ്ഞു. എന്നാൽ അതു് എത്രത്തോളം സാധിതമായിത്തീൎന്നു എന്നുള്ളതു് ഉടനെ നമുക്കു കാണാം

---

# 3. ഫ്രഞ്ചുവിപ്ലവം. 1789.

---

18-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ യൂറോപ്പിനെ ഇളക്കിമറിച്ചതും ഇപ്പോഴും മറിച്ചുകൊണ്ടിരിക്കുന്നതുമായ ഭയങ്കരങ്ങളായ രാഷ്ട്രീയ കലഹങ്ങൾ എല്ലാം വിവരമായി എഴുതുക ഈ ചരിത്ര സംഗ്രഹത്തിന്റെ ഉദ്ദേശത്തെ അതിലംഘിക്കുന്നതാകയാൽ ദൈവത്തിന്റെ രാജ്യമായ തിരുസഭയെ സംബന്ധിക്കുന്നിടത്തോളം മാത്രം അവയിൽ പ്രധാനമായിരിക്കുന്ന സംഭവങ്ങൾ ചുരുക്കമായി ഇവിടെ രേഖപ്പെടുത്തുന്നതിനു് കരുതുന്നു.

ഭയങ്കരങ്ങളായ കുഴപ്പങ്ങൾ യൂറോപ്പിൽ എല്ലായിടത്തും പ്രത്യക്ഷപ്പെട്ടു വരുകയായിരുന്നു. മനുഷ്യഹൃദയത്തെ സമാധാനരഹിതമാക്കിത്തീൎത്തിരുന്ന രണ്ടു കാരണങ്ങൾ നാം സ്വല്പംമുൻപു് പ്രസ്താവിച്ചുകഴിഞ്ഞല്ലൊ. അതിൽ ഒന്നു് സകല ധൎമ്മബോധത്തേയും മാനമൎയ്യാദകളേയും അശേഷം നശിപ്പിച്ചിരുന്ന അവിശ്വാസപരമായ തത്വപ്രബോധനവും രണ്ടാമത്തേതു് വ്യവസ്ഥാപിതമായ എല്ലാ രാഷ്ട്രീയാധികാരത്തേയും ഉന്മൂലനം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏൎപ്പെടുത്തപ്പെട്ട രഹസ്യസംഘങ്ങളുടെ അഥവാ മിണ്ടാമാൎഗ്ഗത്തിന്റെ ഗൂഢതന്ത്രങ്ങളും ആയിരുന്നു. ഗവൎമ്മേണ്ടിന്റെ എല്ലാ തുറകളിലും കടന്നുകൂടിയിരുന്ന എല്ലാ അധികാര ദുഷ്പ്രയോഗങ്ങളേയും മൂന്നാമതൊരു ഹേതുവായി കരുതാവുന്നതാണു്. ഭരണയന്ത്രം തിരിച്ചിരുന്ന ആളുകൾ തീരെ ദുർവൃത്തന്മാരായിരുന്നതിനാൽ തങ്ങളുടെ അധികാര ചുമതലകളെ നിശ്ശേഷം അവഗണിച്ചുകൊണ്ടു് അതിലെ ആദായാനുഭവങ്ങളെ മാത്രം ഉദ്ദേശിച്ചു പ്രവൃത്തിച്ചിരുന്നു. അവർ ദൈവത്തോടു മറുതലിച്ചതിനാൽ അവരുടെ പ്രജകൾ അവരോടും മറുതലിച്ചു. സമുദായത്തിന്റെ ഹൃദയത്തിൽ ഒരിക്കൽ നട്ട വിഷബീജം വളരാതിരിക്കുവാൻ നിവൃത്തിയില്ലല്ലൊ. നിരീശ്വരന്മാരായ ഈ നേതാക്കന്മാർ ജനതതിയുടെ ഇടയിൽ നാസ്തികത്വം അഥവാ നിരീശ്വരത്വം എന്ന സൎവ്വനശീകരണവിത്തു് വിതച്ചതിനാൽ വിപ്ലവങ്ങളും രക്തപ്രവാഹങ്ങളും അത്രേ വിളഞ്ഞതു്. സമുദായപരമായ പലേസ്ഥാപനങ്ങളും ഉണ്ടായിരുന്നെങ്കിലും അവ ഈ നൂതന തിന്മകളെ തടുക്കുന്നതിനു് പൎയ്യാപ്തമല്ലായിരുന്നു. അരാജകപ്രബോധനങ്ങൾ

ജനസഞ്ചയത്തെ വലിച്ചുകൊണ്ടുപോയിരുന്ന ആ കാലഘട്ടത്തിലല്ലായിരുന്നു എന്നുവരുകിൽ ഒരു വിവേകപൂർവ്വമായ സമുദായ നവീകരണം ഉദ്ദിഷ്ടഫലം ജനിപ്പിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ സ്വാതന്ത്ര്യം എന്നും സാഹോദര്യം എന്നും ഉൽഘോഷിച്ചിരുന്ന ഈ നാസ്തികപ്രമാണികൾ ഭരണയന്ത്രം പിടിച്ചുതുടങ്ങിയിട്ടു് ചുരുങ്ങിയ കാലത്തിനിടയിൽ കാട്ടിക്കൂട്ടിയ ക്രൂരതകൾ അത്ഭുതപൂർവ്വമായിട്ടുള്ളവയായിരുന്നു. ഇവരുടെ ഒന്നാമത്തെ ദ്വേഷപാത്രങ്ങൾ വൈദികഗണമായിരുന്നു. വൈദീകരാകട്ടെ അടുത്തു സംഭവിപ്പാനിരുന്ന മഹാപെശറിനെ ദൂരദൃഷ്ട്യാ കണ്ടുകൊണ്ടു് "ഏതാനും വർഷങ്ങൾ കഴിയുമ്പോൾ ഫ്റാൻസു മുഴുവനും ഒരു നാമാവശിഷ്ടമായി പരിണമിക്കും" എന്നു് അവരുടെ ഒരു സമ്മേളനത്തിൽ വെച്ചു് പ്രസ്താവിക്കയുണ്ടായി. ഈ പ്രസ്താവനയെ നാസ്തികന്മാർ കേട്ടപ്പോൾ അപഹനിച്ചുകൊണ്ടു് പണ്ടു് യൂദന്മാർ ഈശോയെ വധിക്കുന്നതിനായിട്ടു് മുറവിളി കൂട്ടികൊണ്ടു് പറഞ്ഞ ആ ദുഷ്ടവാക്യം തന്നെ ആവർത്തിക്കയാണുണ്ടായതു്. "ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കുവാൻ ഞങ്ങൾക്കു മനസ്സില്ല."

16-ാം ലൂയീസ് ഒരു നല്ല ഭക്തനായ രാജാവായിരുന്നു. എങ്കിലും ഈ ആപൽഘട്ടത്തിൽ ഭരിക്കുവാൻ തക്ക ശക്തി ഇല്ലാത്ത ആളായിരുന്നതിനാൽ ഒരു പൊതുജനസംഘം വിളിച്ചുകൂട്ടി. സമുദായത്തെ ചീന്തികീറിയിരുന്ന തിന്മകൾക്കു് പ്രതിവിധി ആലോചിച്ചു് നിശ്ചയിക്കാമെന്നു കരുതി. ഇങ്ങനെ വൈദികരും പ്രഭുക്കന്മാരും ജനപ്രമാണികളും മററും അടങ്ങിയ ഒരു മഹാജനസഭ മെർസേൽസു് എന്ന പട്ടണത്തിൽ സമ്മേളിച്ചു. ഇവിടെ പ്രസ്താവ്യങ്ങളല്ലാത്ത അനേക വാദപ്രതിവാദങ്ങളുടെ ശേഷം പള്ളിവക സ്വത്തുക്കൾ എല്ലാം കണ്ടുകെട്ടുന്നതിനു് തീരുമാനിച്ചു. പള്ളിവസ്തുക്കൾ എല്ലാം ഗവമ്മേണ്ടുവകയാണെന്നും സന്യാസവ്രതങ്ങൾ തൽക്കാലം നിറുത്തലാക്കപ്പെട്ടിരിക്കുന്നു എന്നും വിധി പ്രസ്താവിച്ചു. താമസംവിനാ ഈ സ്വത്തുക്കളിൽ ഏറിയഭാഗവും വിററു. എല്ലാ സന്യാസസഭകളേയും ഉൽമൂലനം ചെയ്തു. ഫ്റാസിൽ തന്നെ സന്യാസ ആശ്രമങ്ങളായും, കന്യകാമന്ദിരങ്ങളായും, പന്തീരായിരത്തിൽ പരം സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇവയെല്ലാം ഫ്റാൻസിലെ രാജാക്കന്മാർ അല്ലങ്കിൽ പ്രഭുക്കന്മാർ സ്ഥാപിച്ചിട്ടുള്ളതും ന്യായാനുസരണമായ ഗവമ്മേണ്ടു സംരക്ഷണത്തിനർഹതയുള്ളതും ആയിരുന്നു. ഫ്റാൻസിനു് ഒട്ടുക്കു് വിദ്യാസമ്പാദനത്തിനും സുകൃതാഭിവൃദ്ധിക്കും അവ ഭദ്രമായ സങ്കേതസ്ഥാനങ്ങളായിരുന്നു. വല്ലടത്തും വല്ല ദുരാചാരങ്ങൾ കടന്നുകൂടിയിട്ടുണ്ടായിരുന്നു എങ്കിൽ അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം നോക്കേണ്ടതായിരുന്നു എന്നല്ലാതെ ആ സ്ഥാപനങ്ങളെ അശേഷം നിർമ്മൂലമാക്കിയതു ശരിയായില്ല. ഈ സ്ഥാപനങ്ങൾ സാഹിത്യകലാവിദ്യകളുടെ വിളനിലമായിരുന്നു. എന്നാൽ ഇവയെ

ല്ലാം പാടെ നശിപ്പിക്കപ്പെട്ടു. മെത്രാന്മാരും വൈദികരും ഈവക ഉന്ന യങ്ങളെ സർവ്വശക്തിയും പ്രയോഗിച്ചു് നിഷേധിച്ചിരുന്നിട്ടും അനേക ശതാബ്ദങ്ങളിലെ നിരന്തരമായ അദ്ധ്വാനങ്ങളുടെ ഈ ഫലത്തെ നാസ്തികന്മാർ ഒരു ദിവസംകൊണ്ടു് നാമാവശേഷമാക്കിതീർത്തു.

സന്യാസസഭകളെ ഇങ്ങിനെ നശിപ്പിച്ചിട്ടു് പിന്നത്തെ അവരുടെ ആക്രമണം തിരുസഭയുടെ നേരെ ആയിരുന്നു. നിരീശ്വരാദർശത്താൽ പ്രേരിതരായ അഭിഭാഷകന്മാർ സഭയെ നവീകരിക്കുന്നതിനു് ഒരുമ്പെട്ടു് ഒരു പ്ലാൻ തയാറാക്കിക്കഴിഞ്ഞു. മെത്രാസനരൂപതകളെ വെട്ടിക്കുറച്ചു് 135_ൽ നിന്നും 80 ആക്കി പഴെ രൂപതകളെ അശേഷം ഇല്ലാതാക്കി പുതിയ രൂപതകളെ സൃഷ്ടിക്കുകയും ചെയ്തു. വൈദികസംഘങ്ങളേയും അവയ്ക്കുള്ള മൂലധനങ്ങളെയും നശിപ്പിച്ചു. മെത്രാന്മാരെ വാഴിക്കുന്നതിനു് മാർപ്പാപ്പായുടെ അനുമതി ആവശ്യമില്ലെന്നും മെത്രാപ്പോലീത്തായുടെ അംഗീകരണം മതിയെന്നും ആയിരുന്നു ഇവരുടെ നിശ്ചയം. ഒരു മെത്രാനെ നിയമിച്ചിട്ടു് ആവിവരം എഴുത്തുമൂലം മാർപ്പാപ്പായെ അറിയിക്കയും തിരുസിംഹാസനത്തോടു് തങ്ങൾക്കു് ബന്ധമുണ്ടെന്നു് അതിൽ പ്രസ്താവിക്കയും ചെയ്യു മാത്രമായിരുന്നു മർപ്പാപ്പായോടുള്ള അവരുടെ ശേഷിച്ചബന്ധം മെത്രാന്മാരെയും ഇടവക ഭരിക്കുന്ന വൈദികരേയും തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഓരോ സംഘങ്ങൾക്കുള്ളതായിരുന്നു. വികാരിമാരെ നിയമിച്ചിരുന്നതു് മെത്രാന്മാരുടെ അനുമതി കൂടാതെയായിരുന്നു ഈ നവീകരണത്തെ വൈദികരെ സംബന്ധിച്ചുള്ള രാഷ്ട്രീയ നിയമം എന്നായിരുന്നു അവർ വിളിച്ചിരുന്നതു്. ഈ നിയമം പ്രസിദ്ധമായ ഉടൻ അതൊരു ശിശ്മപരമായ ഏർപ്പാടായി പരിത്യജിക്കപ്പെട്ടു. ഫ്റാൻസിലെ മെത്രാന്മാരിൽ നാലുപേർ മാത്രമേ ഈ നിയമത്തിനു് വിധേയരായുള്ളു. രാജാവാകട്ടെ ബലഹീനത നിമിത്തം ഇതിനെ അംഗീകരിച്ചെങ്കിലും ഉടൻ പശ്ചാത്തപിച്ചു് തൻെറ അംഗീകരണത്തെ പിൻവലിക്കാതിരുന്നില്ല. ഒരു വാരത്തിനകം ഈ പുതിയ നിയമത്തെ സ്വീകരിച്ചു ശപഥം ചെയ്യാത്ത സകല വൈദികരേയും അവരുടെ ഉദ്യോഗത്തിൽനിന്നു് നീക്കുന്നതാണെന്നു് വിപ്ലവസംഘം വിളംബരം ചെയ്തു. തിരുസഭയുടെ അവകാശങ്ങളെ പരിത്യജിക്കുന്നതിനേക്കാൾ മർദ്ദനം, രാജ്യബഹിഷ്ക്കരണം, ദാരിദ്ര്യം, എന്നീ പീഡനങ്ങൾ സഹിക്കുകതന്നെയാണു് തങ്ങളുടെ ധർമ്മമെന്നായിരുന്നു വൈദികരിൽ ഭൂരിപക്ഷത്തിൻെറയും നിശ്ചയം. അതിനാൽ അവരെ തൽസ്ഥാനങ്ങളിൽനിന്നും നീക്കുകയും പകരം അന്യന്മാരെ ബലമായി പ്രവേശിപ്പിക്കയും ചെയ്തു. ഇങ്ങനെ പ്രവേശിച്ചതായ പോയിറ്റിയേഷ്സിലെ മെത്രാൻ വിശ്വാസസ്ഥിരതയുള്ള വൈദികരെ നാടുകടത്തണമെന്നുള്ള വിപ്ലവകക്ഷികളുടെ വിളംബരത്തിനു് സമ്മതിച്ചു് ഒപ്പു വെക്കുവാൻ പോയ മാത്രയിൽ നിര്യാതനായി. ഈ നൂതന

നിയമത്തെ അശേഷം ശപിച്ചുകൊണ്ടു് 6–ാം പീയൂസ് മാർപ്പാപ്പാ ഒരു തിരുവെഴുത്തു ഈ സന്ദർഭത്തിൽ വിളംബരം ചെയ്തു. തൽഫലമായി വിപ്ലവകക്ഷികളെ അനുകൂലിച്ചിരുന്ന അനേകം വൈദികർ തങ്ങളുടെ ചുമതലയെ ഗ്രഹിച്ചു പീഡനം സഹിച്ചിരുന്ന കത്തോലിക്കാസഭയോടു് പുനരൈക്യപ്പെടുകയുണ്ടായി. എന്നാൽ വിപ്ലവകക്ഷികളാകട്ടെ അവരുടെ ഉദ്യമത്തിൽനിന്നും പിൻമാറിയില്ല. മാത്രമല്ല കുപ്രസിദ്ധനായ മിരഭോ എന്ന നാസ്തിക വയ്യൻെറ വാക്കുകൾക്കനുസരണമായി ഫ്രാൻസുരാജ്യത്തെ ഒരു അകത്തോലിക്കാ രാജ്യമാക്കണമെന്നു് ശപഥം ചെയ്കയാണുണ്ടായതു്. ഇതിൻെറ ഗുണദോഷം പരീക്ഷിക്കുന്നതിനൊരുമ്പെട്ടു് തിരുസിംഹാസനം വകയായിരുന്ന അവിഞ്ഞോൻ പട്ടണത്തെ കീഴടക്കുകയും തിരുസഭയോടു യോജിച്ചു നിന്നു എന്നുള്ള കാരണത്താൽ അവിടത്തെ അറുന്നൂറിൽ പരം പട്ടണവാസികളെ വാളിനിരയാക്കുകയും ചെയ്തു. ഈ മർദ്ദനം ഫ്രാൻസൊട്ടുക്കു് നടത്തി. തിരുപാത്രങ്ങൾ മറച്ചുവച്ചിരുന്നതിനാൽ വൈദികരെ അംഗഛേദനം ചെയ്തു. ആഞ്ചെഷ്സ് പട്ടണത്തിൽ മൂന്നൂറോളം വൈദികരെ ഒരു കാരാഗ്രഹത്തിൽ അടച്ചു് അതിഘോരമായ വിധത്തിൽ പീഡിപ്പിച്ചു. പൂയി എന്ന രൂപതയിലെ ഭദ്രാസനപള്ളി അഗ്നിക്കിരയാക്കി. അവിരാഞ്ചെസിലെ പള്ളി ഇടിച്ചുപൊളിച്ചു. വൈദികർ തങ്ങളുടെ സ്ഥാനവസ്ത്രം ഒന്നും ഉപയോഗിക്കുവാൻ പാടില്ല എന്നു മുടക്കി. ഈ വിപ്ലവക്കാരെ അനുകൂലിച്ചു പ്രോത്സാഹിപ്പിച്ചിരുന്നതു് ദുർഭഗനായ ഓർലാൻസിലെ ഫിലിപ്പു പ്രഭുവായിരുന്നു. ഇവർ നശിപ്പിച്ച ദേവാലയങ്ങൾ, കുരിശുപള്ളികൾ, പ്രാത്ഥനാലയങ്ങൾ, ഇവയെല്ലാത്തിൻെറയും സംഖ്യ നാല്പതിനായിരത്തിൽ പരമായിരുന്നു. ഇതിലും അധികം പള്ളികളെ കുതിരാലയങ്ങൾ, കച്ചവടസ്ഥലങ്ങൾ, പാൎപ്പിടങ്ങൾ, നാടകശാലകൾ, ഭക്ഷണശാലകൾ, ഇവയാക്കിതീൎത്തു. പള്ളിമണികൾ, തൂങ്ങപ്പെട്ടരൂപങ്ങൾ, കാസാകൾ, മുതലായ എല്ലാവകപള്ളിസാമാനങ്ങളിൽ ചിലതെല്ലാം നശിപ്പിക്കുകയും, മററു ചിലതു സമുദായസ്നേഹിതർ എന്നു് സ്വയം ഘോഷിക്കുന്ന ഇവർ കൈവശപ്പെടുത്തുകയും ചെയ്തു. ഈ ക്രൂരകൃത്യങ്ങൾക്കിടയിൽ വൈദികർ, സന്യാസികൾ, കന്യകകൾ, സാധുക്കളായ കൃഷീവലന്മാർ ആദിയായവർ ഈ ഘാതകന്മാരെക്കൂടെയും വിസ്മയപരതന്ത്രരാക്കുമാറു് അത്ര ധൈര്യത്തോടും പ്രശാന്തതയോടും കൂടി രക്തസാക്ഷിമകുടം പ്രാപിച്ചിരുന്നു. അനവധി ആളുകൾ ജീവരക്ഷാത്ഥം വിദേശങ്ങളിൽ അഭയം പ്രാപിക്കയും തദ്വാരാ പാഷണ്ഡോപദേശത്തിനു വിധേയമായ രാജ്യങ്ങളിൽ കത്താവിൻെറ വഴിയെ സജ്ജീകരിക്കയും ചെയ്തു. വിപ്ലവസംഹാരത്തിൽനിന്നും ഓടി രക്ഷപെട്ട കത്തോലിക്കരുടെ ശ്രേയസ്ക്കരമായ വിജയങ്ങൾ നിമിത്തം അസൂയാലുക്കളായ ഈ നാസ്തികന്മാർ ഫ്രാൻസിൽ ശേഷിച്ച വൈദികരെ അശേഷം പീഡിപ്പിക്കണമെന്നു തീരുമാനിച്ചു. ഈ വൈദികരിൽ ഒരു വ

ലിയ കൂട്ടത്തെ പിടിച്ചു് പാരീസിലെ ജയിലുകളിൽ ആക്കുകയും കന്യകാമഠങ്ങളും വൈദികവിദ്യാലയങ്ങളും തൽക്കാലം കാരാഗൃഹവസതികളാക്കിത്തീർക്കുകയും ചെയ്തു. 1792 സെപ്റ്റംബർ 1-ാംനു- രാത്രിയിൽ നാടു വിട്ടു പോകുന്നവരുടെ അഭയ സ്ഥാനങ്ങളിൽ അവർക്കു ലഭിക്കുന്നതായ വിജയങ്ങളെ അറിയിക്കുന്ന നോട്ടീസുകൾ, പട്ടണം ആസകലം ഭിത്തികളിൽ പതിച്ചു. അനന്തരം പട്ടണവാതിലുകൾ എല്ലാം അടയ്ക്കപ്പെടുകയും കാഹളം ഊതുകയും ഈ ദുഷ്ടന്മാരുടെ ആക്രമണത്തിന്നധീനമാകാറായിരുന്ന ഷാപഞ്ഞേ എന്ന സ്ഥലം സംരക്ഷിക്കുവാൻ ജനങ്ങൾ ഓടിക്കൂടുന്നതിനു് ആവശ്യപ്പെടുകയും ചെയ്തു. ജനക്കൂട്ടത്തിൻെറ മദ്ധ്യേ കേൾക്കപ്പെട്ടിരുന്ന ശബ്ദം ജയിലിലേക്കു ഓടുക; ജയിൽവാസികളെ കൊല്ലുക, അവർ നമ്മുടെ സാക്ഷാലുള്ള ശത്രുക്കളാകുന്നു, എന്നായിരുന്നു. കർമ്മലീത്താമഠത്തിൻെറ മുററത്തു് കൊള്ളക്കാർ പ്രവേശിച്ചു് പ്രഭാതത്തിലെതന്നെ പട്ടക്കാരെവിളിച്ചുണർത്തി അവരെ ആശ്രമപ്പള്ളിയിലേക്കയച്ചു. അവിടെവെച്ചു് കോപാക്രാന്തരായ ലഹളക്കാർ പട്ടക്കാരിൽ വളരെ പേരെ തൽക്ഷണം നിഷ്ഠൂരമായിവധിച്ചു. കുറെപേരെ പള്ളിയിലേക്കു് കൊണ്ടുപോയി കൊന്നു. അനന്തരം ഒരു താല്ക്കാലിക കച്ചേരി സ്ഥാപിച്ചു ബാക്കിയുണ്ടായിരുന്നവരിൽ ഈരണ്ടു ഈരണ്ടുപേരെ കൊണ്ടുവന്നു വിസ്താരം തുടങ്ങി. അവരോടു നൂതനനിയമത്തെ സ്വീകരിച്ചു് ശപഥം ചെയ്യുന്നോ ഇല്ലയോ എന്നു ചോദിക്കുകയും അതിനു വിസമ്മതിക്കുന്നവരെ നിമിഷത്തിൽ ഹിംസിക്കയും ചെയ്തിരുന്നു. ഓരോ കൊലക്കും ജനക്കൂട്ടം ആർപ്പുവിളിച്ചിരുന്നു. ഇതിനിടയിൽ ബന്ധനസ്ഥർ ബലിപീഠത്തിൻെറ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടു് അവരുടെ അന്ത്യസമയത്തെ പ്രതീക്ഷിച്ചിരുന്നു. അവരുടെ പേരു വിളിക്കപ്പെട്ടപ്പോൾ പ്രശാന്തഗംഭീരതയോടുകൂടി മൌനപ്രാർത്ഥനയിൽ നിമഗ്നരായി സന്തോഷമുഖരായി നടന്നുചെന്നു് ഈശോ എന്ന തിരുനാമം ചൊല്ലിക്കൊണ്ടു് കൊള്ളക്കാരുടെ വാളിനിരയായി. ഏതാദൃശ്യങ്ങളായ ഘോരസംഭവങ്ങൾ, സെൻറു ഫർമീ തുടങ്ങിയുള്ള പാരീസിലെ കാരാഗൃഹവസതികളിലും മോറെയിംമ്സ്, ലയൻസ്, വെർസെയിൽസ് എന്നീ നഗരങ്ങളിലും നടന്നിരുന്നു.

ഇനി നാം ഈ രംഗസ്ഥലം വിട്ടു് 16-ാം ളൂയീസിൻെറയും അദ്ദേഹത്തിൻെറ പത്നി മരിയഅന്തോനീയാത്തിൻേറയും മരണവൃത്താന്തത്തിലേക്കു കടക്കാം. എന്നാൽ ഈ തത്വജ്ഞാനികളെന്നു നടിക്കുന്നവർ ഉൽഘോഷിച്ചിരുന്ന സമുദായപരിഷ്കരണത്തിൻെറ സ്വഭാവവും രഹസ്യസംഘക്കാർ പ്രവചിച്ചിരുന്ന ലോകത്തിൻെറ നവീകരണവും യുക്തിവാദികൾ പറഞ്ഞൊത്തിരുന്ന സുവർണ്ണകാലവും സംബന്ധിച്ചു് ചുരുക്കം ചില വിവരങ്ങൾ കുറിക്കുന്നതിനേ ഉദ്ദേശിക്കുന്നുള്ളു. അനന്തര

ഘോരകൃത്യങ്ങളെ ഇവിടെ വിവരിക്കുന്നതിനു് ഞങ്ങൾ വിചാരിക്കുന്നില്ല. ഫ്രാൻസിന്റെ 10 വർഷത്തിലെ ഭയങ്കരമായ സഭാചരിത്രം രക്തലിപികളാലത്രെ എഴുതപ്പെട്ടിരിക്കുന്നതു്. വെൻസിയൻസ് എന്ന സ്ഥലത്തു്നടന്ന കീത്തിപ്പെട്ട സമരം ഒന്നു മാത്രമാണു്തുടരെ തുടരെ സംഭവിച്ചുകൊണ്ടിരുന്ന ദൈവദോഷങ്ങളുടെയും രക്തച്ചൊരിച്ചിലുകളുടെയും കണ്ണുകഠോരമായ ആവത്തനത്തെ അല്പമൊന്നു ശമിപ്പിച്ചതു്. ക്രിസ്തീയമതത്തെ പരസ്യമായ ഒരു വിളംബരംമൂലം നാട്ടിൽ നിന്നു് അശേഷം ബഹിഷ്കരിക്കയും ദൈവത്തിന്റെ സ്ഥാനത്തിൽ മനുഷ്യബുദ്ധിയെ പ്രതിഷ്ഠിക്കയുമായിരുന്നു വിപ്ലവസംഘത്തിന്റെ അനന്തരകൃത്യം.

ഈ പുതിയ ദേവിയുടെ തിരുനാൾ 1793 നവംബർ 1-ാംനു- നോട്ടർഡാം ദേവാലയത്തിൽ വെച്ചു്ഘോഷിച്ചു. ദുർവൃത്തയായ ഒരു സ്ത്രീയെ പിടിച്ചു് ബലിപീഠത്തിൽ ഇരുത്തി ദേവന്മാരുടെ രാജ്ഞി എന്ന അഭിനാമത്തിൽ അവളെ ജനക്കൂട്ടം ആരാധിച്ചു. ഫ്രാൻസിലെ മിക്ക പട്ടണങ്ങളും തലസ്ഥാനനഗരമായ പാരീസിന്റെ ദുഷ്ടാന്തത്തെ അനുകരിച്ചു പ്രവത്തിക്കാതിരുന്നില്ല. ലജ്ജാവഹമായ ഈവ്വിധ അജ്ഞാന പ്രവത്തികൾ നടക്കാത്ത സ്ഥലം ഉണ്ടായിരുന്നില്ല. പള്ളിസാമാനങ്ങൾ കവിന്നൊടുത്തു് വിശുദ്ധ സ്ഥലങ്ങളെ അശുദ്ധമാക്കി. വിശുദ്ധന്മാരുടെ സ്വരൂപങ്ങളെ അടിച്ചുടച്ചു. തുങ്ങപ്പെട്ട രൂപങ്ങൾ തെരുവീഥിയിൽക്കൂടി നിന്ദാവഹമായ അട്ടഹാസങ്ങളോടുകൂടി വലിച്ചിഴച്ചു. 16-ാം ലൂയിസിന്റെ സഹോദരിയായ എലിസബത്തു് എന്ന യോഷാമണിയെ 1794 മെയ് 10-നു- കൊലക്കു വിധിച്ചു. അദ്ദേഹത്തിന്റെ 7½ വയസ്സുമാത്രം പ്രായമുള്ള പുത്രനെ 1795 ജൂൺ 8-ാംനു- കാരാഗ്രഹത്തിൽ വെച്ചു കൊന്നു. ഈ ദുഷ്ടരുടെ ഒരു നേതാവായ റോബസ്ഫിയറിയുടെ ഭയങ്കരമായ നിയ്യാണശേഷം (1794) കുറഞ്ഞൊരു സമാധാനവും ശാന്തതയും നാട്ടിൽ ഉണ്ടാകാതിരുന്നില്ല. എങ്കിലും ലഹള മുഴുവനും അവസാനിച്ചില്ല. മതപീഡിതരായ ക്രിസ്ത്യാനികൾക്കു് നിരന്തരശക്തിയും ധൈയ്യവും നൾകിയിരുന്ന പത്രോസിന്റെ സിംഹാസനം സുസ്ഥിരമായി പരിലസിച്ചിരുന്ന കാലത്തോളം നിരീശ്വരകക്ഷികളുടെ പ്രയത്നം ഫലപ്രയിഷ്ഠമായിരുന്നില്ല.

---

## ൪. ആറാം പീയൂസ് മാപ്പാപ്പാ.

## ഫ്രൈവ്-ഫ്രൻ്റ്.

---

ആറാംപീയൂസ് മാപ്പാപ്പായുടെ സഭാഭരണം യൂറോപ്പിൽ സവ്വത്ര വ്യാജതത്വബോധകന്മാർ ചെയ്തിരുന്ന അലങ്കോലങ്ങളെ പാടെഉന്മൂലനം

ചെയ്യുന്നതിനുള്ള ഒരുസുദീർഘമായ പോരാട്ടമായിരുന്നു. ആസ്ററ്റിൻ രാജ്ഞിയായിരുന്ന മരിയത്രേസ്യാ എന്ന റാണിയുടെ നിര്യാണാനന്തരം 1765—ൽ രാജ്യഭരണം സ്വീകരിച്ച ജോസപ്പ് ദ്വിതീയൻ മേൽപറഞ്ഞ കപടജ്ഞാനികളുടെയും ജാൻസേനിയരുടെയും കൃതികൾ പാരായണം ചെയ്തിരുന്നതിനാൽ മതത്തേയും മതശുശ്രൂഷികളേയും അവിശ്വസിക്കുന്നതിനുള്ള മനസ്ഥിതിയോടുകൂടി തിരുസഭയിൽ ഗൌരവാവഹമായ കുഴപ്പങ്ങൾ ഉണ്ടാക്കി അതിനെ രാഷ്ട്രീയാധികാരത്തിന് യഥേഷ്ടം കീഴ്പ്പെടുത്തുന്നതിന് നിശ്ചയിച്ചു.

ക്രിസ്തീയതത്വങ്ങൾക്കനുയോജ്യമായി നടത്തപ്പെട്ടിരുന്ന സ്ക്കൂളുകൾക്കുപകരം വെറും ലൌകികപരമായ സ്ക്കൂളുകളെ സ്ഥാപിച്ചു. പുതുതായി സന്യാസാർത്ഥിനികളെ മഠങ്ങളിൽ സ്വീകരിച്ചുകൂടാ എന്ന് കഠിനമായി വിരോധിച്ചു. ബാലികാബാലന്മാരുടെ വിദ്യാഭ്യാസത്തിനുദ്യുക്തരായിരുന്ന സന്യാസസഭകളെ ഒഴിച്ച് മറ്റെല്ലാം അശേഷം നിറുത്തലാക്കി. വൈദികവിദ്യാലയങ്ങളെ മെത്രാന്മാർക്കെതിരായി സ്ഥാപിച്ച് അവയിൽ നാസ്തികന്മാരായ പണ്ഡിതന്മാരെ ഏല്പ്പെടുത്തിയിരുന്നു. തിരുസിംഹാസനത്തിൻെറ തിരുഎഴുത്തുകളും കല്പനകളും വിളംബരങ്ങളും തൻെറ സാമ്രാജ്യത്തിൽ ആരും സ്വീകരിക്കരുതെന്ന് മുടക്കുകയും തൻെറ അധികാരാതിർത്തിയിൽപ്പെട്ട രൂപതകൾക്കും ആശ്രമങ്ങൾക്കും മെത്രാന്മാരെയും അധിപന്മാരെയും നിയമിക്കുന്നതിനുള്ള അധികാരം സ്വയം വരിക്കയും ചെയ്തുകൊണ്ട് തിരുസിംഹാസനത്തിൻെറ പരമാധികാരത്തെ എതിർത്തു. കൂടാതെ മെത്രാന്മാർ റോമ്മാമാർപ്പാപ്പാമാർക്ക് അധീനരല്ലന്നും സഭയുടെ പൊതുനിയമങ്ങളിൽ നിന്നു് വിടുതൽ ചെയ്യുന്നതിന് തങ്ങൾ പ്രാപ്തരാണെന്നും അവരെക്കൊണ്ട് ഏററു പറയിക്കാൻ ശ്രമിച്ചു. ഈ അവസരത്തിൽ മെത്രാന്മാർക്കും ചക്രവർത്തിക്കും മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പല തിരുവെഴുത്തുകൾ എഴുതി തിരുസഭയുടെ ഐക്യത്തെ ഛിന്നാഭിന്നമാക്കരുതെന്ന് സാദ്ധ്യപ്പെട്ട അഭ്യർത്ഥിക്കുകയുണ്ടായി. എങ്കിലും അതുകൊണ്ട് യാതൊരു ഫലവും ഉണ്ടായില്ല. അപ്പോൾ തിരുമനസ്സുകൊണ്ട് തന്നെ ജർമ്മനിയിലേക്ക് എഴുന്നൊള്ളി. ആ യാത്രയിൽ തിരുമനസ്സിലെ നേക്ക് ബാഹ്യമായ ബഹുമാനാദരവുകൾ എല്ലാം പ്രദർശിപ്പിച്ചു എങ്കിലും അവിടത്തെ അഭ്യർത്ഥനകൾ എല്ലാം നിഷേധിക്കപ്പെടുകയാണുണ്ടായത്. വിശ്വാസികളാകട്ടെ പരിശുദ്ധപിതാവിൻെറ നേരെ പ്രകടിപ്പിച്ച നിർവ്യാജമായ സ്നേഹബഹുമാനങ്ങൾ ആയിരുന്നു തിരുമേനിയുടെ ഏക ആശ്വാസം. പരിശുദ്ധ പിതാവ് റോമ്മായിലേക്ക് മടങ്ങിയശേഷം ജോസപ്പ് ദ്വിതീയൻ അയാളുടെ ശീശ്മപരമായ സാഹസകൃത്യങ്ങളെ കൂടുതലായി ഊർജ്ജിതപ്പെടുത്തുകയാണ് ഉണ്ടായത്.

എങ്കിലും ആ ചക്രവത്തി മരിക്കുന്നതിനു് മുൻപു് സ്വന്ത തെററുകളെ ഗ്രഹിച്ചു. മതപരമായി നടത്തിയ നിയമങ്ങളെല്ലാം ദുർബലപ്പെടുത്തുകയുണ്ടായി. മതവിപ്ലവം കാട്ടിക്കൂട്ടിയ അലങ്കോലങ്ങളുടെ യാഥാർത്ഥ്യം അപ്പോഴാണു് അയാൾ മനസ്സിലാക്കിയതു്.

ട്സ്കനിയിൽ ജോസപ്പു് ദ്വിതിയന്റെ സഹോദരനായ ലയോപ്പോൾഡ് പ്രഭുവും തിരുസഭയെ അലങ്കോലപ്പെടുത്തുന്നതിനുദ്യമിക്കാതിരുന്നില്ല. ഇയാൾ പിസ്റ്റോയിയാരൂപതയിലെ മെത്രാനായിരുന്ന ഷിപ്യോറീച്ചി എന്ന ദേഹത്തിന്റെ ഉപദേശങ്ങളെയാണു് സ്വീകരിച്ചിരുന്നതു്. ഈ മെത്രാനാകട്ടെ ഒരു കപടപട്ടവും തികഞ്ഞ ജാൻസേനിയൻ പാഷണ്ഡിയുമായിരുന്നു. ഈ പ്രഭു സ്വയം നിർമ്മിച്ച വേദോപദേശപുസ്തകങ്ങളെ രൂപതവക പള്ളിക്കൂടങ്ങളിൽ ഉപയോഗിക്കുന്നതിനായി നിർബന്ധപൂർവ്വം മെത്രാന്മാരെ ഏല്പിച്ചിരുന്നു. വിശ്വാസികളുടെ മതസംരക്ഷണത്തിനാവശ്യമായിരുന്ന പുസ്തകങ്ങൾ ഇന്നഇന്നവയാണെന്നു് നിർദ്ദേശങ്ങൾ ചെയ്തിരുന്നതും ഈയാൾ തന്നെ ആയിരുന്നു. ചക്രവത്തിയായിരുന്ന അയാളുടെ സഹോദരനെപോലെ ഭക്തസഖ്യങ്ങളെ റദ്ദാക്കുകയും പ്രദക്ഷിണങ്ങൾ മുടക്കുകയും ദൈവാരാധനാസംബന്ധമായ കർമ്മങ്ങളും ചട്ടങ്ങളും എല്ലാം അയാൾ തന്നെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരുന്നു. മേൽപറഞ്ഞ റീച്ചി എന്നയാൾ ഒരച്ചടിശാല സ്ഥാപിച്ചു ജാൻസേനിയൻ പാഷണ്ഡകൃതികളെ ഫ്റഞ്ചുഭാഷയിൽ നിന്നു തർജ്ജിമ ചെയ്തു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സ്ലീവാപാത എന്ന കർമ്മവും ഈശോയുടെ തിരുഹൃദയത്തിരുനാളും നിറുത്തലാക്കുകയും തിരുകർമ്മങ്ങൾ നാട്ടുഭാഷയിൽ നടപ്പിലാക്കുകയും ചെയ്തു. ആറാം പീയൂസ് മാർപ്പാപ്പാ ഈ പാഷണ്ഡമെത്രാനു ഒരു കല്പന അയച്ചു. അതിനു മറുപടിയായി റീച്ചി ഒരു വൈദികസംഘം വിളിച്ചുകൂട്ടി. തദ്വാര തന്റെ നൂതനവ്യവസ്ഥകൾ കാനോൻനിയമത്തിനു വിരുദ്ധമല്ലന്നുള്ള ഭാവം നടിച്ചു ലോകത്തെ തെററിദ്ധരിപ്പിക്കുവാൻ ശ്രമിക്കയാണുണ്ടായതു്. എന്നാൽ അയാളുടെ ഈദൃശകൃത്യങ്ങളുടെ അന്ത്യം കാണാറായി. ജോലി രാജിവെക്കണമെന്നു മാർപ്പാപ്പാ അയാളെ നിർബന്ധിച്ചു. അവസാനം പശ്ചാത്താപിച്ചുകൊണ്ടു് 1805_ൽ 7_ാം പീയൂസ് മാർപ്പാപ്പാ മുഖേന തിരുസഭയിലേക്കു് പുനരാഗമിക്കയും ചെയ്തു

മാർപ്പാപ്പായുടെ അതിദാരുണങ്ങളായ സന്താപങ്ങളുടെ ഇടക്കു് ചിലപ്പോഴൊക്കെ ചില ആശ്വാസങ്ങളും ഉണ്ടാകാതിരുന്നില്ല. സ്വീഡനിലെ രാജാവായ വില്യംതൃതിയൻ അദ്ദേഹത്തിന്റെ രാജ്യത്തിൽ കത്തോലിക്കർ പള്ളികൾ പണികഴിപ്പിക്കുന്നതിനും ആരാധന നടത്തുന്നതിനും അ

നവദിച്ചു. കൂടാതെ അദ്ദേഹം റോമ്മിൽ ചെന്നു് മാർപ്പാപ്പാതിരുമനസ്സിനെ ഈ തൻെറ പുതിയ വിളംബരം അറിയിക്കുകയും മാർപ്പാപ്പാ അദ്ദേഹത്തെ പിതൃവാത്സല്യത്തോടുകൂടി സ്വീകരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ തന്നെ നേ്പിൾസ് രാജ്യത്തു് സെൻറ് അഗത്താ ഒഫ്ദിഃഘാത്തസ് "എന്ന സ്ഥലത്തെമെത്രാനും രക്ഷിതാവിൻെറ സന്യാസസഭയുടെ സ്ഥാപകനുമായിരുന്ന വി. അല്ഫോൻസ് ലിഗോരി തൻെറ അനിതരസാധാരണമായ സുകൃതപ്രതാപത്താൽ തിരുസഭയെ അലംകൃതമാക്കി. സ്വല്പം സമയം പോലും പാഴാക്കരുതെന്നു് അദ്ദേഹം ഒരു വ്രതം അനുഷ്ഠിക്കയും അതു് അഭേദ്യമായ വിശ്വസ്തതയോടുകൂടി നിറവേററുകയും ചെയ്തു. വി. കുർബാനയുടെ നേക്കു അതിതീവ്രമായ ഒരു ഭക്തിയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. രാത്രിയും പകലും അദ്ദേഹം പല പ്രാവശ്യം ദിവ്യകാരുണ്യ സന്ദർശനം നടത്തിയിരുന്നു. പ്രായാധിക്യവും ശരീരാസ്വാസ്ഥ്യവും അഗണ്യമാക്കി പ്രതിദിനം എട്ടുമണിക്കൂറിൽ കുറയാതെ വി കുർബാനയുടെ സന്നിധിയിൽ ആരാധനനടത്തിയിരുന്നു. ഈശോമിശിഹായുടെ പീഡാനുഭവത്തിൻെറ സ്തുതിക്കായി വെള്ളിയാഴ്ച തോറും അദ്ദേഹം ആശാനിഗ്രഹങ്ങളും താപസവൃത്തികളും പതിവിൽ ഇരട്ടിയാക്കിയിരുന്നു.

ഒരുദിവസം പോലും സ്ലീവാപാത എന്ന കർമ്മം മുടക്കുകയുണ്ടായില്ല. ദേവമാതാവിൻെറ നേക്കു ഇദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി അസാധാരണയായിരുന്നു. ദിവസേന ജപമാല ചൊല്ലുകയും ഈ ദിവ്യമാതാവിൻെറ ബഹുമാനത്തിനായി ശനിയാഴ്ചതോറും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനസ്നാനവരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല എന്നാണു് പറയപ്പെടുന്നതു്. എങ്കിലും അദ്ദേഹം ചെയ്തിരുന്ന പ്രായശ്ചിത്തങ്ങളും തപഃക്രിയകളും ആശ്ചര്യകരങ്ങളായിരുന്നു.

ഒടുവിൽ വേദാന്തം, സന്മാർഗ്ഗം, ക്രിസ്തീയ പുണ്യപൂർണ്ണത ഇവ സംബന്ധിച്ചു് അനേകം വിലയേറിയ പ്രബന്ധങ്ങൾ രചിച്ചതിൻെറ ശേഷം തൻെറ 91-ാംമത്തെ വയസ്സിൽ 1787 ആഗസ്ററ് 1-ാംനു- നിത്യസമ്മാനലബ്ധിക്കായി പരലോക പ്രാപ്തനായി. ഇപ്രകാരം സഭയുടെ ഒരു ഭാഗത്തു് ദൈവവരപ്രസാദം തിരസ്കരിക്കപ്പെട്ടിരുന്ന വേളയിൽ വേറൊരുഭാഗത്തു് അതു് വിസ്മയാവഹമായി പ്രത്യക്ഷപ്പെട്ടു വിളങ്ങിയിരുന്നു.

ഇതിനിടയിൽ വിപ്ലവകക്ഷികൾ ഇററലിയിൽ പ്രധാനമായ പല വിജയങ്ങൾ നേടുകയുണ്ടായി. തൽഫലമായി നിലവിലിരുന്ന രാഷ്ട്രീ

യ അധികാരസ്ഥാനങ്ങൾ ബഹിഷ്കരിക്കപ്പെടുകയും മതാചാരം അധഃപതിക്കുകയും ചെയ്തു. റോമ്മാ നഗരം വിപ്ലവകാരികളുടെ വലിയ ആക്രമണത്തിന് ഇരയായിത്തീൎന്നു. മിശിഹായുടെ പ്രതിപുരുഷനായ മാർപ്പാപ്പായുടെ അപ്പോസ്തോലികമായ പരമാധികാരം ഇല്ലാതാക്കി കഴിഞ്ഞാൽ സഭയുടെ ലോകാവസാനം വരെയുള്ള നിലനില്പ് സംബന്ധമായി കർത്താവു ചെയ്തിരുന്ന വാഗ്ദാനം എങ്ങനെ നിറവേറും? ഇങ്ങനെ സംഭവിക്കുന്ന പക്ഷം സുവിശേഷം കളവാണെന്നു് തെളിയുകയും ചെയ്യുമല്ലോ. ഇതായിരുന്നു അവരുടെ പ്രത്യാശ. ലോറേത്തു മാതാവിന്റെ വിലയേറിയ ദേവാലയം കൊള്ളചെയ്തതിന്റെ ശേഷം ഈ ദുഷ്ടർ റോമ്മിലേക്കു് തിരിച്ചു. മാർപ്പാപ്പാ വളരെ പണം അവരുടെ നിർബന്ധം മുഖാന്തിരം കൊടുക്കേണ്ടിവന്നു. മാത്രമല്ല രാജ്യത്തിന്റെ ഒരു വലിയഭാഗം കൂടി വിട്ടുകൊടുക്കുകയുണ്ടായി. ഈ അപമാനകരമായ ഉടമ്പടിയിൽ മാർപ്പാപ്പായിക്കു് ഏകാശ്വാസം ഓസ്ത്രിയാപട്ടാളത്തിന്റെ ആവിർഭാവമായിരുന്നു. ഒരു കുപ്രസിദ്ധനായ ഫ്രഞ്ചുവിപ്ളവകാരി മാർപ്പാപ്പായിക്കു വിരോധമായി ജനങ്ങളെ ക്ഷോഭിപ്പിച്ചിരുന്ന വേളയിൽ വധിക്കപ്പെടുകയാൽ ആ കാരണം പറഞ്ഞുകൊണ്ടു് ലഹളക്കാർ മാർപ്പാപ്പായുമായി ചെയ്ത ഉടമ്പടിയെ പിൻവലിച്ചു. ഇപ്രകാരം 1798 ഫെബ്രുവരി 12-ാം നു- വിപ്ളവ കക്ഷികൾ റോമ്മിൽ പ്രവേശിക്കുകയും, ആറാം പീയൂസ് മാർപ്പാപ്പായെ ബന്ധനസ്ഥനായി പിടിച്ചുകൊണ്ടുപോകയും ചെയ്തു. മാത്രമല്ല ഈ ദുരവസ്ഥ കർദ്ദിനാളന്മാർ, മെത്രാന്മാർ ഇവരിൽ ഭൂരിപക്ഷത്തിനും നേരിടാതിരുന്നില്ല. ഒരു സൈനിക ഗവർമ്മേണ്ടു റോമ്മായെ ഭരിപ്പാൻ തുടങ്ങി. മാർപ്പാപ്പായെ ആകട്ടെ അവർ എവിടേക്കു് എന്തിനായിട്ടു് കൊണ്ടുപോകുന്നു എന്നറിയിക്കാതെ ഒരു ഭയങ്കരമായ പിശറിന്റെയും ഇടിമിന്നൽകളുടെയും മദ്ധ്യേ ഒരു സാധാരണ വണ്ടിയിൽ കയററി വലിച്ചുകൊണ്ടു പോയിരുന്നു. തിരുമേനിയെ ആദ്യം വിറെറർബൊ പട്ടണത്തിലേക്കും അനന്തരം സീയെന്നാ നഗരത്തിലേക്കും കൊണ്ടുപോകയും അവിടെ രാപകൽ പട്ടാളത്തിന്റെ കാവലോടുകൂടി മൂന്നുമാസം താമസിപ്പിക്കയുമുണ്ടായി. അദ്ദേഹത്തെ സർഡീനിയായിലേക്കു നാടുകടത്തണമെന്നായിരുന്നു അവരുടെ ഉദ്ദേശം. എന്നാൽ ഇംഗ്ളീഷുകാരുടെ നാവിക സൈന്യങ്ങൾ ഇതിനനുകൂലമില്ലായിരുന്നതിനാൽ മാർപ്പാപ്പായെ ഇററലിയിലെ ഫ്ളോറൻസു പട്ടണത്തിൽ നിന്നും ഫ്രാൻസിലെ വലയൻസ് പട്ടണത്തിലേക്കു കൊണ്ടുപോകുന്നതിന് നാലുമാസം വിനിയോഗിച്ചു. ഈ യാത്രയിൽ

അവിടത്തെ ധൈര്യവും, മനശക്തിയും ക്ഷയിപ്പിക്കാമെന്നു കരുതി നാനാതരത്തിൽ കഷ്ടപ്പെടുത്തുകയും അപമാനപ്പെടുത്തുകയും ചെയ്തു. വയോവൃദ്ധനും രോഗാതുരനുമായിരുന്ന പരിശുദ്ധ പിതാവിനു് വളരെ ക്ലേശകരവും വിഷമതരവുമായിരുന്നു ഈ യാത്ര. വഴിയരുകുകളിലുള്ള എത്രയും നികൃഷ്ടമായ സത്രങ്ങളിലത്രെ അദ്ദേഹത്തിനു വിശ്രമം അനുവദിച്ചതു്. രാത്രികാലങ്ങളിൽ തന്നെ സൂക്ഷിച്ചിരുന്ന പടയാളികളുടെ ആരവം ഉറക്കത്തിനുപോലും തടസ്സമായിരുന്നു. വർഷകാലത്തു് തണുപ്പിനെ തടുക്കത്തക്ക യാതൊരുപകരണങ്ങളും കൂടാതെയാണു് ആൽപസ് പർവ്വതം കടക്കുന്നതിനു് ആ തിരുമേനി നിർബന്ധിതനായതു്. എന്നിട്ടും അദ്ദേഹം എവിടെ ഒക്കെ പോയൊ അവിടെയൊക്കെയും ജനങ്ങൾ കൂട്ടംകൂട്ടമായി വന്നു മുട്ടുകുത്തി ആശിസ്സു വാങ്ങിക്കയും മിശിഹായുടെ വികാരിയോടു ചെയ്യുന്ന ഈ ഉപദ്രവങ്ങളെ സംബന്ധിച്ചു് സങ്കടസ്വരത്തിൽ പ്രതിഷേധം പ്രകടിപ്പിക്കയും ചെയ്തിരുന്നു. നിരീശ്വരത്വം മുഖാന്തിരം വളരെ അക്രമങ്ങൾ നടന്നിരുന്ന ആ രാജ്യത്തു് വിശ്വാസം ഇത്ര സജീവമായിരിക്കുന്നതു കണ്ടു് തിരുമേനി ആശ്ചര്യപ്പെടാതിരുന്നില്ല. കത്തോലിക്കാ മതത്തെ അധഃപതിപ്പിക്കണമെന്നുള്ള ദുരുദ്ദേശത്തോടുകൂടിയാണു് ഈ പുണ്യപിതാവിനെ പട്ടണംതോറും ഈ നികൃഷ്ടാവസ്ഥയിൽ കൊണ്ടുപോയതു്. എന്നാൽ മാർപ്പാപ്പായുടെ സാന്നിദ്ധ്യം സർവ്വത്ര ജനങ്ങളുടെ ഇടയിൽ വിശ്വാസത്തേയും ഭക്തിയേയും ഉജ്ജീവിപ്പിച്ചിരുന്നതുകൊണ്ടു് ദുഷ്ടന്മാരുടെ പ്രതീക്ഷക്കെതിരായി ഈ സ്മരണീയമായ യാത്ര മതത്തിനു് ശ്രേയസ്കരമായ ഒരു വിജയശൃംഖലയായി ഭവിച്ചു. ആറാം പീയൂസു് മാർപ്പാപ്പാ ഈ യാത്രാക്ലേശങ്ങളും ബുദ്ധിമുട്ടുകളും കൊണ്ടു് തന്റെ മനസ്സിനെ ഭാരപ്പെടുത്തിയിരുന്ന ചിന്താകുലതകൾ മൂലം നിശ്ശേഷം അസ്വാസ്ഥനായി 1799-ൽ ആഗസ്റ്റുമാസം 19-ാംനു- തന്റെ അന്ത്യശ്വാസം വിടുന്നതുവരെ ശത്രുക്കളെ അനുഗ്രഹിച്ചുകൊണ്ടു് ഭാഗ്യമരണം പ്രാപിച്ചു. ഒരു മഹാത്മാവിനെ കൂടി തങ്ങളുടെ പീഡനങ്ങൾക്കു് ഇരയാക്കിയതിൽ മതവിരോധികൾ കൃതാർത്ഥരായതുപോലെ തന്നെ, ഒരു വിശുദ്ധനെക്കൂടി നേടിയതിൽ തിരുസഭക്കു് ചാരിതാർത്ഥ്യത്തിനും അവകാശമുണ്ടു്.

# അദ്ധ്യായം ൧൨.

## ൧൯-ാം ശതാബ്ദത്തിന്റെ ആദ്യഘട്ടം

## ൭ാം- പീയൂസ് മാപ്പാപ്പാ

## 1800-1823

ആറാം പീയൂസ് മാപ്പാപ്പായുടെ മരണവാർത്ത കേട്ട ഉടൻ വിപ്ലവകാരികളും അവിശ്വാസികളും സന്തോഷാധിക്യത്താൽ അട്ടഹസിച്ചു. പാപ്പാസ്ഥാനം എന്നേക്കും അവസാനിച്ചുപോയി. ഞങ്ങളുടെ സകല പരിശ്രമങ്ങളുടെയും അന്ത്യം പ്രാപിച്ചുകഴിഞ്ഞു കത്തോലിക്കാമതത്തിന്റെ ശിരസ്സും നഷ്ടപ്പെട്ടിരിക്കയാൽ അതു് ലോകത്തിൽ നിന്നു് അന്തർദ്ധാനം ചെയ്യാനുള്ള കാലം ആസന്നമായിരിക്കുന്നു. ഫ്രാൻസു രാജ്യം യാതൊന്നിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചിരുന്നോ ആ തത്വശാസ്ത്രം അഥവാ യുക്തിവാദം മതത്തിന്റെ സ്ഥാനത്തു് വാഴാൻ ഇടയാകുകയും ചെയ്യും എന്നും മററുമായിരുന്നു ഈ കൂട്ടരുടെ പ്രതീക്ഷ. കാലം ചെയ്ത മാപ്പാപ്പായ്ക്കു് ഒരു പിൻഗാമിയെ എങ്ങനെ തിരഞ്ഞെടുക്കുവാൻ സാധിക്കും? വിപ്ലവകാരായ യോദ്ധാക്കൾക്കു് ഇററലി മുഴുവനും സ്വാധീനമായി. കർദ്ദിനാളന്മാരെല്ലാവരും ബഹിഷ്കൃതരായി നാനാഭാഗത്തും ചിതറിപ്പോയി. ഈ സ്ഥിതിയിൽ തെരിഞ്ഞെടുപ്പുകാര്യം അസാദ്ധ്യമായി തോന്നിയിരുന്നു. എന്നാൽ "നിനക്കു ഇത്രത്തോളം വരാം. ഇതിനപ്പുറം കടക്കരുതു്" എന്നു സമുദ്രത്തോടു കല്പിച്ച ദൈവം തന്റെ സഭയെ സംരക്ഷിക്കുന്നതിനായി തന്റെ വലത്തുകരം നീട്ടി ഒരു വാക്കരുളി ചെയ്തു വിപ്ലവകാരികൾ ഇററലിയിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടു. വെനീസ് ജനാധിപത്യം ജർമ്മൻ ചക്രവർത്തിക്കു് അതിന്റെ നഗരവാതിലുകൾ തുറന്നുകൊടുത്തു. അവിടെയാണു് കർദ്ദിനാളന്മാർ സംഘം കൂടുന്നതിനു് ആഗതരായതു്. 1799. ഡിസംബർ ഒന്നാം തീയതി തെരിഞ്ഞെടുപ്പിനായി സമ്മേളനശാലയിൽ പ്രവേശിച്ചു. കർദ്ദിനാൾ കൃരമോംന്തി പാപ്പായായി തെരിഞ്ഞെടുക്കപ്പെടുകയും അദ്ദേഹം 7-ാം പീയൂസെന്ന നാമം സ്വീകരിക്കയും ചെയ്തു. സഭ അധോഗതിയുടെ ഏററവും താണപടിയിൽ എത്തുകയും നരകശക്തികൾ കാലേക്കൂട്ടി ജയഭേരി മുഴക്കുകയും ചെയ്തിരുന്ന ഒരു കാലത്തു് ഇതാ അവർ ആശ്ചര്യകരമായ

വിധം വിജയശ്രീയോടുകൂടി ഉദിച്ചുവരുന്നു. തിരുസിംഹാസനസംരക്ഷണാൎത്ഥം ആഗതരായിരുന്ന ഓസ്ററിയാക്കാർ ശത്രുസൈന്യത്തെ അടിച്ചോടിച്ചു് റോമ്മാപട്ടണത്തിൻെറ വാതലുകൾ സന്തോഷസമേതം തുറന്നുകൊടുക്കവെ 1800 ജൂലായി മൂന്നാം തീയതി പുതിയമാൎപ്പാപ്പാ സമാധാനപൂൎവ്വം നിത്യപട്ടണത്തിലേക്കു് പ്രവേശിക്കയും ജനതതിയുടെ ആൎപ്പുവിളികളോടും സന്തോഷപ്രകടനങ്ങളോടുംകൂടി സിംഹാസനാരൂഢനാകുകയും ചെയ്തു.

വിപ്ലവകക്ഷികളുടെ പരാജയത്തോടുകൂടി ഫ്റഞ്ചുസൈന്യാധിപനായിരുന്ന ബോനാംപ്പാൎട്ടു് പ്രഥമ കൊൻസുളായി തെരിഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ ശക്തിമത്തായ ഭരണം നിമിത്തം ഒരു വിധം സമാധാനവും ക്രമവും ജനതാമദ്ധ്യത്തിൽ പുനഃസ്ഥാപിതമായി. ഒരു ജാതിക്കു് മതം കൂടാതെ സുസ്ഥിരമായി നില്ക്കുവാൻ അസാദ്ധ്യമാണെന്നും പ്രജകൾ മനസ്സാക്ഷിപ്രകാരം ഗവൎമ്മെണ്ടിൻെറ ആളുകളെ അനുസരിക്കയില്ലെങ്കിൽ ആ ഗവൎമ്മെണ്ടു് നിലനില്ക്കയോ പൊതുഗുണത്തെ ഉദ്ദേശിച്ചു് പ്രവൎത്തിപ്പാൻ ശക്തമാകയോ ചെയ്കയില്ലെന്നും അയാൾ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. നിരീശ്വരവാദികളായ ഒരു ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ അസാദ്ധ്യമാണെന്നുള്ള തത്വം യുക്തിവാദികളും സമ്മതിച്ചുതുടങ്ങി. ഇതു് ഹേതുവാൽ കത്തോലിക്കാമതാദ്ധ്യസനം ഫ്റാൻസിൽ പുനഃസ്ഥാപിക്കുന്നതിനുള്ള ചട്ടംകെട്ടുകളെല്ലാം ബോനപ്പാൎട്ടു് താമസംവിനാ ചെയ്തുതുടങ്ങി മാൎപ്പാപ്പായുമായി വേണ്ട കാൎയ്യാലോചനകളെല്ലാം നടത്തി ഉടമ്പടി ചെയ്കയും ചെയ്തു. കത്തോലിക്കാമതാനുസരണമായ ആരാധന വീണ്ടും വളരെ പ്രതിബന്ധമുണ്ടായിട്ടും നടപ്പിലായി. 1801 ഉയിൎപ്പുതിരുനാൾ ദിവസം പാരീസിലെ നോട്ടർഡാം എന്ന ഭദ്രാസനപള്ളിയിൽ വച്ചായിരുന്നു ഈ മംഗളസംഭവം സാഘോഷം നടത്തപ്പെട്ടതു്. മാൎപ്പാപ്പായുടെ പ്രതിനിധി ആ സുദിനത്തിൽ ദിവ്യപൂജ അൎപ്പിക്കയും കൊൻസുളായ ബൊനാംപ്പാൎട്ടും എല്ലാ ഗവൎമ്മെൻറുദ്യോഗസ്ഥന്മാരും അതിൽ സംബന്ധിക്കയും തെദേഉം എന്ന സ്തോത്രഗീതം ഭക്ത്യാഡംബരപൂൎവ്വം പാടുകയും ചെയ്തു. സംസ്ഥാനങ്ങൾതോറും വിപ്ലവകക്ഷികളാൽ പൂട്ടപ്പെട്ടിരുന്ന പള്ളികൾ വീണ്ടും തുറക്കപ്പെട്ടു. പട്ടണങ്ങളിലും ഉൾനാടുകളിലും, ജനങ്ങളുടെ ഇടയിൽ മതപ്രസംഗങ്ങൾ ചെയ്തു് മന്ദീഭവിച്ചിരുന്ന അവരുടെ വിശ്വാസത്തെ ഉജ്ജീവിപ്പിക്കുവാൻ മതതീക്ഷ്ണതയുള്ള വൈദികർ നിയമിക്കപ്പെടുകയും അതേ സമയം തന്നെ വിദ്യാഭ്യാസപ്രചരണത്തിനായി ഏതാനും ഭക്തസഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ഫ്റഞ്ചുജനാധിപത്യഗവൎമ്മെണ്ടു് നിയമിച്ചിരുന്ന മെത്രാന്മാരെ അവരുടെ സ്ഥാനങ്ങളിൽ നിന്നും മാററി പുതിയ രൂപതകൾ ഫ്റാൻസു മുഴുവനും ഏൎപ്പെടുത്തുകയുമുണ്ടായി,

നെപ്പോലിയൻ ബൊനാപ്പാർട്ട് ചക്രവത്തിയായി പ്രഖ്യാപനം ചെയ്യപ്പെട്ട അവസരത്തിൽ അദ്ദേഹത്തിൻെറ അഭ്യത്ഥന അനുസരിച്ചു് 7-ാം പീയൂസ് മാപ്പാപ്പാ ഇദ്ദേഹത്തെ കിരീടം ധരിപ്പിക്കുവാനായി പാരീസിലേക്കു് എഴുന്നെള്ളി. പരിശുദ്ധപിതാവു് ഈ അവസരം പ്രമാണിച്ചു് കടന്നുപോയ രാജ്യങ്ങളിലെ എല്ലാ ജനങ്ങൾക്കും ഈ യാത്ര അനുഗ്രഹപ്രദവും തിരുമനസ്സിലേക്കു് ഒരാശ്വാസാനന്ദവും ആയിരുന്നു. അവിശ്വാസികളായ വിപ്ലവകക്ഷികളെ പരസ്യമായി അനുകൂലിച്ചിരുന്ന ജനപ്രമാണികൾ എല്ലാം താഴ്ത്തപ്പെട്ടു. അവരുടെ ജയഭേരിയും നിശബ്ദമായി. ഇങ്ങനെ പരിശുദ്ധപിതാവു് പാരീസിൽ ചക്രവത്തിയുടെ കിരീടധാരണ കമ്മങ്ങളെല്ലാം സാഘോഷം നിവത്തിച്ചിട്ടു് സസുഖം റോമിൽ എത്തിയ ഉടനെ ഇററലിയിലും ജമ്മനിയിലും ആത്മീകപാലകന്മാർ ഇല്ലാതെ കിടന്നിരുന്ന പള്ളികളിൽ യോഗ്യന്മാരായ മേലദ്ധ്യക്ഷന്മാരെ നിയമിച്ചാക്കുന്നതിൽ ബദ്ധശ്രദ്ധനായി. ആ രാജ്യങ്ങളിൽ സഭാനിയമങ്ങൾ ഊർജ്ജിതമാക്കുകയും നിരന്തരസമരങ്ങളുടെ ഫലമായ നാശങ്ങളുടെയും കുഴപ്പങ്ങളുടെയുംശേഷം മതത്തിനു് വീണ്ടും പ്രതാപം സിദ്ധിക്കയും ചെയ്തു. 7-ാം പീയൂസ് മാപ്പാപ്പാ വാഴ്ച ഏററ ഉടൻ തന്നെ 14-ാം ക്ലെമൻസു് മാപ്പാപ്പായാൽ നിവത്തലാക്കപ്പെട്ടിരുന്ന ഈശോസഭയെ റഷ്യയിൽ അതിൻെറ സകല അവകാശങ്ങളോടുംകൂടി പുനഃസ്ഥാപിക്കയുണ്ടായി. ഏതാനും വർഷങ്ങളുടെശേഷം ഈ സഭയെ പൂർണ്ണമായ നിലയിൽ അംഗീകരിച്ചു് സ്ഥിരപ്പെടുത്തി. ആ കാലത്തു് തിരുസഭക്കു് നേരിട്ട കഷ്ടനഷ്ടങ്ങളുടെ കൂട്ടത്തിൽ ഈ സഭയുടെ നാശമായിരുന്നു ഏററം പ്രധാനമായി പരിഗണിക്കപ്പെട്ടിരുന്നതു്. വിശുദ്ധന്മാരെ നാമകരണം ചെയ്യുക എന്ന ഹൃദയാംഗമമായ ആ കമ്മം നാല്പതു സംവത്സരത്തേക്കു് റോമിൽ നടക്കുകയുണ്ടായില്ല. 7-ാം പീയൂസു് മാപ്പാപ്പായാകട്ടെ സുകൃതങ്ങളും അത്ഭുതപ്രവത്തനങ്ങളുംകൊണ്ടു് സവ്വസമ്മതന്മാരായി ശോഭിച്ചിരുന്ന. അഞ്ചു് മഹാത്മക്കളെ ധന്യന്മാർ എന്നു പേരു വിളിച്ചു. കൂടാതെ ഫ്റഞ്ചു് രാജകുടുംബത്തിൽപ്പെട്ട ഒരു പ്രഭ്വിയും സർഡീനായിലെ രാജ്ഞിയും 16-ാം ലൂയീസിൻെറ സഹോദരിയും ആയിരുന്ന മറിയക്ലൊത്തിൽദാ എന്ന സ്ത്രീരത്നത്തെ പുണ്യവതിയായും പ്രഖ്യാപനം ചെയ്തു. ആ മഹിളാമണി പരലോകം പ്രാപിച്ചിട്ടു് അഞ്ചാം വത്സരമായ 1802 ലത്രെ ഈ പ്രഖ്യാപനം നടന്നതു്.

തിരുസഭ ഇപ്രകാരം അതിൻെറ ശോചനീയമായ അവസ്ഥയിൽ നിന്നു് ക്രമേണ ശ്രേയസ്കരമായി ഉദിച്ചുവരവെ നെപ്പോളിയൻ അഭൂതപൂർവ്വമായ അയാളുടെ വിജയങ്ങൾ തുടൻ നടത്തുകയും സാമ്രാജ്യങ്ങളെ

ഉടച്ചുവാക്കുകയും രാജ്യങ്ങളേയും പ്രഭുക്കന്മാരെയും നിമ്മിക്കയും സമാധാനമോ സമരമോ യഥേഷ്ടം ഉളവാക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സൌഭാഗ്യസ്ഥിതി ദീർഘനാൾ നിലനിന്നില്ല. എന്തുകൊണ്ടെന്നാൽ കാലവിളംബമെന്യെ പരിശുദ്ധപിതാവായ 7_ാം പീയൂസും ചക്രവൎത്തിയും തമ്മിൽ രസക്ഷയം ഉണ്ടായി. വിയാന്നായിൽ ജയശാലിയായി പ്രതാപമഹിമയെ പ്രാപിച്ച നെപ്പോലിയൻ അഹംകാരോന്മത്തനായി മാപ്പാപ്പായുടെ രാജ്യം ഫ്റഞ്ചുസാമ്രാജ്യത്തോടു് സംഘടിപ്പിക്കണമെന്നു് നിശ്ചയിച്ചു. മാപ്പാപ്പായാകട്ടെ അന്യായപരവും കാരണരഹിതവുമായ ഈ അപഹരണനിശ്ചയത്തെ ഉടനെ പ്രധിഷേധിക്കയും ദീർഘനാളത്തെ പൎയ്യാലോചനയുടെശേഷം ഈ സാഹസകൃത്യത്തിൽ ഭാഗഭാക്കുകളായ സകലരേയും പേരുതിരിച്ചുപറയാതെ മഹറോൻ ശിക്ഷ നിയമിച്ചുകൊണ്ടു് ഒരു പരസ്യകല്പന പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1809 ജൂലായി നാലാം തീയതി ചക്രവൎത്തിയുടെ പട്ടാളഉദ്യോഗസ്ഥനായ ജനറൽ റാഡറവു് രാത്രിയിൽ മാപ്പാപ്പായുടെ അരമനയിൽ പ്രവേശിച്ചു് തിരുമനസ്സിലെ അംഗരക്ഷകന്മാരുടെ ആയുധങ്ങൾ വെപ്പിക്കയും പരിശുദ്ധ പിതാവു് റോമ്മാപട്ടണത്തിന്റേയും അതോടു ചേൎന്ന സംസ്ഥാനങ്ങളുടെയും രാഷ്ട്രീയാധികാരം വിട്ടുകൊടുക്കണമെന്നു് ചക്രവൎത്തിയുടെ നാമത്തിൽ ആവശ്യപ്പെടുകയും ചെയ്തു. അതു സമ്മതിക്കാത്ത പക്ഷം മാർപ്പാപ്പായെ അറസ്റ്റു് ചെയ്യണമെന്നു് തനിക്കു് ചക്രവൎത്തിയുടെ ഉത്തരവുണ്ടെന്നും പ്രസ്താവിക്കാതിരുന്നില്ല. അതിനു് പരിശുദ്ധ പിതാവു് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "ഒരു ചക്രവൎത്തിയോടു നിങ്ങൾ ചെയ്തിട്ടുള്ള വിശ്വസ്തതയുടെയും അനുസരണയുടെയും ശപഥം നിമിത്തം ഈ ഉതരവു നടത്തുക നിങ്ങളുടെ ചുമതലയാണെന്നു് നിങ്ങൾ വിചാരിക്കുന്നെങ്കിൽ തിരുസഭയുടെ അവകാശങ്ങളെ പാലിക്കുവാൻ വളരെവളരെ ശപഥങ്ങളാൽ കടപ്പെട്ടിരിക്കുന്ന നമ്മുടെ ചുമതല എത്ര ഗൌരവമേറിയതാണെന്നു് നിങ്ങൾ പൎയ്യാലോചിക്കുക. നമ്മുടെ സ്വന്തമല്ലാത്തതിനെ കൊടുക്കുവാനോ പരിത്യജിക്കുവാനോ നമുക്കു പാടില്ല. അപ്രകാരം ചെയ്യേണ്ടതുമല്ല. അതിനു് നമുക്കു് സമ്മതവുമില്ല ഈ രാഷ്ട്രീയാധികാരം തിരുസഭക്കു് സ്വന്തമായിട്ടുള്ളതാണു്. നാം അതിന്റെ നടത്തിപ്പുകാരൻ മാത്രമെ ആകുന്നുള്ളു. ചക്രവൎത്തിക്കു വേണമെങ്കിൽ നമ്മെ കഷണംകഷണമായി ഛേദിക്കുവാൻ കഴിയും. എങ്കിലു മനഃപൂൎവ്വമായ അധികാരത്യാഗം നമ്മിൽനിന്നും വാങ്ങിക്കുവാൻ അദ്ദേഹത്തിനു് സാധിക്കയില്ല" ഇതു കേട്ടക്ഷണം സേനാപതിയുടെ ആജ്ഞപ്രകാരം മാർപ്പാപ്പാ ബന്ധനസ്ഥനാ

യി പ്രാൻസിലേക്കു് കൊണ്ടുപോകപ്പെടുകയും ചെയ്തു. തന്റെ മുൻഗാമിയെ പോലെ വിദേശത്തു കിടന്നു ചരമഗതി അടയാം എന്നുള്ള പ്രത്യാശ അല്ലാതെ വേറൊന്നും പ്രതീക്ഷിക്കുവാൻ തിരുമനസ്സിലേക്കു് നിവൃത്തി ഉണ്ടായിരുന്നില്ല. മാപ്പാപ്പായെ അവർ ഒന്നാമതായ് ജനോവ പട്ടണത്തിനു് സമീപെ സാവോനാ എന്ന സ്ഥലത്തേക്കു് ആനയിക്കയും അതേ സമയംതന്നെ തിരുമനസ്സിലെ ഉദ്യോഗസ്ഥന്മാരെ എല്ലാം തടവിൽ പാർപ്പിക്കയുമാണു് ചെയ്തതു്. മാപ്പാപ്പായുടെ വക രാജ്യം പല സംസ്ഥാനങ്ങളായി വിഭജിച്ചു് ഓരോ ഗവർണ്ണർമ്മാരുടെ ഭരണത്തിനേല്പിക്കയും നെപ്പോലിയൻ തന്റെ ശിശുവിനു് റോമ്മാരാജാവെന്ന നാമധേയം കല്പിച്ചുകൊടുക്കയും ചെയ്തു. മാപ്പാപ്പായെ സാവോനായിൽ നിന്നു് പ്രാൻസിൽ ഫൊണ്ടനേബ്ളൂ എന്ന സ്ഥലത്തേക്കു് അവർ കൊണ്ടുപോയി. 1812-ൽ നെപ്പോലിയൻ റഷ്യായുമായി നടത്തിയ യുദ്ധത്തിൽ പരാജിതനായി തിരിയെവന്നു് മാർപ്പാപ്പായെ സന്ദർശിച്ച അവസരത്തിൽ തിരുസഭയുടെ സ്വാതന്ത്ര്യത്തിനു് വിഘാതങ്ങളായ ചില അനുമതികൾ പരിശുദ്ധപിതാവിൽനിന്നു് ലഭിക്കുവാൻ ശ്രമിക്കയുണ്ടായി. എന്നാൽ പരിശുദ്ധപിതാവു് അതിനെപ്പററി ആദ്യം ആനുകൂല്യം പ്രദർശിപ്പിക്കാതിരുന്നില്ല. എങ്കിലും സ്വന്തം തലസ്ഥാനമായ റോമിൽ ചെന്നല്ലാതെ യാതൊരു കാൎയ്യവും തീരുമാനിക്കുന്നതല്ലാ എന്നു് പ്രതിഷേധിച്ചു കല്പിച്ചു. അപ്രകാരം മാർപ്പാപ്പായിക്കു് റോമ്മിലേക്കു് പ്രത്യാഗമനം ചെയ്യുവാൻ ചക്രവർത്തി സമ്മതിച്ചു. എന്നാൽ പരിശുദ്ധപിതാവു് ഫ്രാൻസിൽനിന്നു പുറപ്പെട്ടു കഴിഞ്ഞ മാത്രയിൽ സങ്കലിതരായ ശത്രുസൈന്യം (ഇംഗ്ലീഷ്, റഷ്യൻ, ജർമ്മൻ,) സ്വരാജ്യത്തു് പ്രവേശിക്കയാൽ നെപ്പോളിയൻ 1814-ൽ ഫൊണ്ടനേബ്ളൂ എന്ന സ്ഥലത്തുവെച്ചുതന്നെ ചക്രവർത്തിസ്ഥാനം രാജിവെച്ചു് ഒഴിയുകയും മുറപ്രകാരം ഒപ്പുവയ്ക്കുകയും ചെയ്തു

ആ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ അഭയം പ്രാപിച്ചിരുന്ന 18-ാം ലൂയിസ് ഫ്രാൻസുരാജാവായി മടങ്ങിവന്നു് സിംഹാസനാരോഹണം ചെയ്തു. നെപ്പോളിയനാകട്ടെ എൽബാദ്വീപിലെ കാരാഗൃഹത്തിൽനിന്നും രക്ഷപെട്ടു് ഫ്രാൻസിന്റെ ചക്രവർത്തി സ്ഥാനം മൂന്നുമാസത്തോളം നടത്തിയശേഷം വീണ്ടും ഇംഗ്ലീഷുകാരുമായി സമരം തുടങ്ങുകയും പ്രസിദ്ധമായ വാട്ടർലോയുദ്ധത്തിൽവച്ചു് 1815-ൽ പരാജിതനായി സെൻഹെലീനാ ദ്വീപിൽ മാന്യമായ നിലയിൽ തടവിൽ പാർപ്പിക്കപ്പെടുകയും ചെയ്തു. അവിടെവച്ചു് താൻ ഇത്ര ഘോരമായി മർദ്ദനം ചെയ്തിരുന്ന കത്തോലിക്ക വേദത്തിന്റെ അന്തിമസഹായ

ങ്ങളെ യോഗ്യതാപൂർവ്വം സ്വീകരിച്ചുകൊണ്ട് 1821-ൽ ചരമം പ്രാപിച്ചു. 18-ാം ലൂയിസ് താമസംവിനാ മാർപ്പാപ്പായുടെ രാജ്യം തിരുസിംഹാസനത്തിന് തിരിച്ചുകൊടുക്കുകയും ഫ്രാൻസിൽ കത്തോലിക്കാവേദം സംരക്ഷിച്ച് വിസ്തൃതമാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ എല്ലാം മാർപ്പാപ്പായുമായി നടത്തുകയും ചെയ്തു. രൂപതകളുടെ സംഖ്യ വർദ്ധിച്ചു. വളരെ സന്യാസസമൂഹങ്ങൾ നവമായി ആവിർഭവിച്ചു. രാജ്യം ഒട്ടുക്ക് ധ്യാനപ്രസംഗങ്ങൾ ചെയ്യപ്പെട്ടു. പള്ളികളുടെ കേടുപാടുകൾ തീർക്കയും പുതിയ ഇടവകകൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

വിപ്ലവകാലത്ത് നാടുകടത്തിവിട്ട വൈദികർ അവർ ചെന്ന നാടുകളിലെല്ലാം അശ്രാന്തമായി വൈദികവേലകൾ നിർവ്വഹിക്കുകയും കത്തോലിക്കാസഭയുടെ നേർക്കുള്ള ദുരഭിപ്രായത്തെ ലഘുപ്പെടുത്തുന്നതിന് വളരെ സഫലമായി പ്രയത്നിക്കയും ചെയ്തിരുന്നു. തൽഫലമായി വളരെ മാനസാന്തരങ്ങൾ നടക്കുകയുണ്ടായി. ആ ഗണത്തിൽ ഉൽകൃഷ്ടനിലയും പാണ്ഡിത്യവും പ്രാപിച്ച പല മഹാന്മാരും ഉൾപ്പെട്ടിരുന്നു. ആ കാലഘട്ടത്തിലെപ്പോലെ ഇടത്തൂട്ടിൽനിന്നും ശീസ്മയിൽനിന്നും ഇത്രവളരെ ആത്മാക്കൾ ഉദ്ധരിക്കപ്പെടുകയുണ്ടായിട്ടില്ല. ഇപ്രകാരം ജലപ്രളയംപോലെ ഫ്രാൻസിനെ ആക്രമിച്ച വിപ്ലവകക്ഷികളുടെ പ്രക്ഷോഭണഫലമായി സത്യവിശ്വാസത്തിന്റെ വിത്ത് വിദൂരസ്ഥലങ്ങളിൽപോലും വിതരണം ചെയ്യപ്പെട്ട് ഫലപ്രദമാകുന്നതിന് ദൈവഗത്യാ സംഗതിയായി. പ്രസ്തുത വൈദികർ ഫ്രാൻസിലേക്ക് മടങ്ങിവന്നശേഷം 20 സംവത്സരത്തോളം ഫ്രാൻസിൽ നിലനിന്നിരുന്ന തിന്മകളെ ഉൽമൂലനം ചെയ്യുന്നതിന് സർവ്വാത്മനാ ഉദ്യുക്തരായി. വിദേശങ്ങളിലുള്ള മിഷ്യൻവേലകളും അത്ഭുതകരമായി അഭിവൃദ്ധിപ്പെട്ടു. മതപീഡനത്താൽ മിക്കവാറും തരിശായി തീർന്ന ചൈനായിലും ആത്മാക്കളുടെ വിപുലമായ ഒരു വിളവ് ഉണ്ടാകാതിരുന്നില്ല. ഇതിന്റെ ആദ്യകാരണം കൺകരുടനായ ഒരു ക്രിസ്ത്യാനിയായിരുന്നു. അന്യാദൃശമായ ധീശക്തിയും വിശിഷ്ടമായ വാഗ്മിതവുംകൊണ്ട് അലംകൃതനായിരുന്ന ഇയാൾ വളരെ വിജയത്തോടുകൂടി വേദോപദേശം ചെയ്യുവാൻ സമാരംഭിച്ചു. വേദഹിംസയുടെ കാലത്ത് വാളിനിരയായി തീർന്നിരുന്ന വൈദികരുടെ സ്ഥാനത്ത് പുതിയ മിഷ്യനറിമാർ ചൈനായിൽ വരികയും സുവിശേഷവെളിച്ചം മഹാവിസ്തീർണ്ണമായ ആ സാമ്രാജ്യത്ത് സർവ്വത്ര ഉൽഭവിപ്പിക്കയും ചെയ്തു. അമേരിക്കായിലെ മതാഭിവൃദ്ധിയും ഇതിലും ഒട്ടും കുറവല്ലായിരുന്നു. ഐക്യസംസ്ഥാനങ്ങളിൽ നവംനവങ്ങളായ രൂപതകൾ സ്ഥാപിതമാവുകയും മെത്രാന്മാർ നിർവ്വിഘ്നം അവരുടെ സമ്മേളനങ്ങൾ

നടത്തുന്നതിന്ന് സാധിക്കയും ചെയ്തിരുന്നു. പ്രൊട്ടസ്റ്റന്റുകാരുടെ മതഭിന്നിതങ്ങളും കക്ഷിമത്സരങ്ങളും നിമിത്തം ജനതതിയുടെ ഇടയിൽ വിശ്വാസവിഷയത്തിൽ അലക്ഷ്യഭാവവും നിഷ്പക്ഷനിലയും ഉണ്ടാകാതിരുന്നില്ല. എങ്കിലും കത്തോലിക്കർ പ്രതിവത്സരം എണ്ണത്തിലും വണ്ണത്തിലും നിരന്തരമായി വദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. ജപ്പാൻ രാജ്യത്തിനെതിരായി കിടക്കുന്ന ചൈനാ സാമ്രാജ്യത്തിൽപ്പെട്ട ഏകദേശം ഇററലിയോളം വിസ്തീർണ്ണമായ കൊറിയ എന്ന ഉപദ്വീപിലും ദൈവവചനം സാദരം സ്വീകരിക്കപ്പെട്ടുകയുണ്ടായി. 18_ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ കോറിയായിലെ രാജപ്രതിനിധിയുടെ പുത്രനായ ലി. എന്നു പേരുള്ള ഒരു യുവാവു് പെക്കിനിൽ വന്നു് യൂറോപ്പുമിഷ്യനറിമാരുടെ അടുക്കൽ ഗണിതശാസ്ത്രം പഠിച്ചിരുന്നു. അവരുടെ പ്രേരണ അനുസരിച്ചു് ലി. മതസംബന്ധമായ ചില പുസ്തകങ്ങൾ വായിക്കുകയും ദൈവപ്രസാദവരത്താൽ മാനസാന്തരപ്പെട്ടു് പീററർ എന്ന പേരോടുകൂടി ജ്ഞാനസ്നാനം കൈക്കൊള്ളുകയും ചെയ്തു അതു മുതൽ സ്വദേശികളുടെ ഇടയിൽ ഒരപ്പസ്തോലനായി വേല ചെയ്യണമെന്നുള്ള വലിയ ഒരു അഭിലാഷം അയാളിൽ അങ്കുരിച്ചു. അദ്ദേഹത്തിന്റെ പ്രസംഗംമൂലം വളരെ പേർ മാനസാന്തരപ്പെട്ടു മാമ്മോദിസാ സ്വീകരിക്കയുണ്ടായി. തന്നിമിത്തം അഞ്ചുവത്സരത്തിനുള്ളിൽ കൊറിയായിൽ അയ്യായിരമായിരുന്നു ക്രിസ്ത്യാനികളുടെ സംഖ്യ. അപ്പോൾ ഭയവിഹ്വലരായിതീൎന്ന ഗവൎമ്മേണ്ടധികാരികൾ തിരുസഭയെ മർദ്ദിച്ചുതുടങ്ങി. വേദം പ്രമാണിച്ചു് ബന്ധനസ്ഥരായിതീൎന്ന ആളുകളുടെ കൂട്ടത്തിൽ പോൾ, ജെയിംസ് എന്നു പേരുള്ള രണ്ടു സഹോദരങ്ങൾ ഉണ്ടായിരുന്നു വേദത്തെ പ്രതി ഗവർണ്ണർ ചോദിച്ചപ്പോൾ തങ്ങൾ ഈശോ മിശിഹായിൽ പൂർണ്ണമായി വിശ്വസിക്കുന്നുവെന്നു് പരമാർത്ഥതയോടുകൂടി എങ്കിലും സഗൌരവം ഉത്തരംപറഞ്ഞു. അനന്തരം പോൾ ക്രിസ്തീയ മതത്തിന്റെ യാഥാർത്ഥ്യത്തെ തെളിയിക്കുന്നതിനായി ചെയ്ത പ്രസംഗങ്ങൾ അവിടെ കൂടിയിരുന്ന അജ്ഞാനികളെ ആശ്ചര്യപരതന്ത്രരാക്കുകയും ന്യായാധിപനെ ലജ്ജിപ്പിക്കയും ചെയ്തു. ഈ സംഗതിയെല്ലാം രാജാവിനെ അറിയിച്ചപ്പോൾ ക്രിസ്ത്യാനികളെ എല്ലാം വേദം ഉപേക്ഷിക്കുന്നതുവരെ തടവിൽ പാൎപ്പിക്കണമെന്നായിരുന്നു അയാളുടെ നിഷ്കരുഷയായ കല്പന. പിന്നീടു രാജാവു് ആ ഇരുസഹോദരങ്ങളേയും വിളിപ്പിച്ചു് ക്രിസ്തുമതത്തെപ്പററി ചോദ്യം ചെയ്തു അതിനവർ "ഞങ്ങൾ ക്രിസ്തീയമതം അവലംബിച്ചിരിക്കുന്നതു് അതു് സത്യമതമാണെന്നു് ഞങ്ങൾക്കു് പൂർണ്ണബോധം ഉള്ളതുകൊണ്ടാ

ണു്. ദൈവം തിരുമനസ്സാകുന്നു എങ്കിൽ ഞങ്ങൾ ഇരുവരും ക്രിസ്ത്യാനികളായി ജീവിക്കുന്നതിനും മരിക്കുന്നതിനും ഒരുങ്ങിയിരിക്കയാണു്” എന്നു് താമസംവിനാ ഉത്തരിച്ചു. അപ്പോൾ അവരെ കഠിനമായി പീഡിപ്പിച്ചു. എങ്കിലും അതുകൊണ്ടൊന്നും അവരുടെ വിശ്വാസത്തിനു് ലവലേശം ചലനമുണ്ടായില്ല. ഇതിനാൽ അടുത്തതായി പ്രയോഗിച്ച നയം പ്രശംസയും ലാളനവുമായിരുന്നു. അതും നിഷ്ഫലമായതേയുള്ളൂ. ഇതിനാൽ മരണശിക്ഷയ്ക്കു് അവരെ ഇരുവരേയും വിധിക്കുകയും കൊലക്കളത്തിലേക്കു ക്രിസ്ത്യാനികളും അജ്ഞാനികളും ഉൾപ്പെട്ട ഒരു വമ്പിച്ച പുരുഷാരത്തിന്റെ അകമ്പടിയോടുകൂടി കൊണ്ടുപോകയും ചെയ്തു. ഇളയ സഹോദരനായ ജെയിംസ് അതുവരെയും അനുഭവിച്ച പീഡകളുടെ കാഠിന്യത്താൽ ഈശോ മറിയം എന്ന തിരുനാമങ്ങളെ ഉച്ചരിക്കാനല്ലാതെ മറ്റൊന്നിനും ശക്തി ഉണ്ടായിരുന്നില്ല. ജ്യേഷ്ഠനായ പോളാകട്ടെ അജ്ഞാനികൾ കൂടെയും വിസ്മയഭരിതരായിത്തീരത്തക്കവണ്ണം വഴിനീളെ ഈശോമിശിഹായെക്കുറിച്ചു് ഉച്ചസ്വരത്തിൽ പ്രസംഗിച്ചുകൊണ്ടാണു് പോയിരുന്നതു്. വധസ്ഥലത്തു എത്തിയ ഉടൻ ഈശോമിശിഹായെ ഉപേക്ഷിക്കുന്നോ എന്നു ഒന്നുകൂടി അവരോടു ചോദിക്കുകയുണ്ടായി. അവർ അതിനെ പ്രധിഷേധിച്ചപ്പോൾ ഉദ്യോഗസ്ഥൻ പോളിയോടു് സ്വന്ത മരണത്തീർപ്പു വായിക്കുവാൻ ആജ്ഞാപിച്ചു. ഉച്ചത്തിൽ തെളിവായി അതു വായിച്ചശേഷം പീഡയന്ത്രത്തിൽ ശിരസ്സു പാരിക്കൊണ്ടു് ഈശോയെ സ്വല്പനേരം പ്രാർത്ഥിച്ചുടൻ ഈ ധീരയുവാവു തന്നെ ഘാതകനു് അടയാളം കൊടുക്കയും ഉത്തരക്ഷണത്തിൽ ദിവംഗതനാകയും ചെയ്തു. ഇപ്രകാരം തന്നെ ജെയിംസും മരിച്ചു. ഇങ്ങനെ ഈ രണ്ടു സഹോദരങ്ങളും കൊറിയായിലെ സഭയുടെ കടിഞ്ഞൂൽ ഫലങ്ങളായി സ്വയം ദൈവസിംഹാസനത്തിങ്കലേക്കു് സമർപ്പിക്കയും ചെയ്തു. ഈ വേദസാക്ഷികളുടെ മൃതശരീരങ്ങൾ ഒൻപതു ദിവസത്തോളം ഭൂദാനം ചെയ്യപ്പെടാതെ ഇട്ടിരുന്നു. ഒൻപതാംദിവസം അവരുടെ സംബന്ധികൾക്കു് ആ തിരുശേഷിപ്പുകൾ ഭൂമിദാനം ചെയ്യുന്നതിനു് വേണ്ട അനുമതി ലഭിച്ചു. ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും ആ മൃതശരീരങ്ങൾക്കു് യാതൊരു മാററവും ഉണ്ടായിരുന്നില്ല. മാത്രമല്ല സജീവശരീരത്തിനുള്ള നിറവും മയവുംകൂടി അവയ്ക്കുണ്ടായിരുന്നു. പീഡനായന്ത്രത്തിന്മേൽ വീണിരുന്ന അവരുടെ രക്തം തൽക്ഷണം ചിന്തിയതുപോലെ അത്ര നവമായിട്ടത്രെ കാണപ്പെട്ടിരുന്നതു്. ഇതു് അനേകം അജ്ഞാനികൾ ഈ സഹോദരദ്വയങ്ങളുടെ ജീവിത വിശുദ്ധിയുടെ

ഒരു ലക്ഷ്യമായി കരുതുകയും സത്യ വിശ്വാസം അവലംഭിക്കയും ചെയ്തു. അവിടെ മതപീഡനം പലപ്രാവശ്യം ഉണ്ടായെങ്കിലും ഈ ചെറിയ സഭ സ്ഥിരമായി നിന്നു ധാരാളം ഫലങ്ങൾ പുറപ്പെടുവിച്ചു.

യൂറോപ്പു മുഴുവനും തിരുസഭയുടെ ചൈതന്യത്തെ ഉജ്ജീവിപ്പിച്ചു, പ്രബലപ്പെടുത്തുന്നതിനു തീവ്രമായി പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു മഹാത്മാവായിരുന്നു 7-ാം പീയൂസ് മാർപ്പാപ്പാ. തിരുമനസ്സുകൊണ്ടു 83-ാമത്തെ വയസ്സിൽ 1823 ഓഗസ്റ്റ് 20-നു- പരലോകപ്രാപ്തനായി. ഇതിൽ 23 വത്സരം പത്രോസിൻെറ സിംഹാസനത്തിൽ വാഴുകയുണ്ടായി. ഈ പരിശുദ്ധപിതാവിൻെറ സൌമ്യാതിരേകത്താൽ അദ്ദേഹത്തെ നെപ്പോലിയൻ ഒരു കുഞ്ഞാടിനോടാണു ഉപമിച്ചിരുന്നതു. അദ്ദേഹത്തിൻെറ ദൈവഭക്തി ദൃഢവും അഗാധവുമായിരുന്നു. അദ്ദേഹത്തിൻെറ വാഴ്ചക്കാലം സഭാചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഏററം വൈഷമ്യമുള്ളതും അതിപ്രഖ്യാതവുമായ ഘട്ടങ്ങളിൽ ഒന്നായി എന്നും പരിലസിക്കുന്നതാണു.

---

## ൨. ൭-ാം പീയൂസിൻെറ മരണം മുതൽ ൯-ാം പീയൂസ് വരെ.

---

യൂറോപ്പിലെ വിപ്ലവത്തിൻെറയും അധികാരത്തിൻെറയും പ്രക്ഷോഭണങ്ങൾ തൽക്കാലം ശമിച്ചിരുന്നു എങ്കിലും നിശ്ശേഷം ഉൽമൂലനം ചെയ്യപ്പെട്ടിരുന്നില്ല. തൽഫലമായി യുക്തിവാദികളും പാഷണ്ഡമതക്കാരും ഒളിവിൽ അവരുടെ കുതന്ത്രങ്ങൾ പ്രയോഗിക്കുകയും അവരുടെ നശീകരണബോധനങ്ങൾ ജനസമുദായത്തിൽ പ്രചരിപ്പിക്കയും ചെയ്തിരുന്നു. തിന്മ നന്മയായും നന്മ തിന്മയായും പ്രബോധനം ചെയ്യുന്നതിനു ചരിത്രസംഭവങ്ങൾ പാടെ തിരിച്ചു മറിക്കുന്നതിനും മതവും രാഷ്ട്രീയാധികാരവുമാണു സേച്ഛാപ്രഭുത്വത്തിനും സമുദായാധപതനത്തിനും അജ്ഞതക്കുമുള്ള ഏകകാരണമെന്നു ജനസാമാന്യത്തെ തെററിധരിപ്പി

ക്കുകയായിരുന്നു പത്രപ്രവൎത്തകന്മാരുടെ മുഖ്യജോലി. ഫ്റാൻസിൽ ഉണ്ടായ സമാധാനം തൽക്കാലികം മാത്രമായിരുന്നു. ചാറൽസ് ദശമന്റെ ഭരണകാലത്തു് വിപ്ലവകക്ഷികൾക്കു് രാജാധികാരത്തോടും തിരുസ്സഭയോടും ഒരു അവസാന യുദ്ധം നടത്തുന്നതിനു് വേണ്ട ബലം സിദ്ധിച്ചിരുന്നതുപോലെ തോന്നിയിരുന്നു. തങ്ങളുടെ ദുരുദ്ദേശനിർവഹണത്തിനു് ഈശോസഭക്കാരുടെ മതാത്മകമായ തീഷ്ണതയും നിർദ്ദാക്ഷിണ്യമായ നടപടിയും ഒരു പ്രതിബന്ധമായി കരുതുകയാൽ അവരുടെ സഭയെ ആദ്യം ഫ്റാൻസിൽ നിന്നും പിന്നെ ഭൂമുഖത്തുനിന്നും നിഷ്കാസനം ചെയ്യുന്നതിനു് സൎവ്വാത്മനാ അവർ ഉദ്യുക്തരായി. രാജാവു് സമാധാനപാലനം ഉദ്ദേശിച്ചു് പ്രസ്തുത സഭക്കാരെ ഫ്റാൻസിൽ നിന്നും ഇറക്കിവിടുവാൻ സമ്മതിച്ചു. 1830-ൽ ബൊറബോൺ രാജകുടുംബം ബഹിഷ്കൃതമാവുകയും തൽസ്ഥാനത്തു് ഒരു കുപ്രസിദ്ധ വിപ്ലവനേതാവായിരുന്ന ഫിലിപ്പ്എഗാളിറവ് എന്നയാളുടെ പുത്രനായ ലൂയിഫിലിപ്പ് ഫ്റാൻസ് രാജാവായി പ്രഖ്യാപനം ചെയ്യപ്പെടുകയുമുണ്ടായി. ഈ വിപ്ളവകാലത്തു് കോപാക്രാന്തരായ നിരീശ്വരകക്ഷികൾ കുരിശുരൂപങ്ങൾ നശിപ്പിക്കയും വൈദീകഗണത്തെ അധിക്ഷേപഭീഷണികൾക്കു് വിഷയീഭവിപ്പിക്കയും പാരീസിലെ മെത്രാപ്പോലീത്തായുടെ അരമന ഇടിച്ചുതകൎത്തു് തരിശാക്കുകയും അദ്ദേഹത്തിന്റെ ജീവൻപോലും അത്യാപകടത്തിലാവുകയും ചെയ്തു. 17 വൎഷത്തോളം നീണ്ടുനിന്ന ലൂയീസ് ഫിലിപ്പിന്റെ രാജ്യഭരണം അരാജകകക്ഷികൾക്കാൾ തിരുസ്സഭക്കും സമുദായത്തിനും ഏററം ഉപദ്രവകരങ്ങളായിട്ടാണു് പരിണമിച്ചതു്. കുട്ടികളുടെ വിദ്യാഭ്യാസം മതരഹിതമാക്കിയെന്നു മാത്രമല്ല കുപ്രസിദ്ധന്മാരായ നിരീശ്വരന്മാരെ അവരുടെ അദ്ധ്യാപകന്മാരായി നിയമിക്കയും ചെയ്തു. വ്യാജപ്രസ്താവനകൾ പരത്തുക, ചരിത്രസംഭവങ്ങൾ മാററി മറിക്കുക, മനുഷ്യന്റെ പരമാന്ത്യം സമ്പൽസമൃദ്ധിയിൽ അടങ്ങി ഇരിക്കുന്നു എന്നു പഠിപ്പിക്കുക, ഇവയായിരുന്നു പത്രങ്ങളുടെ ജോലി. ഒടുവിൽ ഈദൃശഭരണത്തിന്റെ സഹജഫലമായി രാജാവു് 1848 ഫെബ്രുവരിയിൽ ഏററവും അപമാനകരമായ വിധം സിംഹാസനത്തിൽ നിന്നു് ബഹിഷ്കരിക്കപ്പെട്ടു.

മതവിരോധികളുടെ നിസ്തന്ദ്രമായ പരിശ്രമങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും തിരുസ്സഭ ഒന്നിനൊന്നു് അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെ വന്നിരുന്നു. 1823-ൽ വേദപ്രചാരണസഖ്യം ലയൻസ് പട്ടണത്തിൽ ഇദംപ്രഥമമായി സ്ഥാപിതമായി. വേലക്കാരായ ജനതതിയുടെ മതതി

ക്ഷ്ണതയെ പ്രദ്യോതിപ്പിക്കുമാറ് മുഖ്യമായി അവരുടെ ഔദാര്യദാനങ്ങ ളാൽ അത് ഇന്നാൾവരെ പരിപോഷിതമായി ഏററവും ആശാസ്യ മായ ഒരു നിലയെ പ്രാപിച്ചിരിക്കുന്നു. 1823-ൽ മാർപ്പാപ്പായായി തെ രിഞ്ഞെടുക്കപ്പെട്ട 12-ാം ലെയോ എന്ന പരിശുദ്ധ പിതാവു് ആ കാ ലത്തിൽ പ്രബലപ്പെട്ടിരുന്ന മതവിപരീതങ്ങളായ പ്രബോധനങ്ങളെ ഉ ച്ചാടനം ചെയ്യാൻ സർവ്വശ്രമവും ചെയ്തിരുന്നു. വിദ്യാഭ്യാസത്തിനു് ഒരു നൂതനമായ ചൈതന്യം തിരുമനസ്സുകൊണ്ടു് നൽകുകയുണ്ടായി. ഇതി നായി, റോമിൽ ഈശോസഭക്കാരുടെ സഭാബഹിഷ്കരണത്തിനു മു ൻപു് അവക്കുണ്ടായിരുന്ന വിദ്യാശാലകൾ വീണ്ടും അവരെ ഭരമേല്പിച്ചു. ഈ മാർപ്പാപ്പാ കാലം ചെയ്തശേഷം 1829-ൽ പിൻഗാമിയായി വാണ 8-ാം പീയൂസിനു് 2 സംവത്സരത്തോളം മാത്രമെ പത്രോസിൻെറ സിം ഹാസനത്തിൽ വാഴുവാൻ സാധിച്ചുള്ളു. തൻെറ ഭരണകാലത്തു് ധാ രാളം ദൈവാനുഗ്രഹങ്ങൾ തിരുസ്സഭയിൽ വർദ്ധിപ്പിക്കുമാറാകുന്നതിനു് അദ്ദേഹം ഒരു ജൂബിലി ദണ്ഡവിമോചനം പ്രഖ്യാപനം ചെയ്തു. കൊൺ സ്ററാൻറിനൊപ്പിലി പട്ടണത്തിൽ ഒരു അമ്മേനിയൻ പാത്രിയക്കീ സിനെ തെരിഞ്ഞെടുത്തു നിയമിച്ചു. കൂടാതെ ബ്രസിൽരാജ്യത്തു നിന്നും അടിമ വ്യാപാരം അശേഷം നിറുത്തലാക്കുന്നതിനു് വളരെ പ്രയത്നിക്ക യുണ്ടായി. ഇദ്ദേഹത്തിൻെറ ഭരണകാലത്തു് ഗ്രേററ് ബ്രിട്ടനിലും അയർ ലണ്ടിലും ഉള്ള കത്തോലിക്കർ, വിശ്വവിശ്രുതനായ ദാനിയേൽ ഒക്കോണ ലിൻെറ നേതൃത്വത്തിൽ തങ്ങളുടെ പൌരാവകാശസംബന്ധമായും മത സംബന്ധമായും ഉള്ളഅവകാശങ്ങളെ അനുവദിച്ചു കൊടുക്കുന്നതിനു് പാർലിമെണ്ടിനെ നിർബന്ധപൂർവ്വം സമ്മതിപ്പിക്കയും അവിടത്തെ നിയ മാവലിയിൽദീർഘനാളായി അവഹേളനവിഷയമായി തീന്നിരുന്ന കക്കശ വും പീഢാജനകവുമായ നിയമങ്ങളെ പിൻവലിപ്പിക്കയുമുണ്ടായി. ഈ നീതിപരമായ കൃത്യം ജോർജ്ജു് തൃതീയനാലും അദ്ദേഹത്തിൻെറ പിൻഗാ മിയാലും നിഷേധിക്കപ്പെടുകയാണു് ചെയ്തതു്. കത്തോലിക്കാ മത ത്തിനു് സമാവകാശവും സ്ഥാനവും അനുവദിക്കുന്നതായാൽ രാജകീയ മതമായ ആംഗ്ലിക്കൻ സഭ അപകടത്തിലാകുമെന്നു് ഈ ഭൂപതികൾ ഭയപ്പെട്ടിരുന്നു എന്നുള്ളതാണു് 'ഇതിനുള്ള കാരണം. എന്നാൽ ഒടു വിൽ വൈമനസ്യത്തോടുകൂടിയെങ്കിലും വെല്ലിങ്ങടൻ പ്രഭുവും സെർ റോബർട്ടുപ്രഭുവും കൂടി 1829 ഏപ്രിൽ 13-ാംനു- കത്തോലിക്കാമത സ്വാതന്ത്ര്യം വീണ്ടും അനുവദിക്കയും ഇംഗ്ലണ്ടിലെ കത്തോലിക്കാസഭ അതിൻെറ ചരിത്രത്തിൽ അഭിനവവും ജാജ്വല്യവുമായ ഒരു കാലഘ ട്ടത്തിലേക്കു് പ്രവേശിക്കയും ചെയ്തു. 1830-ൽ ഫ്റഞ്ചുകാർ ആഫ്റി

ക്കായിലെ അറ്ജിയേഴ്സ് സംസ്ഥാനം യുദ്ധം ചെയ്ത് സ്വാധീനപ്പെടുത്തിയതോടുകൂടി അതുവരെ മദ്ധ്യധരണ്യാസമുദ്രത്തിൽ കൊള്ളചെയ്തുകൊണ്ടു വരികയും അനേകലക്ഷം ക്രിസ്ത്യാനികളെ തടവുകാരായി ബന്ധിച്ചു് പീഡിപ്പിക്കയും ചെയ്തിരുന്ന കടൽകള്ളന്മാർ അശേഷം നാമാവശേഷമായിതീരുകയും തിരുസഭയുടെ വേദപ്രചാരണപ്രസ്ഥാനത്തിനു് തന്മൂലം ഒരു പുതിയ പാന്ഥാവുകൂടി തുറക്കുകയുമുണ്ടായി.

1831_ൽ 8_ാം പീയൂസ് മാർപ്പാപ്പായുടെ പിൻഗാമിയായി പത്രോസിൻെറ സിംഹാസനത്തിൽ ആരോഹണം ചെയ്ത പതിനാറാം ഗ്രിഗറി വി. ബനദിക്തോസിൻെറ സഭയിലെ ഒരു സന്യാസി ആയിരുന്നു അന്യാദൃശമായ ഭക്തിതീഷ്ണതയും ശാന്തശീലവും ഉള്ള ഈ മാർപ്പാപ്പാ ഒരു സന്യാസപരമായ ജീവിതമാണു് വത്തിക്കാൻ അരമനയിലും നയിച്ചിരുന്നതു്. മിണ്ടാമാർഗ്ഗം മുതലായ രഹസ്യസംഘങ്ങളുടെ നയങ്ങളെ ശിഥിലമാക്കുന്നതിനു് നവംനവങ്ങളായ രൂപതകൾ ഏർപ്പെടുത്തിക്കൊണ്ടു് കത്തോലിക്കാസഭയുടെ മാനസാന്തര പ്രസ്ഥാനങ്ങളെ പൂർവ്വാധികം വിസ്തീർണ്ണമാക്കുന്നതിനും പ്രക്ഷോഭജനകങ്ങളായി ആ കാലത്തു് മതമില്ലാമതത്തെ അഥവാനിരീശ്വരത്വത്തെ പോഷിപ്പിക്കുന്നതായിജനതാമദ്ധ്യത്തിൽ നിരന്തരം പ്രത്യക്ഷപ്പെട്ടിരുന്ന നൂതനങ്ങളായ ദുർബോധനങ്ങളെ പാടെ ഉന്മൂലനം ചെയ്യുന്നതിനും ഈ പരിശുദ്ധ പിതാവു് അശ്രാന്തപരിശ്രമം ചെയ്തിരുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിലായി നാല്പതിലധികം രൂപതകൾ സ്ഥാപിക്കുന്നതിനും അനേകം മഹാത്മാക്കളെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള ഭാഗ്യവും ആശ്വാസവും തിരുമനസ്സിലേക്കു് സിദ്ധിച്ചു. അദ്ദേഹത്തിൻെറ സുദീർഘവും ശ്രമാവഹവുമായി നടന്ന രണ്ടു അനിഷ്ടസംഭവങ്ങൾ ഇവിടെ പ്രസ്താവ്യമാണു്. 1833_ൽ സ്പെയിനിലെ ഫെർഡിനാൻഡ് സപ്തമൻ നിര്യാതനായപ്പോൾ അദ്ദേഹത്തിൻെറ മകളായ ഇസബെള്ള പ്രഭ്വി അല്ലെങ്കിൽ ഏററം വാസ്തവമായി പറയുന്നപക്ഷം അവളുടെ മാതാവായ മരിയ ക്രിസ്റ്റീനാ രാജസിംഹാസനത്തെ കരസ്ഥമാക്കുകയും ന്യായാനുസരണം രാജവാഴ്ചയ്ക്കു് അർഹനായിരുന്ന ചാറൽസു് പഞ്ചമനെ തോല്പിച്ചോടിക്കുവാൻ തക്കവണ്ണം അത്ര കൈയ്യൂക്കുള്ളവളായി പ്രത്യക്ഷപ്പെടുകയും ചെയ്തു. ഭയങ്കരങ്ങളായ നിയമലംഘനങ്ങളും അപമര്യാദകളുമായിരുന്നു ഈ അപഹൃതവാഴ്ചയുടെ ഫലം. അടിസ്ഥാനക്കല്ലു് ഇളക്കിയാൽ കോട്ട അധഃപതിക്കാതിരിക്കുകയില്ല. സമുദായത്തിൻെറ അസ്ഥിവാരം പോലിരുന്ന നീതി ന്യായം ഉൽലംഘിച്ചാൽ പിന്നെ സംഭവിക്കുന്നതു് സകല നിയമങ്ങളുടെയും ലംഘനമായിരിക്കും. സ്പെയിനി

ലും അരാജകകക്ഷികളുടെ അധികാരഭ്രമം അഥവാ മത്സരബുദ്ധിഭരണം നടത്തി പ്രബലപ്പെട്ടുതുടങ്ങി. വധിക്കപ്പെട്ട വൈദികരുടെയും സന്യാസികളുടെയും രക്തം പ്രതികാരത്തിനായി സ്വർഗ്ഗത്തിലേക്കു് അഭ്യർത്ഥിച്ചു. ആശ്രമങ്ങൾ കൊള്ളയിടുകയും പള്ളിവക വസ്തുക്കൾ എല്ലാം പിടിച്ചെടുത്തു് സർക്കാർ വകയാക്കുകയും ചെയ്തു. ഈ പ്രക്ഷോഭണാവസരം മുതൽ സ്പെയിനിൽ സമാധാന മാരുതൻ വീശിട്ടില്ല. അന്നു് ഉൽഭൂതമായ പൈശാചിക ചൈതന്യത്തിന്റെ ശക്തി ഇപ്പോഴും ആ രാജ്യത്തെ പിടിച്ചുകൊണ്ടാണിരിക്കുന്നതു്. യൂറോപ്പിന്റെ ഉത്തരഭാഗത്തു റഷ്യൻ ചക്രവർത്തിയായ നിക്കോസ് പ്രഥമൻ പോളണ്ടു രാജ്യത്തിലെ കത്തോലിക്കാ നിവാസികളെ ഉഗ്രമായ മതപീഡനത്താൽ കൊന്നൊടുക്കുകയായിരുന്നു. റഷ്യൻ ശിശ്മയെ അനുസരിക്കുവാൻ വിസമ്മതിച്ചിരുന്ന വൈദികരേയും കന്യകകളേയും ജയിലിൽ പാർപ്പിക്കയൊ സൈബീറിയായിലേക്കു് നാടുകടത്തുകയൊ ചാട്ടകൊണ്ടടിക്കയൊ ചെയ്തിരുന്നു. 16-ാം ഗ്രീഗോറിയോസ് മാർപ്പാപ്പാ പോളണ്ടിൽ ഈവിധം കഷ്ടപ്പെട്ടിരുന്ന തന്റെ പ്രേമ അജക്കൂട്ടത്തിന്റെ ശോചനീയാവസ്ഥയെ പരിഹരിക്കുമാറു് ചെയ്ത പ്രയത്നം പ്രസ്താവ്യമായ ഫലത്തെ ഉളവാക്കുവാൻ പര്യാപ്തമായിരുന്നില്ല. സഭയെ ഇപ്രകാരം മർദ്ദിച്ചിരുന്ന ആ ഉഗ്രവാഴി അയാളുടെ ദുരുദ്ദേശം സാധിക്കാതെ അവസാനം ജുഗുപ്സാവഹമായ നിര്യാണത്താൽ ശവകുടീരത്തിലേക്കു് ഇറങ്ങുകയും ചെയ്തു.

16-ാം ഗ്രീഗോറിയോസ് വിദേശങ്ങളിൽ മതപ്രചരണം ചെയ്യുന്നതിനു് വലുതായ ഒരു ഉന്മേഷം നൽകുക ഉണ്ടായി. സുവിശേഷവെളിച്ചം ലോകത്തിന്റെ അതിർത്തിവരെയും വീശുന്നതിനു് ഇടയാക്കിയെങ്കിലും ഏതൻമൂലം വേദസാക്ഷികൾ ചൊരിഞ്ഞ രക്തം അപരിമിതമായിരുന്നു. ഇതു പ്രത്യേകം ചൈനായിൽ ആണു് നടന്നതു്. വേദപ്രചാരണ നാളാഗമത്തിൽ യൂറോപ്പു മിഷ്യനറിമാരും ദേശിയ വൈദികരും അൽമായക്കാരും അനുഭവിച്ച കഷ്ടാരിഷ്ടതകളും പ്രദർശിപ്പിച്ച വീര്യപരാക്രമവും രേഖപ്പെടുത്തിട്ടുണ്ടു്. നമ്മുടെ ഈ ആധുനികകാലത്തുതന്നെയും തിരുസഭയോടു ചെയ്തിരുന്ന പോരാട്ടത്തിന്റെ ഒരു ദൃഷ്ടാന്തം ഇവിടെ ഉദ്ധരിക്കാം. കൊച്ചിൻ ചൈനായിൽ മീൻമെൻ എന്ന അതിക്രൂരരാജാവു് ഉഗ്രതരമായ മതപീഡനം ചെയ്തുകൊണ്ടിരുന്നു. 1835 നവംബർ മാസത്തിൽ ബൊസാൻസോൻ രൂപതയിലെ മർഷാൻ എന്ന ഫ്രഞ്ചു വൈദികൻ ഹിംസകനായ ഭൂപതിയുടെ മുൻപാകെ ആനയിക്കപ്പെടുക ഉണ്ടായി. സ്വദേശികളെ രാജാവിനു വിരോധമായി ഇളക്കിവിടുവാൻ [illegible]ടെ വന്നതാണെന്നു് അദ്ദേഹത്തെക്കൊണ്ടു് സമ്മതിപ്പിക്കാൻവേണ്ടി വളരെ ദീർഘിച്ച പരിശോധന വിഫലമായിതീർന്നതി

നാൽ അദ്ദേഹത്തെ യന്ത്രത്തിലിട്ടു് ഞെരുക്കുന്നതിനാണു് ഉത്തരവുണ്ടായതു്. അദ്ദേഹത്തിൻെറ കാലുകൾ, തീയിലിട്ടു പഴുപ്പിച്ച ഇരുമ്പുകൊടിലുകൾകൊണ്ടു് പിടിച്ചു കീറുകയും അനന്തരം രണ്ടര അടി ഉയരവും മൂന്നടി നീളവും രണ്ടടി വീതിയുമുള്ള ഒരു മരക്കൂട്ടിൽ ഇട്ടടയ്ക്കുകയും ചെയ്തു. അദ്ദേഹത്തിനു് നിവൎന്നു നില്ക്കുന്നതിനോ ഇരിക്കുന്നതിനോ നിവൃത്തി ഇല്ലാതെ തല കീഴാട്ടു ഇട്ടുകൊണ്ടു് ആറാഴ്ചകളോളം ഈ ഘോരമായ കൂട്ടിൽ വസിക്കേണ്ടിവന്നു. അദ്ദേഹത്തിൻെറ വധത്തിനു് നിശ്ചയിക്കപ്പെട്ട ദിവസം ആസന്നമായപ്പോൾ വേറെ പല ക്രിസ്ത്യാനികളോടും കൂടി രാജകൊട്ടാരത്തിൽ നിന്നു് അത്ര വിദൂരമല്ലാതിരുന്ന ശിക്ഷാസ്ഥലത്തേക്കു് കൊണ്ടുപോകപ്പെട്ടു. അപ്പോൾ രാജാവു് പുറത്തുവന്നു് അവരെ സൂക്ഷിച്ചുനോക്കി. തൻെറ സന്നിധിയിൽ അഞ്ചു പ്രാവശ്യം സാഷ്ടാംഗപ്രണാമം ചെയ്യണമെന്നു് അവരെ നിർബന്ധിച്ചശേഷം ശിരച്ഛേദം ചെയ്യുന്നതിനു് ആജ്ഞ നൽകി. പിന്നീടു അവരുടെ വസ്ത്രമെല്ലാം ഉരിഞ്ഞു മാററി കരങ്ങൾ പിന്നോക്കം കെട്ടി ബന്ധിച്ചു. ബാധകരുകൾ വീണ്ടും തീയിലിട്ടു പഴുപ്പിച്ചു. അഞ്ചു ഘാതകന്മാർ ഒരേ സമയം തന്നെ ആ വേദസാക്ഷികളുടെ തുടകളിലും കാലുകളിലും പഴുത്ത ഇരുമ്പു കുത്തിക്കടത്തുകയും അവ തണുക്കുമ്പോൾ വീണ്ടും തീയിലിട്ടു് പഴുപ്പിച്ചു് മരണവേദന അനുഭവിച്ചിരുന്ന ആ മഹാത്മാക്കളുടെ ശരീരത്തെ പീഡിപ്പിക്കയും ചെയ്തിരുന്നു. അനന്തരം എം. മർഷാൻ എന്ന വൈദികനെ ഒരു കുരിശിന്മേൽ തൂക്കിനിറുത്തി ആയുധപാണികളായ രണ്ടു ഘാതകന്മാർ അദ്ദേഹത്തിൻെറ ഇരുവശത്തും നില്ക്കവേ, തമ്പേർ അടിച്ചു മുഴക്കുകയുണ്ടായി. പിന്നീടു നിശ്ശബ്ദമായി ഘാതകന്മാർ ആ വന്ദ്യഗുരുവിൻെറ മാംസമെല്ലാം വലിയ കഷണങ്ങളായി ഛേദിച്ചുകളഞ്ഞു. അദ്ദേഹത്തിൻെറ അസ്ഥികളെല്ലാം പ്രത്യക്ഷമായി. വിറകു കീറുന്നതുപോലെ അദ്ദേഹത്തിൻെറ കാലുകൾ വെട്ടിമുറിച്ചിരുന്നു. രണ്ടു വലിയ കഷണങ്ങൾ മുറിഞ്ഞു താഴെ വീണതോടുകൂടി ആ പൂജ്യൻ തലകുനിഞ്ഞു് തൻെറ ആത്മാവിനെ ജീവൻേറയും മഹത്വത്തിൻേറയും ഉടമസ്ഥനായ കൎത്താവിൻെറ കരങ്ങളിൽ ഭരമേല്പിക്കുകയും ചെയ്തു. ആ നിഷ്കണ്ടകന്മാരായ അജ്ഞാനികൾ ഈ രക്തസാക്ഷിയുടെ അവശിഷ്ടങ്ങളോടു വീണ്ടും വളരെ നിന്ദ്യമായി പ്രവൎത്തിച്ചതിൻെറശേഷം ഒടുവിൽ സമുദ്രത്തിലേക്കു് വലിച്ചെറികയാണു ചെയ്തതു്.

മുപ്പെത്തെട്ടുസന്യാസസഭക്കാർ പ്രേഷിതവേല നിൎവ്വഹിക്കുന്നതിൽ ഉദ്യുക്തരായി ഈശോമിശിഹായുടെ സുവിശേഷം ഭൂമുഖത്തെങ്ങും പ്രചരിപ്പിച്ചുകൊണ്ടുവരുന്നു. അടുത്തകാലത്തു മാത്രം മിശിഹായെ അറി

വാൻ ഇടയായവക്കുവണ്ടി 126 ൽ പരം രൂപതകൾ സ്ഥാപിച്ചിട്ടുണ്ടു്. മിഷ്യൻ സംസ്ഥാനങ്ങൾ അഞ്ചു ഖണ്ഡങ്ങളായിട്ടാണു് വിഭജിക്കപ്പെട്ടിരിക്കുന്നതു്. 1. ലെവാൻറ അച്ച്പ്പേലകോ ദ്വീപുകൾ, കോൺസ്ററാൻറിനേപ്പിൾ, സിറിയ, അമ്മേനിയാ, ക്രിമേയാ, എത്തിയോപ്പിയാ, പേർഷ്യ, ഈജിപ്ററ്, 2. ഇൻഡ്യാ, മനിയില, ഫിലിപ്പയിൻ, ദ്വീപുകൾ 3: ചൈനാ, സയാം, കൊച്ചിൻചൈന, ററൊങ്കിൻ. 4. അമേരിക്ക, ഹഡ്സൺ, ഉൾക്കടൽ മുതൽ പാറാഗ്വേ ജാതിക്കാരുവരെയുള്ള നാടുകൾ. 5. ഓഷ്യാനിയ; ഓസ്ത്രേലിയാ; ഇവയെല്ലാം പ്രോപ്പഗാന്ത തിരുസംഘത്തിൻെറ നേരിട്ടുള്ള ഭരണത്തിൽ ഉൾപ്പെടുന്നവയാണു്. ഈ സ്ഥലങ്ങളിൽ വേല ചെയ്യുന്നവർ മുഖ്യമായി ഈശോസഭക്കാർ, ലാസരിസ്ററുഫാദേഴ്സ്; റെഡംപ്ററരിസ്ററ്സഭക്കാർ, ഡൊമിനിക്കർ, പ്രംസിസ്കന്മാർ; മരിയസഭക്കാർ മുതലായ സന്യാസികളാണു്. "പ്രേഷിതരുടെ പാദസ്പർശനത്താൽ പാവനമാക്കാത്ത ഏതെങ്കിലും ഒരു സ്ഥലം ഭൂമുഖത്താ അല്ലെങ്കിൽ ഏതെങ്കിലും ഒരു ദ്വീപിലോ കണ്ടെത്തുവാൻ ആക്കു സാധിക്കും? ദൈവമഹത്വത്തെ പ്രസിദ്ധപ്പെടുത്തുന്നതിനോ അല്ലെങ്കിൽ തൻെറ സ്തുതിക്കായി തങ്ങളുടെ ജീവരക്തം ചിന്തുവാനോ ഏതു് ഭയങ്കര കടൽ തീരങ്ങളിൽ നിന്നാണു് അവർ ഭയന്നു് പിന്മാറിയിട്ടുള്ളതു്?

ഉത്തരഅമേരിക്കായിലെ ശീതമേഖലകളിൽ നിന്നു് ഗംഗാനദിയുടെ ഇരുവശങ്ങളിലുമുള്ള ഉഷ്ണപ്രദേശങ്ങൾവരേയും, കൊറിയാ മുതൽ പാസിഫിക്കു് സമുദ്രത്തിലെ സീമന്തദ്വീപുകൾവരേയും, ററിബററ മുതൽ ആഫ്റിക്കായുടെ തെക്കെഅററം വരേയും ഗാഗുൽത്താ മലമുകളിൽ നാട്ടിയ ജീവൻെറ വൃക്ഷം അതിൻെറ സംരക്ഷാകരങ്ങളായ ശിഖരങ്ങൾ പടർത്തി അമർത്യപരമായ ഫലങ്ങൾ ജനിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിപ്ളവകാലത്തു് ഓടി അഭയം പ്രാപിച്ച ഫ്രഞ്ചുവൈദീകർക്കു് സാദരം ഔദാര്യാതിഥ്യം നൽകിയ ഇംഗ്ലണ്ടു തന്നെയും അതിൻെറ ഫലം ആസ്വദിക്കാതിരുന്നില്ല. ദൈവാനുഗ്രഹത്തിൻെറ കാലം വീണ്ടും ഉദിച്ചിരിക്കുന്നതായി തോന്നുന്നു. ദിനംപ്രതി ദൈവപ്രസാദം, തെററിപ്പോയ ആടുകളെ ഏക തൊഴുത്തിലേക്കു് ആനയിച്ചുകൊണ്ടിരിക്കുന്നു. ആംഗ്ലിക്കൻസഭയിൽ പാണ്ഡിത്യവും ദൈവഭക്തിയുംകൊണ്ടു് വിശ്രുതരായ അനേകം വൈദീകർ പ്രോട്ടസ്ററൻറ മതം വിട്ടു് സത്യസഭയിലേക്കു് പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. നിരവധി അൽമായേക്കാരും അവരുടെ ദൃഷ്ടാന്തം അനുകരിച്ചു് കത്തോലിക്കരായിതീൎന്നു. ഇംഗ്ലണ്ടിലെ കത്തോലിക്കർക്കെതിരായുണ്ടായിരുന്ന ശിക്ഷാനിയമങ്ങൾ റദ്ദാക്കപ്പെട്ട

തോടുകൂടി പള്ളികളുടെയും വൈദികരുടെയും സംഖ്യ വിസ്മയകരമായ വേഗതയോടുകൂടി വദ്ധിച്ചിരിക്കുന്നു. 16_ാം ഗ്രീഗോരിയോസ് മാമാപ്പാപ്പായുടെ ശേഷം 1846_ൽ പത്രോസിന്റെ സിംഹാസനാരൂഢനായ 9_ാം പിയുസിനാണ് ഇംഗ്ളണ്ടിൽ_ഒരിക്കൽ വിശുദ്ധന്മാരുടെ ദ്വീപായിരുന്നു എങ്കിലും മൂന്നു നൂററാണ്ടുകളോളം അബദ്ധത്തിന്റെയും വ്യാജത്തിന്റെയും ശീശ്മയുടെയും രാഗസ്ഥലമായിതീന്ന—ഇംഗ്ളണ്ടിൽ മേലദ്ധ്യക്ഷസ്ഥാനം പുനഃസ്ഥാപിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു്. കത്തോലിക്കാസഭയുടെ പ്രാചീന പ്രതാപങ്ങളാൽ അലംകൃതമായിരുന്ന പഴയ രൂപതകൾ മതഭിന്നതമൂലാന്തരം പണ്ടേ നിന്നുപോയതിനാൽ—1850_ൽ പന്ത്രണ്ടു പുതിയരൂപതകൾ സൃഷ്ടിക്കപ്പെടുകയും വെസ്ററമിനിസ്ററർ അതിരൂപതയായി ഉയത്തപ്പെടുകയും ചെയ്തു. സ്കോട്ടലണ്ടിൽ, 9_ാം പിയൂസ് മാപ്പാപ്പാ കാലം ചെയ്തശേഷം പിൻഗാമിയായ 13_ാം ലെയോൻ തിരുമനസ്സുകൊണ്ടു് 1898_ൽ വൈദീക മേലദ്ധ്യക്ഷസ്ഥാനം വീണ്ടും നിയമിച്ചു.

അവിടെ പ്രസ്ബിറേറയ്യൻ പാഷാണ്ഡമതം താവളം ഉറപ്പിച്ചിട്ടുള്ളതാണെങ്കിലും കത്തോലിക്കാ വിശ്വാസം വദ്ധമാനമായി തന്നെ ഇരിക്കുന്നു. അയർലണ്ടാകട്ടെ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടു് അഭേദ്യമായ വിശ്വസ്തത എന്നും പാലിച്ചിട്ടുള്ളതാണ്. അവളുടെ സന്താനങ്ങളിൽ അനേകം പേർ വിദേശങ്ങളിൽ കുടിയേറി പാത്തതു സ്വരാജ്യത്തിനു് ഹാനികരമായിരുന്നെങ്കിലും കത്തോലിക്കാസഭയുടെ പ്രചുരപ്രചാരത്തിനും പ്രാബല്യതയ്ക്കും വളരെ ഉപകരിച്ചിട്ടുണ്ടു്. ഇപ്രകാരം അമേരിക്കായിലെ ഐക്യസംസ്ഥാനങ്ങളിലും ഓസ്ട്രേലിയായിലും ന്യൂസിലാണ്ടിലും മററിതുപോലെയുള്ള പല കുടിപാർപ്പു നാടുകളിലും സത്യവിശ്വാസം ഉപരിയായി വദ്ധിച്ചിരിക്കുന്നു.

സന്യാസസമൂഹങ്ങൾ എല്ലായിടത്തും ഉദിച്ചു വിളങ്ങിക്കൊണ്ടിരിക്കുന്നു. ഇടവക വൈദികരും സന്യാസവൈദികരും സത്യവിശ്വാസദീപം പരത്താനായി സോത്സാഹം പ്രയത്നിക്കുന്നു. ഇംഗ്ളണ്ടിലെ കത്തോലിക്കാ സഭയ്ക്കു് അതിശോഭനമായ ഭാവിയെ നിശ്ശങ്കം പ്രതീക്ഷിക്കുവാൻ തക്കവണ്ണം അതിന്റെ യുവജനങ്ങൾ കുബേരന്മാരായിരുന്നാലും പാമരന്മാരായിരുന്നാലും കത്തോലിക്കാ മതപരമായ ശിക്ഷാക്രമത്തിൽ വിദ്യ അഭ്യസിപ്പിക്കപ്പെട്ടുവരുന്നു.

ഫ്രാൻസിൽ 1848_1851_അതിന്റെ വിപ്ലവകാലത്തും 1851_1870_ചക്രവത്തിയായ ലൂയി നെപ്പോലിയന്റെ കാലത്തും മതപരമായ വേലകൾ വളരെ നടന്നുകൊണ്ടിരുന്നു. മിണ്ടാമാഗ്ഗക്കാരുടെ പ്രാ

ബല്യകാലത്തു് പാരീസിലെ മെത്രാപ്പോലീത്താ ആയിരുന്ന ദർബോയി എന്ന ദേഹം വേദത്തെപ്രതി വെടിയേററു് രക്തസാക്ഷിയായി മരിക്കയുണ്ടായി. ജർമ്മൻകാർ പാരീസിനെ പിടിച്ചടക്കിയശേഷം വീണ്ടും സ്ഥാപിതമായ ജനാധിപത്യ ഗവമ്മേണ്ടു് സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്നു് ഉൽഘോഷിക്കുന്നുണ്ടെങ്കിലും ദൈവസഭയ്ക്കു് വിരുദ്ധമായിട്ടാണു് ഇപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതു്. ഈശോ സഭക്കാരേയും എന്നല്ലാ എല്ലാ സന്യാസസഭകളേയും രാജ്യഭ്രഷ്ടരാക്കി ആതുരശാലകളും വിദ്യാലയങ്ങളും നടത്തിക്കൊണ്ടിരുന്ന പരസ്നേഹ കന്യകമാരെയും മറെറല്ലാ സന്ന്യാസിനിമാരെയും നാട്ടിൽനിന്നു് ബഹിഷ്കരിക്കയാണു് ചെയ്തതു്.

## ൧൩-ാം അദ്ധ്യായം.

## 19-ാം ശതാബ്ദത്തിന്റെ അന്ത്യഘട്ടവും അനന്തരസംഭവങ്ങളും.

### ൧. ഒമ്പതാം പീയൂസ്സ് (1846-1878)

പതിനാറാം ഗ്രിഗോറിയോസു് മാർപ്പാപ്പായുടെ മരണശേഷം ഉണ്ടായ പ്രക്ഷുബ്ധത ഹേതുവാൽ കർദ്ദിനാൾ സംഘം ആരെ പാപ്പാസ്ഥാനത്തേക്കു് ഉയർത്തുമെന്നു് ജനങ്ങൾ സോൽകണ്ഠം പ്രതീക്ഷിച്ചിരുന്നു. കർദ്ദിനാൾ സംഘത്തിൽ രാജ്യഭരണത്തെ സംബന്ധിച്ചു് രണ്ടു കക്ഷികൾ ഉണ്ടായിരുന്നു. യഥാസ്ഥിതികന്മാർ പാരമ്പര്യഭരണത്തെ അനുകൂലിച്ചും ഉൽപതിഷ്ണുക്കൾ രാജ്യഭരണത്തിൽ അല്പസ്വല്പമായ ആനുകൂല്യങ്ങൾ ജനങ്ങൾക്കു നൽകേണ്ടതാണെന്നും വാദിച്ചു. ഒമ്പതാം പീയൂസ്സ് മാർപ്പാപ്പാ തെരിഞ്ഞെടുക്കപ്പെട്ടതോടുകൂടി സകല അസ്വാസ്ഥ്യങ്ങളും ഒരു വിധത്തിൽ ശമിച്ചു എന്നു പറയാം. അദ്ദേഹത്തിന്റെ

ഉദാരമനസ്കത ജനസമ്മാന്യത്തെ അനായാസേന തന്നിലേക്കാകർഷിക്ക ഉണ്ടായി. ചെറിയ ഇററലി എന്നു് അഭിസംബോധനം ചെയ്യപ്പെട്ടിരുന്ന രാജ്യത്തിലെ ജനങ്ങൾ കൂടുതൽ രാഷ്ട്രീയ സ്വാതന്ത്ര്യലബ്ധിക്കായി മുറവിളി കൂട്ടിയിരുന്നു. പതിനാറാം ഗ്രീഗോറിയോസു് മാർപ്പാപ്പായുടെയും അദ്ദേഹത്തിന്റെ മന്ത്രിസത്തമന്റേയും സ്വായാധിപത്യമായ ഭരണം ജനങ്ങളെ രാഷ്ട്രീയ പരിവർത്തനത്തിനു് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഭരണപരിഷ്കാരത്തോടു് ആനുകൂല്യം പ്രദർശിപ്പിച്ച ഒരാളായിരുന്നു പുതിയ മാർപ്പാപ്പാ. ആകയാൽ തന്റെ മുൻഗാമികളുടെ കാലത്തു് നാടുകടത്തപ്പെട്ട അരാജകകക്ഷികൾക്കു് സ്വരാജ്യത്തിലേയ്ക്കു് പിന്തിരിയുന്നതിനു് അനുമതി ലഭിച്ചു. എന്നാൽ പല രാജ്യതന്ത്രജ്ഞന്മാർക്കും തിരുമനസ്സിലെ പ്രവൃത്തി പ്രശാന്തമായ ഭാവിഭരണത്തിനു് ഒട്ടും അനുയോജ്യമായി തോന്നിയില്ല. അവർ പ്രതീക്ഷിച്ചിരുന്നതുപോലെ സ്വരാജ്യപ്രവേശാനന്തരം അരാജകകക്ഷികൾ വ്യവസ്ഥാപിതമായ ഗവർമ്മെണ്ടിനെതിരായി പല ആലോചനകളും കൂട്ടുകെട്ടുകളും ഉണ്ടാക്കി. അവർ ഒരു ജനാധിപത്യഗവർമ്മെണ്ടു സ്ഥാപിക്കുന്നതിനു് ഓസ്ട്രിയാ ഗവർമ്മെണ്ടിനെതിരായി ഒരു യുദ്ധപ്രഖ്യാപനം ചെയ്യുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുകയായി. ഇടക്കിടെ ചില അനിഷ്ടസംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ മാർപ്പാപ്പാ അവരുടെ ചില വാദങ്ങളെ സ്വീകരിച്ചുവെങ്കിലും ക്രിസ്തീയലോകത്തിന്റെ പിതാവെന്ന നിലയിൽ ഒരു കത്തോലിക്കാരാജ്യമായ ഓസ്ട്രിയായോടു യുദ്ധപ്രഖ്യാപനം ചെയ്കയില്ലെന്നു് ഖണ്ഡിതമായി പ്രസ്താവിച്ചു. വിപ്ലവം രാജ്യത്തിൽ സർവ്വത്ര പ്രചരിച്ചു. മാർപ്പാപ്പാ സ്വരാജ്യവഞ്ചകനെന്നു് ചില ഉല്പതിഷ്ണുക്കൾ ഘട്ടിമൂളിക്കാതെയുമിരുന്നില്ല. തിരുമനസ്സിലെ സചിവസത്തമനായ കർദ്ദിനാൾ റോസ്സിയെ വിപ്ലവകാരികൾ കഠാരികൊണ്ടു് മൃതിപ്പെടുത്തി. മാർപ്പാപ്പായുടെ അധിവാസസ്ഥാനമായ ക്വിരിനാൽ കൊട്ടാരത്തെ ശത്രുക്കൾ വളഞ്ഞു. തന്നിമിത്തം ജനങ്ങൾ തന്നെ ഒരു മന്ത്രിസഭ രൂപവൽക്കരിക്കുവാൻ അവരെ അനുവദിക്കുന്നതിനു മാർപ്പാപ്പാ നിർബന്ധിതനായി. ജർമ്മൻ സ്ഥാനാപതിയുടെയും, ഫ്രഞ്ചു സ്ഥാനാപതികളുടെയും, സഹായസഹകരണങ്ങളോടുകൂടി തിരുമനസ്സുകൊണ്ടു് വേഷപ്രച്ഛന്നനായി സ്വന്ത കൊട്ടാരത്തിൽ നിന്നും ഗയത്താ എന്ന സ്ഥലത്തു് അഭയം പ്രാപിച്ചു. കാലതാമസമെന്യേ പല കർദ്ദിനാളന്മാരും അവിടെ വന്നുചേർന്നു. ഈ സമയത്തു് റോമ്മാപട്ടണം രാജദ്രോഹികളുടെയും വിപ്ലവകാരികളുടെയും ഒരു രംഗസ്ഥലമായി പരിണമിക്കയും അവർ

അവിടെ സേഛരാനുസരണം പ്രവൃത്തിക്കയും ചെയ്തു. സമാധാനപുനഃസ്ഥാപനത്തിനായി പ. പിതാവു് ഫ്റാൻസ്, സ്പെയിൻ, ഓസ്ത്രിയാ, നേപ്പിൾസ് എന്നീ രാജ്യങ്ങളോടും സഹായം അഭ്യർത്ഥിക്കയുണ്ടായി.

1850 ജൂൺ 29-ാനു- ഓഡിനോട്ടു് എന്ന ഫ്റഞ്ചു സേനാനായകൻ വിപ്ളവകാരികളെ കീഴടക്കി പാപ്പാ സംസ്ഥാപനത്തിൽ ഒരു പ്രകാരത്തിൽ സമാധാനം പുനഃസ്ഥാപിച്ചു. 1850 ഏപ്രിൽ 12-ാനുയാണു് മാപ്പാപ്പാ റോമ്മിലേക്കു് തിരിച്ചുവന്നു ഭരണം കയ്യേററതു്. 1870 വരെ ദീർഘിച്ച സ്വകീയഭരണം എല്ലാംകൊണ്ടും പ്രക്ഷുബ്ധമായ ഒന്നായിരുന്നു. ഇററലിയെ ഒന്നാകെ ഒരു ഭരണാധികാരിയുടെ കീഴിൽ ആക്കുന്നതിനു് നിസ്തന്ദ്രം പ്രയത്നിച്ചുകൊണ്ടിരുന്ന അനവധി വിപ്ളവകാരികളുടെയും പീഡ. മേജ്വംശജനായ എമ്മാനുവേൽ രാജാവിൻെറയും പരിശ്രമങ്ങളത്രെ ഈ പ്രക്ഷുബ്ധതക്കു് ഏറക്കുറെ കാരണമായിരുന്നതെന്നു് പറയാവുന്നതാണു്. റോമ്മാപട്ടണത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു് ഫ്രഞ്ചു്, ഓസ്ത്രിയാ, എന്നീ രാജ്യങ്ങളെ അഭയം പ്രാപിച്ചതു തന്നെ തൻെറ വൈഷമ്യം പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനു് കാരണമായി. എമ്മാനുവേൽ രാജാവു് ഫ്റാൻസിനോടു് യോജിച്ചുകൊണ്ടു് ഓസ്ത്രിയായിക്കു് വിരോധമായി യുദ്ധം ചെയ്തു് ചില സ്ഥലങ്ങൾ കൈവശപ്പെടുത്തി. തദനന്തരം ഇററലിയെ മുഴുവനും ഒന്നാക്കുന്നതിനുള്ള പ്രചരണവേലയും ആരംഭിച്ചു. ഓസ്ത്രിയായുടെ തോൽവിയും മാപ്പാപ്പായുടെ സ്വരാജ്യസംരക്ഷകരായ ഓസ്ത്രിയൻ പട്ടാളത്തിൻെറ പിൻമാററവും മൂഖാന്തരം ക്രമേണ എമ്മാനുവേലും അനുചാരികളും ഓരോരോ രാജ്യങ്ങളെ പിടിച്ചെടുത്തു് അവസാനമായി 1870 സെപ്റംബർ 20-ാനു- റോമ്മാപട്ടണത്തെയും കൈവശപ്പെടുത്തി. തൽപരിഹാരാർത്ഥം മാപ്പാപ്പായുടെ സംരക്ഷണത്തിനും മററുമായി പ്രതിവർഷം മുപ്പത്തിരണ്ടരലക്ഷം ലിര കൊടുക്കണമെന്നും മററും നിർദ്ദേശിക്കുന്ന ഒരു നിയമം പാസ്സാക്കി. മാപ്പാപ്പായും പിൻഗാമികളും പ്രസ്തുത ആനുകൂല്യത്തെ തിരസ്കരിച്ചുവെന്നുള്ളതും പ്രസ്താവ്യമാണു്.

ആദ്ധ്യാത്മികവശത്തെ സംബന്ധിച്ചടത്തോളം ഒമ്പതാം പീയൂസ്സു മാപ്പാപ്പായുടെ ഭരണം ഒരു വിജയം തന്നെ ആയിരുന്നു. മതത്തിൻേറയും, വിശ്വാസത്തിൻെറയും നിഷ്കാസനത്തിനായി പരിശ്രമിച്ചിരുന്ന സ്വതന്ത്രചിന്തകന്മാരോടു് ധീരധീരം പോരാടി. തദാനീന്തനകാലങ്ങളിൽ മുളച്ചുവളർന്നുവന്ന അബദ്ധോപദേശങ്ങളെ ഖണ്ഡിതമായി ശപിച്ചു. അദ്ദേഹത്തിനു് ദേവമാതാവിനോടുള്ള ഭക്തി അനന്യസാധാരണമായിരുന്നു, ഗയത്തായിൽ താമസിച്ചിരുന്ന കാലത്തു് മാതാ

വിൻെറ അമലോത്ഭവത്തെപ്പററി സാർവ്വത്രികസഭയുടെ മനഃസ്ഥിതി ഗ്രഹിക്കുന്നതിനായി ലോകത്തിലുള്ള എല്ലാ മെത്രാന്മാരുടെയും അഭിപ്രായം ആവശ്യപ്പെട്ടു. 1854 ഡിസംബർ 8-ാം തീയതി 200-ൽ പരം മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ മാതാവിൻെറ അമലോത്ഭവം വിശ്വാസസത്യമെന്നു് ഔദ്യോഗിക നിലയിൽ പ്രഖ്യാപനം ചെയ്തു. തൻെറ ഭരണകാലത്തു് തിരുഹൃദയസഭക്കു് പ്രചുരപ്രചാരം സിദ്ധിച്ചു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. എന്നു തന്നെയുമല്ല തിരുസഭയുടെ ആന്തരീകപ്രവൎത്തനത്തിനു് ഒരു ഓജസ്സും ഉണർവും ഉണ്ടായി. 1864 ജൂൺ 29-ാം തിയതി "acterni patris" എന്ന പൈതൃകലേഖനം വഴിയായി സുപ്രസിദ്ധമായ വത്തിക്കാൻസൂനഹദോസ്സും വിളിച്ചുകൂട്ടി. 700-ൽ പരം മെത്രാന്മാർ സന്നിഹിതരായിരുന്നു. അതിൻെറ നാലാം സമ്മേളനത്തിൽ വെച്ചു് മാർപ്പാപ്പായുടെ അപ്രമാദിത്വം ഒരു വിശ്വാസസത്യമെന്നു് നിർവചനം ചെയ്തു. നെപ്പോളിയൻ തൃതീയൻ ഇതിനിടക്കു് പ്രെഷ്യായോടു യുദ്ധപ്രഖ്യാപനം ചെയ്കയാൽ പാപ്പാസംസ്ഥാനത്തെ സംരക്ഷിച്ചുപോന്നിരുന്ന പ്രഷ്യാ സൈന്യം പിന്തിരിയേണ്ടിവന്നു ഇതു്. ഒരു തക്ക അവസരമെന്നു കരുതി വിക്ടർ എമ്മാനുവേൽ ഒരു സൈന്യത്തെ അയച്ചു റോമ്മാനഗരം കൈവശപ്പെടുത്തി തന്മൂലം. വത്തിക്കാൻ സൂനഹദോസു് തൽക്കാലം നിറുത്തിവെക്കേണ്ടതായി വന്നു.

ആദ്ധ്യാത്മികജീവിതത്തിൻെറ സംസ്കരണത്തിനായി നിസ്തന്ദ്രം പ്രയത്നിച്ചിരുന്ന മാർപ്പാപ്പാ 1871-ൽ വിശുദ്ധ യൗസേപ്പിനെ തിരുസഭയുടെ സാർവ്വത്രിക മദ്ധ്യസ്ഥനെന്നു പ്രഖ്യാപനം ചെയ്തു. പ്രസ്തുത വത്സരത്തിൽ തന്നെ വിശുദ്ധ അല്ഫോൻസ് ലിഗോരിയെ തിരുസഭയുടെ ഒരു പൊതുവേദപാരംഗതനായി ഉയൎത്തി. തനിക്കു് ഭൌമീകഭരണം നഷ്ടപ്പെട്ടെങ്കിലും ആദ്ധ്യാത്മിക ഭരണം സംബന്ധിച്ചിടത്തോളം അതു് സുദീർഘവും വിജയശ്രീലാളിതമായിരുന്നുവെന്നുള്ളതു് നിസ്തൎക്കമാണു്. 1878-ാം വർഷം ഫെബ്രുവരി 7-ാം തീയതി 86-ാമത്തെ തിരുവയസ്സിൽ ഒരു വിശുദ്ധൻ എന്ന കീൎത്തിയോടുകൂടി പരലോകപ്രാപ്തനായി.

## ൨. ലൂർദ്ദ് മാതാവ്.

1858-ാമാണ്ടു് ഫെബ്രുവരി 11-ാം തീയതി ബെർണ്ണാർദീത്താ സോബിറസു്, മരിയട്ടോയിനററു്, ഷേയിൽ അബാസി, എന്നീ മൂന്നു ചെറുബാലികകൾ, ലൂർദ്ദ്ഗ്രാമത്തിൽ നിന്നും അധികദൂരമല്ലാതുള്ള ഗെ

യ്‌വ് നദീതീരത്തിൽ വിറക ശേഖരിക്കുന്നതിനായി പുറപ്പെട്ടു. അപ്പോൾ ബെർണ്ണർദീത്തായിക്കു് 14-ം, അവളുടെ സഹോദരിയായ മരിയായിക്കു് 11-ം, ഷെയിനിനു് 1½-ം വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. മാർഗ്ഗമദ്ധ്യേ ഗെയ്‌വുനദിയിൽ ചെന്നു വീഴുന്ന ഒരു ചെറുതോടു് അവർക്കു കടക്കേണ്ടിയിരുന്നു. പ്രസ്തുത നദീതീരത്തിൽ തന്നെ മസബില്ലാ എന്നറിയപ്പെട്ടിരുന്നതും കാലാന്തരത്തിൽ ഭുവനപ്രസിദ്ധമായി പരിണമിച്ചതുമായ ഒരു വമ്പിച്ച പാറക്കൂട്ടം സ്ഥിതിചെയ്യുന്നു. അടിഭാഗം വള്ളിക്കുടിലുകളാൽ ആച്ഛാദനം ചെയ്യപ്പെട്ടിരുന്ന അതിന്റെ ഒരു വശത്തു കുറെ ഉയരത്തിലായി ഒരു ഗുഹയും കാണപ്പെട്ടിരുന്നു. പെൺകുട്ടികൾ തോടിന്റെ കരയിൽ എത്തിയപ്പോൾ അവരിൽ പ്രായം കുറഞ്ഞവർ രണ്ടുപേരും വെള്ളത്തിൽ ഇറങ്ങി നടന്നു് നിഷ്പ്രയാസം മറുകരയിൽ എത്തി വീണ്ടും യാത്ര തുടന്നു. എന്നാൽ അതിലെ ജലം അതിശീതമുള്ളതാണെന്നു് അവർ വിളിച്ചുപറഞ്ഞതു കേട്ടപ്പോൾ വാതരോഗം നിമിത്തം കാലുറ ധരിച്ചിരുന്ന ബെർണ്ണർട്ടീത്തായിക്കു് തണുത്ത വെള്ളത്തിക്കൂടി നടക്കുന്നതു് വളരെ ദുസ്സഹമായി തോന്നി. ആകയാൽ നദിയെ തരണം ചെയ്‌വാൻ അവൾ ഉദ്യമിച്ചതേയില്ല. ഇപ്രകാരം ഏകാകിനിയായി നില്ക്കയിൽ പൊടുന്നനവെ, പ്രകൃതിയിൽ ഒരു ഭാവഭേദമുണ്ടായി. ഘോരമായ ഒരു കാററൂതുകയും തന്മൂലം വൃക്ഷശിഖരങ്ങൾ തമ്മിൽ ഉരസിയും ആഞ്ഞലഞ്ഞും, ഉണങ്ങിയ ഇലകൾ ഇളകി പറന്നും ദ്രവിച്ച ശാഖകൾ നിലംപതിച്ചും മററും ഒരു വലിയ ശബ്ദം ഉളവാകയും ചെയ്തു. പെട്ടെന്നുണ്ടായ ഈ വ്യതിയാനം കണ്ടു് വിസ്മയഭരിതയായിത്തീന്ന ബെർണ്ണർട്ടീത്താ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ ദർശിച്ചതു് അതിലും വിസ്മയകരമായ ഒരു കാഴ്ചയായിരുന്നു. നദിക്കുടെ മറുകരയിൽ ഉണ്ടായിരുന്ന വൃക്ഷങ്ങൾ എല്ലാം നിശ്ചലങ്ങളായി നിലകൊള്ളവേ ഇക്കരെ മസബില്ലായുടെ പരിസരങ്ങളിൽ നിന്നിരുന്ന മരങ്ങൾ മാത്രം ഊക്കോടിയ ഒരു കൊടുങ്കാററിൽപ്പെട്ടു് ചാഞ്ചാടിക്കളിച്ചുകൊണ്ടിരുന്നു. കുറെ നേരം പ്രസ്തുത സ്ഥലത്തിനു് ചുററും സൂക്ഷിച്ചുനോക്കിയിട്ടു് യാതൊന്നും മനസ്സിലാകായ്കയാൽ ഒടുവിൽ ബാലിക കാലുറ മാററി തോടു കടക്കുവാൻ ശ്രമമായി. അപ്പോൾ കാററു പൂർവ്വാധികം ശക്തിപ്പെടുകയും മരങ്ങളുടെ മർമ്മരവം വർദ്ധിക്കയും ചെയ്തു. ബെർണ്ണർട്ടീത്തായുടെ വിസ്മയവും ജിജ്ഞാസയും ദ്വിഗുണീഭവിച്ചു. അവൾ ആലിലപോലെ വിറക്കുന്ന വൃക്ഷശാഖകളെയും പാറക്കൂട്ടത്തെയും വീണ്ടും സൂക്ഷ്മനിരീക്ഷണം ചെയ്തു. ഈ പ്രാവശ്യം ഉല

യുന്ന ശാഖകൾക്കു മുകളിലായി പാറയിൽ ഉണ്ടായിരുന്ന ഗുഹയിൽ അതിസുന്ദരിയായ ഒരു സ്ത്രീരത്നം നില്ക്കുന്നതായി അവൾ കണ്ടു. ദൃശ്യയായ തരുണീമണിക്കു് കിളരം ബെർണ്ണദ്ദീത്തായുടെതിനെക്കാൾ അധികം ഉണ്ടായിരുന്നില്ല. അവൾ പാദം വരെ ശുഭ്രവർണ്ണമായ ഒരു മേലങ്കി ധരിച്ചിരുന്നു. അരയിൽ ബന്ധിച്ചിരുന്ന നീലവാറും കരത്തിൽ വഹിച്ചിരുന്ന നീണ്ട ജപമാലയും ബാലികയുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. പ്രത്യക്ഷയായ സ്ത്രീരത്നം ഉത്തരക്ഷണത്തിൽ തല അല്പം കുനിച്ചു് ബെർണ്ണദ്ദീത്തായിക്കു് സ്വാഗതമരുളുകയും കൊന്ത നമസ്കരിക്കുന്നതിനു് അവളെ ക്ഷണിക്കുന്നതുപോലെ കാണപ്പെടുകയും ഉണ്ടായി. ഉടനെ നമ്മുടെ കഥാനായിക ജപമാല എടുത്തു് പ്രാർത്ഥന ആരംഭിച്ചു. അപ്പോൾ പ്രസ്തുത തരുണിയും ബെർണ്ണദ്ദീത്തായൊടൊപ്പം കൊന്തയുടെ മണികൾ ഉരുട്ടി തുടങ്ങി. എന്നാൽ അവളുടെ അധരങ്ങൾ നിശ്ചേഷ്ടങ്ങളായി ഇരുന്നതേയുള്ളു. അഞ്ചു രഹസ്യങ്ങളും (Mystiries) ജപിച്ചുകഴിഞ്ഞപ്പോൾ ആ സുന്ദരിയാവട്ടെ യാതൊന്നും സംസാരിക്കാതെ ഹൃദയാവർജ്ജകമാംവിധം ഒന്നു മന്ദസ്മിതം ചെയ്തശേഷം പെട്ടെന്നു അന്തർദ്ധാനം ചെയ്തുകളഞ്ഞു.

വിറകു ശേഖരിച്ചുകൊണ്ടു് സഖികൾ മടങ്ങി എത്തിയപ്പോൾ മുട്ടുകുത്തി നിന്നിരുന്ന ബെർണ്ണദ്ദീത്തായെ കണ്ടു് അവർ അത്ഭുതപരതന്ത്രരായി. ആദ്യമായി തോന്നിയ ഹാസ്യരസത്തെ പൊട്ടിച്ചിരിയാൽ അവർ പ്രകടിപ്പിക്കയും ചെയ്തു. അനന്തരം, വിറകു ശേഖരിക്കുന്നതിൽ തങ്ങളെ സഹായിക്കാതെ ഉദാസീനയായി ഒഴിഞ്ഞുമാറികളഞ്ഞതിനെക്കുറിച്ചു് ഷെനീൻ പരുഷഭാവത്തിൽ അവളെ കുറെ ശകാരിച്ചിട്ടു് വീണ്ടും വിറകു സംഭരിക്കുവാൻ പാറയുടെ മറുവശത്തേക്കു കടന്നു. ബെർണ്ണദ്ദീത്തായുടെ സോദരിയായ മറിയയാകട്ടെ മനസ്സലിഞ്ഞു ജ്യേഷ്ഠത്തിയോടു് "സഹോദരി! നിങ്ങൾക്കെന്തു സംഭവിച്ചു? എന്നു്ചോദിച്ചിട്ടു് ഗ്രോട്ടോയുടെ ഇടത്തുഭാഗത്തേക്കു നടന്നു. ഇതിനെപ്പററി ബെർണ്ണദീത്താ തന്നെ പിന്നീടു പറഞ്ഞതു ഇപ്രകാരമാണു്, "ആ പരമനായകി എന്നോടു പറഞ്ഞു നീ പോയി ആ ഉറവയിൽ നിന്നു പാനം ചെയ്യുകയും കരപാദങ്ങൾ കഴുകുകയും വേണം" എന്നാൽ ആ പാറയിൽ ഒരു ഉറവയുള്ളതായി അവൾക്കു അറിവില്ലായിരുന്നു, തന്മൂലം അവൾ ഗെയ്വ്നദിയുടെ അടുക്കലേക്കു തിരിച്ചു. അപ്പോൾ താനുദ്ദേശിച്ച ജലം അതല്ലെന്നു സ്വർഗ്ഗരാജ്ഞി ബാലികയെ മനസ്സിലാക്കി. ബെർണ്ണദ്ദീത്താ തുടന്നു പറയുന്നു: "അവൾ സ്വകൈ നീട്ടി ഉറവയെ എനിക്കു ചൂണ്ടിക്കാണിച്ചു

തന്നു. ഉടനെ ഞാൻ അവിടേക്കു പോയി. എന്നാൽ അവിടെ അല്പം ചെളിവെള്ളം മാത്രമെ ഞാൻ കാണുകയുണ്ടായുള്ളു. ഞാൻ എന്റെ കൈകൾ അതിൽ ഇട്ടു. പക്ഷെ കുടിക്കുവാൻ മാത്രം ജലം എനിക്കു ലഭിച്ചില്ല. ആയതിനാൽ കൈകൊണ്ടു മണ്ണു കുഴിക്കുവാൻ ഞാൻ ആരംഭിച്ചു. അപ്പോൾ ജലവും പുറപ്പെട്ടു. എങ്കിലും അതു കലങ്ങിയിരുന്നു മൂന്നു പ്രാവശ്യം ഞാൻ ചേറുവെള്ളം കോരിക്കളഞ്ഞു, നാലാം പ്രാവശ്യം വെള്ളം തെളിഞ്ഞു് കിട്ടിയതിനാൽ എനിക്കു കുടിക്കുവാൻ സാധിച്ചു. ഈ സമയമെല്ലാം ചുററും കൂടിയിരുന്ന ജനാവലി അക്ഷമരായി നോക്കുകയായിരുന്നു. അവൎക്കു യാതൊന്നും മനസ്സിലായില്ല. ഇടയ്ക്കു ബാലിക കുനിയുന്നതായി അവർ കണ്ടു. നിവിൎന്നപ്പോൾ അവളുടെ മുഖത്തിൽ ചെളി പററിയിരുന്നു. വീണ്ടും കുനിഞ്ഞു അവിടെയുണ്ടായിരുന്ന ഒരുതരം പച്ചപ്പുല്ലു അവൾ കടിച്ചുപറിച്ചു തിന്നുന്നതായും അവൎക്കു തോന്നി. ഏറെ താമസിയാതെ അവൾ എഴുന്നേററു ഗ്രാമത്തിലേക്കു പിന്തിരിയുന്നതായും കാണപ്പെട്ടു. ജനങ്ങൾ ആദ്യം അവളെ പരിഹസിക്കുകയായി. എങ്കിലും പെട്ടെന്നു ആവിർഭവിച്ച ആ ചെറു ഉറവയിലെ ജലം വർദ്ധിച്ചു ഗെയ്‌വ് നദിയിലേക്കു ഒഴുകുന്നതായി കണ്ടപ്പോൾ അവർ അത്യധികം ആശ്ചൎയ്യപ്പെട്ടു. ഒരാഴ്ചക്കകം ആ ഉറവയിൽ നിന്നു ശരാശരി 27000 ഗാലൻ വെള്ളം ദൈനംദിനം പ്രവഹിക്കുന്നതായി കാണപ്പെട്ടു. ഇന്നു ആ ഉറവയിൽ നിന്നു ഉത്ഭവിക്കുന്ന വെള്ളത്തിന്റെ അളവു അത്ഭുതമെന്നെ. ഫെബ്രുവരി 26-ാംനു- ബർണ്ണർദീത്താ ഇടയ്ക്കിടെ നിലം മുത്തിക്കൊണ്ടു ചുററും കൂടിയിരുന്നവരോടും അപ്രകാരം ചെയ്യുവാൻ ആവശ്യപ്പെടുന്നുവോ എന്നു തോന്നുമാറു ഏതോ ആംഗ്യം കാണിച്ചുകൊണ്ടു പാറയിലെ ഗുഹവരെ ഇഴഞ്ഞു കയറിയപ്പോൾ എണ്ണൂറോളം പേർ അവിടെ സന്നിഹിതരായിരുന്നു. ദർശനത്തിൽ ആ ദിവ്യകന്യക വീണ്ടും പാപത്തിനുവേണ്ടി പ്രാശ്ചിത്തം ചെയ്‌വാൻ ആവശ്യപ്പെട്ടു. 27-ാംനു-യും 28-ാംനു-യും ഇവയൊക്കെത്തന്നെ സംഭവിച്ചു. ജനബാഹുല്യം ഒന്നിനൊന്നു വൎദ്ധിച്ചു. ബർണ്ണർദ്ദീത്താ കൂടെക്കൂടെ നിലം മുത്തിയിരുന്നതു കണ്ടു മററുള്ളവരും അവളെ അനുകരിച്ചുതുടങ്ങി. എന്നാൽ 28-ാംനു- സായംകാലത്തു അവൾ ഒരു മജിസ്ത്രേട്ടിന്റെ മുമ്പാകെ ഹാജരാക്കപ്പെടുകയും ഗ്രോട്ടോയിൽ മേലാൽ പോകരുതെന്നു ആജ്ഞാപിക്കപ്പെടുകയും ചെയ്തു. മാൎച്ച് 1-ാംനു- അവിടെ സമ്മേളിച്ചിരുന്നവരുടെ സംഖ്യ 1600 ത്തിൽ കുറവായിരുന്നില്ല. വിശിഷ്യ ഇദംപ്രഥമമായി ഒരു പുരോഹിതനും അന്നു സന്നിതനായി

രുന്നു. ലൂർദ്ദിലെ വികാരിയച്ചനും അദ്ദേഹത്തിന്റെ നാലു സഹായവൈദികരും മസ്സബിയെല്ലായിൽ നടക്കുന്ന നൂതന സംഭവങ്ങളുമായി തങ്ങൾക്കു യാതൊരു വിധത്തിലും സംബന്ധിക്കുവാൻ കഴികയില്ലെന്നു നേരത്തെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വികാരിയുടെ ഭരണസീമയിൽപ്പെട്ട വൈദികനല്ലായിരുന്നതിനാൽ ഈ അത്ഭുതവാർത്ത കേട്ടയുടൻ ലൂർദ്ദിലേക്കു വരികയും അന്നത്തെ സംഭവങ്ങൾക്കു ശേഷം അതിയായ മതിപ്പോടും ആശ്ചര്യത്തോടുംകൂടി സുഖപ്രാപ്തനായി മടങ്ങുകയും ചെയ്തു. മാർച്ച് 2-ാംനു- രാവിലെ 7 മണിക്കു ബർണ്ണർദീത്താക്കു 13-ാം പ്രാവശ്യം പരിശുദ്ധകന്യക പ്രത്യക്ഷയായപ്പോൾ അവിടെ കൂടിയിരുന്നവരുടെ സംഖ്യ 1700 ആയിരുന്നു. അന്നു ബാലികയോടു അവൾ പോയി പട്ടക്കാരോടു ആ സ്ഥലത്തു ഒരു കപ്പേള പണിയിക്കുകയും ഒരു ഘോഷയാത്ര നടത്തുകയും ചെയ്‌വാൻ വൈദിക അധികാരികളോടു ആവശ്യപ്പെടണമെന്നു ആ തരുണീരത്നം കല്പിച്ചു. തദനുസരണം അവൾ തന്റെ വികാരിയച്ചനെ കണ്ടു വിവരം അറിയിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം അവളോടു യാതൊരു ആനുകൂല്യവും കാണിക്കാതെ വളരെ കർക്കശമായി പെരുമാറിയെന്നു മാത്രമല്ല താനീവിഷയത്തിൽ തികച്ചും അവൾക്കു പ്രതികൂലിയാണെന്നു ഗവൺമെന്റുദ്യോഗസ്ഥന്മാരെ ഉടൻ ധരിപ്പിക്കയും ചെയ്തു.

മാർച്ച് 3-ാംനു- ബർണ്ണർദീത്തായിക്കു വലിയ ആശാഭംഗത്തിന്റെയും അവമാനത്തിന്റെയും ഒരു ദിവസമായിരുന്നു. ഏകദേശം 4000 ജനങ്ങൾ കൂടിയിട്ടുണ്ടായിരുന്ന അന്നേദിനം അവൾ യാതൊരുത്തരെയും കാണുന്നില്ല എന്നു അവരോടു ഏററു പറയുവാൻ നിർബന്ധയായി. എന്നാൽ ജനങ്ങളിൽ ഭൂരിപക്ഷവും സ്വഗൃഹങ്ങളിലേക്കു മടങ്ങി കഴിഞ്ഞതിനുശേഷം രണ്ടാമതും ബാലിക ഗ്രോട്ടാ എന്നു നിലവിളിക്കുകയായി. ബർണ്ണർദ്ദീത്താ ഉടനെ മാഡം ചില്ലാറു് ഒരു പേനയും അല്പം കടലാസും ബാലികയുടെ കൈയിൽ കൊടുത്തു. അവൾ നിർദ്ദേശമനുസരിച്ചു അവയെ വാങ്ങി അല്പം മുമ്പോട്ടു ചെന്നു ആ വിസ്മയനീയ കന്യകാരത്നത്തോടു "നീ ദൈവത്തിൽനിന്നു ആകുന്നുവെങ്കിൽ എന്തിനു ഇവിടെ വന്നുവെന്നു ദയവായി പറയണം അല്ലാത്ത പക്ഷം ഇവിടം വിട്ടുപോകണം" എന്നാവശ്യപ്പെട്ടു. ആ യോഷാമണി ഹൃദയവർജ്ജകമായ ഒരു മന്ദസ്മിതം തൂകികൊണ്ടു പൂർവ്വവൽ നിശ്ശബ്ദയായിതന്നെ നിൽക്കുന്നതുകണ്ടു്, ബർണ്ണർദ്ദീത്താ അവളുടെ പേരും ആഗമനോദ്ദേശ്യവും കടലാസിൽ രേഖപ്പെടുത്തി കിട്ടണമെന്നു വിനയപൂർവ്വം അപേക്ഷിച്ചു. അതിനു മറുപടിയായി "എന്റെ അഭി

ഷ്ടം എഴുതപ്പെട്ടണമെന്നില്ല നീ രണ്ടാഴ്ചത്തേക്കു ദിവസവും ഇവിടെ വന്നു എന്നെ സന്ദർശിപ്പാൻ ദയവുണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിന്നെ ഇഹത്തിലല്ല ഞാൻ ഭാഗ്യപ്പെട്ടതുവാനിരിക്കുന്നതു്. പ്രത്യുത പരത്തിലാണു്." എന്നിപ്രകാരം അരുളിച്ചെയ്തിട്ടു് അപ്രത്യക്ഷയായി. അടുത്ത രണ്ടു ദിവസങ്ങളിൽ പ്രസ്തുത കന്യക പ്രത്യക്ഷപ്പെട്ടപ്പോഠം ബർണ്ണർട്ടീത്താ ഏകദേശം കാൽ മണിക്കൂർ നേരം ഒരു സ്വൎഗ്ഗീയ പാരവശ്യത്തിൽ നിമഗ്നയായി നിന്നു എന്നുള്ളതൊഴിച്ചു പ്രസ്താവ്യമായ ഇതര സംഭവങ്ങളൊന്നുമുണ്ടായില്ല.

ഫെബ്രുവരി 21-ാംനു- വമ്പിച്ച ഒരു ജനാവലിയും ആ കൂട്ടത്തിൽ ഒരു അവിശ്വാസിയായിരുന്ന ഡോക്ടർ ഡോസ്സും ബർണ്ണർട്ടീത്തായെ അനുഗമിക്കുന്നതിനു് ഉണ്ടായിരുന്നു. പാരവശ്യാവസരത്തിൽ ഡോക്ടർ ഡോസ്സു അവളുടെ നാഡിയും ശ്വാസോച്ഛ്വാസനവും പരിശോധന ചെയ്തു. ഈപ്രാവശ്യം "നീ പാപികഠംക്കു് വേണ്ടി പ്രത്യേകം പ്രാൎത്ഥിക്കണം" എന്നുള്ള അനുജ്ഞയും നഠംകിക്കൊണ്ടാണു് ആ സ്വർലോക സന്ദർശക അദൃശ്യയായതു്. അന്നു ദേവാലയത്തിലെ ആഘോഷമായ പാട്ടുകുർബാനയ്ക്കു ശേഷം സ്ഥലത്തെ ഗവർമ്മെൻറു അധികാരിയായിരുന്ന ഡയൂട്ടോർ എന്ന ആളിൻെറ മുമ്പാകെ ബർണ്ണർട്ടീത്താ ആനയിക്കപ്പെട്ടുകയും പരീക്ഷാൎത്ഥം ചോദിക്കപ്പെട്ട ചോദ്യങ്ങഠംക്കെല്ലാം മറുപടി നഠംകുകയും ഉണ്ടായി. ബാലിക തട്ടിക്കപ്പെട്ടിരിക്കയാണെങ്കിലും അവഠം പറയുന്നതെല്ലാം നിഷ്കപടഹൃദയത്തോടെയാണെന്നായിരുന്നു അയാളുടെ വിധി. സന്ധ്യയായപ്പോഠം പോലീസധികൃതന്മാരും അവളെ ആളയച്ചുവരുത്തി നിഷ്കൎഷമായ ഒരു പരീക്ഷ നടത്തി. അവസാനം ഗ്രോട്ടോയിലേയ്ക്കു മേലാൽ പോകരുതെന്നുമുള്ള അനുശാസനത്തോടുകൂടി അവളെ തിരിയെ വീട്ടിലേയ്ക്കു അയച്ചു. മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർ ബർണ്ണർട്ടീത്താ കാരണം ജനങ്ങളുടെ ഇടയിൽ വലിയ ഇളക്കമുണ്ടാകുമെന്നു ഗ്രോട്ടോയുടെ ചുററുമുള്ള കൃഷിസ്ഥലങ്ങഠം അവിടേയ്ക്കു അനുദിനം ഓടി എത്തിയിരുന്ന ക്രമപ്രവൃദ്ധമായ ജനസഞ്ചയം നിമിത്തം ക്ഷണേന ഉപയോഗശൂന്യമായി തീരുമെന്നും അതിയായി ഭയപ്പെട്ടിരുന്നു. 22-ാംനു-യും നിരോധനായെ അവഗണിച്ചു ബർണ്ണർട്ടീത്താ ചെറിയ ഒരു ജനസംഘത്താലും രണ്ടു ഫ്രഞ്ചുയോധാക്കളാലും അനുഗമിക്കപ്പെട്ടു് ഗ്രോട്ടോയിലേക്കുപോയി. എന്നാൽ അന്നേദിനം പതിവുള്ള ദിവ്യദർശനം അനുഭവിക്കുവാൻ ബർണ്ണർട്ടീത്തായ്ക്കു ഭാഗധേയം ലഭിച്ചില്ല. പോലിസധികാരികളുടെ മുടക്കിനെ വകവെക്കാതെ

ഗ്രോട്ടോയിലേയ്ക്കു സ്വച്ഛന്ദം പൊയ്ക്കൊള്ളുവാൻ അവളുടെ കുമ്പസാരക്കാരനായിരുന്നു അവളെ അനുവദിച്ചതു്. അതിനു ഗവർമ്മെൻറു അധികാരിയായ മി: ഡ്യൂട്ടോർ അവളെ നിരോധിച്ചിട്ടില്ലന്നായിരുന്നു അദ്ദേഹം പറഞ്ഞ ന്യായം. 23-ാംനു- രാവിലെ ആറുമണിക്കു അവൾക്കു ഇരുന്നൂറോളം വരുന്ന ഒരു വലിയ ജനക്കൂട്ടത്തോടുംകൂടി പുറപ്പെട്ടു. അന്നു കന്യക വീണ്ടും പ്രത്യക്ഷപ്പെടുകയും, ബെർണ്ണർട്ടീത്ത പാരവശ്യം പൂണ്ടു ഒരു മണിക്കൂർ നേരം നിന്ന നിലയിൽ തന്നെ യാതൊരു ചലനവും ഇല്ലാതെ നിൽക്കയും ചെയ്തു. അടുത്ത ദിവസം ജനസംഖ്യ 400-500 വരെയായിവർദ്ധിച്ചു. അന്നും പതിവുപോലെ കാഴ്ചയുണ്ടായ സമയത്തു ബെർണ്ണർട്ടീത്തായിക്കു ഒരു മണിക്കൂർ നേരത്തെ പാരവശ്യമുണ്ടായി. അതു അവസാനിച്ചപ്പോൾ "പ്രാശ്ചിത്തം, പ്രാശ്ചിത്തം, പ്രാശ്ചിത്തം" എന്നിങ്ങനെ ജനങ്ങളെ നോക്കി അവൾ വിളിച്ചുപറഞ്ഞു. എന്നാൽ തദവസരത്തിൽ ദിവ്യസന്ദർശക വെളിപ്പെടുത്തിയ ഇതര സംഗതികളൊന്നും ഒരുവനോടും അവൾ പറഞ്ഞില്ല. 26-ാംനു- വ്യാഴാഴ്ച ജപമാലയുടെ ഒരു രഹസ്യം ജപിച്ചശേഷം ബെർണ്ണർട്ടീത്താ മുട്ടിന്മേൽ നിരങ്ങി പാറയുടെ ചരിവുള്ള വശത്തുകൂടി മുകളിലത്തെ ഗുഹവരെ കയറുകയും അവിടെ നിന്നു മുട്ടിന്മേൽ തന്നെ കീഴോട്ടു ഇറങ്ങുകയും ചെയ്തു. അനന്തരം ഗുഹയുടെ നേരെ ഏതൊ സംശയനിവാരണാർത്ഥം എന്നവണ്ണം ദൃക്ഷിച്ചു സന്ദർശിക്കയിൽ ദിവ്യ കന്യക അവൾക്കു പ്രത്യക്ഷയാകുകയും അവൾ പരവശയായി തീരുകയും ചെയ്തു. മാർച്ചു് 4-ാംനു- ഒരു വലിയ ജനക്കൂട്ടത്തിൻെറ സമക്ഷം പതിവനുസരിച്ചു അവൾക്കു ദർശനവും പാരവശ്യവുമുണ്ടായി. അന്നുകൊണ്ടു ആ പരിശുദ്ധ കന്യക ആവശ്യപ്പെട്ടിരുന്ന രണ്ടാഴ്ചവട്ടം അവസാനിക്കുകയും ചെയ്തു. പിറേറദിവസമായ മാർച്ചു് 5-ാംനു- അതിരാവിലെ ഉദ്ദേശം നാലുമണിക്കു ബെർണ്ണർട്ടീത്ത ഗ്രോട്ടോയിലേയ്ക്കു പോകുകയും തത്സമയം കന്യക അവൾക്കു പ്രത്യക്ഷപ്പെട്ടു അവളോടു അടുത്തുചെല്ലുവാൻ കല്പിക്കുകയുമുണ്ടായി. ബെർണ്ണർട്ടീത്താ അടുത്തുചെന്നു "ദയവായി നീ ആരാണു് എന്നു പറയണമെ" എന്നപേക്ഷിച്ചു. അതിനു ആ സംപൂജ്യ വനിത മന്ദസ്മിതം ചെയ്കതല്ലാതെ യാതൊരു മറുപടിയും നൽകിയില്ല. ബെർണ്ണർട്ടീത്ത അതേചോദ്യംതന്നെ രണ്ടുപ്രാവശ്യംകൂടി ആവർത്തിച്ചു. അപ്പോൾ പ്രസ്തുത കന്യക സ്വകരങ്ങളെ കീഴോട്ടു നീട്ടിപ്പിടിച്ചും ദൃഷ്ടി മേല്പോട്ടു ഉയർത്തിയുംകൊണ്ടു "ഞാൻ അമലോത്ഭവയാകുന്നു എനിക്കായി ഇവിടെ ഒരു കപ്പേള സ്ഥാപിക്കപ്പെടണം" എന്നു ഉത്തരിച്ചു. ഉടനെ ബെർണ്ണർട്ടീത്താ

"ഞാൻ ഈ സംഗതിയെപ്പററി പട്ടക്കാരോടു പറഞ്ഞു. എന്നാൽ ഇതു അങ്ങയുടെ ആഗ്രഹംതന്നെയാണെന്നുള്ളതിനു ലക്ഷ്യമായി അവർ ഒരു അത്ഭുതം ആവശ്യപ്പെടുന്നു." എന്നുണർത്തിക്കാതേയുമിരുന്നില്ല. ബെർണ്ണർദ്ദീത്ത ഈ വിവരമെല്ലാം അട്ടിനംതന്നെ ആബെപോമിയാനെ അറിയിക്കുകയുണ്ടായി. അദ്ദേഹം ലൂർദ്ദിലെ വികാരിയേയും അമലോത്ഭവ കന്യകയുടെ സന്ദേശം ഗ്രഹിപ്പിച്ചു. അത്ഭുതപൂർവ്വവും അത്ഭുതാവഹവുമായ ഒരു ദർശനമായിരുന്നു, ഏപ്രിൽ 7-ാംനു-യിലത്തേതു്. ഏകദേശം 1300-ൽ കുറയാത്ത ഒരു ജനസഞ്ചയം സന്നിഹിതരുമായിരുന്നു. ബെർണ്ണർദ്ദീത്തായുടെ പാരവശ്യം മുക്കാൽ മണിക്കൂറോ അതിലധികമോ ദീർഘിച്ചു. അവളുടെ അടുത്തുതന്നെ നിന്നിരുന്ന ഡോക്ടർ ഡോസസ് അവൾ കരങ്ങൾ ഉയർത്തി പാറപ്പുറത്തു ഉറപ്പിച്ചിരുന്നതും കത്തിക്കൊണ്ടിരുന്നതുമായ ഒരു മെഴുകുതിരിയുടെ മുകളിൽ പത്തികൾ വിടുർത്തിപ്പിടിക്കുന്നതു നല്ലവണ്ണം കണ്ടതായി സാക്ഷിക്കുന്നു. തീജ്വാലകൾ പത്തികളിൽ തട്ടീട്ടു വിരലുകൾക്കിടയിൽക്കൂടി ബഹിർഗ്ഗമിച്ചു പൊങ്ങികത്തുന്നതായി അയാൾ വീക്ഷിച്ചിരുന്നു. എന്നാൽ ബെർണ്ണർദ്ദീത്താ ഈ സംഗതി അറിയുന്ന ഭാവംപോലും അവളിൽ പ്രത്യക്ഷീഭവിച്ചിരുന്നില്ല. അതെ അവളുടെ പാരവശ്യം വേദനയറിവാനുള്ള സ്പർശനശക്തിയെ തന്നെയും അവളിൽനിന്നു ദൂരീകരിച്ചിരുന്നു. മാത്രമല്ല, അഗ്നിതട്ടിയ ഭാഗത്തിൽ ശരീരം പൊള്ളുകയോ, ഒരടയാളംപോലും അവശേഷിക്കുകയോ ചെയ്തതുമില്ല. എന്നാൽ അവളുടെ പാരവശ്യം അവസാനിച്ചപ്പോൾ പ്രസ്തുത ഡോക്ടർ തന്നെ ജ്വലിച്ചിരുന്ന ആ മെഴുകുതിരിയെടുത്തു കുട്ടിയുടെ ഇടത്തുകയ്യോടു അടുപ്പിച്ചുനോക്കി. "നിങ്ങൾ എന്നെ ചുടുകയാണോ" എന്നു ചോദിച്ചുകൊണ്ടു് അവൾ തൽക്ഷണം കൈവലിച്ചുകളഞ്ഞു. എന്നാൽ ഡോക്ടർ ഡോസസിൻെറ ഈ സാക്ഷിമുഴുവൻ വിശ്വസനീയമല്ലെന്നു ഒരു വാദം കാലാന്തരത്തിൽ ഉത്ഭവിക്കയുണ്ടായി എന്നുള്ള വസ്തുതയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

18-ാമത്തെതും അവസാനത്തേതുമായ ദർശനം ജൂലൈ 16-ാംനു- കർമ്മലമാതാവിൻെറ തിരുനാൾ ദിനത്തിലാണുണ്ടായതു്. ജനങ്ങളുടെ പ്രവേശനം തടയുന്നതിനായി ഗ്രോട്ടോയുടെ ചുററും പലകകളും മററും ഉപയോഗിച്ചു ഒരു വേലികെട്ടിയിരുന്നതിനാൽ ഗെയ്വു് നദിയുടെ മറുകരയിൽ നിന്നുകൊണ്ടു പാറയിലുള്ള ഗുഹയുടെ മുകൾഭാഗം മാത്രം കാണുന്നതിനേ ബെർണ്ണർദ്ദീത്തായിയ്ക്കു അന്നു സാധിച്ചുള്ളു. എങ്കിലും

അവളുടെ സ്നേഹഭാജനമായ അമലോത്ഭവ കന്യക പതിവിൻപടി അത്ര അകന്നല്ലാതെ നിൽക്കുന്നതായിട്ടാണ് അവൾക്കു തോന്നിയത്. അതിൽ പിന്നീട തന്റെ ശിഷ്ടായുസ്സിലെ 21 വർഷക്കാലത്തിനിടയ്ക്കു ഒരിക്കലെങ്കിലും ആ പരമരാജ്ഞിയെ കാണ്മാനുള്ള ഭാഗധേയം സുകൃതിനിയായ ബാലികയ്ക്കു ലഭിച്ചതുമില്ല. (ഇത്രയും സംഗതികൾ ഫാദർ ബട്ട്ലറിന്റെ സുപ്രസിദ്ധമായ വിശുദ്ധന്മാരുടെ ജീവചരിത്രത്തിൽ നിന്നും സംഗ്രഹിച്ചവകളാണ്.)

1933 ഡിസംബറിലെ അമലോത്ഭവ തിരുനാൾദിനം ബർണ്ണർർദ്ദീത്തായുടെ ജീവിതനൈർമ്മല്യത്തെയും സുകൃതസമൃദ്ധിയേയും സാക്ഷീകരിച്ചുകൊണ്ടുള്ള അനിഷേധ്യങ്ങളായ അത്ഭുതങ്ങളാലും ലോകമൊട്ടുക്കുള്ള ഭക്തജനങ്ങളുടെ അഭ്യർത്ഥനകളാലും പ്രേരിതനായി 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ആ സച്ചരിതയെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുകയും ഇപ്പോൾ പ്രസ്തുത ഗ്രാമണീബാലിക പണ്ഡിതപാമര ഭേദമെന്യേ എല്ലാവരാലും സാദരം കൊണ്ടാടപ്പെട്ടുകയും വന്ദനങ്ങപ്പെട്ടുകയും ചെയ്യുന്നുവെന്നുള്ളതു് ഈ തരുണത്തിൽ സ്മർത്തവ്യമാണ്.

മേൽ പറഞ്ഞ പ്രകാരം 18 പ്രാവശ്യം പ്രത്യക്ഷമായിക്കൊണ്ട അസന്മാർഗ്ഗത്തിലേയ്ക്കും നിരീശ്വരവാദങ്ങളിലേക്കും ത്വരിതഗമനം ചെയ്തിരുന്ന ലോകത്തെ ദൈവജനനിയായ അമലോത്ഭവകന്യകമറിയം പശ്ചാത്താപത്തിനും പാരത്രിക ചിന്തകൾക്കുമായി ക്ഷണിക്കുകയുണ്ടായി. മാത്രമല്ല, പ്രസ്തുത ക്ഷണത്തെ അനേകം ശതം തവണ ആവർത്തിക്കപ്പെട്ടുവാനോ എന്നു തോന്നുമാറ് അന്നു മുതൽ ഇന്നു വരെ ആത്മീകവും ശാരീരികവുമായ അനവധി അത്ഭുതങ്ങൾ ആ സ്വർഗ്ഗീയ രാജ്ഞിയുടെ മദ്ധ്യസ്ഥതയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുതയും ഒട്ടും അജ്ഞാതമല്ല. എന്നാൽ ഈദൃശ ദർശനങ്ങളുടെയും അത്ഭുതങ്ങളുടേയും സാംഭവ്യതയേയും യാഥാർത്ഥ്യത്തേയും പററി സംശയിക്കുന്നവരൊ അപവാദങ്ങൾ ജല്പിക്കുന്നവരൊ ആയ ജഡവാദികളും യുക്തിവാദികളും ഇക്കാലത്തു് ധാരാളമുണ്ട്. അവരുടെ വാദങ്ങളെ സയുക്തികം ഖണ്ഡിക്കേണ്ട ഭാരം ഒരു ചരിത്രകൃത്തിനില്ലതന്നെ. എങ്കിലും ഒന്നുരണ്ടു ചരിത്രരേഖകൾ അതു സംബന്ധിച്ചു് ഇവിടെ ചൂണ്ടിക്കാണിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു് വിചാരിക്കുന്നു. ശാസ്ത്രദൃഷ്ട്യാ തന്നേയും സാക്ഷാൽ ചരിത്രമായ വേദപുസ്തകത്തിന്റെ ആദ്യ വശം മുതൽ, അതേ സാത്താൻ പറുദീസായിൽ പ്രത്യ

ക്ഷനാകുന്നതു മുതൽ, അവസാനഭാഗത്തു് പാത്തു്മോസ്ദ്വീപിൽവെ
ച്ചു് സ്വർഗ്ഗാരൂപി വി. യോഹന്നാനെ അഭിസംബോധനം ചെയ്യുന്നതു
വരെ നിരവധി ദർശനങ്ങളും അത്ഭുതങ്ങളും രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന
തുകൊണ്ടും (Cfr. 2 mach. 15. 11; math 17. 1; math. 17. 53;
John 11. 43 math. 9. 25: Luk 7. 14; act. 9. 40. തദനന്ത
രം ജീവിച്ചിരുന്ന അനേകം മഹാന്മാർ താദൃശസംഭവങ്ങൾക്കു് സുസ്ഥിര
സാക്ഷികളായി നിലനില്ക്കുന്നതിനാലും ഒരു അദൃശ്യലോകമില്ലെന്നോ
അഥവാ പ്രകൃത്യാതീതമായതൊന്നും സംഭാവ്യമല്ലെന്നോ ശഠിക്കുന്നതു് ച
രിത്ര ദൃഷ്ട്യാ പരമാബദ്ധമാകുന്നു. പോരെങ്കിൽ ലൂർദ്ദിൽ ഇവയു
ടെ യാഥാർത്ഥ്യം സംശയരഹിതമായി ദൈവവും ശാസ്ത്രവും ഒത്തൊരുമി
ച്ചു്, സഭാപിപ്രഖ്യാപനം ചെയ്തുകൊണ്ടുമാണിരിക്കുന്നതു്. കത്തോലി
ക്കാ തിരുസഭയല്ലാ ലൂർദ്ദിലെ ദർശനങ്ങളും അത്ഭുതങ്ങളും ഉണ്ടാക്കിയതു്.
അവിടെ പ. കന്യക സാക്ഷാൽ പ്രത്യക്ഷയായി എന്നുപോലും സഭ ഔ
ദ്യോഗികമായി നിർണ്ണയം ചെയ്തിട്ടില്ല. ദർശനങ്ങൾ ഉണ്ടായശേഷം
നാലു കൊല്ലത്തേയ്ക്കു് സ്ഥലത്തെ മെത്രാൻ അതേസംബന്ധിച്ചു് എ
ന്തെങ്കിലും നടപടികൾ നടത്തുകയും ഉണ്ടായില്ല. അത്രക്കും വിവേക
ത്തോടും സുനിശ്ചയത്തോടും കൂടിയാണു് സഭ എപ്പോഴും വർത്തിക്കുന്ന
തു്. എന്നാൽ അത്ഭുതങ്ങൾ തന്നെ അത്ഭുതങ്ങൾക്കു് ഉത്തമസാക്ഷി
ലിവർപൂളിലെ വിശ്രുതമെത്രാപ്പോലീത്തായായ ഡോക്ടർ ഡൌണി തി
രുമനസ്സുകൊണ്ടു് പ്രസ്താവിക്കുന്നതുപോലെ സ്വർഗ്ഗരാജ്ഞി അത്ഭുതങ്ങ
ൾ സ്വീകരിക്കുന്നതിനായി ലോകത്തെ ക്ഷണിപ്പാനല്ല അവിടെ പ്രത്യ
ക്ഷീഭവിച്ചതു്. പ്രത്യുത തന്റെ അമലോത്ഭവത്തിൽ സ്വഭക്തക്കുള്ള
സുസ്ഥിര വിശ്വാസത്തിന്റെ ഒരു പ്രത്യക്ഷ പ്രകടനത്തിനായി അവർ അ
വിടെ സമ്മേളിക്കണമെന്നായിരുന്നു അവിടത്തെ അഭീഷ്ടം. ദൈവമൊ
എന്നാൽ മറിയത്തിന്റെ മാദ്ധ്യസ്ഥ ശക്തിയേയും അത്ഭുതങ്ങളുടേയും
ഒരദൃശ്യലോകത്തിന്റെ തന്നേയും യാഥാർത്ഥ്യത്തേയും ലോകസമക്ഷം പ്ര
സ്പഷ്ടമാക്കുവാനും കൂടി തിരുചിത്തമായി. അതിനായി ആണ്ടുതോ
റും അത്ഭുതങ്ങൾ ലൂർദ്ദിൽ ആവർത്തിക്കപ്പെടുന്നു. അവ സാക്ഷാൽ അ
ത്ഭുതങ്ങൾ തന്നെ എന്നു് ശാസ്ത്രവും മുക്തകണ്ഠം ആലപിക്കയും ചെയ്യു
ന്നു. എങ്ങിനെ എന്നാൽ അവിടെ നടക്കുന്ന അത്ഭുതരോഗശാന്തിക
ളെപ്പറ്റി അതിനിഷ്കർഷമായി പരിശോധിക്കുന്നതിനായി ഒരു വിദ
ഗ്ദ്ധസംഘം നിയമിതമായിട്ടുണ്ടു്. ആ സംഘങ്ങളിൽ പലരും കത്തോലി
ക്കരേ അല്ലാ. അവിടത്തെ തട്ടിപ്പുകൾ കണ്ടുപിടിച്ചു് ലോകസമക്ഷം

പരസ്യമാക്കുവാൻ കച്ചകെട്ടി പുറപ്പെട്ടുന്ന നിരീശ്വരന്മാരും വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരും അതിൽ കണ്ടേക്കുന്നവരാം. ഇവർ അവിടെ എത്തുന്ന എല്ലാ രോഗികളേയും ആദ്യവും അവസാനവും സൂക്ഷ്മമായി പരിശോധിക്കയും രോഗശാന്തി ഉണ്ടായെങ്കിൽ ഒരു കൊല്ലത്തിനു ശേഷം വീണ്ടും പരിശോധിക്കയും ചെയ്യുന്നു. നിഷ്പക്ഷ ബുദ്ധികളായ ഇതര ഡോക്ടന്മാർ പ്രകൃതിനിയമങ്ങൾക്കും തിക്ച്ചും അതീതങ്ങളെന്നു സംവദിക്കുന്ന പല സംഭവങ്ങളും ഈ ശാസ്ത്രീയ സിമിതി നിരസിക്കുകയും അപൂർവ്വമല്ല. ഇപ്രകാരം ഒരാണ്ടിൽ അവിടെ എത്തുന്ന ശരാശരി 10 ലക്ഷത്തിലധികം തീർത്ഥകരിൽ 99 ശതമാനവും ആത്മീയാവശ്യങ്ങൾക്കായിട്ട് അണയുന്നവരും ഒരു ശതമാനം (ഉദ്ദേശം 10000) അസാദ്ധ്യരോഗികളുമായിരിക്കും. ഇവരിൽ തന്നെ $1\frac{1}{2}$ ശതമാനം (ഉദ്ദേശം 150) പേർ മാത്രമാണ് രോഗശാന്തി പ്രാപിക്കുന്നതു്. ഇതിൽ നിന്നും ശരാശരി 10 വീതം അത്ഭുതങ്ങളായി പ്രഖ്യാപനം ചെയ്യപ്പെട്ടുന്നു. ഇത്രയും പറഞ്ഞതിൽ നിന്നും യഥാർത്ഥത്തിൽ അവിടെ സംഭവിക്കുന്ന അത്ഭുതങ്ങൾ 10-ൽ കൂട്ടതലായിരിക്കുമെന്നും എന്നാൽ എല്ലാവിധ സംശയങ്ങളേയും ദൂരികരിപ്പാനുള്ള അവരുടെ തീവ്രശ്രമംനിമിത്തം അംഗീകൃത സംഖ്യ ഇത്ര കുറയുന്നതാണെന്നും വ്യക്തമാകുന്നുണ്ട്. കൂടാതെയും 1933 ജാനുവരിയിലെ ഒരു കൺസിസ്റ്ററി സംഘത്തിൽവെച്ച് 11-ാം പിയൂസ് സമർത്ഥിച്ചതുപോലെ ഇക്കാലത്തും അത്ഭുതങ്ങൾ കുറവല്ല പലർ വിചാരിക്കുന്നതിലും വളരെ കൂട്ടതൽ തന്നെയാണു്. ആദ്യനൂററാണ്ടു മുതൽ ഇതഃപര്യന്തം തിരുസ്സഭയിൽ ഈശോയുടെ നാമത്തിലും ശക്തിയാലും അവ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു രാജകീയാകമ്പടി എന്നോണം അവ മിശിഹായുടെ പവിത്രമണവാട്ടിയെ സദാ അനുഗമിക്കുന്നു. ഇതര മതസ്ഥർക്ക് അവളെ സംശയരഹിതമായ വിധത്തിൽ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. നിർമ്മത്സരബുദ്ധികളായ സത്യാന്വേഷികൾക്ക് അവ മാർഗ്ഗദർശിത്വം വഹിക്കയും ചെയ്യുന്നു.

## ൨. വത്തിക്കാൻ സൂനഹദോസ്.

ഒമ്പതാംപിയൂസിൻെറ ഭരണകാലത്തെ ഏററം പ്രധാനമായ ഒരു സംഭവം വത്തിക്കാൻ സൂനഹദോസിൻെറ ഉൽഘാടനമത്രെ. മൂന്നുറു വർഷത്തിനിടക്കു ഈദൃശമായ ഒരു സംഭവം നടന്നിട്ടില്ല. ഈ കാലത്തിന്നിടയിൽ സഭ പലേ രാജ്യങ്ങളുടേയും സമുദായങ്ങളുടേയും പരിവർത്തനങ്ങൾ കണ്ടു. പ്രോട്ടസ്ററൻറു രാജ്യങ്ങൾക്കു കത്തോലിക്ക രാജ്യങ്ങ

ലോട്ടുള്ള വിദ്വേഷം ദിനംദിനം വർദ്ധിച്ചു വന്നിരുന്നുവെങ്കിലും ക ത്തോലിക്ക കക്ഷികൾക്കു ചില പ്രോട്ടസ്റ്റൻറു രാജ്യങ്ങളിലെല്ലാം പ്രാ ബല്യം സിദ്ധിക്കാതിരുന്നില്ല. എന്നിരുന്നാലും സമുദായം പൊതുവേ ദൈവവിശ്വാസത്തിൽ ക്ഷീണിച്ചുവന്നിരുന്നു ചില രാജ്യങ്ങളിൽ പൊ തുജനസ്വരം സഭക്കെതിരായിരുന്നു. സഭാംഗങ്ങൾക്കു തന്നേയും പല വൈകല്യങ്ങളും ഇതുമൂലം ഉളവായി. ഇവയും ഈദൃശമായ മററുകാരണ ങ്ങളും ഒരു സാർവ്വത്രീക സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു മാർപ്പാപ്പാ യെ പ്രേരിപ്പിച്ചു. 1865—ൽ തന്നെ തൻെറ ആ അഭിലാഷത്തെ കർദ്ദി നാൾ സംഘത്തെ അറിയിച്ചു. പലെ പാശ്ചാത്യപൌരസ്ത്യ മെത്രാ ന്മാരോടും ഇപ്രകാരമുള്ള ഒരു സൂനഹദോസ് വിളിച്ചുകൂട്ടുന്നതിൻെറ ഔ ചിത്യത്തെപ്പററിയും അതിൽ വിവാദിക്കേണ്ട വിഷയങ്ങളെപ്പററിയും പ രിശുദ്ധ പിതാവു് പര്യാലോചിക്കാതിരുന്നില്ല. ആലോചനകളുടെയെ ല്ലാം പരിണാമം പരിശുദ്ധപിതാവിൻെറ ആഗ്രഹംപോലെ തന്നെയാ യിരുന്നു. തന്മൂലം 1868_ജൂൺ 29_ാംതീയതി പ്രസിദ്ധീകരിച്ച (Aethrni patris) എത്തേർണി പാത്രിസ് എന്ന തിരുഎഴുത്തുമൂലം ഒരു സാർവ്വത്രീക സൂനഹദോസ് അടുത്ത ഡിസംബർ 8_ാംതീയതി റോമ്മ യിൽ സമ്മേളിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. പ്രസ്തുത തിരുവെഴു ത്തിൽ പ്രസ്താവിച്ചിരുന്ന സൂനഹദോസിൻെറ ഉദ്ദേശങ്ങൾ—വിശ്വാസ സംരക്ഷണ, വിശ്വാസസംപോഷണം, സഭാനിയമങ്ങളുടെ കൃത്യമായ അ നുസരണം, ആദിയായവയായിരുന്നു. സഭക്കും സമുദായത്തിനും പൊ വെ നേരിടുന്ന ചില വിപത്തുകളെ പരിഹരിക്കുന്നതിനും, സത്യസഭയി ൽ നിന്നു ഭിന്നിച്ചു നിൽക്കുന്ന സഹോദരങ്ങളെ മാതൃസഭയിലേക്കു ക്ഷ ണിക്കുന്നതിനും സൂനഹദോസ് ഉദ്യമിക്കാതിരുന്നില്ല. സഭയുടെ ഐക്യ ത്തിൽ നിന്നു ഭിന്നിച്ചു നിന്നിരുന്ന എല്ലാ പൌരസ്ത്യ മെത്രാന്മാരേ യും പ്രസ്തുത സൂനഹദോസിലേക്കു ക്ഷണിച്ചിരുന്നു എന്നുള്ളതും പ്രത്യേകം സ്മർത്തവ്യമാണു്.

സൂനഹദോസ് സമാരംഭിച്ചതു് വത്തിക്കാൻ ബസിലിക്കായിലായിരു ന്നു. ആകെ 769 പിതാക്കന്മാർ സന്നിഹിതരായിരുന്നു. പൂർവ്വനടപ്പി നെ വ്യത്യാസപ്പെടുത്തിക്കൊണ്ടു പാശ്ചാത്യരാഷ്ട്രങ്ങളെ സൂനഹദോസി ലേക്കു ക്ഷണിക്കയുണ്ടായില്ല. പ. പിതാവു തന്നെ അതിൻെറ ആദ്യ ത്തെ നാലുസമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചു. തുടരെയുണ്ടായ മററു

സമ്മേളനങ്ങളിൽ അദ്ധ്യക്ഷപീഠം അലങ്കരിച്ചതു തൻെറ പ്രതിനിധികളാ യ കർദ്ദിനാളന്മാരായിരുന്നു. കാര്യദർശിയായിരുന്നതു് സുപ്രസിദ്ധനായ ജോസഫ് ഫസർ എന്ന ഒരു ഓസ്ട്രിയൻ മെത്രാനായിരുന്നു. ജനുവരി 2 —ാംതീയതി കൂടിയ പൊതുവായ രണ്ടാം സമ്മേളനത്തിൽവച്ചത്രെ പരി ശുദ്ധപിതാവും, മററു പിതാക്കന്മാരും വിശ്വാസസത്യം ചെയ്തതു്. ക ത്തോലിക്കാ വിശ്വാസത്തെ പരാമർശിച്ചു നടന്ന പ്രഥമ സമ്മേളനത്തി ൽ യുക്തിവാദത്തെ (Rationliasm) കൂലങ്കഷമായി പരിശോധിക്കയും, ഖണ്ഡിക്കയും, പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. സ്വാഭാവാതീതമായ ജീവിതാസ്തിക്യത്തെ സ്ഥാപിക്കയും, നിർണ്ണയങ്ങൾ സമർപ്പിക്കയും ചെ യ്തു. പ്രസ്തുത വിശ്വാസപ്രമേയങ്ങൾ പിതാക്കന്മാരുടെ ഏകാഭിപ്രായത്തോ ടുകൂടി പരിശുദ്ധ പിതാവു് ഉറപ്പിച്ചംഗീകരിച്ചു. മ്ശിഹായുടെ സഭയു ടെ സ്വാഭാവം, അതിൻെറ ലക്ഷണങ്ങൾ, മാർപ്പാപ്പായുടെ പരമാധികാ രം, അതിൻെറ സ്വഭാവം ആദിയായവയെ പരാമർശിച്ചു പ്രസ്തുത സൂന ഹദോസ് കൂലങ്കഷമായി വ്യവഹരിച്ചു. മാർപ്പാപ്പായുടെ അപ്രമാ ദിത്വവും സൂനഹദോസിൻെറ കാര്യപരിപാടിയിലെ ഒരു വിഷ യമെന്നറിഞ്ഞപ്പോൾ പല അകത്തോലിക്കാ കേന്ദ്രങ്ങളും ക്ഷോ ഭിച്ചുവശായി. ജർമ്മനിയിൽ നാമമാത്രമായ ചില കത്തോലിക്കാ നേതാക്കന്മാരും ഇവയിൽ സംബന്ധിച്ചു. ഡൊള്ളിഞ്ചർ (Dollinger) പ്രസ്തുത നിർവ്വചനം മൂലം ഉണ്ടാകാവുന്ന വൈഷമ്യങ്ങളേയും മററും പ ർവ്വരികരിച്ചു് രാജാധികാരികളെ അറിയിക്കയും സഭയ്ക്കെതിരായി അവരെ പ്രേരിപ്പിക്കയും ചെയ്തു. അക്രൈസ്തവ ക്രൈസ്തവലോകം പ്രസ്തുത സംഗ തിയെ പരാമർശിച്ചു് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി കത്തോലിക്കരെ പ്രസ്തുത വിശ്വാസസത്യത്തിനെതിരായി പ്രേരിപ്പിച്ചിരുന്നു.

എന്നാൽ അപ്രമാദിത്വത്തിനെതിരായി ഉത്സാഹിച്ചിരുന്നവരുടെ പരിശ്രമങ്ങളെല്ലാം വിഫലങ്ങളായി. മാർപ്പാപ്പായുടെ അപ്രമാദിത്വം വത്തിക്കാൻ സൂനഹദോസു് ഒരു വിശ്വാസസത്യമായി അധ്യവസാനം ചെയ്തു. "റോമ്മാമാർപ്പാപ്പാ സിംഹാസനത്തിൽനിന്നു" അതായതു സ കല ക്രിസ്ത്യാനികളുടേയും ഇടയനും അദ്ധ്യാപകനും എന്നുള്ള ജോലി നടത്തുവാനായിട്ടു, തൻെറ ശ്ലൈഹികമായ ഉന്നതാധികാരത്തിൻെറ ശക്തിയാലും (തിരുസഭ മുഴുവനും അനുസരിക്കുവാൻ വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സംബന്ധിച്ച ബോധനത്തെ വിധിച്ചറിയിക്കുമ്പോൾ) വി. പത്രോസിൽ തനിക്കു വാഗ്ദാനം ചെയ്യപ്പെട്ട ദൈവസഹായത്താ

ലും, വിശ്വാസത്തെയോ സന്മാർഗ്ഗത്തെയോ സംബന്ധിച്ച ബോധനത്തെ വിധിച്ചറിയിക്കുന്നതിൽ തൻെറ സഭയ്ക്കുണ്ടാകണമെന്നു ദിവ്യരക്ഷകൻ തിരുമനസ്സായിട്ടുള്ള ആ അപ്രമാദിത്വം അയാൾക്കുണ്ടെന്നും ആകയാൽ റോമ്മാ മേല്പട്ടക്കാരൻെറ ഇങ്ങനെയുള്ള വിധിതീർപ്പുകൾ അദ്ധ്യയന സഭയുടെ സമ്മതത്താൽ അല്ല പിന്നയോ അവയുടെ സ്വഭാവത്താൽ തന്നെ ഭേദഗതി വരുത്തിക്കൂടാത്തതാകുന്നുവെന്നുമുള്ളതു് ദിവ്യപ്രകാശിതമായ വിശ്വാസ സത്യമാണന്നെ ക്രിസ്തീയ വിശ്വാസത്തിൻെറ ആരംഭം മുതൽ കിട്ടിട്ടുള്ള സൂനഹദോസുകളോടും പാരമ്പര്യപഠനത്തോടും പൂർണ്ണവിശ്വസ്തതയോടുംകൂടെ ചേർന്നുകൊണ്ടു് നഃ രക്ഷകനായ ദൈവത്തിൻെറ മഹത്വത്തിനും കത്തോലിക്കാ സത്യവേദത്തിൻെറ ഉയർച്ചക്കും ക്രിസ്തീയജനത്തിൻെറ രക്ഷക്കുമായിട്ടു് വിശുദ്ധ സൂനഹദോസിൻെറ അംഗീകരണത്തോടുംകൂടെ നാം പഠിപ്പിക്കയും വിധിച്ചറിയിക്കയും ചെയ്യുന്നു."

തിരുസംഘത്തിൽ സംബന്ധിച്ച 535 പിതാക്കന്മാരിൽ 533 പേരും അനുകൂലമായി വോട്ടുചെയ്തു എന്നുള്ളതും ഈ തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്. 55 മെത്രാന്മാർ അധ്യവസാനം ചെയ്യുന്നതിൻെറ ആവശ്യകതയെപ്പററി സംശയിച്ചു പിന്മാറി എന്നുള്ളതു വാസ്തവമെങ്കിലും തത്വസ്വീകരണത്തിന്നു് ഒരുക്കമുള്ളവരായിരുന്നു. എതിരഭിപ്രായക്കാരായിരുന്ന രണ്ടു മെത്രാന്മാരും പ്രസ്തുത അധ്യവസാനത്തെ സ്വീകരിച്ചു ഒപ്പുവെച്ചുവെന്നുള്ളതും പ്രസ്താവ്യയോഗ്യമാണു്. തത്വം പ്രഖ്യാപനം ചെയ്ത ദിവസംതന്നെ നെപ്പോളിയൻ മൂന്നാമൻ പ്രഷ്യായോടു യുദ്ധപ്രഖ്യാപനം ചെയ്തു. റോമിൽ നിന്നു പ്രഷ്യൻ പട്ടാളങ്ങൾ പിൻവലിക്കപ്പെട്ടതും വിക്ടർ എമ്മാനുവേൽ റോമ്മാപട്ടണത്തെ വളഞ്ഞതും ഒന്നിച്ചുകഴിഞ്ഞു. പരിശുദ്ധ പിതാവു് തന്മൂലം സംഘത്തിൻെറ നടപടികൾ മാററിവയ്ക്കുന്നതിന്നു നിർബ്ബന്ധിതനായി.

## ൻ. പൂർവ്വീക കത്തോലിക്കർ.

1870 ജൂലൈ 18-ാം തീയതി വത്തിക്കാൻ സൂനഹദോസിൻെറ നാലാം യോഗത്തിൽ പാപ്പായുടെ അപ്രമാദിത്വം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. തദവസരത്തിൽ സന്നിഹിതരായിരുന്ന

535 പിതാക്കന്മാരിൽ 533 പേർ ഈ പ്രഖ്യാപനത്തെ അനുകൂലിക്കുകയും 2 പേർ പ്രതികൂലിക്കുകയും ചെയ്തു  വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ മാർപ്പാപ്പാ പ്രമാദരഹിതനാണെന്നുള്ള സത്യത്തെ അല്ല അവർ പ്രതികൂലിച്ചതു് പ്രത്യുത ആ സത്യത്തിൻെറ പ്രഖ്യാപനത്തേയത്രെ. ഈ പ്രഖ്യാപനം അവസരോചിതമല്ലന്നായിരുന്നു അവരുടെ അഭിപ്രായം എന്നാൽ മാർപ്പാപ്പാ സൂനഹദോസിൻെറ അഭിപ്രായത്തേ അംഗീകരിക്കുകയും തൻെറ പരമാധികാരത്താൽ അതിനെ സ്ഥിരീകരിക്കയും ചെയ്തു അതോടെ പ്രതികൂലിച്ചവർ രണ്ടു പേരും മററു ഹാജരില്ലാതിരുന്ന പിതാക്കന്മാരും ആ അഭിപ്രായത്തോടു ചേരുകയാണുണ്ടായതു്. വേറൊരു സൂനഹദോസിൻേറയും നിശ്ചയങ്ങൾ ഇത്ര സാർവ്വത്രികമായി വിവാദലേശമില്ലാതെ സ്വീകരിക്കപ്പെട്ടിട്ടില്ല.

എങ്കിലും ഈ ഔദ്യോഗിക പ്രഖ്യാപനം ജർമ്മനി, ഫ്റാൻസു്, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങളിലുണ്ടായിരുന്ന ചില നാമമാത്ര കത്തോലിക്കർക്കു് സഭയെ പരിത്യജിക്കുന്നതിനു അവസരമായിതീർന്നു. ഒരിക്കൽ കത്തോലിക്കാ തിരുസഭയെ തീക്ഷ്ണതാപൂർവ്വം ആദരിച്ചിരുന്ന ഡോ. ഡൊള്ളിൻജർ ആയിരുന്നു ജർമ്മിനിയിൽ അവരുടെ നേതാവു്. മൂനിച്ചു് സർവ്വകലാശാലയിലെ കത്തോലിക്ക തത്വപ്രബോധകന്മാരും ബോൻ (Bonn) ബ്രസ്ലൊ (Breslaw) ഫ്റീബർഗ്ഗ് (Freiburg) പ്രേഗ്ഗ് (Prague) മുതലായ കലാശാലകളിലെയും ജർമ്മനിയിലെ മററു പല വിദ്യാലയങ്ങളിലെയും പ്രാസംഗികന്മാരും ഡൊള്ളിൻജറിനേ അനുകരിക്കുകയുണ്ടായി. ഇവർ തങ്ങളേ പൂർവ്വിക കത്തോലിക്കർ എന്നു വിളിച്ചുതുടങ്ങി. എന്നാൽ ഇവർക്കു ഏററം ഉചിതമായ നാമം "എതിർക്കുന്ന" കത്തോലിക്കർ അഥവാ പുതിയ പ്രൊട്ടസ്റ്റൻറുകാർ എന്നാണു്. ഡൊള്ളിൻജറിനേ അനുകരിച്ച പ്രസ്തുത കലാശാല പ്രാസംഗികന്മാർ അവരവരുടെ സ്ഥലത്തേ മെത്രാന്മാരാൽ ശപിക്കപ്പെട്ടപ്പോൾ ഡോള്ളിൻജറിൻെറ പ്രസ്പഷ്ടമായ അഭിപ്രായത്തിനു വിരോധമായി ഒരു ശിശ്മ രൂപവൽകരിക്കുന്നതിനാണു അവർ പരിശ്രമിച്ചതു്. 1873 ൽ ബ്രേസ്ലൊ സർവ്വകലാശാലയിലെ പ്രാസംഗികനായിരുന്ന ഡോ: റിങ്കൻസ് ഡെവെൻടർ ജാൻസെത്രസ്ററ് മെത്രാനായ ഹെയിഡെകാമ്പ് Heydekamp) നാൽ മെത്രാഭിഷേകം ചെയ്യപ്പെട്ടു.

സ്വിററ്സർലണ്ടിൽ 3 വൈദീകർ മാത്രമെ വത്തിക്കാൻ നിശ്ചയങ്ങളെ സ്വീകരിക്കാതിരുന്നുള്ളു. അവിടെ വത്തിക്കാൻ നിശ്ചയ

ങ്ങളെ പ്രതിഷേധിച്ചിരുന്നവർ പൂർവ്വീക കത്തോലിക്കരെന്ന നാമധേയത്തെ ത്യജിച്ചു ക്രസ്തീയകത്തോലിക്കർ എന്നു് തങ്ങടം വിളിക്കപ്പെട്ടവാനാണാഗ്രഹിച്ചിരുന്നതു്. അവരുടെ മെത്രാനായി 1876_ൽ എഡ്വാർഡ ഹെർസോനിനെ ഡോ: റിങ്കൻസു് അഭിഷേകം ചെയ്തു. സ്വിററ്സർലണ്ടിലേ ഈ ക്രസ്തീയ കത്തോലിക്കരുടെ വൈദീകർ വിവാഹം ചെയ്കയും അവരുടെ നാട്ടുഭാഷയിൽ പൂജാപ്പണം നടത്തുകയും ചെയ്യുന്നു. അവക്കു് കുമ്പസാരം ഐശ്ചികമാണു്. പ്രോട്ടസ്ററൻറുകാരുടെ സഹായം ഉണ്ടെങ്കിലും ഇവരുടെ നില ശിഥിലീഭവിച്ചുവരികയാണു്. ആസ്ത്രിയായിലും ഫ്റാൻസിലും ഒരു സ്ഥാനം ലഭിക്കുന്നതിനു് ഈ കൂട്ടർ പരിശ്രമിച്ചെങ്കിലും ഫലം ഉണ്ടായില്ല.

പൂർവ്വീക കത്തോലിക്കർ എന്നുള്ള നാമധേയത്താൽ പൂർവ്വികവിശ്വാസത്തിൽ നിന്നു തെററാതെ അതിൽ സുസ്ഥിരമായി നില്ക്കുന്നവർ എന്നു വരുത്തണമെന്നാണല്ലോ അവർ ഉദ്ദേശിച്ചതു്. എന്നാൽ ഈ ഉദ്ദേശത്തിൽ നിന്നും മറിച്ചാണു് കാര്യങ്ങടം നടന്നതു്. കത്തോലിക്കാശബ്ദം അവക്കു അത്ഥമില്ലാത്തതായിട്ടാണു തീന്നതു്. സംഖ്യയിലും വ്യാപ്തിയിലും ഈ പേരിനു് അവക്കു് അർഹത ഇല്ലാതിരുന്നു എന്നുള്ളതു സ്പഷ്ടമാണു്. മാത്രമല്ല ഏറെ താമസിയാതെ ആ ചെറിയ കൂട്ടം തന്നെ വിഭജിക്കപ്പെട്ടകയാണുണ്ടായതു്. പൂർവ്വികവിശ്വാസത്തിൽ നിശ്ചലരായി നില്ക്കുന്നതിനു പകരം വിശ്വാസത്തിലും തത്വങ്ങളിലും ആചാരങ്ങളിലും നവീനമായി പലതും കൂട്ടിച്ചേക്കുന്നതിനും യാതൊരു സങ്കോചവും അവക്കുണ്ടായിരുന്നില്ല. സവ്വോപരി വൈദികക്കു വിവാഹം അനുവദിക്കയും ഒരു പുതിയ ജമ്മൻ പ്രാത്ഥനാക്രമം ഏപ്പെടുത്തുകയും ചെയ്തതോടെ കത്തോലിക്കാ സഭയുടെ ബാഹ്യപ്രകൃതിപോലും അവക്കില്ലെന്നായി.

കത്തോലിക്കരെ മർദ്ദിച്ചിരുന്ന ഗവമ്മെൻറുകടം ഈ പൂർവ്വീക കത്തോലിക്കരെ സഹായിച്ചിരുന്നു. ഒരു സ്ഥലത്തു ഇവരിൽ എതാനും പേർ ഉണ്ടെന്നു കണ്ടാൽ ഉടനെ അവിടത്തെ ഇടവകപ്പള്ളി ഉപയോഗിക്കുന്നതിനുള്ള അർഹത അവക്കു ലഭിക്കുകയായി. ശിഷ്മക്കാരോടു കൂടി ഒരുമിച്ചു ദേവാലയത്തേ ഉപയോഗിക്കാൻ വൈമനസ്യം പ്രദർശിപ്പിച്ച കത്തോലിക്കരാവട്ടെ കളപ്പുരകളിലോ വാടകയ്ക്കെടുത്ത മുറികളിലൊ ദൈവാരാധന നടത്തുവാൻ നിർബന്ധിതരായിതീന്നു. മെത്രാ

ന്മാരും വൈദികരും കാരാഗൃഹത്തിലാക്കപ്പെട്ടു. ജർമ്മൻ കത്തോലിക്കരുടെ ധൈര്യവും ഐക്യവും 13_ാം ലെയോൻ മാർപ്പാപ്പായുടെ സഹായത്താൽ മതവിരോധികളെ തോല്പിക്കതന്നെ ചെയ്തു.

"പൂർവ്വീക കത്തോലിക്കർക്കു" രാഷ്ട്രീയ നേതാക്കന്മാർ ചെയ്തിരുന്ന സഹായം അവസാനിച്ചു. അതോടെ ജർമ്മനിയിലെ അവരുടെ പ്രാധാന്യവും നിലച്ചു. സ്വിററ്സർലണ്ടിൽ പുതിയ പ്രസ്ഥാനത്തെ പ്രോട്ടസ്ററൻറുകാർ വളരെ ശക്തിയായി പിൻതാങ്ങിയിരുന്നു. എങ്കിലും ഏറെത്താമസിയാതെ അവരുടെ എണ്ണം കുറഞ്ഞുപോകുകയാണുണ്ടായതു്. ഇപ്പോൾ ഈ "പൂർവ്വീക കത്തോലിക്ക" സംരംഭത്തിനു യാതൊരു നിലയും ഇല്ലന്നു മാത്രമല്ല ഏറെക്കുറെ വിസ്മരിക്കപ്പെട്ടിരിക്കയുമാണു്. ഇപ്പോഴും ജർമ്മനിയിൽ അവർക്കു ഏതാനും പഴയ പള്ളികളുണ്ടെന്നുള്ളതു വാസ്തവം തന്നെ.

പൂർവ്വീക കത്തോലിക്കരെക്കുറിച്ചുള്ള ഈ പ്രസ്താവനയിൽ ഡോ: ഡൊള്ളിൻജറിനു ഏററം പ്രധാന സ്ഥാനം ഉള്ളതുകൊണ്ടു് അദ്ദേഹത്തെക്കുറിച്ചു അല്പം പറയുന്നതു അവസരോചിതമായിരിക്കുമല്ലൊ. പൂർവ്വീക കത്തോലിക്കാ സംരംഭനേതാക്കന്മാരെല്ലാം ഒന്നുകിൽ ഡോക്ടറിൻെറ ശിഷ്യന്മാർ അല്ലെങ്കിൽ അദ്ദേഹത്തിൻെറ മാതൃകയാൽ പ്രേരിപ്പിക്കപ്പെട്ടവർ ആയിരുന്നു. അദ്ദേഹം ഒരു പൂർവ്വീക കത്തോലിക്കൻ തന്നെ ആയിരുന്നു.

പാപ്പായുടെ ആധിപത്യത്തെ താൻ ആദരിച്ചിട്ടുണ്ടെങ്കിലും പാപ്പായുടെ അപ്രമാദിതാദത്തെ ഒരിക്കലും പഠിപ്പിച്ചിട്ടില്ലന്നാണു അദ്ദേഹം പറയുന്നതു്. ഈ സ്ഥിതിയിൽതന്നെ എന്നും ആയിരിക്കണമെന്നായിരുന്നു നിഷ്ഠ. സൂനഹദോസിനു മുമ്പു അദ്ദേഹം ഒരു നല്ല കത്തോലിക്കനായിരുന്നു എങ്കിൽ അതു കഴിഞ്ഞും അങ്ങനെതന്നെയായിരിക്കണമല്ലോ. എന്തുകൊണ്ടെന്നാൽ അല്പംപോലും അദ്ദേഹം തൻെറ അഭിപ്രായത്തെ മാററിയിട്ടില്ല. സൂനഹദോസു അവസാനിച്ചില്ല തല്ക്കാലത്തേക്കു നിറുത്തിവച്ചിട്ടേയുള്ളല്ലോ. അതുകൊണ്ടു സൂനഹദോസിൻെറ അവസാനമോ, വേറൊരു സൂനഹദോസു തന്നെയോ ആണു് താൻ കാത്തിരുന്നതു്. ഈ സ്ഥിതിവളരെ മാനമുള്ളതും യുക്തിയുക്തവും തന്നെ.

എന്നാൽ മറിച്ചായിരുന്നു. ഒന്നാമതായി ഡോ: ഡൊള്ളിൻജർ പള്ളിയുടെ ഐക്യത്തിലുള്ള വിശ്വാസത്തെ മുറുകെ പിടിച്ചിരുന്നു. ത

നിക്കു അംശമുടക്കു കല്പിച്ചതും തന്നെ മഹറോൻ ചൊല്ലിയതും അന്യായമായിട്ടാണെന്നു് വാദിച്ചെങ്കിലും അതിനു കീഴ്പ്പെട്ടുകയാണു ചെയ്തതു്. ഇരുപതുവർഷംകൂടെ അദ്ദേഹം ജീവിച്ചെങ്കിലും വീണ്ടും ഒരിക്കലും കുർബാന ചൊല്ലിയിട്ടില്ല. കൂദാശകാം കൊടുക്കുകയാകട്ടെ സ്വീകരിക്കുകയാകട്ടെ ചെയ്തിട്ടില്ല. പൂർവ്വിക കത്തോലിക്കരെ അദ്ദേഹം ധൈര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കയും അവക്കുപദേശങ്ങാം ചെയ്യുകയും ചെയ്തിരുന്നു. അവരുടെ സംഖ്യ വളരെ ചെറുതാണെന്നു് അദ്ദേഹത്തിനു മനസ്സിലായതുകൊണ്ടു് ആംഗ്ലിക്കൻ സഭയോടും യൗനായസഭയോടും ഐക്യപ്പെട്ടാൽ കത്തോലിക്കു തത്വങ്ങളിൽ വല്ല പൊതുസമ്മതവും ഉണ്ടായേക്കാമെന്നും അദ്ദേഹത്തിനു പ്രതീക്ഷ ഉണ്ടാകാതിരുന്നില്ല. എങ്കിലും അദ്ദേഹം നേരിട്ടു് ഒരിക്കലും അവരുമായി ഇടപെട്ടിട്ടില്ല. എന്നാൽ അങ്ങനെ ചെയ്യുന്നവരെ തടഞ്ഞിട്ടുമില്ല. "ഞാൻ തനിയേ നില്ക്കുന്നു" എന്നായിരുന്നു അയാളുടെ ദുഃഖപരമായ വാക്യം. ഏതൊരു സഭയിൽ അയാറം ഒരിക്കൽ വിശ്വസിച്ചിരുന്നുവോ ഏതൊരു സഭയേ അയാറം ഒരിക്കൽ ആദരിച്ചിരുന്നുവോ ആ കത്തോലിക്കാ സഭ അയാളേ കൂടാതെ ഐശ്വര്യത്തിൽ തന്നെ പുരോഗമനം ചെയ്തിരുന്നു. ജമ്മനിയിലെ സെൻട്രൽ പാർട്ടി (Central party.) ബിസ്സു് മാക്കുമായി പോർ ചെയ്യുന്നതും വിജയശ്രീയോടെ വരുന്നതും അയാറം വെളിയിൽ നിന്നു കണ്ടു. സൂനഹദോസു കഴിഞ്ഞപ്പോാം കത്തോലിക്കാസഭ, ഐക്യത്തിൽ പണ്ടത്തേതിൽ കൂടുതൽ ഉറച്ചിരിക്കുന്നതായും അയാറം കാണാതിരുന്നില്ല. 9-ാം പീയൂസിൻെറ കാലത്തു ആക്ഷേപിക്കപ്പെട്ടതിൽ കൂടുതലായിട്ടുതന്നെ 13-ാം ലെയോൻ പാപ്പായുടെ കാലത്തും പാപ്പാധിപത്യം ബഹുമാനിക്കപ്പെട്ടുന്നതും കാണുന്നതിനു് അയാറംക്കു സാധിച്ചു. അയാളുടെ പള്ളിതന്നെ അയാളെ മഹറോൻ ചൊല്ലി. വേറെ ആരോടും ചേരുവാൻ അയാറംക്കു നിവൃത്തിയില്ലാതായി. ലോകം മുഴുവനും എതിരായി. അയാറം തനിയേ നിന്നു. എന്നാൽ "Securus Iudicat orbiss terrarum" ലോകത്തിൻെറ വിധി സുരക്ഷിതമെന്നുണ്ടല്ലോ. ഇതു് ഒരിക്കലും സ്തുത്യർഹമായ ഒരു നില ആയിരുന്നില്ല. സുബോധരഹിതരല്ലാതെ ആരും സാധാരണ ഈ സ്ഥിതിയിൽ നില്ക്കുകയില്ല. അയാളുടെ നിലയേ അവലംബിച്ചതായി ഒററ മനുഷ്യനെങ്കിലും ഉണ്ടായിരുന്നില്ല.

ഇതു യുക്തിവിരുദ്ധമായ ഒരു നിലകൂടെയും ആയിരുന്നു. സൂനഹദോസിനുമുമ്പു പാപ്പായുടെ അപ്രമാദിത്വം എന്ന വേദതത്വത്തിനു സ

ഭയിൽ പൊതുസമ്മതമുണ്ടായിരുന്നില്ല എന്നു അയാൾ വാദിച്ചു. പാപ്പായുടെ അപ്രമാദിത്വത്തിനു വിരോധമായി സഭയുടെ അപ്രമാദിത്വത്തെ അയാൾ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴാകട്ടെ അയാൾക്കു വിരോധമായി പ്രമാദരഹിതമായ ആ സഭയുടെ പരിപൂൎണ്ണമായ സമ്മതം ഈ സത്യത്തിനു ലഭിച്ചിരിക്കുന്നു. രണ്ടാമതായി അയാൾ എവിടെ നിന്നിരുന്നുവോ, കത്തോലിക്കാസഭ എവിടെ നിന്നിരുന്നുവോ അവിടെ തന്നെ താൻ നില്ക്കുന്നുവെന്നായിരുന്നു വാദം. 1870_ൽ മററുള്ളവക്കാണുപോലും മാററം ഉണ്ടായതു്. എന്നാൽ തന്റെ ശിഷ്യരായ പൂൎവ്വികകത്തോലിക്കരെപ്പോലെ അയാളും തന്റെ ഈ നിലയിൽ തന്നെത്തന്നെ ഭോഷനാക്കുകയും തന്റെ പൂൎവ്വികസ്ഥാനത്തിൽ നിന്നു വളരെ വേഗത്തിൽ തെററി ദൂരെമാറിപ്പോകുകയുമാണു ചെയ്തതു്. 1868_ൽ അമലോത്ഭവത്തെ പരസ്യമായി ആദരിച്ചിരുന്നു. 1874_ൽ ആകട്ടെ അതിനെ(Dom Capman O. S. B. “The First Eight general Councils & the Papal Infallibility” p. 90) നിഷേധിക്കുന്നതിനു് അയാൾ എല്ലാവരേയും നിർബന്ധിച്ചു. വേദപുസ്തകമാണു് വിശ്വാസത്തിന്റെ ഏക മാനദണ്ഡമെന്നു ഈ അവസരത്തിൽ പഠിപ്പിക്കുകയും കൂദാശകളേക്കുറിച്ചും ദിവ്യബലിയേക്കുറിച്ചും പ്രോട്ടസ്ററൻറുകാരുടെ അഭിപ്രായങ്ങൾപോലെയുള്ള അബദ്ധങ്ങളെ പ്രകടിപ്പിക്കയും ചെയ്തു. ഡെൻമാക്കിൽ നിന്നുവന്ന ലൂതറൻ ഡെലിഗെററിനു ഇതൊക്കെ വളരെ തൃപ്തികരമാണെന്നു ചുരുക്കി പറഞ്ഞാൽ മതി. പരിശുദ്ധാരൂപി പുത്രനിൽ നിന്നു പുറപ്പെടുന്ന സത്യത്തെ നിഷേധിച്ചു്, യൗനായ പ്രബോധനത്തെ സ്വീകരിച്ചു. മാപ്പാപ്പായുടെ അപ്രമാദിത്വത്തെ നിഷേധിയ്ക്കു മാത്രമല്ലാ അവിടത്തെ അധികാരസീമയേ കുറയ്ക്കുന്നതിനു കൂടെയും ശ്രമിക്കാതിരുന്നില്ല. ഈ വിഷയത്തിൽ അയാളുടെ അഭിപ്രായഗതി 19_ാം ശതാബ്ദത്തിലെ ഗാള്ളിക്കൻ കക്ഷികളുടേതു് ആയിരുന്നില്ല. ബോസേ്വയുടേയും അദ്ദേഹത്തിന്റെ അനുഗാമികളുടേയും അഭിപ്രായത്തിൽ നിന്നു വ്യത്യസ്ഥമായിരുന്നു, ഡൊള്ളിൻജിൻേറതു്. ഒരു കത്തോലിക്കു തത്വമായി ബോസേ്വ അതിനെ ഒരിക്കലും അനുവദിക്കുപോലും ചെയ്യുകയില്ലായിരുന്നു. 3_ാമതായി സൂനഹദോസിനുമുമ്പുതന്നെ തന്റെ അഭിപ്രായങ്ങൾക്കു വ്യതിയാനംഭവിച്ചുതുടങ്ങിയിരുന്നുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. 6—7 വർഷത്തേക്കു റോമായുമായി അതൃപ്തിയിലാണഖ് കഴിഞ്ഞുകൂടിയിരുന്നതു്. പാപ്പാമാൎക്കു വിരോധമായി ചരിത്രത്തിലുള്ളതൊക്കെ ശേഖരിക്കുന്നതിൽ അയാൾ ബദ്ധശ്രദ്ധനായിരുന്നു. പ്രോട്ടസ്ററൻറുകാൎക്കു നാവേൽ പാഠമായിരുന്ന ആക്ഷേ

പങ്ങൾ ഇക്കാലത്തു അയാളുടെ അധരങ്ങളിൽ നിന്നു സദാ നിർഗ്ഗമിച്ചിരുന്നു. ഗതി എങ്ങോട്ടാണെന്നു് അനുമാനിക്കത്തക്ക പലതും അക്കാലത്തു അയാൾ പ്രസിദ്ധം ചെയ്തു. എങ്കിലും 1869-ൽ "Letters to allgemeine Zeitung of Augsburg" പ്രസിദ്ധം ചെയ്യുന്നതുവരെ സാക്ഷാൽ ഇടർച്ച ഉണ്ടാകുന്നതായി ഒന്നും പുറത്തുവന്നില്ല. ഈ എഴുത്തുകളെ പിന്നീടു പാപ്പായും സൂനഹദോസും എന്ന നാമധേയത്തിൽ Janus കുറേക്കൂടി വിസ്തരിച്ചും പ്രസിദ്ധം ചെയ്തു. ഒരിക്കൽ ചിലരൊക്കെ കാര്യമായി മതിച്ചിരുന്ന ഈ ചെറുപുസ്തകം സാക്ഷാൽ വിലയുള്ള ചരിത്രഗ്രന്ഥമല്ല. പ്രസ്പഷ്ടമായ അനേക തെറ്റുകൾ അതിൽ ഉണ്ടായിരുന്നതുകൊണ്ടു് ഗ്രന്ഥകർത്താക്കൾക്കു തന്നേ അവയെ തിരുത്തേണ്ടതായി വന്നുകൂടി. എങ്കിലും അവർ എത്രകണ്ടു കത്തോലിക്കാസഭയിൽ നിന്നു അകന്നുപോയി എന്നു് അതു് മുക്തകണ്ഠം തെളിയിക്കുന്നുണ്ടു്.

നാലാമതായി ഡൊല്ലിൻജറിന്റെ പ്രതിഷേധം വത്തിക്കാൻ സൂനഹദോസ് അധ്യവസാനം ചെയ്ത സത്യത്തിനു വിരോധമായിട്ടല്ലായിരുന്നു. അയാളുടെ സ്വന്ത ഊഹംപോലെതന്നെയായിരുന്നു പ്രതിഷേധ വിഷയം. പാപ്പായും. സൂനഹദോസും എന്ന പുസ്തകത്തിലെ ഒരു ഭാഗം ഉദ്ധരിക്കുന്നു. പേ: 47.

“പാപ്പായുടെ അപ്രമാദിത്വം” ഒരു വിശ്വാസസത്യമായി സൂനഹദോസിനാൽ അധ്യവസാനം ചെയ്യപ്പെടുകയാണെങ്കിൽ അതു വേദശാസ്ത്രസംബന്ധമായും സഭാസംബന്ധമായും എന്നുവേണ്ട രാഷ്ട്രീയമായിതന്നെ ഒരു പരിവർത്തനത്തിനു കാരണമായിത്തീരും. ഈ വിപ്ളവത്തിന്റെ സ്വഭാവത്തെ തെളിവായി ഗ്രഹിച്ചിട്ടുള്ളവർ ചുരുക്കം. അതിനു പ്രോത്സാഹിപ്പിക്കുന്നവർ ഒട്ടും അറിയുന്നില്ല. അതിന്റെ ഗതിയെ തടയുവാൻ ആർക്കും കഴിയുകയുമില്ലായിരിക്കും. “ദൈവത്തോടുള്ള നിന്റെ സാമ്യത്തിൽ നീ ഭയന്നു വിറയ്ക്കും” എന്ന വാക്യം റോമായിൽ തന്നെ യഥാർത്ഥീകരിക്കപ്പെടും.

“അടുത്തതായി നവമായിട്ടുണ്ടാക്കപ്പെടുന്ന ഈ വിശ്വാസസത്യം റോമൻ കത്തോലിക്ക സഭ മുഴുവന്റെയും അടിസ്ഥാനവും മൂലക്കല്ലും ആയിത്തീരാതിരിക്കാൻ നിർവാഹമില്ല. ഏതെങ്കിലും ഒരു തത്വത്തെ ആദരിക്കുന്നതിനു്, പാപ്പായുടെ നിശ്ചയത്തെ ഉദ്ധരിക്കുവാനൊ തെളിയിക്കുവാനൊ ചരിത്രത്തിൽ നിന്നും സാഹിത്യത്തിൽ നിന്നും അതിനു് ന്യാ

യങ്ങൾ ശേഖരിക്കുവാനൊ, സാധിക്കുമൊ എന്ന നിലയിലായിരിക്കും വേദശാസ്ത്രജ്ഞന്മാരുടെ ശ്രമമെല്ലാം ഏകീകരിക്കപ്പെടുന്നതു്. സദാ സംശയനിവാരണാൎത്ഥം ആശ്രയിക്കപ്പെടാവുന്നതും പൂൎണ്ണദൈവനിവേശനത്തോടുകൂടി സംസാരിക്കുന്നതും ആയ റൈറബറിലെ ജീവനുള്ള അരുളപ്പാടിൻെറ മുമ്പാകെ മറെറല്ലാ അധികാരവും വാടിതളൎന്നുപോകും.''

വത്തിക്കാൻ സൂനഹദോസാകട്ടെ, പാപ്പായ്ക്കു ദൈവനിവേശനം ഇല്ലെന്നും, വേണ്ട പരിശോധനയുടെയും പരിപക്വമായ ആലോചനയുടെയും ശേഷം മാത്രമെ പ്രമാദരഹിതമായ അധ്യവസാനം ചെയ്കയുള്ളു എന്നു് സ്പഷ്ടമായി പ്രസ്താവിക്കുന്നു. എങ്കിലും ജാനൂസ് (Janus) അതേ ബുദ്ധിവിരുദ്ധമായ വിധത്തിൽ തന്നെ തുടൎന്നു പറയുന്നു. പ്രമാദരഹിതനായ പാപ്പായുടെ ഒററവാക്കാൽ ഒരു മനുഷ്യൻെറ ജീവിതത്തിൻെറ പകുതികാലത്തെ വേലകളെല്ലാം തകൎത്തുകളയാമെന്നിരിക്കയിൽ വി. ലിഖിതങ്ങളെ പരിശോധിക്കുന്നതെന്തിനു്? പാരമ്പൎയ്യം പഠിപ്പിക്കുന്നതെന്തിനു്?"റോമായിലേക്കു ഒരു കമ്പി അടിച്ചാൽ ഏതാനും മണിക്കൂറിനകം കിട്ടുന്ന മറുപടി ഒരു വിശ്വാസസത്യം ആയിരിക്കും'' എന്നാൽ പാപ്പായുടെ അപ്രമാദിത്വം ഈ കൂട്ടർ സങ്കല്പിക്കുന്നതുപോലെ സത്യത്തിലേക്കുള്ള ഒരു കുറുക്കുവഴിയും മററുമല്ല. വിവാദവിഷയങ്ങളെസംബന്ധിച്ചുള്ള പ്രയാസമേറിയ ചോദ്യങ്ങൾക്കു് ഉത്തരം നല്കുന്നതിനുള്ള ഒരു എളുപ്പമാൎഗ്ഗവുമല്ല. പ്രത്യുത റോമാ മാൎപ്പാപ്പാ സകല ക്രിസ്ത്യാനികളുടെയും ഇടയനും അദ്ധ്യാപകനും എന്നുള്ള ജോലി നടത്തുവാനായി തൻെറ ശ്ലൈഹീകമായ ഉന്നതാധികാരത്തിൻെറ ശക്തിയാൽ തിരുസഭ മുഴുവൻ അനുസരിക്കുവാൻ വിശ്വാസത്തേയൊ സന്മാൎഗ്ഗത്തെയൊ സംബന്ധിച്ച ബോധനത്തെ അധ്യവസാനം ചെയ്യുമ്പോൾ ദൈവത്തിൻെറ പ്രത്യേക പരിപാലനയാൽ മാൎപ്പാപ്പാ പ്രമാദരഹിതനായിരിക്കും എന്നതാണു്.

പിൻകാലങ്ങളിൽ ഡോ: ഡൊള്ളിൻജർ തൻെറ വേദശാസ്ത്രമൊക്കെ ത്യജിക്കുകയും മാക്കുകയും ചെയ്തു. സൂനഹദോസിനു മുൻപാണല്ലൊ മേൽ പ്രസ്താവിച്ച പുസ്തകം എഴുതിയതെന്നു വല്ലവരും പറഞ്ഞേക്കാം. എന്നാൽ അദ്ദേഹം അതിൽ പറഞ്ഞിട്ടുള്ള അബദ്ധങ്ങളെ ഒരിക്കലും പിൻവലിച്ചിട്ടില്ല. മാത്രമല്ല അതിനോടുകൂടി ചേൎക്കുകയത്രെ ചെയ്തതു്. അനേകശതകങ്ങളായി വേദശാസ്ത്രികൾ പഠിപ്പിച്ചു പോന്നിരുന്ന സത്യം എന്താണെന്നു സൂനഹദോസു കഴിഞ്ഞിട്ടെന്നപോലെ എളുപ്പത്തിൽ തന്നെ അതിനു മുമ്പും അറിയാൻ പാടുണ്ടായിരുന്നു. പ്രസ്തുത വേദശാസ്ത്ര

ജ്ഞന്മാർ അവരുടെ ന്യായവാദങ്ങളിലും തെളിവുകളിലും സാധാരണ രീതിയെ അവലംബിക്കുകയല്ലാതെ സംശയമുണ്ടായാലുടൻ റോമായിലേക്കു മറുപടിക്കു കൂലികൊടുത്തു കമ്പി അടിയ്ക്കുകയല്ല ചെയ്തിരുന്നതു് എന്നറിയുന്നതിനു് അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. വത്തിക്കാൻ നിശ്ചയങ്ങളെ വായിച്ചു് അവ അദ്ദേഹം പ്രതിഷേധിച്ചിരുന്ന തത്വത്തെ സ്പഷ്ടമായി ഒഴിച്ചിട്ടുണ്ടു് എന്നു മനസ്സിലാക്കുന്നതിനും യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. എന്നാൽ അയാൾക്കു വായിക്കുന്നതിനാകട്ടെ ശ്രദ്ധിക്കുന്നതിനാകട്ടെ വാദപ്രതിവാദം ചെയ്യുന്നതിനാകട്ടെ പഠിക്കുന്നതിനാകട്ടെ മനസ്സുണ്ടായിരുന്നില്ല. വൈരാഗ്യം അത്ര അധികമായിതന്നു.

അഞ്ചാമതായി ഡോ: ഡൊല്ലിൻജർ തന്നെ ഇരുപതു വർഷത്തെ ഏകാന്തത്തിനു ശേഷം സത്യം മനസ്സിലാക്കാൻ തുടങ്ങി എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണു്. കീഴ്പ്പെടുന്നതിനുള്ള ചില ശ്രമങ്ങളെല്ലാം മരണത്തിനു മുമ്പു് ചെയ്യാതിരുന്നില്ല. 1887_ൽ അദ്ദേഹത്തെ സന്ദർശിച്ച സർ പീററർ ലൂ് പേജ് റെനൂഫ് (Peter le Page Renouf) സൂനഹദോസിന്റെ പ്രഖ്യാപനം മാർപ്പാപ്പായുടെ ഔദ്യോഗികമായ അപ്രമാദിത്വത്തെക്കുറിച്ചല്ലാതെ വ്യക്തിപരമായ ഒന്നിനെക്കുറിച്ചല്ലെന്നു വിശദമാക്കിക്കൊടുത്തപ്പോൾ ഒരു വിധത്തിൽ സമ്മതിക്കുകയുണ്ടായി എന്നു പറയപ്പെടുന്നുണ്ടു്. മാത്രമല്ല മരണത്തിനു മുമ്പു ഒരു സമാധാനമെഴുതി റോമിലേക്കു അയച്ചു. എന്നാൽ അതു മതിയായി എന്നു വരികയില്ല എന്നുകൂടി അദ്ദേഹം ഇതിൽ തന്നെ പ്രസ്താവിച്ചിരുന്നു. സൂനഹദോസിന്റെ നിശ്ചയങ്ങളെ സ്വീകരിക്കുകയല്ലാതെ വേറേ യാതൊന്നും അയാൾ ചെയ്യേണ്ടതില്ലായിരുന്നു. അവയുടെ ഏതെങ്കിലും പ്രത്യേക വ്യാഖ്യാനങ്ങൾ സ്വീകരിക്കുന്നതിനു് അയാളെ ആരും നിർബന്ധിച്ചില്ല.

ഈ ഘട്ടത്തിൽ ഡൊല്ലിൻജറിന്റെ ഒരു മിത്രമായ ഫാദർ ലോക്ഹാർട്ടിനു (Lockhart) വത്തിക്കാനിൽനിന്നു ഒരു അറിയിപ്പു കിട്ടി വയോവൃദ്ധനായ പ്രൊഫസ്സറിനു താൻ ഇഷ്ടപ്പെട്ട ആരെ ആയിരിക്കുമെന്നു വിചാരിക്കപ്പെടുന്നതിനാൽ അയാളെ മഹറോനിൽ നിന്നു മോചിക്കുന്നതിനുള്ള പൂർണ്ണ അധികാരത്തോടുകൂടി മൂനിച്ചിലേക്കു് ഉടനേ പുറപ്പെടാൻ ഒരുങ്ങണമെന്നായിരുന്നു അതിലെ താല്പര്യം. അതു തീർച്ചയായും സാധിക്കുമെന്നായിരുന്നു ഫാദർ ലോക്കു് ഹാർട്ടു് വിചാരിച്ചതു്. എന്നാൽ പുറപ്പെടുന്നതിനു ഒരുങ്ങിയപ്പോഴേക്കു ഡൊല്ലിൻജറിന്റെ

പെട്ടെന്നുള്ള മരണവാൎത്ത അദ്ദേഹത്തിനു ലഭിച്ചു. ഇങ്ങനെ അയാളുടെ പുനരൈക്യം നടന്നില്ല. ഇതു സാക്ഷാൽ പരിതാപകരംതന്നെ. ഡോ: ഡൊള്ളിൻജർ പല അബദ്ധങ്ങളിലും വീണെങ്കിലും സത്യത്തിൽനിന്നും സത്യ സംരക്ഷകയായ കത്തോലിക്കാ സഭയിൽനിന്നും എത്ര വിദൂരമായിരിക്കുന്നു എന്നും അദ്ദേഹം തന്നെ മനസ്സിലാക്കി എന്നു തോന്നുന്നില്ല. വിശ്വാസസംബന്ധമായ ഒരു കാൎയ്യത്തിനു സഭയെ എതിൎക്കുകയും ഭരണം സംബന്ധിച്ച കാൎയ്യത്തിൽ കീഴ്പെടുകയും ചെയ്യുതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ നിലയുടെ അസാംഗത്യം സ്പഷ്ടമാണല്ലോ. ബുദ്ധിഹീനമായ ഈ നിലയിൽ നിന്നു അദ്ദേഹത്തെക്കുറിച്ചു് അല്പം ശരണം ഉണ്ടായേക്കാം. മനുഷ്യബലഹീനതയേയും അവന്റെ ബുദ്ധിയുടെ അന്ധതയേയും അറിയുന്ന ദൈവത്തിൽ നിന്നു അനുഗ്രഹം പ്രാപിച്ചിട്ടുണ്ടായിരിക്കാം.

---

# ൧൩_ാം ലെയോ മാർപ്പാപ്പാ
## 1878-1903.

---

ഒമ്പതാം പീയൂസ്സ് മാർപ്പാപ്പായുടെ മരണാനന്തരം സമ്മേളിച്ച കർദ്ദിനാളന്മാരുടെ തിരഞ്ഞെടുപ്പു സംഘം അധികം ദീർഘിപ്പിക്കേണ്ടതായി വന്നില്ല. മൂന്നാംപ്രാവശ്യം കുറിയിട്ടതോടുകൂടിത്തന്നെ വേണ്ടതിലധികം കുറികളോടുകൂടി യോവാക്കിംപേച്ചി കർദ്ദിനാൾ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. കോൺക്ലെവു് കൂടുന്നതിനു വളരെ മുൻപെ മുതൽ, വി. മലാഖിയുടെ പ്രവചനാനുസരണം അടുത്തു വരാനിരുന്ന "ആകാശജ്യോതിസ്സി"നെ ദർശിക്കുന്നതിനായി അത്യുൽക്കണ്ഠയോടെ പാൎത്തിരുന്ന ജനങ്ങൾക്കു പുതിയ മാർപ്പാപ്പായുടെ സ്ഥാനമുദ്രയിൽ (Coat of arms) ചിത്രിക്കപ്പെട്ടിരുന്ന നക്ഷത്രം കണ്ടപ്പോൾ ഉണ്ടായ ആഹ്ളാദം സീമാതീതമായിരുന്നെന്നു പറയാനുള്ളു. അപ്പോൾ 68_ാമത്തെ വയസ്സിൽ എത്തിയിരുന്ന അദ്ദേഹം അന്നോളവരെ ചെയ്തിട്ടുള്ള മഹത്കൃത്യങ്ങളുടേയും അവിടത്തെ ഗുണപൌരുഷ്ക്കല്യങ്ങളുടേയും കീൎത്തി ഈ സന്തോഷത്തെ ദ്വിഗുണീഭവിപ്പിച്ചു.

എന്തെന്നാൽ ചെറുപ്പത്തിലെ തന്നെ സഭയുടെ രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ ഭരണം സംബന്ധമായി ഭാരമേറിയ അനേക ജോലികൾ സ്തുത്യർഹമായ വിധത്തിൽ വഹിച്ചിട്ടുള്ള ഒരാളായിരുന്നു ഇദ്ദേഹം. ഒരു പ്രഭു വംശജനായ യോവാക്കിം പെച്ചി ഈശോസഭക്കാരുടെ കലാശാലകളിൽ വിദ്യാഭ്യാസം ചെയ്തു കേവലം 22 വയസ്സു മാത്രം പ്രായമുള്ളപ്പോൾ വൈദികങ്ങളും ലൗകികങ്ങളുമായ അനേക ശാസ്ത്രങ്ങളിൽ ഉന്നതബിരുദുകൾ നേടുകയും ലത്തിൻ, ഇററാല്യൻ ഈ ഭാഷകളിൽ അസാമാന്യ വ്യുൽപത്തി സമ്പാദിക്കുകയും ചെയ്തു. ഗുരുപ്പട്ടമേൽക്കുന്നതിനു മുൻപുതന്നെ സാളക്കർദ്ദിനാളിനോടുകൂടി 16-ാം ഗ്രിഗോറിയോസു മാർപ്പാപ്പായുടെ കാലത്തു അനേക രാഷ്ട്രീയ കാര്യങ്ങളെ വളരെ സാമർത്ഥ്യപൂർവ്വം നടത്തി. അനന്തരം 1837-ൽ തന്റെ 27-ാമത്തെ വയസ്സിൽ ഗുരുപ്പട്ടമേററു. അടുത്തകൊല്ലം മാർപ്പാപ്പായുടെ ഡലഗാദായി ബെനവെൻറായിൽ പോയി അവിടത്തെ കലഹങ്ങൾ എല്ലാം തീർത്തു സമാധാനപ്പെടുത്തി. മൂന്നുകൊല്ലത്തിനു ശേഷം പെറുജിയായിലും ഫലപ്രദമാംവണ്ണം ഇതേ ഉദ്യോഗം തന്നെ നിർവഹിച്ചു. ഇത്രയുംകൊണ്ടു് ഇദ്ദേഹത്തിന്റെ ഗുണപൌഷ്കല്യങ്ങളെ നല്ലവണ്ണം ഗ്രഹിച്ച പരിശുദ്ധപിതാവു് 1843-ൽ അദ്ദേഹത്തിനു മെത്രാൻ പട്ടം കൊടുത്തു തന്റെ മനിഷ്പമായി ബെൽജിയത്തിലേക്കയച്ചു. അവിടെ കത്തോലിക്കർക്കും സ്വതന്ത്രകക്ഷികൾക്കും ഒന്നുപോലെ തൃപ്തികരമാകത്തക്കവണ്ണം തന്റെ ചുമതലയെ നിറവേററിക്കൊണ്ടിരിക്കയിൽ, പെറുജിയാ നിവാസികളുടെ നിർബന്ധമായ അപേക്ഷാനുസരണം അവരുടെ മെത്രാനായി നിയമിക്കപ്പെട്ടു. ബെൽജിയത്തിൽ നിന്നു മടങ്ങുമ്പോൾ, ലണ്ടൻ, പാരീസു മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയും ആ തലസ്ഥാനനഗരങ്ങളിൽ വച്ചു അനേക മഹാന്മാരുമായി പരിചയപ്പെടുകയും ചെയ്തു. അനന്തര 1846-ൽ തന്റെ പുതിയ രൂപതാഭരണം കയ്യേററു മുപ്പത്തിരണ്ടു സംവത്സരത്തോളം അതിന്റെ സാമുദായികവും മതാത്മകവുമായ അഭിവൃദ്ധിക്കായി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടു വന്നു. ഇതിന്നിടയിൽ 1853-ൽ ഒമ്പതാം പീയൂസു മാർപ്പാപ്പാ അദ്ദേഹത്തിനു കർദ്ദിനാൾ സ്ഥാനം നൽകുകയും തന്നോടു് അടുത്തുണ്ടായിരുന്നാൽ കൊള്ളാമെന്നുള്ള ആഗ്രഹത്തോടുകൂടി റോമായിക്കു സമീപം ഏതെങ്കിലും ഒരു രൂപതാഭരണം കയ്യേൽക്കുന്നതിനായി പല പ്രാവശ്യം ക്ഷണിക്കുകയും ചെയ്തു. തലസ്ഥാനനഗരത്തിൽ നിന്നകന്നു കുറേക്കൂടി അജ്ഞാതമായ ഒരു ജീവിതം നയിക്കുന്നതിനുള്ള വാഞ്ഛയാലോ മറേറാ ആയിരിക്കാം, 1887-ൽ കമെർലെങ്ഗോ

(Camerlengo) ആയി നിയമിതനാകുന്നതുവരെ റോമാ വാസത്തിന് അദ്ദേഹം ഒരുമ്പെടാതിരുന്നതു്. എന്നാൽ ഈ പുതിയ ഉദ്യോഗനിർവ്വഹണാർത്ഥം നിത്യനഗരത്തിൽ പാർക്കാതെ ഗത്യന്തരമില്ലായിരുന്നു. ഏവംവിധം അവിടെ വസിക്കുമ്പോഴാണ് പീയൂസ് മാർപ്പാപ്പാ കാലം ചെയ്തതും, ഉടനെ കൂടിയ കർദ്ദിനാൾ സംഘത്തിൽ 61-ൽ 44 വോട്ടോടുകൂടി മുൻ സൂചിപ്പിച്ചപ്രകാരം ഇദ്ദേഹം മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതും. അന്ന് ഉന്നതാദർശങ്ങളിലും സഭയും രാഷ്ട്രവും സംബന്ധിച്ച കാര്യങ്ങളുടെ സൂക്ഷ്മഗ്രഹണത്തിലും വിസ്തൃതമായ ലോകപരിചയത്തിലും ഇദ്ദേഹത്തേക്കാൾ വലിയവനായി ആ കർദ്ദിനാൾ സംഘത്തിൽ ആരെങ്കിലും ഉണ്ടായിരുന്നോ എന്നു സംശയമാണ്.

പുതിയ മാർപ്പാപ്പാ സ്ഥാനാരോഹണം ചെയ്തിട്ട് അധികം താമസിയാതെതന്നെ തന്റെ ആലോചനക്കാരും സഹകാരികളുമായി ന്യൂമൽ, ഹെർജെൻറോതെർ, സിലിയാര, സ്വസഹോദരൻ പേച്ചി, മുതലായ പല വിദ്വൽശിരോമണികളെ തെരിഞ്ഞെടുത്തു കർദ്ദിനാൾസംഘത്തിൽ ചേർത്തുകൊണ്ടാണ് മിശിഹായുടെ വികാരിയെന്ന സ്ഥാനത്തിൽ തനിക്കുള്ള ഭാരമേറിയ ചുമതലകളെ നിർവഹിക്കുന്നതിനാരംഭിച്ചതു്. ലോകത്തിൽ പൊതുവേയും പ്രത്യേക ഇററലിയിലും രാഷ്ട്രീയവും സാമുദായികവും മതാത്മകവുമായി അന്നുണ്ടായിരുന്ന പ്രക്ഷോഭണങ്ങളെയും തിരുസഭയുടെ നിസ്സഹായാവസ്ഥയേയും പററി ചിന്തിക്കുമ്പോൾ, ലെയോമാർപ്പാപ്പായുടെ ഈ മുൻകരുതലുകൾ അത്യന്തം ശ്ലാഘനീയങ്ങളായിരുന്നുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കുശാഗ്രബുദ്ധിയും ഒരു അതുല്യഭരണതന്ത്രജ്ഞനും പണ്ഡിതശിരോമണിയും, പരിശ്രമശീലനും, സർവ്വോപരി ദൈവഭക്തനുമായിരുന്ന തിരുമേനിയുടെ ദൃഷ്ടി സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ സകല കാര്യങ്ങളിലേക്കും തിരിച്ചു് അന്നത്തെ സാഹചര്യങ്ങളിൽ ഒരു മനുഷ്യനു ചെയ്‌വാൻ നിവൃത്തിയുള്ളിടത്തോളം അദ്ദേഹം ചെയ്തു എന്നു പറയുന്നതിൽ ഒട്ടും അതിശോക്തി ഇല്ല.

അദ്ദേഹത്തിന്റെ മുൻഗാമിയായ ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ കാലത്തു് തിരുസിംഹാസനത്തോടു ക്രിസ്ത്യാനികൾക്കെല്ലാവർക്കും സ്നേഹവും ബഹുമാനവും വർദ്ധിക്കുകയും ശത്രുക്കൾ പോലും അതിനെ ശ്ലാഘിക്കുകയും ചെയ്തിരുന്നുവെന്നുള്ളതു യഥാർത്ഥമാണെങ്കിലും വിദേശിയ ഗവർമ്മെൻറുകളുമായുള്ള അതിന്റെ സംബന്ധം ഒട്ടും ആശാസ്യമായിരു

ന്നില്ല. പല രാജ്യക്കാരും വത്തിക്കാനുമായുള്ള ഇടപാടുകൾ നിശ്ശേഷം നിറുത്തൽ ചെയ്യുകയും പ്രകടമായി അങ്ങനെ ചെയ്യാത്തവർപോലും നല്ല സൗഹാർദ്ദമായി വർത്തിക്കുന്നതിനു വിമുഖത പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ അതാതു രാജ്യങ്ങളിലെ കത്തോലിക്കർ അനവധി അസമത്വങ്ങൾ സഹിക്കുന്നതിനും, അവിടെ തിരുസഭയ്ക്കുതന്നെ അശേഷം സ്വാതന്ത്ര്യം ഇല്ലാതിരിക്കുന്നതിനും ഇടയായി. എന്നാൽ പുതിയ മാർപ്പാപ്പായുടെ നയവിശേഷത്താൽ ഈ വലിയ ദുർഘടസ്ഥിതിയിൽ നിന്നു സഭ വിമുക്തയാകുകതന്നെ ചെയ്തു. മിക്കവാറും എല്ലാ മഹച്ഛക്തികളുമായി അദ്ദേഹം രമ്യപ്പെട്ടു് അവരുമായി കഴിയുന്നത്ര സൗഹാർദ്ദമായി വർത്തിച്ചു് സഭയുടെ സ്വാതന്ത്ര്യത്തെ പുനഃസ്ഥാപിച്ചു.

അദ്ദേഹത്തിന്റെ ഭരണകാലം മുഴുവനുംതന്നെ ഫ്രഞ്ചുജനാധിപത്യഗവമ്മെൻറുമായി സാമാന്യം സമാധാനപൂർവ്വം കഴിച്ചുകൂട്ടി. കത്തോലിക്കർ ഗവമ്മെൻറിനോടു എതിർക്കാതിരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊള്ളാമെന്നു മാർപ്പാപ്പാ വാക്കുകൊടുത്തു. എങ്കിലും അദ്ദേഹത്തിന്റെ ഉപദേശം ഭൂരിപക്ഷം ജനങ്ങൾ വകവെയ്ക്കാതിരുന്നതിനാൽ തന്റെ ആഗ്രഹാനുസരണമുള്ള സമാധാനം കാണുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. എന്നാൽ ജർമ്മനിയിൽ മാർപ്പാപ്പായിക്കു കൂടുതൽ വിജയം സിദ്ധിച്ചു. തന്റെ തെരിഞ്ഞെടുപ്പുദിവസം തന്നെ അക്കാര്യത്തെപ്പററി ജർമ്മൻ ചക്രവർത്തിയെ തെര്യപ്പെടുത്തിയ അവസരത്തിൽ ജർമ്മനിയുമായുള്ള സൗഹാർദ്ദബന്ധം പുനഃസ്ഥാപിച്ചു കാണുന്നതിനുള്ള മാർപ്പാപ്പായുടെ ആഗ്രഹത്തെപ്പററി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ചക്രവർത്തിയുടെ മറുപടി അത്ര ആശാസ്യമായിരുന്നില്ല. എങ്കിലും അധികം താമസിയാതെതന്നെ സ്വതന്ത്രകക്ഷികളുടെ പ്രീതി നേടുന്നതിനായി കത്തോലിക്കർക്കു ഹാനികരമായ കൾട്ടർക്കാംഫ് (Kulter kampf) പ്രസ്ഥാനം ആരംഭിച്ച ബിസ്മാർക്കിനു തന്റെ ഉദ്ദേശാനുസാരണം സ്വതന്ത്രകക്ഷികൾ വഴിപ്പെടുന്നില്ലന്നു കണ്ടപ്പോൾ കേന്ദ്രകക്ഷിയായ (Central party) കത്തോലിക്കരെത്തന്നെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്നു വന്നുകൂടി. അതിനാൽ അദ്ദേഹം മൂനിച്ചിലെ മാർപ്പാപ്പായുടെ മന്നപ്പിവുമായി 1878-ൽ ആലോചനകൾ നടത്തിത്തുടങ്ങിയും അധികം താമസിയാതെ തിരുസഭയ്ക്കെതിരായി പാസ്സാക്കിയിരുന്ന പല നിയമങ്ങളേയും ദുർബ്ബലമാക്കുകയും ചെയ്തു. 1883 മുതൽ നാട്ടക

ടത്തപ്പെട്ട മെത്രാന്മാൎക്കു തിരിച്ചു വരുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചതിനാൽ എല്ലാ രൂപതകളിലും മേല്പട്ടക്കാർ നിയമിതരായിത്തുടങ്ങി. 1884-ൽ ജൎമ്മനിയും വത്തിക്കാനുമായുള്ള രാഷ്ട്രീയബന്ധം പുനഃസ്ഥാപിക്കപ്പെടുകയും 1887-ൽ അതു പൂൎവാധികം ശക്തിപ്പെടുത്തപ്പെടുകയും ചെയ്തു. 1885-ൽ കാറോലൈൻ ദ്വീപുകളെ സംബന്ധിച്ചു ജൎമ്മനിയും സ്പെയിനും തമ്മിലുണ്ടായ തൎക്കം ബിസ്മാൎക്കിന്റെ അപേക്ഷാനുസരണം പരിശുദ്ധ പിതാവിന്റെ മാദ്ധ്യസ്ഥത്തിൽ സമാധാനമായി പൎയ്യവസാനിച്ചുവെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്. 1880-ൽ ബൽജിയൻ ഗവൎമ്മെന്റു വിദ്യാഭ്യാസകാൎയ്യത്തിൽ മാൎപ്പാപ്പാ കൂടുതലായി കൈകടത്തി പ്രവൎത്തിക്കുന്നുവെന്നുള്ള കാരണം പറഞ്ഞു് വത്തിക്കാനിൽ നിന്നു തൽരാജ്യപ്രതിനിധിയെ തിരികെ വിളിച്ചു. എങ്കിലും 1885-ൽ കത്തോലിക്ക ഭരണം തുടങ്ങിയതോടുകൂടി രാഷ്ട്രീയബന്ധം വീണ്ടും സ്ഥാപിക്കപ്പെട്ടു. ലെയോ മാൎപ്പാപ്പായുടെ കാലത്തു സ്വിറ്റ്സർലണ്ടിലും തിരുസഭയ്ക്കു ചില ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നില്ല. റഷ്യയുമായി ലമ്യപ്പെടുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളും ഒരു വിധം സഫലമായി. തന്റെ തെരിഞ്ഞെടുപ്പിന്റെ അവസരത്തിലും, അലക്സാണ്ടർ ദ്വിതീയന്റെ രജതജൂബിലിവേളയിലും തിരുമേനി അയച്ച സന്ദേശങ്ങൾ ഏറെക്കുറെ ആദരപൂൎവ്വം സ്വീകരിക്കപ്പെട്ടുവെന്നിരുന്നാലും അലക്സാണ്ഡർ ദ്വിതീയന്റെ സ്ഥാനാരോഹണത്തിനുശേഷമേ ചുരുക്കം ചില രൂപതകൾ അനുവദിക്കപ്പെടുകയും കത്തോലിക്കൎക്കെതിരായുള്ള ചില നിയമങ്ങളുടെ ഉഗ്രത അല്പം കുറയ്ക്കപ്പെടുകയും ചെയ്തുള്ളു. അനന്തരം 1894-ൽ ശരിയായുള്ള രാഷ്ട്രീയബന്ധം പുനഃസ്ഥാപിതമായി.

ഇനി ആംഗലയഭാഷ സംസാരിക്കുന്ന രാജ്യങ്ങളെപ്പററി പറയുന്നതായാൽ 1879-ൽ ഹെൻറി ന്യൂമാനെ കൎദ്ദിനാൾ സ്ഥാനത്തേക്കുയൎത്തിയതും 1886-ൽ അൻപതു ഇംഗ്ലീഷു രക്തസാക്ഷികളെ ഭാഗ്യവാന്മാരെന്നു നാമകരണം ചെയ്തതും, 1891-ൽ ഇംഗ്ലണ്ടിന്റെ അപ്പസ്തോലനായ വി. ഗ്രീഗോറിയോസു മാർപ്പാപ്പായുടെ 13-ാമത്തെ ശതാബ്ദപൂൎത്തി ആഘോഷിച്ചതും തദ്ദേശവാസികളോടു അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ സ്നേഹത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. പ്രോട്ടസ്റ്റന്റുകാരെ വരെയും പ്രത്യേകിച്ചു ഹൈച്ചർച്ചുകാരെ കത്തോലിക്കാ ഐക്യത്തിലേക്കു് ചേൎക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും അതിനു

തന്നാൽ കഴിയുന്ന എന്തു അനുകൂല്യമെങ്കിലും ചെയ്യുന്നതിനുള്ള സന്നദ്ധതയും കത്തോലിക്കർക്കുപോലും നല്ലവണ്ണം ബോധപ്പെട്ടിരുന്നു. അതിനാൽ ഹാലിഫാക്സ് പ്രഭുവും അദ്ദേഹത്തെപ്പോലെ പുനരൈക്യം കാംക്ഷിച്ചിരുന്ന മററു പലരും കൂടി തങ്ങളുടെ സഭാപ്രവേശനത്തിനു വിഘാതമായിരുന്ന ചില തടസ്സങ്ങളെ നീക്കിക്കൊടുക്കേണമെന്നു മാർപ്പാപ്പായോടു അപേക്ഷിച്ച കൂട്ടത്തിൽ പ്രധാനമായി പണ്ടേതന്നെ കത്തോലിക്കർ വിസമ്മതിച്ചു പോന്നിരുന്ന ആംഗലേയ പൗരോഹിത്യത്തിന്റെ സാധുതയെപ്പററി ഒരിക്കൽക്കൂടി പരിശോധന നടത്തി തീർമ്മാനം ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചു. വിശ്വാസതത്വങ്ങളെ സംബന്ധിക്കുന്ന ഏററവും ഗൗരവമായ ഈ സംഗതിയിൽ തനിക്കു എത്രതന്നെ നന്മനസ്സുണ്ടെങ്കിലും യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്നതിനു പരിശുദ്ധപിതാവു ശക്തനായിരുന്നില്ല. എങ്കിലും അവരുടെ ആഗ്രഹാനുസരണം വീണ്ടും പരിശോധന നടത്തുന്നതിനു അനുവദിച്ചു. അതിനായി മെരിദൽവാൽ, ഗാസ്പാറി, ഗാസ്ക്കെ, വീവെസ്, പ്രസിദ്ധ വേദശാസ്ത്രജ്ഞന്മാരായ കാനൻ മോയസ്, സ്കാന്നൽ, പ്രം.സിസ്കോസു സഭാംഗമായ ഫാദർ ഡേവിഡ് ഫ്ളെമിങ്ങ്, ഈശോസഭക്കാരനായ ഫാദർ ഡി അഗസ്ററീനിസ് മുതലായ വിദ്വൽശിരോമണികൾ അടങ്ങിയ ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്തു. ഈ മഹാന്മാരുടെ ഏററവും നിഷ്കർഷമായ അന്വേഷണങ്ങളുടേയും പരിശോധനകളുടേയും ഫലം ഹാലിഫ്ക്സ് കക്ഷികൾക്കു ഒരുവിധത്തിലും അനുകൂലമായിരുന്നില്ല. അവരെ കഴിയുന്നതും ആദരിക്കണമെന്നു കാംക്ഷിച്ചിരുന്ന മാർപ്പാപ്പായിക്കും കമ്മീഷന്റെ തീരുമാനം നിരാശക്കിടയായി. എങ്കിലും സത്യത്തോടു മറുത്തു യാതൊന്നും ചെയ്‌വാൻ നിവൃത്തിയില്ലാത്തതിനാൽ വൈമുഖ്യത്തോടുകൂടിയെങ്കിലും 1896 സെപ്ററംബർ 13_ാംനു പ്രസിദ്ധം ചെയ്ത ഒരു ഡിക്രിയിൽ ആംഗലേയ പ്രോട്ടസ്റെറന്റു വൈദികരുടെ പട്ടം അസാധുവാണെന്നു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു.

1878_ൽ സ്കോട്ടലണ്ടിലെ ഹൈയറാക്കി പുനഃസ്ഥാപിക്കുകയും 1895_ൽ അവിടത്തെ ജനങ്ങൾക്കു ഹൃദയസ്പർശകമായ ഒരു ലേഖനം അയയ്ക്കുകയും ചെയ്തു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു ഹൈയറാക്കി ഏർപ്പെടുത്തി ഡലഗാദിനെ നിശ്ചയിക്കുകയും തന്റെ ഒരു തിരുവെഴുത്തിൽ പ്രകടമായി പ്രസ്താവിച്ചിരുന്നതുപോലെ ഭാരതത്തിന്റെ രക്ഷ

അവളുടെ സന്താനങ്ങളിൽ നിന്നുതന്നേ വരേണ്ടതാണെന്നുള്ള ബോധത്തോടുകൂടി സ്വദേശീയ വൈദികരുടെ സംഖ്യയും കാൎയ്യക്ഷമതയും വൎദ്ധിപ്പിക്കുന്നതിനായി കാണ്ടിയിൽ ഒരു അപ്പസ്തോലിക സെമിനാരി സ്ഥാപിക്കുകയും ചെയ്തതിനു പുറമേ ദീർഘനാളായി പോർട്ടുഗീസുകാരും ഇതര ദേശീയരും തമ്മിൽ സഭാ ഭരണസംബന്ധമായി നടന്നിരുന്ന തൎക്കങ്ങളെ രമ്യമായി അവസാനിപ്പിക്കുകൂടി ചെയ്തു. ഇദ്ദേഹം തന്നെ കേരളീയ സുറിയാനിക്കത്തോലിക്കൎക്കു മൂന്നു സ്വജാതീയ മെത്രാന്മാരെ അനുവദിച്ചുകൊടുത്തുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്. 1882_ൽ ഡബ്ളിൻ മെത്രാപ്പോലീത്തയായിരുന്ന മക്കാബെദയ കർദ്ദിനാറം പദത്തിലേക്കു ഉയൎത്തിക്കൊണ്ടും രാഷ്ട്രീയ കാൎയ്യങ്ങളിൽ തങ്ങറം സ്വീകരിക്കേണ്ട നയത്തെ അനേക ലേഖനങ്ങളാൽ ഐറിഷുകാരെ ഉൽബോധിപ്പിച്ചുകൊണ്ടും അവരോടു തനിക്കുള്ള പൈതൃക വാത്സല്യത്തെ മാൎപ്പാപ്പാ പ്രദർശിപ്പിച്ചു.

ഇക്കൂട്ടത്തിൽ അമേരിക്കയിലേക്കും തന്റെ ദയാദൃഷ്ടി പതിക്കാതിരുന്നില്ല. 1884_ൽ ഐക്യനാടുകളിൽ ബാറംടിമൂറിൽ വച്ചു നടന്ന മൂന്നാം പ്രാദേശിക സൂനഹദോസിന്റെ നിശ്ചയങ്ങളെ സ്ഥിരീകരിക്കുകയും 1886_ൽ ആ പട്ടണത്തിലെ മെത്രാപ്പോലീത്തയായിരുന്ന ഗിബൺസിനു കർദ്ദിനാറം സ്ഥാനം നറംകുകയും ചെയ്തു. 1889_ൽ അമേരിക്കയിലെ കത്തോലിക്കാ സൎവ്വകലാശാലയുടെ കപാടോൽഘാടനത്തിൽ സംബന്ധിക്കുന്നതിനും അനന്തരം 1893_ൽ അമേരിക്ക കണ്ടുപിടിച്ചതിന്റെ നാലാം ശതാബ്ദ പൂൎത്തിയാഘോഷം പ്രമാണിച്ചു നടത്തിയ ചിക്കാഗോ പ്രദർശനത്തിൽ ഭാഗഭാക്കാകുന്നതിനുമായി മാൎപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ മോൺസിഞ്ഞോർസത്തോളിയെ അയച്ചു. 1892_ൽ ശാശ്വതമായ ഒരു ഡലഗാദപ്പസ്തോലിക്കാ വാഷിംഗ്ടണിലേക്കു നിയമിതനായി. കൂടാതെ സ്മരത്തവ്യങ്ങളായ പലേ ലേഖനങ്ങളും അവൎക്കു അയച്ചുകൊടുക്കുക ഉണ്ടായി. കാനഡായേ സംബന്ധിച്ചിടത്തോളം 1889_ൽ ഈശോസഭക്കാരുടെ സ്ഥലങ്ങളേപ്പററി ക്യൂബക്കു പ്രദേശവുമായി നടന്ന ഉടമ്പടിയെ സ്ഥിരീകരിക്കുകയും തിരുസഭയ്ക്കു ഹാനികരമായിരുന്ന മാനിട്ടോബാ സ്ക്കൂറം നിയമത്തിന്നെതിരായി തന്റെ നാമത്തിൽ ഗവൺമെന്റുമായി വാദിക്കുന്നതിനു 1897-ൽ മോൺസിഞ്ഞോർ മേരി ദാറംവാളിനെ നിയോഗിച്ചയക്കുകയും ചെയ്തുവെന്നുള്ളതു് സ്മരണീയമാണു്. തെക്കേ അമേരിക്കയിലും അദ്ദേഹത്തിന്റെ നാമം ബഹുമാനാദരപൂൎവ്വം സ്മരിക്കപ്പെടുന്നു. 1888_ൽ

അടിമത്തം നിവൃത്തൽ ചെയ്യുന്നതിനെപ്പററി ബ്രസ്സീലിലെ മെത്രാന്മാക്കയച്ച ലേഖനവും 1899-ൽ റോമയിൽ വച്ചു കൂടിയ ലത്തീൻ അമേരിക്കാ പ്രാദേശിക സൂനഹദോസ്സും അവക്കു വളരെ ഹൃദയസ്പശകങ്ങളായിരുന്നു.

വത്തിക്കാനുമായി 1886_ൽ പോർട്ടുഗൽ, മോണ്ടനിഗ്രോ എന്നീ രാജ്യങ്ങളും 1887_ൽ കൊളംബിയായും കോൺഗ്രദാത്തു് ഉടമ്പടി നടത്തി.

ഇററലിയുടെ കായ്യത്തിൽ അദ്ദേഹം തന്റെ മുൻഗാമിയുടെ നയം സ്വീകരിച്ചുകൊണ്ടു പരിശുദ്ധ സിംഹാസനത്തിനുണ്ടായിരിക്കേണ്ട പൂണ്ണ സ്വാതന്ത്ര്യത്തെപ്പററി വാദിക്കുകയും അതിന്റെ ലബ്ധിയെ ത്വരിതപ്പെടുത്തുന്നതിനായി കഴിയുന്നത്ര ശ്രമിക്കുകയും ചെയ്തു. തൽഫലമായി മാർപ്പാപ്പായുടെ ന്യായമായ അവകാശങ്ങളെ വേണ്ടവിധം ആദരിച്ചുകൊണ്ടു് ഒരു ഉടമ്പടി ഉടനേതന്നെ ചെയ്യുന്നതിനു ഹംബർട്ടു രാജാവു സമ്മതിച്ചു. എന്നാൽ ഒരു സാമാന്യപൌരനെക്കാൾ കൂടുതലായ എന്തെങ്കിലും സ്വാതന്ത്ര്യം കത്തോലിക്കാ സഭാദ്ധ്യക്ഷനു സമ്മതിച്ചുകൊടുക്കുന്ന ഏതു് ഉടമ്പടിയേയും എന്തു് അക്രമമെങ്കിലും പ്രവത്തിച്ചു തടയുന്നതിനു സന്നദ്ധരായിരുന്ന ബദ്ധവൈരികളിൽ ഒരാളാൽ ആ രാജോത്തമൻ 1900_ാമാണ്ടു ജൂലൈ 29_ാംനു- വധിക്കപ്പെട്ടുപോയതിനാൽ ഉദ്ദിഷ്ടകായ്യം സാധിച്ചില്ല. ഇററലിക്കായ്യം ഇങ്ങനെ അനാശാസ്യമായി പരിണമിച്ചെങ്കിലും പൊതുവേ ലോകത്തിലെ മഹച്ഛക്തികൾ എല്ലാവരുമായി ഏറെക്കുറെ സമാധാനപരമായ ഒരു മൈത്രീബന്ധം പുനഃസ്ഥാപിക്കുന്നതിനു ലെയോമാർപ്പാപ്പായിക്കു സാധിച്ചുവെന്നു മുൻപ്രസ്താവിച്ചവയിൽനിന്നു വിശദമാകുന്നുണ്ടല്ലോ

എന്നാൽ സഭയുടെ ബാഹ്യാഭിവൃദ്ധിക്കെന്നപോലെതന്നെ അഭ്യന്തരോന്നതിക്കായും അവിടുന്നു അശ്രാന്തപരിശ്രമം ചെയ്തു. വിശ്വാസികളുടെ ഭക്തിയെ വദ്ധിപ്പിക്കുന്നതിനായി 1882_ൽ ഫ്രാൻസിസ്ക്കോസ്സ് മൂന്നാം സഭയിൽ ചേരുന്നതിനു എല്ലാവരേയും ഉപദേശിക്കുകയും അടുത്ത കൊല്ലം ഈ സഭയുടെ നിയമാവലിയിൽ കാലാനുസൃതമായ ചില പരിഷ്ക്കാരങ്ങൾ വരുത്തുകയും ചെയ്തതിനു പുറമേ, തിരുകുടുംബത്തിന്റെ തിരുനാൾ ഏർപ്പെടുത്തുകയും തൽസംബന്ധമായി സഖ്യങ്ങൾ എല്ലാ സ്ഥലങ്ങളിലും സ്ഥാപിതമാകുന്നതിനുള്ള തന്റെ ആഗ്രഹത്തെ പ്രദർശിപ്പിക്കുകയും ചെയ്തു കൂടാതെ ജപമാലഭക്തിയെപ്പററി പ്രതിവർ

ഷം തുടരെത്തുടരെ അനേകം ലേഖനങ്ങൾ എഴുതിക്കൊണ്ടും കുർബാനയ്ക്കു ശേഷം എല്ലാ വൈദികരും ജനങ്ങളോടുകൂടി മൂന്നു നന്മനിറഞ്ഞമറിയം എന്ന നമസ്ക്കാരവും ഒരു 'രാജകന്യക'യും ചൊല്ലുന്നതിനു കല്പിച്ചുകൊണ്ടും പരിശുദ്ധ കന്യകയുടെ നേരെ തനിക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും ലക്ഷ്യപ്പെടുത്തി. ജപമാലക്കു ശേഷം ഇപ്പോൾ സാധാരണ പ്രാർത്ഥിച്ചുവരുന്ന വി. യൗസേപ്പിനോടുള്ള മദ്ധ്യസ്ഥാപേക്ഷയും ഇദ്ദേഹം തന്നെ വിരചിച്ചിട്ടുള്ളതാണ്. മാത്രമല്ല 1899 ജൂൺമാസം 11-ാംനു കത്തോലിക്കാസഭയെ മുഴുവനായി ഈശോയുടെ പരിശുദ്ധ ഹൃദയത്തിനു പ്രതിഷ്ഠിച്ചുവെന്നുള്ളതും പ്രത്യേകം എടുത്തുപറയേണ്ടതു തന്നെ.

വിശ്വാസികളുടെ പൊതുവെയുള്ള പുണ്യാഭിവൃദ്ധിക്കെന്നപോലെ തന്നെ ഓരോ പ്രത്യേക സന്യാസസഭകളുടെ കാര്യത്തിലും തിരുമനസ്സിലെ ശ്രദ്ധ പതിയാതിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു് പല പുതിയ സഭകൾ സ്ഥാപിതങ്ങളാവുകയും മുൻപുണ്ടായിരുന്നവതന്നെ ഒരു നൂതനചൈതന്യം പ്രാപിക്കയും ചെയ്തതിനാൽ ചില രാജ്യങ്ങളിൽ ഈ സ്ഥാപനങ്ങളോടു ചെയ്ത അതിക്രമങ്ങളാൽ തിരുസഭയ്ക്കുണ്ടായ നഷ്ടം ചുരുങ്ങിയ കാലംകൊണ്ടു് പരിഹരിക്കപ്പെട്ടു. മതപരവും വിദ്യാഭ്യാസസംബന്ധവുമായ എല്ലാ തുറകളിലും സന്യാസികളുടെ പരിശ്രമം ലോകമൊട്ടുക്കു ക്രിസ്തീയ ജീവിതോദ്ധാരണത്തിനു അസാമാന്യമായ വിധം പര്യാപ്തമായിട്ടുണ്ടു്. പ്രസ്തുത സന്യാസസമൂഹങ്ങളുടെ കൂടുതൽ കാര്യക്ഷമമായ ഭരണത്തിനായി ചില പുതിയ നിയമങ്ങൾ ഏർപ്പെടുത്തുകയും പഴയവയെ നവീകരിക്കുകയും ചെയ്തതുകൂടാതെ വളരെക്കാലമായി വളരെ ഉപശാഖകളായി പിരിഞ്ഞുപോയിരുന്ന ഫ്രാൻസിസ്ക്കൻ സഭയിലും സിസ്റ്റേർഷ്യൻ സഭയിലും വീണ്ടും ഏകീകരണം ഉണ്ടാക്കി അവയുടെ ശക്തിയെ പൂർവ്വാധികം വർദ്ധിപ്പിക്കയും ചെയ്തു. വല്ല കാരണവശാലും സന്യാസജീവിതം ഉപേക്ഷിച്ചു് ആശ്രമങ്ങളിൽ നിന്നു പിരിഞ്ഞുപോകുന്നവരെ ഉദ്ദേശിച്ചും ചില നിയമങ്ങളെല്ലാം രൂപവൽക്കരിച്ചിട്ടുണ്ടു്.

ഇതോടുകൂടി വിശ്വാസപ്രചരണത്തിലും സഭയുടെ ആന്തരികഭരണ വിഷയത്തിലും ലെയോമാർപ്പാപ്പായുടെ കാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധിയും ഒട്ടും ചില്ലറയല്ല. അദ്ദേഹം ലോകത്തിന്റെ നാനാഭാഗങ്ങളിലായി രൂപതകളും അതിരൂപതകളും ആയി 248-ം വികാരിയാത്തുകളും

പ്രീപ്രെക്ച്ചർ അപ്പസ്തോലിക്കകളുമായി 48_ം പുതിയ സ്ഥാപനങ്ങാം ഏൎപ്പെട്ടുത്തി. പൌരസ്ത്യകത്തോലിക്കരോട്ട അവിടത്തേക്ക ഉണ്ടായിരുന്ന വാത്സല്യം ഒന്നു പ്രത്യേകമായിരുന്നു. അൎമ്മേനിയൻ വിദ്യാൎത്ഥികഠംക്കായി 1884_ൽ റോമയിൽ ഒരു കോളജ്ജും, വത്തേനിയക്കായി മറെറാന്നും കൽദായക്കാൎക്കവേണ്ടി മോസ്സലിൽ ദുമ്മനീക്കോസു സഭക്കാരുടെ അധിനത്തിൽ ഒരു സെമ്മിനാരിയും സ്ഥാപിച്ചു. 1878_ൽ അദ്ദേഹത്തിൻെറ സ്ഥാനാരോഹണം പ്രമാണിച്ച് കേരളിയകമ്മലീത്താ സഭയിൽ നിന്നു് അയച്ചുകൊടുത്ത ഒരു മംഗലപത്രത്തിനു മറുപടിയായി പ്രസ്തുത വത്സരം ജൂൺ 5_ാം തീയതി മാൎപ്പാപ്പാ തൃക്കൈ വിളയാടിതൂല്യം ചാൎത്തി പോരൂക്കര പ്രിയോരച്ചൻെറപേൎക്ക അയച്ച ഒരു തിരുലിഖിതത്തിൽ ടി സഭയുടെമേലും സുറിയാനി ജനം ഒക്കെയുടെമേലും തനിക്കുള്ള സ്നേഹവാത്സല്യങ്ങളെപ്പററി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടെന്നുള്ള വിവരം ഇവിടെ സ്മൎത്തവ്യമാണ്. ഇതുകഠംക്ക പുറമെ 1897_ൽ പൌരസ്ത്യ ശീശ്മക്കാരെല്ലാവരേയും സത്യസഭയുടെ ഐക്യത്തിലേക്ക ക്ഷണിക്കുമാറ് ഒരു പൈതൃകലേഖനം അവൎക്ക അയയ്ക്കുക ഉണ്ടായി. പല റീത്തുകാർ കലൎന്നു് വസിക്കുന്ന സ്ഥലങ്ങളിലെ ഭരണരീതിയെ വ്യവസ്ഥാപിക്കുന്ന ചില നിയമങ്ങളും അദ്ദേഹം ഏൎപ്പെട്ടുത്തി. ഈജിപ്പിലെ കോപ്റ്ററിക്കകാരുടെ പുനരൈക്യത്തിനുള്ള ശ്രമവും ഊൎജ്ജസ്വലമായി നടത്തിക്കൊണ്ടിരുന്നു. രാഷ്ട്രീയവും, ആദ്ധ്യാത്മീകവും, വിശ്വാസപ്രചാരകവുമായ ഏവംവിധ പരിശ്രമങ്ങളോടുകൂടിത്തന്നെ വൈദീക ശാസ്ത്രാഭ്യസന വിഷയത്തിലും അദ്ദേഹം വരുത്തിയിട്ടുള്ള പരിഷ്കാരങ്ങഠം വളരെയാണ്. തത്വശാസ്ത്രത്തേയും വേദാന്തത്തേയും സംബന്ധിച്ചിടത്തോളം വി. തോമ്മാ മല്പാൻെറ ബോധനങ്ങളെ പിഞ്ചെല്ലണമെന്നുപദേശിച്ചു. ലത്തീൻ ഗ്രീക്കു, ഇററാല്യൻ, ഈ ഭാഷകളുടെ ഉന്നത സാഹിത്യാഭ്യസനത്തിനായി റോമായിൽ ഒരു കോളജ്ജ സ്ഥാപിച്ചു. അദ്ദേഹത്തിൻെറ ആഗ്രഹാനുസരണം ആ പട്ടണത്തിൽ തന്നെ ഒരു ബൊഹിമിയൻ കലാശാലയും സ്ഥാപിതമായി. റോമൻ കമ്പാഞ്ഞായിൽപെട്ട എല്ലാ രൂപതകളേയും ഉദ്ദേശിച്ചു അനാഞ്ഞിയിൽ ഒരു സൎവകലാശാല ഏൎപ്പെട്ടുത്തി ഈശോസഭക്കാരുടെ ഭരണത്തിനായി വിട്ടുകൊടുത്തു. വത്തിക്കാൻ രേഖാസഞ്ചയത്തെ (archives) പൊതുജനോപകാരാൎത്ഥം തുറന്നുകൊടുക്കുകയും സത്യാന്വേഷികളുടെ ഉപയോഗത്തിനായി ബ്രഹ്മാണ്ഡമായ ഒരു ഗ്രന്ഥശാല അതിനോടു സംഘടിപ്പിക്കുകയും ചെയ്യുതിൽ യഥാൎത്ഥ ചരി

ത്സഹികൾ അദ്ദേഹത്തോടു വളരെ കടപ്പെട്ടിട്ടുണ്ട്. ഈ റിക്കാർട്ടു ശേഖരത്തെ ലോകസമക്ഷം അവതരിപ്പിച്ച അവസരത്തിൽ (1883) അയച്ച ഒരു തിരുവെഴുത്തിൽ ചരിത്രപഠനത്തിന്റെ മാഹാത്മ്യത്തെപ്പററി പ്രതിപാദിക്കയും സത്യചരിത്രത്തിൽ നിന്നു സഭയ്ക്കു യാതൊന്നും ഭയപ്പെടാനില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി അനേക പ്രശസ്ത പണ്ഡിതന്മാരെ റോമയിലേക്കു ക്ഷണിച്ചു വരുത്തുക ഉണ്ടായി. ലയോ മാർപ്പാപ്പായുടെ നാമധേയത്തെ സർവ്വത്ര പ്രകീർത്തിക്കുന്ന വേറൊരു സ്ഥാപനം വത്തിക്കാൻ നക്ഷത്രബംഗ്ലാവാണ്. വിശിഷ്യ സാക്ഷാൽ ദൈവവചനമായ വേദപുസ്തകം മനുഷ്യനിർമ്മിതമായ വെറും പുരാണമൊ കെട്ടുകഥയൊ മാത്രമാണെന്നു ജനങ്ങളെ ധരിപ്പിക്കുന്നതിനായി മതവിരോധികൾ നൽകുന്ന ദുർവ്യാഖ്യാനങ്ങളോടു എതൃത്തു വി. ഗ്രന്ഥങ്ങളെ പരിപാവനമായി സംരക്ഷിക്കുന്നതിനും കാലാനുസൃതമായി അതിനെ വ്യാഖ്യാനിച്ചു തൽസംബന്ധമായി പൊതുജനങ്ങൾക്കുണ്ടായേക്കാമെന്നു സംശയങ്ങളെ നിവാരണം ചെയ്യുന്നതിനും മററുമായി 1903-ൽ തിരുമേനി ഒരു ബിബ്ളിക്കൽ കമ്മിഷനെ ഏല്പെടുത്തി. വേദപുസ്തകപാരായണത്തെയും പഠനത്തെയും പരാമർശിച്ചു 1893-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനം അകത്തോലിക്കരുടെപോലും ശ്ലാഘതയെ അർഹിച്ചിട്ടുണ്ട്.

ശാസ്ത്രാഭ്യസനവിഷയത്തിൽ നൽകിയ ഈ പ്രോത്സാഹനങ്ങളോടു കൂടിത്തന്നെ ആധുനീക ലോകത്തിൽ കടന്നുകൂടിയിട്ടുള്ള അബദ്ധാഭിപ്രായങ്ങളാൽ തന്റെ ഭരണത്തിലുൾപ്പെട്ട അജഗണം വഞ്ചിക്കപ്പെട്ടു പോകാതിരിക്കുന്നതിനു അദ്ദേഹം വളരെ സൂക്ഷിച്ചിരുന്നു. കാൻറിന്റെ തത്വശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കെതിരായി 1895-ൽ ഫ്രഞ്ചുവൈദികർക്കയച്ച ഒരു ലേഖനവും "അമേരിക്കനിസം" എന്ന പേരിൽ അറിയപ്പെടുന്ന ചില നൂതനാഭിപ്രായങ്ങളെ ഖണ്ഡിച്ചുകൊണ്ടു കർദ്ദിനാൾ ഗിബൺസിനയച്ച തിരുവെഴുത്തും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്.

എന്നാൽ ഓരോ പ്രത്യേകാവശ്യാർത്ഥം ഓരോ പ്രത്യേക രാജ്യക്കാർക്കെഴുതിയ ലേഖനങ്ങൾക്കു പുറമെ ഇപ്പോൾ സമുദായത്തിൽ സ്ഥലം പിടിച്ചുവരുന്ന അനവധി തിന്മകളെ നിവാരണം ചെയ്യുന്നതിനും പ്രസ്തുത സംഗതികളിൽ കത്തോലിക്കർ തന്നെയല്ല നരകുലം മുഴുവൻ തന്നെ

ഏതു പ്രവൃത്തിപദ്ധതിയെയാണു് സ്വീകരിക്കേണ്ടതെന്നു ചൂണ്ടിക്കാണിക്കുന്നതിനുമായി എല്ലാ ജാതിമതസ്ഥരേയും ഉദ്ദേശിച്ചു അവിടുന്നു പ്രസിദ്ധം ചെയ്തിട്ടുള്ള തിരുവെഴുത്തുകൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. വിവാഹബന്ധം, രാഷ്ട്രീയാധികാരത്തിന്റെ ഉത്ഭവവും സ്വഭാവവും, 'സോഷ്യലിസ' ത്തിന്റെയും കിണ്ടാരവാദത്തിന്റെയും ദോഷങ്ങൾ, തൊഴിലാളികളും മുതലാളികളും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം, മുതലായ ഗുരുതരങ്ങളായ വിഷയങ്ങളെ പരാമർശിച്ചുള്ള ഈ ലേഖനങ്ങൾ ഭാഷാസാരസ്യത്തിൽ സിസേറായുടെ കൃതികളോടു കിടപിടിക്കുന്നവയെന്നു തന്നെയല്ല ആശയഗാംഭീര്യത്തിലും യുക്തിയുക്തമായ ന്യായവാദത്തിലും, അനന്യസാധാരണമായ ഒരു ഉന്നതസ്ഥാനത്തെ അർഹിക്കുന്നവയുമാണു്. അവ പല സഹൃദയന്മാൎക്കു് മാർഗ്ഗദർശകമായിത്തീർന്നിട്ടുണ്ടെന്നും തന്മൂലം ലോകത്തിനു പൊതുവേ വളരെ നന്മയുണ്ടായിട്ടുണ്ടെന്നു ഉള്ള വസ്തുത ആശാസപ്രദം തന്നെ. ഇററലിയിലും മററു പല രാജ്യങ്ങളിലും കാര്യക്ഷമതയോടുകൂടി നടത്തി വരുന്ന കത്തോലിക്കാ പ്രവൎത്തന സമതികളുടെ ഉത്ഭവത്തിനും ശരിയായ നിർവഹണത്തിനും പരിശുദ്ധ പിതാവിന്റെ ആദർശങ്ങൾ കാരണമായിട്ടുണ്ടു്.

ഇപ്രകാരം തിരുസഭയുടെ മാത്രമല്ലാ, ലോകം മുഴുവന്റെയും ഐഹികവും പാരത്രികവുമായ നന്മയ്ക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടു 13 ാം ലെയോ മാർപ്പാപ്പാ നടത്തിയ ഇരുപത്തഞ്ചു കൊല്ലത്തെ ഭരണം സർവപ്രകാരേണയും വിജയകരമായിരുന്നെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പൊതുവെ ലോകത്തിൽ അന്നുണ്ടായിരുന്ന സമാധാനവും, വൈദികരോടു അകാരണമായും അക്രമമായും എതിൎക്കുന്നതിന്റെ അനാശാസ്യതയേയും, അർത്ഥമില്ലായ്മയേയും പററി പല രാജ്യതന്ത്രജ്ഞന്മാൎക്കും ഉണ്ടായിത്തുടങ്ങിയിരുന്ന അഭിപ്രായവും സമുദായത്തെ പാടേ മറിക്കുന്ന പ്രസ്ഥാനങ്ങളെ അവതരിപ്പിക്കുന്നതിനു പലൎക്കും ഉണ്ടായിരുന്ന വൈമുഖ്യവും മാർപ്പാപ്പായുടെ ഭരണം മംഗളകരമാക്കുന്നതിനു സഹായിച്ചു എന്നുള്ളതു ശരിയാണു്. എങ്കിലും പ്രസ്തുത അനുകൂല സാഹചര്യങ്ങളെ വേണ്ടവണ്ണം ഉപകരിപ്പിക്കുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യ സാമത്ഥ്യത്തിന്റെ ഫലമായിട്ടാണു് ഇത്ര വളരെ സംഗതികൾ ചെയ്യുന്നതിനു സാധിച്ചതെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

ഈ വസ്തുതയെ നല്ലവണ്ണം ഗ്രഹിച്ചിരുന്ന ലോകം മുഴുവനും അദ്ദേഹത്തെ ഒരു മഹാപുരുഷനായി ബഹുമാനിച്ചാദരിച്ചു. തന്റെ തിരു

പ്പട്ടത്തിന്റെയും, മെത്രാഭിഷേകത്തിന്റെയും സ്വൎണ്ണജൂബിലികളിലും മാർപ്പാപ്പാ സ്ഥാനാരോഹണത്തിന്റെ രജതജൂബിലിയുടെ അവസരത്തിലും സകല ജാതി ജനങ്ങളിൽനിന്നും തിരുമേനിക്ക് ലഭിച്ച നിരവധി അനുമോദനങ്ങൾ ഇതിനു സവിശേഷം സാക്ഷ്യം വഹിക്കുന്നുണ്ട്. എപ്പോഴെങ്കിലും വത്തിക്കാൻ സന്ദർശനശാലകളിൽവച്ചോ, വിശുദ്ധ പത്രോസിന്റെ ഭദ്രാസന ദേവാലയത്തിൽവെച്ചോ അദ്ദേഹത്തെ ദർശിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിരുന്നപ്പോൾ പൊതുജനങ്ങൾ പ്രദർശിപ്പിച്ചിരുന്ന ഉന്മേഷവും ആഹ്ലാദവും ആ തിരുമേനിയുടെ നേരെ അവൎക്കുണ്ടായിരുന്ന അകൈതവമായ സ്നേഹബഹുമാനാദികളെത്തന്നെയല്ലയോ വിളിച്ചറിയിക്കുന്നത്! എന്നാൽ വെറും സാധാരണ ജനങ്ങൾ മാത്രമല്ല മഹാന്മാരായ രാജാക്കന്മാരും ചക്രവൎത്തികളും പോലും ഈ പിതാവിന്റെ പ്രീതിയെ കാൎയ്യമായി ഗണിച്ചിരുന്നു. തുൎക്കി സുൽത്താൻ, പേർഷ്യായിലെ ഷാ, ജപ്പാനിലെയും ചൈനയിലെയും ചക്രവൎത്തിമാർ, അബ്സീനിയായിലെ നീഗസ് മുതലായ പല മഹത്തുക്കളും അദ്ദേഹത്തിനു രാജോചിതമായ സമ്മാനങ്ങൾ അയച്ചുകൊടുക്കുകയും പകരം അദ്ദേഹത്തിൽനിന്നു പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തു. വിശിഷ്യ ജൎമ്മൻ ചക്രവൎത്തിയായിരുന്ന കൈസർ വില്യം ദ്വിതീയന്റെ പിതാവു ഒരു പ്രാവശ്യവും, വില്യംതന്നെ മൂന്നു പ്രാവശ്യവും, ഇംഗ്ലീഷു ചക്രവൎത്തിയായ എഡ്‌വേർഡ് സപ്തമൻ ഒരു പ്രാവശ്യവും വത്തിക്കാനിൽ വന്നു മാർപ്പാപ്പായെ സന്ദർശിച്ചുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ലോകത്തിനു ഒരു വിസ്മയവിഷയമാകത്തക്കവണ്ണം അത്രയധികം മഹൽകാൎയ്യങ്ങൾ നിൎവഹിച്ച ലെയോമാർപ്പാപ്പായുടെ ആരോഗ്യസ്ഥിതി വലിയ ആശാസ്യമല്ലായിരുന്നെന്നും ആഹാരവിഹാരാദികളിലും മററു ദിനചൎയ്യകളിലും അനുഷ്ഠിച്ച മിതത്വവും കൃത്യനിഷ്ഠയും കൊണ്ടു മാത്രമാണ് തന്റെ ജീവിതത്തെ ഇത്ര ദീൎഘിപ്പിക്കുന്നതിനു സാധിച്ചതെന്നും പലരും ധരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഇടവിടാതെ മിക്കപ്പോഴും വിശ്രമരഹിതനായി അദ്ധ്വാനിച്ചുകൊണ്ടിരുന്ന തിരുമേനി ഇരുപതാം നൂററാണ്ടിലേക്കു പ്രവേശിച്ചപ്പോഴേയ്ക്കു ശരീരശക്തിയെല്ലാം ക്ഷയിച്ചു വരുന്നതായി അനുഭവപ്പെട്ടു തുടങ്ങി. തന്റെ ജീവിതത്തിലെ അവസാനവത്സരം അതായതു 1903_ൽ സന്ദർശകന്മാരുടെ ഹൃദയാന്തർഭാഗം വരെ ചുഴന്നുകയറിയിരുന്നുവെന്നു തോന്നുമാറുള്ള അവിടുത്തെ നേത്രങ്ങൾ മാത്രമാണ് പ്രകൃത്യകൃശവും വാൎദ്ധക്യത്താൽ വെളു

ത്തു് ഒരു മാർബിൾപ്രതിമപോലെ വിവൎണ്ണരൂപമായിത്തീൎന്ന ശരീരത്തിനു ചൈതന്യം കൊടുത്തിരുന്നതു്, ഇങ്ങനെയിരിക്കെ ജൂൺമാസത്തിൽ മാർപ്പാപ്പാ പനി ബാധിച്ചു് രോഗശയ്യയെ അവലംബിച്ചെന്നുള്ള വാൎത്ത ലോകമെങ്ങും പരന്നു. ഈ അസ്വാസ്ഥ്യം വൎദ്ധിച്ചു് 1903-ജൂലൈ 20-ാം തിയതി തന്റെ 94-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളാൽ ശക്തിപ്പെടുത്തപ്പെട്ട ഭക്തിപുരസ്സരം, തന്റെ സ്നേഹഭാജനങ്ങളായ വത്തിക്കാൻ അരമനവാസികളുടെ പ്രാൎത്ഥനാമദ്ധ്യേ അഖിലലോകവന്ദ്യനായ ഈ പാപ്പാ നിത്യസമ്മാനപ്രാപ്തിക്കായി തന്റെ സ്രഷ്ടാവിൻ പക്കലേക്കു യാത്രയായി.

---

# ൧൦-ാം പീയൂസ് മാർപ്പാപ്പാ

---

1903-ജൂലായി 20-ാം തീയതി പരേതനായ പരിശുദ്ധ പിതാവു് 13-ാം ലെയോൻ മാൎപ്പാപ്പായുടെ അഃത മഹാശയനും കുശാഗ്രബുദ്ധിയും, പുണ്യശ്ലോകനും ഭരണതന്ത്രജ്ഞനും ആയി തിരുസഭയെ എന്നല്ല അഖിലാണ്ഡം മുഴുവനേയും സൂൎയ്യസമാനം പ്രകാശിപ്പിച്ചുകൊണ്ടിരുന്ന ആ മഹാ പിതാവിന്റെ അസ്തമനത്തിങ്കൽ പത്രോസിന്റെ സിംഹാസനം തത്തുല്യമായ പ്രഭയോടുകൂടി അലങ്കരിച്ചുവാഴുവാൻ ഇരിക്കുന്ന ആ ദിവ്യപുരുഷൻ ആരായിരിക്കും എന്നു് സൎവലോകവും സോൽകണ്ഠം പ്രതീക്ഷിച്ചുകൊണ്ടിരിക്കവേ 1903 ആഗസ്റ്റ് 4-ാം തീയതി സുപ്രഭാതകാലത്തു് കൎദ്ദിനാൾ സംഘം അവസാനമായി സമ്മേളിച്ച അവസരത്തിൽ ഒരു കൃഷിക്കാരന്റെ മകനും വെനീസു് പാത്രിയൎക്കീസുമായിരുന്ന കാർഡിനൽ ജോസഫ് സാൎത്തോ പത്രോസിന്റെ പടവിനേ ഭദ്രമായി നയിക്കുന്നതിനുള്ള സകല യോഗ്യതകളോടും കൂടിയ ദിവ്യപുരുഷനായി ദൈവനിശ്ചയപ്രകാരം തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തോടു പരിചയമുള്ള സകലൎക്കും ഈ തെരിഞ്ഞെടുപ്പു് സൎവമംഗള പരിപൂൎണ്ണമായ ഒരു വിജയമായി പരിലസിച്ചിരുന്നുവെങ്കിലും സൎവലോകത്തിനും ഈ അഭിനവ പാപ്പായുടെ ഭരണനൈപുണ്യത്തെപ്പറ്റി അനല്പമായ ആശങ്ക ഉണ്ടാകാതിരുന്നില്ല. എങ്കിലും സംഭവംകൊണ്ടു് ഇദ്ദേഹത്തിന്റെ ഭരണം സകല പ്രതീക്ഷയേയും കവിഞ്ഞ പ്രതാപാനുകൂല്യത്തോടുകൂടിയതായിരുന്നുവെന്നു മാത്രമല്ല പാപ്പാചരിത്രത്തിൽ സ

വ്വപ്രകാരേണയും അഗ്രഗണ്യരായി മതിക്കപ്പെടുന്നവരിൽ കേവലം അദ്വിതീയമായ ഒരു സ്ഥാനം 10-ാം പീയൂസ് അർഹിക്കുന്നുണ്ടെന്നുള്ളതിന് രണ്ടുപക്ഷമില്ല.

തിരുസിംഹാസനാരോഹണം ചെയ്ത ഉടൻതന്നെ വിശുദ്ധ ശ്ലീഹാ എഫേസൂസ 1-10-ൽ പറയുന്നതുപോലെ "സകലവും മ്ശിഹായിൽ നവീകരിക്ക" എന്നുള്ളതാണ് തന്റെ മുദ്രാവാചകമായി സ്വീകരിച്ചത്. ഈ പരമോദ്ദേശ്യസാദ്ധ്യത്തിനായി ആദ്യം തന്നെ വിശ്വാസികളുടെയിടയിൽ ഭക്തിയെ വർദ്ധമാനമാക്കുന്നതിനുവേണ്ടി 1905 ഡിസംബർ 20-ാം തിയതി സൂനഹദോസിന്റെ സംഘം വഴിയായി ഒരു തിരുവെഴുത്ത് വിളംബരം ചെയ്തുകൊണ്ട് അനുദിനദിവ്യകാരുണ്യസ്വീകരണം ഏതന്തസ്സിൽപെട്ടവർക്കും സുലഭമാക്കിത്തീർത്തത് എത്ര മഹത്തായതും ഗൌരവമേറിയതുമായ ഒരു നിർണ്ണയമായിരുന്നുവെന്നുള്ളത്, അനേകവത്സരങ്ങളായി ഇതിനെ സംബന്ധിച്ച് വേദശാസ്ത്രികളുടെയിടയിൽ ഉണ്ടായിരുന്ന വാദപ്രതിവാദങ്ങളുടെ ചരിത്രം അല്പമെങ്കിലും അറിഞ്ഞിട്ടുള്ളവർക്കു മാത്രമെ ഗ്രഹിക്കാൻ സാധിക്കയുള്ളു. തദനന്തരം 1910 ആഗസ്റ്റ് 8-ൽ പ്രസിദ്ധപ്പെടുത്തിയ ചക്രികലേഖനം വഴിയായി വിവേചനാശക്തി പ്രാപിച്ച കുട്ടികൾ കഴിയുന്നത്ര ശിശുപ്രായത്തിൽ തന്നെ ആദ്യകുർബാന കൈക്കൊള്ളപ്പാട് സാഘോഷം നടത്തണമെന്ന് സർവ്വലോകത്തെയും ഉൽബോധിപ്പിച്ചു. ദിവ്യകാരുണ്യസംഘങ്ങളും പൂർവ്വാധികം ആഡംബരപൂർവ്വം നടത്തുന്നതിന് അധികതാല്പര്യവും ഉണർവ്വും പ്രദർശിപ്പിക്കുകയും പിന്നീടു നടന്ന സർവ്വരാജ്യദിവ്യകാരുണ്യസംഘങ്ങളിൽ തന്റെ പ്രതിനിധികളായി മഹോന്നത കർദ്ദിനാളന്മാരെ നിയോഗിച്ചുകൊണ്ടു ദിവ്യകാരുണ്യഭക്തിയെ സർവ്വത്ര പ്രചരിപ്പിക്കുന്നതിന് അശ്രാന്തം പരിശ്രമിക്കയും ചെയ്തു. തന്നിമിത്തം ദിവ്യകാരുണ്യപാപ്പാ എന്ന അപരനാമംകൂടി ഇദ്ദേഹത്തിനു സിദ്ധിക്കുകയുണ്ടായി.

ദിവ്യജനനിയുടെ അമലോത്ഭവപ്രസ്താവനത്തിന്റെ സ്വർണ്ണജൂബിലി മഹോത്സവം 1904-ൽ കത്തോലിക്കലോകമൊട്ടുക്കും കൊണ്ടാടുന്നതിനു കളിച്ചുതുള്ളിയ അവസരത്തിൽ മരിയസംഘത്തിന്റെ (മേര്യൻ കോൺഗ്രസ്സ്) ഉൽഘാടനം സംബന്ധിച്ച് വിളംബരം ചെയ്ത തിരുവെഴുത്തിൽ ദൈവജനനിയുടെ നേർക്കുള്ള തന്റെ പുത്രനിർവിശേഷമായ ഭക്തിയാദരവിനെ സവ്യക്തം പ്രകടിപ്പിക്കുകയും തിരുസഭ മുഴുവനേയും ഈ ഭക്തിയിൽ പതിന്മടങ്ങ് മുന്നോട്ടു തള്ളിവിടുകയും ചെയ്യുകയുണ്ടായി.

ഒരു വികാരിയും, ഒരു മെത്രാനും, ഒരു പാത്രിയക്കീസ്സുമെന്ന നിലയിൽ ദേവാലയസംഗീതത്തോടുണ്ടായിരിക്കുന്ന തീവ്രമായ ബഹുമാനവണക്കത്തെ മാർപ്പാപ്പായായശേഷവും അത്യന്തം പരിപോഷിപ്പിക്കയും അതേ സംബന്ധിച്ച് 1905 നവംബർ 22-ൽ പ്രസിദ്ധീകരിച്ച തിരുവെഴുത്തിൽ ലത്തീൻ സഭയിൽ ഗ്രിഗോറിയൻ സംഗീതരീതി സർവ്വത്ര നിഷ്കർഷയായി അനുസരിക്കപ്പെടണമെന്ന് കല്പിച്ചരുളുകയും ചെയ്തു. അനന്തരം ആടുകളേയും കുഞ്ഞാടുകളേയും മേയിക്ക എന്നുള്ള സ്വർഗ്ഗീയ പാലകന്റെ ആജ്ഞയെ ശിരസ്സാ വഹിച്ചുകൊണ്ട 1905 ഏപ്രിൽ 15-ാംനു പുറപ്പെടുവിച്ച സാർവ്വത്രിക ലേഖനംമൂലം കുട്ടികളുടെയും പ്രായപൂർത്തി വന്നവരുടെയും വേദോപദേശം സംബന്ധിച്ച് ഊർജ്ജസ്വലമായ നിർദ്ദേശങ്ങൾ ചെയ്യുകയും ഉയന്നതരം പാഠശാലകളിലും സർവ്വകലാലയങ്ങളിലുംകൂടി നിശ്ചിതസമയങ്ങളിൽ വേദപഠനം നിർവിഘ്നം നടത്തണമെന്ന് നിർബന്ധിക്കുകയും ചെയ്തു. റോമാരൂപതയിലെ ഉപയോഗത്തിലേക്കായി ഒരു വേദോപദേശം സ്വന്ത ആശയം അനുസരിച്ച് രചിപ്പിക്കയും അത് ഇററലി ഒട്ടുക്ക് താമസംവിനാ നടപ്പിലാക്കുകയും ചെയ്തു. ഇതാണ് വലിയ വേദോപദേശമെന്ന അഭിധാനത്തിൽ അറിയപ്പെടുന്നത്.

മാൻറുവായിലെ മെത്രാനായിരുന്നപ്പോൾ തന്നെ സവിശേഷം ശ്രദ്ധിച്ചിരുന്ന വൈദികജീവിതോദ്ധാരണം എന്ന അതിശ്രേഷ്ഠമായ സംഗതിക്കാണ് തിരുമേനി പിന്നീട് സർവ്വാത്മനാ ഉദ്യമിച്ചത്. ഇതിലേക്കായി 1906 ജൂലായി 28-ൽ വിളംബരം ചെയ്ത ഒരു തിരുവെഴുത്തുമൂലം ലോകത്തിന്റെ വെളിച്ചവും ലവണവുമാകേണ്ടതായ വൈദികഗണത്തിൽ സുജ്ഞാനവിജ്ഞാനാദികളാൽ പ്രശോഭിതരും യോഗ്യരുമായി ഗണിക്കപ്പെടുന്നവരെ മാത്രമെ സ്വീകരിക്കാവു എന്ന് ഇററലിയിലെ സകല മെത്രാന്മാരെയും ഉൽബോധിപ്പിക്കയും കാര്യക്ഷമതയില്ലാതെ കഷണിച്ച് നടത്തപ്പെട്ടിരുന്ന പല രൂപതാസെമ്മിനാരികളേയും നിറുത്തലാക്കി പഠനവും ജീവിതപരിശുദ്ധിയും പൂർവ്വാധികം ഊർജ്ജസ്വലതയോടെ നടത്തുവാൻ തക്ക പ്രാദേശിക സെമ്മിനാരികൾ സ്ഥാപിക്കുകയും വൈദികവിദ്യാഭ്യാസം സർവ്വപ്രകാരേണയും പരിപോഷിപ്പിച്ച് ശ്രേയോന്മുഖമാക്കുകയും ചെയ്തു.

പരിശുദ്ധ പിതാവ് സർവ്വദാ സർവ്വപ്രധാനമായി ഉദ്യമിച്ചിരുന്ന ഒരു സംഗതി വിശ്വാസനൈർമ്മല്യത്തെ സംരക്ഷിക്കണം എന്നുള്ളതായി

രുന്നു. പല സന്ദർഭങ്ങളിൽ വിശ്വാസത്തിനു ഹാനി വരത്തക്ക അപകടങ്ങളെ സൂക്ഷ്മദൃഷ്ട്യാ ദർശിച്ച് അപ്പഴപ്പോൾ ഓരോ തിരുവെഴുത്തുകൾമൂലം അവയെ ചൂണ്ടിക്കാണിച്ച് അവയ്ക്കെല്ലാം അവസരോചിതങ്ങളായ പ്രതിവിധികൾ നിർണ്ണയിക്കുകയും ചെയ്യാതിരുന്നില്ല. ഇവയിൽ പ്രധാനമായിട്ടുള്ളതാണ് ലാബെലോയിസ്സി Labbe Loisy എന്ന വൈദീകന്റെ നേതൃത്വത്തിൽ വളർന്നുവന്നിരുന്ന അധുനികപഠനം എന്ന നൂതനോപദേശം. വിശ്വാസപ്രബോധനത്തിന്റെ വിഷയങ്ങളെ സംബന്ധിച്ചും വിശിഷ്യാ അവയുടെ ഉപദേശരീതിയെ സംബന്ധിച്ചും സർവ്വോപരി വേദപുസ്തകവ്യാഖ്യാനം അവയുടെ ദിവ്യനിവേശനം, കൂദാശകൾ, മാർപ്പാപ്പാമാരുടെ പരമാധികാരം എന്നീ മൂലതത്വങ്ങളെപ്പറ്റിയും, ഈ നൂതന ഉപദേഷ്ടാക്കൾ നിർലജ്ജമായി പുറപ്പെടുവിച്ചിരുന്ന വിഷസങ്കലിതവും നാശോന്മുഖവും കത്തോലിക്കാസഭയുടെ നാരായവേരിനെ നിഗൂഢമായി കരണ്ടു തിന്നിരുന്നതുമായ ഈ പൈശാചികബോധനത്തെ Lamentabili എന്നാരംഭിക്കുന്ന പ്രസിദ്ധ തിരുവെഴുത്തുമൂലം (1907) അവയുടെ നാശഫലങ്ങളോടുകൂടി സർവ്വലോകത്തിനും പ്രത്യക്ഷമായിക്കാണിച്ചുകൊടുത്തുകൊണ്ട് 67 വാക്യങ്ങളിലായി ആ അബദ്ധസഞ്ചയത്തെ സകാരണം ശപിച്ചും ഇങ്ങനെ മിശിഹായുടെ മണവാട്ടിയായ തിരുസഭയെ ഗൂഢമായി വിഴുങ്ങിക്കളയുവാൻ വന്നിരുന്ന പൂർവ്വസർപ്പത്തിന്റെ തലയെ അടിച്ചുതകർത്തു പാതാളഗർഭത്തിലേക്ക് തള്ളിയിടുകയും ചെയ്തു. ഇത് മാർപ്പാപ്പാമാരുടെ ചരിത്രത്തിൽ എന്നും സ്വർണ്ണലിപികളാൽ ലിഖിതപ്പെടുത്തേണ്ടതാണെന്നു സകലരും കൃതജ്ഞതാപുരസ്സരം സമ്മതിക്കുന്നുണ്ട്. ഇതിനെത്തുടർന്ന് അതേ കൊല്ലം തന്നെ Pascendi എന്നു തുടങ്ങുന്ന ശ്രുതിപ്പെട്ട തിരുവെഴുത്ത് പ്രസിദ്ധീകരിക്കുകയും എല്ലാ രൂപതകളിലും വിശ്വാസസംരക്ഷണാർത്ഥം ഒരു വിമർശനസംഘം ഏർപ്പെടുത്തണമെന്ന് നിഷ്കർഷയായി പട്ടംകെട്ടുകയും ചെയ്തുകൂടാതെ 'Sacrorum antistites" എന്നു തുടങ്ങുന്ന തിരുവെഴുത്തുമൂലം വൈദിക ശുശ്രൂഷ നടത്തുന്നവരും വൈദികവിദ്യാലയങ്ങളിൽ അദ്ധ്യാപകവൃത്തിയിൽ ഇരിക്കുന്നവരും കാനോനിക വൈദീകരും, സന്യാസശ്രേഷ്ഠന്മാരും, പ്രസ്തുത തിരുവെഴുത്തു മൂലമോ "Lamentabili" എന്ന തിരുവെഴുത്തു മൂലമോ ശപിക്കപ്പെട്ടിരിക്കുന്ന എല്ലാ അബന്ധങ്ങളേയും നിഷേധിച്ച് തങ്ങളും ശപിച്ചിരിക്കുന്നതായി വിശ്വാസസത്യം ചെയ്യണമെന്ന് നിർബന്ധപൂർവ്വം ആജ്ഞാപിക്കുകയും ചെയ്തു

കൂടാതെയും വേദപുസ്തകപഠനം ദൈവശാസ്ത്രപഠനങ്ങളിൽ പ്രധാനമായ ഒരു വിഷയമാകയാൽ ഇതേസംബന്ധിച്ചു് റോമ്മിൽ "ബിബ്ലിക്കൻ ഇൻസ്ററിററിയൂട്ട്" എന്നൊരു പുതിയ കമ്മട്ടിയും ഈശോസഭക്കാരുടെ നേതൃത്വത്തിൽ സ്ഥാപിക്കുകയും ചെയ്തു.

വിശിഷ്യാ വളരെനാളായി അത്യന്തം അപേക്ഷിതമായിരുന്നതും പല മാർപ്പാപ്പാമാരാലും വിശിഷ്യ 17 വർഷം നീളിച്ച ത്രെന്തോസു് സൂനഹദോസിനാലും കടശി വത്തിക്കാൻ സൂനഹദോസിനാൽ പോലും പ്രാരംഭമായിട്ടു് ദുസ്സാദ്ധ്യമായി നിറുത്തി വെക്കപ്പെട്ടിരുന്നതുമായ സഭാനിയമങ്ങളുടെ ക്രോഡീകരണം സ്വീകരിച്ചു് പരിപൂർണ്ണമാക്കണം എന്നായിരുന്നു തിരുമനസ്സിലെ അടുത്ത അഭിലാഷം. അതിനായി 1904 മാർച്ചു് 19-ാംതീയതി ഒരു കർദ്ദിനാൽ സംഘത്തെ സൃഷ്ടിക്കുകയും അതിന്റെ കാര്യദർശിയായി മഹോന്നത ദിവ്യശ്രീ കാർഡിനൽ ഗാസ്പാറി അവർകളെ നിയമിക്കുകയും ചെയ്തു. വളരെ ഊർജ്ജിതമായ തന്റെ പര്യാലോചനഫലമായി കാനൻലോ അഞ്ചു ഗ്രന്ഥങ്ങളിൽ മൂന്നും പരിപൂർണ്ണമാക്കിത്തീർക്കുകയും നാലാമത്തെ ഭാഗം ആരംഭിക്കുകയും ചെയ്തു. ഇതു് എത്രയും ഗംഭീരമായ ഒരു കാര്യമാകുന്നുവെന്നു് സഭാ ചരിത്രപടുക്കൾ എല്ലാവരും സശിരകമ്പം സമ്മതിക്കുന്ന ഒന്നാണു്.

ഇതിനെത്തുടന്നു് 1908 ജൂൺ 29-ാംതീയതി പുറപ്പെടുവിച്ച ഒരു തിരുവെഴുത്താൽ റോമ്മാ കച്ചേരി സംബന്ധിച്ചു് ചില പുതിയ വ്യവസ്ഥകൾ നടപ്പിലാക്കി ചില സംഘങ്ങൾ തമ്മിൽ സംഘടിപ്പിക്കുകയും ചിലതുകൾ നിർത്തലാക്കുകയും ചിലതു നവമായി നിർമ്മിക്കുകയും ചെയ്തു. പരിശുദ്ധ പിതാവിന്റെ കാലത്തു് കത്തോലിക്കാ ഹയിറാക്കി വിപുലമായി വർദ്ധിക്കുകയും ചുരുങ്ങിയ കാലത്തിനിടയിൽ 28 രൂപതാമെത്രാന്മാരേയും 16 വികാരി അപ്പസ്തോലിക്കാമാരെയും 15 പ്രിഫക്ടു് അപ്പസ്തോലിക്കാമാരെയും നവമായി നിയമിക്കുകയും ചെയ്തു.

സാമുദായിക കാര്യങ്ങളിൽ ജനതതിയെ പ്രത്യേകം ഇററലിയിൽ വൈദിക മേൽനോട്ടത്തിൽനിന്നു് ക്രമശ്ശ: വേർപെടുത്തിക്കൊണ്ടുവന്നിരുന്ന ചില സാമൂഹ്യ സമ്മേളനങ്ങളെ ഈ വന്ദ്യപിതാവു നിറുത്തലാക്കുകയും തൽസ്ഥാനത്തു് കത്തോലിക്കർക്കു് നിർഭയം ചേരാമെന്നതും ലൌകികപാരത്രിക ലബ്ധിക്കു് പര്യാപ്തവും സമാധാനപരമായ സ്ഥിതിയിൽ പുതിയ സമ്മേളനവ്യവസ്ഥകളെ അവിടുന്നു് ദൈവിക വിദ്വേ

കഃത്താട്ടം നീതിയോട്ടം കൂടി നിർദ്ദേശിച്ച് നടപ്പിൽ വരുത്തുവാൻ അശ്രാന്തം പരിശ്രമിക്കാതിരുന്നില്ല.

10–ാം പീയൂസ് ഗവമ്മേൻറുമായി ഇടപെട്ട പല സംഗതികളിലും ദൈവഹിതത്തിനും സഭയുടെ അവകാശസംരക്ഷണത്തിനും പരിഛേദം വേണ്ടാതായി തോന്നിയിരുന്ന സംഗതികളിൽ ധൈര്യസമേതം തൻെറ ഉത്തരവാദിത്വപൂർണ്ണതലയെ നിഷ്കളങ്കമായി പാലിക്കുന്നതിന് ധീരധീരം പോരാടേണ്ടതായി വന്നുവെന്നുള്ളതു, ഈ ദിവ്യ പുരുഷോത്തമൻെറ അമാനുഷികമായ ധൈര്യത്തെയും, മനസ്സാക്ഷി നൈർമ്മല്യത്തെയും വിവേകവൈഭവത്തെയും പ്രത്യക്ഷം വിളിച്ചറിയിക്കുന്നുണ്ട്.

പൌരാണിക കാലം മുതല്ക്കു സഭാഭരണത്തിൽ രാജാക്കന്മാൎക്ക് ചില അധികാരവരങ്ങൾ ഉണ്ടായിരുന്നതിനാൽ പലപ്പോഴും ഓരോ കാരണങ്ങളെ ആസ്പദമാക്കി ആദ്ധ്യാത്മികഭരണത്തിൽ പല കുഴപ്പങ്ങൾ ഉണ്ടാകാതിരുന്നിട്ടില്ല. പാപ്പാമാരുടെയും മെത്രാന്മാരുടെയും തിരഞ്ഞെടുപ്പിൽ പ്രസ്തുത ഭൂപതികളുടെ അഭിപ്രായങ്ങളും വോട്ടുകളും വേണ്ടിവന്നതിനാൽ ചിലപ്പോഴെല്ലാം അയോഗ്യന്മാരായ ആളുകൾ ആ സ്ഥാനങ്ങളിൽ കയറിപ്പറ്റിയിട്ടുണ്ട്. ഇതു നിമിത്തം സഭയുടെ അവകാശസ്വാതന്ത്ര്യങ്ങൾക്കും ഉന്നതമായ ഭരണത്തിനും പല വിഘ്നങ്ങളും നേരിട്ടിരുന്നു. 16–ാം ഗ്രിഗോറിയോസു മാർപ്പാപ്പായുടെ മരണാനന്തരം സ്വപാർശ്വവർത്തിയായ ഒരു കർദ്ദിനാൾ (ഗെയിസക്കിനെ) പാപ്പായായി തിരഞ്ഞെടുക്കണം എന്നു ശഠിച്ചുകൊണ്ട് ആസ്ത്രിയൻ ഗവമ്മേൻറ്, തെരഞ്ഞെടുപ്പിൽ കൈകടത്തിയ സംഗതിയും, 13–ാം ലെയോൻെറ കാലശേഷം കർദ്ദിനാൾ റംപോള്ളായ്ക്കു വിപരീതമായി പ്രസ്തുത ഗവമ്മേൻറ് വീറ്റൊ ചെയ്ത സംഗതിയും ചരിത്രപ്രസിദ്ധങ്ങളാണല്ലൊ. ഈ ആക്ഷേപങ്ങൾ അശേഷം നിറുത്തൽ ചെയ്യുന്നതിനായി 1904 ഡിസംബർ 25–ാം Sede vacante എന്നാരംഭിക്കുന്ന തിരുവെഴുത്തു വഴിയായി 10–ാം പീയൂസ്, കർദ്ദിനാൾ സംഘം സമ്മേളിക്കുന്ന അവസരങ്ങളിലും അതിനുശേഷവും സ്വീകരിക്കേണ്ട നിയമങ്ങളും വ്യവസ്ഥാപിതമാക്കി ഏർപ്പെടുത്തി.

തിരുസഭയുടെ പ്രഥമപുത്രി എന്ന ബഹുമാനസംജ്ഞയാൽ അഭിസംബോധനം ചെയ്യപ്പെടുന്ന ഫ്രാൻസ്സ് സഭയുടെ ഐക്യത്തിൽ നിന്നു പിൻമാറണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്വയം ചില വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി, ആളില്ലാതിരുന്ന ഒരു മെത്രാസനത്തിലേക്ക്

രണ്ടുപേരെ ശുപാർശ ചെയ്തു. അയോഗ്യരായ അവരെ പരിശുദ്ധ പിതാവു സ്വീകരിച്ചില്ല. സഭയും രാഷ്ട്രവും തമ്മിൽ വേർപെടുത്തുന്നതിനു ഇതു തക്ക അവസരമെന്നു് ഫ്രഞ്ചു ഗവമ്മെൻറു കരുതി താമസം വിനാ സഭയുമായി ഭിന്നിച്ചു. ഇതിനെത്തുടൎന്നു് പരിശുദ്ധപിതാവിൻെറ പ്രതിനിധിയായ മോൺസിഞ്ഞോർ ലൊറൻസൊല്ലാ അവർകൾക്കു് പാസ്പോർട്ടു് നൽകുകയും വിളംബംവിനാ 1905 ഡിസംബർ 9-ാം തീയതി സഭാവിഛേദനനിയമം പാർലമെൻറിൽ പാസ്സാക്കുകയും ചെയ്തു.

അനീതിപരമായ ഈ നിയമപ്രസ്ഥാപനയുടെശേഷം വൈദികരുടെയും ധർമ്മസ്ഥാപനങ്ങളുടെയും വസ്തുവകകൾ എല്ലാം ഫ്രഞ്ചുഗവൺമെൻറു് കണ്ടുകെട്ടിത്തുടങ്ങി. അതേ നിയമത്താൽ തന്നെ മതാത്മകസംഘങ്ങളെ നിരുത്തലാക്കുകയും രോഗപരിചരണികളായിരുന്ന അനേക വകുപ്പുകാരായ കന്യകമാരെ ആശുപത്രികളിൽ നിന്നും സ്ക്കൂളുകളിൽ നിന്നും നിഷ്കാസനം ചെയ്യുകയും ചെയ്തു. ഈ സന്ദർഭത്തിൽ ക്രിസ്തുനാഥൻെറ സത്യസാക്ഷികളായി വേദപീഡനങ്ങൾ സഹിക്കുന്നതിനും സജീവവിശ്വാസത്തിലും പരിശുദ്ധ സിംഹാസനത്തോടുള്ള ഐക്യത്തിലും നിലനില്ക്കുന്നതിനായി വിശ്വാസികളോടും വൈദികരോടും പരിശുദ്ധ പിതാവു് പൈതൃകവാത്സല്യത്തോടെ ഗുണദോഷിക്കാതിരുന്നില്ല. ഇതൊന്നുകൊണ്ടും ആശാസ്യമായ ഫലസിദ്ധി കാണായ്കയാൽ ഫ്രഞ്ചു് മെത്രാന്മാരുടെ അഭിപ്രായഗതി അറിയുന്നതിലേക്കായി അവരെ റോമ്മിൽ വരുത്തി അവരോടു ആലോചിച്ചു ഇത്ര അപകടപൂർണ്ണമായ അവസരത്തിൽ തിരുമനസ്സുകൊണ്ടു കരുണാവാരിധിയായ ദൈവത്തെ ഉള്ളഴിഞ്ഞു് നിത്യം പ്രാർത്ഥിച്ചുകൊണ്ടാണിരുന്നതു്. മെത്രാന്മാരുടെ ഭൂരിപക്ഷാഭിപ്രായം അറിഞ്ഞതിൻെറശേഷം 1906 ആഗസ്റ്റു് 10-ാം തിയതിയിലെ "Gravissimi officii" എന്നാരംഭിക്കുന്ന ഒരു തിരുവെഴുത്തുമൂലം സഭയുടെ ദൈവികസ്ഥാപനത്തിനും അതിൻെറ അലംഘനീയ നിയമങ്ങൾക്കും പരമാധികാരിയായ മാർപ്പാപ്പായുടെയും മററു മെത്രാന്മാരുടെയും അധികാരാവകാശങ്ങൾക്കു ഭംഗം വരുത്താതെ ഫ്രഞ്ചു് ജനാധിപത്യത്തിൻെറ അഭിലാഷം സാധിച്ചുകൊടുക്കുക അസാദ്ധ്യമെന്നു പരിശുദ്ധ പിതാവു് കല്പിച്ചു. ഈ വിധി കല്പിച്ചപ്പോൾ ഫ്രാൻസിലെ പള്ളിസ്വത്തുക്കൾ എല്ലാം മാർപ്പാപ്പാ നഷ്ടപ്പെടുത്തി എന്നു് ചില കുബുദ്ധികൾ ജല്പിക്കാൻ ഒരുമ്പെടാതിരുന്നില്ല. പരിശുദ്ധ പിതാവാകട്ടെ "ഭൗമികസമ്പത്തുകളെ ഇത്രയധികം അർത്ഥി

ക്കുന്നവർ ആദ്ധ്യാത്മികാഭിവൃത്തിയെ അത്ര കാര്യമായി ഗണിക്കാറില്ല എന്നു മാത്രം സഹജമായ മന്ദസ്മിതത്തോടുകൂടി പറയുക പതിവായിരുന്നു" ജനാധിപത്യമാകട്ടെ ഈ ബഹളങ്ങൾമൂലം വൈദികഗണത്തെ വിശ്വാസഐക്യത്തിൽ നിന്നും പിൻവലിക്കാനും ഇങ്ങനെ ഒരു നൂതന ശീശ്മ ഉണ്ടാക്കാനും അശ്രാന്തപരിശ്രമം ചെയ്തിരുന്നു. എന്നാൽ ദൈവഹിതം അതിനെ ശിഥിലീഭവിപ്പിക്കുകയാണുണ്ടായതു്. ശരിയായ അനുസരണയുള്ളവരും പരിശുദ്ധസിംഹാസനത്തോടു അത്യന്ത ഭക്തിയുള്ളവരുമായ ഒരു ഫ്റഞ്ചു് മതാചാര്യസംഘത്തെ സൃഷ്ടിക്കുന്നതിനും മാർപ്പാപ്പായിക്കു സാധിച്ചു. എങ്ങിനെയെന്നാൽ ശീശ്മമനസ്ഥിതിയുള്ളവരും ഭീരുക്കളും തിരുസിംഹാസനത്തോടു് ദൃഢവിശ്വാസമില്ലാത്തവരുമായിരുന്ന ചില ഫ്റഞ്ചുമെത്രാന്മാരെ അവിടുന്നു് അവഗണിച്ചു് 1906 ഫെബ്രുവരി 21-ാം തിയതിയിലെ കർദ്ദിനാൾ സംഘത്തിൽ വെച്ചും വിദ്വൽശിരോമണികളും പ്രേഷിത ശുഷ്കാന്തി പ്രൗഢന്മാരുമായ 14 ഫ്രഞ്ചുവൈദികരെ മെത്രാൻസ്ഥാനത്തിലേക്കു ഉയർത്തി. ഈ വിഷമഘട്ടങ്ങളിൽ ഈ അഭിനവമെത്രാന്മാരെ ധൈര്യപ്പെടുത്തുന്നതിനും ഫ്രാൻസിലെ സഭയോടും ഫ്രഞ്ചു ജനാവലിയോടും തനിക്കുള്ള പൈതൃക വാത്സല്യത്തെ പ്രദർശിപ്പിക്കുന്നതിനുമായി ഈ 14 മെത്രാന്മാരെയും റോമിൽ പത്രോസിൻെറ പള്ളിയിൽവെച്ചു് അത്യാഡംബരപൂർവ്വം സ്വന്ത തൃക്കരങ്ങൾ കൊണ്ടുതന്നെ അഭിഷേചിക്കുവാൻ ചിത്തമായി. ഇങ്ങനെ ഫ്രഞ്ചു മിണ്ടാമാസ്സ് ഗവൺമെണ്ടു പ്രതീക്ഷിരുന്ന ശീശ്മ തടയപ്പെടുകയും ഫ്രാൻസിലെ സഭ തിരുസിംഹാസനത്തോടു് പൂർവ്വാധികം ദൃഢവിശ്വാസബന്ധനത്താൽ സംയോജിക്കപ്പെടുകയും ചെയ്തു. ഏവംവിധമായ നിരവധി ക്ലേശങ്ങൾക്കിടയിൽ ഫ്റഞ്ചുവൈദികരും ജനാവലിയും പരിശുദ്ധസിംഹാസനത്തോടു പ്രകടിപ്പിച്ച ഭക്താദരങ്ങളെ കണ്ടു് പീയൂസ് ദശമൻ സംതൃപ്തമാനസ്സനായി.

വിശിഷ്യ തൻെറ പൈതൃക ഹൃദയത്തെ അത്യന്തം ദുഃഖിപ്പിച്ചിരുന്ന ചില ഫ്റഞ്ചു മെത്രാന്മാരോടു ഹൃദയപൂർവ്വം ക്ഷമിക്കുകയും അവർക്കായി ഒരു അടിത്തൂൺ കല്പിച്ചുകൊടുക്കുകയും ചെയ്തു. സകല കാര്യത്തിലും ദൈവഹിതവും സഭാമാതാവിൻെറ ക്ഷേമവും ആത്മാക്കളുടെ രക്ഷയും സമുദായോന്നമനവും മാത്രമേ അദ്ദേഹം ഉദ്ദേശിച്ചിരുന്നുള്ളൂ എന്നതു് സർവ്വലോകവും പ്രസ്തുത സംഭവങ്ങൾകൊണ്ടു് മനസ്സിലാക്കുകയും കത്തോലിക്കരും അകത്തോലിക്കരും മാർപ്പാപ്പായുടെ അന്യാദൃശമായ ചുമതലാബോധത്തെയും നീതിതല്പരതയെയും മഹാമനസ്കതെ

യേയും കണ്ടു വിസ്മയിക്കയും ചെയ്യാതിരുന്നില്ല. ഫ്റാൻസിലെ കുഴപ്പങ്ങൾ അല്പം ശമിച്ചപ്പോൾ ഇതാ അതിലും ഭയങ്കരമായ മതപീഡനങ്ങൾ പോർത്തുഗീസു കത്തോലിക്കർ അനുഭവിച്ചുതുടങ്ങി. വിപ്ലവത്തിന്റെ ശേഷിച്ചിരുന്ന ശക്തിയിൽ നിന്നാണു് ഇതിന്റേയും ഉത്ഭവം. തങ്ങളുടെ ചുമതലകളെ നിർവഹിക്കുകയും മതാർഹതകളെ പരിരക്ഷിക്കുകയും ചെയ്തു എന്നു് ഈ ഏക കാരണത്താൽ മാത്രം മെത്രാന്മാരേയും വൈദികന്മാരേയും അവർ നാടുകടത്തി. ഈ സന്ദർഭത്തിൽ ഫ്റാൻസ്സിനോടു് അനുവർത്തിച്ച നയംതന്നെ 10-ാം പീയൂസു് ഇവിടേയും സ്വീകരിച്ചു. ഐക്യത്തിലും സമാധാനത്തിലും സത്യവിശ്വാസ സംരക്ഷണയിലും സുസ്ഥിരമായിരിക്കണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് 1911 മേയി 24-ൽ "Jam pridem" എന്നാരംഭിക്കുന്ന തിരുവെഴുത്താൽ അവിടുന്നു പ്രസ്തുത പൈശാചിക നിയമങ്ങളെ ശക്തിയുക്തം ഖണ്ഡിച്ചു് ശപിക്കുകയും ഫ്റഞ്ചുകാർ ചെയ്തതുപോലെ പോർത്തുഗലിലെ വിശ്വാസികളും വൈദികരും തങ്ങളുടെ വിശ്വാസവും അനുസരണയും ഒന്നുകൂടി ദൃഢീകരിക്കയും ചെയ്തു. രാജ്യഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാർക്കും വൈദികർക്കും നിത്യപട്ടണത്തിൽ ഹാർദ്ദമായ ഒരു സ്വീകരണം തിരുമനസ്സുകൊണ്ടു നൽകുകയുണ്ടായി. ഫ്റാൻസ്സും പോർത്തുഗലും നടത്തിയ അധർമ്മക്രിയകളെ അനുകരിക്കുമാറു് അയൽരാജ്യമായ സ്പെയിനും ഈ സന്ദർഭത്തിൽ പരിശുദ്ധ പിതാവിനെ ക്ലേശിപ്പിക്കാതിരുന്നില്ല. എങ്കിലും സന്യാസമന്ദിരങ്ങളേയും വൈദികസ്ഥാപനങ്ങളേയും ഉപദ്രവിച്ചുകൊണ്ടു തുടങ്ങിയ ഏർപ്പാടു നിമിഷം കലാശിച്ചു. എങ്കിലും, വത്തിക്കാനിലേക്കു സ്പെയിനിലെ രാജപ്രതിനിധിയെ അയയ്ക്കുന്നതിൽ വളരെ കാലതാമസം വരുത്തി. ജർമ്മനിയിൽ വൈദീകനിയമങ്ങളെ പ്രായോഗികമാക്കുന്നതിനും അതിനു വിരോധമായി നിന്ന ആധുനിക വാദികളായ പണ്ഡിതന്മാരെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതിനും പരിശുദ്ധ പിതാവു ഒട്ടു മടിച്ചില്ല.

മേൽ പ്രസ്താവിച്ച രാജ്യങ്ങളെ അനുകരിച്ചു ഇക്വഡോർജനാധിപത്യവും സഭയെ ക്രൂരമായി ഞെരുക്കിയിരുന്നു. അവിടത്തെ മെത്രാന്മാർക്കു് എഴുതിയ ഒരു തിരുവെഴുത്തിൽ ഈ പ്രവൃത്തികളെ മാർപ്പാപ്പാ സധൈര്യം പ്രതിഷേധിച്ചു. 1912 ജൂൺ 7-ാം തീയതിയിലെ തിരുവെഴുത്താൽ പെറുനിവാസികളുടെ നിന്ദ്യമായ പ്രവൃത്തികളേയും തിരുമേനി പ്രതിഷേധിക്കയുണ്ടായി.

J. M. J.

# പതിനഞ്ചാം ബനദിക്തോസ് മാപ്പാപ്പാ

(1915—1922)

ലോകമഹായുദ്ധത്തിന്റെ ആവിർഭാവവും തന്മൂലം ഉളവാകുവാൻ പോകുന്ന ഭയങ്കര ദുഷ്യഫലങ്ങളും മുൻകൂട്ടി ദർശിച്ച് സന്താപഭാരത്താൽ ഹൃദയം തകർന്നു നിര്യാതനായ പരിശുദ്ധ പിതാവു പത്താം പീയൂസിന്റെ മരണാനന്തരം 1914 സെപ്റ്റംബർ 3-ാനു- ജക്കോമോ ദല്ലെഖ്യേസാ (Giacomo Della chiesa) മാപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം സഭാഭരണം കയ്യേൽക്കുകയിൽ 15-ാം ബനദിക്തോസ് എന്ന നാമം സ്വീകരിച്ചു. എത്രയും പുരാതനവും ഉൽകൃഷ്ടവുമായ ഒരു കുടുംബത്തിൽ 1854 നവംബർ 21-ാം തീയതി അവിടുന്നു ജാതനായി. 1404 മുതൽ 1406 വരെ വി. പത്രോസിന്റെ സിംഹാസനത്തെ അലങ്കരിച്ചിരുന്ന ഇന്നോസൻറു സപ്തമൻ അവിടത്തെ മാതൃവാശത്തിൽപെട്ട ഒരാളായിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യം തന്നെ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സ്വദേശത്തുള്ള ഒരു സർവ്വകലാശാലയിൽ ചേർന്നു തന്റെ 19-ാമത്തെ വയസ്സിൽ സിവിൽ, കാനോൻ എന്നീ ഇരു നിയമങ്ങളിൽ ഉന്നത ബിരുദങ്ങൾ സമ്പാദിച്ചു. താൻ ഒരു ബാരിസ്റ്ററായാൽ കൊള്ളാമെന്നു പിതാവിനാഗ്രഹമുണ്ടായിരുന്നെങ്കിലും, വൈദികജീവിതത്തിലേക്കാണ് ദൈവം തന്നെ വിളിച്ചിരിക്കുന്നതെന്നു ജക്കോമോ മനസ്സിലാക്കിയതിനാൽ പിതാവിന്റെ അഭീഷ്ടം സാധിക്കുന്നതിനു നിവൃത്തിയില്ലാതെ വന്നു. ദൈവഹിതാനുസരണം അദ്ദേഹം റോമ്മായിൽ ചെന്നു വൈദികപഠനങ്ങൾ പൂർത്തിയാക്കി. 1878 ഡിസംബർ 21-ാം തീയതി തന്റെ 24-ാമത്തെ വയസ്സിൽ പുരോഹിതനായി. അധികം താമസിയാതെ അദ്ദേഹം അസ്സാധാരണമായ സഭാകാര്യങ്ങൾക്കായുള്ള തിരുസംഘത്തിൽ (S. Congregation of Extraordinary Ecclesiastical affairs) മോൺസിഞ്ഞോർ റമ്പോളയുടെ സിക്രട്ടറിയായി നിയമിക്കപ്പെട്ടു. റമ്പോള, മാപ്പാപ്പായുടെ മന്ത്രപ്പമായി മാഡ്രിഡിലേക്കു പോയപ്പോൾ ഫാദർ ജക്കോമോയും അദ്ദേഹത്തെ അനുഗമിച്ചു. 1887-ൽ പതിമൂന്നാം ലെയോൻ മാപ്പാ

പ്പാ മോൺസിഞ്ഞോർ റമ്പോളായെ മാഡ്റിഡിൽ നിന്നും തിരിച്ചു വിളിച്ചു് കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തി സ്റേററ സിക്രട്ടറിയായി നിയമിച്ചപ്പോഴും ഫാദർ ജക്കോമോ അദ്ദേഹത്തിൻെറ കീഴിൽ തന്നെ ജോലിചെയ്തു. ആവിടുന്നു 13-ാം ലെയോൻ മാർപ്പാപ്പായുടെ മരണംവരെയും, അനന്തരം 10-ാം പീയൂസിൻെറ ഭരണകാലത്തിൽ ആദ്യത്തെ നാലുകൊല്ലവും പ്രസ്തുത സ്ഥാനത്തെ തന്നെ അലങ്കരിച്ചു. ഈ സമയത്തിനിടയിൽ അദ്ദേഹം പടിപ്പടിയായി ഉയർന്നു അവസാനം അൺഡർ സിക്രട്ടറി ഓഫ് സ്റേറററിൻെറ സ്ഥാനംവരെ എത്തി. ഇങ്ങനെയിരിക്കയിൽ 1907-ൽ കർദ്ദിനാൾ സ്വാമ്പായുടെ നിര്യാണത്താൽ ഒഴിവായ ബൊളോഞ്ഞാ രൂപതയിലേക്കു നമ്മുടെ മോൺസിഞ്ഞോർ ദെല്ലെഖിയേസാ നിയമിതനായി. തദവസരത്തിൽ പത്താം പീയൂസ് മാർപ്പാപ്പാ സ്വകരങ്ങളാൽ തന്നെയാണ് ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തതു്. 1914 മെയ് 25-ാം തീയതി ഇദ്ദേഹം കർദ്ദിനാളായി ഉയർത്തപ്പെടുകയും ആക്കൊല്ലം തന്നെ സെപ്തംബർ 3-ാം തിയതി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പതിനഞ്ചാം ബനഡിക്ടോസിൻെറ ഭരണം ഏഴുകൊല്ലവും നാലുമാസവും പത്തൊൻപതു ദിവസവും ദീർഘിച്ചു. ഈ കാലംമുഴുവൻ തന്നെ ലോക ചരിത്രത്തിൽ ഏററവും ഭയാനകമായ മഹായുദ്ധം കാരണത്താൽ സമാധാനരഹിതവും പ്രക്ഷുബ്ധവും ആയിരുന്നു. സ്വന്ത ആത്മീയ സന്താനങ്ങൾ ഉൾപ്പെടെയുള്ള ഒരു വമ്പിച്ച ജനസംഖ്യയും ഇരുപാർശ്വങ്ങളായി തിരിഞ്ഞു അത്യുഗ്രകോപത്തോടും ദ്വേഷത്തോടും കൂടി അന്യോന്യം സംഹരിക്കുന്ന കാഴ്ച കരുണാനിധിയായ ആ പിതാവിൻെറ ഹൃദയത്തെ അത്യധികം വേദനപ്പെടുത്തി. ഇത്ര നിഷ്ഠൂരമായ ഈ രക്തച്ചൊരിച്ചിലിനു എങ്ങനെയെങ്കിലും ഒരു ശമനം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ലോകമാസകലമുള്ള സകല ജനങ്ങൾക്കും പൊതുവായും, യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന മഹച്ഛക്തികൾക്കു പ്രത്യേകിച്ചും അവിടുന്നു അനേകം ചാക്രിക ലേഖനങ്ങൾ അയയ്ക്കുകയും, അവരുടെ ഇടയിൽ മദ്ധ്യസ്ഥനായി നിന്നുകൊണ്ടു് ഇരുകക്ഷികളുടെയും വാദങ്ങൾ കേട്ടു സംഗതികൾ സമാധാനമായി പര്യവസാനിപ്പിക്കുന്നതിനുള്ള തൻെറ സന്നദ്ധതയെ സ്വമേധയാ പ്രകടിപ്പിക്കയും ചെയ്തു. അദ്ദേഹം ആരെയും കുററം വിധിച്ചില്ലെങ്കിലും, നീതിക്കും സത്യത്തിനും സന്മാർഗ്ഗത്തിനും വിരോധമായി എന്തെങ്കിലും, ആരെങ്കിലും ചെ

ച്ചുന്നതായി കണ്ടപ്പോഴെല്ലാം ആ പ്രവൃത്തികളെ ശക്തിയായി പ്രതിഷേധിക്കയുണ്ടായി. പലപ്പോഴും തൻെറ പൈതൃക സന്ദേശങ്ങൾ അവ അർഹിച്ചിരുന്ന വിധത്തിൽ സ്വീകരിക്കപ്പെട്ടുന്നില്ലെന്നു സവ്യഥ ദർശിക്കേണ്ടതായിവന്നു. എങ്കിലും അതിനെ വകവയ്ക്കാതെ ജാതിമത ഭേദംകൂടാതെ സകല ജനങ്ങൾക്കും യഥാശക്തി എല്ലാ സഹായങ്ങളും ഒത്താശകളും ചെയ്തുകൊടുക്കുന്നതിനു തിരുമേനി സർവ്വദാ ഉത്സുകനായിരുന്നു. യുദ്ധത്തിൽ കഠിനമായി മുറിവേറ്റവരും, സിവിൽ തടവുകാരായി നിരോധിക്കപ്പെട്ടവരുമായ ഇരുകക്ഷിയിലും പെട്ട അനേകമാളുകളെ പരസ്പരം വച്ചുമാറുന്നതിനും സ്വദേശങ്ങളിൽ തങ്ങളുടെ ബന്ധുമിത്രാദികളുടെ പരിചരണങ്ങൾ സ്വീകരിക്കത്തക്ക വിധത്തിൽ അയയ്ക്കുന്നതിനും മററും അദ്ദേഹം സഫലമായി ചെയ്തിട്ടുള്ള പ്രയത്നം ലോകപ്രസിദ്ധമാണ്.

1917 ആഗസ്റ്റ് 1-ാം തീയതിയിലെ സന്ദേശം പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നുണ്ട്. 'രണ്ടു കൊല്ലത്തിനുശേഷം രൂപവൽക്കരിക്കപ്പെട്ട സർവരാജ്യസഖ്യത്തിൻെറ (Leagne of Nations) ഘടനയിൽ പ്രസ്തുത സന്ദേശത്തിലെ പല നിർദ്ദേശങ്ങളും സ്വീകൃതങ്ങളായി എന്നുള്ള വസ്തുതതന്നെ അതിൻെറ വൈശിഷ്ട്യത്തെ വിളിച്ചറിയിക്കുന്നു. പൊതുവായും ഓരോ രാജ്യത്തിൻെറ താരതമ്യസ്ഥിതിയനുസരിച്ചും സൈന്യസംഖ്യ കുറയ്ക്കുക, രാജ്യങ്ങൾ തമ്മിൽ ഉണ്ടാകുന്ന തക്കങ്ങൾ പഞ്ചായം പറഞ്ഞുതീർക്കുക, സമുദ്രത്തിൽ എല്ലാവക്കും ഒന്നുപോലെ സ്വാതന്ത്ര്യം അനുവദിക്കുക, യുദ്ധത്തിൽ വന്നിട്ടുള്ള നഷ്ടങ്ങൾ പരസ്പരം സഹിച്ചു ക്ഷമിക്കുക, ഫ്റാൻസു ബൽജിയം മുതലായ രാജ്യങ്ങളിൽ നിന്നും എതൃകക്ഷികൾ പൂർണ്ണമായി പിൻമാറുക, ഓരോ ജനവിഭാഗങ്ങളുടെ ന്യായമായ ആഗ്രഹങ്ങളേയും അവകാശങ്ങളേയും പൊതുജനനന്മയേയും മുൻനിവത്തി രാജ്യാതൃത്തികൾ നൂതനമായി നിശ്ചയിക്കുക മുതലായവയെ ഈ സന്ദേശം ശക്തിയായി ഉപദേശിച്ചു. ഇവയെല്ലാം യുദ്ധം ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കയിലും സഖ്യകക്ഷികളാണ് ജയിക്കാൻ പോകുന്നതെന്നറിയാൻ നിവൃത്തിയില്ലാതിരുന്നപ്പോഴുമാണ് പ്രസ്താവിക്കപ്പെട്ടതെന്നോക്കുമ്പോൾ ജമ്മനിയുടെ പ്രേരണയാലാണ് മാർപ്പാപ്പാ ഇപ്രകാരം ഉപദേശിച്ചതെന്നുള്ള എതൃകക്ഷികളുടെ പ്രസ്താവന എത്ര അടിസ്ഥാനരഹിതമായിരുന്നുവെന്നു വിശദമാകുന്നതാണ്. ലോകമഹച്ഛക്തികൾ പ്രസ്തുത ലേഖനം പുറപ്പെട്ടകാലത്തു അതിനെ കേവലം അവഗണിച്ചു, അവർ തങ്ങളുടെ ദൃഷ്ടി

യിൽ പെട്ടതായിട്ടപ്പോലും കാണിക്കാതെ മൌനം ദീക്ഷിക്കയാണു ചെയ്തതു്. ഇങ്ങനെ ചെയ്തതു മാർപ്പാപ്പാമാരെ യൂറോപ്യ രാജ്യകാര്യങ്ങളിൽ ഒരുതരത്തിലും ഭാഗഭാക്കുകളാക്കരുതെന്നുള്ള രാജ്യതന്ത്രജ്ഞന്മാരുടെ ദുഃശാഠ്യംകൊണ്ടു മാത്രമായിരുന്നു. അതിനാൽ പരിശുദ്ധ പിതാവു അക്കൊല്ലംതന്നെ വീണ്ടും ഒരു സന്ദേശമയച്ചു് ക്രിസ്തീയാദർശമനുസരിച്ചു രൂപവൽക്കരിക്കേണ്ടതായ ഒരു സംഘടനയിൽ, മനുഷ്യവർഗ്ഗത്തിന്റെ ആദ്ധ്യാത്മീക നന്മയ്ക്കുവേണ്ടി മാത്രമല്ല, ലൌകീകാഭിവൃദ്ധിക്കുവേണ്ടിപോലും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു ഏററവും പര്യാപ്തമായ കത്തോലിക്കാ സഭയെ അവഗണിക്കേണ്ടതല്ലെന്നു ശക്തിയുക്തം ലോകത്തെ ഉൽബോധിപ്പിച്ചു.

മഹാനായ ഈ മാർപ്പാപ്പായുടെ ചാക്രിക ലേഖനങ്ങളും യുദ്ധകാലത്തിൽ ആദ്യന്തം അദ്ദേഹം സ്വീകരിച്ചനയവും, പ്രവർത്തിച്ച അനേക നന്മകളും, വി. പത്രോസിന്റെ പിൻഗാമിക്കു ലോകത്തിലുള്ള പ്രാബല്യം എത്ര വലുതാണെന്നു പ്രത്യക്ഷപ്പെടുത്തി. തന്മൂലം ഭൂമുഖത്തുള്ള പ്രധാന ജാതികളും രാജ്യങ്ങളും എല്ലാംതന്നെ അഹമഹമികയാ തിരുസിംഹാസനത്തിന്റെ മൈത്രിനേടുവാൻ ആഗ്രഹിക്കുകയും തങ്ങളുടെ രാഷ്ട്രീയ പ്രതിനിധികളെ വത്തിക്കാനിലേക്കയയ്ക്കുകയും ചെയ്തു. തന്നെ നേരിട്ടു കണ്ടു സംസാരിക്കുന്നതിനാഗ്രഹിക്കുന്ന ചക്രവർത്തികൾ രാജാക്കന്മാരാദിയായ മഹത്തുക്കൾക്കു തങ്ങളുടെ ആഗ്രഹനിവർത്തി വരുത്തുന്നതിനു കൂടുതൽ സൗകര്യങ്ങളുണ്ടാകത്തക്കവണ്ണം, പുരാതന നടപ്പനുസരിച്ചു സന്ദർശനവേളയിൽ ചെയ്യേണ്ടിയിരുന്ന ആചാരോപചാരങ്ങളിൽ ചില പരിഷ്കാരങ്ങൾ അവിടുന്നു വരുത്തിയെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

മഹായുദ്ധംമൂലം സർവത്ര പ്രക്ഷുബ്ധമായിരുന്ന തന്റെ ചുരുങ്ങിയ ഭരണകാലത്തിനിടയ്ക്കു തിരുസഭാസംബന്ധമായി ഹിതാനുസരണം വളരെ പ്രവർത്തിക്കുന്നതിനു സാഹചര്യങ്ങൾ പ്രതികൂലമായിരുന്നെങ്കിലും മിശിഹായുടെ വികാരി ഇക്കാര്യത്തിലും അല്പമൊന്നുമല്ല സാധിച്ചിട്ടുള്ളതു്. ഫ്രഞ്ചുകാരായ ജോൻഓഫ് ആക്കിനേയും, മർഗ്ഗരീത്താമറിയത്തേയും, ഐറിഷുകാരായ ഒലിവാ പ്ലങ്കററിനേയും സഹപ്രവർത്തകന്മാരേയും പുണ്യവാന്മാരുടെ പട്ടികയിൽ ചേർക്കുകയും, പൌരസ്ത്യരിൽ നിന്നും വി. അപ്രേമിനെ സാർവത്രികസഭയുടെ മല്പാനായി ഉയർത്തുകയും ചെയ്തുകൊണ്ടു പാശ്ചാത്യ പൌരസ്ത്യസഭാവിഭാഗങ്ങളോടു് അ

വിടത്തേക്കുണ്ടായിരുന്ന പൈതൃകവാത്സല്യത്തെ സവിശേഷം പ്രദർശിപ്പിച്ചു. വിശിഷ്യ തൻെറ ഭാരതീയ സന്താനങ്ങളോടുണ്ടായിരുന്ന പ്രത്യേകവാത്സല്യം മദ്രാസിൽവച്ചു നടന്ന മരിയമഹാജനസഭയെ പുരസ്ക്കരിച്ചു അദ്ദേഹം ദലഗാദപ്പൊസ്തോലിക്കാ വഴിയായി ഇൻഡ്യയിലെ എല്ലാ മെത്രാന്മാർക്കുമായി അയച്ചിട്ടുള്ള ഒരു തിരുവെഴുത്തിൽനിന്നു തെളിവാകുന്നുണ്ടു്. "അല്ലയോ ഭാരതമേ! നിൻെറ പുത്രന്മാർ നിൻെറ രക്ഷയുടെ സഹായികളാകുന്നു" എന്നുള്ള 13-ാം ലയോൻമാർപ്പാപ്പായുടെ വാക്യാനുസരണം തങ്ങളുടെ സ്വദേശികളുടെ മാനസാന്തരത്തിനായി ശ്രമിക്കുന്നതിനുള്ള കടമ മറ്റെല്ലാവരേക്കാളും കൂടുതൽ ഭാരതീയർക്കുണ്ടെന്നും, അവർ അതിന്നായി സർവപ്രകാരേണയും പ്രത്യേകിച്ചു തങ്ങളുടെ സന്മാതൃകയാലും യത്നിക്കേണ്ടതാണെന്നും പ്രസ്തുത ലിഖിതം മുഖേന അവിടുന്നു ഉൽബോധിപ്പിക്കുന്നു. അദ്ദേഹം തുടൎന്നുപറയുന്നു "ഭാരതീയരെ നാം വിശേഷവിധിയായി സ്നേഹിക്കുന്നതുകൊണ്ടും, നമ്മുടെ പ്രതിനിധി വഴിയായി നാം അവരിൽ വസിക്കുന്നതുകൊണ്ടും ഇപ്പോഴുള്ള വിഷമതകളെല്ലാം നീങ്ങി മനസ്സമാധാനം പ്രാപിച്ചു ഭാരതം ഏഷ്യായിലുള്ള മററു ക്രിസ്തീയസമുദായങ്ങൾക്കു ഒരു പ്രശോഭിത മാതൃകയായി പരിലസിക്കുന്നതു വരെ നമ്മാൽ കഴിയുന്ന എല്ലാ പ്രയത്നങ്ങളും ചെയ്യുന്നതിനു സന്നദ്ധനായിരിക്കകൊണ്ടും നമ്മുടെ ആഗ്രഹപ്രകാരം അവർ ചെയ്യുമെങ്കിൽ നമുക്കു അവർ ആശ്വാസത്തെ പ്രദാനം ചെയ്യും."

വിദൂരങ്ങളായ മററു മിഷ്യൻരാജ്യങ്ങളിലേക്കും അദ്ദേഹത്തിൻെറ ശ്രദ്ധ പതിയാതിരുന്നില്ല. അവയുടെ ഉന്നമനത്തേയുദ്ദേശിച്ചു് ലോകത്തിൻെറ പല ഭാഗങ്ങളിലായി 9. പ്രീഫെക്ച്ചർ അപ്പൊസ്തോലിക്കും, 28 വികാരിയാത്തുകളും, 25 രൂപതകളും, 8 അതിരൂപതകളും പുതുതായി സ്ഥാപിച്ചതു കൂടാതെ രണ്ടു രാജ്യങ്ങളിലേക്കുകൂടി ദലഗാദപ്പസ്തോലിക്കാമാരെ അയക്കുകയും ചെയ്തു.

പത്താം പിയൂസുമാർപ്പാപ്പായുടെ ആജ്ഞാനുസരണം ക്രോഡീകൃതവും ലോകത്തിനു ഒരൽഭുതവിഷയവുമായ പുതിയ കാനോൻനിയമസംഹിത ഇദ്ദേഹമാണ് പ്രസിദ്ധീകരിച്ചു നടപ്പിൽ വരുത്തിയതു്. "മോഡേണിസം" എന്നറിയപ്പെടുന്ന അബദ്ധമതാഭിപ്രായങ്ങളെ വീണ്ടും ശപിക്കയും അവയ്ക്കനുരൂപങ്ങളായ മററു പാഷണ്ഡതകളെ പ്രതിരോധിക്കയും ചെയ്തു. മാത്രമല്ല കത്തോലിക്കു മതസിദ്ധാന്ത

ങ്ങൾ പൂർവ്വാധികം ഊർജ്ജസ്വലമായി പഠിപ്പിക്കപ്പെടേണ്ടുന്നതിനായി വി. ഗ്രന്ഥം വി. തോമ്മാമല്ലാന്റെ തത്വശാസ്ത്രം, വേദാന്തം മുതലായവയുടെ അദ്ധ്യയനം സംബന്ധിച്ചും ഉപകാരപ്രദങ്ങളായ പല വ്യവസ്ഥകളും അദ്ദേഹം ചെയ്തിട്ടുള്ളതും പ്രസ്താവ്യമാണ്.

കത്തോലിക്കാസഭയിൽ ആഭ്യന്തരമായി വരുത്തിയ ഏവംവിധ പരിഷ്കാരങ്ങൾക്കു പുറമെ, സഹോദരസ്നേഹപരമായി പൊതുവെ ലോകത്തിനു അദ്ദേഹം ചെയ്തിട്ടുള്ള നന്മ അനിർവ്വചനീയമെന്നേ പറയേണ്ടതുള്ളൂ. വ്യക്തിപരവും സാമുദായികവുമായി സമസൃഷ്ടിസ്നേഹത്തെ ആസ്പദമാക്കി ചെയ്യുന്ന സകല സംരംഭങ്ങളും സ്വഭാവാതീതങ്ങളായ ആദ്ധ്യാത്മികമൂലതത്വങ്ങളിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കണമെന്നു തന്റെ മുൻഗാമികളോടൊപ്പം ഈ വന്ദ്യപിതാവും ലോകത്തെ സർവദാ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. മാത്രമല്ല, തന്റെ ഉത്തമമാതൃകയാൽ ഈ പ്രബോധനത്തെ സ്ഥിരീകരിക്കയും ചെയ്തു. യുദ്ധാവസരത്തിലും തദനന്തരവും ജാതിമതവർണ്ണഭേദം കൂടാതെ ഏററവും സമൃദ്ധിയായി അവിടുന്നു തന്നെ ചെയ്ത ധർമ്മസഹായങ്ങൾ എത്ര സഫലങ്ങളായിരുന്നുവെന്നുള്ളതു ലോകപ്രസിദ്ധമാണ്.

ഈ ധർമ്മബുദ്ധിയെ അകത്തോലിക്കാ ക്രിസ്ത്യാനികൾതന്നെയല്ല ക്രിസ്ത്യേതരർ പോലും എത്ര കാര്യമായി ഗണിച്ചുവെന്നുള്ളതിനു മഹമ്മദീയ കേന്ദ്രനഗരമായ കോൺസ്റ്റാൻറിനോപ്പിളിൽ സ്ഥാപിതമായിരിക്കുന്ന 15-ാം ബനദിക്തോസിന്റെ അതിമനോഹരമായ ഒരു പ്രതിമതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. തങ്ങൾക്കു ഈ മഹാനിൽ നിന്നു ലഭിച്ചിട്ടുള്ള സഹായങ്ങളുടെ ശാശ്വതസ്മരണയ്ക്കായി തുർക്കികളും, യഹൂദന്മാരും, അകത്തോലിക്കാ ക്രിസ്ത്യാനികളും കൂടി സ്വന്തം ചിലവിന്മേൽ പരിശുദ്ധ പിതാവിന്റെ ജീവിതകാലത്തുതന്നെയാണ് ഇതിനെ അവിടെ സ്ഥാപിച്ചതു്. തിരുമേനിയുടെ മരണവൃത്താന്തം കേട്ടപ്പോൾ ഈജിപ്ററിലെ മഹമ്മദീയരയച്ച അനുശോചനാസന്ദേശവും പ്രത്യേകം പ്രസ്താവ്യമാണ്. "ലോകസമാധാനത്തിന്റെ ഐഹികസംരക്ഷകനും ജീവനാഡിയുമായിരുന്ന പ. പിതാവു 15-ാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലെ മർമ്മഭേദകമായ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു, ഈജിപ്ററിലെ മഹമ്മദീയരുടെ നാമത്തിൽ പാരീസിലുള്ള അവരുടെ സംഘം സകല ക്രിസ്തീയ ലോകത്തോടും തങ്ങൾക്കുള്ള നിർവ്യാജമായ സഹതാപ

ത്തെ പ്രകടിപ്പിച്ചുകൊള്ളുന്നു. ഇസ്ലാംമതത്തിന്റെ കേന്ദ്രസ്ഥാനമായ കൊൺസ്റ്റാന്റിനോപ്പിളിൽ സ്ഥാപിതമായിരിക്കുന്ന അവിടത്തെ പ്രതിമ സ്നേഹാർദ്രനായ ആ പുണ്യപുരുഷനേയും, ലോകസമാധാനത്തെ ലാക്കാക്കിയുള്ള അവിടത്തെ പ്രയത്നങ്ങളെയും, നീതിയോടും സ്വാതന്ത്ര്യലബ്ധിക്കായുള്ള മനുഷ്യന്റെ ജന്മസിദ്ധമായ അവകാശത്തോടും അവിടത്തേക്കുണ്ടായിരുന്ന അതീവബഹുമാനത്തെയും, സദാ ഞങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുമല്ലോ എന്നുള്ള ചിന്തമാത്രം ഈ തരുണത്തിൽ ആശ്വാസപ്രദമായിരിക്കുന്നു." മേല്പറഞ്ഞ സന്ദേശത്തിനു പുറമെ ലോകമൊട്ടുക്കുള്ള മിക്കവാറും എല്ലാ മഹാശക്തികളിൽനിന്നും രാജ്യങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള അനുശോചനകത്തുകളും അഖിലലോകവന്ദ്യനായ ഈ മാർപ്പാപ്പായെപ്പററി പൊതുജനസമക്ഷം ഉണ്ടായിരുന്ന മതിപ്പിനെ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നുണ്ട്.

സകലർക്കും പ്രത്യക്ഷമാകത്തക്കവണ്ണം ചെയ്തിരുന്ന മേല്പറഞ്ഞ മഹൽകാര്യങ്ങളെക്കാൾ കൂടുതലായി ഈ ദിവ്യപുരുഷന്റെ മാഹാത്മ്യം പ്രത്യക്ഷപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ ആദർശപരമായ രഹസ്യജീവിതമാണെന്നു പറയേണ്ടിയിരിക്കുന്നു. സ്വതേ കൃശഗാത്രനും ഹ്രസ്വകായനുമായിരുന്ന തിരുമേനി അതുല്യബുദ്ധിമാനും, അസാധാരണ പരിശ്രമശീലനുമായിരുന്നു. പ്രാർത്ഥനാസംയുക്തമായ പ്രയത്നം മനുഷ്യവർഗ്ഗത്തിന്റെ അഭ്യുന്നതിക്കു അത്യന്താപേക്ഷിതമാണെന്നു ശക്തിമത്തായി പ്രബോധിപ്പിച്ചിരുന്ന തിരുമനസ്സുകൊണ്ടു തന്നെ തന്റെ ഉപദേശാനുസരണം കൃത്യമായി പ്രവർത്തിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്റെ ദിനചര്യയിൽ നിന്നു നിഷ്പ്രയാസം ഗ്രഹിക്കാം. അദ്ദേഹം വളരെ അപൂർവ്വമായിട്ടു മാത്രമേ പാതിരായിക്കു മുൻപു നിദ്രചെയ്യാൻ പോയിരുന്നുള്ളു. എങ്കിലും കൃത്യം അഞ്ചുമണിക്കു മുൻപു തന്നെ എഴുന്നേററു ഈശ്വരസ്തോത്രങ്ങൾക്കായി തയ്യാറാകുകയും, അഞ്ചുമണി മുതൽ ആറുമണിവരെ ജ്ഞാനധ്യാനത്തിനായി വിനിയോഗിച്ചശേഷം ആറുമണിക്കു ദിവ്യപൂജയർപ്പിക്കുകയും, അതിനെത്തുടർന്നു മുട്ടിന്മേൽ നിന്നുകൊണ്ടു ഒരു പൂജയിൽക്കൂടി സംബന്ധിക്കയും ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ പതിവു്. പല ദിവസങ്ങളിലും അദ്ദേഹം പരിപൂർണ്ണ മൌനവ്രതം അനുഷ്ഠിക്കുന്നതായും മററു പല ദിനങ്ങളിലും യാതൊന്നും ഭക്ഷിക്കാതെ ഉപവസിക്കുന്നതായും കാണപ്പെട്ടിട്ടുണ്ടു്. വൈകിട്ടു ആറുമണിമുതൽ

എട്ടുമണിവരെയുള്ള സമയം കാനോൻ ജപങ്ങൾക്കായി വിനിയോഗിച്ചിരുന്നു. പകൽ സമയം തീക്കാൻ സാധിക്കാതെവന്ന, മെത്രാന്മാർ കട്ടിനാളന്മാരാദിയായവരുടെ സന്ദർശനങ്ങളും കൂടിയാലോചനകളും തുടരുകയായിരുന്നു എട്ടുമുതൽ ഒൻപതുവരെ ചെയ്തിരുന്നതു്. ഒൻപതുമണിയോടുകൂടി തൻെറ രഹസ്യകപ്പേളയിലേക്കുപോയി ജപമാല ചൊല്ലുകയും അനന്തരം പാതിരാവരെയും പലപ്പോഴും അതിനുശേഷവും തനിച്ചിരുന്നു തൻെറ ഔദ്യോഗിക ജോലികളിൽ ബദ്ധശ്രദ്ധനായിരിക്കയും ചെയ്തു.

ഇത്രയധികം അദ്ധ്വാനിച്ചു ചെയ്തിരുന്ന ജോലികളുടെ ഭാരത്താലും, സമാധാനരഹിതമായി ദുരിതപ്പെട്ടിരുന്ന ലോകത്തിൻെറ ദശനത്താലും ക്ലേശപൂരിതമായ ഒരു ജീവിതം നയിച്ചിരുന്ന അദ്ദേഹം അവസാനംവരെയും വീരോചിതമായ പരിത്യാഗവും ദൈവതിരുമനസ്സിനോടുള്ള അനുയോജ്യതയും പ്രദശിപ്പിച്ചിരുന്നു. അന്ത്യസമയം അടുത്തുവരികയിൽ സന്താപനിമഗ്നരായി കിടക്കയ്ക്കുചുററം നിന്നിരുന്ന കട്ടിനാളന്മാരോടു അദ്ദേഹം ഇങ്ങനെ പറഞ്ഞു. "തൻെറ തിരുസഭയ്ക്കുവേണ്ടി ഇനിയും ഞാൻ അദ്ധ്വാനിക്കണമെന്നാണു് നം കത്താവിൻെറ തിരുവുള്ളമെങ്കിൽ ഇതാ, ഞാൻ സന്നദ്ധനാണു്; അതല്ലാ എൻെറ ജോലി ഇപ്പോൾതന്നെ അവസാനിപ്പിക്കണമെന്നാണു് അവിടത്തെ തിരുമനസ്സെങ്കിൽ, അങ്ങേയുടെ തിരുമനസ്സു നിറവേറട്ടെ!"

അണയാൻപോകുന്ന ദീപം പെട്ടെന്നൊന്നു പ്രകാശിച്ചു അതിൻെറ മുഴുവൻ ശോഭയേയും അല്പനേരത്തേക്കു പ്രദശിപ്പിക്കുന്നതുപോലെ പ. പിതാവു ബനഡിക്ടോസ് പതിനഞ്ചാമനും തൻെറ സകല മാഹാത്മ്യത്തേയും മരണക്കിടക്കയിൽ വച്ചു സവിശേഷം പ്രദ്യോതിപ്പിച്ചു. തിരുമേനിയുടെ മരണഹേതുകമായ ആലസ്യം 1922 ജനുവരി 15-ാം തീയതിയാണു് ആരംഭിച്ചതു്. 18-ാം തീയതി മാത്രമേ അതു അന്നു സവ്വത്ര വ്യാപിച്ചിരുന്ന ഇൻഫ്ളുവൻസാ ആയിരുന്നുവെന്നു മനസ്സിലായുള്ളു. കടശി ന്യൂമോണിയായുടെ ലക്ഷണങ്ങളും കണ്ടുതുടങ്ങി. 20-ാം തീയതി വെള്ളിയാഴ്ച രോഗം അസ്സാദ്ധ്യസ്ഥിതിയിലെത്തി; എങ്കിലും, അവസാനഘട്ടംവരെ ബുദ്ധിക്കു യാതൊരു മാന്ദ്യവും ഭവിക്കയുണ്ടായില്ല. പ്രശാന്തതയും പ്രസന്നതയും സദാ മുഖത്തു സ്ഫുരിച്ചിരുന്നു. മാത്രമല്ല തനിക്കു ശുശ്രൂഷിച്ചിരുന്ന ഡോ

ക്ടർമാരാദിയായവരുടെ നേരെ വലിയ കൃതജ്ഞത പ്രദർശിപ്പിക്കയും കൂടക്കൂടെ അവർക്കു നന്ദി പറയുകയും ചെയ്തുവന്നു. രാത്രി രണ്ടുമണിക്കു സ്വയമേവ ആവശ്യപ്പെട്ടതനുസരിച്ചു തിരുപാഥേയമായി ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുത്തു. അനന്തരം മുറിയിൽ നിന്നിരുന്ന എല്ലാവരേയും മാററിനിറുത്തിയിട്ടു ഗസ്പാറി കർദ്ദിനാളുമായി 20 മിനിററുനേരത്തോളം ഒരു രഹസ്യസംഭാഷണം നടത്തി. തദവസരത്തിൽ അദ്ദേഹത്തിൻെറ അന്ത്യശാസനവും കർദ്ദിനാളിനെ ഏല്പിക്കയുണ്ടായി. പിന്നീടു തിരുമേനി ആവശ്യപ്പെട്ടപ്രകാരം കർദ്ദിനാൾ ഗസ്പാറിതന്നെ അദ്ദേഹത്തിനു ഒടുക്കത്തെ ഒപ്രുശുമാ നൽകി. ഇപ്രകാരം ബോധത്തെളിവോടും ചുററും നിന്നിരുന്നവരോടു മൃദുസ്വരത്തിൽ മാധുര്യപൂർവ്വം ഇടയ്ക്കിടെ സംസാരിച്ചുകൊണ്ടും അനന്യസാധാരണമായ സമാധാനത്തോടുകൂടി തൻെറ സ്വർഗ്ഗീയനാഥൻെറ ക്ഷണത്തെ പ്രതീക്ഷിച്ചുകൊണ്ടും പുണ്യപുരുഷൻ ശയ്യയിൽ കഴിച്ചുകൂട്ടി.

ഈ കിടപ്പിൽ ഉണ്ടായ ഒരു സംഭവം ലോകസമാധാനത്തെ അവിടന്നു എത്ര തീക്ഷ്ണതാപൂർവ്വം ആഗ്രഹിച്ചിരുന്നുവെന്നും അതിനായി എന്തു ത്യാഗമെങ്കിലും ചെയ്യുന്നതിനു എത്ര സന്നദ്ധനായിരുന്നുവെന്നും വിളിച്ചറിയിക്കുന്നുണ്ടു്. മാർപ്പാപ്പായുടെ അന്ത്യം സമീപിക്കുന്നുവെന്നു കാണുകയിൽ തങ്ങളെ അനുഗ്രഹിക്കണമെന്നു സ്വബന്ധുജനങ്ങൾ അപേക്ഷിച്ചപ്പോൾ വിറച്ചുകൊണ്ടിരുന്ന തൻെറ കരത്തെ അല്പമാത്രം ഉയർത്തുന്നതിനെ കഴിഞ്ഞുള്ളു, സ്വസ്നേഹിതന്മാരുടെ ഏവം വിധമായ അപേക്ഷയുടെ ഫലമായും മേൽപറഞ്ഞതിൽ കൂടുതൽ ഒന്നും ചെയ്യുന്നതിനു കഴിഞ്ഞില്ല. എന്നാൽ അവസാനം ലോകസമാധാനത്തിനായി ഭൂമുഖത്തെ മുഴുവനേയും ഒന്നനുഗ്രഹിക്കണമേ എന്നു അഭ്യർത്ഥിച്ചപ്പോൾ ബലഹീനനായി കിടന്നിരുന്ന പരിശുദ്ധ പിതാവു് എന്തോ ദിവ്യശക്തിയാൽ പ്രേരിതനായിട്ടെന്നോണം കട്ടിലിൽ സ്വയമേവ എഴുന്നേററിരുന്നു വത്തിക്കാനിനപ്പുറം കിടക്കുന്ന വിസ്തീർണ്ണമായ ലോകത്തെ മുഴുവൻ വീക്ഷിക്കുന്നുവോയെന്നു തോന്നുമാറു നയനങ്ങളെ ഉയർത്തി യാതൊരാലസ്യലക്ഷണവും കാണിക്കാതെ തിരുക്കരങ്ങൾ നീട്ടി മൂന്നു പ്രാവശ്യം കുരിശുവരച്ചു ആശീർവാദം നൽകി. അനന്തരം നല്ല ആരോഗ്യസ്ഥിതിയിൽ ഉണ്ടായിരുന്നിടത്തോളം തന്നെ സ്വരം ഉയർത്തി “പതിനഞ്ചാം ബനഡിക്ടോസായ നാം ലോകത്തിൻെറ സമാധാനത്തിനായി സസന്തോഷം നമ്മുടെ ജീവനെ നൽകുന്നു” എന്നരുളിച്ചെയ്തു. ഇത്രയും പറഞ്ഞു കഴി

ഞ്ഞപ്പോഴേക്കു ശക്തി തീരെ ക്ഷയിച്ചു. ബോധം മയങ്ങി കിടക്കയിലേക്കു വീണു. ഈ കിടപ്പിൽത്തന്നെ 1922 ജനുവരി 22-ാം തീയതി ഞായറാഴ്ച രാവിലെ 6 മണിയോടുകൂടി തന്റെ പാവനമായ ആത്മാവിനെ സ്രഷ്ടാവിന്റെ കരങ്ങളിൽ അർപ്പിക്കയും ചെയ്തു.

L. D. S. M.

---

# 11-ാം പീയൂസ് മാർപ്പാപ്പായുടെ പതിനേഴു കൊല്ലത്തെ ഭരണം.

---

പ. പിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുസഭാദ്ധ്യക്ഷസ്ഥാനം കൈയ്യേററതു 1922 ഫെബ്രുവരി 12-ാം തീയതി ആണു്. 17 സംവത്സരം തിരുസ്സഭയെ ഭരിച്ചു. നിരീശ്വര നീർച്ചുഴിയിൽപ്പെട്ടു് ആധുനികലോകം പരിതാപകരമായ വിധം വട്ടം കറങ്ങുന്നു. ഭയചകിതമായ ഈ പരിവർത്തനസന്ധിയിൽ ലൗകിക സ്ഥാപനങ്ങളെല്ലാം ഓരോരോ വിധത്തിൽ അധഃപതിക്കുകയാണു് ചെയ്യുന്നതു്. ഈദൃശമായ ഒരു വിപൽഘട്ടത്തിൽ തിരുസ്സഭാനൗകത്തിന്റെ അമരം പിടിച്ച ആ ധീരകപ്പിത്താന്റെ വിജയസിദ്ധികളെപ്പററി അല്പം ആരായുന്നതു് സഭാതനയർക്കു ആശ്വാസപ്രദവും സഭാവിദ്വേഷികൾക്കു വിജ്ഞാനപ്രദവും ആയിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇദാനീന്തനലോകത്തിലെ ഏററവും വലിയ മഹാനാണു് പതിനൊന്നാംപീയൂസ്. "യൂറോപ്പിലെ ഏററവും നീതിമാനായ മനുഷ്യൻ" എന്നു അകത്തോലിക്കലോകംപോലും പ. പിതാവിനെ കീർത്തിക്കുന്നു. സർവ്വലോകവും ആശ്വാസത്തിനായും മാർഗ്ഗനിർദ്ദേശത്തിനായും വത്തിക്കാനിലേക്കു തിരിയുന്നു. മി. ജോർജ്ജ് ലാൻസ്ബറിയെപ്പോലെയുള്ള രാജ്യതന്ത്രജ്ഞന്മാരും കാൻറർബറി ആർച്ചുബിഷോപ്പിനെപ്പോലെയുള്ള ഇതരമതാദ്ധ്യക്ഷന്മാരും വത്തിക്കാൻരാജന്റെ നേതൃത്വം അന്വേഷിക്കുന്നു.

പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ പതിനേഴു കൊല്ലത്തെ ഭരണം സംഭവബഹുലമാണ്. 60 കൊല്ലത്തെ പഴക്കമുള്ള 'റോമൻ പ്രശ്ന'ത്തിൻെറ അഭിമാനജനകമായ ആ തീരുമാനം തന്നെ ലോകചരിത്രത്തിനു ഒരു സുവർണ്ണാദ്ധ്യായം തുറന്നുകഴിഞ്ഞു എന്നുപറയാം. ഭാവി തലമുറകൾ കത്തോലിക്കാ പ്രവർത്തനത്തിൻെറ പാപ്പായേ ഉണ്ടോ വിസ്മരിക്കുന്നു. ആശയസംപുഷ്ടങ്ങളും പ്രൗഢഗംഭീരങ്ങളും ഉത്തമമാർഗ്ഗനിർദ്ദേശകങ്ങളും ആയ ഈ സച്ചരിതൻെറ അനേകം ചാക്രികലേഖനങ്ങൾ പരിഷ്കൃതലോകത്തെ ഹഠാദാകർഷിച്ചിരിക്കുന്നു. ഇത്രമാത്രം വിശുദ്ധന്മാരെ പേരു വിളിക്കുവാനുള്ള ഒരു മഹാഭാഗ്യം ഏതൊരു ക്രിസ്തുവികാരിക്കാണ് ഇതിനുമുമ്പ് സാധിച്ചിട്ടുള്ളത്. ക്രിസ്തുവിൻെറ പരിപാവനമായ സുവിശേഷം ധ്രുവവദ്വയ പര്യന്തം പ്രചരിപ്പിക്കുന്ന വിഷയത്തിൽ അക്ഷീണപരിശ്രമം നടത്തിക്കൊണ്ടിരുന്ന ഈ മാർപ്പാപ്പായിക്കു "മിഷ്യൻെറ പാപ്പാ" എന്ന അപരനാമം അനുയോജ്യംതന്നെ.

സർവ്വരാജ്യ മദ്ധ്യത്തിൽ വത്തിക്കാൻെറ സ്ഥാനം സർവഥാ പ്രഥമഗണനീയമാക്കിയ പതിനൊന്നാം പീയൂസിൻെറ രാജ്യതന്ത്രവിചക്ഷണത രാഷ്ട്രീയലോകം മുക്തകണ്ഠം പ്രശംസിക്കുന്നു. തിരുമനസ്സിലെ ശാസ്ത്രാഭിവൃദ്ധി പരങ്ങളായ പരിശ്രമങ്ങളും കലാപ്രണയവും ലോകപ്രസിദ്ധമാണ്. വത്തിക്കാൻെറ നവീകരണം വേറൊരു മഹൽസംഭവംതന്നെ. റേഡിയോ മുഖേന ലോകത്തിനു സന്ദേശങ്ങൾ നല്കുവാൻ സാധിച്ച പ്രഥമപാപ്പാ പതിനൊന്നാം പീയൂസല്ലയോ? ഇങ്ങനെ 11-ാം പീയൂസ്മാർപ്പാപ്പായുടെ പ്രകീർത്തനീയങ്ങളായ അപദാനങ്ങൾ നിരവധിയാണ്, വിസ്തരഭയത്താൽ അതിലേക്കു എങ്ങും പ്രവേശിക്കാതെ തിരുമനസ്സുകൊണ്ടു സാധിച്ചിട്ടുള്ള ഏററവും പ്രധാന കാര്യങ്ങളിൽ ചിലവയെപ്പററി പ്രസ്താവിക്കാം.

## തിരുവെഴുത്തുകൾ.

ലോകത്തിനു എന്നെന്നും പഠനാർഹമായ പല തിരുവെഴുത്തുകൾ പ്രസിദ്ധപ്പെടുത്തിയതാണ് പതിനൊന്നാം പീയൂസ്മാർപ്പാപ്പാ ഇതഃപരം സാധിച്ചിട്ടുള്ള മഹൽകാര്യങ്ങളിൽ ഒന്ന്. 1922 ഫെബ്രുവരി 12-ാംനു- യാണല്ലൊ തിരുമനസ്സുകൊണ്ടു പ. സിംഹാസനത്തിൽ ആരോഹണം ചെയ്തതു്. ആ ഡിസംബർ മാസം 23-ാം തീയതി മാർപ്പാപ്പാ പ്രസിദ്ധപ്പെടുത്തിയ Ubi Arcano Dei എന്നു

തുടങ്ങുന്ന ചാക്രികലേഖനമാണ് ഒന്നാമത്തെ തിരുവെഴുത്ത്. "ക്രിസ്തുവിന്റെ വാഴ്ചയിൽ ക്രിസ്തുവിന്റെ സമാധാനം" എന്നുള്ള തിരുമനസ്സിലെ വാഴ്ചയുടെ മുദ്രാവാക്യത്തിന്റെ പ്രഖ്യാപനമാണ് പ്രസ്തുത തിരുവെഴുത്തുകൊണ്ടു സാധിച്ചത്. തുടന്നു 1924 ജനുവരി 15-ാം നു- ഫ്റാൻസിലെ സഭാസ്ഥാനത്തെ പരാമർശിച്ച് Maxima gravissimaque എന്ന തിരുവെഴുത്തും 1925 ഡിസംബർ 11-ാം തീയതി രാജത്വതിരുനാൾ ഏർപ്പെടുത്തി ക്കൊണ്ടുള്ള Quasu primas എന്ന ലേഖനവും 1926 ഫെബ്രുവരി 28-ാംനു- കത്തോലിക്കാ മിഷനറിപ്രവർത്തനങ്ങളെ അധികരിച്ചുള്ള Rerum Ecclesiae എന്ന തിരുവെഴുത്തും അതേ കൊല്ലം നവംബർ 18-ാം നു- മെക്സിക്കോയിലെ മതമർദ്ദനസാഹചര്യങ്ങളെ പരാമർശിച്ചുള്ള Iniquis afflictisque എന്ന ലേഖനവും 1928 ജനുവരി 6-ാംനു- ക്രിസ്തീയ സഭകളുടെ പുനരൈക്യം സംബന്ധിച്ചുള്ള തത്വങ്ങളെ പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള "Mortalium animos" എന്ന ലേഖനവും അതേ കൊല്ലം മേയ് 5-ാംനു- നമ്മുടെ കർത്താവിനോടുള്ള പരിഹാരപ്രവൃത്തികൾക്കായി വിശ്വാസികളെ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള Miserantissimus Redemptor എന്ന ലേഖനവും അതേവർഷം സെപ്റ്റംബർ 8-ാംനു- സഭാമാതാവിൽനിന്നും അകന്നുപോയ പൗരസ്ത്യസഹോദരങ്ങളുടെ പ്രത്യാഗമനത്തെ സുഗമമാക്കുന്നതിനുവേണ്ടി പൗരസ്ത്യാചാരങ്ങളെയും നടപടികളെയും വേണ്ടവിധം പഠിക്കുന്നതിനു കത്തോലിക്കരേയും വിശിഷ്യ വൈദികരേയും ഉപദേശിച്ചുകൊണ്ടുള്ള Rerum Orientalium എന്ന ലേഖനവും 1929 ഡിസംബർ 20-ാം തീയതി ധ്യാനത്തെ അധികരിച്ചുള്ള Mens Nostra എന്ന ലേഖനവും ആ ഡിസംബർ 23-ാം തീയതി തിരുമനസ്സിലെ നവപൂജാർപ്പണത്തിന്റെ 50-ാമത്തു വാർഷികം സംബന്ധിച്ചുള്ള "Quinquagesimo anno" എന്ന ലേഖനവും അതേ ഡിസംബർ 31-ംനു- കുട്ടികളുടെ ക്രിസ്തീയ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള Divinis Illius Magistri എന്ന ലേഖനവും 1930 ഡിസംബർ 31-ംനു- ക്രിസ്ത്യൻ വിവാഹത്തെ പരാമർശിച്ചുള്ള Casti Connubii എന്ന ലേഖനവും അതേ കൊല്ലം മെയ് 15-ം തീയതി സാമുദായിക പ്രശ്നങ്ങളെ വിശകലനം ചെയ്തു കാര്യക്ഷമങ്ങളായ നിർദ്ദേശങ്ങൾ ചെയ്തുകൊണ്ടുള്ള Quadragesimo anno എന്ന ലേഖനവും അതേവർഷം ജൂൺ 29-ാംനു- കത്തോലിക്കാ പ്രവ

ത്തനത്തെ വിശദീകരിച്ചുള്ള Non abbiamo bisogno എന്ന ലേഖനവും അതേ കൊല്ലം ഒക്ടോബർ 2–ാം തീയതി സാമ്പത്തികാധഃപതനം, തൊഴിൽ രാഹിത്യം, നിരായുധീകരണം എന്നിവയെ പരാമർശിച്ചുള്ള Nova impendenta എന്ന ലേഖനവും അതേകൊല്ലം ഡിസംബർ 25–ാംനു എഫേസൂസ് സൂനഹദോസിൻെറ 15–ാംശതാബ്ദാഘോഷം സംബന്ധിച്ചുള്ള Lux Veritatis എന്ന ലേഖനവും 1932 മേയ് 3–ാംനു നമ്മുടെ കർത്താവിൻെറ തിരുഹൃദയത്തോടുള്ള പരിഹാര പ്രാർത്ഥനയ്ക്കായി വിശ്വാസികളെ ക്ഷണിച്ചുകൊണ്ടുള്ള Caritatle Christ എന്ന ലേഖനവും അതേവർഷം സെപ്റ്റംബർ 30–ംനു മെക്ക്സിക്കോയിലെ മതപീഡനത്തെ മുൻനിറുത്തിയുള്ള Acerba animi എന്ന ലേഖനവും 1933 ജൂൺ 3–ംനു സ്പെയിനിലെ മതപരമായ നിയമങ്ങളെ ക്രോഡീകരിച്ചുള്ള Dilectissima nobis എന്ന ലേഖനവും 1935 ഡിസംബർ 20–ാംനു കത്തോലിക്കപൗരോഹിത്യത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള De Sacerdotio എന്ന ലേഖനവും, 1937 മാർച്ച് 19–ാം തീയതി നിരീശ്വരപരമായ സമഷ്ടിവാദത്തപ്പററി Divini Redemptoris എന്ന ലേഖനവും അതേ കൊല്ലം മാർച്ച് 21–ാം തീയതി ജർമ്മനിയിലെ മതമർദ്ദനത്തെ പരാമർശിച്ച് ഒരു വിശ്വലേഖനവും അതേ കൊല്ലം സെപ്റ്റംബർ 29–ാം തീയതി ജപമാലയെകുറിച്ചും, അവിടുന്നു ദിവംഗതനായ 1939 ഫെബ്രുവരി 10–ാം തീയതി ഫിലിപ്പയിൻ ദ്വീപുകളിലെ കത്തോലിക്കസഭയെകുറിച്ചു ഒരു ലേഖനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**രാഷ്ട്രീയബന്ധം.**

പ്രസിദ്ധമായ റോമൻ പ്രശ്നതീരുമാനമാണ് പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ പ്രഥമ രാഷ്ട്രീയ നേട്ടം. ഇതു 1929 ഫെബ്രുവരി 11–ാംനു രൂപവൽകൃതമായ ലാത്തറാൻ സന്ധിയിൽ സ്ഥിതി ചെയ്യുന്നു. ചരിത്രപ്രസിദ്ധമായ ഈ രാഷ്ട്രീയ സംഭവത്തിനു മുമ്പ് പ. പിതാവ് 1922—ൽ ലത്തീവ്യായും 1924—ൽ ബാവേറിയായും 1925—ൽ പോളണ്ടും 1927—ൽ ലിത്തുവാനിയായും തമ്മിൽ കൊരങ്കോർദാത്തുക്കൾ രൂപവൽകരിക്കയുണ്ടായി. റുമാനിയായും പ്രഷ്യായും തമ്മിലുള്ള ഉടമ്പടി 1929–ലും ഗ്രാൻഡ്ഡച്ചി ഓ

ഫ്ബോയിഡനുമായുള്ള ഉടമ്പടി 1932-ലും ജമ്മനിയുമായുള്ള ഉടമ്പടി
1933-ലും നടന്നു. 1934-ൽ ആണ് ഓസ്ട്രിയായുമായുള്ള കൊങ്കോർ
ഡാറ്റു് രേഖാങ്കിതമാക്കിയതു്. യൂഗോസ്ലാവ്യായുമായുള്ള രാഷ്ട്
റീയബന്ധം 1935 ലാണല്ലോ നടന്നതു്. കൂടാതെ 1926-ൽ
ഫ്രാൻസും, 1928-ൽ പോളണ്ടും 1928-ൽ ചെക്കോസ്ലാവാ
ക്കിയായും 1932-ൽ റുമേനിയായും തമ്മിൽ ഓരോ പ്രത്യേക സന്ധി
രൂപവൽകരിക്കുകയും ചെയ്തിട്ടുണ്ടു്. ആകെപ്പാടെ ഈ പതിനേഴ്
കൊല്ലത്തിനകം 11-ാം പീയൂസ് പാപ്പാ 19 രാഷ്ട്റീയ സന്ധി
കൾ ഏർപ്പെടുത്തുകയുണ്ടായി. ഇത്ര പ്രശംസനീയമായ ഒരു രാഷ്
ട്റീയ വിജയം ഇതിനു മുമ്പ് ഒരു മാർപ്പാപ്പായും സാധിച്ചിട്ടില്ലെന്നു
ള്ളതു് പ്രത്യേകം സ്മരണീയമാണ്. 32 കൊല്ലത്തെ സുദീർഘഭ
രണം നടത്തിയ ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പാ
പ്പായുടെ കാലത്തു 18 രാഷ്ട്റീയ ഉടമ്പടികൾ മാത്രമെ രൂപവൽ
കരിക്കുവാൻ സാധിച്ചിട്ടൊള്ളു എന്നുകൂടി അറിയണം.

## നാമകരണങ്ങൾ.

വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധന്മാരുടെയും സംഖ്യ അത്ഭുതപൂ
ർവ്വവും അതിശയകരവും ആയവിധം പതിനൊന്നാം പീയൂസ് മാർപ്പാ
പ്പായുടെ കാലത്തു വർദ്ധിച്ചിരിക്കുന്നതു് അതിപ്രാധാന്യമേറിയ ഒരു
ചരിത്രസംഭവമാണ്. തിരുമനസ്സുകൊണ്ടു് 34 പേരെ വിശുദ്ധർ
എന്നു നാമകരണം ചെയ്തിട്ടുണ്ടു്. ആദ്യമായി പ. പിതാവിനു വിശു
ദ്ധരുടെ ഗണത്തിൽ ചേർക്കുവാൻ ഭാഗ്യം സിദ്ധിച്ചതു് ലിസ്യൂവിലെ
വി. കൊച്ചുത്രേസ്യായെ ആണ്. പിന്നീടു് ഒരു ഈശോസഭാംഗ
മായ വി. പീറ്റർ കാനിസിയസ്, അനുഗ്രഹത്തിന്റെ സഹോദരി
സംഘസ്ഥാപകയായ വി. മാർഗററ്റ് പോസ്റ്റൽ, തിരുഹൃദയ
സഹോദരീസംഘസ്ഥാപകയായ വി. മാഡെലിൻ സോഫിയബാററ്റ്
ഈശോമറിയത്തിന്റെ സന്യാസസംഘസ്ഥാപകനായ വി. ജോൺ
യൂഡ്സ്, അഗസ്തീനിയൻ സഭാംഗമായ വി. കാതറൈൻതോ
മ്മസ്, മതോപദേശസംഘത്തിന്റെ സ്ഥാപകയായ വി. ലൂസിഫി
ലിപ്പീനി, അമേരിക്കൻ വേദസാക്ഷികളായ വി. ജോൺദെബ്രീബൊ
ഫും കൂട്ടരും കർദ്ദിനാൾ ബെല്ലർമിൻ, ഫ്റയർ മൈനറായ കോർ
ട്ടിലെ വി. തിയോഫിലസ്, മഹാനായ വി. ആൽബർട്ടു്, കുരി
ശിന്റെ പുത്രീസംഘസ്ഥാപകനായ വി. ആൻഡ്രൂഹ്യൂബർട്ടു് ഫോ

ർനാറദ്, വി. ബർണർദീത്താ സുബ്റൂ, ഉപവിയുടെ സഹോദരസംഘസ്ഥാപകയായ വി. ജോവാൻ അൻടൈഡ് തോററ, ഉപവിയുടെ പുത്രീസംഘസ്ഥാപകയായ വി. ലൂസിറഡി മാരിലാക്ക്, ദിവ്യകാരുണ്യത്തിൻെറ നിത്യാരാധനാ സഹോദരീസംഘത്തിൻെറ സ്ഥാപകയായ വി. മേരി മൈക്കലാ, കമ്മലീത്താസന്യാസിനിയായ വി. തേറേസാ മാർഗററ്റ് റെഡി, മതാദ്ധ്യയന സംഘാംഗമായ വി. പോംപിലസ് മരിയാപിരോത്തി, വി. ജോസഫ് കോട്ടോലൊൻഗൊ, സലേഷൻ സഭാസ്ഥാപകനായ വി. ജോൺ ബൊസ്കൊ, കപ്പൂച്ചിൻ സഭാംഗമായ വി. കോൺറാഡ്പാഷം, ആംഗ്ലേയവേദസാക്ഷികളായ വി. തോമ്മസ്മൂർ, വി. ജോൺഫിഷർ എന്നിവരുടെയും വിശുദ്ധപദപ്രഖ്യാപനം നടത്തുവാൻ പ. പിതാവിനു ഭാഗ്യം സിദ്ധിച്ചു. ഈ വിശുദ്ധന്മാരിൽ ചിലർ തിരുമനസ്സിലെ സമകാലീനരും പ്രത്യേക സ്നേഹിതന്മാരും പലേ വിധത്തിൽ ബന്ധപ്പെട്ടവരും ആയിരുന്നു എന്നുള്ള വിവരവും ആമോദജനകം തന്നെ. ഇതിനും പുറമെ 463 പേരെ അനുഗ്രഹീതരെന്നു തിരുമനസ്സുകൊണ്ടു് പ്രഖ്യാപനം ചെയ്തിട്ടുണ്ടു്.

---

# പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്.

---

ഇന്നു ഭാസുരമായി തിരുസഭാഭരണം കൈവിളങ്ങുന്നതു് പത്രോസിൻെറ 262-ാമത്തെ പിൻഗാമി, പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമനസ്സുകൊണ്ടാണല്ലോ. ഇദ്ദേഹം റോമിൽ "പച്ചെല്ലി" എന്ന അതിപുരാതന പ്രഭുകുടുംബത്തിൽ 1876-മാർച്ച് രണ്ടാം തീയതി, ഫിലിപ്പ് പച്ചെല്ലിയുടേയും, മാതാവു് വിർജീനിയാഗ്രസിയോരെയുടേയും, ദ്വിതീയ സന്താനമായി ഭൂജാതനായി. ഇദ്ദേഹം സ്നാനാവസരത്തിൽ എവുജീനാ പച്ചെല്ലി എന്ന നാമം സ്വീകരിച്ചു. ഇദ്ദേഹത്തിനു് ഒരു സഹോദരനും രണ്ടു് സഹോദരിമാരുമാണുണ്ടായിരുന്നതു്. സഹോദരിമാർ രണ്ടുപേരും ഇപ്പോഴും റോമിൽ വസിക്കുന്നു. റോമൻ പ്രശ്നപര്യവസാനത്തിൽ 11-ാം പീയൂസിൻെറ വലംകൈ എന്ന വിധം വർത്തിച്ച പച്ചെല്ലിപ്രഭു, തിരുമനസ്സിലെ

ഏക സഹോദരനായിരുന്നു. 129 പ്രാവശ്യം ഇദ്ദേഹം മാർപ്പാപ്പായെ സന്ദർശിക്കുകയും, വത്തിക്കാൻ ഉടമ്പടി സംബന്ധിച്ചു് സംഭാഷിക്കുകയും ചെയ്തിട്ടുണ്ടു്.

എവുജിനോ പച്ചേല്ലി ബാലനായിരുന്നപ്പോൾ തന്നെ, ജീവിതം വളരെ സാമാന്യരീതിയിലും, മററുള്ളവർക്കു് മാതൃകാപരവുമായ ഒന്നായിരുന്നു. ലീസേവ്, ജിനോസിയൊ എന്നീ സ്ഥലങ്ങളിൽ സെക്കൻററിസ്കൂൾ പഠനം അവസാനിപ്പിച്ചു്, യൂണിവേഴ്സിററി പഠനം ആരംഭിക്കാറായപ്പോൾ, വൈദീകാവസ്ഥയിൽ പ്രവേശിപ്പാനുള്ള തൻെറ അഭിലാഷം, അവിടുന്നു് മാതാപിതാക്കന്മാരെ അറിയിക്കുകയും റോമിലെ "ആൽമാകപ്രോനിക്കോ" എന്ന വിദ്യാലയത്തിൽ ചേരുകയും ചെയ്തു. ശരീരസ്ഥിതി അത്ര ആശാസ്യമല്ലാതിരുന്നതിനാൽ, ഒരു കൊല്ലം കഴിഞ്ഞപ്പോൾ വീട്ടിലേക്കു് മടങ്ങി. പിന്നീട്, റോമൻ സെമിനാരിയിലെ പൊണ്ടിഫിക്കൽ യൂണിവേഴ്സിററിയിൽ ചേന്നു, തത്വശാസ്ത്രം, വേദശാസ്ത്രം, ഇരുവിധനിയമശാസ്ത്രം (സിവിൽനിയമവും, സഭാനിയമവും) പഠിച്ചു് ബിരുദങ്ങൾ സമ്പാദിച്ചു. ഒടുവിൽ ഗ്രിഗോറിയൻ സവ്വകലാശാലയിൽ പഠനം പൂത്തിയാക്കി 1899 മാച്ച്മാസത്തിൽ ഗുരുപ്പട്ടം സ്വീകരിച്ചു് മരിയമേയാരെ എന്ന സുപ്രസിദ്ധ ദേവാലയത്തിൽ നവപൂജ അപ്പിച്ചു.

പഠനം പൂത്തിയായ ശേഷം റോമൻ സെമിനാരിയിൽ നിയമവിഷയം പഠിപ്പിക്കുന്നതിനു് നിയമിക്കപ്പെട്ടു. അതിനു പുറമെ മാർപ്പാപ്പായുടെ സ്റേറററു് സെക്രട്ടറിയേററിൽ നിയമിതനുമായി. അതിനെ തുടന്നു്, 'പ്രൊഫസർ, ഓഫ് കാനൻലോ' എന്ന സ്ഥാനത്തിൽ സഭാനിയമപണ്ഡിതനായും, അസാധാരണ സഭാകാര്യങ്ങൾ നിവ്വഹിക്കുന്നതിനുള്ള പരിശുദ്ധ സിംഹാസനത്തിലെ ഉദ്യോഗസ്ഥമണ്ഡലത്തിൽ ഒന്നാമനായും ഉയത്തപ്പെട്ടു.

അസാധാരണ സഭാകാര്യസംഘത്തിൻെറ സെക്രട്ടറിയായിരുന്ന കാർഡിനാൾ 'ഗസ്പാരി' ഫാദർ പച്ചേല്ലി'യുടെ ഗുണഗണങ്ങളെല്ലാം കാലേക്കൂട്ടി മനസ്സിലാക്കിയിരുന്നതിനാൽ മുഴുവൻ സമയവും തൻെറ കൂടെ ജോലി ചെയ്വാൻ, ഫാദർ പച്ചേല്ലിയെ കിട്ടണമെന്നു്, പത്താം പീയൂസ് മാർപ്പാപ്പായുടെ അടുക്കൽ ആവശ്യപ്പെടുകയും, തദനുസരണം ഫാദർ 'പച്ചേല്ലി' സെക്രട്ടറിയേററിൽ നിയമിതനാകയും ചെയ്തു.

ഫാദർ 'പച്ചെല്ലി' ആദ്യം അണ്ടർ സെക്രട്ടറിയായും, പിന്നീട് പ്രൊ സെക്രട്ടറിയായും ഉയർത്തപ്പെട്ടു. ഇങ്ങനെ ഇരിക്കുമ്പോഴാണ് പത്താം പീയൂസ് കാലം ചെയ്തതു്. അനന്തരഗാമിയായി വന്ന പതിനഞ്ചാം ബനദിക്തൊസ് തിരുമനസ്സുകൊണ്ടു് മോൺസിഞ്ഞോർ പച്ചെല്ലിയെ തന്റെ പ്രൈവററ് സെക്രട്ടറിയായി നിയമിച്ചു. ലോകമഹായുദ്ധത്തിന്റെ തുടസം അക്കാലത്തായിരുന്നല്ലോ. മഹായുദ്ധം മോൺസിഞ്ഞോർ പച്ചെല്ലിയുടെ ഗുണങ്ങളും, ശേഷികളും, കഴിവുകളും ലോകസമക്ഷം പ്രത്യക്ഷമാക്കി. 1917 ആദ്യത്തിൽ ബവേറിയായിലെ നൺഷിയോ സ്ഥാനം ഒഴിവായപ്പോൾ, മോൺ. പച്ചെല്ലിക്കല്ലാതെ ആ സ്ഥാനത്തെ ശേഷിയോടെ വഹിപ്പാൻ സാധിക്കയില്ലെന്നു് പ. പിതാവും, കാർഡിനൽ ഗസ്പാരിയും കാണുകയാൽ, അദ്ദേഹത്തെ ആ സ്ഥാനത്തു് നിയമിച്ചു. പരി. സിംഹാസനത്തിങ്കലേക്കു്, ജമ്മനിയുമായുള്ള സകല എടപാടുകളും നടത്തുന്നതു് ഈ ബവേര്യൻ സ്ഥാനാപതിമൂലമായിരുന്നതിനാലും, ജമ്മനി മഹായുദ്ധത്തിൽ ഏപ്പെട്ടുകയാലും അന്നത്തെ ബവേര്യൻ സ്ഥാനപത്യനിർവ്വഹണം, അത്യധികമായ ബുദ്ധിശക്തിയും ശേഷിയും ആവശ്യപ്പെടുന്ന ഒന്നായിരുന്നു.

മോൺ. പച്ചെല്ലിയെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തന്നെ സാർസിയിലെ ടീറവലർആർച്ചുബിഷോപ്പായി സിസ്റ്റൈൻ കപ്പേളയിൽ വെച്ചു് 1917 ഏപ്രിൽ 23-ാംനു- അഭിഷേകം കഴിച്ചു് ജമ്മനിയിലേക്കയച്ചു.

പുതിയ ഉദ്യോഗം ചാർജ്ജെടുത്തു കഴിഞ്ഞപ്പോൾ മനുഷ്യവർഗ്ഗചരിത്രത്തിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന പ്രസ്തുത മഹായുദ്ധത്തിൽ തനിക്കൊരു പ്രധാന ഭാഗം വഹിക്കേണ്ടതുണ്ടെന്നു് അദ്ദേഹത്തിനു് മനസ്സിലായി. 1917 ആഗസ്റ്റിൽ മാർപ്പാപ്പാ തിരുമനസ്സിലെ സമാധാന സന്ദേശവുമായി മോൺ. പച്ചെല്ലി കൈസറിനെ സമീപിച്ചു.

ഇതിലും വിപൽക്കരമായ വേറൊരു സന്ദർഭം അദ്ദേഹത്തിനു് നേരിട്ടു. അതു് കുത്ത്എയിസ്ററനിലെ കലാപമായിരുന്നു. കലാപക്കാരിൽ ഒരുവനോടു് സംസാരിക്കുമ്പോൾ വ്യത്യസ്താഭിപ്രായം പുറപ്പെടുവിച്ചു എന്നുള്ള സംഗതിക്കു് അയാൾ കൈത്തോക്കെടുത്തു്

അവിടത്തെ നെഞ്ചത്തു് മുട്ടിച്ചുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ആ അവസരത്തിൽ അദ്ദേഹം വെടിവെക്കുന്നതിനായി നെഞ്ചു കാണിച്ചുകൊടുക്കയാണു് ചെയ്തതു്.

ആ കലാപങ്ങൾ കഴിഞ്ഞതിനോടെ പുതിയ ഭരണവ്യവസ്ഥിതിയും സംജാതമായി. 1925-ൽ ബവേറിയയുമായും, 1929-ൽ പ്രഷ്യയുമായും ഓരോ കൊൺകർദത്തുടമ്പടികൾ ചെയ്തു. (കൊൺകർദത്തുടമ്പടി എന്നു പറയുന്നതു് തിരുസിംഹാസനവും ഏതെങ്കിലും ഒരു രാജ്യവുമായി ചെയ്യുന്ന ഒരുടമ്പടിയാണു്) അതിനു പുറമെ, ബോഡൻ, ടെൻബെർഗ്ഗ് എന്ന രാജ്യങ്ങളുമായും ഓരോ ഉടമ്പടി നടത്തുവാൻ തിരുമനസ്സുകൊണ്ടു് പരിശ്രമിച്ചിട്ടുണ്ടു്.

പന്ത്രണ്ടു വർഷത്തെ അത്യദ്ധ്വാനത്തിനു ശേഷം മോൺ. പച്ചെല്ലി നൺസിയോ സ്ഥാനം രാജിവെച്ചു് 1929 ആരംഭത്തിൽ റോമയിൽ തിരിച്ചെത്തി. 11-ാം പിയൂസ് തിരുമനസ്സുകൊണ്ടു് മോൺ. പച്ചെല്ലിയെ ഉടൻതന്നെ കർട്ടിനാൾ സ്ഥാനത്തേക്കുയർത്തി. ഇതിനെ തുടർന്നു് കർട്ടിനാൾ പച്ചെല്ലി സ്റ്റേററു സെക്രട്ടറിയായി നിയമിക്കപ്പെട്ടു. ഈ ഔന്നത്യനിലയിലുള്ള പച്ചെല്ലി കർട്ടിനാളിന്റെ സേവനം തിരുസഭാചരിത്രത്തിൽ തങ്കലിപികളാൽ ലേഖനം ചെയ്യത്തക്കതുതന്നെ. 1930-ൽ ഇററാല്യ ഗവമ്മെണ്ടുമായി ഒരുടമ്പടിയും 1932-നവംബർ 10-ാംനു- ബോഡൻ പ്രവിശ്യയുമായും 1935 ജൂലൈ 20-ാം തീയതി ജമ്മനിയായും, 1934 ജൂൺ 5-ാംനു- ആസ്ത്രിയായും, 1935 ജൂലൈ 20-ാംനു- യൂഗോസ്ലാവിയായും ഓരോ കൊൺകർദാത്തുടമ്പടികളും തിരുമനസ്സുകൊണ്ടു് നടത്തി. പേപ്പൽ സെക്രട്ടറിയായി 9 വർഷക്കാലം തിരുമനസ്സുകൊണ്ടു് ജോലി നിവ്വഹിച്ചു. ഇക്കാലത്തുതന്നെ 1934 'അർജൻറീനായിൽ നടന്ന അഖിലലോക ദിവ്യകാരുണ്യ സമ്മേളനത്തിലും 1935-ൽ ലൂർട്ടിൽ നടന്ന 19-ാം ശതാബ്ദാവസാന മഹാമഹത്തിലും; 1936 ബുഡാപെസ്ററിൽവെച്ചു നടന്ന സവ്വദേശീയ ദിവ്യകാരുണ്യ സമ്മേളനത്തിലും; 1937-ൽ ലിസ്യൂബസ്സിലിക്കായുടെ ഉൽഘാടനവസരത്തിലും അദ്ദേഹം മാർപ്പാപ്പായുടെ പ്രതിനിധിയായി സ്ഥാനമലംകരിച്ചു. ഈ അവസരങ്ങളിൽ 11-ാം പീയൂസ് നമ്മുടെ ഏററവും പ്രിയപ്പെട്ട കർട്ടിനാൾ എന്നാണു് ഇദ്ദേഹത്തെ സംബോധന ചെയ്തിരുന്നതു്.

1939 ഫെബ്രുവരി 10-ാം തീയതി 11-ാം പീയൂസ് ദിവംഗതനായി. അടുത്ത മാർപ്പാപ്പായെ തിരഞ്ഞെടുക്കുവാനുള്ള കോൺക്ലേവ് (കർദ്ദിനാളന്മാരുടെ ആലോചനാസംഘം) മാർച്ച് രണ്ടാം തീയതി ആരംഭിച്ചു. അന്നു തന്നെ 3 തവണ തിരഞ്ഞെടുപ്പു് നടത്തുകയും മൂന്നാം പ്രാവശ്യം കർദ്ദിനാൾ പച്ചെല്ലി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തിരുമനസ്സിലേക്കു് 62 കർദ്ദിനാളന്മാരിൽ 61 പേരുടെയും സമ്മതിദായകം സിദ്ധിച്ചു എന്നു് വിചാരിക്കുന്നതിൽ അസാംഗത്യമില്ല. അപ്രകാരം തന്നെ വിശ്വസിക്കപ്പെടുകയും ചെയ്യുന്നു. മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട ഉടൻ തിരുമനസ്സുകൊണ്ടു് പീയൂസ് 12-ാമൻ എന്ന നാമം സ്വീകരിക്കുകയും "നീതിയേ ശാന്തിജനകം" എന്ന ആപ്തവാക്യം മുദ്രാവാക്യമായി എടുക്കയും ചെയ്തു. മാർച്ച് പന്ത്രണ്ടാം തീയതി കിരീടധാരണ മഹാമഹം ആഘോഷിക്കപ്പെട്ടു.

ധാർമ്മികസാമ്രാട്ടായി തിരഞ്ഞെടുക്കപ്പെട്ടിട്ടു് 24 മണിക്കൂർ തികയുന്നതിന് മുമ്പ് തന്നെ അവിടത്തെ പൈതൃക ഹൃദയത്തിൽനിന്നും പുറപ്പെട്ട ഒന്നാമത്തെ ആശംസയും, ആശിസ്സും സർവ്വലോകത്തിനും സമാധാനം അഭിലഷിച്ചുകൊണ്ടുള്ളതായിരുന്നു. തുടന്നു് ഇന്നത്തെ യുദ്ധത്തെ തടയുന്നതിനു് വേണ്ടി യുദ്ധം പൊട്ടിപ്പുറപ്പെട്ട ദിവസം വരെ അക്ഷീണം പരിശ്രമിച്ചു. പക്ഷെ ഫലം ഉണ്ടായില്ല. എങ്കിലും വിപദിധൈര്യനാകാതെ സമാധാനത്തിൽ യുദ്ധം കലാശിപ്പിക്കുന്നതിനു് നിരന്തരം പരിശ്രമിച്ചുകൊണ്ടുതന്നെയിരിക്കുന്നു. 1940 ജൂലൈ മാസത്തിൽ അവിടുന്നു് സകല കത്തോലിക്കരോടും ലോകസമാധാനാർത്ഥം പ്രാർത്ഥിക്കുന്നതിനുപദേശിച്ചു. 1940 നവംബർ 24-ാംനു- ലോകത്തിലുള്ള സകല പട്ടക്കാരും ലോകസമാധാനാർത്ഥം ബലി അർപ്പിക്കണമെന്നു് അവിടുന്നു് നിർദ്ദേശിച്ചു. യുദ്ധം ആരംഭിച്ചതിനോടുകൂടി അവിടത്തെ ജീവിതചര്യയിലും തിരുമനസ്സുകൊണ്ടു് വലുതായ വ്യത്യാസം വരുത്തുകയുണ്ടായി. സ്വന്ത ജീവനെ തന്നെയും ലോകസമാധാനാർത്ഥം സമർപ്പിക്കുകയും നിലത്തു് കിടക്കുകയും കഠിന പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കയും ചെയ്യുന്നു. അവിടുന്നു് ഈ ഏക ഉദ്ദേശത്തിന്നായി ദിവസവും ദിവ്യപൂജ അർപ്പിക്കുകയും രാത്രിയാരാധന നടത്തുകയും ചെയ്യുന്നു. പോരാ, ആഴ്ചയിൽ ഒരിക്കൽ രഹസ്യമായി വി. പത്രോസിന്റെ ദേവാലയത്തിൽ ചെന്നു് പ്രാർത്ഥനാദികളെ നടത്തുന്നു.

സമാധാനത്തിന്നായി അഭ്യർത്ഥിക്കുന്നതോടുകൂടി അതിനുള്ള മൂലതത്വങ്ങളെക്കൂടിയും അവിടന്നു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവയാകട്ടെ 1) സകല ജാതികൾക്കും അവർ വലിയവരോ ചെറിയവരോ ശക്തരോ, അശക്തരോ എന്ന വ്യത്യാസം കൂടാതെ സ്വൈരമായി ജീവിക്കുന്നതിന്നു് അവകാശം അംഗീകരിച്ചു് കൊടുക്കുക.

2) എല്ലാവരും യോജിച്ചു് യഥാർത്ഥമായ നിരായുധീകരണതത്വം സ്വീകരിച്ചു് അതിനെ ക്രമശ: പ്രവൃത്തിയിൽ വരുത്തുക.

3) ഉടമ്പടികളെ വിശ്വാസപൂർവ്വം നിർവ്വഹിക്കുന്നതിന്നു വേണ്ട സൌകര്യങ്ങളെ പ്രദാനം ചെയ്യുന്നതിനും, ആവശ്യമെന്നു് തോന്നുമ്പോൾ ഉടമ്പടികളെ വേണ്ട ഭേദഗതികൾ വരുത്തി പുതുക്കുന്നതിന്നു് പര്യാപ്തമായ വ്യവഹാരികസ്ഥാപനകളെ ഏർപ്പെടുത്തുക.

4) ജാതികളുടേയും ജനങ്ങളുടേയും യഥാർത്ഥങ്ങളായ ആവശ്യങ്ങളേയും നീതിപൂർവ്വങ്ങളായ അഭ്യർത്ഥനകളേയും പററി ഉദാരമനസ്സോടെ പര്യാലോചിച്ചു് അവർ പരസ്പരം ചെയ്തിട്ടുള്ള സന്ധിവ്യവസ്തകളെ ആധാരമാക്കി സമാധാനപൂർവ്വം ജീവിക്കുന്നതിന്നു് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുക.

5. ഭരണകർത്താക്കളിലും ഭരണീയരിലും ഉത്തരവാദിത്വബോധം ഉളവാക്കി അവർ അന്യോന്യം ചെയ്തിട്ടുള്ള സന്ധിവ്യവസ്ഥകളെ പാലിക്കുന്നതിന്നു വേണ്ട പ്രാമാണ്യതയും ബാദ്ധ്യതയും ഉൽഭവിപ്പിക്കുക.

ആകാശകപ്പലിൽ വിദൂരസഞ്ചാരം ചെയ്തിട്ടുള്ള പത്രോസിന്റെ പ്രഥമ പിൻഗാമി എന്ന സ്ഥാനം 12-ാം പീയൂസ് തന്നെ സമാർജ്ജിക്കുന്നു. 1938 ഒക്ററോബറിൽ തിരുമേനി 6 ദിവസംകൊണ്ടു 8000 മൈൽ ആകാശത്തിൽകൂടി പറക്കയും, അമേരിക്കാ ഭൂഖണ്ഡം സന്ദർശിക്കയും ചെയ്തു. ഒരു മാർപ്പാപ്പായുടെ കിരീടധാരണമഹാമഹം പ്രമാണിച്ചു് അമേരിക്കൻ ഐക്യസംസ്ഥാനം ഒരു പ്രതിനിധിയെ അയക്കുകയെന്നുള്ളതും, ഇദ്ദേഹത്തിന്റെ കിരീടോത്സവത്തിൽ മാത്രമെ നടന്നിട്ടുള്ളു. 9 വിവിധഭാഷകളിൽ തിരുമനസ്സിലേക്കു നല്ല വ്യുൽപത്തിയുണ്ടു്. 1936-ൽ റോമിൽവെച്ചു നടന്ന കത്തോലിക്കാ പ്രസിദ്ധീകരണമഹാസമ്മേളനത്തിൽ തിരുമനസ്സുകൊണ്ടു് പ്രസംഗിച്ചപ്പോൾ, ഇററാല്യൻ ഭാഷകളിൽ തുടങ്ങി, ഫ്റഞ്ചു്, സ്പാനീഷ്, പോർട്ടുഗീസ്, ജർമ്മൻ, ഇംഗ്ലീഷ് എന്ന ഭാഷകളിൽ യഥാക്രമം തുടർന്നു് ലാററിൻ ഭാഷയിൽ അവസാനിപ്പിച്ചു.

പുണ്യവാൻ കർദ്ദിനാൾ, സുവർണ്ണവക്താവായ കർദ്ദിനാൾ, കുഞ്ഞുങ്ങളുടെ കർദ്ദിനാൾ, രാജ്യതന്ത്രജ്ഞൻ കർദ്ദിനാൾ, ഭാഷാവരം കിട്ടിയ കർദ്ദിനാൾ, എന്ന പല അപരനാമങ്ങളാലാണ് ലോകം തിരുമേനിയെ സംബോധനം ചെയ്തിരുന്നതു്. ദൈവദൂതതുല്യനായ പാപ്പാ എന്ന പ്രവചനപ്രസിദ്ധമായ വേറൊരപരനാമവും അവിടത്തേക്കിപ്പോഴുണ്ടു്

തിരുമനസ്സുകൊണ്ടു് "സൂമീപൊന്തിഫിച്ചി" എന്ന ചാക്രീകലേഖനം 1939 ഒക്ടോബർ 20-ാം തിയതിയും, "ബെർത്തുംലെററിസിയെസാൻക്ത്തെ" എന്ന വിശ്വലേഖനം 1939 നവംബർ 1-ാം തീയതി അമേരിക്കൻ കത്തോലിക്കരെ പ്രത്യേകമുദ്ദേശിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്......................

---

# കേരളീയകത്തോലിക്കാസഭ.

## I

പരിശുദ്ധ പിതാവായ 11-ാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു് (Romani Pontifices) "റൊമാനി പൊന്തിഫിച്ചസ്" എന്ന തിരുവെഴുത്തിൽ പ്രസ്താവിക്കുന്നതുപോലെ "കേരളീയസഭയുടെ ഉൽപ്പത്തി" മാർ തോമ്മാശ്ലീഹായിൽ നിന്നു് സുവിശേഷപ്രകാശം സ്വീകരിച്ച അതിപുരാതനങ്ങളായ ക്രൈസ്തവസമുദായങ്ങളിൽ നിന്നാകയാൽ പൌരസ്ത്യസഭകളുടെ ഗണത്തിൽ ഉൽകൃഷ്ടമായ സ്ഥാനത്തു് അതു സ്ഥിതിചെയ്യുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ, പുരാതന രേഖകൾ സാക്ഷിക്കുന്നതുപോലെ, മ്ശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം ഭാരതത്തിൻെറ പരിസരപ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചശേഷം ഒടുവിൽ ക്രിസ്തുവർഷം 52-ൽ ഇൻഡസ്നദിയുടെ മറുകരയിലുള്ള ഉപദ്വീപിലേക്കു പര്യടനം ചെയ്തു് അവിടെ, സൌഭാഗ്യസ്മരണാർഹനും കുശാഗ്രബുദ്ധിയുമായ 13-ാം ലിയോ മാർപ്പാപ്പാ "ഹുമാനെ സലൂത്തിസ് അവുക്ത്തോർ" (Humanae Salutis Auctor) എന്ന തൻെറ തിരുവെഴുത്തിൽ രേഖപ്പെ

ട്ടത്തിയിരിക്കുന്നതുപോലെ "ഏററം വിഷമകരമായ യാത്ര കഴിച്ച്, വളരെ അസാധാരണങ്ങളായ ബുദ്ധിമുട്ടുകൾ സഹിച്ച്, അവിടെയുള്ള ജനങ്ങളെ ഇദംപ്രഥമമായി ക്രിസ്തുമതതത്വത്തിൻെറ വെളിച്ചത്താൽ പ്രശോഭിപ്പിക്കയും തൻെറ രക്തം ആത്മാക്കളുടെ പരമപാലകന് സാക്ഷിയായി നൾകുകയും ചെയ്തശേഷം സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു".

എന്നാൽ മാർത്തോമ്മാശ്ലീഹായുടെ സ്മരണ അദ്ദേഹത്തിൻെറ ശ്രേയസ്ക്കരമായ മരണശേഷവും ഭാരതത്തിൽ നിലനിന്നു. ഈ പൂജ്യ അപ്പസ്തോലൻെറ പ്രസംഗത്തിൻെറയും വേദസാക്ഷിത്വത്തിൻെറയും പാരമ്പര്യം കേരളസഭയിലാണ് പ്രത്യേകവിധമായി നിലനിന്നതു്. ഇവിടത്തെ ക്രിസ്തീയവിശ്വാസികൾ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന് എല്ലാക്കാലത്തും വിളിക്കപ്പെട്ടിരുന്നു. എന്നല്ല ഈ അഭിധാനത്താൽ അവർ മാത്രമെ അറിയപ്പെടുന്നുള്ളു. ഈ മഹനീയ ശ്ലീഹായാൽ സ്ഥാപിതമായ കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, കോക്കമംഗലം, കോട്ടക്കാവു്, പാലയൂർ എന്നീ ദേവാലയങ്ങൾ ഇന്നും ഇവിടെ കാണാവുന്നതാണ്. ഇദ്ദേഹത്തിന് പ്രതിഷ്ഠിച്ചിട്ടുള്ള അതിപുരാതനങ്ങളായ അനേക ദേവാലയങ്ങൾ അവരുടെ ഇടയിലുണ്ടു്. കൂടാതെയും സുപ്രസിദ്ധനായ ഡോക്ടർ മിൽഗാനാ പ്രസ്താവിക്കുന്നതുപോലെ വി. തോമ്മാശ്ലീഹായെപ്പററി പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിൻെറ നാമത്തെ ഭാരതവുമായി ഘടിപ്പിക്കാത്ത ഒരു ചരിത്രകാരനെയാവട്ടെ, ഒരു കവിയെയാവട്ടെ, ഒരു പ്രാത്ഥനപുസ്തകത്തെയാവട്ടെ, ഒരാരാധനക്രമത്തെയാവട്ടെ കണ്ടെത്തുക അസാദ്ധ്യമാണ്.

മാർത്തോമ്മാശ്ലീഹാ കത്തോലിക്കാസഭയെ കേരളത്തിൽ സ്ഥാപിച്ചതോടുകൂടി പ്രസ്തുത സഭക്ക് ഒരാരാധനക്രമവും പ്രദാനം ചെയ്തു എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ആദിമശതാബ്ദങ്ങളിൽ പൌരസ്ത്യരാജ്യങ്ങളിൽ ഏററം പരിഷ്കാരവും പ്രചാരവും സിദ്ധിച്ചിരുന്ന ഭാഷ പൌരസ്ത്യസുറിയാനി (കൽദായസുറിയാനി) യായിരുന്നു. കേരളീയർക്കു സുറിയാനിക്കാരുമായുണ്ടായിരുന്ന കച്ചവടബന്ധംമൂലം മാർതോമ്മാശ്ലീഹായുടെ കാലത്തുതന്നെ പ്രസ്തുത ഭാഷ ഇവിടെ സുപരിചിതമായിരുന്നു. ഇതിനും പുറമെ പൌരസ്ത്യസുറിയാനിയിലുള്ള ആരാധനക്രമത്തിൻെറയല്ലാതെ മററു യാതൊരാരാധനക്രമത്തിൻെറയും പുരാതനമായ അവശിഷ്ടങ്ങൾ കേരളത്തിൽ കാണ

പ്പെടുന്നില്ല. ഇവയെല്ലാം കേരളീയസഭയുടെ ആരംഭം മുതല്ക്കുള്ള ആരാധനക്രമം പൌരസ്ത്യസുറിയാനിഭാഷയിൽ (കൽദായസുറിയാനി) നടത്തപ്പെട്ടിരുന്നു എന്നനുമാനിക്കുവാൻ തക്ക തെളിവുകളാകുന്നു.

ആദ്യകാലങ്ങളിൽ കേരളത്തിനു് പേർഷ്യ, മെസ്സപ്പട്ടോമിയാ, ഗ്രീസ് മുതലായ രാജ്യങ്ങളുമായി കച്ചവടബന്ധമുണ്ടായിരുന്നു എന്നു് മുൻ സൂചിപ്പിച്ചുവല്ലൊ. തൻമൂലം വിദേശങ്ങളിൽ നിന്നു് സുറിയാനിക്കാർ ഇവിടെ കുടിയേറി പാർത്തു വന്നിരുന്നു. ഇപ്രകാരം 345-ൽ പരദേശസുറിയാനിക്കാരായ കുറെ ആളുകൾ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ മാർ യൌസേപ്പെന്ന മെത്രാനോടും ഏതാനും വൈദികരോടുംകൂടി കേരളത്തിൽ വന്നിറങ്ങി. അനന്തര നൂററാണ്ടുകളിലും വിദേശസുറിയാനിക്കാർ ഇവിടെ കുടിയേറി പാർത്തിട്ടുണ്ടു്. ഇവരെല്ലാവരും കേരളത്തിലെ ബ്രാഹ്മണതുല്യരും സാമൂഹ്യനിലയിൽ അത്യുച്ചാവസ്ഥയിലിരുന്നവരുമായ സുറിയാനിക്കാരുമായി സമ്മിശ്രമായിതീർന്നു. കൃഷി, കച്ചവടം, വ്യവസായം, സൈനികായോധനം എന്നിവയിൽ അന്നു് കേരളത്തിൽ എല്ലാംകൊണ്ടും മുന്നണിയിൽ നിന്നിരുന്നതു് സുറിയാനി കത്തോലിക്കരായിരുന്നു. ഏതൽമൂലം കേരളത്തിലെ രാജാധികാരികൾ അവർക്കു വളരെ സ്ഥാനമാനങ്ങളും പദവികളും നൾകിയിട്ടുണ്ടു്. ചെമ്പോട്ടുകൾമൂലം സുറിയാനിക്കാർക്കു സിദ്ധിച്ചിട്ടുള്ള 72 പദവികൾ ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണു്.

മാർത്തോമ്മാശ്ലീഹാ ശൂലാരോഹിതനായി പരിപാവനമായ തൻെറ രക്തം സ്വശിഷ്യർക്കായി ചിന്തി വീരസ്വർഗ്ഗം പ്രാപിക്കുന്നതിനു മുമ്പായി കേരളസഭയെ ഭരിക്കുന്നതിനായി ഏതദ്ദേശികരായ വൈദികരെയും, വൈദികമേലദ്ധ്യക്ഷന്മാരേയും നിയമിച്ചതായ് പാരമ്പര്യമുണ്ടു്. എന്നാൽ ഈ വൈദികമേലദ്ധ്യക്ഷ പരമ്പര എന്നു്, എങ്ങിനെ അവസാനിച്ചു എന്നു് നിർണ്ണയിക്കുവാൻ തക്ക ചരിത്രരേഖകളൊന്നും നമുക്കില്ല. ഒരു പക്ഷെ മഹാ പണ്ഡിതനും വിശുദ്ധനുമായ പന്തേനൂസിനെ കേരളത്തിലേക്കാനയിച്ച മതപീഡനമായിരിക്കാം ഇതിൻെറ ഹേതു. ഏതായാലും നാലാം നൂററാണ്ടോടുകൂടി എങ്കിലും കേരളീയസഭ പൌരസ്ത്യരായ വിദേശസുറിയാനി വൈദിക മേലദ്ധ്യക്ഷന്മാരെ ആശ്രയിച്ചുതുടങ്ങി.

അന്നു് പൌരസ്ത്യസഭകളെല്ലാം അന്തിയോക്കിയാ പാത്രിയർക്കീസിനു് വിധേയമായിരുന്നു. തന്മൂലം കേരളസഭയും അന്തിയോ

ക്കിയാ പാത്രിയക്കീസിൻ്റ് കീഴിലായിരുന്നു എന്നതിന് സംശയമില്ല. എന്നാൽ കേരളീയസഭ പേർഷ്യക്കും പേർഷ്യ ബാബേൽ സിംഹാസനം വഴിയും അല്ലാതെയുമാണ് അന്ന് റോമ്മാ ഐക്യത്തിൽ വർത്തിച്ചിരുന്ന അന്തിയോക്കിയാ പാത്രിയക്കീസിന് കീഴ്പെട്ടിരുന്നതു്.

എ. ഡി. 325-ൽ നിക്കിയായിൽ സമ്മേളിച്ച പ്രഥമ സാർവത്രിക സൂനഹദോസു നടപടികളിൽ "ഇൻഡ്യയുടെയും പേർഷ്യയുടെയും മെത്രാനായ മാർ യോഹന്നാൻെറ" ഒപ്പ് കാണുന്നുണ്ട്. കേരളത്തിലെ ആലങ്ങാട്ട്, മുട്ടചിറ, കോട്ടയം മുതലായ പുരാതന പള്ളികളിൽ ഇന്നും സൂക്ഷിക്കപ്പെടുന്നതും പല്ലവിലിഖിതങ്ങളുള്ളവയും ഇല്ലാത്തവയുമായ പേർഷ്യൻ കുരിശുകളും 9-ാം ശതാബ്ദത്തിലേതെന്ന് വിശ്വസിക്കപ്പെടുന്ന കൊല്ലം ചെമ്പേടിൽ കാണുന്ന ഒൻപതു പേർഷ്യൻ നാമങ്ങളും കേരളീയസഭ ഇക്കാലഘട്ടങ്ങളിൽ പേർഷ്യൻ സിംഹാസനത്തിനധീനമായിരുന്നു എന്നനുമാനിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. കൂടാതെയും 535-ൽ കേരളം സന്ദർശിച്ച കോസ്മോസ് എന്ന ദേശസഞ്ചാരിയുടെ വിവരണത്തിൽ "പേർഷ്യാ അധികാരത്താൽ നിയമിക്കപ്പെടുന്ന മെത്രാന്മാരെ ഇവിടെ കണ്ടതായി" അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

ഇനി ബാബേൽ അഥവാ സെലൂക്കിയാ സിംഹാസനവും കേരളസഭയും തമ്മിലുള്ള ബന്ധത്തെ പരിശോധിക്കാം. ബാബേൽ അന്തിയോക്കിയായുടെ കീഴിലായിരുന്നു. കാസോലിക്കായെ വാഴിച്ചുകൊണ്ടുള്ള ഒരുതരം സ്വയംഭരണം അന്തിയോക്കിയായിൽനിന്നു് അന്നു് ബാബേലിന് അനുവദിക്കപ്പെട്ടിരുന്നു. 410-ൽ ബാബേലിൽ നടന്ന സൂനഹദോസിൽ വച്ചു് പേർഷ്യ സഭ ബാബേൽ സിംഹാസനത്തിൻെറ മേധാവിത്വം സ്വീകരിച്ചു. ഇതോടെ കേരളീയസഭയും ബാബേലിനധീനമായി.

എന്നാൽ ബാബേലും അന്തിയോക്കിയായും തമ്മിലുണ്ടായിരുന്ന ബന്ധമെന്തായിരുന്നു? 424-ൽ ബാബേൽ കാസോലിക്കായായ ദാദീശോ മക്കബത്തായിൽ വച്ചു നടത്തിയ സൂനഹദോസിൽവച്ചു് അന്തിയോക്കിയയുടെ മേധാവിത്വം പരിത്യജിക്കയും, പാത്രിയക്കീസെന്ന സംജ്ഞ സ്വയം സ്വീകരിക്കയും ചെയ്തു, ഏറെത്താമസിയാതെ ഈ സഭ നെസ്തോറിയൻ പാഷണ്ഡതയിൽ അധഃപതിച്ചു. എങ്കിലും കത്തോലിക്കാ വിശ്വാസത്തിൽ സ്ഥിരമായി നിന്നു് എഫേസൂസ് സൂ

നഹദോസ് സ്വീകരിച്ചിരുന്ന പലരും അവിടെ ഉണ്ടായിരുന്നു. ഇവർ അന്തിയോക്കിയായുടെ അധികാരം അംഗീകരിച്ചിരുന്നു.

410-ൽ പേർഷ്യൻ സഭ ബാബേലിനു് കീഴ്പ്പെട്ടെങ്കിലും അവസരം കിട്ടുമ്പോഴെല്ലാം ബാബേലിനോട്ടു് മത്സരിച്ചുകൊണ്ടിരുന്നു. ബാബേലിനോടുള്ള ഈ മത്സരം നിമിത്തം പേർഷ്യക്കു് ഭാരതസഭയിലുണ്ടായിരുന്ന അധികാരത്തിനു് സാരമായ ഹാനി തട്ടുകയുണ്ടായി. എന്തെന്നാൽ പേർഷ്യായുടെ മത്സരം നിമിത്തം ബാബേൽ പാത്രിയക്കീസായ (കാസോലിക്കാ) ശ്ലീബാസ്കാ (714_728) ഭാരതസഭക്കു് മെത്രാപ്പോലീത്താ സ്ഥാനം പ്രദാനം ചെയ്തു. കൂടാതെ ഈ കാലഘട്ടത്തിൽ തന്നെ തീമാത്തേവൂസ് പാത്രിയക്കീസ് ഭാരതസഭ ബാബേൽസിംഹാസനത്തിനു് മാത്രം വിധേയമായിരുന്നാൽ മതി എന്നു് തിരുമാനിച്ചിരുന്നു.

ബാബേൽ പാത്രിയക്കീസ് ഇപ്രകാരം ഭാരതസഭയുടെ മേൽ അധികാരം നടത്തിയിരുന്ന സമയത്തുതന്നെ അന്തിയോക്കിയാ പാത്രിയക്കീസും പ്രസ്തുത സഭയെ അവകാശപ്പെട്ടിരുന്നു. ബാബേൽ സിംഹാസനം നെസ്തോറിയൻ പാഷണ്ഡതയിൽ അധ:പതിച്ചതിനു ശേഷവും അന്തിയോക്കിയായിക്കു കീഴ്പ്പെട്ടിരുന്ന ഒരു കാതോലിക്കാ അവിടെ ഉണ്ടായിരുന്നു എന്നു് മുൻ പ്രസ്താവിച്ചുവല്ലൊ. ഈ കാതോലിക്കായുടെ അധികാരത്തിൽ പെട്ടതായിരുന്നു ഭാരതസഭയും എന്നനുമാനിക്കുന്നതിനു, പലേ ചരിത്രലക്ഷ്യങ്ങളുമുണ്ടു്.

അന്തിയോക്കിയായിലെ ഗ്രീക്കു പാത്രിയക്കീസായ പത്രോസ് 1050-ൽ റോമ്മാ ഐക്യത്തിലിരുന്ന ഗ്രാദൂസിലെയും, അക്വിലേയായിലേയും പാത്രിയക്കീസായ ദൊമിനീക്കൂസിനയച്ച ഒരു ലേഖനത്തിൽ പറയുന്നതു്, "അദ്ദേഹത്തിൻെറ അധികാരം ഇൻഡ്യാ വരെ എത്തിയിരുന്നെന്നും ബാബേലിനും മററു പ്രദേശങ്ങൾക്കും അദ്ദേഹം ഒരു കാസോലിക്കായെ അഭിഷേചിച്ചിരുന്നു" എന്നുമാകുന്നു. "12-ാം ശതാബ്ദത്തിനു ശേഷം പതിനഞ്ചു പ്രവിശ്യകളിൽ ചിതറിക്കിടന്നിരുന്ന കത്തോലിക്കരെ അന്തിയോക്കിയാ പാത്രിയക്കീസ് രണ്ടു കാതോലിക്കാമാർവഴി ഭരിച്ചിരുന്നെന്നും ഇവരിൽ ബാബേലിലെ കാതോലിക്കായാണു് ഭാരതത്തിലേക്കും മലങ്കരയിലേക്കും മെത്രാന്മാരെ അയച്ചിരുന്നെന്നും റോളിൻ പ്രസ്താവിക്കുന്നുണ്ടു്". ഭാരതത്തിൻെറയും മലങ്കരയുടെയും മെത്രാപ്പോലീത്തായായിരുന്ന ഒരു മാർ യോഹന്നാൻ 1122-ൽ കൊൺസ്ററാൻറനോപ്പിൾവഴി റോമ്മയിൽ

ചെന്നു് കല്ലിസ്തോസ് പാപ്പായിൽ നിന്നു് പാല്യം എന്ന അധികാരവസ്ത്രം സ്വീകരിക്കയുണ്ടായി. ഈ മാർ യോഹന്നാൻ ബാബിലെ (സെലൂക്കിയായിലെ) കത്തോലിക്കനായ കാതോലിക്കായാലത്രെ ഭാരതത്തിലേക്കു അയക്കപ്പെട്ടതു്. അന്നു് അന്തിയോക്കിയാ സിംഹാസനം ഗ്രീക്കു ശീശ്മയിൽ അധഃപതിക്കുക നിമിത്തമാണു് അദ്ദേഹം റോമ്മയിൽ നിന്നുതന്നെ തന്റെ അധികാരവസ്ത്രം സ്വീകരിച്ചതു്.

ഇവിടെ ഒരു സംഗതി സ്മരിക്കേണ്ടതുണ്ടു്. അന്തിയോക്കിയായിക്കു കീഴുള്ള കാതോലിക്കായെ അന്തിയോക്കിയാ പാത്രിയക്കീസുതന്നെ അഭിഷേചിച്ചിരിക്കണമെന്നില്ല. കാതോലിക്കായുടെ കീഴിലുള്ള മെത്രാപ്പോലിത്താമാർക്കു് ഈ കൃത്യം നിർവഹിക്കാവുന്നതാണു്. ബാബേലിലെ പുരാതന കാതോലിക്കാമാരുടെ നിയമനം ഈ വിധത്തിലാണല്ലോ നടന്നിരുന്നതു്. ഇക്കാരണത്താൽ അന്തിയോക്യാ സിംഹാസനം ഗ്രീക്കു ശീശ്മയിൽ അധഃപതിച്ചപ്പോൾ പ്രസ്തുത സിംഹാസനത്തിൻ കീഴിൽ നിന്നിരുന്ന കത്തോലിക്കരായ കാതോലിക്കാമാരുടെ പരമ്പര കത്തോലിക്കാ വിശ്വാസത്തിൽ നിലനിന്നിരിക്കുവാൻ പാടുണ്ടു്. ഇപ്രകാരമുള്ള ഒരു കാതോലിക്കായിൽ നിന്നു് അഭിഷേകം സ്വീകരിച്ച ഒരാളാണു് മുൻ പ്രസ്താവിച്ച മാർ യോഹന്നാൻ.

എന്നാൽ ഇപ്രകാരം ഭാരതസഭയുടെമേലും കേരളസഭയുടെമേലും അധികാരംനടത്തിയിരുന്ന ബാബേൽ പാത്രിയക്കീസന്മാർ അവിടെയുള്ള നെസ്തോറിയൻ പാത്രിയക്കീസന്മാരായിരുന്നു എന്നു സ്ഥാപിക്കുവാൻ തക്ക യാതൊരു രേഖയുമില്ല. എന്നല്ല നെസ്തോറിയൻ പാത്രിയക്കീസിന്റെ പ്രതിയോഗിയായ അന്തിയോക്കിയായുടെ കീഴിലുള്ള കാതോലിക്കാമാരാൽ കേരളസഭ ഭരിക്കപ്പെട്ടിരുന്നു എന്നു് അനുമാനിക്കുവാൻ ചരിത്രലക്ഷ്യങ്ങൾ ധാരാളവുമുണ്ടു്.

ഇക്കാലഘട്ടത്തിൽ അന്തിയോക്കിയായിൽ റോമ്മാ ഐക്യത്തിൽ വർത്തിച്ചിരുന്ന കത്തോലിക്കാ പാത്രിയക്കീസന്മാരും ഏക സ്വഭാവവാദികളായ യാക്കോബായ പാത്രിയക്കീസന്മാരുമുണ്ടായിരുന്നു. ഇവരിൽ ആർക്കാണു് കേരളസഭ അധീനപ്പെട്ടിരുന്നതു്?

669-ൽ ഏക സ്വഭാവവാദിയായ ഒരു മെത്രാൻ അലക്സന്ത്രിയായിൽ നിന്നു് കേരളത്തിൽ വന്നു എന്നു് ഡേ എന്ന ചരിത്രകാരനും ആറാം ശതാബ്ദത്തിൽ കേരളീയർ ഏക സ്വഭാവവാദികളെ സ

മീപിച്ചെന്നു് ജമ്മാനും, ചില ഇൻഡ്യാക്കാരുടെ അപേക്ഷപ്രകാരം തെയോദോറോസ് എന്ന അലക്സന്ത്രിയാ പാത്രിയർക്കീസ് (686–689) ഒരു യാക്കോബായ മെത്രാനെ ഇൻഡ്യയിലേക്കയച്ചെന്നും, അദ്ദേഹം ഈജിപ്തിൽ വച്ചുതന്നെ കൊല്ലപ്പെട്ടു എന്നു് റെനൗഡററ് ആദിയായ ചരിത്രകാരന്മാരും പ്രസ്താവിക്കുന്നുണ്ടു്. ഈ പ്രസ്താവനകളെ അടിസ്ഥാനപ്പെടുത്തി കേരളീയസഭ ഏകസ്വഭാവവാദം സ്വീകരിച്ചിരുന്നെന്നും ഇവിടെ അധികാരം നടത്തിയതായി നാം കാണുന്ന അന്തിയോക്കിയാ പാത്രിയർക്കീസന്മാർ ഏക സ്വഭാവവാദികളായ അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസന്മാരായിരുന്നു എന്നും ചിലർ വാദിക്കുന്നുണ്ടു്.

എന്നാൽ ഈ പ്രസ്താവനകളെല്ലാം ഒരേകസംഭവത്തെ അടിസ്ഥാനപ്പെടുത്തിയാണു്. തേയോദോരോസ്. എന്ന അലക്സാന്ത്രിയാ പാത്രിയർക്കീസ്, മെത്രാനെ അയച്ച 'ഇൻഡ്യാ' നമ്മുടെ 'ഇൻഡ്യാ' അല്ല എത്തിയോപ്പിയാ ആണെന്നു് റെനൗഡററിനെ ഖണ്ഡിച്ചുകൊണ്ടു് അസ്സേമാനി സ്ഥാപിച്ചുപറയുന്നു. ഏക സ്വഭാവവാദികളായ മെത്രാന്മാർ ഒന്നൊ ഒററയൊ ആയി കേരളത്തിൽ വന്നിട്ടുണ്ടെങ്കിൽ തന്നെയും അതിൽ നിന്നു് കേരളീയസഭ യാക്കോബായ ആയിരുന്നു എന്നു് അനുമാനിക്കാവുന്നതല്ല. പൌലീനോസെന്ന ചരിത്രകാരൻ പറയുന്നതു് 1665–വരെ യാതൊരു യാക്കോബായ മെത്രാനും കേരളത്തിൽ വന്നിട്ടില്ലാ എന്നാണു്. കൂടാതെയും അതിപുരാതനകാലം മുതൽ കേരളീയസഭ ഉപയോഗിച്ചിരുന്ന പൌരസ്ത്യ സുറിയാനിറീത്തും ബാബേലുമായുള്ള അതിൻെറ ബന്ധവും യാക്കോബായ വാദത്തെ ദുർബ്ബലപ്പെടുത്തുന്നു.

ഇനി കേരള സഭാസന്ദർശനം നടത്തീട്ടുള്ള വിദേശദേശസഞ്ചാരികളുടെ സാക്ഷ്യങ്ങളെ പരിശോധിക്കാം. 354–ൽ കോൺസ്താൻസിയൂസ് എന്ന റോമ്മാ ചക്രവത്തിയുടെ കല്പനപ്രകാരം ഒരു തിയോഫിലസ് കേരളസഭയെ സന്ദർശിച്ചു് പല അബദ്ധങ്ങളേയും നീക്കം ചെയ്തിട്ടുണ്ടു്. 535–ൽ ഇവിടെ വന്ന കോസ്മോസിനെപ്പററി മുൻ പ്രസ്താവിച്ചുവല്ലൊ. 883–ൽ ഇംഗ്ലണ്ടിലെ ആൽഫ്രഡ് രാജാവു് മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ നേച്ചുകാഴ്ചകൾ സമപ്പിച്ചു. നൂറോളം കേരളം സന്ദർശിച്ച കത്തോലിക്കനായ യോഹന്നാൻ ദ്മോന്തെ കൊർവീനോ 100–ളം കേരളീയക്കു് ജ്ഞാനസ്നാനം നൽകുകയുണ്ടായി. 1322–ൽ ജൊർദാനോ

സ്ക് എന്ന ഡൊമിനിക്കൻ സന്യാസി കേരളം സന്ദർശിക്കയും, 1328-ൽ 22-ാം യോഹന്നാൻ മാർപ്പാപ്പാ അദ്ദേഹത്തെ കൊല്ലത്തെ മെത്രാനായി നിയമിക്കയും ചെയ്തു. 1348-ൽ കൊല്ലത്തു കുറെക്കാലം താമസിച്ച ആളും മാർപ്പാപ്പായുടെ പ്രതിപുരുഷനുമായ യോഹന്നാൻ മരിഞ്ഞോലി, "മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിൻെറ ഉടമസ്ഥന്മാരാകുന്നു എന്നും, മാർപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന നിലയിൽ തനിക്കു പ്രതിമാസം 100 പൌൻനാണയവും കേരളക്കര വിട്ടുപോയപ്പോൾ 1000 പൊൻനാണയവും നൽകിയെന്നും പ്രസ്താവിക്കുന്നു. 1439-ൽ നസ്രാണികളുടെ രാജാവായ വില്ലാർവട്ടം തോമ്മാ രാജാവിനു് 4-ാം എവുജിനിയൂസു പാപ്പാ അയച്ച ലേഖനത്തിൽ രാജാവും പ്രജകളും സത്യക്രിസ്ത്യാനികളാണെന്നു പ്രസ്താവിക്കുന്നു. 1490-ൽ ബാബേലിൽ വച്ചു് പട്ടം സ്വീകരിച്ച കേരളീയനായ യൌസേപ്പ് 1501-ൽ 'തൻെറ അധികാരിയായ കാതോലിക്കാ റോമ്മായിൽ നിന്നുള്ള അധികാരത്താൽ അഭിഷേചിക്കപ്പെട്ടു എന്നാണു് പ്രസ്താവിച്ചതു്.

ഈ സാക്ഷ്യങ്ങളിൽ നിന്നെല്ലാം 16-ാം നൂററാണ്ടുവരെ കേരളീയസഭ സത്യവിശ്വാസത്തെ പാലിച്ചിരുന്നു എന്നും, റോമ്മായുടെ അധികാരത്തിനു വിധേയമായിരുന്നു എന്നും തെളിവാകുന്നു. ഗതാഗത സൌകര്യവും മററും അശേഷം ഇല്ലാതിരുന്ന ഈ കാലഘട്ടത്തിൽ സഭാകേന്ദ്രത്തിൽ നിന്നും അതിവിദൂരത്തിൽ സ്ഥിതിചെയ്തിരുന്ന കേരളസഭയുടെ കത്തോലിക്കാ ഐക്യത്തെ പ്രദ്യോതിപ്പിക്കുന്നതിനു് ഇതിനെക്കാൾ കൂടുതൽ ശക്തിയുള്ള മററു ലക്ഷ്യങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു പക്ഷെ വല്ല അബദ്ധങ്ങളും ഇവിടെ നുഴഞ്ഞുകയറിയിട്ടുണ്ടാവാം. എന്നാൽ അവയൊന്നും കത്തോലിക്കാ ഐക്യത്തിൽ നിന്നൊ, റോമ്മാ ബന്ധത്തിൽ നിന്നൊ കേരളസഭയെ വ്യതിചലിപ്പിക്കുന്നതിനു് പര്യാപ്തങ്ങളായി ഭവിച്ചില്ല. പ. പിതാവു് 11-ാം പീയൂസു പാപ്പാ തിരുമനസ്സുകൊണ്ടു് ഇതിനെപ്പററി പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്. "മലങ്കര നിവാസികൾ അക്കാലങ്ങളിലെ സാഹചര്യങ്ങൾ കൊണ്ടും സ്ഥലങ്ങൾ തമ്മിലുള്ള അത്യധികമായ അകലം നിമിത്തവും പാശ്ചാത്യ ദേശങ്ങളുമായി അനേക ശതാബ്ദകാലത്തേക്കു് ഇടപാടുകൾ നടത്തുക വളരെ വിഷമകരമായിരുന്നതിനാൽ ശ്ലീഹായിക്കടുത്ത സിംഹാസനവുമായി സംസർഗ്ഗരഹിതരായിരുന്നെങ്കിലും അവർ ഒരിക്കലും ക്രിസ്തീയ വിശ്വാസത്തെ നിശേഷം നഷ്ടപ്പെടുത്തിയില്ല."

## II.

16–ാം നൂററാണ്ടു് ലോകത്തിനു പൊതുവെ എന്നതുപോലെ കേരളസഭക്കും പ്രധാനപ്പെട്ട ഒരു കാലഘട്ടമാണു്. ഇക്കാലത്താണു് കേരളസഭ ഇതരക്രിസ്തീയ രാജ്യങ്ങളുടെ സവിശേഷമായ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചതു്.

1502–ൽ പോൎത്തുഗീസുകാർ വാസ്കോടിഗാമായുടെ നേതൃത്വത്തിൽ കൊച്ചിയിൽ വന്നെത്തി. അപ്പോൾ നസ്രാണിപ്രധാനികൾ അദ്ദേഹത്തെ സന്ദർശിക്കുകയും, അന്യംനിന്നുപോയ അവരുടെ വില്ലാർവട്ടത്തു രാജകുടുംബത്തിൻെറ ചെങ്കോലും മററു സ്ഥാനചിഹ്നങ്ങളും അദ്ദേഹത്തെ ഏല്പിക്കുകയും കത്തോലിക്കനായ പോൎത്തുഗൽ രാജാവിൻെറ സംരക്ഷണത്തിനു സ്വയം സമൎപ്പിക്കുകയും ചെയ്തു. ഇതു കണ്ടു് സന്തുഷ്ടനായ വാസ്കോടി ഗാമാ നസ്രാണികളെ എല്ലാവിധത്തിലും സംരക്ഷിച്ചു് സഹായിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്തു. ഈ കരാറനുസരിച്ചു് പോൎത്തുഗീസുകാർ മഹമ്മദീയാക്രമണത്തിൽ നിന്നു് നസ്രാണികളെ സംരക്ഷിച്ചു. ഏകദേശം 50 കൊല്ലത്തേക്കു നസ്രാണികളും പോൎത്തുഗീസുകാരും തമ്മിൽ വലിയ രമ്യതയിലാണു് വൎത്തിച്ചിരുന്നതു്. മതവിഷയത്തിലും ഒരേ സഭാംഗങ്ങൾ എന്ന നിലയിൽ ഈ സൌഹാർദ്ദബന്ധം പാലിച്ചുപോന്നു.

ഈ അവസരത്തിൽ ബാബേലിൽ നിന്നു് 4 മെത്രാന്മാർ കേരളത്തിൽ വന്നു. ഇവരെ പോൎത്തുഗീസുകാർ വളരെ സന്തോഷപൂൎവ്വം സ്വീകരിച്ചു് കുർബാന ചൊല്ലിക്കയും അവൎക്കു വിലയേറിയ സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. ഈ നാലുമെത്രാന്മാരിലൊരാളാണു് ചരിത്രപ്രസിദ്ധനായ മാർ യാക്കോബു മെത്രാൻ. ഇദ്ദേഹം 47 കൊല്ലം (1503–1550) കേരളസഭയുടെ ഭരണം നടത്തി. ഇക്കാലഘട്ടമത്രയും അദ്ദേഹം പോൎത്തുഗീസുകാരുമായി വൈദികങ്ങളിൽ സംസൎഗ്ഗം ചെയ്യുകയും തൻെറ ഭരണീയർ വൈദിക വിഷയങ്ങൾ പഠിച്ചു് പൌരോഹിത്യസ്ഥാനത്തുയൎത്തപ്പെടുവാൻ അവരെ പോൎത്തുഗീസു വൈദികരെ ഏല്പിക്കുകയും പ്രസ്തുത വൈദികരോടുകൂടി പള്ളി സന്ദൎശനം നടത്തുകയും, തൻെറ ഭരണീയൎക്കു മാമ്മോദീസാ മുതലായ കൂദാശകൾ നൽകുവാൻ അവൎക്കനുവദിക്കുകയും, പോൎത്തുഗീസു ഗവമ്മെൻറിൽ നിന്നു് ധനസഹായം പ്രാപിക്കുകയും മററും ചെയ്തിരുന്നു.

മാർ യാക്കോബിൻെറ മരണശേഷം 6 കൊല്ലത്തേക്കു മലങ്കര സഭയിൽ മെത്രാന്മാരാരും ഉണ്ടായിരുന്നില്ല. ഈ ഘട്ടത്തിൽ ബാബി

ലോൺ പാത്രിയക്കാ സിംഹാസനത്തിൽ വലുതായ മാററങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. 1551-ൽ ബാബേൽ പാത്രിയക്കീസായിരുന്ന മാർ ശെമഓൻ മമ്മാ മരണം പ്രാപിച്ചു. അദ്ദേഹത്തിൻെറ കുടുംബക്കാരിൽ നിന്നുതന്നെ അനന്തരഭരണാധിപന്മാരെ നിയമിക്കുന്ന ഏർപ്പാട് കൽദായക്കാർക്കു രസിച്ചില്ല. തന്മൂലം സന്യാസിയായ യോഹന്നാൻ സൂലാക്കായെ അവർ പാത്രിയക്കീസായി തിരഞ്ഞെടുത്തു. അദ്ദേഹം റോമ്മയിൽ പോവുകയും 3-ാം ജൂലിയൂസു പാപ്പാ അദ്ദേഹത്തെ പൌരസ്ത്യദേശങ്ങളുടെ പാത്രിയക്കീസായി കല്പിച്ചുവരോധിക്കുകയും ചെയ്തു.

ഇദ്ദേഹത്തിൻെറ പിൻഗാമിയായ അവ്ദിശോ പാത്രിയക്കീസ് റോമ്മായിൽനിന്ന് കേരളസഭയുടെ മേൽ അധികാരം ഉറപ്പിച്ചു വാങ്ങിച്ചതിനുശേഷം സൂലാക്കായുടെ കനിഷ്ട സഹോദരനായ മാർ യൌസേപ്പു മെത്രാനെ കേരളത്തിലേക്കയച്ചു. ഇദ്ദേഹം വന്ന് കുറെക്കഴിഞ്ഞപ്പോൾ കൊടുങ്ങല്ലൂർ സെമ്മിനാരിയിലെ വൈദിക വിദ്യാൎത്ഥികൾക്കു പട്ടം കൊടുക്കുവാൻ വിസമ്മതം പ്രദർശിപ്പിച്ചു. കാരണം അവർക്കു സുറിയാനി അറിഞ്ഞുകൂടെന്നുള്ളതായിരുന്നു. ഇതിനും പുറമെ അദ്ദേഹം പോൎത്തുഗീസുകാരുടെ നീരസത്തിനും പാത്രമായി. അവർ അദ്ദേഹത്തെ പോൎത്തുഗലിലേക്കു നാടുകടത്തി. അദ്ദേഹമാകട്ടെ ലിസ്ബണിൽവച്ച് കർദ്ദിനാൾ ഡോൺ ഹെൻറി മുതലായവരുടെയെല്ലാം പ്രീതി സമ്പാദിച്ചു. 1565-ൽ മാർ യൌസേപ്പു മലയാളത്തിലേക്കു വീണ്ടും പ്രത്യാഗമിച്ചു. ഈ വിവരമെല്ലാം ഗ്രഹിച്ച പാത്രിയക്കീസ് മാർ അബ്രഹാമ്മിനെ മെത്രാനായി അഭിഷേചിച്ച് കേരളത്തിലേക്കയച്ചു. എന്നാൽ മാർ അബ്രാഹം ഇവിടെ എത്തുന്നതിനു മുമ്പിൽ മാർ യൌസേപ്പിനെ പോൎത്തുഗീസുകാർ ഒരിക്കൽ കൂടി നാടുകടത്തി. പോൎത്തുഗീസുകാരുടെ രീത്തു പരിഷ്കരണത്തിന് അദ്ദേഹം പൂൎണ്ണമായി കീഴടങ്ങിയില്ലെന്നുള്ളതായിരുന്നു കാരണം. അദ്ദേഹം റോമ്മയിൽ ചെല്ലുകയും അവിടെ വച്ചു മാർപ്പാപ്പായുടെയും കർദ്ദിനാളന്മാരുടെയും വിശ്വാസപരിശോധനയ്ക്കു വിധേയനാവുകയും വിശ്വാസഭ്രംശം തനിക്കു ലേശമില്ലെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ അഗാധപാണ്ഡിത്യവും ദൈവഭക്തിയും ഗ്രഹിച്ച് സന്തുഷ്ടനായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ ഒരു കർദ്ദിനാളായി ഉയൎത്തുന്നതിനു നിശ്ചയിച്ചിരിക്കവെ അകാലമൃത്യു അദ്ദേഹത്തിൻെറ പരിപാവനഗാത്രത്തെ ഗ്രസിച്ചുകളഞ്ഞു.

മാർ അബ്രാഹത്തെയും നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു പോൎത്തുഗീസുകാർ അചിരേണ ലിസ്ബണിലേക്കു കപ്പൽ കയററിഅയച്ചു. അനന്തരം അദ്ദേഹം മാർപ്പാപ്പായുടെ ഒരു ശ്രുപാശ്ക്കത്തുമായി 1568-ൽ ഗോവയിൽ വന്നുചേൎന്നു. അദ്ദേഹത്തെ സഹോദരബുദ്ധ്യാ സ്വീകരിക്കണമെന്നു് ഈ കത്തിൽ മാർപ്പാപ്പാ ഗോവ മെത്രാപ്പോലീത്തായോടാജ്ഞാപിച്ചിട്ടുണ്ടായിരുന്നു. മാർ അബ്രാഹം 1568-മുതൽ 1597 വരെ കേരളസഭയെ ഭരിച്ചു. പോൎത്തുഗീസുകാർ അദ്ദേഹത്തോടു ആദരവോടെ പെരുമാറാതിരുന്നതിനാൽ ആ വിവരങ്ങളെല്ലാം കാണിച്ചു് കൊച്ചീരാജാവു് അദേഹത്തിനുവേണ്ടി 13-ാം ഗ്രീഗോരീസ് മാർപ്പാപ്പായിക്കു ഒരു ലേഖനം അയച്ചു. മാർപ്പാപ്പാ പോൎത്തുഗീസു രാജാവിനും, ഗോവമെത്രാപ്പോലീത്തായിക്കും ഉടൻതന്നെ ഓരോ തിരുവെട്ടഴുത്തുകൾ അയച്ചു. "നമ്മുടെ ബഹുമാന്യ സഹോദരനായ അങ്കമാലി മേത്രാപ്പോലീത്തായോടു് ഭ്രതദയയോടും സ്നേഹത്തോടും കൂടി വത്തിക്കണമെന്നു്" അവയിൽ മാൎപ്പാപ്പാ അവരോടു നിഷ്കർഷയായി നിർദ്ദേശിച്ചിരുന്നു. പിന്നീടു കുറെക്കാലത്തേക്കു മാർ അബ്രഹാമിനു് പോൎത്തുഗീസുകാരിൽനിന്നു് ഉപദ്രവം ഒന്നും ഉണ്ടായില്ല.

1574-ൽ തന്റെ രൂപതയിൽ പ്രേഷിതവൃത്തി നടത്തുന്നതിനു് അദ്ദേഹം പോൎത്തുഗിസുകാരായ ഈശോ സഭക്കാർക്കു് അനുമതി നൽകി. അവർ 1581-ൽ വയ്പിക്കോട്ടിൽ ഒരു കോളേജും പള്ളിയും മുദ്രാലയവും സ്ഥാപിച്ചു. കേരളത്തിലെ ആദ്യ മുദ്രാലയം ഇതാണു്. രണ്ടു കൊല്ലത്തിനുശേഷം തന്റെ രൂപതവകയായി ഒരു സൂനഹദോസു നടത്തി സുറിയാനി റീത്തിൽ; വിശിഷ്യ പട്ടംകൊട മുതലായ ചടങ്ങുകളിൽ, ഗുരുതരങ്ങളായ ഭേദഗതികൾ വരുത്തുവാൻ അദ്ദേഹം വിസമ്മതിക്കുകനിമിത്തം പോൎത്തുഗീസുകാർ അദ്ദേഹത്തോടു പൊതുവെ മൈത്രിയിലല്ല വത്തിച്ചിരുന്നതു്. എങ്കിലും "അദ്ദേഹം ഈശോസഭക്കാരെ അത്യന്തം സ്നേഹിച്ചിരുന്നു എന്നും മരിക്കാറായപ്പോൾ വൈപ്പിക്കോട്ടു സെമ്മനാരിയുടെ റെക്ററരായിരുന്ന ഫാദർ റോസ് എസ്. ജെ. യെ വരുത്തി തന്റെ അജഗണത്തെ അദ്ദേഹത്തിന്റെ സംരക്ഷണത്തിനു് ഏല്പിച്ചെന്നും അദ്ദേഹത്തെ അനുസരിക്കുകയും മാർപ്പാപ്പായെ പിതാവായി ആദരിക്കുകയും ചെയ്യുവാൻ തന്റെ വൈദികരോടാജ്ഞാപിച്ചു എന്നും" പീററർ ജാറിഎസ്. ജെ. എന്ന വൈദികൻ രേഖപ്പെടുത്തിയിരിക്കുന്നു. മാർ അ

ബ്രാഹം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് 1597-ൽ പരലോകപ്രാപ്തനായി.

III

മാർ അബ്രാഹം മെത്രാപ്പോലീത്താ മരിച്ച ഉടനെ ആറാമത്തെ ഗോവമെത്രാപ്പോലീത്തായായിരുന്ന അലേക്സിസ് മെനേസീസ് തിരുമനസ്സിനെ കേരളസഭയുടെ താല്ക്കാലിക അഡ്മിനിസ്ട്രേറററായി 1597 ജനവരി 21-ാംനു- റോമ്മായിൽ നിന്നു് നിയമിച്ചു. ഇതു സംബന്ധിച്ചു് ഗോവമെത്രാപ്പോലീത്തായിക്കു് കിട്ടിയിരുന്ന കല്പനകൾ കേരളത്തിൽ അറിയപ്പെട്ടിരുന്നില്ല. പുരാതനനടപ്പുപ്രകാരവും മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ നിയമനപ്രകാരവും അർക്കദിയാക്കോനായിരുന്ന മഹാനായ ഗീവർഗീസുകത്തനാർ കേരളസഭയുടെ ഭരണം സ്വീകരിച്ചുകഴിഞ്ഞിരുന്നു. തന്നിമിത്തം മെനേസിസ് മെത്രാപ്പോലീത്താ അർക്കദിയാക്കോനെത്തന്നെ അഡ്മിനിസ്ട്രേറ്ററാക്കുകയും ഫാദർ റോസ് എസ്. ജെ. യേയും വയ്പിക്കോട്ട സെമ്മിനാരി റെക്ററിനേയും അദ്ദേഹത്തിന്റെ ആലോചനക്കാരായി നിയമിക്കുകയും അവരുടെ പക്കൽ അർക്കദിയാക്കോൻ വിശ്വാസസത്യം ചെയ്യണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അർക്കദിയാക്കോന്റെ പ്രതിഷേധം നിമിത്തം ആലോചനക്കാരുടെ നിയമനം പിൻവലിക്കപ്പെട്ടു. വിശ്വാസസത്യം കുറെക്കഴിഞ്ഞു ചെയ്യാമെന്നു പറഞ്ഞുകൊണ്ടു് തനിക്കു മുമ്പുണ്ടായിരുന്ന അധികാരം തന്നെ സ്വീകരിക്കുന്നു, എന്നു കാണിച്ചു് അർക്കദിയാക്കോൻ ഉദ്യോഗത്തിൽ പ്രവേശിച്ചു.

ഇതിനിടക്കു് അർക്കദിയാക്കോന്റെ കൂടെ നിൽക്കണമെന്നും മാർപ്പാപ്പാ ഒരു സുറിയാനി മെത്രാനെ നിയമിക്കുന്നപക്ഷം അദ്ദേഹത്തെ സ്വീകരിക്കണമെന്നും, അല്ലാത്തപക്ഷം എന്തുചെയ്യണമെന്നു് പിന്നീടാലോചിക്കണമെന്നും, കേരളനസ്രാണികൾ ഒരു തീരുമാനം ചെയ്തു. അർക്കദിയാക്കോന്റെ ആവശ്യപ്രകാരം വൈപ്പിൽവച്ചു് ഫ്രൻസീസ്കൻവൈദികരുടെ സന്നിധിയിൽ അദ്ദേഹം വിശ്വാസസത്യം ചെയ്തു.

അധികം താമസിയാതെ മെനേസീസു മെത്രാപ്പോലീത്താ കേരളത്തിലെത്തി. അർക്കദിയാക്കോൻ സൈനികാകമ്പടിയോടുകൂടി അദ്ദേഹത്തെ ചെന്നു കണ്ടു. നെസ്തോറിയതചമുപേക്ഷിക്കുക, ബാബേൽ പാത്രിയർക്കീസിനെ ശപിച്ചുകളുക, അദ്ദേഹത്തോടുകൂടെ

പള്ളികൾ സന്ദർശിക്കുക ആദിയായ പല സംഗതികളും മെത്രാപ്പോലീത്താ അക്കിദിയാക്കോനോടാവശ്യപ്പെട്ടു. അനന്തരം മെത്രാപ്പോലീത്താ പള്ളികൾ സന്ദർശിച്ചുതുടങ്ങി. പട്ടം കൊടുക്കുക മുതലായ അധികാരപ്രവൃത്തികൾ അദ്ദേഹം സുറിയാനി പള്ളികളിൽ നടത്തിയതോടെ അദ്ദേഹത്തിനൊരു പ്രബല കക്ഷിയും കേരളത്തിലുണ്ടായി. എല്ലായിടത്തും വലിയ ബഹളമായി. പാലയൂരിന്റെ മെത്രാനായി റോമ്മയിൽ നിന്നു നിശ്ചയിക്കപ്പെട്ട അക്കിദിയാക്കോനെ പ്രസ്തുത സ്ഥാനത്തു നിന്നുതന്നെ നീക്കം ചെയ്യുമെന്നു പറഞ്ഞ് മെനേസീസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ ഭയപ്പെടുത്തി. അധികം താമസിയാതെ അദ്ദേഹം മെത്രാപ്പോലീത്തായിക്കു കീഴ്പ്പെട്ടു. എല്ലാ സംഗതികളിലും ഒരു സൂനഹദോസു വിളിച്ചുകൂട്ടി തീരുമാനിക്കാമെന്ന് ഇരുവരും സമ്മതിച്ചു. ഇതനുസരിച്ച് ഉദയംപേരൂർ വച്ച് സൂനഹദോസു നടത്തപ്പെട്ടു. കേരളത്തിൽ മെനേസീസ് മെത്രാപ്പോലീത്താ നടത്തിയ മുഖ്യപ്രധാനമായ കൃത്യം ഇതായിരുന്നു. 1599 ജൂൺ 20-ാം നു- സൂനഹദോസു ഉൽഘാടനം ചെയ്യപ്പെട്ടു. കേരളസഭയുടെ വിശ്വാസം, റീത്തു, ഭരണഘടന, സാമൂഹ്യാചാരങ്ങൾ തുടങ്ങിയ സംഗതികളെ സംബന്ധിച്ച് ഏതാണ്ട് 267 കാനോനാകൾ സൂനഹദോസു നിർമ്മിക്കുക ഉണ്ടായി. സൂനഹദോസു നടപടികളെപ്പററി ചരിത്രകാരന്മാരും വിമർശകന്മാരും പലവിധ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

സൂനഹദോസിന്റെ ഫലമായി കൽദായമെത്രാന്മാരുടേ പരമ്പര കേരളസഭയിൽ നിത്യമായി നിർത്തലാക്കപ്പെട്ടു. തൽസ്ഥാനത്തു ലത്തീൻറീത്തുകാരായ പോർത്തുഗീസുമെത്രാന്മാർ നിയമിതരായി അങ്കമാലി അതിരൂപത ഗോവ അതിരൂപതയുടെ ഒരുപരൂപതയായി തരം താഴ്ത്തപ്പെട്ടു. ഉടൻ തന്നെ (1600) ഫ്രൻസീസ്ക്കോസ് റോസ് എന്ന ഈശോസഭക്കാരനായ വൈദികൻ സുറിയാനിക്കാരുടെ മെത്രാനായി നിയമിതനായി. കേരളസഭയുടെ പ്രഥമ ലത്തീൻ മെത്രാൻ ഇദ്ദേഹമാണ്.

ഇപ്രകാരം ഉദയംപേരൂർ സൂനഹദോസിനുശേഷം കേരളത്തിലെ കൽദായവൈദികാധിപത്യത്തിനും ഭരണഘടനക്കും സാരമായ കേടുപാടുകൾ പററിയെങ്കിലും ആദ്ധ്യാത്മികമായ പലവിധ നന്മകളും കേരളസഭയിൽ ഈ സൂനഹദോസിനുശേഷം ആവർഭവിച്ചിട്ടുണ്ട്. ക്രിസ്തീയതത്വത്തിൽ ഏററം പിന്നണിയിൽ നിന്നി

രുന്ന ഈ ക്രൈസ്തവസമുദായം പുരോഗമിച്ചുതുടങ്ങിയതു് സൂനഹദോസിനുശേഷമത്രെ. കേവലം നിർജ്ജീവാവസ്ഥയിൽ കിടന്നിരുന്ന ഭാസുരമായ അവളുടെ വിശ്വാസം നവചൈതന്യത്തെ പ്രാപിച്ചതും ഇക്കാലത്താണു്. സൂനഹദോസിനുശേഷം പലവിധ ആദ്ധ്യാത്മിക വളർച്ചയും കേരളസഭയ്ക്കു ഉണ്ടായിട്ടുണ്ടെങ്കിലും അവയിലെല്ലാം പ്രഥമസ്ഥാനം അർഹിക്കുന്നതു് വൈദികരുടെ വിവാഹം നിർത്തൽ ചെയ്തതാണു്. അതിപ്രാചീനങ്ങളായ കിഴക്കൻ സഭകളിൽ ഈ നടപടി നടപ്പിലുണ്ടെങ്കിലും, പരിശുദ്ധ പിതാവു് 11-ാം പീയൂസു പാപ്പാ തിരുമനസ്സുകൊണ്ടു് പൌരോഹിത്യത്തെ വിഷയീകരിച്ചു് ഈ അടുത്തകാലത്തു പ്രസിദ്ധീകരിച്ചിട്ടുള്ള ചാക്രീയലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നിത്യപുരോഹിതനായ നമ്മുടെ ദിവ്യരക്ഷിതാവിൻെറ തിരുഹൃദയത്തിനു് ഏററം അനുയോജ്യവും, പൌരോഹിത്യകർത്തവ്യങ്ങൾ യഥാവിധി നിർവഹിക്കുന്നതിനു് ഏററം പരിയാപ്തവും, കത്തോലിക്കാസഭയിൽ ആദിമശതകം മുതൽ തന്നെ ഏതാണ്ടു് അനുസരിച്ചു പോന്നിട്ടുള്ളതുമായ ഒന്നാണു് വൈദികരുടെ അവിവാഹിതജീവിതം. മലങ്കര സഭയുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു് ഈ പ്രസ്ഥാനം ഒരു പ്രധാനനിദാനമായിരുന്നു എന്നു നിസ്സംശയം പറയാവുന്നതാണു്.

1608-ൽ കേരളത്തിലെ വൈദികകേന്ദ്രം അങ്കമാലിയിൽ നിന്നു് കൊടുങ്ങല്ലൂരേക്കു മാററിസ്ഥാപിച്ചതോടെ ഡോക്ടർ റോസു മെത്രാൻ കൊടുങ്ങല്ലൂർ അതിരൂപതയുടെ പ്രഥമമെത്രാപ്പോലീത്തായായി ഭവിച്ചു. ഇദ്ദേഹത്തിൻെറ ശ്രദ്ധ സർവ്വപ്രധാനമായി പതിഞ്ഞതു് ഉദയംപേരൂർ സൂനഹദോസിൻെറ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനായിരുന്നു. കാൽ ശതാബ്ദക്കാലം കേരള സഭയെ ഭരിച്ചശേഷം ഇദ്ദേഹം നിര്യാതനാകയും, പിൻഗാമിയായി എസ്തപ്പാനോസു ബ്രീട്ടോ എന്ന പൌലീസ്ത്യ വൈദികൻ നിയമിതനാകയും ചെയ്തു. ഇദ്ദേഹത്തിൻെറ ഭരണകാലത്തു് (1632) ഗീവറുഗീസു് അർക്കദിയാക്കോനും വൈദികഗണവും ജനപ്രതിനിധികളും ചേന്നു് പോർത്തുഗീസു വൈദികമേലദ്ധ്യക്ഷന്മാരിൽ നിന്നു് തങ്ങളെ ഒഴിവാക്കണമെന്നും, സുറിയാനി റീത്തു പാലിക്കണമെന്നും കാണിച്ചു് ഒരു ഹർജി ഇടപ്പള്ളിയിൽനിന്നു് പോർത്തുഗീസു രാജാവിനയച്ചു. അതുകൊണ്ടു് ഫലമൊന്നുമുണ്ടായില്ല. ആയതിനാൽ അവർ ബാബേലിലെ കത്തോലിക്കാ പാത്രിയർക്കീസിൻെറ പക്കൽ ഒരു നി

വേദകസംഘത്തെ അയച്ചു് കേരളത്തിലേക്കു ഒരു സുറിയാനി മെത്രാനെ കല്പിച്ചയക്കണമെന്നപേക്ഷിച്ചു. ഇതിനിടയിൽ ഗീവറുഗീസ് അൎക്കദിയാക്കോൻ കാലധൎമ്മം പ്രാപിക്കുകയും അദ്ദേഹത്തിന്റെ അനന്തിരവനായ തോമ്മാക്കത്തനാർ അൎക്കദിയാക്കോൻ സ്ഥാനത്തു നിയമിതനാകുകയും ചെയ്തു. കൂടാതെയും 1641-ൽ എസ്തപ്പാനോസ് ബ്രിട്ടോ മെത്രാപ്പോലീത്താ മരിക്കുകയും പ്രാൻസീസ് ഗാർസിയാ എന്ന മറെറാരു പൌലിസ്ത്യവൈദികൻ മെത്രാപ്പോലീത്താ സ്ഥാനത്തു് ആരോഹണം ചെയ്കയും ചെയ്തു. പുതിയ മെത്രാപ്പോലീത്തായും പുതിയ അൎക്കദിയാക്കോനും തമ്മിൽ മൈത്രിയിലല്ല വൎത്തിച്ചിരുന്നതു്.

ഒരു മെത്രാനെ അയച്ചുകൊടുക്കുവാൻ അൎക്കദിയാക്കോൻ 1653-നു മുമ്പു് നെസ്തോറിയൻ, ഈഗുപ്തായ, യാക്കോബായ, എന്നീ പാത്രിയൎക്കീസന്മാൎക്കു രഹസ്യകത്തുകൾ അയച്ചെന്നു് ചിലർ പറയുന്നുണ്ടു്. ചിലർ ഇതിനെ ഖണ്ഡിക്കുന്നുമുണ്ടു്. എതായാലും അദ്ദേഹം അകത്തോലിക്കാ പാത്രിയൎക്കീസന്മാരെ ആശ്രയിച്ചിട്ടുണ്ടെങ്കിൽ തന്നെയും അതു് രഹസ്യമായിട്ടായിരുന്നു. ആയതുകൊണ്ടു് അതു മലങ്കരസഭയുടെ പൊതുവായ കത്തോലിക്കാവിശ്വാസത്തിനു് ബാധകമായി വരുന്നതല്ല.

1652-ൽ അഹത്തള്ളാ എന്നൊരു മെത്രാൻ മൈലാപ്പൂരിൽ വരികയുണ്ടായി. അദ്ദേഹം കത്തോലിക്കനായിരുന്നു എന്നും, യാക്കോബായക്കാരനായിരുന്നെന്നും, നെസ്തോറിയനായിരുന്നെന്നും മൂന്നഭിപ്രായങ്ങളുണ്ടു്. "മാർപ്പാപ്പായിൽ നിന്നു് എല്ലാ അധികാരവും എനിക്കു സിദ്ധിച്ചിരിക്കുന്നു. ദൈവമാതാവിന്റെ നാമത്തിൽ ഞാൻ മൈലാപ്പൂരിൽ എത്തിയിരിക്കുന്നു" എന്നാണു് അദ്ദേഹം കേരളീയരെ അറിയിച്ചതു്. ഇതിൽ നിന്നും അദ്ദേഹത്തിന്റെ അല്ലെങ്കിൽ കുറഞ്ഞപക്ഷം കേരളീയരെ വശത്താക്കേണ്ടതിനു് പററിയ വിശ്വാസം എന്തായിരുന്നു എന്നു് വിശദമാണല്ലോ.

അഹത്തള്ളായെ പോൎത്തുഗീസുകാർ ബന്ധനസ്ഥനാക്കി കൊച്ചി വഴിക്കു ഗോവായിക്കു കൊണ്ടുപോയി. മാൎഗ്ഗമദ്ധ്യേ കപ്പൽ കൊച്ചിത്തുറമുഖത്തടുത്തു. അപ്പോൾ സുറിയാനിക്കാർ സംഗതി മനസ്സിലാക്കി സൈന്യത്തോടുകൂടി കൊച്ചീക്കോട്ടയിൽ എത്തി തങ്ങളുടെ മെത്രാനെ വിട്ടുതരുന്നതിനു് കപ്പിത്താനെ നിൎബന്ധിച്ചു. പക്ഷെ അദ്ദേഹം അതിനു വഴിപ്പെടാതെ കോട്ടയുടെ കാവലിനു് ഭടന്മാരെ

അണിനിരത്തുകയാണ് ചെയ്തത്. അതേ സമയത്തു തന്നെ പോർത്തുഗീസുകാർ സുറിയാനി മെത്രാനെ കടലിൽ താഴ്ത്തി എന്നൊരു വ്യാജവർത്തമാനം ജനതാമദ്ധ്യേ കാട്ടുതീ പോലെ പരന്നു. ഇതുയുമായപ്പോൾ ജനങ്ങൾ എത്രമാത്രം ഇളകിവശായി എന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. അവർ നിരാശാഭരിതരായി കോപതാപങ്ങൾ സഹിക്കവെയ്യാതെ സഹസ്രക്കണക്കിന് മട്ടാഞ്ചേരിയിൽ കൂടി അവിടെയുള്ള കൂനൻകുരിശിൽ കയറുകെട്ടി അതിന്മേൽ എല്ലാവരും തൊട്ടുകൊണ്ടു "മേലാൽ പൌലീസ്തൃരുടെ (പോർത്തുഗീസുകാരായ ഈശോ സഭക്കാരുടെ) കീഴിപ്പരിഷയുള്ളടത്തോളം കാലം ഇരിക്കുകയില്ല". എന്നു സത്യം ചെയ്തു. ഇതാണ് 1653 ജനുവരി 3-ാംനു- പകൽ മൂന്നു മണിക്ക് നടന്ന അത്യന്തം മമ്മഭേദകമായ "കൂനൻ' കുരിശു സത്യം".

ഏറെത്താമസിയാതെ എല്ലാവരും ഇടപ്പള്ളിപള്ളിയിൽ കൂടി ചില ആലോചനകൾ നടത്തിയശേഷം ആറു മാസം കഴിഞ്ഞു് എല്ലാവരും വീണ്ടും ആലങ്ങാട്ടു കൂടി. ഈ യോഗത്തിൽ അന്നത്തെ വൈദികപ്രമാണികളിൽ ഒരുവനായ കല്ലിശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, അഹത്തള്ളാമെത്രാൻേറതായി, വ്യാജമായി നിമ്മിച്ച ഒരെഴുത്താജരാക്കി. റോമ്മാ മാപ്പ്ലാപ്പായിൽ നിന്നു് തനിക്കു സിദ്ധിച്ച പ്രത്യേകാധികാരപ്രകാരം തോമ്മാ അക്കേിയാക്കോനെ പന്ത്രണ്ടു വൈദികർ കൂടി കൈവച്ചു് മെത്രാനായി വാഴിക്കുന്നതിനു് അഹത്തള്ളാ അനുവദിക്കുന്നു എന്നായിരുന്നു പ്രസ്തുത എഴുത്തിൽ പ്രസ്താവിച്ചിരുന്നതു്.

ഉടനെ പന്ത്രണ്ടു പട്ടക്കാർ അക്കേിയാക്കോൻെറ തലയിൽ കൈവച്ചു് അദ്ദേഹത്തെ "മെത്രാനായി" വാഴിച്ചു. സുറിയാനിക്കാർ ഭൂരിപക്ഷവും അക്കേിയാക്കോൻെറ പാർശ്വത്തിൽ നിന്നിരുന്നു. എങ്കിലും എതാനും പേർ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിൽ തന്നെ നിന്നു.

കൂനൻകുരിശുസത്യം റോമ്മാമാപ്പ്ലാപ്പായോടുള്ള വിരോധം നിമിത്തം ഉണ്ടായിട്ടുള്ളതാണെന്നു് പലരും പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ സുറിയാനിക്കാർക്കു് മാപ്പ്ലാപ്പായോടു യാതൊരു വിരോധവും ഇല്ലായിരുന്നു. ഗോവയിലെ പോർത്തുഗീസു വൈസ്രോയിക്കു കൊച്ചിയിലെ പോർത്തുഗീസു കപ്പിത്താൻ കൂനൻകുരിശുസത്യത്തെപ്പററി ഒരു കത്തയച്ചു. അതിൽ കാണുന്നതു് "അഹത്തള്ള എന്ന പാ

ത്രിയക്കീസിന്റെ പക്കൽ നിന്നു് അധികാരമുണ്ടെന്നുള്ള കാരണത്താൽ അക്കീയാക്കോൻ "മെത്രാ" നാക്കപ്പെട്ടെന്നും ഗാർസ്യാ മെത്രാപ്പോലീത്തായേയൊ ഈശോസഭക്കാരിൽ ആരെയെങ്കിലുമൊ സുറിയാനിക്കാർ സ്വീകരിക്കയില്ലെന്നു" മാകുന്നു. അക്കീയാക്കോനെ "മെത്രാ" നാക്കിയ ശേഷം സുറിയാനിക്കാർ പ്രസിദ്ധപ്പെടുത്തിയ വിളംബരം ഇങ്ങനെയാകുന്നു. "മാപ്പാപ്പായുടെയും പരിശുദ്ധ മാതാവായ റോമ്മാസഭയുടെയും കല്പന അനുസരിച്ചു വന്ന പാത്രിയക്കീസിൽ നിന്നു സിദ്ധിച്ചിട്ടുള്ള അധികാരപ്രകാരം നാമേവരും ഒരു മെത്രാപ്പോലീത്തായെ നിയമിക്കുകയും അദ്ദേഹത്താൽ നാമിപ്പോൾ ഭരിക്കപ്പെടുകയും ചെയ്യുന്നതിനാൽ മേലാൽ നമ്മുടെ "മെത്രാപ്പോലീത്താ" യോടു ചേൎന്നു നില്ക്കുന്നതല്ലാതെ പൌലീസ്തരോടൊ അവരുടെ മെത്രാപ്പോലീത്തായോടൊ ചേൎന്നു നില്ക്കേണ്ടതല്ല. നമ്മുടെ മെത്രാപ്പോലീത്തായെ അനുസരിക്കുന്നതുകൊണ്ടു് നാം ശീശ്മക്കാരാണെന്നു് പൌലീസ്തർ പ്രസംഗമണ്ഡപത്തിൽ കയറി പ്രസംഗിച്ചുകൊള്ളട്ടെ.......................................ആകയാൽ................അവർ മാപ്പാപ്പായുടെയും പരിശുദ്ധ മാതാവായ റോമ്മാസഭയുടെയും നമ്മുടെ വൈദികാദ്ധ്യക്ഷന്റെയും കല്പനയെ ഗൌനിക്കാഞ്ഞതിനാലും പൌലീസ്താ പാദ്രിമാർ നമ്മുടെയും പരിശുദ്ധ മാതാവായ റോമ്മാസഭയുടെയും ശത്രുക്കളാകയാലും അവരുമായി നമുക്കു സഖിത്വം ഉണ്ടാകേണ്ടതല്ല. ഈ രേഖകളിൽ നിന്നും കൂനൻകുരിശു സത്യമൊ അനന്തര പ്രവൃത്തികളൊ റോമ്മായിൽ നിന്നുള്ള ഭിന്നതയ്ക്കു കാരണമാകുമെന്നുള്ള വിചാരം സുറിയാനിക്കാർക്കു പൊതുവെ ഇല്ലായിരുന്നു എന്നു സിദ്ധിക്കുന്നു.

## IV

ആലങ്ങാട്ടുവച്ചു് പന്ത്രണ്ടു പട്ടക്കാർ മാത്രം ചേൎന്നു നടത്തിയ "മെത്രാഭിഷേകം" (?) കഴിഞ്ഞു് അധികം താമസിയാതെതന്നെ ആ പ്രവൃത്തിയുടെ സാധുതയെപ്പററി മത്സരകക്ഷികളിൽ പലൎക്കും സംശയം ജനിച്ചുതുടങ്ങി. മെത്രാനെ കൂടാതെ ചെയ്ത മെത്രാഭിഷേകത്തിന്റെ കുററം എത്ര ഭയങ്കരതമമെന്നു ഗ്രഹിച്ച പലരും അക്കീയാക്കോനെ ഉപേക്ഷിച്ചു് തങ്ങളുടെ നിയമാനുസൃത മേലദ്ധ്യക്ഷനായ ഗാർസ്യാ മെത്രാപ്പോലീത്തായിക്കു കീഴ്‌വഴങ്ങി. ഈ പുനരൈക്യപ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചതു് കടവിൽ ചാണ്ടിയെന്നും

പള്ളിവീട്ടിൽ ചാണ്ടിയെന്നും പേരായ രണ്ടു കത്തനാരന്മാരായിരുന്നു. രണ്ടു കൊല്ലത്തിനകം 25 പള്ളിക്കാരെ അവർ നേർവഴിക്കു തിരിച്ചു. എങ്കിലും ഇവർക്കും സ്ഥിരമായി ഈശോസഭക്കാൎക്കധീനപ്പെടുന്നതിന് മനസ്സില്ലായിരുന്നു. തന്മൂലം തങ്ങൾക്കു വൈദികമേലദ്ധ്യക്ഷന്മാരായി കർമ്മലീത്താ വൈദികരെ നിയമിച്ചുതരുന്നതിന് റോമ്മയിലെ സ്കാള ആശ്രമത്തിന്റെ ശ്രേഷ്ഠൻവഴി മാർപ്പാപ്പായോടപേക്ഷിച്ചു. അന്നു വാണിരുന്ന അലക്സാണ്ടർ സപ്തമനെന്ന പാപ്പാ കേരളസഭയിൽ നടന്ന സംഭവങ്ങളെല്ലാം സൂക്ഷ്മമായി ഗ്രഹിച്ചതിനാൽ ഉടൻ തന്നെ ജോസഫ് സെബാസ്ത്യാനി എന്ന കർമ്മലീത്താ പട്ടക്കാരനെ ഏതാനും സഹചരന്മാരോടുകൂടി, പ്രത്യേക അധികാരങ്ങൾ നൽകി 1653_ൽ കേരളത്തിലേക്കയച്ചു. മാർ സെബാസ്ത്യാനിയുടെ ആഗമനത്തോടുകൂടി അഹത്തള്ളായേയും അർക്കദിയാക്കോന്റെ മെത്രാൻ വാഴ്ചയുടെസാധുതാത്തേയും പററിയുള്ള യഥാർത്ഥ വിവരങ്ങൾ ജനങ്ങൾ മനസ്സിലാക്കുകയും, സന്മനസ്സുക്കളായ അനേകർ ശീശ്മ ഉപേക്ഷിച്ച് ഫാദർ സെബാസ്ത്യാനിക്കു കീഴ്‌വഴങ്ങുകയും ചെയ്തു. അർക്കദിയാക്കോനും അദ്ദേഹത്തിന്റെ വലതുകരം പോലെയായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാരും ചില ജനപ്രധാനികളുടെ സഹായത്തോടുകൂടി ഫാദർ സെബാസ്ത്യാനിയുടെ പുനരൈക്യപ്രസ്ഥാനത്തിന് വളരെ പ്രതിബന്ധങ്ങളുണ്ടാക്കി. എങ്കിലും അവയെല്ലാം തരണം ചെയ്തു ഫാദർ സെബാസ്ത്യാനി തന്റെ ശ്രമത്തെ വിജയപൂർവ്വം മുന്നോട്ടു കൊണ്ടുപോകയും ഒരു കൊല്ലത്തിനകം 40 പള്ളികളെ പുനരൈക്യപ്പെടുത്തുകയും ചെയ്തു.

1658_ൽ ഫാദർ സെബാസ്ത്യാനി റോമ്മക്കു തിരിച്ചുപോയി കേരളത്തിലെ പരിവർത്തനചരിത്രം യഥാർത്ഥനിലയിൽ മാർപ്പാപ്പായെ കേൾപ്പിച്ചു. തൽഫലമായി മാർപ്പാപ്പാ ഫാദർ സെബാസ്ത്യാനിയെത്തന്നെ മെത്രാനായി അഭിഷേചിച്ച് കേരളത്തിന്റെ കൊമ്മിസ്സറി അപ്പസ്തോലിക്കും അഡ്മിനിസ്ത്രേറ്ററുമായി നിയമിച്ച് പ്രത്യേക അധികാരങ്ങളോടുകൂടി കേരളത്തിലേക്കയച്ചു.

1661_ൽ സെബാസ്ത്യാനി മെത്രാൻ കേരളത്തിൽ തിരിച്ചെത്തി. തന്റെ പാർശ്വവർത്തികളായ വിശ്വസ്ത സുറിയാനിക്കാരുടെ സഹായത്തോടുകൂടി ശീശ്മ അവസാനിപ്പിക്കുന്നതിന് ഉററു ശ്രമിച്ചു. ആകെയുണ്ടായിരുന്ന 114 പള്ളികളിൽ 84 പള്ളികളെ അദ്ദേഹം പുനരൈക്യപ്പെടുത്തി. 1663_ൽ ലന്തക്കാർ കൊച്ചീക്കോ

ട പിടിച്ചതുമൂലം കേരളത്തിൽ സംഭവിച്ച രാഷ്ട്രീയ പരിവൎത്തന ങ്ങൾ നിമിത്തം കേരളം വിട്ടു യാത്രയാകുവാൻ നിർബന്ധിതനായി സെബസ്ത്യാനി മെത്രാൻ അദ്ദേഹത്തിനു് റോമയിൽ നിന്നു സ ിദ്ധിച്ചിരുന്ന പ്രത്യേക അനുമതി ഉപയോഗിച്ചു് പള്ളിവീട്ടിൽ ചാ ണ്ടിക്കത്തനാരെ മെത്രാനായി അഭിഷേചിച്ചു് കേരളത്തിന്റെ വി കാരി അപ്പസ്തോലിക്കായായി നിയമിച്ചു. ഈ നിയമനം സുറിയാ നിക്കാർക്കു് അത്യന്തം ആമോദകരമായ ഒന്നായിരുന്നു. തന്മൂലം വീണ്ടും അനവധി പള്ളികൾ ശീശ്മ ഉപേക്ഷിക്കുകയുണ്ടായി. ചാ ണ്ടി മെത്രാനച്ചന്റെ മരണശേഷം കേരളസഭ വീണ്ടും ലത്തീൻ ഭര ണത്തിനധീനമാകയാണുണ്ടായതു്.

## V.

ഇതിനിടയിൽ 1663_ൽ നാടുവിട്ടുപോയ കർമ്മലീത്താ മിഷ്യ നറിമാരിൽ ചിലർ കേരളത്തിൽ മടങ്ങി എത്തി. അവർ ചാണ്ടിമെ ത്രാനിൽനിന്നു കിട്ടിയ അനുവാദം ഉപയോഗിച്ചു് വരാപ്പുഴെ സുറി യാനിക്കാർക്കായി ഒരു പള്ളിയും സെമിനാരിയും പണിതു് അവിടെ അ വരുടെ ആസ്ഥാനം ഉറപ്പിച്ചു. ചാണ്ടി മെത്രാനച്ചൻ തിരുമനസ്സി ലെ മരണാനന്തരം (1700) വരാപ്പുഴയിലെ കർമ്മലീത്താ വൈദിക രിലൊരാളായ ആഞ്ചെലൂസു് പ്രാൻസീസ് എന്ന ദേഹം കേരളസഭയു ടെ വികാരി അപ്പസ്തോലിക്കയായി നിയമിതനായി. ഇങ്ങനെ യാണു് കേരളത്തിലെ വൈദിക ഭരണത്തിന്റെ കേന്ദ്രം വരാപ്പുഴ യായി ഭവിച്ചതു്.

ആഞ്ചെലൂസു് പ്രാൻസീസ് മെത്രാന്റെ കാലം മുതൽ ഏകദേ ശം 200 വർഷത്തേക്കു് കർമ്മലീത്താ വികാരി അപ്പസ്തോലിക്കാ മാർ ഇടമുറിയാതെ കേരളത്തിൽ ഭരണം നടത്തിപ്പോന്നു. 1861 വരെ വലിയ ബഹളങ്ങളൊന്നും കൂടാതെ കഴിഞ്ഞു എങ്കിലും ഭരണ സീമ സംബന്ധിച്ചു് കൊടുങ്ങല്ലൂർ അതിരൂപതയുമായി ചില തൎക്കങ്ങ ൾ ഉണ്ടാകാതിരുന്നില്ല. കൂനൻകുരിശുസത്യത്തോടു കൂടി കൊടുങ്ങ ല്ലൂർ അതിരൂപതക്കു് കേരളീയ സുറിയാനിക്കാരുടെ മേലുണ്ടായിരു ന്ന അധികാരം നഷ്ടപ്പെട്ടുപോയി. ഗാർസ്യാ മെത്രാപ്പോ ലീത്തായുടെ മരണശേഷം പോർത്തുഗീസു് അധികൃതന്മാർ ആറുപേരെ തുടർച്ചയായി ഈ സ്ഥാനത്തേക്കു നിയമിച്ചു എങ്കിലും അവരിൽ ആരും കേരളത്തിൽ വന്നു് ഭരണം കൈയ്യേററില്ല. ത

ന്നിമിത്തം കൊടുങ്ങല്ലൂർ കീഴിലുണ്ടായിരുന്ന സുറിയാനിക്കാരേയും ഭരിച്ചുവന്നതു് വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്നു. എന്നാൽ 1701-ൽ റോമ്മായിൽനിന്നു് ജോൺറെബേര എന്ന ഈശോസഭാ വൈദികനെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിച്ചു. ഇദ്ദേഹം തൻെറ അതിരൂപതയിൽ പെട്ട സുറിയാനിക്കാരെ വിട്ടുകിട്ടണമെന്നു് ആഞ്ചെലൂസു് മെത്രാനോടാവശ്യപ്പെട്ട എങ്കിലും സുറിയാനിക്കാർ അതിനു് വിരോധിക്കയാണു് ചെയ്തതു്. അക്കാലത്തു് കേരളത്തിൽ നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ മാററങ്ങളും റിബേരാ മെത്രാപ്പോലീത്തായുടെ അഭീഷ്ടസാദ്ധ്യത്തിനു വിഘാതമായി തീൻ.

ഈ സംഗതികളെല്ലാം റോമ്മിൽ അറിഞ്ഞപ്പോൾ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു തിരുവെഴുത്തു മൂലം വരാപ്പുഴ കമ്മലീത്താ മെത്രാൻെറ അധികാരം കൊടുങ്ങല്ലൂർ കൊച്ചീ രൂപതകളിലേക്കു വ്യാപിപ്പിച്ചു. ഇപ്രകാരം വരാപ്പുഴ ഭരണമണ്ഡലം വളരെവിസ്തൃതമായിത്തീൻ. എന്നാൽ സാമൂതിരിയുടെ രാജ്യാതിത്തിക്കുള്ളിൽ അന്നു് മലയാളത്തിൽ പ്രാബല്യം സിദ്ധിച്ചിരുന്ന ഡച്ചു ഗവർമേൻറിനു് വലിയ ശക്തിയില്ലായിരുന്നു. തന്മൂലം ഈ പ്രദേശങ്ങളിലെ സുറിയാനിപ്പള്ളികളെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ അമ്പഴക്കാട്ടു (പുത്തൻചിറ) ആസ്ഥാനമാക്കി ഭരിച്ചുപോന്നു. ഇതുപോലെതന്നെ ഡച്ചുഗവമ്മെണ്ടിനു് പ്രാബല്യം കുറഞ്ഞ അഞ്ചുതെങ്ങിൽ വാസമുറപ്പിച്ച കൊച്ചീമെത്രാൻെറ ഭരണത്തിലായിരുന്നു തെക്കൻ ദിക്കുകളിലെ സുറിയാനിപ്പള്ളികൾ.

അമ്പഴക്കാട്ടു് (പുത്തൻചിറ) താമസിച്ചു കൊണ്ടു് ഈശോസഭക്കാരായ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാർ 1777 വരെ അതിരൂപതാഭരണം നിവ്വഹിച്ചു. അമ്പഴക്കാട്ടു് അവർ ഒരു സെമ്മിനാരി സ്ഥാപിച്ചു. പുത്തൻപാന, ചതുരന്ത്യം, നാലുപർവങ്ങൾ, മലയാളം പോത്തുഗീസുനിഘണ്ടു, യുധിഷ്ടരവിജയം, തുടങ്ങിയ അമൂല്യഗ്രന്ഥങ്ങളുടെ കത്താവായ അണ്ണ്റോസുപാതിരി (John Ernestus Hanxleden) തുടങ്ങിയ പ്രഖ്യാതന്മാരായ പലെ വൈദികശിരോമണികളെയും അവർ കേരളത്തിനു പ്രദാനം ചെയ്തു. 1777 നു ശേഷം കൊടുങ്ങല്ലൂർ അതിരൂപതാഭരണം നടത്തിവന്നതു് മെത്രാന്മാരല്ല പ്രത്യുത ഗോവണ്ണദോരന്മാരായിരുന്നു. ഇങ്ങനെ ഭരിച്ചവരിൽ നാട്ടുകാരായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും ശങ്കുരിക്കൽ ഗീവറുഗീസു് കത്തനാരുടെയും നാമങ്ങൾ പ്രത്യേകം സ്മരണീയങ്ങളാണു്.

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഭരണം പലതുകൊണ്ടും ശ്രേയസ്കരമായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂർ മഹാ ഇടവകയെ ഉദ്ദേശം 12 കൊല്ലം ഭരിച്ചു. സഭാഭരണം സംബന്ധിച്ച് അനവധി പരിഷ്കാരങ്ങൾ അദ്ദേഹം വരുത്തി. നസ്രാണി സമുദായത്തിൽ തലവന്റെ സ്ഥാനപദവികൾ വീണ്ടെടുത്തു് സുറിയാനി സമുദായത്തിന്റെ പ്രതാപത്തെ പുനഃഷ്ഠാപിച്ചു. കേരളത്തിലെ സുറിയാനിപ്പള്ളികളെല്ലാം തോമ്മാക്കത്തനാരുടെ ഭരണത്തിൻ കീഴിലായിരുന്നു. ഇപ്രകാരം എല്ലാംകൊണ്ടും ശ്രേയോന്മുഖമായിരുന്ന ഈ ഭരണവേളയിലായിരുന്നു മൈസൂർ കടുവാ എന്നു കുപ്രസിദ്ധി നേടിയ ടിപ്പുസുൽത്താൻ പ്രശാന്തമായ കേരളോദ്യാനത്തിൽ ചാടിവീണതു്. പഞ്ഞംകൊണ്ടും പടകൊണ്ടും അനേകം പേർ മരിച്ചു. അനേകം ക്രിസ്ത്യാനികൾ വേദത്തെപ്രതി കൊല്ലപ്പെടുന്നതിനും ചിലർ സത്യമതം പരിത്യജിച്ചുകളവാനും ഇടയായി. അത്യന്തം ഭയാനകമായ ഈ കാലഘട്ടത്തെ തരണം ചെയ്തശേഷം പാറേമ്മാക്കൽ തോമ്മാക്കത്തനാർ 1799 വരെ കേരളീയ കത്തോലിക്കാ നസ്രാണികളെ ഭരിച്ച് പ്രസ്തുത വത്സരം മാർച്ചുമാസം 20-ാംനു- ദൈവത്തിൽ സമാധാന നിദ്രപ്രാപിച്ചു.

1838-ൽ മലയാളത്തിലെ പദ്രുവാദ അഥവാ പോർത്തുഗീസു് വൈദികമേലധികാരം തിരുസിംഹാസനം നിർത്തലാക്കി. തന്മൂലം വടക്കൻ പ്രദേശങ്ങളിലെ സുറിയാനിപ്പള്ളികളും വരാപ്പുഴ ഭരണത്തിനു വിധേയമായിത്തീർന്നു. അധികം താമസിയാതെ കൊച്ചീരൂപതക്കധീനമായിരുന്ന കൊല്ലവും വരാപ്പുഴയുടെ അധികാരം സ്വീകരിച്ചു. ഇങ്ങനെ കർമ്മലീത്താഭരണസീമ അത്യധികം വിസ്തൃതായി.

ഇക്കാലഘട്ടത്തിൽ സംഭവിച്ച ശ്രദ്ധേയമായ മറെറാരു സംഗതി പുത്തൻകൂറിൽ പെട്ട നമ്മുടെ സഹോദരന്മാർ ചെയ്ത പുനഃരൈക്യ ശ്രമങ്ങളാണു്. ആലങ്ങാട്ടുവച്ച് പന്ത്രണ്ടു വൈദികർകൂടി അക്കട്ടിയാക്കോനെ മെത്രാനായി വാഴിച്ച് സുറിയാനിക്കാരിൽ ഭൂരിപക്ഷവും അദ്ദേഹത്തോടുചേർന്നു നില്ക്കയാണല്ലോ ഉണ്ടായതു്. എന്നാൽ ഈ പ്രവൃത്തിയുടെ അസാധുതയെ മനസ്സിലാക്കിയ സുറിയാനിക്കാരിൽ ഒരു വലിയ ഭാഗവും സെബസ്ത്യാനി മെത്രാന്റെയും ചാണ്ടിമെത്രാന്റെയും മററും ശ്രമത്താൽ പുനരൈക്യപ്പെട്ടതു് മുൻപ്രസ്താവിച്ചുവല്ലോ. എന്നാൽ അക്കട്ടിയാക്കോനും കുറെ സുറിയാനിക്കാരും മത്സരിച്ചു നില്ക്കയത്രെ ചെയ്തതു്. എങ്കിലും ഒരു പന്തീ

രണ്ടുകാലത്തേക്കു് അവർ സത്യവിശ്വാസംതന്നെ പാലിച്ചുപോന്നു. എന്നാൽ 1565-ൽ അവരുടെ ക്ഷണമനുസരിച്ചു് ഗ്രീഗോറിയോസ്സ് എന്നൊരു യാക്കോബായ മെത്രാൻ കേരളത്തിൽ വന്നപ്പോൾ അവർ യാക്കോബായ മതസിദ്ധാന്തങ്ങൾ സ്വീകരിച്ചു. അന്നു മുതൽ അവർക്കു പുത്തൻകൂറ്റുകാർ എന്നു പേരും സിദ്ധിച്ചു.

ഇപ്രകാരം യാക്കോബായ മതതത്വങ്ങൾ സ്വീകരിച്ചു കഴിഞ്ഞശേഷവും അവർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് ശക്തിയായി അഭിലഷിക്കയും ആയതിനായി യത്നിക്കയും ചെയ്തിട്ടുണ്ടു്. ഒരു മെത്രാനെ അയച്ചു തങ്ങളെ കത്തോലിക്കാഐക്യത്തിലേക്കു സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് 1700-ൽ അനവധി യാക്കോബായ പട്ടക്കാർ ചേന്നു് ഒരഹർജി ബാബേലിലെ കത്തോലിക്കാ പാത്രിയക്കീസിനയക്കുകയുണ്ടായി. അതനുസരിച്ചു് മാർ ശെമഓൻ എന്നൊരു സുറിയാനി മെത്രാനെ പാത്രിയക്കീസ്സ് കേരളത്തിലേക്കയച്ചു. പക്ഷെ കമ്മലീത്തരുടെ തടസ്സംകൊണ്ടു് അദ്ദേഹത്തിനിവിടെ താമസിക്കുന്നതിനു് സാധിച്ചില്ല. ഇതിനുശേഷം 1704-ലും 1748-ലും യാക്കോബായക്കാർ പുനരൈക്യത്തിനുള്ള അഭ്യർത്ഥനകൾ റോമ്മിലേക്കയച്ചു. എന്തൊ ചില കാരണങ്ങളാൽ ഈ ഉദമ്യങ്ങളും ഫലപ്രദങ്ങളായില്ല.

വീണ്ടും 1788-ൽ അന്നത്തെ യാക്കോബായ മേലദ്ധ്യക്ഷനും ശരിയായ മെത്രാൻ പട്ടം സ്വീകരിച്ചിരുന്ന ദേഹവുമായ ആറാം മാർ തോമാ സ്വഭരണീയരോടുകൂടി തിരുസ്സഭയിൽ പ്രവേശനം അഭ്യർത്ഥിച്ചു. അതും വിഫലമായി എന്നു കണ്ടപ്പോൾ അദ്ദേഹം ആലങ്ങാട്ടു സ്വദേശിയും റോമ്മായിലെ പ്രൊപ്പഗാന്താ കോളേജിൽ പഠിച്ചു് ഉരുപ്പട്ടമേററ വൈദികശിരോമണിയുമായ കരിയാററിൽ യൌസേപ്പു മല്പാനച്ചനെ ആശ്രയിച്ചു. അദ്ദേഹമാകട്ടെ "മാർഗ്ഗമദ്ധ്യേ എൻെറ പ്രാണനപായം നേരിട്ടേക്കാമെങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി ഒരിക്കൽകൂടി റോമ്മയിലേക്കു പോകാം" എന്നു പറഞ്ഞു് ആറാം മാർത്തോമ്മായിക്കു അദ്ദേഹത്തിൻെറ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു. ഇതനുസരിച്ചു് അദ്ദേഹം പാറേമ്മാക്കൽ തോമ്മാക്കത്തനാരൊരുമിച്ചു് പോർത്തുഗലിലും റോമ്മയിലും എത്തി, മാർത്തോമ്മായേയും ജനതയേയും തിരുസഭയിലേക്കു സ്വീകരിക്കുന്നതിന് ആവശ്യമായ അധികാരങ്ങളൊക്കയും വാങ്ങി. ലിസ്ബണിൽ വച്ചു് മല്പാനച്ചൻ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീ

ത്തായുമായി അഭിഷേചിക്കപ്പെട്ടു. പക്ഷെ ദൌർഭാഗ്യവശാൽ പ്രത്യാഗമനമദ്ധ്യേ ഗോവയിൽവച്ചു് അദ്ദേഹം പൊടുന്നനവെ ദിവ്യംഗതനാവുകയാണുണ്ടായതു്. അനന്തരം കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗവർണ്ണർ ഭോരായി ഭരണം നടത്തിയ പാറേമ്മാക്കൽ തോമ്മാക്കത്തനാർ സുപ്രസിദ്ധനായ തച്ചിൽ മാത്തുത്തരകന്റെ സഹായത്തോടുകൂടി ആറാം മാർത്തോമ്മായേയും ജനത്തെയും തിരുസ്സഭയിലേക്കു പുനഃസ്വീകരിക്കുന്നതിനു് ശ്രമിച്ചു. എന്നാൽ ഈ ശ്രമവും നിഷ്ഫലമായിത്തീന്നു. ഏറെത്താമസിയാതെ അവർ പ്രോട്ടസ്റ്റണ്ടു വശീകരണങ്ങൾക്കു് വിധേയരാവുകയും അതോടെ പുനരൈക്യപ്രത്യാശ അസ്തമിക്കുകയും ചെയ്തു.

ഇനിയും നമുക്കു് വരാപ്പുഴയിലെ കർമ്മലീത്താ മിഷ്യനറിമാരുടെ ഭരണം അനുധാവനം ചെയ്യാം. കർമ്മലീത്താഭരണം സുറിയാനിക്കാർക്കു് സ്വന്ത രീതിയിൽ മെത്രാനെ ലഭിക്കണമെന്നുണ്ടായിരുന്ന സ്ഥായിയായ അഭിലാഷത്തിനു് കുറവുവരുത്തിയില്ല. ഇക്കാലഘട്ടത്തിൽ കണ്ണൂർ, തോടമല, കോഴിക്കോടു്, തുരുത്തിപ്പുറം, ഇടക്കൊച്ചി തുടങ്ങി പലേ സുറിയാനിപ്പള്ളികളും ലത്തീൻ പള്ളികളായ് രൂപാന്തരീഭവിച്ചു.

ആഞ്ചെലൂസു മെത്രാനെ തുടന്നു് കർമ്മലീത്തരായ വൈദികമേലദ്ധ്യക്ഷന്മാർ തുടച്ചയായി സുറിയാനിക്കാരെ ഭരിച്ചുകൊണ്ടുപോന്നു. ഇവരിൽ പ്രാൻസീസ് സേവ്യർ എന്ന വികാരി അപ്പസ്തോലിക്കായുടെ കാലത്താണു് മുൻസൂചിപ്പിച്ചതുപോലെ സുറിയാനിക്കാർ കൊടുങ്ങല്ലൂർ അതിരൂപതയിൽ നിന്നു പിരിഞ്ഞു് വരാപ്പുഴയുടെ അധീനത്തിലായിതീന്നതു്. ഇതോടെ വരാപ്പുഴ വികാരി അപ്പസ്തോലിക്കായിക്കു് "മെത്രാപ്പോലിത്താ" എന്ന സ്ഥാനസംജ്ഞയും നൾകപ്പെട്ടു.

1853–1868 വരെ വരാപ്പുഴ വൈദികമേലദ്ധ്യക്ഷനായി സുറിയാനിക്കാരെ ഭരിച്ച ബെർണ്ണർദീനോസു മെത്രാപ്പോലീത്തായുടെ ഭരണം കേരള സഭാചരിത്രത്തിൽ സുസ്മരണീയമായ ഒന്നാണു്. രൂപതാഭരണം സംബന്ധിച്ചും മററും പല പരിഷ്കാരങ്ങൾ ഇദ്ദേഹം നടപ്പിൽ വരുത്തി. വൈദികരുടെ പരിശീലനം, വിദ്യാഭ്യാസം എന്നിവയിൽ സ്തുത്യർഹങ്ങളായ പലെ പരിഷ്കാരങ്ങളും ഇദ്ദേഹം ചെയ്തു. അക്കാലത്തുണ്ടായിരുന്ന പ്രയിവററ സെമ്മിനാരികളെല്ലാം അദ്ദേഹം നിത്തി. മാന്നാനം, വാഴക്കുളം, എൽത്തുരുത്തു്,

പുത്തമ്പള്ളി എന്നീ നാലു സെമ്മിനരികൾ മാത്രം മേലിൽ നടത്തിക്കൊണ്ടുപോയാൽ മതിയെന്നു അദ്ദേഹം തീരുമാനിച്ചു. മാന്നാനത്തു് ആരംഭിച്ചു് നടത്തിവന്ന സന്യാസ സഭയുടെമേൽ ഇദ്ദേഹത്തിനു് പുത്രനിർവിശേഷമായ വാത്സല്യമുണ്ടായിരുന്നു. ഈ സന്യാസഗണത്തെ ഇദ്ദേഹം കർമ്മലീത്താ മൂന്നാം സഭയായി അംഗീകരിക്കുന്നതിനു് സഫലമായി പരിശ്രമിച്ചു. ഈ സന്യാസികളെക്കൊണ്ടു് ജനങ്ങളുടെ ആദ്ധ്യാത്മികധ്യാനം നടത്തിക്കുക തുടങ്ങി പല ജോലികളും ചെയ്യിച്ചുകൊണ്ടുവന്നു. ഇപ്രകാരം നാനാവിധ പരിഷ്കാരങ്ങളാലും മതതീക്ഷ്ണതാപ്രചരണത്താലും സംപൂർണ്ണമായ ഈ ഭരണദശയിൽ തന്നെ ഒരു മതഭിന്നതയും ഉണ്ടാകുന്നതിനു് ഇടയായി.

റോക്കോസ് ശീശ്മ എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന ഈ മതഭിന്നതയുടെ താല്ക്കാലിക കാരണങ്ങൾ എന്തുതന്നെയായിരുന്നാലും ആ സംഭവം സുറിയാനിക്കാർക്കു് സ്വന്ത റീത്തിനോടും പൌരസ്ത്യ അധികാരത്തോടുമുള്ള നിസ്സീമമായ പക്ഷപാതത്തെ ശക്തിയായി പ്രദർശിപ്പിച്ചു. ഒരുകൊല്ലംകൊണ്ടു് ശീശ്മ അവസാനിച്ചു. ഈ ശീശ്മ ഉന്മൂലനം ചെയ്യുന്നതിനു് ബെർണ്ണദീനോസു മെത്രാപ്പോലീത്തായിക്കു് കേരളത്തിലെ സുറിയാനി കർമ്മലീത്താ സന്യാസികൾ വലിയ സഹായമായിരുന്നു. ഇവരിൽ എല്ലാംകൊണ്ടും അഗ്രഗണ്യൻ കർമ്മലീത്താ കൊവേന്തകളുടെ പ്രിയോർജനറാളും പുണ്യശ്ലോകനുമായിരുന്ന ചാവറ പെ. ബ. കുരിയാക്കോസു് ഏലിയാസച്ചനായിരുന്നു. ഈ ഘട്ടത്തിൽ ബെർണ്ണർദീനോസു മെത്രാപ്പോലീത്താ ഇദ്ദേഹത്തെ അതിവിപുലമായ അധികാരങ്ങളോടുകൂടി സുറിയാനി ക്രസ്ത്യാനികളുടെ വികാരി ജനറാളായി നിയമിച്ചു. ഇദ്ദേഹത്തിൻെറ സഭാസേവനത്തെ അഭിനന്ദിച്ചു് ഒൻപതാം പീയൂസു പാപ്പാ തിരുമനസ്സുകൊണ്ടു് സ്വഹസ്തലിഖിതമായ ഒരഭിനന്ദന സന്ദേശം ഇദ്ദേഹത്തിനയച്ചുകൊടുക്കുകയുണ്ടായി.

ഇങ്ങനെ സുറിയാനി കത്തോലിക്കാ സമുദായമണ്ഡലം പ്രശാന്തരമണീയമായ ഒരു പതനത്തിലേക്കു വീണ്ടും ചെന്നെത്തി കഴിഞ്ഞശേഷം 1868_ൽ ബെർണ്ണർദീനോസുമെത്രാപ്പോലീത്താ വരാപ്പുഴവച്ചു ഭാഗ്യമരണം പ്രാപിച്ചു.

അനന്തരം വരാപ്പുഴയുടെ മെത്രാപ്പോലീത്തായായതു് ലിയനാർദു് മെലിനൊ എന്ന കർമ്മലീത്താ വൈദികനായിരുന്നു. ഇദ്ദേഹം

1869-ൽ സമ്മേളിച്ച വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കയുണ്ടായി. പത്രോസിൻെറ കാശു എന്നാഭിദാനത്തിൽ 32000-ൽ പരം രൂപാ കേരളീയക്രിസ്ത്യാനികളുടെ വകയായി മാർപ്പാപ്പായിക്കു അദ്ദേഹം കാഴ്ചവെച്ചു. ഇദ്ദേഹം തൻെറ മുൻഗാമികൾ നടപ്പിൽ വരുത്തിയിട്ടുള്ള നിയമങ്ങളെ എല്ലാം ക്രമീകരിച്ചു് പുസ്തകരൂപത്തിലാക്കി പ്രസിദ്ധം ചെയ്തു. മലങ്കരസഭയിൽ ഇന്നും നിലവിലിരിക്കുന്ന നിയമാവലി ഇതാണു്.

വത്തിക്കാൻ സൂനഹദോസിൽവച്ചു് കേരളീയ കത്തോലിക്കർ പണ്ടത്തേതുപോലെ സ്വന്തം പാത്രിയർക്കീസിൻെറ കീഴിലാക്കപ്പെടണമെന്നു് ബാബേൽ പാത്രിയർക്കീസ് ബലമായി വാദിച്ചു. ഫ്റഞ്ചു മെത്രാന്മാർ ഈ വാദത്തെ ശക്തിയായി അനുകൂലിച്ചു. എന്നാൽ ബാബേൽ പാത്രിയർക്കീസിൻെറ കക്ഷികൾ കേരളത്തിൽ ഉണ്ടായിരുന്നതു നിമിത്തം ഒരു ശീശ്മകൂടി ഇവിടെ ആവിർഭവിക്കുന്നതിടയായി.

എങ്ങനെയെന്നാൽ 1874-ൽ ചില കേരളീയസുറിയാനിക്കാരുടെ അപേക്ഷയനുസരിച്ചു് ബാബേൽ പാത്രിയർക്കീസ് മാർപ്പാപ്പായുടെ അനുമതി കൂടാതെ ഏലിയാ മേലൂസ് എന്നൊരു മെത്രാനെ കേരളത്തിലേക്കയച്ചു. ഇദ്ദേഹം വന്നയുടനെ 40 സുറിയാനിപ്പള്ളികൾ തങ്ങളുടെ ന്യായമായ അധികാരിയായ വരാപ്പുഴ മെത്രാപ്പോലീത്തായെ ഉപേക്ഷിച്ചു് മേലൂസിനോടുകൂടെ ചേർന്നു. ഇതിനിടയിൽ ബോംബെ മെത്രാപ്പോലീത്തായായിരുന്ന ലീയോ മൗറീൻ തിരുമനസ്സുകൊണ്ടു് കേരളത്തിൻെറ വിസിററപ്പസ്തോലിക്കായായി നിയമിതനായി. ഇദ്ദേഹം വിദ്വൽശിരോമണിയും സമുദായസ്നേഹിയുമായ നിധിയിരിക്കൽ മാണിക്കത്തനാരോടും സുറിയാനിക്കമ്മലീത്താ സന്യാസികളോടും കൂടി മാന്നാനത്തും, എൽത്തുരുത്തും താമസിച്ചുകൊണ്ടു് ശീശ്മയെ നാമാവശേഷമാക്കുന്നതിനു് അത്യധികം പരിശ്രമിച്ചു. മാർപ്പാപ്പായുടെ കല്പനപ്രകാരം മേലൂസും സഹചരന്മാരും മഹറോൻ ചൊല്ലപ്പെട്ടു. പാത്രിയർക്കീസ് മേലൂസിനെ തിരിച്ചുവിളിച്ചെങ്കിലും അദ്ദേഹം പോയില്ല. പക്ഷെ അചിരേണ പള്ളിക്കാർ ഓരോരുത്തരായി അദ്ദേഹത്തെ ഉപേക്ഷിച്ചുതുടങ്ങി. കടശി ഗത്യന്തരമില്ലന്നായപ്പോൾ 1882-ൽ അദ്ദേഹം കേരളം വിട്ടു തിരിച്ചുപോയി. ക്രമേണ ത്രിശിവപേരൂർ ഒഴിച്ചു് മററു പള്ളികളെല്ലാം സഭാമാതാവിങ്കലേക്കു പ്രത്യാഗമിച്ചു. നിർഭാഗ്യരായ ഇവർ അധികകാല വിളംബമെന്യേ നെസ്തോറിയൻ പതിതത്വത്തിൽ അധഃപതിച്ചുപോയി.

## VI

സുറിയാനിക്കാർക്കു് സ്വന്ത റീത്തിൽ മെത്രാനെ കിട്ടണമെന്നുള്ള അഭിവാഞ്ച എത്രകണ്ടു തീവ്രവും രൂഢമൂലവും ആയിരുന്നെന്നു് റോക്കോസിൻെറയും മേല്യൂസിൻെറയും ശീശ്മകൾ പ്രസ്പഷ്ടമാക്കി. ശീശ്മക്കു ശേഷവും പ്രസ്തുത അഭിലാഷസിദ്ധിക്കായുള്ള യത്നം തുടർന്നു കൊണ്ടിരുന്നു. തദർത്ഥം വിസിററപ്പസ്തോലിക്കായായിരുന്ന ലീയോ മോറീൻെറ പക്കലും പിന്നീടു് ദലഗാദപ്പസ്തോലിക്കായായിരുന്ന അലിയാർദി വഴി റോമ്മയിലേക്കും അവർ ഹർജികളയക്കുകയുണ്ടായി. കടശി റോമ്മാ സിംഹാസനം സുറിയാനിക്കാരുടെ അഭിലാഷം സാധിച്ചുകൊടുക്കുന്നതിന്നതന്നെ തീരുമാനിച്ചു. ഇതിനൊരു പ്രാരംഭം എന്നോണം 1887–ൽ സുറിയാനിക്കാക്കായിട്ടു തനിച്ചു് വരാപ്പുഴ കീഴിൽ ഒരു മെത്രാനെ നിയമിക്കയുണ്ടായി. മലയാളം സുറിയാനി എന്നീ ഭാഷകളിൽ അന്യാപേക്ഷയാ കൂടുതൽ വ്യുല്പന്നനും പുത്തമ്പള്ള സെമ്മിനാരി റെക്ടറുമായ മർസിലീനോസു മിഷ്യനറിയെ സുറിയാനിക്കാക്കായുള്ള മെത്രാനായി നിയമിച്ചു.

ലത്തീൻ റീത്തിൽ പെട്ട വിശ്വാസികളെ മാത്രമെ പിന്നീടു വരാപ്പുഴ വികാരിയപ്പസ്തോലിക്കാമാർ ഭരിച്ചുള്ളു. ഈ അവസരത്തിൽ കേരളത്തിലെ ലത്തീൻ സഭയെപ്പററി സ്വല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

16–ാം ശതകം മുതൽ വിദേശിയരായ ലത്തീൻ മിഷ്യനറിമാർ കേരളത്തിൽ വന്നു ജോലിതുടങ്ങി. ഇവരുടെ പ്രേഷിതവേല മുഖ്യമായി കടൽത്തീര നിവാസികളുടെ ഇടയിലായിരുന്നു. ഈ വിദേശപ്രേഷിതരിൽ എല്ലാംകൊണ്ടും പ്രമുഖൻ വി. ഫ്രൻസീസ്കോസു് ശവരിയാരായിരുന്നു.

മധുരപ്പട തിരുവിതാംകൂറിനെ ആക്രമിച്ചപ്പോൾ ഈ വിശുദ്ധൻ ക്രൂശിക്കപ്പെട്ട ഈശോയുടെ സ്വരൂപം കയ്യിലേന്തി അവക്കെതിരെ ചെന്നു് ദൈവനാമത്തിൽ പിന്തിരിയണമെന്നു് അവരോടാവശ്യപ്പെട്ടു. അപ്രതീക്ഷിതവും വിസ്മയാവഹവുമായ ഈ സാത്വികവീരൻെറ ദർശനത്തിൽ ക്രൂരന്മാരായ മധുരപ്പട വെള്ളിടിയേററ ചെറുതേന്മാവുകൾപോലെ നിലംപതിക്കയും, താമസിയാതെ പലായനം ചെയ്യുകയും ചെയ്തു. തിരുവിതാംകൂറിനു ചെയ്തുകൊടുത്ത ഈ വലിയ സഹായം നിമിത്തം സന്തുഷ്ടനായിത്തീന്ന അന്നത്തെ

രാജാവ് മാർത്താണ്ഡവർമ്മ അദ്ദേഹത്തിന് പ്രേഷിതവൃത്തികളുള്ള എല്ലാ ഒത്താശകളും ചെയ്തുകൊടുത്തു.

ഈ സംഭവം നടന്നതു് 1544_ലാണ്. പ്രസ്തുത വർഷം അവസാനിക്കുന്നതിനു മുമ്പായി വിശുദ്ധൻ 45 പള്ളികൾ കടൽത്തീരപ്രദേശങ്ങളിൽ സ്ഥാപിക്കുകയും ആയതിലേക്കു വേണ്ട ജനങ്ങളെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. മററു മിഷ്യനറിമാരുടെ ശ്രമഫലമായും അനേകർ മാനസാന്തരപ്പെട്ടു. ഇവരെല്ലാം ലത്തീൻ റീത്താണ് സ്വീകരിച്ചതു്. ഇവരുടെ സന്താനങ്ങളാണ് ഇന്നു കേരളത്തിൽ കാണുന്ന ലത്തീൻ കത്തോലിക്കർ. വരാപ്പുഴ കർമ്മലീത്താ മിഷ്യനറിമാരുടെ ഭരണകാലത്തു് പല സുറിയാനിപ്പള്ളികൾ ലത്തീൻ പള്ളികളായി രൂപാന്തരപ്പെട്ടതുപോലെ പല സുറിയാനി കുടുംബങ്ങളും ലത്തീൻ റീത്തു സ്വീകരിക്കയുണ്ടായിട്ടുണ്ട്.

കേരളത്തിലുള്ള ഈ ലത്തീൻ കത്തോലിക്കരെല്ലാം വരാപ്പുഴ വിജയപുരം, കൊല്ലം, കോട്ടാർ, കൊച്ചി, കോഴിക്കോട്, തൂത്തുക്കുടി എന്നീ രൂപതകളിലുൾപ്പെട്ടുകിടക്കുന്നു. ഇവയിൽ കൊച്ചിരൂപതയൊഴിച്ച് മററു രൂപതകളെല്ലാം പ്രൊപ്പഗാന്താ തിരുസംഘത്താലും, കൊച്ചീരൂപത അസാധാരണ സഭാകാര്യങ്ങൾക്കായുള്ള തിരുസ്സംഘത്താലും ഭരിക്കപ്പെടുന്നു.

നിത്യസ്മരണാർഹനായ 13_ാം ലേയോൻ മാർപ്പാപ്പാ പരിശുദ്ധ റോമ്മാ സിംഹാസനത്തിൽ ആരോഹണം ചെയ്തതോടുകൂടി പൌരസ്ത്യസഭകളുടെ ഭരണവിഷയത്തിൽ പല വ്യതിയാനങ്ങളും കണ്ടു തുടങ്ങി. 1884_ാമാണ്ടിൽ ഇദ്ദേഹം ഭാരതത്തിൽ ശ്ലൈഹികസ്ഥാനാപതിയുടെ ആസ്ഥാനം ശാശ്വതമായി സ്ഥാപിച്ചു. പ്രഥമ ഡലഗാദപ്പസ്തോലിക്കാ മോൺസിഞ്ഞോർ അലിയാർദിയായിരുന്നു. ഇദ്ദേഹം 1885_നവമ്പർ മാസത്തിൽ മാന്നാനത്തു വന്നു. അവിടെ വച്ച് സുറിയാനിക്കാർ അദ്ദേഹത്തെ തങ്ങളുടെ അഭിലാഷങ്ങൾ അറിയിച്ചു. അവരുടെ ഹർജി വേണ്ട ശുപാർശികളോടുകൂടി അദ്ദേഹം റോമ്മയിലേക്കയച്ചു. 1886_ൽ ഇൻഡ്യൻ ഹയരാക്കി സ്ഥാപിതമായി. തദവസരത്തിൽ ബാംങ്കളൂരിൽ വച്ചു നടത്തപ്പെട്ട മെത്രാന്മാരുടെ യോഗത്തിൽ വച്ച് ഡലഗാദപ്പസ്തോലിക്കാ സുറിയാനിക്കാരുടെ അപേക്ഷയെപ്പററി ഇൻഡ്യയിലെ യൂറോപ്യൻ മെത്രാന്മാരുമായി ആലോചിക്കയുണ്ടായി. അവർ സുറിയാനിക്കാരെ ബലമായി പിൻതാങ്ങി.

തദനുസരണം 1887-ൽ ഭാഗ്യസ്മരണാർഹനായ 13-ാം ലേയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് "മലങ്കര സുറിയാനി റീത്തുകാരായ കത്തോലിക്കരുടെ പ്രത്യേകമായ ഭരണത്തെ ലക്ഷീകരിച്ചു് അവരുടെ വിശ്വാസത്തിനും, അനുസരണത്തിനും ശ്ലീഹായിക്കടുത്ത സിംഹാസനത്തോടുള്ള ഭക്തിക്കും ഒരു പ്രതിസമ്മാനം നൾകുന്നതിനും അവരുടെ ഇടയിൽ മിശിഹായുടെ സത്യസഭ പൂർവ്വാധികം അഭിവൃദ്ധിപ്പെടുന്നതിനും വേണ്ടി" പ്രസ്തുത വത്സരം മേയ്മാസം 20-ാം തിയതി പ്രസിദ്ധം ചെയ്ത "Quod Jampridem" എന്ന തിരുവെഴുത്തുമൂലം "കേരള സുറിയാനിക്കത്തോലിക്കരെ റീത്തു സംബന്ധമായി ലത്തീൻകാരിൽ നിന്നു തിരിച്ചു് അവൎക്കായി രണ്ടു ശ്ലീഹായിക്കടുത്ത വികാരിയാത്തുകളെ സ്ഥാപിച്ചു് അവയെ ലത്തീൻ റീത്തുകാരായ മെത്രാന്മാർക്കു ഭരമേല്പിച്ചു. എന്നാൽ ഈ മെത്രാന്മാർ കേരളീയ സുറിയാനിക്കാരായ വികാരി ജനറാളിനെയും അതേ ജാതിയിലും റീത്തിലും പെട്ട നാലു വൈദികരെയും തിരഞ്ഞെടുത്തു് അവരുടെ ആലോചനയെ സഭാസംബന്ധമായ സകല സംഗതികളിലും ഉപയോഗപ്പെടുത്തേണ്ടിയിരുന്നു.

"ഇതനുസരിച്ചു് ആലുവാപുഴയെ സ്ഥലാതിർത്തിയായി വച്ചുകൊണ്ടു് രണ്ടു വികാരിയാത്തുകളെ സ്ഥാപിച്ചു. അവയിൽ തെക്കുഭാഗത്തുള്ളതിനു് കോട്ടയം വികാരിയാത്തെന്നും, വടക്കുഭാഗത്തുള്ളതിനു് തൃശ്ശൂർവികാരിയാത്തെന്നും നാമം കൊടുക്കപ്പെട്ടു. കോട്ടയം വികാരിയാത്തിന്റെ ഭരണാധികാരിയായി കാർളോസു ലവീഞ്ഞു്മെത്രാനച്ചൻ നിയമിതനായി. ഇദ്ദേഹത്തിന്റെ കീഴിൽ വടക്കുംഭാഗരെന്നും, തെക്കുംഭാഗരെന്നും രണ്ടു സുറിയാനി സമുദായങ്ങളുണ്ടായിരുന്നതു നിമിത്തം ഇദ്ദേഹത്തിനു രണ്ടു വികാരി ജനറാളന്മാരുണ്ടായി. നിധിയിരിക്കൽ പെ. ബ. മാണിക്കത്തനാർ വടക്കുംഭാഗം വികാരിജനറാളും, മാക്കിയിൽ പെ. ബ. മാണിക്കത്തനാർ തെക്കുംഭാഗം വികാരിജനറാളുമായി നിയമിതരായി. തൃശ്ശൂർ വികാരിയാത്തിന്റെ ഭരണം മെഡ്ലിക്കോട്ട മെത്രാനച്ചനേല്പിക്കപ്പെട്ടു. ഈ രണ്ടു വികാരിയപ്പസ്തോലിക്കാമാരും പരിഷ്കൃത മാനസരും വിദ്യാഭ്യാസപ്രവൎത്തകന്മാരും പ്രജാക്ഷേമ തല്പരന്മാരുമായിരുന്നു. തന്മൂലം അനേകം പരിഷ്കാരങ്ങൾക്കവർ അടിസ്ഥാനമിട്ടു.

തൃശ്ശൂർ സെൻറുതോമ്മസ് കോളേജും പലേ വിദ്യാഭ്യാസ സ്ഥാപനങ്ങളും കന്യകാമഠങ്ങളും മെഡ്ലിക്കോട്ട മെത്രാനച്ചൻ തൃശ്ശൂർ രൂ

പതകഠ ചെയ്തിട്ടുള്ള ത്യാഗപൂൎവ്വമായ സേവനത്തിൻെറ നിത്യസ്മാരകങ്ങളാണ്. ചങ്ങനാശേരിയിലെ മെത്രാസനാരമന, സെൻറ്ബക്ക്മാൻസ് ഹൈസ്കൂഠ, കൎമ്മലീത്താമഠം, ക്ലാരമഠം തുടങ്ങി അനവധി സ്ഥാപനങ്ങഠ ലവീഞ്ഞുമെത്രാനച്ചൻെറ നിസ്സ്വാൎത്ഥപരമായ യത്നത്തിൻെറ ശാശ്വത ലക്ഷ്യങ്ങളത്രെ.

എന്നാൽ ഇവകൊണ്ടൊന്നും സുറിയാനിക്കാരുടെ ആഗ്രഹങ്ങഠ സഫലമായില്ല. സ്വന്ത ജാതിയിലും റീത്തിലുമുള്ള മെത്രാന്മാരെ സിദ്ധിക്കുന്നതിനായി അവർ വീണ്ടും പരിശ്രമിച്ചുതുടങ്ങി. അനേകവിധങ്ങളും പ്രബലതരങ്ങളുമായ പ്രതിബന്ധങ്ങളെ എല്ലാം തരണം ചെയ്ത് അനവധി അപേക്ഷകഠ അവർ റോമ്മയിലേക്കയച്ചുകൊണ്ടിരുന്നു.

തന്നിമിത്തം 1896_ാമാണ്ടു് 13_ാം ലെയോൻ മാർപ്പാപ്പാ "സ്ഥലകാലങ്ങളുടെ സഹചൎയ്യത്തെ ആലോചിച്ചു കൊണ്ടു് കേരളസഭയുടെ പേരിലുള്ള ഔദാൎയ്യത്തിൻെറ നവമായ ഒരു ലക്ഷ്യം കാണിക്കുവാൻ വേണ്ടിയും, ആ ദേശങ്ങളിലുള്ള വിശ്വാസികളുടെ ആത്മീയാഭ്യുദയത്തെ ഉദ്ദേശിച്ചും" ജൂലൈ മാസം 18_ാംനു- പ്രസിദ്ധപ്പെടുത്തിയ "Quae rei sacrae" എന്ന തിരുവെഴുത്താൽ "കേരളത്തിന് ആകെ പുതിയവിഭാഗങ്ങഠ കല്പിച്ചിട്ട് കേരളീയ സുറിയാനിക്കാൎക്കായ് പരിശുദ്ധ സിംഹാസനത്തിന് നേരിട്ടധീനപ്പെട്ട ചങ്ങനാശേരി, എറണാകുളം, തൃശ്ശൂർ എന്നീ മൂന്നു ശ്ലീഹായിക്കടുത്ത വികാരിയാത്തുകളെ സ്ഥാപിക്കുകയും അവയുടെവിസ്താരം മുൻപറഞ്ഞ കോട്ടയം തൃശ്ശൂർ എന്ന വികാരിയാത്തുകഠക്ക് എത്രത്തോളമുണ്ടായിരുന്നുവൊ അത്രത്തോളം തന്നെ ഉണ്ടായിരിക്കണമെന്നു്" നിർദ്ദേശിക്കയും ചെയ്തു. ഓരോ പുതിയ വികാരിയാത്തിൻെറയും അതിൎത്തികളും അതേലേഖനം വഴിയായിത്തന്നെ ക്ലിപ്തപ്പെടുത്തി. ഈ മൂന്നു വികാരിയാത്തുകളിലേക്കു കേരളസുറിയാനി സമുദായത്തിൽനിന്നു് പുത്തമ്പള്ളി സെമ്മിനാരിയിൽ വൈദിക വിദ്യാഭ്യാസം ചെയ്ത് ഗുരുപ്പട്ടമേററിരുന്ന മാത്യു മാക്കീൽ, പഴയപറമ്പിൽ ളുവീസ്, മേനാച്ചേരി യോഹന്നാൻ എന്നീ വൈദികരെ തിരഞ്ഞെടുത്തു് കാൻഡിയിൽവച്ചു് മെത്രാന്മാരായി അഭിഷേചിച്ചു് നിയമിച്ചു.

അനന്തരം 1911_ാമാണ്ടു് സൌഭാഗ്യ സ്മരണാർഹനായ 10_ാം പീയൂസ് പാപ്പാ "ഈ മൂന്നു വികാരി അപ്പസ്തോലിക്കാ മാർ കൂടി അയച്ച അപേക്ഷയെ കരുണാപൂൎവ്വം കൈക്കൊണ്ടു് പ്രസ്

ത്തു വർഷം ഓഗസ്റ്റ മാസം 29-ാംനു- പ്രസിദ്ധപ്പെടുത്തിയ "In universia Christiani" എന്ന തിരുവെഴുത്താൽ ചങ്ങനാശേരി എറണാകുളം എന്നീ സ്ലീഹായിക്കടുത്ത വികാരിയാത്തുകളിൽ നിന്നു് തെക്കുംഭാഗം സമുദായത്തിൽപ്പെട്ട ഇടവകകളേയും പള്ളികളേയും വേർപെടുത്തി അവയെ കോട്ടയം പട്ടണം ആസ്ഥാനമാക്കി കോട്ടയം വികാരിയാത്തു എന്ന അഭിധാനത്തിൽ ഒരു പുതിയ സ്ലീഹായിക്കടുത്ത വികാരിയാത്തായി സ്ഥാപിക്കയും, അതിൻെറ അദ്ധ്യക്ഷനായി ചങ്ങനാശേരി വികാരിയപ്പസ്തോലിക്കായായിരുന്ന മാക്കീൽ മാർ മത്തായി മെത്രാനച്ചനെ നിയമിക്കയും ചെയ്തു. ഉടൻ തന്നെ ചങ്ങനാശേരി വികാരി അപ്പസ്തോലിക്കായായി വടക്കുംഭാഗം വൈദികനും റോമ്മയിലെ ഊർബാൻ കോളേജിലെ പൂർവ്വവിദ്യാർത്ഥിയും ഒരു സാത്വികവീരനും, കർമ്മകുശലനും, വിദ്യാഭ്യാസ തല്പരനും പത്താം പീയൂസു മാർപ്പാപ്പായുടെ ഒരു പ്രത്യേക ഇഷ്ടനുമായിരുന്ന കുര്യാളശേരിൽ പെ. ബ. തോമ്മാച്ചനെ മെത്രാനായി അഭിഷേചിച്ചു് നിയമിച്ചു.

കൂടാതെയും 1917-ൽ കേരളീയ സുറിയാനിക്കാരെയെല്ലാം പ്രൊപ്പഗാന്താ തിരുസ്സംഘത്തിൻെറ ഭരണത്തിൻകീഴിൽനിന്നു മാററുകയും കിഴക്കൻ സഭകളുടെ ഭരണത്തിനായി ഭാഗ്യസ്മരണാർഹനായ 15-ാം ബെനദിക്തോസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രത്യേകം സ്ഥാപിച്ചതും മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിലുള്ളതുമായ പൌരസ്ത്യ തിരുസംഘത്തിൻെറ അധീനതയിലാക്കുകയും ചെയ്തു.

കേരളത്തിലെ സുറിയാനിസഭ സ്വന്ത ജാതിയിലും റീത്തിലുമുള്ള വൈദിക മേലദ്ധ്യക്ഷന്മാരുടെ ഭരണത്തിൽ അന്യാദൃശമായ വിധത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ഈ വസ്തുതയെ പരിശുദ്ധ പിതാവു് 11-ാം പീയൂസു് പാപ്പാ തിരുമനസ്സുകൊണ്ടു് "Romani Pontifices" എന്ന ചാക്രീയ ലേഖനത്തിൽ ഇപ്രകാരമാണു് വർണ്ണിക്കുന്നതു്.

"കേരളീയ സുറിയാനിക്കാരായ വിശ്വാസികൾ സ്വന്ത റീത്തിലും ജാതിയിലുമുള്ള മെത്രാന്മാരെ ലഭിച്ച നാളുമുതൽ സർവ്വഥാ ക്ഷേമകരമായ അഭിവൃദ്ധിയെ പ്രാപിക്കയാണു് ചെയ്തതു്. അവരുടെ ഇടയിൽ വൈദിക പദത്തിലേക്കു വിളിക്കപ്പെട്ടവരുടെ എണ്ണം അധികപ്പെടുകയും മനസ്സു തിരിഞ്ഞവരുടെ സംഖ്യ വളരെ വർദ്ധിക്കയും മാത്രമല്ലാ ചെയ്തതു്, പ്രത്യുത വേദപാഠ ശാലകൾ സ്കൂളുകൾ സന്യാസാശ്രമ

ങ്ങൾ, പള്ളികൾ, കപ്പേളകൾ ഇങ്ങനെയുള്ള വൈദിക സ്ഥാപനങ്ങളും ധാരാളമായി അഭിവൃദ്ധിപ്പെട്ടു. ഇതിൽ നിന്നും കേരള സുറിയാനിസഭയുടെ വൈദികമേലദ്ധ്യക്ഷന്മാർ അവരെ ഏല്പിച്ചിട്ടുള്ള അജസമൂഹത്തെ എത്ര ഉത്സാഹമായും വിവേകപൂർവ്വവും ഭരിക്കുന്നു എന്ന് സ്പഷ്ടമായി കാണാവുന്നതാണ്. ഇതു നിമിത്തം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനി സമുദായങ്ങൾ ഇൻഡ്യ ഒട്ടുക്കുള്ള ഉൽകൃഷ്ട സമുദായങ്ങളുടെ കൂട്ടത്തിൽ ഏററം ഉയർന്നവയായി പരിഗണിക്കേണ്ടവയാണെന്ന് ഇക്കാലത്തുള്ള പൂർവ്വ ഇൻഡ്യായുടെ ദലഗാദപ്പസ്തോലിക്കാമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു.”

തൻമൂലം കേരളത്തിലെ സുറിയാനിക്കാരുടെ ചിരപ്രതീക്ഷിതമായ അഭിലാഷസിദ്ധി വരുത്തുന്നതിന് പരിശുദ്ധ സിംഹാസനം തീരുമാനിക്കുകയും 1923 ഡിസംബർ 21-ാംനു- കൂടിയ കൊൺസിസ്ററി യോഗത്തിൽ വച്ച് പ. പി. 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് “മലബാർ സുറിയാനി ഹയരാക്കി” സ്ഥാപിക്കുകയും ചെയ്തു.

മദ്ധ്യഇടവകയായ എറണാകുളത്തെ അതിരൂപതയായും, ചങ്ങനാശേരി, കോട്ടയം, തൃശ്ശൂർ എന്നീ വികാരിയാത്തുകളെ രൂപതകളായും ഉയർത്തി. ഇപ്രകാരം പുനഷ്ഠാപിക്കപ്പെട്ട മലബാർ സുറിയാനി പവിത്രാധിപത്യത്തിന്റെ പ്രഥമ അധിപനാകുവാൻ ഭാഗധേയം സിദ്ധിച്ചതു് കണ്ടത്തിൽ മാർ അഗസ്തീനോസ് മെത്രാപ്പോലീത്താക്കും സ്ഥിരസിംഹാസനങ്ങളായി സ്ഥാപിക്കപ്പെട്ട മററു സാമന്തരൂപതകളുടെ പ്രഥമ മെത്രാന്മാരായി തീർന്നതു് കുര്യാളശേരിൽ മാർ തോമ്മാ മെത്രാനച്ചനും വാഴപ്പള്ളി മാർ പ്രൻസീസ്കോസ് മെത്രാനച്ചനുമാകുന്നു.

കേരളസഭയുടെ സ്വയംഭരണപുനഷ്ഠാപനത്തിനായി പ. പി. തിരുമനസ്സുകൊണ്ട് തന്റെ സന്ദശ്കാപ്പസ്തോലിക്കും പ്രതിനിധിയുമായി അത്യുന്നത മോൺ. (പിന്നീടു കർദ്ദിനാൾ) ലെപ്പീസിയെ തിരുമേനിയെ നിയമിച്ചു. അദ്ദേഹം 1924 നവംബർ 15-ാംനു- എറണാകുളത്തെത്തുകയും സാഡംബരം സ്വീകരിക്കപ്പെടുകയും ചെയ്തു. അടുത്ത ദിവസം അദ്ദേഹം മലബാർ സുറിയാനി പവിത്രാധിപത്യസ്ഥാപനവിളംബരം ഔദ്യോഗികമായി പ്രഖ്യാപനം ചെയ്കയും പ്രഥമ മെത്രാപ്പോലീത്തായെ പാല്യം എന്ന അധികാരവസ്ത്രം ധരിപ്പിക്കുകയും ചെയ്തു.

നഷ്ടപ്പെട്ടുപോയ പവിത്രാധിപത്യം വീണ്ടും ലഭിച്ചതിൽ കേരളീയ കത്തോലിക്കാസമുദായം സന്തോഷസാഗരത്തിൽ നിമഗ്നമായി എങ്കിലും തന്നിൽ നിന്നു് പിരിഞ്ഞുപോയ മക്കൾ പിന്തിരിഞ്ഞു വരാതിരുന്നതുമൂലം ഉളവായ ദുഃഖം കേരളീയ സഭാമാതാവിൻെറ മൃദുലഹൃദയത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഈ ദുഃഖത്തിനും ശമനം വന്നുതുടങ്ങിയിരിക്കുന്നു. കൽദായ വൈദികാധിപത്യം ലഭിക്കാഞ്ഞതിനാൽ മത്സരിച്ചു നിൽക്കയും അനന്തരം യാക്കോബായ പതിതത്വം സ്വീകരിക്കയും ചെയ്ത നമ്മുടെ സഹോദരങ്ങളിതാ തിരുസ്സഭാ മാതാവിൻെറ മടിയിലേക്കു പിന്തിരിഞ്ഞു തുടങ്ങിയിരിക്കുന്നു.

മലങ്കര യാക്കോബായ സഭയുടെ അഭിമാനസ്തംഭം സമുദായപ്രമാണി, പൊതുജന സമ്മതൻ, ത്യാഗപ്രിയൻ, സമുദായത്തിൽ സമാധാനം പാലിക്കുവാൻ അതിയായി ശ്രമിച്ചിട്ടുള്ള ഒരു ധീരപുരുഷൻ, അബ്ദുള്ള, അബ്ദേദ്മ്ശിഹാ എന്ന പാത്രിയർക്കീസന്മാരോടും ഒസ്താത്തിയൂസ്, യൂലിയൂസ് എന്ന ശീമ ബാവാന്മാരോടുമുള്ള അടുത്ത പരിചയത്തിൻെറ ഫലമായി യാക്കോബായ സഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന "മ്ളേച്ഛത"കളെ കാണ്മാനും അറിയുവാനും ഇടവന്നിട്ടുള്ള ഒരു വന്ദ്യദേഹം, സുപ്രസിദ്ധ വാഗ്മി എന്നീ നിലകളിൽ പ്രശസ്തനായ മാർ ഈവാനിയൂസ് എം. എ. ഡി. ഡി., താപസവര്യനും അഗാധപണ്ഡിതനുമായ മാർ തിയോഫിലസ് എന്നീ അതിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരാണു് ഈ അഭിനവ പുനരൈക്യപ്രസ്താനത്തിൻെറ നേതൃത്വം വഹിക്കുന്നതു്.

ഈ വന്ദ്യതിരുമേനിമാർ 1930 സെപ്റ്റംബർ 20-ാംനു- ശനിയാഴ്ച കൊല്ലത്തു ഓലിക്കര മെത്രാസന ചാപ്പലിൽ വച്ചു് കൊല്ലം മെത്രാൻ അ. വ. ദിവ്യശ്രീ ഡാക്ടർ ബെൻസിഗർ തിരുമനസ്സിലെ മുമ്പാകെയും, ചങ്ങനാശേരി, കോട്ടാർ മെത്രാന്മാരുടെ സാന്നിദ്ധ്യത്തിലും വിശ്വാസസത്യം ചെയ്തു കത്തോലിക്കാ തിരുസ്സഭയുടെ അംഗങ്ങളായിത്തീർന്നു. ഇവരോടുകൂടി പല സന്യാസീസന്യാസിനികളും വൈദികരും അൽമേനികളും കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ടു.

ഈ പ്രസ്താനത്തെ വിജയശ്രീ ലാളിതമാക്കുവാനും ത്വരിതപ്പെടുത്തുവാനും റോമ്മാത്തിരുസിംഹാസനം അവർക്കു് അവരുടെ അഭീഷ്ടാനുസരണം 1932 ജൂൺ 11-ാംനു-, മലങ്കര അന്തിയോക്കിയാറീ

ത്തും പവിത്രാധിപത്യവും അവർക്ക് അനുവദിച്ചുകൊടുക്കുകയും അതിൻെറ അദ്ധ്യക്ഷസ്ഥാനത്തു മാർ ഈവാനീസിനെ തിരുവനന്തപുരം മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തിരിക്കുന്നു. മാർ തീയോഫീലോസ് മെത്രാനച്ചനെ പമ്പാനദിക്കു വടക്കുള്ള ഭാഗത്തെ തിരുവല്ലാ രൂപത എന്ന അഭിധാനത്തിൽ സ്ഥാപിതമായ മെത്രാസനത്തിൻെറ അധിപനായി നിയമിക്കയും ചെയ്തു. ഇവരുടെ ത്യാഗപൂർവ്വവും അത്യധ്വാന പരവുമായ പരിശ്രമത്തിൻെറ ഫലമായി അനേക അകത്തോലിക്കരും ഹരിജനങ്ങളും തിരുസ്സഭാമാതാവിൻെറ മടിയിലേക്കു പ്രത്യാഗമിച്ചുകൊണ്ടിരിക്കുന്നു.

## VII.

കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ട മറ്റൊരു മേല്പട്ടക്കാരൻ മാർ സെവേരിയൂസ് മെത്രാപ്പോലീത്താ തിരുമേനിയാണ്. ഇദ്ദേഹം, മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമെന്നു വിശ്വസിക്കപ്പെട്ടു വരുന്നതും, യാക്കോബായ സമുദായത്തിൽ പ്രാചീനതകൊണ്ടും പ്രഭാവം കൊണ്ടും മികച്ചു നിൽക്കുന്നതുമായ നിരണം മഹാഇടവകയുടെ മെത്രാനായി 1933-ൽ അഭിഷേചിക്കപ്പെട്ടു. ഇദ്ദേഹം സെറാംപൂർ കലാലയത്തിൽ നിന്നു ബി. എ. വിരുത് സമ്പാദിക്കുകയും, ഒരു വ്യാഴവട്ടക്കാലം ഇടവക ഭരണത്തിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഏർപ്പെട്ട് യാക്കോബായ സമുദായോല്ക്കർഷത്തിനായി എത്രയും സ്തുത്യർഹങ്ങളായ സേവനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഒരു മഹാനാണ്. 1935-ൽ യാക്കോബായസഭയിലെ മെത്രാൻ കക്ഷിയുടെ കാതോലിക്കാബാവാ സഭാസംബന്ധമായ കുഴപ്പങ്ങൾ തീർക്കുന്നതിന് ശീമക്കു പോയിരുന്ന അവസരത്തിൽ മാർ സേവേറിയൂസ് മെത്രാപ്പോലീത്ത ആയിരുന്നു മെത്രാൻ കക്ഷിയുടെ നേതൃത്വം വഹിച്ച് സഭാഭരണം നടത്തിയിരുന്നതു്. ഇപ്രകാരം ഉത്തമ വിദ്യാസമ്പന്നനായി, ബഹുജനവന്ദിതനായി പരിലസിച്ചിരുന്ന ഈ വന്ദ്യതിരുമേനി ഏക സത്യതിരുസഭ കത്തോലിക്കാ സഭയാണെന്നും, സഭാസ്ഥാപകനായ മിശിഹാ സ്ഥാപിച്ച അധികാരം കത്തോലിക്കാ സഭയിൽ മാത്രമാണെന്നും വി. പത്രോസിൻെറ പിൻഗാമി റോമ്മാ മാർപ്പാപ്പായാണെന്നും, ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി, 1937 നവംബർ 29-ാംനു- തിരുവനന്തപുരത്തുവച്ചു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

തിരുവല്ലാ രൂപതയുടെ മെത്രാനായ നി. വ. ദി. മ. ശ്രീ. മാർ തിയോഫിലസ്സ് തിരുമനസ്സുകൊണ്ടു ദീർഘനാളായി രോഗബാധിതനായി തീരുകയാൽ, രൂപതാഭരണം നടത്തുന്നതിനായി പ. സിംഹാസനത്തിൽ നിന്നും പ്രത്യേകാധികാരത്തോടുകൂടിയും, മററു രൂപതാമേലദ്ധ്യക്ഷന്മാർക്കുള്ള എല്ലാ ബഹുമാനാവകാശങ്ങളോടുംകൂടിയും മാർ സെവേരിയൂസ് മെത്രാപ്പോലീത്താ തിരുമേനിയെ 1938 ഒക്ടോബർ 8-ാംനു- യിലെ പൌരസ്ത്യ തിരുസംഘത്തിൻെറ 566/57 ഡക്രെത്താലെ കല്പിച്ചു നിയമിച്ചു. അദ്ദേഹം 1938 ഒക്ടോബർ 8-ാംനു- രൂപതാഭരണം ഔദ്യോഗികമായി കയ്യേൽക്കുകയും ഇപ്പോഴും ഏററം പ്രശസ്തമാംവണ്ണം ആ ജോലി തുടന്നു നടത്തി വരുകയും ചെയ്യുന്നു.

## തിരുവനന്തപുരം അതിരൂപത.

| | |
|---|---|
| ഇടവക പട്ടക്കാർ | 39 |
| സന്യാസിപട്ടക്കാർ | 8 |
| സന്യാസിനിമാർ | 23 |
| വൈദികവിദ്യാത്ഥികൾ | 31 |
| ഇംഗ്ലീഷ്ഹൈസ്കൂൾ | 3 |
| മലയാളം ഹൈസ്കൂൾ | 1 |
| മിഡിൽസ്കൂൾ | 9 |
| പ്രൈമറിസ്കൂൾ | 42 |
| കത്തോലിക്കർ | 36,030 |

## തിരുവല്ലാരൂപത.

| | |
|---|---|
| ഇടവകപട്ടക്കാർ | 41 |
| സന്യാസിപട്ടക്കാർ | 9 |
| സന്യാസിനിമാർ | 19 |
| വൈദികവിദ്യാത്ഥികൾ | 25 |
| ഇംഗ്ലീഷ് ഹൈസ്കൂൾ | 1 |
| മലയാളം ഹൈസ്കൂൾ | 1 |
| മലയാളം മിഡിൽസ്കൂൾ | 3 |
| മലയാളം പ്രൈമറിസ്കൂൾ | 10 |
| കത്തോലിക്കർ | 9,411 |

ഇപ്രകാരം വിദേശമിഷ്യനറിമാരുമായുള്ള സംസർഗ്ഗം മൂലവും ഉദയംപേരൂർ സൂനഹദോസിൽ വച്ചും അനന്തരകാലങ്ങളിലുമായ് കേ

രളസഭക്കു നഷ്ടീഭവിച്ച കൽദായവൈദികാധിപത്യത്തിനും കൽദായറീത്തിനും പകരം ഏതദ്ദേശിയ പവിത്രാധിപത്യവും സുറിയാനിറീത്തും സംസ്ഥാപിതമായിരിക്കുന്നു. അനേക ശതകങ്ങളോളം നീണ്ടുനിന്ന ഈ പരിണാമദശയിൽ സുറിയാനിസഭക്കു സഹജമായ പല പ്രത്യേകതകളും നഷ്ടപ്പെട്ടെങ്കിലും ശ്രേഷ്ഠതരമായ ഭരണരീതിയും ഘടനാശക്തിയും തിരുസഭാ കേന്ദ്രത്തോടു നേരിട്ടുള്ള ബന്ധവും ത്വരിതഗതിയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക പൌഷ്കല്യവും സജീവമായ ക്രിസ്തീയത്വവും അതിനു് സംസിദ്ധമായിരിക്കുന്നു.

ഈ അമൂല്യ നന്മകളിൽ പലതും മലങ്കര സഭക്കു് കൈവരുന്നതിനു് ഇടയായിട്ടുള്ളതു് കർമ്മലീത്തരും ഈശോസഭക്കാരുമായ വിദേശമിഷ്യനറിമാരിൽ പലരും പ്രൊപ്പഗാന്താത്തിരുസംഘത്തിൻെറ നിർദ്ദേശാനുസരണം ചെയ്തിട്ടുള്ള നിസ്സ്വാത്ഥവും ത്യാഗപൂർവ്വവും സ്നേഹമസൃണവും അക്ഷീണവുമായ പരിശ്രമഫലമായിട്ടാണെന്നുള്ള വസ്തുത കേരളീയകത്തോലിക്കർ എന്നും ഹൃദയപൂർവ്വമായ കൃതജ്ഞതയോടുകൂടി സ്മരിക്കേണ്ടതാണു്.

കത്തോലിക്കാസഭയുടേയും ഇതരക്രൈസ്തവ സഭാവിഭാഗങ്ങളുടേയും വിവരണപ്പട്ടിക.

| പേരു്. | ഉൽഭവസ്ഥലം. | സ്ഥാപകൻ. | ആരംഭവർഷം. |
|---|---|---|---|
| 1 കത്തോലിക്കാസഭ | ജറുശലേം | ഈശോമിശിഹാ | 33 |
| 2 യാക്കോബായസഭ | മർദ്ദീൻ | യാക്കോബുബുർദ്ദാന | 543 |
| 3 ഓർത്തഡോക്സ്സഭ | കോട്ടയം | മാർ ബസ്സേലിയൂസ് പ്രഥമൻ | 1928 (കൊ. വ: 1104) |
| 4 മർത്തോമ്മാസഭ | മാരാമൺ | മാത്യു മാർ അത്താനിസിയൂസ് | 1876 (കൊ: വ: 1052) |
| 5 ആംഗ്ലിക്കൻസഭ | ഇംഗ്ലണ്ടു് | ഹെൻറി എട്ടാമൻ | 1534 |
| 6 ലൂതറൻസഭ | ജർമ്മനി | മാർട്ടിൻ ലൂതർ | 1529 |
| 7 യൂയോമതം | കന്നീറ്റി | യുസ്തൂസ്യൌസേഫ് | 1875 |
| 8 രക്ഷാസൈന്യം | ഇംഗ്ലണ്ടു് | ഇവാൻജലൈൻബൂത്തു് | 1890 |
| 9 ബാപ്റ്റിസ്റ്റ്സഭ | റോഡ്ദ്വീപു് | റോജർവില്യംസ് | 1689 |
| 10 മെത്തേഡിസ്റ്റ്സഭ | ഇംഗ്ലണ്ടു് | ജോൺവെസ്ലി | 1740 |
| 11 നെസ്തോറിയൻസഭ | കോൺസ്റ്റാൻറി നോപ്പിൾ | നെസ്തോറിയസ് | 431 |
| 12 അഡ്വെൻറിസ്റ്റ്സഭ | ഇംഗ്ലണ്ടു് | വില്യംമില്ലർ | 1844 |
| 13 എവുത്തിക്കൻസഭ | കോൺസ്റ്റാൻറി നോപ്പിൾ | എവുത്തിക്കൂസ് | 449 |
| 14 അനബപ്റ്റിസ്റ്റർ | ജർമ്മനി | നിക്കളോസ്സ്റോർക്കു | 1521 |

| | പേര്. | ഉൽഭവസ്ഥലം. | സ്ഥാപകൻ. | ആരംഭവഷം. |
|---|---|---|---|---|
| 15 | കാൽവിൻമതം | സ്വിററസർലാൻറ | | |
| 16 | കാൽവിൻ, പ്രെസബിറേറിയൻസഭ | സ്കോട്ടലാൻറ | ജോൻകാൽവിൻ | 1534 |
| 17 | കാൽവിൻ, നവീകൃതം | ഹോലാൻറ | | |
| 18 | കാൽവിൻ, പൂരിററൻ | ഇംഗ്ലണ്ട് | | |
| 19 | യുനിറെറയ്യൻസഭ | ജമ്മനി | ചെലാരിയുസഎമ്പോട്ട | 1540 |
| 20 | കൊൺഗ്രഗെഷ്യനലിസ്ററസഭ | ഇംഗ്ലണ്ട് | റോബർട്ടബ്രൌൺ | 1583 |
| 21 | ക്വേകെഴസ്സഭ | അമേരിക്ക & ഇംഗ്ലണ്ട് | വില്യംജോർജഫോക്സ് | 1681 |
| 22 | സ്പിരിച്ചലിസററസഭ | ന്യുയോർക്ക് | ഫോക്സഫാമിലി | 1848 |

# ഉപസംഹാരം.

കത്തോലിക്കാസഭയുടെ ആരംഭം മുതൽ ഇതുവരെയുള്ള അതിന്റെ ചരിത്രം സംക്ഷിപ്തമായി നാം കണ്ടുകഴിഞ്ഞു. കത്തോലിക്കാസഭ ലോകത്തിന്നു് ചെയ്തിട്ടുള്ള സേവനം എത്ര മഹനീയമാണെന്നു് ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാം. ലോകത്തെ ഒന്നാകെ ഉദ്ധരിച്ചു സഭയുടെ ആവിർഭാവത്തിനു് മുമ്പു് ലോകത്തെ ബാധിച്ചിരുന്ന തിന്മകളുടെ ആധിക്യം കണ്ടു് കണ്ണീർപൊഴിച്ചിട്ടുള്ള മഹാന്മാർ അനവധിയാണു്. അവർക്കു് പരിഹാരം തേടുന്നതിനായി പല വഴിയിൽക്കൂടി അവർ ശ്രമിച്ചിട്ടുണ്ടു്. പക്ഷെ നിർഭാഗ്യവശാൽ നിരാശരായി പിന്തിരിയുകയാണു ചെയ്തിട്ടുള്ളതു്. തന്മൂലം ഇവ അപരിഹാര്യങ്ങളാണെന്നുകൂടി അവർ വിധിച്ചു എന്നാൽ സഭ മൗനമായി ആർഭാടരഹിതമായി ലോകത്തെ മുഴുവനും നവീകരിച്ചു.

സഭയെ അഭിമുഖീകരിച്ച വിപരീതങ്ങൾ വിവിധങ്ങളും അനവധിയുമായിരുന്നു. അവ ജനിച്ചു കഴിഞ്ഞപ്പോഴേക്കും അവളെ ശ്വാസം മുട്ടിക്കുവാൻ യഹൂദസഭ പരിശ്രമിച്ചു. തുടർന്നുള്ള നാലു നൂറ്റാണ്ടുകളിൽ അതിദാരുണമായ പീഡനം നിമിത്തം ഭൂഗർഭാലയത്തിൽ സഭ കഴിച്ചുകൂട്ടി.

സഭ സ്വതന്ത്രയായി അന്തർഭൗമീകാലയത്തിൽ നിന്നും പുറത്തു വന്നപ്പോൾ നവ്യമായ പീഡനങ്ങളാണു് അവളെ അഭിമുഖീകരിച്ചതു് അവളുടെ സന്താനങ്ങൾ തന്നെ അവൾക്കെതിരായി പുറപ്പെട്ടു. ആര്യൻ, എവുത്തിക്യൻ, നെസ്തോറിയൻ മുതലായ പാഷണ്ഡമതങ്ങൾ അവളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തുന്നതിനു് പരിശ്രമിച്ചു. ഇവ ഒട്ടു ശാന്തമായപ്പോഴേക്കും സഭാനാഥന്മാരായ പാപ്പാമാർക്കു തങ്ങളുടെ ആദ്ധ്യാത്മീകവും ലൗകീകവുമായ അധികാരസ്ഥാപനത്തിനു് രാഷ്ട്റീയശക്തികളുമായി മല്ലിടേണ്ടി വന്നു. ഗ്രീക്കുശീശ്മ, കുപ്രസിദ്ധമായ പാശ്ചാത്യശീശ്മ മുതലായ അതാചരിദ്ദങ്ങൾ നിമിത്തം തന്റെ സന്താനങ്ങൾ ഒരു നല്ല വിഭാഗം സഭയുപേക്ഷിച്ചുപോയി.

ഇങ്ങനെ സഭയുടെ ആരംഭം മുതൽ ഇന്നുവരേയും പീഡനങ്ങളെ അവൾ അഭിമുഖീകരിക്കേണ്ടിവന്നു. എങ്കിലും ഇന്നു സഭ അനന്യ

സാധാരണമായ ദീപ്തിയോടുകൂടി ലോകത്തിലെ ഏററം വലിയ ധാർമ്മികശക്തിയായി, ലോകത്തെ സത്യത്തിൻേറയും, നീതിയുടേയും പാഥയിലൂടെ സനാതനവും ദിവ്യവുമായ ശാന്തിയിലേക്കും സൗഭാഗ്യത്തിലേക്കും ആനയിക്കുന്ന ഏകശക്തിയായി പരിലസിക്കുന്നു.

"ആകയാൽ നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ച് പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ സ്നാനപ്പെടുത്തി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനൊ, ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടു കൂടെയുണ്ടു്" (വി. മത്തായി 28_19. 20)

# ശുദ്ധിപത്രം.

| പുറം. | വരി. | തെറ്റ്. | ശരി. |
|---|---|---|---|
| 6 | 13 | തെരഞ്ഞെടുക്കുന്നതിയ്ക്കു | തെരഞ്ഞെടുക്കുന്നതിലേയ്ക്കു |
| 7 | 13 | തങ്ങളോടു തന്നെ | തങ്ങളോടുതന്നെ |
| 16 | 3 | ചാരിദ്ര്യവും | ദാരിദ്ര്യവും |
| 18 | 29 | ആദ്യദൈവപൂജ | ആദ്യമായി പൂജ |
| 22 | 9 | അൻസേൻമൂസ് | അൽസേൽമൂസ് |
| ,, | 31 | ,, | ,, |
| 28 | 4 | ഫലിപ്പു് | ഫിലിപ്പും |
| 31 | 20 | സെന്യത്തെ | സൈന്യത്തെ |
| 33 | 8 | നിസ്തുല്യമായ | നിസ്തുലമായ |
| 34 | 6 | അധിക്ഷപിക്കയും | അധിക്ഷേപിക്കയും |
| 36 | 11 | വരമായിരിക്കടെ | വരമായിരിക്കട്ടെ |
| 41 | 25 | അക്രമിക്കയിറ | അക്രമിക്കയിൽ |
| 38 | 1 | ഘോരകൃത്യങ്ങളും | ഘോരകൃത്യങ്ങളും |
| 42 | 11 | വിനിയോഗിച്ചുട്ടുണ്ടു. | വിനിയോഗിച്ചിട്ടുണ്ടു |
| 43 | 17 | പാടി | ചാടി |
| 44 | 10 | പന്നാലെ | പിന്നാലെ |
| ,, | 2 | കൃസ്തീയ | ക്രിസ്തീയ |
| 42 | 9 | നിമഗ്നരായി | നിമഗ്നനായി |
| 51 | 2 | ദൊമ്മിനിക്കോസു | ദൊമ്മിനിക്കോസ് |
| 52 | 1 | ഞൊമ്മിനിക്കോസിന്റെ | ദൊമ്മിനിക്കോസിന്റെ |
| ,, | 19 | പെരുമാറിയതന്നും | പെരുമാറിയതിന്നും |
| ,, | 27 | അൽബർത്തെസിന്റെ | അൽബർത്തോസിന്റെ |
| 53 | 4 | അൽബർത്തെസാകട്ടെ | അൽബർത്തോസാകട്ടെ |
| 66 | 17 | സമ്മളിച്ചു. | സമ്മേളിച്ചു |
| 67 | 4 | ,, | ,, |
| ,, | 19 | നിഷധിച്ചിരുന്നു | നിഷേധിച്ചിരുന്ന |
| 68 | 9 | നിക്ലാവേസ് | നിക്ലാവോസ് |
| 74 | 20 | കന്ന്യാസ്ത്രീയെ. | കന്യാസ്ത്രീയെ |
| 76 | 25 | അപിരേണ | അചിരേണ. |
| 81 | 28 | കുത്തോലിക്കാ | കത്തോലിക്കാ |
| 82 | 20 | പ്രത്യക്ഷുവും | പ്രത്യക്ഷവും |
| ,, | 30 | മൌത്തികവസ്തുക്കളെ | ഭൌമികവസ്തുക്കളെ |
| 83 | 3 | ഡമ്മേളനവുമാകുന്നു | സമ്മേളനവുമാകുന്നു |
| ,, | 4 | അൻസൽമൂസിനാൽ | അൽസേൽമൂസിനാൽ |

| പുറം. | വരി. | തെററ്. | ശരി. |
|---|---|---|---|
| 83 | 33 | കലാലയങ്ങളയാ | കലാലയങ്ങളേയോ |
| 93 | 33 | സാഹചര്യങ്ങളുടെ | സാഹചര്യങ്ങളുടെ |
| 84 | 22 | വീശ്വവിഖ്യാതന്മാരും | വിശ്വവിഖ്യാതന്മാരും |
| 98 | 4 | ധിഷ്ഠൂരമരൻം | നിഷ്ഠൂരമരണം |
| 95 | 5 | രെു സംഘങ്ങള് കളായിരുന്നു | ഒരു സംഘം ആളുകളായിരുന്നു. |
| 98 | 5 | അൻമേനികളുടെ | അൽമേനികളുടെ |
| 94 | 5 | സാധീരണം | സാധീരത്തം. |
| 98 | 29 | അതനേക്കാഠ | അതിനേക്കാഠ |
| 103 | 8 | ദ്രഡനിശ്ചയം ചെയ്തു | ദൃഢനിശ്ചയം ചെയ്തു. |
| 104 | 12 | ഫ്റാസൻെറ | ഫ്റാൻസിൻെറ |
| ,, | 28 | ചെയ്യുന്നതിനാരംഭിച്ചപോഠ | ചെയ്യുന്നതിനാരംഭിച്ചപ്പോഠ |
| 105 | 7 | തിരുസ്സഭാസംബന്ധമായ | തിരുസ്സഭാസംബന്ധമായ |
| ,, | 17 | ആവഹിക്കുന്നതായി | ആവഹിക്കുന്നതിനായി |
| 106 | 7 | തീരപ്രദേശങ്ങളെ | തീരപ്രദേശങ്ങളിൽ |
| ,, | 27 | ക്ഷണാവശനായിട്ടുണ്ട് | ക്ഷീണാവശനായിട്ടുണ്ട് |
| 107 | 9 | കൊയ്ത്തുകഠ ചുരുക്കം | കൊയ്ത്തുകാർ ചുരുക്കം. |
| 108 | 19 | ആചർച്ചപ്പരിഷകഠ | ആചാര്യപ്പരിഷകഠ |
| ,, | 26 | പ്രേഷിതൽ | പ്രേഷിതൻ |
| 110 | 15 | സാൽഷ്യൽ | സാൻഷ്യൽ |
| 111 | 15 | സാൻഷ്യാൽ | സാൻഷ്യൽ |
| ,, | 21 | അത്യാഹ്ളാദരപൂർവ്വം | അത്യാഹ്ളാദപൂർവ്വം |
| 112 | 7 | സിദ്ധിക്കയുണ്ടായി | സിദ്ധിക്കയുമുണ്ടായി. |
| 114 | 13 | പരിശുദ്ധാരൂപിയിൽ | പരിശുദ്ധാരൂപിയാൽ |
| ,, | 15 | നിബന്ധനകളുംകൊണ്ടു ആക്കംചെയ്തിരിക്കുന്നു. | നിബന്ധനകളും അടങ്ങിയിരിക്കുന്നു. |
| ,, | ,, | സമ്മാർഗ്ഗീക | സാന്മാർഗ്ഗിക |
| ,, | 19 | സമ്മാർഗീക | സാന്മാർഗ്ഗിക |
| 115 | 18 | അവസാനപ്പിച്ചു. | അവസാനിപ്പിച്ചു. |
| 116 | 16 | ആക്കിക്കൊണ്ടു | അടക്കിക്കൊണ്ടു |
| 117 | 2 | അനയിച്ചുകൊണ്ടിരിക്കവേ | ആനയിച്ചുകൊണ്ടിരിക്കവേ |
| 120 | 26 | നവാസികളാൽ | നിവാസികളാൽ |
| 123 | 9 | ബ്രാഗന്നാ | ബ്രാഗൻസാ |
| 124 | 28 | ചാഠത്സിൻെറ | ചാറത്സിൻെറ |
| 128 | 9 | കീത്തിപെട്ടപ്പ | കീത്തിപെട്ടത്ത |

| പുറം. | വരി. | തെററ്. | ശരി. |
|---|---|---|---|
| 129 | 20 | പരിശുദ്ധയടെ | പരിശുദ്ധതയുടെ |
| 130 | 11 | സ്ഥാപ്രിക്കുന്നതിനുള്ള | സ്ഥാപിക്കുന്നതിനുള്ള |
| 132 | 8 | അങ്ങയെ | അങ്ങേ |
| 133 | 14 | നീങ്ങൾക്കു | നിങ്ങൾക്കു |
| 134 | 14 | നാസ്ത്രീകത്വത്തിൻേറയും | നാസ്തികത്വത്തിൻേറയും |
| 138 | 13 | അദ്ദഹം | അദ്ദേഹം |
| 141 | 20 | രോമിലെത്തി | റോമ്മിലെത്തി |
| ,, | 14 | മഹമ്മദടെ | മഹമ്മദീയരുടെ |
| 142 | 5 | നിഭാഗ്യരായ | നിർഭാഗ്യരായ |
| ,, | ,, | കഷ്ടാരിഷ്ടയെ | കഷ്ടാരിഷ്ടതയെ |
| ,, | 17 | ഹൃദയംഗമമീയ | ഹൃദയംഗമമായ |
| 143 | 4 | വികുറിൻെറ | വിക്ടറിൻെറ |
| ,, | 6 | വിശുദ്ധനാൽ | വിശുദ്ധനാൽ |
| 144 | 22 | തീച്ച്വയാക്കുവാനുള്ള | തീച്ച്വയാക്കുവാനുമുള്ള |
| 145 | 3 | അനാഡംബരപ്രീയരും | അനാഡംബരപ്രിയനും |
| ,, | 10 | ദൈവപരിപാലതയുടെ | ദൈവപരിപാലനയുടെ |
| ,, | 15 | നശ്ചയിക്കുക | നിശ്ചയിക്കുക |
| ,, | 17 | അറിയപ്പെട്ടരുന്ന | അറിയപ്പെട്ടിരുന്ന |
| 146 | 8 | പൂണ്യമതികളാൽ | പുണ്യമതികളാൽ |
| ,, | 27 | നൈദീകപഠനം | വൈദികപഠനം |
| 147 | 17 | ജനങ്ങളുട | ജനങ്ങളുടെ |
| ,, | 13 | ഉദ്ധരണത്തിനു് | ഉദ്ധാരണത്തിനു് |
| 152 | 8 | ശുഷ്കപ്രായമാക്കിമയി | ശുഷ്ക്കപ്രായമാക്കിയിരുന്നു |
| ,, | 9 | ബഹ്ആനാദരവു് | ബഹുമാനാദരവു് |
| ,, | 1 | ജൂയിസ് | ലൂയിസ് |
| 152 | 21 | ദുർഗ്ഗുണങ്ങളെ | ദുർഗുണങ്ങളെ |
| 153 | 10 | വിഘാതനം | വിഘാതം |
| ,, | 29 | മററചില | മററുചില |
| ,, | 33 | ജാൻററനിസററു് | ജാൻഡനിസ്ററ് |
| 154 | 11 | രാഷ്ടറീയ | രാഷ്ട്രീയ |
| ,, | 20 | ,, | ,, |
| ,, | 22 | ന്സ്പെയിനും | സ്പെയിനും |
| 155 | 2 | അവിട്ടന്നു | അവിടെ നിന്നു |
| ,, | 8 | സെ്പയിനിൽ | സ്പെയിനിൽ |
| 155 | 29 | ആദ്ധ്യാത്മീവഗ്ഗുണാഭിവൃദ്ധിക്കു | ആദ്ധ്യാത്മികഗുണാഭിവൃദ്ധിക്കു |

| പുറം | വരി | തെറ്റ് | ശരി |
|---|---|---|---|
| 155 | 31 | സെ്പയിനിൽ | സ്പെയിനിൽ |
| ,, | 14 | ഇതിനൊന്നിനു | ഇതിനൊന്നിനും |
| ,, | 18 | സമതി | സമിതി |
| ,, | 27 | സെ്പയിൽ | സ്പെയിൻ |
| ,, | 28 | നക്ഷ്പക്ഷനിലയിൽ | നിഷ്പക്ഷനിലയിൽ |
| ,, | 31 | സെ്പയിൽ | സ്പെയിൻ |
| 157 | 7 | ഇയത്തെ | ഇനിയത്തെ |
| ,, | ,, | റവഡർ | റവ്യൂഡർ |
| ,, | 11 | വെിയുകയുണ്ടാച്ചു | വെടിയുകയുണ്ടാച്ചു |
| ,, | 13 | ആഗ്ലിക്കൻ | ആംഗ്ലിക്കൻ |
| 158 | 1 | പാട്ടാഭിഷേകകർമ്മം | പട്ടാഭിഷേകകർമ്മം |
| ,, | 5 | ശതാബ്ധം | ശതാബ്ദം |
| ,, | 10 | ക്രസ്തീയവിശ്വാസം | ക്രിസ്തീയവിശ്വാസം |
| ,, | 18 | അവരുടെ | അവരെ |
| 159 | 1 | ക്രസ്ത്യാനികൾ | ക്രിസ്ത്യാനികൾ |
| ,, | 15 | തന്നിമിത്താം | തന്നിമിത്തം |
| ,, | ,, | ക്രസ്തീയ | ക്രിസ്തീയ |
| ,, | 21 | ക്രസ്ത്യാനികൾ | ക്രിസ്ത്യാനികൾ |
| 159 | 22 | ക്രസ്ത്യാനികളെങ്കിലും | ക്രിസ്ത്യാനികളെങ്കിലും |
| ,, | 25 | പാരമ്പര്യത്തേ | പാരമ്പര്യത്തെ |
| 160 | 6 | മൂശയേപോലെ | മൂശയേപ്പോലെ |
| ,, | 13 | ക്രസ്തുമതം | ക്രിസ്തുമതം |
| ,, | 19 | ക്രസ്തീയ | ക്രിസ്തീയ |
| 161 | 5 | ചായാപടങ്ങൾ | ഛായാപടങ്ങൾ |
| ,, | 14 | ആനന്തതുന്ദിലനായി | ആനന്ദതുന്ദിലനായി |
| ,, | 22 | കാലവിളംബരമന്യേ | കാലവിളംബമെന്യേ |
| ,, | 29 | പ്രയന്തിക്കയുണ്ടായി | പ്രയത്നിക്കയുണ്ടായി |
| ,, | 20 | പീഡതകൾക്കും | പീഡനങ്ങൾക്കും |
| ,, | 32 | അതിരൂപതമെത്രാസനം | അതിരൂപതാമെത്രാസനം |
| 162 | 2 | പൂജാകാരികളുടേയും | പൂജാരികളുടേയും |
| ,, | 17 | ആകർഷിക്കപ്പെപ്പടകയും | ആകർഷിക്കപ്പെട്ടകയും |
| 163 | 7 | പ്രതിനിധസംഘത്തെ | പ്രതിനിധിസംഘത്തെ |
| ,, | 16 | പുതുക്രസ്ത്യാനികൾ | പുതുക്രിസ്ത്യാനികൾ |
| ,, | 29 | ക്രാസ്ത്യാനകൾക്കുമാത്രം | ക്രിസ്ത്യാനികൾക്കുമാത്രം |
| ,, | ,, | അദ്ദേ | അദ്ദേഹം |
| ,, | 21 | പുതുക്രസ്തവർ | പുതുക്രിസ്തവർ |
| 164 | 12 | ഭയപരവശനായിന്നിന്നു | ഭയപരവശനായിത്തീർന്നു |

| പുറം | വരി | തെററു് | ശരി |
|---|---|---|---|
| 164 | 27 | ക്രസ്ത്യാനികളെ | ക്രിസ്ത്യാനികളെ |
| ,, | 33 | ചേദിക്കപ്പെട്ടിട്ടു | ഛേദിക്കപ്പെട്ടിട്ടു |
| 165 | 5 | പ്രൽസീസ്കരും | പ്രൻസീസ്കരും |
| ,, | 15 | ബലപ്പെടുത്തുക | ബലപ്പെടുത്തുകയും |
| ,, | 16 | ഭൂപതിയായിൽന്നു | ഭൂപതിയായിരുന്നു |
| ,, | 17 | നിര്യ്യതനായി | നിര്യ്യാതനായി |
| ,, | 22 | ക്രൂരതയോട്ടും | ക്രൂരതയോടും |
| ,, | 31 | ദേഹമാസകവും | ദേഹമാസകലവും |
| 166 | 5 | മദ്ധ്യ | മദ്ധ്യേ |
| ,, | 10 | ആദരിക്കുന്നലിൽ | ആദരിക്കുന്നതിൽ |
| ,, | 24 | നീഷ്കപടമായ | നിഷ്കപടമായ |
| 167 | 6 | ലെൻസ് | ലയൻസ് |
| 169 | 15 | യൗവനയുക്തനായ | യൌവ്വനയുക്തനായ |
| ,, | 20 | ക്രസ്ത്യാനികൾ | ക്രിസ്ത്യാനികൾ. |
| ,, | 26 | ക്രസ്തീയമതത്തേ | ക്രിസ്തീയമതത്തെ |
| 169 | 33 | ക്രസ്ത്യാനികൾ | ക്രിസ്ത്യാനികൾ |
| 170 | 1 | ക്രസ്ത്യാനികളെ | ക്രിസ്ത്യാനികളെ |
| ,, | 4 | പിഡനങ്ങക | പീഡനങ്ങൾ |
| ,, | 12 | മതവെരികളായ | മതവൈരികളായ |
| ,, | 18 | ക്രസ്ത്യാനികൾക്കു | ക്രിസ്ത്യാനികൾക്കു |
| ,, | 17 | ഏത്തിക്കഴിഞ്ഞു | എത്തിക്കഴിഞ്ഞു. |
| ,, | 35 | ദുഗ്രഹമായ | ദുർഗ്രഹമായ |
| 171 | 2 | ഡച്ചുകാക്കുതന്നേയും | ഡച്ചുകാർക്കുതന്നേയും. |
| ,, | 6 | കടക്കുവാ | കടക്കുവാൻ |
| 172 | 1 | ക്ര ീയ അടിമകളെ | ക്രിസ്തീയ അടിമകളെ |
| 173 | 8 | ജാപാനിൽ | ജപ്പാനിൽ |
| ,, | 11 | ക്രസ്തീയ | ക്രിസ്തീയ |
| ,, | 13 | ക്രസ്ത്യാനികളായി | ക്രിസ്ത്യാനികളായി |
| ,, | 25 | പ്രസംഗികന്മാരും | പ്രാസംഗികന്മാരും |
| 176 | 32 | ചെയ്യരുന്നു | ചെയ്തിരുന്നു |
| 180 | 18 | ക്രസ്തീയ ദേവാലയങ്ങൾ | ക്രിസ്തീയദേവാലയങ്ങൾ |
| ,, | 35 | സംഭവിച്ചുതുകൊണ്ടു് | സംഭവിച്ചതുകൊണ്ടും |
| 181 | 2 | ക്രസ്തീയ | ക്രിസ്തീയ |
| ,, | 15 | ക്രസ്തുമതം | ക്രിസ്തുമതം. |
| 184 | 4 | ക്രസ്ത്യാനി | ക്രിസ്ത്യാനി |
| 186 | 27 | ശമിച്ചതായി | ശപിച്ചതായി |
| 187 | 3 | ശമിക്കയും | ശപിക്കയും |

F V
62

| പുറം | വരി | തെററു് | ശരി |
|---|---|---|---|
| ,, | 15 | മഹനായ | മഹാനായ |
| 190 | 19 | അക്കരലത്തുള്ള | അക്കാലത്തുള്ള |
| 191 | 12 | പിന്തകന്മാർ | ചിന്തകന്മാർ |
| 195 | 23 | പതിനെട്ടാ | പതിനെട്ടാം |
| 198 | 2 | അറിയപ്പെടുന്നവരും | അറിയപ്പെടുന്നവനും |
| 199 | 2 | ആസന്നമായിരിക്കുന്നെ അന്നു് | ആസന്നമായിരിക്കുന്നുവെന്നു് |
| 200 | 38 | സാഹിത്യകലാവിദ്യവളുടെ | സാഹിത്യകലാവിദ്യകളുടെ |
| ” | 12 | അപഹനിച്ചുകൊണ്ടു | അപഹസിച്ചുകൊണ്ടു |
| 201 | 28 | വീപ്ലവസംഘം | വിപ്ലവസംഘം |
| 207 | 15 | ഭക്തസവ്യങ്ങളെ | ഭക്തസഖ്യങ്ങളെ |
| 207 | 10 | നേക്കു | നേർക്കു |
| 217 | 18 | പോളിയോടു | പോളിനോടു |
| ” | 19 | പീഡയന്ത്രത്തിൽ | പീഡനായന്ത്രത്തിൽ |
| 222 | 3 | കീന്തുകയും | ചീന്തുകയും |
| 230 | 15 | വെള്ളത്തിക്കൂടി | വെള്ളത്തിൽക്കൂടി |
| ” | 30 | മമ്മരവം | മമ്മാരവം |
| 231 | 24 | സാദരിയായ | സോദരിയായ |
| ” | 25 | സഹോദി | സഹോദരി |
| 237 | 12 | വിശുദ്ധമാരുടെ | വിശുദ്ധന്മാരുടെ |
| 238 | 22 | സ്വഭക്തർക്കുള്ള | സദ്ഗൂർക്കുള്ള |
| 240 | 29 | രാഷ്ക്കങ്ങളെ | രാഷ്ട്രങ്ങളെ |
| ” | 27 | തിരൂചിത്തമായി | തിരുചിത്തമായി |
| 253 | 17 | പ്രത്യേക | പ്രത്യേകം |
| 258 | 3 | സൂനഹദേസ്സും | സൂനഹദോസ്സും |
| 260 | 30 | വട്ടുകൊടുത്തു | വിട്ടുകൊടുത്തു |
| 262 | 5 | രബദ്ധങ്ങൾ | അബദ്ധങ്ങൾ |
| 264 | 25 | ദരണനൈപുണ്യത്തെപ്പററി | ഭരണനൈപുണ്യത്തെപ്പററി |
| 265 | 16 | ചക്രീകലേഖനം | ചാക്രികലേഖനം |
| 266 | 28 | ഊർജ്ജസ്വലതയാടെ | ഊർജ്ജസ്വലതയോടെ |
| 267 | 15 | നാശഫലങ്ങളടുകൂടി | നാശഫലങ്ങളോടുകൂടി |
| 273 | 11 | മാതൃവാശത്തിൽപെട്ട | മാതൃവംശത്തിൽപ്പെട്ട |
| 275 | 16 | നർദ്ദേശങ്ങളം | നിർദ്ദേശങ്ങളും |
| 280 | 29 | അസ്സാദ്ധ്യസ്ഥിതിയിലെത്തി | അസാദ്ധ്യസ്ഥിതിയിലെത്തി |
| 283 | 18 | പലിശ്രമങ്ങളും | പരിശ്രമങ്ങളും |
| ,, | 23 | വിസ്തരഭയത്താൽ | വിസ്താരഭയത്താൽ |
| 284 | 13 | തത്ത്വങ്ങളെ | തത്വങ്ങളെ |

WORKS
100
GALORE
33
RAM COLLEGE

Indic Digital Archive Foundation
gpura.org